# മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ഡോ. കെ. എം. ജോർജ്ജ് നൽകിയ സംഭാവനകൾ

കേരള സർവ്വകലാശാലയുടെ ഓറിയന്റൽ ഫാക്കൽറ്റിയിൽ

ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന് സമർപ്പിക്കുന്ന പ്രബന്ധം


## വിജയലക്ഷ്മി. ആർ

അസോ: പ്രൊഫസർ, മലയാള വിഭാഗം

എൻ. എസ് എസ്. കോളേജ്

നിലമേൽ



യൂണിവേഴ്സിറ്റി ലൈബ്രറി

തിരുവനന്തപുരം

2012

# MALAYALA BHASHAKKUM SAHITHYATHINUM Dr. K. M. GEORGE NALKIYA SAMBHAVANAKAL

*Thesis Submitted to the University of Kerala for the Degree of Doctor of Philosophy in the Faculty of Oriental Studies*


VIJAYALEKSHMI. R

**ASSO: PROFESSOR, DEPT. OF MALAYALAM**

**N.S.S COLLEGE**

**NILAMEL**



**UNIVERSITY LIBRARY**

**THIRUVANANTHAPURAM**

**2012**

KERALA UNIVERSITY LIBRARY
THIRUVANANTHAPURAM

G38118
032x N14:9
RT
Q2

**DR. B. SUDHAKARAN PILLAI**

**(Retd. Prof. & Head of the Department of Malayalam**

**N.S.S College, Nilamel)**

**Gokulam, Chempoor**

**Mudakkal. P.O**

**Thiruvananthapuram**

# CERTIFICATE

**This is to certify that, this thesis in Malayalam entitled മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ഡോ. കെ എം. ജോർജ്ജ് നൽകിയ സംഭാവനകൾ submitted for the award of Ph.D in the Faculty of Oriental Studies of the University of Kerala is a record of bonafide research carried out by Mrs. Vijayalekshmi. R under my supervision. No part of it has been submitted for the award of any degree or diploma.**

**Thiruvananthapuram** **Dr. B. Sudhakaran Pillai**

**31-5-2012**

# DECLARATION

I hereby declare that, this thesis മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ഡോ. കെ എം ജോർജ്ജ് നൽകിയ സംഭാവനകൾ has not previously formed the basis for the award of any degree, diploma, fellowship, associateship or other similar title or recognition.

Thiruvananthapuram
31/05/2012

VIJAYALEKSMI. R

# ഉള്ളടക്കം


| | | പുറം |
|---|---|---|
| | ആമുഖം | |
| അദ്ധ്യായം ഒന്ന് | ജീവചരിത്രവും കൃതികളും | 1 - 13 |
| അദ്ധ്യായം രണ്ട് | ഗവേഷകൻ | 14 - 41 |
| അദ്ധ്യായം മൂന്ന് | താരതമ്യ സാഹിത്യകാരൻ ഗ്രന്ഥസംവിധായകൻ | 42 - 108 |
| അദ്ധ്യായം നാല് | നിരൂപകൻ ഉപന്യാസകാരൻ | 109 - 199 |
| അദ്ധ്യായം അഞ്ച് | സഞ്ചാരസാഹിത്യകാരൻ ജീവചരിത്രകാരൻ | 200 - 229 |
| അദ്ധ്യായം ആറ് | സർഗ്ഗാത്മക സാഹിത്യകാരൻ വിവർത്തകൻ | 230 - 253 |
| അദ്ധ്യായം ഏഴ് | ഉപസംഹാരം | 254 - 257 |
| | ഗ്രന്ഥസൂചിക | 258 - 266 |

# ആമുഖം

# ആമുഖം

താരതമ്യ സാഹിത്യം, ഭാഷാശാസ്ത്രം, ജീവചരിത്രം, സഞ്ചാരസാഹിത്യം എന്നീ പ്രമുഖ മണ്ഡലങ്ങൾക്ക് ഡോ. കെ. എം. ജോർജ്ജ് നൽകിയ സംഭാവനകളെ അപഗ്രഥിക്കുകയും വിലയിരുത്തുകയുമാണ് ഈ പഠനത്തിന്റെ ലക്ഷ്യം. സ്ഥലനാമഗവേഷകൻ, ഗ്രന്ഥസംവിധായകൻ, പ്രബന്ധകാരൻ, ഉപന്യാസകാരൻ എന്നീ നിലകളിലെല്ലാം അക്ഷീണമായ അക്ഷരതപസ്യയിലൂടെ ഡോ. കെ. എം. ജോർജ്ജ് കൈരളിയെ പരിപോഷിപ്പിച്ചിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട രചനകളിൽ ലഭ്യമായവയെല്ലാം ശേഖരിച്ച് അവയെ ഈ പഠനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡോ. കെ. എം. ജോർജ്ജിന്റെ ഒന്നാമത്തെ പുസ്തകം പ്രസിദ്ധീകരിച്ചത് ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തി ആറിലാണ്. അന്നു മുതൽ എൺപത്തിഎട്ടാമത്തെ വയസ്സിൽ അന്തരിക്കുന്നതുവരെ അദ്ദേഹം നിരന്തരവും നിസ്തന്ദ്രവുമായ കൈരളീസപര്യയിൽ വ്യാപൃതനായിരുന്നു. താരതമ്യ സാഹിത്യത്തിലുള്ള താല്പര്യവും വിവിധ ഭാരതീയ ഭാഷകളുമായുള്ള സമ്പർക്കവും ഏതാണ്ടെല്ലാ ഭാഷകളെക്കുറിച്ചും അവയിലെ സാഹിത്യത്തെക്കുറിച്ചും വിപുലമായ ജ്ഞാനം രൂപപ്പെടുത്താൻ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്.

വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ നിരീക്ഷണങ്ങളിലൂടെ ഉരുത്തിരിയുന്ന നിഗമനങ്ങൾ യുക്തി ഭദ്രമായി ആവിഷ്കരിക്കുകയെന്ന ഗവേഷണ ധർമ്മമാണ് ഭാഷാ ശാസ്ത്ര പഠനങ്ങളിലും സ്ഥലനാമഗവേഷണത്തിലും തെളിഞ്ഞു നിൽക്കുന്നത്.

അദ്ദേഹത്തിന്റെ ആസൂത്രണ പാടവത്തിന്റെ ഉൽകൃഷ്ട ഫലമാണ് കേന്ദ്ര സാഹിത്യ അക്കാദമി പ്രസിദ്ധപ്പെടുത്തിയ ഭാരതീയ സാഹിത്യം രണ്ടു വാല്യവും മൂലകൃതിയായ കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചറും. ഭാഷയ്ക്കും സാഹിത്യത്തിനും നിസ്തുലമായ സംഭാവനകൾ നൽകിയ ജോർജ്ജിന്റെ സംഭാവനകളെക്കുറിച്ച് പരപ്പാർന്ന പഠനങ്ങൾ ഉണ്ടായിട്ടില്ല. അതുകൊണ്ട് അങ്ങനെയൊരു പഠനം ഇവിടെ പ്രസക്തമാണെന്നു കരുതുന്നു.

പ്രാധാന്യം അടിസ്ഥാനമാക്കി, ഈ പ്രബന്ധം ഏഴ് അദ്ധ്യായങ്ങളായാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. ഏതെഴുത്തുകാരനും തന്റെ ജീവിതത്തിൽ നിന്ന് സമാർജ്ജിച്ച അറിവും അനുഭൂതിയുമാകും രചനകളിൽ ഉൾക്കോള്ളിക്കുക അതു കൊണ്ട് ഒന്നാമദ്ധ്യായത്തിൽ ഡോ. കെ. എം. ജോർജ്ജിന്റെ ജീവചരിത്രവും കൃതി കളും അവലോകനം ചെയ്തിരിക്കുന്നു. അധ്യാപകൻ, സാഹിത്യഅക്കാദമി അസിസ്റ്റന്റ് സെക്രട്ടറി, സർവവിജ്ഞാനകോശം എഡിറ്റർ എന്നിങ്ങനെ പല പദവികളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ജവഹർലാൽ നെഹ്റു, ഡോ. രാധാകൃഷ്ണൻ തുടങ്ങിയവരുമായി ബന്ധം പുലർത്തി തന്റെ സാംസ്കാരിക ജീവിതത്തിന് വ്യാപ്തിയും അർത്ഥവും ഉണ്ടാക്കിയിട്ടുണ്ട്. ഇങ്ങനെയുള്ള വിവരങ്ങളാണ് ഒന്നാമദ്ധ്യായത്തിലുള്ളത്. രണ്ടാ മദ്ധ്യായത്തിൽ ഡോ. ജോർജ്ജിന്റെ ഗവേഷണരംഗത്തെ സംഭാവനകളെക്കുറിച്ചാണ് വിലയിരുത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ഗവേഷണം തന്നെ ഭാഷാധിഷ്ഠിതമായിരു ന്നു. രാമചരിതവും പ്രാചീന മലയാള പഠനവും (Ramacaritam and the study of Early Malayalam) എന്ന ഗവേഷണ പ്രബന്ധത്തിലൂടെയും വളരുന്ന കൈരളി എന്ന പ്രബന്ധ സമാഹാരത്തിലൂടെയും മറ്റും മലയാള ഭാഷയുടെ സ്വതന്ത്രമായ നിലനില്പി നെക്കുറിച്ച് അദ്ദേഹം വാദിച്ചു. സ്ഥലനാമങ്ങളെക്കുറിച്ച് അദ്ദേഹം നടത്തിയ താരത മ്യാത്മക ഗവേഷണത്തിന്റെ ഫലമാണ് 'ദക്ഷിണേന്ത്യയിലെ സ്ഥലനാമങ്ങൾ' (Place names of Southern India - A Generic approach). എഡിറ്റർ, താരതമ്യ സാഹിത്യകാ രൻ എന്നീ നിലകളിലുള്ള ഡോ. ജോർജ്ജിന്റെ പ്രവർത്തനങ്ങളെക്കുറിച്ചാണ് മൂന്നാമ ദ്ധ്യായത്തിൽ വിവരിക്കുന്നത്. സർവവിജ്ഞാനകോശ നിർമ്മാണത്തിലും സമാഹാര ഗ്രന്ഥ ങ്ങളുടെ പ്രസാധനത്തിലും എഡിറ്റർ എന്ന രീതിയിലുള്ള അദ്ദേഹത്തിന്റെ കഴിവ് പ്രക ടമാണ്. താരതമ്യ സാഹിത്യം എന്ന വിജ്ഞാനശാഖയെ മലയാളികൾക്ക് പരിചയപ്പെ ടുത്തിയത് ഡോക്ടർ ജോർജ്ജ് ആണ്.

ഉപന്യാസകാരൻ, നിരൂപകൻ എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചാണ് നാലാമദ്ധ്യായത്തിൽ വിലയിരുത്തപ്പെടുന്നത്.

സഞ്ചാരസാഹിത്യകാരൻ, ജീവചരിത്രകാരൻ എന്നീ മേഖലകളിലുള്ള

അദ്ദേഹത്തിന്റെ പരിശ്രമങ്ങളുടെ അവലോകനമാണ് അഞ്ചാമദ്ധ്യായം.

ഡോ. കെ എം. ജോർജ്ജിന്റെ സർഗ്ഗാത്മക സാഹിത്യ രചനകൾ ആണ് ആറാമദ്ധ്യായത്തിൽ ചർച്ചയ്ക്കു വിധേയമാക്കിയിട്ടുള്ളത്. ധാരാളം റേഡിയോ നാടകങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. വിവർത്തന മേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകളെയും, ഇംഗ്ലീഷ് കൃതികളെയും ഇവിടെ പഠനവിധേയമാക്കിയിട്ടുണ്ട്.

യു. ജി. സി. യുടെ എഫ്. ഐ പി പദ്ധതിയിലൂടെ യൂണിവേഴ്സിറ്റി ലൈബ്രറി കേന്ദ്രമാക്കിയാണ് ഈ ഗവേഷണം പൂർത്തിയാക്കിയത്. ഈ പ്രബന്ധ രചനയ്ക്ക് എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയ അഭിവന്ദ്യനായ ഡോ. ബി. സുധാകരൻ പിള്ള (റിട്ടയേർഡ് പ്രൊഫസർ, മലയാള വിഭാഗം, എൻ. എസ്. എസ്. കോളേജ്, നിലമേൽ) അവർകളോടുള്ള എന്റെ നന്ദിയും കടപ്പാടും നിസ്സീമമാണ്.

ഈ പ്രബന്ധ രചനയ്ക്കു വേണ്ട എല്ലാവിധ സഹായങ്ങളും നൽകിയ കേരള യൂണിവേഴ്സിറ്റി ലൈബ്രറി ജീവനക്കാരോടും ടൈപ്പ് സെറ്റ് ചെയ്ത നിലമേൽ മോഡേൺ കംപ്യൂട്ടേഴ്സിലെ ജീജു ഇന്ദ്രസേനനോടും എനിക്കു നന്ദിയുണ്ട്.

UNIVERSITY OF KERALA
കേരള സർവകലാശാല ലൈബ്രറി

## അദ്ധ്യായം ഒന്ന്

# ജീവചരിത്രവും കൃതികളും

1

അദ്ധ്യായം ഒന്ന്

# ജീവചരിത്രവും കൃതികളും

മലയാള ഭാഷയെയും സാഹിത്യത്തേയും നിരന്തരം അമൂല്യമായ സംഭാവനകൾ കൊണ്ട് സേവിക്കുകയും പോഷിപ്പിക്കുകയും ചെയ്തുപോന്ന ഒരു ബഹുമുഖപ്രതിഭയാണ് ഡോ.കെ.എം.ജോർജ്ജ്. ഉപന്യാസകാരൻ, ഗവേഷകൻ, ഭാഷാശാസ്ത്രജ്ഞൻ, പത്രാധിപർ, സർവവിജ്ഞാനകോശങ്ങളുടെ സാരഥി, ഭാരതീയ സാഹിത്യചരിത്രസംവിധായകൻ, സ്ഥലനാമഗവേഷകൻ, നാടകകൃത്ത്, ജീവചരിത്രകാരൻ എന്നിങ്ങനെ പലനിലയിൽ പ്രശസ്തനായിരുന്നു അദ്ദേഹം. ഭാഷയ്ക്കും സാഹിത്യത്തിനും വേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങളുടെ പിന്നിൽ നിഷ്കൃഷ്ടമായ പഠനവും വിപുലമായ അന്വേഷണവുമാണുള്ളത്.

മലയാളത്തിലെന്നപോലെ മറ്റു പല ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും വളരെയേറെ പ്രാവീണ്യവും പരിചയവും അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ മലയാളഭാഷയെയും സാഹിത്യത്തെയും കേരളത്തിനു പുറത്തുള്ളവർക്ക് പരിചയപ്പെടുത്തിക്കൊടുത്ത് പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങളെ സമന്വയിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സാഹിത്യത്തോടും വിജ്ഞാനത്തോടും ചെറുപ്പം മുതലേ ഉണ്ടായിരുന്ന അടങ്ങാത്ത അഭിനിവേശം അവസാനകാലത്തും കാത്തു സൂക്ഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഓരോ കൃതിയും തത്കർത്താവിന്റെ പരന്നവായനയുടെയും ഉയർന്നചിന്തയുടെയും അന്വേഷണതൃഷ്ണയുടെയും നിദർശനമാണ്.

ഡോ. കെ. എം. ജോർജ്ജ്, ആയിരത്തിത്തൊള്ളായിരത്തി പതിനാല് ഏപ്രിൽ ഇരുപതാം തീയതി, കരിമ്പുമണ്ണിൻ കുര്യൻ മത്തായിയുടെയും മറിയാമ്മയുടെയും മകനായി ജനിച്ചു. പമ്പാതീരത്തുള്ള ഇടയാറന്മുളയായിരുന്നു സ്വദേശം. ഡോ. കെ. എം. ജോർജ്ജിന് അഞ്ചുവയസ്സു തികയുന്നതിനുള്ളിൽ പിതാവ് അന്തരിച്ചു. അമ്മയുടെ സംരക്ഷണത്തിലായിരുന്നു പിന്നീട് അദ്ദേഹം വളർന്നത്. മാലക്കര പ്രൈമറി

സ്കൂളിലാണ് ഡോ.കെ. എം. ജോർജ്ജ് പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചത്. മിഡിൽ സ്കൂൾ വിദ്യാഭ്യാസം ഇടയാറന്മുള മാർത്തോമാ സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം കോഴഞ്ചേരി സെന്റ് തോമസ് ഹൈസ്കൂളിലുമായിരുന്നു. മദിരാശി ക്രിസ്ത്യൻ കോളേജിലാണ് അദ്ദേഹം ഇന്റർമീഡിയറ്റിന് ചേർന്നത്. ഡോ കെ.എം.ജോർജ്ജിന്റെ ജ്യേഷ്ഠ സഹോദരനായ കുര്യൻ മദിരാശിയിൽ ചീഫ് എഞ്ചിനീയറുടെ ആഫീസിൽ ഉദ്യോഗ സ്ഥനായിരുന്നു. അങ്ങനെയാണ് ജോർജ്ജ് ഇന്റർമീഡിയറ്റിന് അവിടെ ചേർന്നത്. പരീക്ഷ പ്രശസ്തമായ നിലയിൽ പാസ്സായെങ്കിലും സഹോദരന്റെ ആകസ്മികമായ മരണം മൂലം പഠിത്തം തൽക്കാലം നിർത്തേണ്ട സാഹചര്യമാണുണ്ടായത്.തുടർന്ന് കീഴില്ലം സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ അദ്ധ്യാപകവൃത്തി സ്വീകരിക്കേണ്ടി വന്നു. രണ്ടു വർഷ ക്കാലം മാത്രമേ ആ അദ്ധ്യാപകവൃത്തി തുടർന്നുള്ളു.

വ്യക്തിത്വരൂപവത്കരണത്തിൽ ബാല്യകാലസാഹചര്യങ്ങൾക്കുള്ള പങ്ക് സുവിദിതമാണ്. ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ സാഹിത്യാഭിരുചി അദ്ദേ ഹത്തിന്റെ മനസ്സിൽ കൂമ്പെടുത്തു. ഡോ. കെ. ഭാസ്കരൻനായരുമായുള്ള അടുപ്പമാണ് സാഹിത്യപാരായണത്തിൽ തനിക്കുണ്ടായ ഔന്നത്യത്തിന് കാരണമെന്ന് അദ്ദേഹം ആത്മകഥയിൽ സൂചിപ്പിക്കുന്നുണ്ട്. പമ്പാതീരത്ത് കഴിച്ചു കൂട്ടിയ ആ സായാഹ്ന ങ്ങളെക്കുറിച്ച് ആത്മകഥയിൽ ഡോ. കെ. എം. ജോർജ്ജ് വിവരിക്കുന്നതു നോക്കാം. "മിക്കദിവസവും അഞ്ചുമണിയോടടുക്കുമ്പോൾ ഭാസ്കരൻനായർ എന്റെ വീട്ടിൽ വരും. പിന്നെ ഞങ്ങൾ രണ്ടുപേരും ചേർന്ന് മുൻചൊന്ന മണൽതിട്ടയിലേക്കു പോകും. ഞങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകങ്ങളെക്കുറിച്ചും അവയുടെ ഗുണദോഷ ങ്ങളെക്കുറിച്ചും ചില ചർച്ചകൾ നടത്തും. ചിലപ്പോൾ പുസ്തകങ്ങൾ കൈമാറും. സമയം പോകുന്നതറിയില്ല. താൻ വായിച്ചിട്ടുള്ള പുതിയ പുസ്തകങ്ങൾ, പരിചയപ്പെട്ടിട്ടുള്ള ചിന്തകന്മാർ, കേട്ടിട്ടുള്ള പ്രഭാഷണങ്ങൾ ഇവയുടെയെല്ലാം സാരാംശം അദ്ദേഹം വിവരിച്ചു തരുമായിരുന്നു. ഈ സ്വൈരസല്ലാപം ആദ്ദേഹത്തിന് ഒരാത്മാവിഷ്ക്കാരവും എനിക്ക് ഒരു പ്രചോദനവുമായിരുന്നു"[1]. ഡോ. കെ. എം. ജോർജ്ജിന്റെ

വ്യക്തിത്വം ഗണ്യമായൊരളവിൽ കരുപ്പിടിപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ ഉള്ളിൽ ഉറങ്ങിക്കിടന്നിരുന്ന സാഹിത്യവാസനയെയും വിജ്ഞാനതൃഷ്ണയെയും ഉണർത്തുവാനും പരിപോഷിപ്പിക്കുവാനും പമ്പാതീരത്തെ ആ സായാഹ്ന സമാഗമങ്ങൾ നല്ല വണ്ണം ഉപകരിച്ചിരുന്നു.

ഡോ. കെ. എം. ജോർജ്ജ്, ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തി ഏഴിൽ ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിൽ ഗണിതശാസ്ത്രം ഐച്ഛികമായെടുത്ത് ബി. എ. യ്ക്കു ചേർന്നു. യൂ. സി. കോളേജിലെ അന്തരീക്ഷവും അദ്ദേഹത്തിലെ സാഹിത്യാഭിമുഖ്യം വികസിപ്പിക്കാൻ പോന്നതായിരുന്നു. സ്വതന്ത്രചിന്തകനും വിമർശകനുമായിരുന്ന കുറ്റിപ്പുഴ കൃഷ്ണപിള്ളയെപ്പോലെയുള്ളവരുമായ അടുപ്പം അതിനൊരു കാരണമായിരുന്നു. ആലുവാ യു. സി. കോളേജിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ഒന്നാം ക്ലാസ്സ് ബിരുദം നേടിയ ഡോ. കെ. എം. ജോർജ്ജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ മലയാളം എം. എ. യ്ക്കു ചേർന്നു. പക്ഷെ എം. എ. പഠനം പൂർത്തിയാകുന്നതിനുമുമ്പ് മദ്രാസ് ക്രിസ്ത്യൻ കോളേജിൽ മലയാള വിഭാഗത്തിൽ ലക്ചററായി നിയമിതനായി. ഉദ്യോഗവും ഉപരിപഠനവും സമരസപ്പെടുത്തിക്കൊണ്ടാണ് ഡോ. കെ. എം. ജോർജ്ജ് ഔദ്യോഗികകാലം പിന്നിട്ടത്. ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരിക്കെത്തന്നെ അദ്ദേഹം ഇടയ്ക്കു വച്ചു നിർത്തിയിരുന്ന എം. എ. പഠനം പൂർത്തിയാക്കി ബിരുദവും നേടി.

മദിരാശി ജീവിതത്തിനിടയിൽ സാഹിത്യ സംബന്ധമായ ആവിഷ്ക്കാര താല്പര്യം ഉണർന്നു വികസ്വരമായി. അതിന്റെ ഫലമായി, ആയിരത്തിത്തൊള്ളായിരത്തി നാൽപ്പത്തി എട്ടിൽ ജോർജ്ജിന്റെ പത്രാധിപത്യത്തിൽ 'ലോകവാണി' എന്ന പേരിൽ ഒരു മാസിക പുറത്തിറക്കി. തന്റെ സാഹിത്യ ജീവിതത്തിൽ ലോകവാണി ഗണ്യമായ മുന്നേറ്റത്തിനുള്ള സന്ദർഭം ഒരുക്കിയെന്നത് അനിഷേധ്യമായ സത്യമാണെന്ന് അദ്ദേഹം ആത്മകഥയിൽ സ്മരിക്കുന്നുണ്ട്. അതിനെക്കുറിച്ച് ഡോ. കെ. എം. ജോർജ്ജ് അനുസ്മരിക്കുന്നതു നോക്കുക. "മലയാളത്തിൽ പത്രങ്ങളുടെ പൂക്കാലമാണിത്. വിരിയുന്നതോടൊപ്പം കൊഴിയുന്ന പത്രങ്ങളും കുറവല്ല. പത്രലോകത്തിൽ ഒരു

മത്സരം നമ്മുടെ നാട്ടിൽ മുമ്പെങ്ങും ഉണ്ടായിട്ടില്ല. എന്നാൽ ഇപ്പോൾ പത്രങ്ങൾ വളരെ വർദ്ധിക്കയാൽ പത്രപ്രവർത്തകർ തമ്മിൽ ഒരു മത്സരം സ്വാഭാവികമായി ഉണ്ടായിരിക്കുന്നു. ഈ മത്സരം ആരോഗ്യകരമായി നിൽക്കുന്ന പക്ഷം അത് എഴുത്തുകാർക്കും വായനക്കാർക്കും ഭാഷാസാഹിത്യത്തിനും ഗുണകരമായിരിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. മറുനാടുകളിൽ പത്രപ്രവർത്തനം ഗണ്യമായി അഭിവൃദ്ധിപ്പെട്ടിട്ടുള്ളത് ആരോഗ്യപൂർണ്ണമായ മത്സരം മൂലമാണ്. കൈരളിയെയും കേരളത്തെയും ഒരെളിയ തോതിലെങ്കിലും സേവനം ചെയ്യാൻ ലോകവാണിക്ക് സാധിച്ചാൽ ഞങ്ങൾ കൃതാർത്ഥരാകും"[2].

പത്രാധിപത്യത്തിനും അദ്ധ്യാപനത്തിനുമിടയിൽ ഡോ. കെ എം. ജോർജ്ജ് തന്റെ ഗവേഷണ പഠനവും നടത്തി. ആയിരത്തിത്തൊള്ളായിരത്തി നാൽപ്പത്തി ഏഴിൽ ഗവേഷണ പഠനം ആരംഭിച്ച അദ്ദേഹം ആയിരത്തിത്തൊള്ളായിരത്തി അമ്പത്തി ഒന്ന് ആയപ്പോഴേക്ക് 'രാമചരിതവും പ്രാചീന മലയാള പഠനവും'[3] (Ramacaritham and the Study of Early malayalam) എന്ന പ്രബന്ധത്തിന് മദ്രാസ് സർവ്വകലാശാലയിൽ നിന്ന് ഗവേഷണബിരുദവും നേടി. അങ്ങനെ ഭാരതീയസർവ്വകലാശാലകളിൽ നിന്ന് ആദ്യമായി മലയാളത്തിൽ പി. എച്ച്. ഡി. ബിരുദം നേടിയ വ്യക്തി എന്ന ബഹുമതി ആദ്ദേഹത്തിനു കൈവന്നു.

ഇതിനിടയിൽ മദ്രാസ് ആകാശവാണിയുമായുള്ള സഹവാസം അദ്ദേഹത്തെ ഒരു നാടകകൃത്തുമാക്കി. അങ്ങനെ റേഡിയോ നാടകരംഗത്ത് തന്റേതായ ചില സംഭാവനകൾ നൽകാൻ ഡോക്ടർ കെ. എം. ജോർജ്ജിനു കഴിഞ്ഞു. ഏകാങ്ക മണ്ഡലം, ഒമ്പതു റേഡിയോ നാടകങ്ങൾ തുടങ്ങിയവ ആ കാലഘട്ടത്തിലാണ് എഴുതിയത്. തന്റെ റേഡിയോ നാടകങ്ങളിൽ അഭിനേതാവ് എന്ന നിലയിൽ അദ്ദേഹവും പങ്കെടുത്തിരുന്നു.

മദിരാശിയിൽ നിന്ന് പുതിയൊരു കർമ്മ മണ്ഡലത്തിലേക്കായിരുന്നു പിന്നീടുള്ള അദ്ദേഹത്തിന്റെ നീക്കം. കേന്ദ്രസാഹിത്യ അക്കാദമിയുടെ അസിസ്റ്റന്റ് സെക്രട്ടറിയായി ആയിരത്തിത്തൊള്ളായിരത്തി അമ്പത്തിഅഞ്ച് ആഗസ്റ്റിൽ അദ്ദേഹം

നിയമിതനായി. അക്കാദമിയുടെ രൂപവത്കരണത്തിലും മറ്റും വളരെയധികം ശ്രദ്ധപതിപ്പിച്ചിരുന്ന സർദാർ കെ. എം. പണിക്കർക്ക് ജോർജ്ജിനോടുണ്ടായിരുന്ന മതിപ്പാണ് അദ്ദേഹത്തിന് ആ സ്ഥാനം നേടിക്കൊടുത്തത്. കേന്ദ്രസാഹിത്യ അക്കാദമി അദ്ധ്യക്ഷനായിരുന്ന ജവഹർലാൽ നെഹ്റു ഉപാദ്ധ്യക്ഷനായിരുന്ന ഡോ. രാധാകൃഷ്ണൻ എന്നിവരുമായി കൂടിക്കാഴ്ചക്കുള്ള സന്ദർഭം ഈ അവസരത്തിലാണ് ഡോ. കെ. എം. ജോർജ്ജിനു ലഭിച്ചത്. തന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ മുഹൂർത്തമായിട്ടാണ് ഈ കൂടിക്കാഴ്ചയെ അദ്ദേഹം കരുതുന്നത്.

ആയിരത്തിത്തൊള്ളായിരത്തി അറുപത് ആയപ്പോഴേക്ക് കേന്ദ്രസാഹിത്യ അക്കാദമിയുടെ ആദ്യത്തെ റീജിയണൽ ആഫീസ് മദ്രാസിൽ തുടങ്ങി. അതോടെ ജോർജ്ജ് മദ്രാസിലെത്തി. ഭാരതീയ ഭാഷകളിലെ പ്രമുഖ സാഹിത്യകാരന്മാരുമായി സുദീർഘകാലം അടുത്തുപരിചയപ്പെടുവാനും ഭാരതീയ ഭാഷകളെ പുതിയൊരു വെളിച്ചത്തിൽ കാണാനും ഈ അവസരത്തിൽ അദ്ദേഹത്തിനു കഴിഞ്ഞു. ഭാരതത്തെ ഒന്നായിക്കാണാനും ഭാരതീയ സാഹിത്യങ്ങളെ പരസ്പരം ബന്ധിപ്പിക്കാനും ഉള്ള നിരന്തരശ്രമമാക്കി തന്റെ പിൽക്കാല ജീവിതത്തെ മാറ്റിയത് ഈ സ്വാധീനമാണ്. "പല ഭാഷകളിൽ എഴുതപ്പെടുന്നുവെങ്കിലും ഭാരതീയ സാഹിത്യം ഒന്നാണ്"[4]എന്ന സാഹിത്യഅക്കാദമിയുടെ മുദ്രാവാക്യം പ്രാവർത്തികമാക്കിയതിന് തെളിവാണ് അദ്ദേഹത്തിന്റെ സംവിധാനത്തിൽ പുറത്തുവന്ന ഭാരതീയ സാഹിത്യം രണ്ടു വാല്യങ്ങൾ.

മദ്രാസ് ജീവിതകാലത്തുതന്നെ തമിഴ്, തെലുങ്ക്, കന്നട, തുടങ്ങിയ ഭാഷകളിലെ സാഹിത്യങ്ങളുമായി പരിചയപ്പെടാൻ അദ്ദേഹത്തിനു കഴിഞ്ഞു. കേന്ദ്രസാഹിത്യ അക്കാദമിയിൽ ചേർന്നപ്പോൾ ഇന്തോആര്യൻ സാഹിത്യങ്ങളുമായി പരിചയപ്പെടുവാനുള്ള വലിയൊരു സന്ദർഭവും ലഭിച്ചു. നെഹ്റുവിന്റെ സ്വാധീനത്തെക്കുറിച്ച് എടുത്തുകാണിക്കാവുന്ന അനുഭവമായി ഡോക്ടർ. കെ. എം. ജോർജ്ജ് പറയുന്നതു ഇങ്ങനെയാണ്. "ആയിരത്തിത്തൊള്ളായിരത്തി അറുപതിൽ സുകുമാർ സെൻ എഴുതിയ *ബംഗാളി സാഹിത്യചരിത്രത്തിന്* നെഹ്റുവെഴുതിയ അതിമനോഹരമായ അവതാരികയിൽ അദ്ദേഹം പറഞ്ഞതിങ്ങനെയാണ് നമ്മുടെ വിവിധ ഭാഷകളിലെ സാഹി

ത്യവുമായി നേരിട്ട് സമ്പർക്കം പുലർത്താൻ നമ്മിൽ പലർക്കും കഴിഞ്ഞെന്നുവരില്ല. പക്ഷെ അഭ്യസ്തവിദ്യനെന്നവകാശപ്പെടുന്ന ഓരോ ഭാരതീയനും തന്റെ മാതൃഭാഷയ്ക്കു പുറമേ മറ്റു ഭാഷകളിലും സാമാന്യമായ അറിവുനേടുന്നതു തീർച്ചയായും അഭിലഷണീയമാണ്. മറ്റു ഭാഷകളിലെ ക്ലാസ്സിക്കുകളെക്കുറിച്ചും പ്രശസ്തകൃതികളെക്കുറിച്ചും അയാൾക്കറിവുണ്ടാകണം. അങ്ങനെ ഇന്ത്യൻ സംസ്കാരത്തിന്റെ വിശാലവും ബഹുമുഖവുമായ അടിസ്ഥാനഘടകങ്ങൾ തന്റെ സ്വത്വത്തിലേക്ക് ആവാഹിക്കുന്നതിനും അയാൾക്കവസരമുണ്ടാകണം"[5] - ഈ വാക്കുകളാണ് കേന്ദ്ര സാഹിത്യഅക്കാദമിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാനിടയായ അവസരങ്ങളിലെല്ലാം ബഹുഭാഷാസമ്പർക്കം വർദ്ധിപ്പിക്കാനും ഉള്ള നിരന്തരശ്രമമാക്കി ജോർജ്ജിന്റെ പിൽക്കാല ജീവിതത്തെ മാറ്റിയത്. ഇംഗ്ലീഷ് വിവർത്തനങ്ങളിലൂടെ ലഭിക്കുന്ന ഭാരതത്തിലെ പ്രാദേശികഭാഷാസാഹിത്യകൃതികളെ താരതമ്യാത്മകമായ മൂല്യനിർണ്ണയത്തിന് വിധേയമാക്കുക എന്ന ലക്ഷ്യത്തോടെ ആയിരത്തിത്തൊള്ളായിരത്തി എൺപത്തി നാലിലും ആയിരത്തിത്തൊള്ളായിരത്തി എൺപത്തി അഞ്ചിലുമായി പ്രസിദ്ധീകരിച്ച മേൽപ്പറഞ്ഞ ഇംഗ്ലീഷ് കൃതികൾ ഭാരതീയ സാഹിത്യത്തിലെ സമാനതകളും സമാന്തരതകളും വ്യത്യാസങ്ങളും തേടിച്ചെല്ലുന്ന ഗവേഷകർക്ക് ഒട്ടൊക്കെ തൃപ്തിനൽകുന്നതാണ്.

കേന്ദ്രസാഹിത്യ അക്കാദമി അസിസ്റ്റന്റ് സെക്രട്ടറിയായി ചുമതലവഹിക്കുന്നതിനിടയിൽ ഒരു വിദ്യാഭ്യാസപ്രവർത്തകനെന്ന നിലയിൽ ഡോ. കെ. എം. ജോർജ്ജിനു പല തവണ വിദേശയാത്ര നടത്താനിടവന്നിട്ടുണ്ട്. സോവിയറ്റ് യൂണിയൻ, ചിക്കാഗോ, ഹവായ് എന്നിവിടങ്ങളിൽ അദ്ദേഹം അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുമുണ്ട്. അപ്പോൾ എഴുതിയ മൂന്നു യാത്രാവിവരണഗ്രന്ഥങ്ങളാണ് ആയിരത്തിത്തൊള്ളായിരത്തി അറുപത്തിനാലിൽ പ്രസിദ്ധീകരിച്ച 'സോവിയറ്റ് നാട്ടിൽ മൂന്നാഴ്ച'. ആയിരത്തിതൊള്ളായിരത്തി അറുപത്തിയേഴിൽ പ്രസിദ്ധീകരിച്ച 'അമേരിക്കയിൽ പോയ കഥ', ആയിരത്തിത്തൊള്ളായിരത്തി എൺപത്തി ഒൻപതിൽ എഴുതിയ 'സോവിയറ്റു നാട്ടിൽ വീണ്ടും' എന്നിവ. വിദ്യാഭ്യാസപ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകളായതിനാൽ വിവരണത്തിൽ നല്ലൊരു പങ്കും വിദ്യാഭ്യാസമേഖലയെക്കുറിച്ചാണ്.

തികച്ചും ഔദ്യോഗികലക്ഷ്യം മുൻനിർത്തിയുള്ളതാണ് ', ഇന്ത്യാഗവൺമെന്റിന്റെ സാംസ്കാരിക പര്യടനത്തിലൊരംഗമായി നടത്തിയ സോവിയറ്റ് യാത്രയെക്കുറിച്ചുള്ള ഗ്രന്ഥം. ഷിക്കാഗോ സർവ്വകലാശാലയിൽ വിസിറ്റിംഗ് പ്രഫസറായി സേവനമനുഷ്ഠിച്ച കാലയളവിലെ അനുഭവങ്ങളുടെ വിവരണമാണ് 'അമേരിക്കയിൽ പോയ കഥ'. സോവിയറ്റ് നാട്ടിൽ നടത്തിയ മൂന്നാമത്തെ സന്ദർശനത്തെ ആസ്പദമാക്കി പ്രസിദ്ധീകരിച്ച ഒരു യാത്രാവിവരണമാണ് ആയിരത്തിത്തൊള്ളായിരത്തി എൺപത്തി ഒമ്പതിൽ പ്രസിദ്ധീകരിച്ച 'സോവിയറ്റ് നാട്ടിൽ വീണ്ടും' എന്ന കൃതി.

ആയിരത്തിത്തൊള്ളായിരത്തി അറുപത്തി നാലിൽ ഷിക്കാഗോ യൂണിവേഴ്സിറ്റിയിൽ ദ്രാവിഡഭാഷാ ശാസ്ത്രത്തിലെ വിസിറ്റിംഗ് പ്രൊഫസ്സറായി ഡോ. കെ. എം. ജോർജ്ജ് സേവനമനുഷ്ഠിച്ച കാലത്ത് നടത്തിയ പ്രസംഗങ്ങൾ വികസിപ്പിച്ചെഴുതിയ ഗ്രന്ഥമാണ് 'എ സർവേ ഓഫ് മലയാളം ലിറ്ററേച്ചർ' ( A Survey of Malayalam Literature). മലയാള സാഹിത്യത്തെക്കുറിച്ച് വിദേശികൾക്ക് അറിവുനൽകാൻ വേണ്ടി രചിച്ച ഈ ഗ്രന്ഥം ആയിരത്തിത്തൊള്ളായിരത്തി അറുപത്തിയെട്ടിൽ പ്രസിദ്ധീകരിച്ചു. മലയാളികളല്ലാത്തവർക്ക് ഇംഗ്ലീഷിലൂടെ മലയാളഭാഷയിൽ സാമാന്യജ്ഞാനം നേടാൻ ഉതകുന്ന പുസ്തകമാണ് 'മലയാളം ഗ്രാമർ ആന്റ് റീഡർ'(Malayalam Grammar and Reader). ആയിരത്തിത്തൊള്ളായിരത്തി എഴുപത്തി ഒന്നിലാണ് ഇത് പ്രസിദ്ധീകരിച്ചത്.

മലയാളഭാഷയെ മാത്രമല്ല സാഹിത്യത്തെയും സാഹിത്യത്തിലെ ഇതര സ്വാധീനതകളെയും ഇതരഭാഷാവിഭാഗങ്ങൾക്കും പാശ്ചാത്യലോകത്തിനും പരിചയപ്പെടുത്തുന്നതിന് അദ്ദേഹം ശ്രമിച്ചതിന്റെ തെളിവാണ് 'വെസ്റ്റേൺ ഇൻഫ്ളുവൻസ് ഓൺ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ' ( Western Influence on Malayalam Language and Literature ) എന്ന കൃതി.

സാഹിത്യ അക്കാദമിയുടെ 'ഇന്ത്യൻ സാഹിത്യശില്പികൾ' എന്ന ഗ്രന്ഥാവലിക്കുവേണ്ടി കുമാരനാശാൻ, എ ആർ.രാജരാജവർമ്മ, കേസരി ബാലകൃഷ്ണപിള്ള എന്നിവരുടെ ലഘുജീവചരിത്രങ്ങൾ ഡോ.ജോർജ്ജ് തയ്യാറാക്കിയിട്ടുണ്ട്. മലയാളികളല്ലാത്ത വായനക്കാർക്ക് വളരെയധികം പ്രയോജനപ്രദമാണ് ഈ കൃതികൾ.

അടുത്തതായി മറ്റൊരു ഔദ്യോഗികകർത്തവ്യമാണ് ഡോ.കെ. എം.ജോർജ്ജിനു വഹിക്കേണ്ടി വന്നത്. ആയിരത്തിത്തൊള്ളായിരത്തി അറുപത്തി ഏഴിൽ കേരളത്തിലെ അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന സി.എച്ച്.മുഹമ്മദ്കോയയുടെ നിർദ്ദേശത്തെത്തുടർന്ന് മലയാളം എൻസൈക്ലോപീഡിയവകുപ്പിന്റെ തലവനും ചീഫ്എഡിറ്ററുമായി ഡോ.കെ.എം.ജോർജ്ജിനു ചുമതല ഏൽക്കേണ്ടിവന്നു. മുപ്പതിനായിരം ശീർഷകങ്ങൾ ഉൾക്കൊള്ളുന്ന ഇരുപത് വാല്യങ്ങളിലായി എൻസൈക്ലോപീഡിയാബ്രിട്ടാനിക്കയുടെ മാതൃകയിൽ സർവവിജ്ഞാനകോശം അദ്ദേഹം സംവിധാനം ചെയ്തു. ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിരണ്ടിലും ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിനാലിലും ആയി രണ്ടുവാല്യങ്ങൾ പുറത്തിറക്കി അദ്ദേഹം ആ ജോലിയിൽ നിന്നും വിരമിച്ചു. ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിയഞ്ചിൽ തന്നെ സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ദക്ഷിണഭാരതത്തിലെ സ്ഥലനാമങ്ങളെക്കുറിച്ചുള്ള പഠനത്തിലേർപ്പെട്ടു. ഗവേഷണാത്മകമായ ആ പഠനത്തിന്റെ ഫലമായി ആയിരത്തിത്തൊള്ളായിരത്തി എൺപത്തിയാറിൽ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥമാണ് ' പ്ലെയ്സ് നെയിംസ് ഓഫ് സതേൺ ഇന്ത്യ ' (Place Names of Southern India). ഈയവസരത്തിൽ സിംലയിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ ഭാരതീയ സാഹിത്യത്തെ ആസ്പദമാക്കി ഡോക്ടർ കെ.എം.ജോർജ്ജ് നടത്തിയ ഏഴു പ്രഭാഷണങ്ങളുടെ സമാഹാരമാണ് 'ഫേയ്സെറ്റ്സ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ '(Facets of Indian Literature) എന്ന കൃതി.

മേൽപ്പറഞ്ഞ മിക്ക പുസ്തകങ്ങളുടെയും നിർമ്മിതി പലപ്പോഴും ഔദ്യോഗിക കൃത്യ നിർവഹണത്തിന്റെ ഫലമായിട്ട് രൂപപ്പെട്ടതാണെങ്കിൽ സർഗ്ഗാത്മകവും വൈജ്ഞാനികവുമായ മേഖലകളിൽ നിരവധി സംഭാവനകൾ ഡോ.കെ.എം. ജോർജ്ജിന്റേതായി കൈരളിക്കു ലഭിച്ചിട്ടുണ്ട്. മലയാളഭാഷയെ ധന്യമാക്കിയ ഡോക്ടർ കെ.എം.ജോർജ്ജിന്റെ പ്രകാശിത ഗ്രന്ഥങ്ങളിൽ ഒന്നാമത്തേത് ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിഅഞ്ചിൽ പ്രസിദ്ധപ്പെടുത്തിയ ' വേദപുസ്തകമാഹാത്മ്യം ' എന്ന

കൃതിയാണ്. ബൈബിളിന്റെ നിസ്തുലതയെയും മാഹാത്മ്യത്തെയും പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിന്റെ അവതാരിക മഹാകവി കെ.വി.സൈമണിന്റേതാണ്. രണ്ടാമത്തെ പുസ്തകം ആയിരത്തിത്തൊള്ളായിരത്തി നാൽപ്പത്തിഏഴിൽ പ്രസിദ്ധീകരിച്ച ' സാധു കൊച്ചൂഞ്ഞ് ' എന്ന പേരിലുള്ള ജീവചരിത്രഗ്രന്ഥമാണ്. 'സർദാർ പട്ടേൽ' , 'എഡ്വേർഡ് ജന്നർ' എന്നീ ജീവചരിത്രകൃതികൾ കൂടി പിന്നീട് അദ്ദേഹം എഴുതി. തുടർന്ന് 'ടാഗോർ' എന്ന പേരിലുള്ള ഒരു വിവർത്തനമാണ് .' രവീന്ദ്രനാഥടാഗോർ ' എന്ന പേരിൽ കൃഷ്ണ കൃപലാനി ഇംഗ്ലീഷിൽ എഴുതിയ ടാഗോറിന്റെ ജീവചരിത്രത്തിന്റെ സംക്ഷേപമാണ് ഡോ. ജോർജ്ജ് വിവർത്തനം ചെയ്തത്. ഡേവിഡ് തോറോയുടെ ജീവചരിത്രവും അദ്ദേഹം വിവർത്തനം ചെയ്തിട്ടുണ്ട്.

ഇവയ്ക്കുപുറമേ ' ലോകവാണി ' മാസികയിൽ ' ജീവിതസരണി ' എന്ന പേരിൽ ഒരു പംക്തി ഉണ്ടായിരുന്നു. അതിൽ ഒട്ടുമിക്ക പ്രസിദ്ധരുടെയും ജീവചരിത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനെല്ലാമുപരിയായി ഈ രംഗത്ത് ഡോ.കെ.എം. ജോർജ്ജിന്റെ മികച്ച സംഭാവന ' ജീവചരിത്രസാഹിത്യം ' എന്ന കൃതിയാണ്. ജീവചരിത്രം എന്ന സാഹിത്യവിഭാഗത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെക്കുറിച്ചും അതിന്റെ വളർച്ചയെക്കുറിച്ചും വിഭാഗങ്ങളെക്കുറിച്ചും വിവരിക്കുന്ന മലയാളത്തിലെ ആദ്യത്തെ ആധികാരികഗ്രന്ഥം എന്ന സവിശേഷത ഈ കൃതിക്കുണ്ട്. മലയാളത്തിലെ മിക്ക ജീവചരിത്രങ്ങളെക്കുറിച്ചുള്ള വിവരണങ്ങളും അന്ത്യഭാഗത്ത് ജീവചരിത്രസാഹിത്യത്തിന്റെ വകഭേദമെന്ന നിലയിൽ ആത്മകഥാനിരൂപണവും നടത്തിയിട്ടുണ്ട്.

ഗവേഷണപ്രബന്ധങ്ങൾ, ഉപന്യാസസമാഹാരങ്ങൾ, നിരൂപണങ്ങൾ, സാഹിത്യചരിത്രങ്ങൾ, ബാലസാഹിത്യം എന്നിങ്ങനെ വിവിധവകുപ്പുകളിലായി നീണ്ടുകിടക്കുന്നു അദ്ദേഹത്തിന്റെ കൃതികൾ. മുന്തിരിച്ചാറ്, വളരുന്നകൈരളി, പ്രബന്ധചന്ദ്രിക, വിചാരകൗതുകം, സംസ്കാരസരണി, നിരീക്ഷണനിലയം, അവലോകനങ്ങൾ, അന്വേഷണങ്ങൾ പഠനങ്ങൾ, സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും, വീക്ഷണങ്ങൾ വിചിന്തനങ്ങൾ എന്നിവ അദ്ദേഹമെഴുതിയ ഉപന്യാസസമാഹാരങ്ങളാണ്. ഈ കൃതികളിൽ ഏറിയപങ്കും പല കാലങ്ങളിലായി ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച

ലേഖനങ്ങൾ സമാഹരിക്കപ്പെട്ടതാണ് വിവിധ ആനുകാലികങ്ങളുടെ ആവശ്യാനുസരണം പല പ്രാവശ്യമായി എഴുതപ്പെട്ട ലേഖനങ്ങളാണവ ആകയാൽ പലപ്പോഴും ഒരേ വിഷയത്തെ അധികരിച്ചുള്ള ലേഖനങ്ങൾ പല കൃതികളിലും കാണുന്നുണ്ട്.

ഇതുകൂടാതെ കേരളസാഹിത്യഅക്കാദമിയുടെ ആവശ്യപ്രകാരം 'തമിഴ് സാഹിത്യം' എന്ന ഒരു പുസ്തകവും അദ്ദേഹം എഴുതിയിട്ടുണ്ട്. ഇവയിലൊന്നും പെടാതെ നിൽക്കുന്ന കൃതിയാണ് ' എന്നെ ആകർഷിച്ച പ്രതിഭാശാലികൾ.' തന്റെ വ്യക്തിത്വത്തെ സ്വാധീനിച്ച പ്രതിഭാശാലികളെക്കുറിച്ച് തന്റേതായ കാഴ്ചപ്പാടിൽ ഡോക്ടർ കെ.എം.ജോർജ്ജ് ചില വസ്തുതകൾ വിവരിക്കുന്നു.

താരതമ്യസാഹിത്യപഠനരംഗത്ത് അദ്ദേഹത്തിന്റെ സേവനത്തെ വിലയിരുത്തുന്ന ഒട്ടുവളരെ പുസ്തകങ്ങളുണ്ട്. മലയാളസാഹിത്യത്തെക്കുറിച്ച് ഇതര ഭാരതീയഭാഷകളിലെ സാഹിത്യപ്രേമികളെ മനസ്സിലാക്കിക്കുക എന്ന കർമ്മം വളരെ ശ്രേഷ്ഠമായ രീതിയിൽ നിർവഹിക്കാൻ ഡോക്ടർ കെ.എം.ജോർജ്ജിനു കഴിഞ്ഞിട്ടുണ്ട്. ഭാഷാവൈവിധ്യത്തിനിടയിലും ഇന്ത്യയുടെ മനസ്സിന്റെ വളർച്ചയിലുള്ള പ്രകടമായ ഐക്യത്തെപ്പറ്റി വ്യക്തമായൊരു ബോധം നൽകാൻ ഉപകരിക്കുന്നവയാണ് അദ്ദേഹത്തിന്റെ *ഗ്രന്ഥങ്ങൾ. ഭാരതീയ സാഹിത്യങ്ങളെ പരസ്പരം അടുപ്പിക്കാനും അവയെ ലോകദൃ*ഷ്ടിയിൽ കൊണ്ടുവരാനും അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾ വിലപ്പെട്ടതാണ്. എഡിറ്റർ എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രശസ്തമായ സേവനത്തിന്റെ നിദർശനങ്ങൾ കൂടിയാണ് ഈ കൃതികൾ. ഭാരതീയസാഹിത്യം രണ്ടു വാല്യങ്ങൾ, ഭാരതീയസാഹിത്യസമീക്ഷ, ഭാരതീയസാഹിത്യപഠനം തുടങ്ങിയവയാണ് അക്കൂട്ടത്തിൽ പ്രമുഖം.

സർവവിജ്ഞാനകോശസംവിധായകൻ എന്ന രീതിയിലും സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്നീ ഗ്രന്ഥങ്ങളുടെ സംവിധായകൻ എന്ന രീതിയിലും ഡോക്ടർ കെ.എം.ജോർജ്ജ് തന്റെ പ്രാഗല്ഭ്യം തെളിയിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും എഡിറ്റർ എന്ന നിലയിൽ അദ്ദേഹത്തിന്റെ വൈദഗ്ധ്യം, അവകാശപ്പെടാവുന്നവയാണ് മാസ്റ്റർ പീസസ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചറും (Master pieces of Indian Literature) 'മോഡേൺ ഇന്ത്യൻ ലിറ്ററേച്ചർ

ആൻ ആന്തോളജിയും' (Modern Indian Literature an Anthology) ഇന്ത്യയുടെ ബുദ്ധി പരവും വൈകാരികവുമായ ഉദ്ഗ്രഥനം ഭാഷാസാഹിത്യങ്ങളിലൂടെയാണെന്ന ഉറച്ച വിശ്വാസമാണ് അദ്ദേഹത്തിന്റെ ദേശീയബോധത്തിന് ഉണർവേകുന്നത്.

താരതമ്യസാഹിത്യത്തിലെ ഒരു പ്രധാനമേഖലയായ സ്വാധീനതാപഠന ത്തെക്കുറിച്ച് ഡോക്ടർ കെ.എം.ജോർജ്ജ് എഴുതിയ മറ്റൊരു കൃതിയാണ് *ദ റോൾ ഓഫ് സാൻസ്ക്രിറ്റ് ഇൻ ദ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (The role of Sanskrit in the Malayalam Language and Literature).* അദ്ദേഹം പലപ്പോഴായി എഴുതിയ ലേഖനങ്ങൾ സമാഹരിച്ച് ഡൽഹിയിലെ അജന്താ പബ്ലിക്കേഷൻസ്, ആയിരത്തിത്തൊ ള്ളായിരത്തിത്തൊണ്ണൂറ്റി ഒന്നിൽ പ്രസാധനം ചെയ്ത കൃതിയാണ് എ മെനി ബ്രാഞ്ച്ഡ് ട്രീ (A Many Branched Tree). ഇതിലെ പല ലേഖനങ്ങളും താരതമ്യസാഹിത്യവുമായി ബന്ധപ്പെട്ടവയാണ്.

ഡോക്ടർ കെ.എം.ജോർജ്ജിന്റെ വിവർത്തന മേഖലയിലുള്ള സംഭാവ നകളെക്കുറിച്ചാണ് ഇനി സൂചിപ്പിക്കേണ്ടത്. അദ്ദേഹത്തിന്റെ വിവർത്തനങ്ങൾ പല പ്പോഴും മൂലകൃതിയുടെ സംക്ഷിപ്തമായ വിവർത്തനങ്ങളാണ്. ടാഗോറിന്റെ പ്രസിദ്ധ *നോവലായ ദ് റെക്ക് (The wreck) എന്നതിന്റെ സംക്ഷിപ്തവിവർത്തനമാണ് 'സ്നേഹ* ത്തിന്റെ ശിക്ഷ ' എന്ന പേരിൽ ജോർജ്ജ് നടത്തിയിരിക്കുന്നത്. മാക്സിം ഗോർക്കി യുടെ ഒരു നോവലും ' അർത്തമാനവ് തലമുറകളിലൂടെ' എന്ന പേരിൽ ജോർജ്ജ് വിവർത്തനം നിർവഹിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഇംഗ്ലീഷ് എഴുത്തുകാരിൽ പ്രമുഖനായ അസിം കരിംഭായിയുടെ നാടകം 'മൂകനർത്തകൻ ' എന്ന പേരിൽ വിവർത്തനം ചെയ്ത താണ് അദ്ദേഹത്തിന്റെ ഈ രംഗത്തെ അടുത്ത ശ്രദ്ധേയമായ പ്രവൃത്തി.

ഒരു ഗ്രന്ഥകാരന്റെ വ്യക്തിജീവിതത്തിലേക്കു വെളിച്ചം വീശുന്ന ഏറ്റവും വിശ്വസനീയമായ രേഖകളാണ് അദ്ദേഹത്തിന്റെ ആത്മകഥ. തന്റെ ജീവിതാനുഭവങ്ങളെ വളരെ അടുക്കി വിവരിക്കുകയാണ് 'എന്നെ ഞാൻ കാണുമ്പോൾ' എന്ന ആത്മകഥ യിൽ. സാഹിത്യവും സാംസ്കാരികവുമായ വിവിധ മേഖലകളിലുള്ള തന്റെ പ്രവർത്ത നങ്ങളെ സ്വയം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുകയാണ് ആത്മകഥ

യിലൂടെ. അദ്ദേഹത്തിന്റെ പ്രവർത്തനരംഗങ്ങളെക്കുറിച്ചും അനുഭവങ്ങളെക്കുറിച്ചും വ്യക്തമായ ഒരവബോധം വായനക്കാരിലുളവാക്കാൻ പര്യാപ്തമാണ് ആ കൃതി. ഒരഭിമുഖത്തിൽ തന്റെ സംതൃപ്തിയെക്കുറിച്ചദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. "എന്റേതായി ഞാൻ തിരഞ്ഞെടുക്കുന്ന ദൗത്യം ഒട്ടുമുക്കാലും തൃപ്തികരമായി പൂർത്തിയാക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. എങ്കിലും എന്റെ പരിശ്രമത്തിൽ നടന്ന എല്ലാ കൃതികളിലും കുറവുകളുണ്ട്. പക്ഷേ, കൂടുതൽ നന്നാക്കാൻ ഒരടിത്തറയായി അവ സ്വീകരിക്കപ്പെടുമെങ്കിൽ ഞാൻ കൃതാർത്ഥനായി "[6]ഇത്തരം ശുഭാപ്തിവിശ്വാസമാണ് അദ്ദേഹത്തിന്റെ ഓരോ പ്രവർത്തനത്തിലും ദർശിക്കാൻ കഴിയുക. സംഭവബഹുലമായ ആ ജിവിതം രണ്ടായിരത്തിരണ്ട് നവംബർ പത്തൊൻപതാം തീയതി അവസാനിച്ചു.

പത്മശ്രീ, പത്മഭൂഷൺ, കൂടാതെ സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, വള്ളത്തോൾ പുരസ്കാരം, കേരളസാഹിത്യഅക്കാദമിയുടെ ഫെല്ലോഷിപ്പ്, കേന്ദ്രസർക്കാറിന്റെ എമിറേറ്റ്സ് ഫെല്ലോഷിപ്പ് തുടങ്ങിയ നിരവധി അവാർഡുകൾ അദ്ദേഹത്തിനു ലഭിച്ചത് നിസ്തന്ദ്രമായ സാഹിത്യസപര്യയും അടങ്ങാത്ത സാഹിത്യതല്പരതയും കൊണ്ടാണ്.

13

# കുറിപ്പുകൾ

1. ജോർജ്ജ്, ഡോ. കെ. എം, ***എന്നെ ഞാൻ കാണുമ്പോൾ***, നാഷണൽ എഡ്യൂക്കേഷൻ റിസർച്ച് സെന്റർ, തിരുവനന്തപുരം, 1999, പുറം: 42
2. അതേ പുസ്തകം, പുറം: 53
3. പ്രഭാകരവാര്യർ. കെ. എം., മലയാള ഭാഷാ സാഹിത്യ ഗവേഷണം, ***വിജ്ഞാന കൈരളി*** 1997, ജൂൺ, പുറം: 45
4. ജോർജ്ജ്, ഡോ കെ എം, ***ഭാരതീയ സാഹിത്യ സമീക്ഷ***, (ആമുഖം) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994.
5. ജയചന്ദ്രൻ, ടി. എൻ, ദേശീയ സാഹിത്യ പദ്ധതികളുടെ സംവിധാന ശില്പി (അഭിമുഖം), ***മാതൃഭൂമി ആഴ്ചപ്പതിപ്പ്***, ലക്കം. 3, 1996 സെപ്തംബർ, പുറം: 28
6. അതേ ലക്കം - പുറം: 30
7. മേനോൻ, പി. എ, - ***പ്രേംജി മുതൽ എം. ടി. വരെ***, എൻ. ബി. എസ്. കോട്ടയം 1993, പുറം: 151

അദ്ധ്യായം രണ്ട്

# ഗവേഷകൻ

അദ്ധ്യായം രണ്ട്

# ഗവേഷകൻ

മലയാളസാഹിത്യത്തിന്റെ വിവിധ ശാഖകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ എഴുത്തുകാരനാണ് ഡോ.കെ.എം.ജോർജ്ജ്. സർഗ്ഗാത്മകരചനയോടൊപ്പം തന്നെ ഗവേഷണമേഖലയെയും അദ്ദേഹം സ്വന്തം പ്രവർത്തന മണ്ഡലമായി അംഗീകരിച്ചിരുന്നു തന്റെ ഈ അന്വേഷണകൗതുകം ജീവിതാന്ത്യം വരെ കാത്തുസൂക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിജ്ഞാനത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്താനുള്ള ആത്മാർത്ഥമായ ആഗ്രഹമാണ് ഏതൊരാളെയും ഗവേഷണത്തിനു പ്രേരിപ്പിക്കുന്നത്. ഗവേഷണത്തെക്കുറിച്ചും ഗവേഷകന്റെ കടമകളെക്കുറിച്ചും ഉത്തമ ധാരണകൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു ഗവേഷകൻ എന്ന നിലയിലുള്ള ഡോ. കെ.എം.ജോർജ്ജിന്റെ പരിശ്രമങ്ങളെയാണ് ഈ അധ്യായത്തിൽ വിശകലനവിധേയമാക്കുന്നത്. ഈ മേഖലയിലുള്ള പ്രബന്ധങ്ങളെ മുഖ്യമായും ഭാഷാപരം, ഭാഷാസാഹിത്യപരം, സ്ഥലനാമഗവേഷണപരം എന്നിങ്ങനെ മൂന്നായി തിരിക്കാം.

## ഭാഷാപരമായ ഗവേഷണങ്ങൾ

ഒരു ഭാഷാഗവേഷകൻ എന്ന നിലയിലുള്ള ഡോ.കെ.എം.ജോർജ്ജിന്റെ പാടവത്തെ സ്പഷ്ടമാക്കുന്നതാണ് അദ്ദേഹത്തിന്റെ ഗവേഷണപ്രബന്ധം. 'രാമചരിതവും പ്രാചീനമലയാള പഠനവും'( Ramacaritam and the study of Early Malayalam ) ആയിരുന്നു അദ്ദേഹത്തിന്റെ ഗവേഷണവിഷയം. ആയിരത്തിത്തൊള്ളായിരത്തി നാല്പത്തി ഏഴിൽ ആരംഭിച്ച ഗവേഷണത്തിന്റെ ഫലങ്ങൾ ഉൾക്കൊള്ളുന്ന ഇംഗ്ലീഷിലുള്ള ഈ പ്രബന്ധത്തിന് ആയിരത്തിത്തൊള്ളായിരത്തി അമ്പത്തി ഒന്നിൽ മദ്രാസ് സർവകലാശാലയിൽ നിന്ന് പി.എച്ച്.ഡി. ബിരുദം ലഭിക്കുകയുണ്ടായി. "അക്കാഡമിക് തലത്തിലുള്ള മലയാള ഗവേഷണത്തിന്റെ ആരംഭദശയിലാണ് ഈ പഠനം നടന്നത്. ഡോ.കെ.ഗോദവർമ്മയുടെയും ചേലനാട്ടു അച്യുതമേനോന്റെയും പ്രബന്ധങ്ങളാണ് പൂർവമാതൃകകളായി ഉണ്ടായിരുന്നത്. അവർ രണ്ടുപേരും ഗവേഷണ പ്രബന്ധങ്ങൾ

തയ്യാറാക്കിയത് ലണ്ടനിൽ വച്ചാണ്"[1]. അക്കാലത്ത് ഇന്ത്യൻ സർവകലാശാലകളിൽ ഭാഷാഗവേഷണം പ്രചരിച്ചിരുന്നില്ല ഗോദവർമ്മയുടെ വിഷയം ഇന്തോ ആര്യൻ ഗോത്രത്തിൽ നിന്നും മലയാളത്തിലേക്കു കടമെടുത്ത പദങ്ങൾ ( Indo Aryan Loan words in Malayalam ) ആയിരുന്നു. ചേലനാട്ടു അച്യുതമേനോൻ എഴുത്തച്ഛന്റെ സംഭാവനകളെക്കുറിച്ചായിരുന്നു ഗവേഷണം നടത്തിയത്. അങ്ങനെ ഒരു സാഹചര്യത്തിൽ ഒരിന്ത്യൻ സർവകലാശാലയിൽ ഗവേഷണത്തിനൊരുങ്ങിയ തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഡോ.കെ.എം.ജോർജ്ജ് 'എന്നെ ഞാൻ കാണുമ്പോൾ ' എന്ന ആത്മകഥയിൽ പറയുന്നു. "ഗവേഷണ വിധാനതന്ത്രം ( Methodology in Research ) സാമാന്യമായി മനസ്സിലാക്കുന്നതിന്, ഫിലോസഫി, ചരിത്രം, സംസ്കൃതം ആദിയായ വിഷയങ്ങളിൽ ബിരുദം നേടിക്കൊടുത്ത പ്രബന്ധങ്ങൾ പരിശോധിച്ചുനോക്കി വ്യാകരണഘടകങ്ങൾ നിർണ്ണയിച്ചു പദങ്ങളെ അപഗ്രഥിക്കുന്ന രീതി ഡോ.ഗോദവർമ്മയുമായി ഒന്നുരണ്ടു മണിക്കൂർ സംസാരിച്ചു മനസ്സിലാക്കി ബാക്കിയെല്ലാം സ്വന്തമെന്നു പറയാവുന്ന പ്രവർത്തന പരിപാടിതന്നെയായിരുന്നു."[2] അങ്ങനെ ഒരു ഗൈഡിന്റെ സഹായമോ നിർദ്ദേശമോ ഇല്ലാതെയാണ് അദ്ദേഹം തന്റെ പ്രബന്ധം പൂർത്തിയാക്കിയത്. ഇംഗ്ലീഷിൽ എഴുതിയ ഈ പ്രബന്ധത്തിന് ആയിരത്തിത്തൊള്ളായിരത്തി അമ്പത്തി ഒന്നിൽ മദ്രാസ് സർവകലാശാലയിൽ നിന്ന് പി.എച്ച്.ഡി. ബിരുദം ലഭിച്ചു.

വസ്തുതകൾ ശേഖരിക്കുകയും അവയെ വസ്തുനിഷ്ഠമായി വ്യാഖ്യാനിക്കുകയും ചെയ്യുകയാണ് ഗവേഷകധർമ്മം എന്ന ഉറച്ച വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. അതിന് ഉത്തമ നിദർശനമാണ് അദ്ദേഹത്തിന്റെ ഗവേഷണപ്രബന്ധം. മലയാളഭാഷയുടെ വികാസപരിണാമങ്ങളിൽ രാമചരിതത്തിനുള്ള സ്ഥാനം സുപ്രധാനമാണ്. എങ്കിലും അതിലെ ഭാഷയെക്കുറിച്ച് വിഭിന്ന അഭിപ്രായങ്ങൾ നിലവിലുണ്ടായിരുന്നു. "സംസ്കൃതാക്ഷരമാല മലയാളത്തിൽ സ്വീകരിക്കുന്നതിനുമുമ്പുള്ളതും, ഭാഷയുടെ ആദ്യരൂപത്തെ പ്രതിഫലിപ്പിക്കുന്നതുമായ ഒരു കൃതിയാണ് രാമചരിതം എന്നാണ് ഗുണ്ടർട്ടിന്റെ മതം. ഡോ.കാൽഡ്വലും, പി.ഗോവിന്ദപ്പിള്ളയും അവർക്കുശേഷമുള്ള പലചരിത്രകാരന്മാരും ഗുണ്ടർട്ടിന്റെ അഭിപ്രായം ആദരിക്കുകയും ഉദ്ധരിക്കുകയും

ചെയ്തിരിക്കുന്നു. മലയാളം തമിഴിൽ നിന്ന് ഒരു പ്രത്യേകഭാഷയായി പിരിഞ്ഞുപോന്ന ഘട്ടത്തെ പ്രതിഫലിപ്പിക്കുന്ന ഒരു കൃതിയാണ് രാമചരിതമെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു."[3] പക്ഷേ ഈ പൂർവമതങ്ങളെ മാറ്റി നിർത്തി, ശബ്ദശാസ്ത്ര നിയമമനുസരിച്ച് രാമചരിതത്തിലെ ഭാഷ അപഗ്രഥനം ചെയ്ത് അത് എന്തിനെ പ്രതിനിധാനം ചെയ്യുന്നു എന്നു കണ്ടെത്തുകയായിരുന്നു ഡോ.കെ.എം.ജോർജ്ജ്. വിഷയത്തെക്കുറിച്ച് കൂലങ്കഷമായി കൂർമ്മതയോടെ അപഗ്രഥിച്ചതിനുശേഷം മാത്രമാണ് ഡോ.ജോർജ്ജ് നിഗമനത്തിലെത്തിയത്. ഭാഷാശാസ്ത്രകാരൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യം തെളിയിക്കുന്നതായിരുന്നു ഈ പ്രബന്ധം. ആയിരത്തിത്തൊള്ളായിരത്തി അമ്പത്താറിൽ ഈ പ്രബന്ധം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. സർദാർ കെ.എം. പണിക്കരാണ് ഈ കൃതിക്ക് അവതാരിക എഴുതിയത്.

പതിനാലധ്യായങ്ങളിലായി എഴുതിയിരിക്കുന്ന ഈ പ്രബന്ധത്തിന് ആകെ രണ്ടുഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗം മലയാളപ്പഴമയെ സംബന്ധിക്കുന്ന ഉപാദാനങ്ങളുടെ ക്രോഡീകരണവും വിവരണവുമടങ്ങുന്നു. രണ്ടാംഭാഗം രാമചരിതഭാഷയുടെ അപഗ്രഥനപരമായ പഠനം ആണ്. തന്റെ സൂക്ഷ്മപഠനത്തിലൂടെ ഡോ.കെ.എം. ജോർജ്ജ് എത്തിച്ചേരുന്ന നിഗമനങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം. പ്രാചീന മലയാളത്തെക്കുറിച്ച് ഇതുവരെയുള്ള പഠനവും രാമചരിതത്തിന്റെ ഭാഷാപരമായ ഘടകങ്ങളും താഴെപ്പറയുന്ന കാര്യങ്ങളിൽ എത്തിച്ചേരാൻ സഹായിക്കുന്നു.

1. മലയാളവും തമിഴും മറ്റുള്ള ഭാഷകളെക്കാൾ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും മലയാളം തമിഴിന്റെ ഉപശാഖ ( off shoot ) യാണെന്ന അഭിപ്രായം നിലനില്ക്കുന്നതല്ല. ഒരു ഭാഷയിലെ സാഹിത്യകൃതികളുടെ സമ്പന്നതയും പ്രാചീനതയും സംസാരഭാഷയുടെ പ്രാചീനതയെ സൂചിപ്പിക്കണമെന്നില്ല. ദ്രാവിഡന്മാർ പടിഞ്ഞാറേ തീരത്തുവന്നതിനുശേഷമാണ് മലയാളത്തിന്റെ ഉദ്ഭവം. മാതൃഭാഷയിൽ നിന്ന് ഉണ്ടായ പ്രാധാനപ്പെട്ട ഭാഷാഭേദം ഒരു പക്ഷേ ഇതായിരിക്കാം. ഏതായാലും മലയാളത്തിന് ദ്രാവിഡഭാഷാകുടുംബത്തിലെ മറ്റുവികസിത ദ്രാവിഡഭാഷകളുടെ സഹോദരഭാഷ എന്ന സ്വതന്ത്രപദവി ഉണ്ട്. തമിഴും മലയാളവും തമ്മിൽ അഭേദ്യമായ

ബന്ധമുണ്ടെങ്കിലും പ്രാരംഭഘട്ടങ്ങളിൽ അവ തമ്മിൽ സമ്പർക്കം നിലനിർത്തുന്നതിൽ പരാജയപ്പെട്ടിരിക്കാം.

2. മലയാളത്തിന്റെ, ഉദ്ഭവ വികാസങ്ങളെക്കുറിച്ച് പരിശോധിക്കുമ്പോൾ സാഹിത്യഭാഷയും സംസാരഭാഷയും തമ്മിലുള്ള വ്യത്യാസത്തെ ഓർമ്മിക്കേണ്ടതാണ്. സംസാരഭാഷയ്ക്ക് ദീർഘമായ ചരിത്രമുണ്ടെങ്കിലും സാഹിത്യഭാഷ താരതമ്യേന അടുത്തകാലത്തുണ്ടായതാണ്. മലയാളസാഹിത്യഭാഷ സംസാരഭാഷയേക്കാൾ തമിഴുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന, ലിംഗ്വിസ്റ്റിക് സർവേ ഓഫ് ഇന്ത്യയുടെ പ്രസ്താവന ചില ഉപാധികളോടെ മാത്രമേ അംഗീകരിക്കാൻ കഴിയുകയുള്ളൂ. ആധുനിക മലയാളഭാഷയെ സംബന്ധിച്ചിടത്തോളം, തമിഴിന്റെ സ്വാധീനം വളരെ വലുതല്ല. പഴയ മലയാള സാഹിത്യത്തെ തമിഴ് വളരെയധികം സ്വാധീനിച്ചിട്ടുണ്ട് എന്ന് ലിംഗ്വിസ്റ്റിക് സർവേ ഓഫ് ഇന്ത്യയിൽ മറ്റൊരിടത്തുപറയുന്നു.

3. പ്രാചീനസാഹിത്യം എഴുത്തച്ഛന്റെയും കൃഷ്ണഗാഥയുടെയും കാലഘട്ടത്തിനു മുമ്പുള്ളതാണ്. മലയാളസാഹിത്യചരിത്രകാരന്മാർ പറയുന്നതുപോലെ, സംസ്കൃതം തമിഴിനെ പിന്തുടർന്നു വന്നു എന്നു ചിന്തിക്കുന്നതു തെറ്റാണ്. അതുകൊണ്ട് സംസ്കൃതത്തിന്റെ സ്വാധീനം പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി മലയാളത്തിന് ഒരു മധ്യകാലഘട്ടം നൽകുന്നത് നീതിയല്ല.

4. പ്രാചീന മലയാളത്തെക്കുറിച്ചുള്ള പഠനത്തിൽ വളരെയധികം തെറ്റിദ്ധാരണകൾക്കും വാദപ്രതിവാദങ്ങൾക്കും കാരണമായി വർത്തിച്ചിട്ടുള്ളത് രാമചരിതമാണ്. രാമചരിതത്തെ മലയാളത്തിലെ പ്രാചീനകൃതിയെന്ന് വിശേഷിപ്പിക്കുന്നതിനുള്ള കാരണം അതിന്റെ അപരിചിതമായ ഭാഷയാണ്. എന്നാൽ രാമചരിതത്തെ മലയാളത്തിലെ പ്രാചീനകൃതിയെന്ന് അവകാശപ്പെടാൻ കഴിയില്ല; കാരണം ദാരുകവധം പോലെ പച്ചമലയാളത്തിലെഴുതിയ കൃതികൾ നമുക്കുണ്ട്. അവയ്ക്കു കുറേക്കൂടി പ്രാചീനമായ കാലഗണന നൽകാവുന്നതാണ്. എന്നാൽ രാമചരിതത്തിന്റെ കാലം കൃത്യമായി തെളിയിക്കാതെ അത്തരത്തിലൊരു കാലഗണനയ്ക്കു കഴിയില്ല.

5. രാമചരിതം പ്രാചീന മലയാളഭാഷയുടെ വികാസദശയെ പ്രതിഫലിപ്പി

ക്കുന്നില്ല. പ്രാചീനമലയാളം എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്, സാധാരണ സംഭാഷണത്തിനുപയോഗിക്കുന്ന ഭാഷയെയാണ്. തെക്കൻ പ്രാദേശികഭാഷ എന്നു നാമകരണം ചെയ്തിരിക്കുന്ന, ദ്വിഭാഷാസ്ഥലങ്ങളിലെ മലയാളം, തമിഴിന്റെ സ്വാധീനത്തെ കാണിക്കുന്നുണ്ട്. രാമചരിതത്തിലെ ഭാഷ, ഒരു ചെറിയ പരിധിവരെ തെക്കൻ പ്രാദേശിക ഭാഷയാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആ വസ്തുത, ഇതിലെ പ്രത്യേക ഭാഷയുടെ വിശദീകരണം നൽകുന്നില്ല.

6. രാമചരിതം എഴുതപ്പെട്ടിരിക്കുന്ന ഭാഷ പ്രധാനമായും ഒരു കൃത്രിമ സങ്കരഭാഷയാണ്. സംസ്കൃതത്തിന്റെ സ്വാധീനം വ്യക്തമാണെങ്കിലും അത് പദാവലിയിൽ മാത്രമാണുള്ളത്. തമിഴിനേയും മലയാളവാക്കുകളെ തമിഴാക്കിയിരിക്കുന്നതും അപൂർവ്വമല്ല. പൊതുവേ പറഞ്ഞാൽ, തമിഴ് പ്രതിപത്തിയാണ് മലയാളത്തിനേക്കാൾ ബലമായിട്ടുള്ളത്. അങ്ങനെയുള്ള ഒരു സങ്കരഭാഷ, ഒരു സാഹചര്യത്തിലും ഒരു വികസിത ഭാഷയിൽ പ്രതീക്ഷിക്കാൻ കഴിയില്ല.

7. ഇതിന്റെ അർത്ഥം രാമചരിതത്തിലെ ഭാഷ, എഴുത്തുകാരന്റെ പ്രത്യേക ഭാവനയുടെ ഫലമാണെന്നല്ല. ദ്രാവിഡഭാഷകളിൽ പ്രാദേശികസാഹിത്യഭാഷ കൃത്രിമമായിരുന്ന കാലഘട്ടത്തിൽ ഈ സങ്കരഭാഷയെ മാധ്യമമായി അംഗീകരിച്ചിരുന്നു. ഈ മാധ്യമത്തെ അല്ലെങ്കിൽ മാതൃകയെ ലീലാതിലകത്തിൽ 'പാട്ട് 'എന്ന് അംഗീകരിച്ചിരിക്കുന്നു. രാമചരിതത്തിലെ ഭാഷയെ പാട്ടുഭാഷയെന്ന് നാമകരണം ചെയ്യാവുന്നതാണ്. മണിപ്രവാളഭാഷയിൽ സംസ്കൃതത്തിന്റെ സ്വാധീനം ഉള്ളതുപോലെ, പാട്ടുഭാഷയിൽ തമിഴിന്റെ സ്വാധീനം ഉണ്ട്. രണ്ടും കൃത്രിമവുമാണ്. തമിഴ് സ്വാധീനത്തിന്റെ ഒരു സുപ്രധാന ശാഖയാണ് പാട്ട്. മലയാളസാഹിത്യത്തിന്റെ പ്രാചീന കാലഘട്ടത്തിൽ അതിന് വ്യക്തമായ ഒരു സ്ഥാനമുണ്ടായിരുന്നു. ആ പ്രത്യേകഭാഷയിലുള്ള ഒരു പ്രശസ്ത കൃതിയാണ് രാമചരിതം.

ചുരുക്കത്തിൽ രാമചരിതഭാഷ, കൃത്രിമത്വത്തിന്റെ തെളിഞ്ഞ മുദ്രകൾ ഉള്ള മിശ്രഭാഷയെന്ന നിഗമനത്തിലാണ് ഡോ.ജോർജ്ജ് എത്തിച്ചേരുന്നത്. അത് മലയാളഭാഷയുടെ ആദ്യഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നുമില്ല. മലയാളം മൂലദ്രാവിഡ

ത്തിൽ നിന്ന് സ്വതന്ത്രമായി പിരിഞ്ഞുവന്നതാണെന്നും തമിഴുമായി അതിനു പ്രത്യക്ഷത്തിൽ ഔത്പത്തികബന്ധം കല്പിക്കാനാവില്ലെന്നുമാണ് ഡോ.കെ.എം.ജോർജ്ജിന്റെ ഗവേഷണപ്രബന്ധത്തിന്റെ നിലപാട്.

ഈ പ്രബന്ധത്തിലെ നിലപാടിനെക്കുറിച്ച് വിയോജിപ്പ് പ്രകടമാക്കിക്കൊണ്ടുള്ള അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. ഡോ.എൻ.ആർ.ഗോപിനാഥപിള്ള മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ തന്റെ വിയോജിപ്പ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "മലയാളത്തിന്റെ സ്വതന്ത്രതയെ സ്ഥാപിക്കാൻ ഡോക്ടർ ജോർജ്ജ് തന്റെ ഗവേഷണഗ്രന്ഥത്തിൽ നിരത്തിവയ്ക്കുന്ന തെളിവുകളുടെ ദിങ്മാത്രമായ ഒരു നിരൂപണമാണ് ഈ ലേഖനം. തെളിവുകളിൽ നിന്ന് നിഗമനത്തിലേയ്ക്കല്ല, നിഗമനത്തിൽ നിന്ന് തെളിവുകളിലേയ്ക്കായിരുന്നു അദ്ദേഹത്തിന്റെ യാത്ര. മുൻവിധിയോടുകൂടിയ ഗവേഷണ വസ്തുതകളെ വളച്ചൊടിക്കാനേ പ്രേരിപ്പിക്കൂ."[4] ലീലാതിലകത്തെയും ചില ശാസനങ്ങളെയും ആസ്പദമാക്കി ഡോ.കെ.എം.ജോർജ്ജ് പടുത്തുയർത്തിയ വാദഗതികളെ ഡോ. എൻ.ആർ.ഗോപിനാഥപിള്ള യുക്തിയുക്തം എതിർക്കുന്നു. "ലീലാതിലകത്തെ ആസ്പദമാക്കി പടുത്തുയർത്തിയ ഒന്നാമത്തെ വാദം തന്നെ തെറ്റിപ്പോയിരിക്കെ, തുടർന്നുവരുന്ന പല അഭ്യൂഹങ്ങളും അബദ്ധമായിരിക്കാനിട"[5] എന്ന് അദ്ദേഹം തന്റെ എതിർപ്പ് സൂചിപ്പിക്കുന്നുണ്ട്. ഡോ.ജോർജ്ജിന്റെ ഈ പ്രബന്ധത്തെ എല്ലാ കുറവുകളും തീർന്ന ഒന്നായി പരിഗണിക്കുന്നില്ലെങ്കിലും അത് അനുകരണീയ മാതൃകയായി ചൂണ്ടിക്കാട്ടിയവരുമുണ്ട്. ഡോ.കെ.എം.ജോർജ്ജ് സപ്തതിസ്മരണികയിൽ കെ.രാമചന്ദ്രൻനായർ ഗവേഷകനായ ജോർജ്ജിനെ ഇപ്രകാരം വിലയിരുത്തുന്നു. "ഡോ.ജോർജ്ജിന്റെ നിഗമനം എത്രകണ്ട് അംഗീകാര്യമാണ് എന്ന അന്വേഷണം ഈ ലേഖനത്തിന്റെ പരിധിയിൽപ്പെടുന്ന കാര്യമല്ല. തീർച്ചയായും അഭിപ്രായഭിന്നതകളുണ്ടാവാം. ഇവിടെ സംഗതമായപ്രശ്നം ഒന്നുമാത്രമാണ്. മലയാള ഗവേഷണത്തിന്റെ പ്രാരംഭഘട്ടത്തിൽ രൂപം പൂണ്ട ഈ ഗവേഷണപ്രബന്ധം ഏതു പരിധിവരെ അനുകരണീയമായ ഒരു മാതൃകയായിത്തീർന്നിട്ടുണ്ട്.? പിന്നാലെ വന്ന ഗവേഷകർക്ക് എത്രദൂരം വരെ ഇതു തെളിച്ചു തന്നവഴിത്താരയിലൂടെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും

അക്കാര്യത്തിൽ ജോർജ്ജിന് അഭിമാനിക്കാൻ വഴിയുണ്ടെന്നാണ് എന്റെ പക്ഷം. സങ്കേതബദ്ധമായ ഗവേഷണപ്രക്രിയയുടെ ആദ്യകാലമാതൃകകളിലൊന്നെന്ന നിലയിൽ രാമചരിതവും പ്രാചീന മലയാള പഠനവും അനുകരണയോഗ്യമായ പ്രയോഗരീതികളും ഗവേഷണ വിദ്യാർത്ഥികളുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ടെന്നു വ്യക്തം."[6]

ഇത്തരം അനുകൂലവും പ്രതികൂലവുമായ വിമർശനങ്ങളെ സമചിത്തതയോടെ വീക്ഷിക്കാനും, കാര്യങ്ങൾ ഉൾക്കൊണ്ട് പൂർവധാരകളിൽ തിരുത്തൽ പ്രഖ്യാപിക്കാനും അദ്ദേഹം സന്നദ്ധനാകുന്നുണ്ടെന്നതിന് അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ തെളിവ്.

"എന്റെ ഗവേഷണ പ്രവർത്തനങ്ങളിലൂടെ ചൂണ്ടിക്കാട്ടുന്ന നിഗമനങ്ങൾ അവസാനത്തെ വാക്കായി ഞാൻ ഒരിക്കലും കരുതിയിട്ടില്ല. ഒരു പടികൂടി മുന്നോട്ടു, പോകാൻ സാധിച്ചാൽ ഞാൻ കൃതാർത്ഥനായി."[7] ഈ വിഷയത്തെ സംബന്ധിച്ച് അദ്ദേഹത്തിന് പിന്നീട് ലഭിച്ച ഉൾക്കാഴ്ചകളാകാം തന്റെ നിലപാടിൽ ഉറച്ചു നിൽക്കുന്നില്ല എന്നുപറയാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. സാധാരണ ഗവേഷകർക്കു പലപ്പോഴും കാണാത്ത ഒരു ഗുണമാണിത്. അത് അദ്ദേഹത്തിന്റെ വിനയാന്വിതഭാവം വെളിപ്പെടുത്തുന്നു.

അത്യന്തം ശാസ്ത്രീയമായ ഉപദർശനമാണ് ഡോ.ജോർജ്ജ് ഈ പ്രബന്ധത്തിലൂടെ അവതരിപ്പിച്ചത്. സാഹിത്യ ഗവേഷണമെന്നാൽ പ്രാചീനകൃതികളുടെ കർത്താവിനെയും കാലത്തെയും കുറിച്ചുള്ള അന്വേഷണത്തിൽ കവിഞ്ഞൊന്നുമല്ല എന്ന ധാരണയെയാണ് ഡോ.കെ.എം.ജോർജ്ജ് തന്റെ പ്രബന്ധരചനയിലൂടെ തിരുത്തിയത്. സാഹിത്യം മാത്രമല്ല, ഭാഷയും ഗവേഷണവിഷയം ആക്കാം എന്ന് പൂർവമാതൃകകൾ അധികമൊന്നുമില്ലാതിരുന്ന കാലത്തും അദ്ദേഹം തെളിയിച്ചു. പൂർവ പണ്ഡിതന്മാരുടെ അഭിപ്രായഗതികളും ലീലാതിലകം പോലെയുള്ള ഗ്രന്ഥത്തിലെ സൂചനകളും മറ്റും സസൂക്ഷ്മം പരിശോധിച്ചതിനു ശേഷം വസ്തുതകളെ അടുക്കും ചിട്ടയിലും അവതരിപ്പിക്കുകയായിരുന്നു. ഒരു കൃതിയെ മുൻനിർത്തി ഒരു ഭാഷയുടെ പ്രാചീനത നിശ്ചയിക്കുന്നത് ശരിയല്ല, എന്ന് ഡോക്ടർ കെ എം.ജോർജ്ജിന്റെ

നിലപാട് പിൽക്കാല ഗവേഷകർക്കും പ്രത്യേകിച്ചും ഭാഷയുടെ പ്രാചീനത കണ്ടെത്താൻ നടത്തുന്ന ഗവേഷണങ്ങൾക്ക് വഴികാട്ടി തന്നെയാണ്.

ഗവേഷണപ്രധാനമായ ഒട്ടേറെ ഗ്രന്ഥങ്ങൾ ഡോക്ടർ കെ. എം. ജോർജ്ജിന്റെ ഗവേഷണമണ്ഡലത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്ന മറ്റൊരു വിഭാഗമാണ് അദ്ദേഹത്തിന്റെ ഗവേഷണാഭിമുഖ്യം പ്രത്യേകിച്ചും ഭാഷാഗവേഷണാഭിമുഖ്യം പ്രകടമാക്കുന്ന പ്രബന്ധങ്ങൾ അടങ്ങിയ സമാഹാരങ്ങളാണ് 'വളരുന്ന കൈരളി', 'അവലോകനങ്ങൾ', 'അന്വേഷണങ്ങൾ പഠനങ്ങൾ' എന്നിവ. ഈ സമാഹാരങ്ങളിലെ ചില ലേഖനങ്ങൾ ഗവേഷണമൂല്യം ഉൾക്കൊള്ളുന്നവയാണ്. അതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് "പുരുഷഭേദനിരാസം നിരാസം തന്നെയോ"[8]? എന്ന വളരുന്ന കൈരളിയിലെ ലേഖനമാണ്.

നിലവിലുള്ള മാനവ വിജ്ഞാനത്തിന്റെ സീമയെ വിപുലീകരിക്കുന്ന അറിവു നൽകുന്നതായിരിക്കണം ഗവേഷണം അങ്ങനെ നോക്കുമ്പോൾ ഗവേഷണം എന്താകണം എന്നുള്ളത് അർത്ഥവത്താക്കുന്നതാണ് ആ ലേഖനം. തമിഴ് മലയാളമായി പരിവർത്തനം ചെയ്യുന്നതിനുള്ള കാരണങ്ങളിൽ ഒന്നായി കേരളപാണിനി ചൂണ്ടിക്കാണിച്ച ആറു നയങ്ങളിൽ ഒന്നാണ് പുരുഷഭേദനിരാസം. ഭാഷ സങ്കീർണ്ണതയിൽ നിന്ന് സാരള്യത്തിലേക്കു വികസിക്കുന്നു എന്ന തത്ത്വമാണ് ഇതിന് അടിസ്ഥാനമായിട്ടുള്ളത്. ക്രിയാരൂപം സംബന്ധിച്ച് മലയാള ഭാഷ മറ്റെല്ലാ ദ്രാവിഡഭാഷകളിൽ നിന്നും അത്യന്തം ഭിന്നമായ ഒരു നിലയാണ് കൈക്കൊണ്ടിട്ടുള്ളത്. ലിംഗം, വചനം, പുരുഷൻ ഇവയെക്കുറിക്കുന്ന പ്രത്യയങ്ങൾ ക്രിയകളോടു ചേർത്തു കർത്താവുമായി പൊരുത്തം വരുത്തുന്ന സമ്പ്രദായം മലയാളം ഒഴിച്ചുള്ള എല്ലാ ദ്രാവിഡഭാഷകളിലും കാണുന്നുണ്ട്. മലയാളത്തിൽ ഈ പ്രത്യേകത ഇല്ല. പുരുഷഭേദനിരാസം എന്നു പറഞ്ഞാൽ പുരുഷഭേദത്തെ കുറിക്കുന്ന പ്രത്യയങ്ങളുടെ നിരാസം എന്നർത്ഥമാകും. തമിഴിലെപ്പോലെ മലയാളത്തിലും പണ്ടു പുരുഷപ്രത്യയങ്ങൾ നിലവിലിരുന്നുവെന്നും, അതുക്രമേണ മലയാളം ഉപേക്ഷിച്ചുവെന്നും അങ്ങനെ മലയാളം തമിഴിൽ നിന്ന് വേർപെട്ട് ഒരു സ്വതന്ത്രഭാഷയായിത്തീർന്നുവെന്നുമാണ് രാജരാജവർമ്മയുടെ മതം. ഈ മതത്തെയാണ് ഡോ. ജോർജ്ജ് ഖണ്ഡിക്കുന്നത്.

മലയാളവും തമിഴും തമ്മിൽ വളരെയധികം അടുത്ത ബന്ധമുള്ള ഭാഷകളാണെങ്കിലും മലയാളം തമിഴിന്റെ ഉപഭാഷയാണെന്നു പറയാൻ കഴിയില്ല എന്ന് തന്റെ നിഗമനങ്ങളിലൂടെ യുക്തിയുക്തം ഡോ. കെ. എം. ജോർജ്ജ് സമർത്ഥിച്ചിട്ടുണ്ട്. ദക്ഷിണദ്രാവിഡഭാഷകളിലെ പ്രത്യേകിച്ച് കന്നടം, തമിഴ്, തെലുങ്ക്, മലയാളം എന്നിവയിലെ ക്രിയാരൂപങ്ങൾ താരതമ്യം ചെയ്തതിനുശേഷമാണ് അദ്ദേഹം തന്റെ വാദം ഉറപ്പിക്കുന്നത്. ഭാഷാഗവേഷകനായ ഡോ. കാൾസ്വലിന്റേയും സാഹിത്യചരിത കർത്താവായ ആറ്റൂർകൃഷ്ണപ്പിഷാരടിയുടെയും അഭിപ്രായങ്ങൾ അദ്ദേഹം കണക്കിലെടുക്കുന്നുണ്ട്. അങ്ങനെ എ. ആർ. രാജരാജവർമ്മയുടെയും കാൽഡ്വലിന്റെയും പല ധാരണകളിലും തിരുത്തൽ പ്രഖ്യാപിക്കുന്നതാണ് ഡോ. കെ. എം. ജോർജ്ജിന്റെ നിഗമനങ്ങൾ. ഡോ. ജോർജ്ജ് എഴുതുന്നു "മലയാളത്തിന്റെ വായ്മൊഴിയിൽ പുരുഷവചനാദിപ്രത്യയങ്ങൾക്കു പൂർണ്ണ പ്രസക്തിയുള്ള ഒരു ഘട്ടം ഉണ്ടായിരുന്നതായി വിചാരിക്കുവാൻ യാതൊരു നിവൃത്തിയും കാണുന്നില്ല. അതിനാൽ മൂലകുടുംബത്തിൽ പുരുഷപ്രത്യയങ്ങൾ ചേർക്കുന്ന സമ്പ്രദായം ആരംഭിക്കുന്നതിനുമുമ്പ്, അല്ലെങ്കിൽ സാമാന്യമായി നിരക്കുന്നതിനുമുമ്പ് മലയാളം അവിടെനിന്നു പിരിഞ്ഞുവെന്നും കുറെക്കാലത്തേക്കെങ്കിലും ഗണ്യമായ സമ്പർക്കം കൂടാതെ കഴിഞ്ഞുവെന്നും പദ്യസാഹിത്യത്തിൽ കാണുന്ന പ്രയോഗങ്ങൾ തമിഴ് സാഹിത്യത്തിന്റെ ചുവടുപിടിച്ചുള്ള ഒരു കൃത്രിമതയാണെന്നും വിചാരിക്കുന്നത് സാമാന്യം ഭദ്രമായ ഒരഭിപ്രായമായിരിക്കുമെന്നാണ് ഈ ലേഖകനു തോന്നുന്നത്"[9].

പൂർവമതങ്ങളെ കണ്ണടച്ച് അംഗീകരിക്കാതെ പുന:പരിശോധിക്കാനുള്ള വ്യഗ്രത ഡോ. കെ. എം. ജോർജ്ജിന്റെ പഠനങ്ങളുടെ ഒരു പ്രത്യേകതയാണ്. പുരുഷഭേദനിരാസത്തെക്കുറിച്ചുള്ള അഭിപ്രായഗതിയിലും ഇത്തരം സമീപനം ആണ് അദ്ദേഹം സ്വീകരിക്കുന്നത്. ഒരു ഗവേഷകനുണ്ടായിരിക്കേണ്ട ഗുണവിശേഷത്തെക്കുറിച്ച് ഡോ. എസ്. കെ. നായർ പറയുന്ന അഭിപ്രായം ഈയവസരത്തിൽ ശ്രദ്ധേയമാണ്. "അടിസ്ഥാനമില്ലാത്ത സങ്കല്പങ്ങൾ വെച്ചുപുലർത്തുന്നത് ഒരു ഗവേഷണ പണ്ഡിതനു

യോജിച്ചതല്ല. തന്റെ മുൻഗാമിയുടെ ഒരു പ്രസ്താവനയും ഗാഢമായ പരിചിന്തനത്തിനു ശേഷമല്ലാതെ അംഗീകരിക്കാൻ അയാൾ കൂട്ടാക്കരുത്"[10]. ഇത്തരം ഗവേഷണ നിയമങ്ങളെല്ലാം മാനിച്ചു കൊണ്ടു തന്നെ കേരളപാണിനിയുടെ പുരുഷഭേദനിരാസത്തെ സംബന്ധിച്ച അഭിപ്രായത്തെ ഉദാഹരണങ്ങളിലൂടെ യുക്ത്യനുസരണം ഉടച്ചുവാർത്ത്, പുരുഷഭേദത്തിന്റെ അഭാവമാണെന്ന് സ്ഥാപിക്കുകയാണ് ഡോ. ജോർജ്ജ് തന്റെ പ്രബന്ധത്തിൽ. വിവാദങ്ങളിൽ ഭാഗഭാക്കാകുന്നതിനോട് ഡോ. ജോർജ്ജിനു പൊതുവേ വൈമുഖ്യമായിരുന്നുവെങ്കിലും യുക്തിവാദപടുവായ വിമർശകനെ കണ്ടെത്താൻ ഈ വിവാദത്തിന്റെ വിശകലനം സഹായിക്കുന്നു.

ഡോ. കെ. എം. ജോർജ്ജിന്റെ ഭാഷാപരമായ ഗവേഷണപഠനങ്ങളിൽപ്പെടുത്താവുന്ന ഒരു ലേഖനമാണ് 'മിശ്രഭാഷ' എന്ന തലക്കെട്ടിൽ വളരുന്ന കൈരളിയിൽ ചേർത്തിട്ടുള്ളത്. രണ്ടു ഭാഷകളുടെ സമ്മേളനം നിമിത്തം മൂന്നാമതൊരു വ്യവഹാരഭാഷ ഉണ്ടാവുക എന്നത് ചരിത്രമോ ഭാഷാശാസ്ത്രമോ പിന്താങ്ങുന്ന ഒരഭിപ്രായമല്ലെന്ന് പൂർവ പണ്ഡിതന്മാരായ ആറ്റൂർ കൃഷ്ണപ്പിഷാരടിയുടെയും ശങ്കരൻ നമ്പ്യാരുടെയും സിദ്ധാന്തങ്ങളെ ചൂണ്ടിക്കാട്ടി അദ്ദേഹം സമർത്ഥിക്കുന്നു. മലയാളഭാഷയുടെ ഉത്പത്തി തന്നെ ഒരു മിശ്രഭാഷയിൽ നിന്നാണെന്ന, അതായത് തമിഴിന്റെയും സംസ്കൃതത്തിന്റെയും കലർപ്പിൽ നിന്നാണെന്ന ഇളംകുളത്തിന്റെ അഭിപ്രായത്തെ ഇവിടെ അദ്ദേഹം ഖണ്ഡിക്കുന്നു.

ഭൂമിശാസ്ത്രപരിത:സ്ഥിതികൾകൊണ്ട് ഒരു ജനത വേറിട്ടുവസിക്കേണ്ടി വരുമ്പോഴാണ് ഭാഷാഭേദങ്ങൾ വർദ്ധിച്ചുവരുന്നതെന്നും അങ്ങനെ പൂർവദ്രാവിഡകുടുംബത്തിൽ നിന്നും അനേകം വർഷങ്ങൾ മാറിത്താമസിച്ചതിന്റെ ഫലമായി പുതിയ രൂപം പൂണ്ട ഭാഷയാണ് മലയാളം എന്നും അദ്ദേഹം സ്ഥാപിക്കുന്നു. ദ്രാവിഡഭാഷകളിലെല്ലാം തന്നെ സംസ്കൃതപ്രകൃതികൾ കലർന്നിട്ടുണ്ടെന്നും എന്നാൽ അവയുടെ സാമാന്യവ്യവഹാരത്തിൽ ഒരിക്കലും സംസ്കൃതവ്യാകരണം കലർന്നതായി തെളിവില്ലെന്നും ചൂണ്ടിക്കാട്ടുന്നു. അങ്ങനെ നോക്കുമ്പോൾ ഒരു കാലത്ത് ഏറ്റവും കൃത്രിമമായ ചില ഭാഷാമിശ്രങ്ങൾ സാഹിത്യത്തിൽ ആവിർഭവിച്ചിരിക്കാം പക്ഷേ, ഇത്തരം

മിശ്രഭാഷകളെ തമിഴ്, മലയാളമായി പരിവർത്തനം ചെയ്തുവന്ന ഘട്ടത്തിലെ സാമാന്യവ്യവാഹാര ഭാഷയുടെ മാതൃകകളായി ഗണിക്കുന്നത് ഭാഷാശാസ്ത്രതത്ത്വങ്ങൾക്ക് വിരുദ്ധമാണെന്ന അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം തന്റെ വാദം ഉറപ്പിക്കുന്നത്.

## ഭാഷാപരവും സാഹിത്യപരവുമായ ഗവേഷണങ്ങൾ

മലയാളഭാഷയിലെ പാശ്ചാത്യസ്വാധീനം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഡോ. കെ. എം. ജോർജ്ജ് എഴുതിയ ഒരു ഇംഗ്ലീഷ് കൃതിയാണ് ഗവേഷണമൂല്യമുൾക്കൊള്ളുന്നതായി അടുത്തതായി പരിഗണനാർഹമാകുന്നത്. 'പാശ്ചാത്യസ്വാധീനം മലയാളഭാഷയിലും സാഹിത്യത്തിലും' (The Western Influence on Malayalam Language and Literature) എന്ന ഈ കൃതിയിൽ പാശ്ചാത്യസ്വാധീനം മൂലം മലയാള സാഹിത്യത്തിലുണ്ടായ പരിവർത്തനങ്ങൾ വിശകലനം ചെയ്യുകയാണ്.

താരതമ്യസാഹിത്യത്തിന്റെ ഒരു വിഭാഗമാണ് സ്വാധീനതാപഠനം. വളരെപ്പണ്ടു മുതലേ തന്നെ വിവിധ വിദേശീയ ഭാഷകളും സംസ്കാരങ്ങളുമായി ഇടപഴകി കഴിയാനുള്ള അവസരം കേരളത്തിനുണ്ടായിരുന്നു. അതിന്റെ ഫലമായി അവരുടെ ഭാഷയും സാഹിത്യവും മലയാളഭാഷയിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിവിധ പാശ്ചാത്യരാജ്യങ്ങളുമായുള്ള ഇടപെടലുകളിലൂടെ മലയാളഭാഷയിലും സാഹിത്യത്തിലുമുണ്ടായ മാറ്റങ്ങളെ കൃത്യമായി വിലയിരുത്തുകയാണ് ഡോ. കെ. എം. ജോർജ്ജ്. ബ്രിട്ടീഷുകാർ ഇവിടെ വന്നതോടുകൂടി ഇംഗ്ലീഷ് സാഹിത്യം കേരളത്തെ ശക്തിയുക്തം സ്വാധീനിച്ചു തുടങ്ങി. മലയാളസാഹിത്യത്തിലെ നോവൽ, ചെറുകഥ, തുടങ്ങിയ പല സാഹിത്യശാഖകളും ഇംഗ്ലീഷിനെ അനുകരിച്ചുണ്ടായവയാണ്.

ഹവായിലുള്ള ഈസ്റ്റ് വെസ്റ്റ് സെന്ററിൽ ഒരു സീനിയർ സ്പെഷ്യലിസ്റ്റായി സേവനം അനുഷ്ഠിച്ച കാലയളവിലാണ് ഡോ. കെ. എം. ജോർജ്ജ് ഈ കൃതി രചിച്ചത്. ആത്മകഥയിൽ ഇക്കാര്യം ഡോ. ജോർജ്ജ് സ്മരിക്കുന്നുണ്ട്. "ആയിരത്തിത്തൊള്ളായിരത്തിഅറുപത്തിഏഴിൽ മലയാളസാഹിത്യത്തിൽ

പാശ്ചാത്യസ്വാധീനം എന്ന വിഷയത്തെക്കുറിച്ചു ഗവേഷണം ആരംഭിച്ചു. കൽക്കട്ട യിലെ നാഷണൽ ലൈബ്രറി ഉൾപ്പടെ ഇന്ത്യയിലെ ചില പ്രധാനപ്പെട്ട ലൈബ്രറികൾ സന്ദർശിച്ചു രേഖകൾ ശേഖരിച്ചു. ഒരു പ്രശ്നാവലി തയ്യാറാക്കി സാഹിത്യകാരന്മാർക്കു അയച്ചു കൊടുത്തു. അവരുടെ മറുപടി വന്നുകൊണ്ടിരിക്കുമ്പോഴാണ്, പത്തുമാസ ത്തേക്കു സീനിയർ സ്പെഷ്യലിസ്റ്റായി ഹവായിദ്വീപിലെ ഈസ്റ്റ് വെസ്റ്റ് സെന്റർ എന്ന സ്ഥാപനത്തിൽ ഗവേഷണം നടത്തുവാനുള്ള ക്ഷണം ലഭിച്ചത്"[11]. കേന്ദ്രസാഹിത്യ അക്കാ ദമിയുടെ അന്നത്തെ വൈസ്പ്രസിഡന്റായിരുന്ന ശ്രീനിവാസഅയ്യങ്കാറുടെ അവ താരികയോടുകൂടി അക്കാദമി അത് പ്രസിദ്ധീകരിച്ചു. ഈ കൃതിയുടെ ആനു കാലികപ്രസക്തിയും പ്രാധാന്യവും ഡോ. പി. കെ. രാജൻ ഊന്നിപ്പറയുന്നുണ്ട്. "പോസ്റ്റ് കൊളോണിയലിസ്റ്റ് വീക്ഷണത്തിന്റെ ആശയപരവും പ്രത്യയശാസ്ത്രപരവു മായ ഉൾക്കാഴ്ച ഈ ഗ്രന്ഥത്തിന്റെ പരിധിയിൽ വരുന്നില്ല. പക്ഷേ അത്തരം പഠന ങ്ങൾക്ക് വഴിതെളിക്കുന്നതും സഹായകവുമായ പ്രൗഢമായ ഒരു കൃതിയാണിത്. ഇതു പോലൊരു ഗ്രന്ഥം രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ കേരളത്തിലുണ്ടായി എന്നത് നമുക്കു തികച്ചും അഭിമാനകരമായ കാര്യം ആണ്"[12]

ഓരോ ഘട്ടത്തിലും പാശ്ചാത്യഭാഷയുടെ സ്വാധീനം മലയാളസാഹി ത്യത്തിൽ എത്രത്തോളമായിരുന്നു എന്ന കണ്ടെത്തലാണ് ഈ കൃതിയെ ഗവേഷണ മൂല്യമുള്ളതാക്കിത്തീർക്കുന്നത്. ഈ പ്രത്യേകത തന്നെയാണ് ഈ കൃതിയുടെ രചനാ സംവിധാനത്തിലുള്ള ഏറ്റവും വലിയ മേന്മ. ഈ കൃതിയുടെ മേന്മയെക്കുറിച്ച് ഡോ. സുകുമാർ അഴീക്കോട് വിലയിരുത്തിയിട്ടുണ്ട്. മലയാള സാഹിത്യവിമർശനം എന്ന കൃതി യിൽ ഡോ. സുകുമാർ അഴീക്കോട് ഇപ്രകാരം പറയുന്നു. "വളരെയടുത്ത കാലത്ത് ഡോ. കെ. എം. ജോർജ്ജ് ,നമ്മുടെ സാഹിത്യത്തിൽ വിസ്മൃതമായിക്കിടന്ന വൈദേ ശിക പ്രഭാവത്തിന്റെ പ്രാധാന്യം നല്ലപോലെ ധരിച്ചുകൊണ്ട്, മലയാളസാഹിത്യത്തിലെ പാശ്ചാത്യപ്രചോദനം എന്ന വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥ ത്തിൽ, വിഷയത്തിന്റെ വൈപുല്യം നിമിത്തമാകാം പഴയകാലത്തെ പതിവു ഖണ്ഡി കയ്ക്കു പകരം സാഹിത്യവിമർശനത്തിന് ബഹുമുഖമായ ഒരദ്ധ്യായം തന്നെ കിട്ടിയി

രിക്കുന്നു"[13]. ഒരു സാഹിത്യത്തിന്റെ മേൽ മറ്റൊന്നു ചെലുത്തുന്ന പ്രേരകശക്തിയെക്കുറിച്ചുള്ള ഗവേഷണം പല മട്ടിൽ വഴിതെറ്റിപ്പോകാവുന്നതാണെന്ന് അദ്ദേഹം സൂചിപ്പിക്കുന്നുണ്ട് എന്നാൽ പാശ്ചാത്യസ്വാധീനതയെപ്പറ്റി കഴിയുന്നത്ര വസ്തുനിഷ്ഠമായി കിട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഒരു ശാസ്ത്രീയവിവരണമാണ് ഡോ. ജോർജ്ജ് നൽകുന്നത് മലയാളസാഹിത്യത്തിലെ പാശ്ചാത്യസ്വാധീനത്തെക്കുറിച്ചുള്ളതാണ് വിഷയമെങ്കിലും മറ്റു ഭാരതീയഭാഷകളിലെ സാഹിത്യങ്ങളിലെ സ്വാധീനതകളെക്കുറിച്ചും ഇതിലെ പരാമർശങ്ങളിൽ നിന്ന് ഏറെക്കുറെ മനസ്സിലാക്കാം. അതുകൊണ്ട് ഇതര ഭാരതീയഭാഷകളിലെ പാശ്ചാത്യ സ്വാധീനത്തെക്കുറിച്ചുള്ള പഠനത്തിന് ഈ കൃതി വഴികാട്ടിയാണ്. സ്വാധീനതയെക്കുറിച്ചു ചർച്ച ചെയ്യുമ്പോഴും പ്രസ്ഥാനങ്ങൾ താരതമ്യം ചെയ്യുമ്പോഴും ഡോ. കെ. എം. ജോർജ്ജ് സ്വീകരിച്ചിരിക്കുന്ന സമീപനരീതിയാണ് അതിനു കാരണം.

ഈ കൃതി നാലുഭാഗങ്ങളായാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഒന്നാം ഭാഗം ഭാഷാസ്വാധീനത്തെക്കുറിച്ചുള്ളതാണ്. സാഹിത്യത്തിലുള്ള സ്വാധീനത്തെക്കുറിച്ച് രണ്ടാം ഭാഗത്തിൽ വിവരിക്കുന്നു. സാഹിത്യസ്വാധീനത്തെക്കുറിച്ചുള്ള കാലാനുക്രമവിവരണമാണ്. സാഹിത്യരൂപങ്ങളെ അടിസ്ഥാനമാക്കി സാഹിത്യത്തിലുള്ള സ്വാധീനത്തെ വിലയിരുത്തുന്നതാണ് മൂന്നാം ഭാഗം. സാംസ്കാരിക രംഗത്തെ (cultural aspects) സ്വാധീനത്തെയാണ് നാലാം ഭാഗത്തിൽ വിവരിക്കുന്നത്. ഭാഷാപരമായ സ്വാധീനത്തെക്കുറിച്ചു വിവരിക്കുന്ന ഒന്നാം അദ്ധ്യായത്തിൽ വ്യാകരണകാര്യങ്ങളെ സംബന്ധിച്ച പരോക്ഷസ്വാധീനം മുതൽ പദശൈലി സ്വീകാരത്തിലുള്ള പ്രത്യക്ഷസ്വാധീനം വരെ ചർച്ചചെയ്യുന്നുണ്ട്. പോർച്ചുഗീസ്, ഫ്രഞ്ചു, ഡച്ച്, ഇംഗ്ലീഷ്, ഭാഷകളിൽ നിന്ന് മലയാളം കടം കൊണ്ടിട്ടുള്ള പദങ്ങളുടെ പട്ടികയും നിരത്തുന്നുണ്ട്. ശൈലീവിഷയത്തിൽപ്പോലും മലയാളം ഇംഗ്ലീഷിൽ നിന്ന് കടം കൊണ്ടിട്ടുള്ളതിന് ഉദാഹരണങ്ങൾ ചൂണ്ടിക്കുന്നുണ്ട്. മൃഗഭൂരിപക്ഷം (Brute majority), വായുവിൽ കൊട്ടാരം നിർമ്മിക്കുക (Build castles in the air), ചായക്കോപ്പയിലെ കൊടുങ്കാറ്റ് (Storm in the tea cup), വിലക്കപ്പെട്ട കനി (Forbidden fruit), തൊപ്പിയിലെ തൂവൽ (Feather in the cap)

തുടങ്ങിയ ഉദാഹരണങ്ങൾ. "പാശ്ചാത്യസ്വാധീനം-മലയാളസാഹിത്യത്തിൽ"[14] എന്ന ലേഖനത്തിലും വിവരിക്കുന്നുണ്ട്. ശൈലീസമ്പ്രദായങ്ങളുടെ അനുകരണമായി ഉണ്ടായിട്ടുള്ള ഭാഷാശൈലീവിശേഷങ്ങൾ രണ്ടാം അദ്ധ്യായത്തിലും ഒടുവിലത്തെ രണ്ട് അനുബന്ധങ്ങളിലുമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഭാഷാപഠനത്തിന് സഹായകമായ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള സമഗ്രമായ വിലയിരുത്തലാണ് മൂന്നാമദ്ധ്യായം. വ്യാവസായികാഭിവൃദ്ധികൊണ്ട് പാശ്ചാത്യദേശങ്ങൾക്കു കൈവന്ന പുരോഗതിയും പരിഷ്കാരവും ഒരു ചെറിയ അളവിലെങ്കിലും നമ്മുടെ നാട്ടിൽ അവതരിപ്പിക്കുന്നതിന് മിഷണറിമാർ സഹായിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു പരിഷ്കാരധാരയായ പത്രപ്രവർത്തനരംഗത്തെക്കുറിച്ച് സാമാന്യം വിശദമായ വിവരണമാണ് ഡോ. കെ. എം. ജോർജ്ജ് നൽകുന്നത്.

നമ്മുടെ പത്രപ്രവർത്തനചരിത്രത്തിന് ആരംഭം കുറിച്ച രാജ്യസമാചാരം, പശ്ചിമോദയം, ജ്ഞാനനിക്ഷേപം തുടങ്ങിയ ആനുകാലികങ്ങളെക്കുറിച്ച് വിവരിച്ചതിനുശേഷം അതിനു ചുക്കാൻ പിടിച്ച ഹെർമൻ ഗുണ്ടർട്ടിന്റെയും ബഞ്ചമിൻ ബയിലിയുടെയും പ്രവർത്തനങ്ങളെക്കുറിച്ച് സൂക്ഷ്മവും എന്നാൽ വിശദവുമായ വിവരണങ്ങൾ നൽകുന്നുണ്ട്.

പത്രപ്രവർത്തനരംഗം വൈജ്ഞാനിക വികാസത്തിന്റെ ഒരു അളവുകോലായി പരിഗണിക്കാമെങ്കിൽ അതിന് വഴി തെളിച്ചത് പാശ്ചാത്യസ്വാധീനം തന്നെയാണ്. അച്ചടി പ്രചാരത്തിൽ വന്ന് വായനക്കാരുടെ അഭിരുചികളെ തൃപ്തിപ്പെടുത്തുമാറ് നോവൽ, ചെറുകഥ, നാടകം, നിരൂപണം, ജീവചരിത്രം എന്നീ സാഹിത്യരൂപങ്ങൾ വമ്പിച്ച ജനസമ്മതി നേടി. അങ്ങനെ ആംഗലസാഹിത്യവുമായുള്ള നിരന്തര സമ്പർക്കവും അതിന്റെ സ്വാധീനതയും മലയാളസാഹിത്യത്തെ നിയന്ത്രിക്കാൻ തുടങ്ങി.

ഇംഗ്ലീഷുമായുള്ള മലയാളസാഹിത്യത്തിന്റെ ബന്ധം ആ ഭാഷയുമായോ അതിലെ സാഹിത്യവുമായോ മാത്രമുള്ളതല്ല; മറിച്ച് ആ ഭാഷ വഴി, മലയാളമൊഴിച്ചുള്ള മറ്റു സാഹിത്യങ്ങളുമായുള്ള ബന്ധത്തിന്റെ കഥയാണത്. ഇംഗ്ലീഷുസാഹിത്യവുമായുള്ള ബന്ധം മാത്രം നോക്കുകയാണെങ്കിൽ ചില സാഹിത്യമാതൃകകളൊക്കെ

കിട്ടി എന്നതു വാസ്തവമാണെങ്കിലും മറ്റെല്ലാം ആംഗലേതരസാഹിത്യത്തിൽ നിന്ന് ആംഗലമാർഗ്ഗേണ കിട്ടിയതാണ്. വിശ്വസാഹിത്യകൃതികളുമായി മലയാളിക്കു പരിചയപ്പെടാൻ കഴിഞ്ഞത് ഇംഗ്ലീഷ് പരിഭാഷകളിലൂടെയാണ്. അപ്പോൾ ഇംഗ്ലീഷ് ഭാഷ ലക്ഷ്യമെന്നതിലുപരി മാർഗ്ഗം കൂടിയാണ്.

ആധുനിക ശാസ്ത്രവിഷയങ്ങൾ നമ്മുടെ നാട്ടിൽ ആദ്യമായി വിദ്യാഭ്യാസരംഗത്ത് അവതരിക്കപ്പെടുന്നത് ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നു. ആ ഭാഷ തന്നെയായിരുന്നു ഭാരതമൊട്ടാകെ ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ ഉപയോഗിച്ചിരുന്നത്. വൈജ്ഞാനികസാഹിത്യത്തിന്റെ ഉപവിഭാഗത്തിൽപ്പെടുന്ന വ്യാകരണവും നിഘണ്ടുകളും മലയാളഭാഷയിൽ കടന്നു വന്നത് പാശ്ചാത്യ സ്വാധീനം കൊണ്ടാണ്.

സഹായകഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ പാശ്ചാത്യമിഷണറിമാരുടെ അത്തരം ശ്രമങ്ങളെയാണ് ആദ്യം വിവരിക്കുന്നത്. ഹെർമൻ ഗുണ്ടർട്ട്, കാൾഡ്വൽ തുടങ്ങിയ വിദേശപണ്ഡിതന്മാരുടെ ഭാഷാപോഷണപരിശ്രമങ്ങൾ മലയാളഭാഷയുടെ വികാസത്തിന് എത്രമാത്രം സഹായകമായി എന്നു മനസ്സിലാക്കാൻ ഈ അദ്ധ്യായത്തിൽ നിന്നു കഴിയും. തുടർന്ന് സ്വദേശികളായ നിഘണ്ടുകാരന്മാരുടെ വിവരണമാണ് നൽകുന്നത്. പാശ്ചാത്യമിഷണറിമാരുടെ പ്രവർത്തനങ്ങളാണ് സ്വദേശികളായ പണ്ഡിതന്മാർക്ക് ഉണർവേകിയതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. ഗുണ്ടർട്ടിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം വിലയിരുത്തുന്നതു നോക്കുക. "മലയാളത്തിലെ പ്രധാനകൃതികളെക്കുറിച്ചും മറ്റുരേഖകളെക്കുറിച്ചും മാത്രമല്ല ഗുണ്ടർട്ട് പഠനം നടത്തിയത്, ജീവിതത്തിന്റെ നാനാതുറകളിലുള്ള ആൾക്കാരുടെ ദൈനംദിനവ്യവഹാരത്തിൽ നിന്ന് വാക്കുകളും ശൈലികളും ശേഖരിച്ചു. കൂടാതെ വാക്കുകളുടെ മൂലധാതുക്കളെ താരതമ്യം ചെയ്യുന്നതിനും അതുപോലെ തന്നെ സാധ്യമായിടത്തെല്ലാം നിരുക്തിപരമായ സൂചനകൾ നൽകുന്നതിനും കഠിനശ്രമം നടത്തി"[15].

ഭാഷയിൽ ഉറച്ച അവഗാഹം ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പല വിവരങ്ങളും നൽകുന്നതാണ് ഗുണ്ടർട്ടിന്റെ നിഘണ്ടു എന്ന് മേൽവിവരണത്തിൽ നിന്നും ഗ്രഹിക്കാൻ കഴിയും. ഓരോ പദത്തിന്റെയും മൂലധാതു ചൂണ്ടിക്കാണിച്ച്

അതിന്റെ നിഷ്പത്തിയും അർത്ഥവും വ്യക്തമാക്കുന്നുവെന്നതാണ് ഗുണ്ടർട്ടിന്റെ നിഘണ്ടുവിന്റെ സവിശേഷതയായി ഡോ. കെ. എം. ജോർജ്ജ് എടുത്തുകാട്ടുന്നത്. ഗുണ്ടർട്ടിന്റെ വ്യാകരണഗ്രന്ഥത്തിന്റെ മേന്മ അടുത്തതായി വിലയിരുത്തുന്നു. "ഗുണ്ടർട്ടിന്റെ വ്യാകരണഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഉണ്ടായിട്ടുള്ള എല്ലാ വ്യാകരണഗ്രന്ഥങ്ങളും പാശ്ചാത്യരെ ഉദ്ദേശിച്ചിട്ടുള്ളതാണ്. മിക്ക മിഷനറിമാരും ഭരണകർത്താക്കളും മലയാള ഭാഷ സ്വായത്തമാക്കിയതു ഇവയുടെ സഹായത്തോടുകൂടിയാണ്. പക്ഷേ പാശ്ചാത്യരെയും സ്വദേശീയരെയും ഒരു പോലെ ആകർഷിക്കുകയും അവരുടെ അംഗീകാരം നേടിയെടുക്കുകയും ചെയ്ത ഒരേ ഒരു വ്യാകരണ ഗ്രന്ഥം റവ. ഡോ. എച്ച്. ഗുണ്ടർട്ടിന്റേതാണ്. മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള പണ്ഡിതോചിതമായ രചനകളിൽ ഒന്നാണ് ഗുണ്ടർട്ടിന്റെ 'മലയാളഭാഷാ വ്യാകരണം'. അഞ്ഞൂറ്റിനാൽപ്പത്തി അഞ്ച് വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗം പ്രസിദ്ധീകരിച്ചത് ആയിരത്തി എണ്ണൂറ്റിഅമ്പത്തിഒന്നിലാണ്. ഈ കൃതി പൂർണ്ണമായും പുറത്തുവന്നത് ആയിരത്തി എണ്ണൂറ്റിഅറുപത്തിയെട്ടിലും. ഇതിന്റെ പൂർത്തീകരണത്തിന് അദ്ദേഹത്തെ സഹായിച്ചത് ഇ. ഡയസും (E. Diez) റവ. എൽ. ഗാർത്തവെയ്റ്റും (Rev. L. Garth Waite) ആകുന്നു. ഈ കൃതിയുടെ കടന്നുവരവോടെ മുൻകാലകൃതികളെല്ലാം അപ്രധാനമായി ഗണിക്കപ്പെട്ടു. അതുപോലെതന്നെ സ്വദേശീയരായ പണ്ഡിതന്മാരുടെ കൃതികൾ പോലും ഇതിനോടു കിടപിടിക്കാൻ പോന്നതായിരുന്നില്ല. കാരണം ഗുണ്ടർട്ടിന്റെ വ്യാകരണം വളരെ ശാസ്ത്രീയമായി അപഗ്രഥിച്ചതായിരുന്നു"[16].

ഡോ. കെ. എം. ജോർജ്ജിന്റെ സൂക്ഷ്മനിരീക്ഷണ പാടവം പ്രകടമാക്കുന്നതാണ് ഗുണ്ടർട്ടിനെക്കുറിച്ച് മേൽ കൊടുത്തിരിക്കുന്ന വിവരണം. ഗുണ്ടർട്ടിന്റെ ഭാഷാപരിപോഷണയത്നങ്ങളെ വളരെ സംക്ഷിപ്തമായി എന്നാൽ വിശദാംശങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് വിവരിക്കുകയാണ്. വിദേശികളായ മിഷണറിമാരുടെ പ്രവർത്തനങ്ങൾ ഭാഷാവികാസത്തിന് എത്രത്തോളം സഹായകമായി എന്ന് ഇത് ബോധ്യപ്പെടുത്തുന്നു.

റോബർട്ട് കാൾസ്വലിന്റെ ദക്ഷിണഭാരതദ്രാവിഡ ഭാഷകളുടെ

താരതമ്യാത്മക 'വ്യാകരണ (Comparative Grammar of the Dravidians or South Indian Family of Languages) ത്തെ'ക്കുറിച്ചുള്ള സംക്ഷിപ്തവിവരണവും ഈ കൃതി യിൽ ഉണ്ട്. തുടർന്നു വ്യാകരണഗ്രന്ഥങ്ങളുടെ വിവരണമാണ് നൽകിയിരിക്കുന്നത്. റവ. ജോർജ്ജുമാത്തൻ, കോവുണ്ണി നെടുങ്ങാടി, കേരളപാണിനി തുടങ്ങിയവരുടെ വ്യാകരണഗ്രന്ഥങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം നൽകിയിരിക്കുന്നു.

ചുരുക്കത്തിൽ പാശ്ചാത്യഗവേഷകരാണ്, ദക്ഷിണേന്ത്യൻ ഭാഷകളെ ആധുനികരീതിയിൽ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിന് സഹായകമായ സംഭാവ നകൾ ധാരാളമായി നൽകിയിരിക്കുന്നതെന്ന് സൂചിപ്പിച്ചു കൊണ്ട് മൂന്നാമദ്ധ്യായം അവ സാനിപ്പിക്കുന്നു. ഭാഷാരംഗത്തുള്ള പാശ്ചാത്യസ്വാധീനം വിവരിച്ചതിനുശേഷം സാഹി ത്യരംഗത്തെ സ്വാധീനത്തെക്കുറിച്ച് കാലാനുക്രമമായ (chronological) നിരീക്ഷണം നടത്തുന്നു. സൗകര്യത്തിനുവേണ്ടി മൂന്നു ഘട്ടങ്ങളായി തിരിച്ചാണ് സ്വാധീനതാപഠനം നിർവ്വഹിച്ചിരിക്കുന്നത്. അതിൽ ഒന്നാംഘട്ടം എ.ഡി. ആയിരത്തി എണ്ണൂറ്റിനാല്പതിനു മുമ്പുള്ളതാണ്. ആയിരത്തി എണ്ണൂറ്റിനാല്പതിനും എൺപതിനും ഇടയ്ക്കുള്ളത് രണ്ടാംഘട്ടം. മൂന്നാംഘട്ടം ആയിരത്തി എണ്ണൂറ്റി എൺപതിനുശേഷവും. ആയിരത്തി എണ്ണൂറ്റിനാല്പതുവരെയുള്ള കാലയളവിൽ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തന ങ്ങളാണ് സ്വാധീനതയുടെ മുഖ്യധാര. അർണോസ് പാതിരി പൗലിനോസ് പാതിരി തുടങ്ങിയവരുടെ പ്രവർത്തനങ്ങളെയാണ് ആദ്യഭാഗത്ത് വിലയിരുത്തുന്നത്.

രണ്ടാംഘട്ടത്തിൽ ( 1840 - 1880 ) സ്വദേശികളായ എഴുത്തുകാരെ പരി ചയപ്പെടുത്തുന്നു. റവ. ജോർജ്ജുമാത്തൻ, അയ്മനം പി.ജോൺ, ഉമ്മൻഫിലിപ്പോസ്, ആർച്ചുഡീക്കൻ കോശി, നിധീരിക്കൽ മാണിക്കത്തനാർ തുടങ്ങിയവരാണ് അവരിൽ പ്രമുഖർ. പാശ്ചാത്യസ്വാധീനം വ്യാപകമായിത്തുടങ്ങുന്ന ഘട്ടമാണിത്. ഇംഗ്ലീഷ് സ്വാധീ നത്തിന്റെ ഫലമായി മലയാള ഗദ്യസാഹിത്യത്തിന് കേരളവർമ്മ വലിയകോയിത്തമ്പു രാന്റെ നേതൃത്വത്തിൽ നടന്ന പരിശ്രമങ്ങളെ വിലയിരുത്തി രണ്ടാംഘട്ടം അവസാനിപ്പിക്കുന്നു.

എ.ഡി. ആയിരത്തി എണ്ണൂറ്റിഎൺപതിനുശേഷമാണ് മൂന്നാംഘട്ടം ആരം

ഭിക്കുന്നത്. ഈ ഘട്ടത്തിലാണ് പാശ്ചാത്യസ്വാധീനത്തിന്റെ ഫലമായി മലയാളഭാഷയിലും സാഹിത്യത്തിലും നവോത്ഥാനം പ്രത്യക്ഷപ്പെടുന്നത്. ഈ നവോത്ഥാനഘട്ടത്തെ മൂന്നു പ്രത്യേകഘട്ടങ്ങളായി വിഭജിച്ചതിനുശേഷം ഓരോ ഘട്ടങ്ങളിലും ഉണ്ടായ സ്വാധീനതയെ അവതരിപ്പിക്കുന്നു അതിൽ ആദ്യഘട്ടം ആയിരത്തി എണ്ണൂറ്റി എൺപതുമുതൽ ആയിരത്തിത്തൊള്ളായിരത്തി മുപ്പതുവരെയാണ് [ phase - I - Period of Renaissance - 1880 - 1930 ( Neo classicism and Romanticism)] നിയോക്ലാസ്സിസത്തിന്റെയും കാല്പനികതയുടേതുമായ ഈ ആദ്യഘട്ടത്തിന്റെ പ്രതിനിധികളായി പ്രത്യക്ഷപ്പെടുന്നത് ചന്തുമേനോൻ, സി.വി രാമൻപിള്ള, എ.ആർ രാജരാജവർമ്മ, കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ തുടങ്ങിയവരാണ്. ആയിരത്തിത്തൊള്ളായിരത്തി മുപ്പതുമുതൽ നാല്പത്തിയേഴുവരെയുള്ള കാലം സോഷ്യലിസ്റ്റു റിയലിസത്തിന്റെ ഘട്ടമായാണ് കണക്കാക്കുന്നത്. ആ കാലഘട്ടത്തിന്റെ പ്രതിനിധികളായി എ.ബാലകൃഷ്ണപിള്ള, പി.കേശവദേവ്, തകഴി, പൊൻകുന്നം വർക്കി, ജോസഫ് മുണ്ടശ്ശേരി, എം.പി.പോൾ, ചങ്ങമ്പുഴ, പി.ഭാസ്കരൻ, വയലാർ രാമവർമ്മ തുടങ്ങിയവരെയാണ് ഡോ.ജോർജ്ജ് അണിനിരത്തുന്നത്. മൂന്നാമത്തെഘട്ടമായ സ്വതന്ത്രഘട്ട ( The Free Age After 1947 ) ത്തിലാണ് പാശ്ചാത്യസ്വാധീനം വളരെ വിപുലപ്പെടുന്നത്. പ്രത്യക്ഷമായും പരോക്ഷമായും പാശ്ചാത്യസ്വാധീനം കണ്ടുതുടങ്ങിയ കാലയളവായിരുന്നു അത്. ആയിരത്തിത്തൊള്ളായിരത്തി നാല്പത്തി എട്ടിനും അറുപത്തി ആറിനും ഇടയ്ക്ക് മലയാളത്തിലുണ്ടായ വിവർത്തനകൃതികളുടെ എണ്ണം വിവരിച്ചാണ് ഡോ.കെ.എം.ജോർജ്ജ് തന്റെ നിഗമനം ഉറപ്പിക്കുന്നത്. അതിന് ഒരു പട്ടികയും അദ്ദേഹം നിരത്തുന്നു.

" മലയാളത്തിലെ പാശ്ചാത്യകൃതികളുടെ എണ്ണം

| കാലഘട്ടം | വിവർത്തനം | അനുവാദനം |
|---|---|---|
| 1880 - 1900 | 4 | 5 |
| 1901 -1930 | 21 | 9 |
| 1931 - 1947 | 33 | 7 |
| 1948 - 1966 | 444 | 23 "[17] |

സ്വതന്ത്രകാലഘട്ടത്തെ വിലയിരുത്തുന്നതിന് ഈ പട്ടിക ഉപകരിക്കും

സാഹിത്യത്തിലുണ്ടായ പാശ്ചാത്യസ്വാധീനതയെ വിശദമാക്കുന്ന മൂന്നാംഭാഗം താരതമ്യേന ദീർഘമാണ്. പ്രസ്ഥാനാധിഷ്ഠിതമായ വിലയിരുത്തലാണ്

ഇവിടെ അദ്ദേഹം നിർവഹിക്കുന്നത്. ചിലപ്രസ്ഥാനങ്ങളുടെ ആരംഭം തന്നെ പാശ്ചാത്യ സ്വാധീനം മൂലമാണെന്നും പദ്യത്തിനേക്കാൾ ഗദ്യത്തിലാണ് അത് കൂടുതലായി കാണുന്നതെന്നും അദ്ദേഹം വ്യക്തമാക്കുന്നു. പലസാഹിത്യമേഖലകളിലും ഉണ്ടായ പാശ്ചാത്യസ്വാധീനത്തെയാണ് ഇവിടെ കണ്ടെത്തുന്നത്. വിമർശനസാഹിത്യം, മറ്റു ഗദ്യവിഭാഗങ്ങളായ ഉപന്യാസസാഹിത്യം, ഭാഷാശാസ്ത്രം, ജീവചരിത്രം, ആത്മകഥ, യാത്രാവിവരണം തുടങ്ങിയ മേഖലകളിലെല്ലാം ഉണ്ടായ സ്വാധീനത ഇവിടെ പഠനവിധേയമാക്കുന്നു.

സാംസ്കാരിക മേഖലയിലുണ്ടായിട്ടുള്ള പാശ്ചാത്യസ്വാധീനം അവലോകനം ചെയ്യുന്നതാണ് നാലാംഭാഗം. ബ്രിട്ടീഷ് ഭരണത്തിന്റെ ശക്തമായ സ്വാധീനത്തിന്റെയും ഇംഗ്ലീഷിനു പ്രമുഖസ്ഥാനം കല്പിച്ചുകൊണ്ടു ആവിഷ്കരിക്കപ്പെട്ട വിദ്യാഭ്യാസപദ്ധതിയുടെയും ഫലമായി ഭാരതീയരുടെ സാഹിത്യത്തിൽ മാത്രമല്ല, ജീവിതത്തിലും മഹത്തായ ഒരു നവോത്ഥാന പ്രക്രിയയ്ക്കു കാരണമായി. കാലക്രമേണ അതു ഭാരതീയ ജീവിതത്തിന്റെ പലവശങ്ങളിലും പ്രകടമായി. പാശ്ചാത്യസ്വാധീനത്തിന്റെ മുദ്രകൾ മറ്റു ഭാഷാസാഹിത്യങ്ങളിലേതിനേക്കാൾ ബംഗാളി സാഹിത്യത്തിലാണ് ആദ്യമായി കാണപ്പെട്ടത്. ബ്രഹ്മസമാജം, ആര്യസമാജം, രാമകൃഷ്ണമിഷൻ തുടങ്ങിയ സംഘങ്ങളുടെ രൂപവത്കരണം, മതത്തിന്റെ മേഖലയിൽ ഏർപ്പെട്ട പരിണാമങ്ങൾ മാത്രമല്ല, സാമൂഹ്യജീവിതത്തിലെ ഗതിമാറ്റങ്ങൾ കൂടി വിളിച്ചോതുന്നു.

സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങൾ, മതസംഘടനകൾ, സാമുദായികസംഘടനകൾ, വിദ്യാഭ്യാസം തുടങ്ങിയമേഖലകളിൽ പാശ്ചാത്യസ്വാധീനം കൊണ്ടുണ്ടായ ഉണർവ് വിശദമാക്കുന്ന നാലാംഭാഗത്ത് പ്രതിഭാശാലിയായ ഒരു ഗവേഷകന്റെ പ്രവർത്തനങ്ങളാണ് കാണാൻ കഴിയുന്നത്. മലയാളഭാഷയിലെയും സാഹിത്യത്തിലെയും പാശ്ചാത്യസ്വാധീനം ആണ് ഈ കൃതിയിലെ പ്രതിപാദ്യമെങ്കിലും, ഭാഷാസ്വാധീനത്തെക്കാൾ സാഹിത്യസ്വാധീനം വിശദമാക്കുന്നതിനാണ് ഇതിൽ ഊന്നൽ നൽകിയിരിക്കുന്നത്.

വളരെ സൂക്ഷ്മതയോട വസ്തുതകൾ നിരത്തി തന്റെ രചനോദ്ദേശത്തെ

സാക്ഷാത്കരിക്കുന്ന ഒരു ഗവേഷകപ്രതിഭയായി ഡോ.കെ.എം.ജോർജ്ജ് ഇവിടെ നിലകൊള്ളുന്നു.

'ദ്രാവിഡഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ സംസ്കൃതത്തിന്റെ പങ്ക്'[18] ( The Role of sanskrit in the Development of Dravidian Language and Literature )എന്ന കൃതിയാണ് ഡോ.കെ.എം.ജോർജ്ജിന്റെ ഗവേഷണപഠനങ്ങളിൽ അടുത്ത ശ്രദ്ധേയമായ ഒന്ന്. നാഷണൽ എഡ്യൂക്കേഷൻ റിസർച്ചുസെന്ററിനുവേണ്ടിയാണ് ഡോ.ജോർജ്ജ് ഈ കൃതി തയ്യാറാക്കിയത്. ദ്രാവിഡഭാഷകളിൽ സംസ്കൃതം ചെലുത്തിയ സ്വാധീനത്തെയാണ് ഇതിൽ വിശകലനം ചെയ്യുന്നത്. ശബ്ദം, പദം, വാക്യം, വ്യാകരണം എന്നിങ്ങനെയുള്ള ഭാഷാഘടകങ്ങളിൽ ഓരോഭാഷയിലും സംസ്കൃതം ചെലുത്തിയ സ്വാധീത്തിന്റെ തോത് പരിശോധിക്കുന്നു. സംസ്കൃതത്തിൽ നിന്നും കടം കൊണ്ട പദങ്ങളുടെ കണക്കും വ്യക്തമാക്കുന്നു. അതോടൊപ്പം തന്നെ വാക്യഘടനയിൽ സംസ്കൃതത്തെ ഈ ഭാഷകൾ എത്രമാത്രം ആശ്രയിക്കുന്നു എന്നും കണ്ടെത്തുന്നുണ്ട്.

ദക്ഷിണദ്രാവിഡഭാഷകളിൽ സംസ്കൃതത്തിന്റെ സ്വാധീനശക്തി ഏറ്റവുമധികം പ്രദർശിപ്പിക്കുന്നത് തെലുങ്കുഭാഷയാണ്. തെലുങ്കുദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥിതിയാണ് അതിനുകാരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. മലയാളവും തെലുങ്കും സംസ്കൃതപ്രഭാവത്തിന് വളരെയധികം വശഗമായിട്ടുണ്ട്. താരതമ്യേന, സംസ്കൃതത്തെ വളരെയധികം ആശ്രയിക്കാത്ത ഭാഷ തമിഴാണ്. ആര്യാവർത്തത്തിൽ നിന്നും വളരെയകന്ന് തെക്കേ അറ്റത്തു സ്ഥിതിചെയ്യുന്ന മലയാളപ്രദേശം സംസ്കൃതപ്രഭാവത്തിന് ഇത്രത്തോളം വിധേയമായതിനു കാരണം മലയാളത്തിന്റെ സ്വീകാര സന്നദ്ധതയാണ്. സമ്പുഷ്ടങ്ങളായ മറ്റു ദ്രാവിഡഭാഷകളോളം അന്ന് വളർച്ച ലഭിക്കാതിരുന്ന മലയാളം സംസ്കൃതത്തെ സ്വാഗതം ചെയ്യാൻ കൂടുതൽ താല്പര്യം കാണിച്ചിരിക്കാമെന്നും ഈ സ്വാധീനം ഇതരദ്രാവിഡഭാഷകളിൽ ഗണ്യമായി കാണുന്നത് അഞ്ചാം ശതകത്തിനിപ്പുറമാണെന്നും അദ്ദേഹം തന്റെ കൃതിയിൽ വ്യക്തമാക്കുന്നു.

മലയാളം ഈ കാലത്തിനുശേഷമാണ് തമിഴിൽ നിന്ന് ഒരുപശാഖയായിപ്പിരിഞ്ഞതെങ്കിൽ മാതാവിന്റെ ധന്യത അതിനും അവകാശമായി ലഭിച്ചേനെ. എങ്കിൽ തമിഴിനെപ്പോലെ തന്നെ മലയാളവും സംസ്കൃതത്തെ വർജ്ജിച്ചു കഴിയുമായിരുന്നു. പൂർവ്വദ്രാവിഡഭാഷ തമിഴ്, കന്നടം എന്നിങ്ങനെ രൂപം പ്രാപിച്ച് വികസിച്ചതിനുമുമ്പു, മലയാളം വേർപിരിഞ്ഞുവെന്നതിന് സംസ്കൃതപ്രഭാവം ഒരു ചൂണ്ടുപലകയാകുന്നുവെന്ന യുക്തിയിലാണ് ഇതിൽ നിന്നും ഡോ.കെ.എം.ജോർജ്ജ് എത്തിച്ചേരുന്നത്.

ഒരു ഭാഷയുടെ പ്രചാരണപരിധി വളരെ പ്രധാനപ്പെട്ട ഘടകമാണ്. പണ്ട്, സംസ്കൃതം സവിശേഷവും പരിമിതവുമായ ഒരു രീതിയിൽ ഭാരതത്തിന്റെ പൊതുഭാഷയായിരുന്നു. അതിനാൽ സംസ്കൃതത്തിലെ ഗണനീയനായ ഒരെഴുത്തുകാരന്, ഇന്ത്യയിലുടനീളം അംഗീകാരം നേടുവാൻ കഴിഞ്ഞിരുന്നു. കാലക്രമേണ അതിന്റെ സ്വാധീനത നഷ്ടമാകുകയും ഇംഗ്ലീഷ് അതിന്റെ സ്ഥാനത്തു വരികയും ചെയ്തു. എങ്കിലും സംസ്കൃതം, ദ്രാവിഡഭാഷകളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. സംസ്കൃതത്തിന്റെ സ്വാധീനം മൂലം ദ്രാവിഡ ഭാഷകൾക്കുണ്ടായ വളർച്ച എത്രത്തോളമാണെന്ന് വ്യക്തമായി അറിയാൻ ഉപകരിക്കുന്ന ഒരു പഠനമാണ് ഡോ. കെ. എം. ജോർജ്ജിന്റെ ഈ കൃതി.

## സ്ഥലനാമഗവേഷണം

ഗവേഷണയത്നങ്ങളിൽ കൃതികളെ മാത്രമല്ല, വിഭിന്നങ്ങളായ ചില വിഷയങ്ങളെയും ഡോ. കെ. എം. ജോർജ്ജ് പ്രതിപാദിച്ചിട്ടുണ്ട്. ഭാഷയോടും സാഹിത്യത്തോടും ചരിത്രത്തോടും അതുമായി ബന്ധപ്പെട്ട ചില സ്ഥലങ്ങളോടും അദ്ദേഹത്തിന് ഒരു പ്രത്യേക താൽപര്യം തോന്നിയിരുന്നു. 'ദക്ഷിണേന്ത്യയിലെ സ്ഥലനാമങ്ങൾ' (Place Names of Southern India: A generic Approach to Toponymy)[19] എന്ന കൃതി അതിന്റെ ഫലമാണ്.

സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി എന്ന സ്ഥാപനത്തിൽ വിസിറ്റിംഗ് ഫെലോ ആയി ജോലി നോക്കിയ അവസരത്തിൽ ആണ് ഈ കൃതി എഴുതാനിടയായത്. തമിഴ്, കന്നടം, തെലുങ്ക്, മലയാളം എന്നീ നാലു ദക്ഷി

ണേന്ത്യൻ ഭാഷകളിലെ സ്ഥലനാമങ്ങളുടെ താരതമ്യ പഠനമാണ് നിർവഹിച്ചിരിക്കുന്നത്. ദക്ഷിണേന്ത്യയിലെ നാട്ടുപേരുകൾ ഒന്നാകെയെടുത്ത് വിശകലനം ചെയ്തും അപഗ്രഥിച്ചും വളരെ ശാസ്ത്രീയമായാണ് അദ്ദേഹം ഈ പഠനം നടത്തിയിട്ടുള്ളത്.

ഒരമൂല്യ ഗവേഷണ സാമഗ്രിയാണ് സ്ഥലനാമങ്ങൾ പ്രത്യേകിച്ചു പ്രാചീനസ്ഥലനാമങ്ങൾ. പക്ഷേ ഇവയെല്ലാം തരംതിരിച്ചു വർഗ്ഗീകരിച്ചു സത്യസ്ഥിതി കണ്ടുപിടിക്കുക എന്നത് സങ്കീർണ്ണതകൾ നിറഞ്ഞ ഒരു പ്രക്രിയയാണ്. പാശ്ചാത്യദേശങ്ങളിലാകട്ടെ സ്ഥലനാമ ഗവേഷണങ്ങളും അവയെ ആസ്പദമാക്കിയുള്ള വിസ്തൃതപഠനങ്ങളും 19-ാം നൂറ്റാണ്ടിൽ തന്നെയുണ്ടായിരുന്നു. ജർമനി, നോർവേ, സ്വീഡൻ, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ നടന്ന പഠനഗവേഷണങ്ങൾ മറ്റുപ്രദേശങ്ങളിലേക്കും വ്യാപിച്ചു. 'സ്ഥലനാമപഠനത്തിന് ഒരാമുഖം' എന്ന ലേഖനത്തിൽ സ്ഥലനാമപഠനത്തിന്റെ ആവശ്യകതയെക്കുറിച്ച് ഡോ. ജോർജ്ജു തന്നെ സൂചിപ്പിക്കുന്നുണ്ട്. "സ്ഥലനാമപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അഭ്യസ്തവിദ്യർപോലും വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. അടിസ്ഥാനപരമായി നോക്കുമ്പോൾ സ്ഥലനാമങ്ങൾ പ്രത്യേക പ്രദേശങ്ങൾ തിരിച്ചറിയുന്നതിനുള്ള പ്രതീകങ്ങളാണ്. ചരിത്രപരവും ഭാഷാപരവും നരവംശശാസ്ത്രപരവുമായ മൂല്യങ്ങൾ സ്ഥലനാമങ്ങളിൽ കലർന്നു കിടക്കുന്നു"[20].

മിക്കഭാഷകളിലും സ്ഥലനാമപുരാണങ്ങളും നാമവ്യുത്പത്തികളും രേഖപ്പെടുത്തിയിട്ടുള്ള കൃതികൾ ഉണ്ടെങ്കിലും ഐതിഹ്യപ്രാധാന്യമുള്ള അത്തരം കൃതികളെ ശാസ്ത്രീയപഠനത്തിന് ഉപയോഗിക്കാൻ നിർവാഹമില്ല. ഇന്ത്യയിലാകമാനം നോക്കിയാൽ ഇത്തരം ഗവേഷണങ്ങൾ കണ്ടെത്താമെങ്കിലും അവയിലേറെയും ഏതെങ്കിലും പ്രത്യേക ഭാഷയെ ആസ്പദമാക്കിയുള്ളതാണെന്നു കാണാം. സ്ഥലനാമഗവേഷണത്തെ സംബന്ധിച്ച് നിരവധി ലേഖനങ്ങൾ എഴുതിയിട്ടുള്ള ഡോ. എൻ. ആർ. ഗോപിനാഥപിള്ള കേരളത്തിലെ സ്ഥലനാമഗവേഷണത്തിന്റെ ശുഷ്കാവസ്ഥയെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട്. "ദേശസംജ്ഞാപഠനത്തിന് സുവ്യക്തമായ ഒരു ദിശാബോധം അടുത്ത കാലം വരെ ഉണ്ടായിരുന്നില്ല. ഒറ്റപ്പെട്ടവ്യക്തികളുടെ ഒറ്റപ്പെട്ടപഠനങ്ങൾ

അല്ലാതെ സമഗ്രപഠനങ്ങൾ താരതമ്യേന കുറവായിരുന്നു. ശാസ്ത്രീയമായി ചിട്ടപ്പെടുത്തുവാൻ അവരിൽ പലർക്കും കഴിഞ്ഞിരുന്നില്ല പഠനത്തിനുള്ള രീതിശാസ്ത്രവും വേണ്ടത്ര വികസിച്ചുകഴിഞ്ഞിരുന്നില്ല. സാഹസികമേഖലകളിലേക്കു വെല്ലുവിളികളോടെ കടന്നുചെല്ലുവാനും ക്ലേശപൂർണ്ണമായ പരിശ്രമം ഫലപ്രാപ്തിയിൽ എത്തിച്ചു സന്തോഷിക്കുവാനും യുവഗവേഷകന്മാർ പ്രായേണ വിമുഖരായിക്കാണുന്നു"[21]. ഇക്കാര്യം പരിഗണിക്കുമ്പോഴാണ് ഡോ.കെ.എം.ജോർജ്ജിന്റെ 'ദക്ഷിണേന്ത്യയിലെ സ്ഥലനാമങ്ങൾ' ( Place Names of Southern India A Generic Approach to Toponymy ) എന്ന പ്രസിദ്ധീകരണം പലതുകൊണ്ടും പ്രസക്തമാകുന്നത്.

വൈവിധ്യവും വൈരുധ്യവും നിറഞ്ഞ പ്രപഞ്ച ജീവിതത്തിൽ അന്തർലീനമായിരിക്കുന്ന സമാനതകൾ ഏറെയാണ്. ഈ സമാനതകൾ കണ്ടെത്താൻ താരതമ്യം അത്യന്താപേക്ഷിതമാണ്. താരതമ്യപഠനം സാഹിത്യത്തിന്റെ കാര്യത്തിൽ മാത്രമല്ല സ്ഥലനാമപഠനത്തിലും ഉപയോഗപ്രദമാണെന്ന് തന്റെ രചനയിലൂടെ ഡോ.കെ.എം.ജോർജ്ജ് തെളിയിച്ചിരിക്കുന്നു. ഈ മേഖലയിൽ ലഭ്യമായിട്ടുള്ള പഠനങ്ങളിൽ പ്രൗഢമായ ഒന്നാണിത്. ഇത് ഒരു വെറും സ്ഥലനാമപഠനമല്ല. ഭാഷകളുടെ ബന്ധം നിർണ്ണയിക്കുന്നതിന് സ്ഥലനാമപഠനം എത്രമാത്രം സഹായകമാകും എന്ന അന്വേഷണം കൂടിയാണ്.

സ്ഥലനാമങ്ങളിലെ സുപ്രധാനഘടകങ്ങളാണ് സാമാന്യവാചികളും ( Generics ) വിശേഷവാചികളും ( specifics ). സാമാന്യവാചികളായ ശബ്ദങ്ങൾക്ക് പരസർഗ്ഗത്തിന്റെ (suffix) സ്വഭാവമുള്ളതിനാൽ അവയെ പരസർഗ്ഗങ്ങളെന്നും പറയും. പല സ്ഥലനാമങ്ങളുടെയും അന്ത്യത്തിൽ സമാനമായി കാണുന്ന പദങ്ങളായതിനാലാണ് ഈ പരസർഗ്ഗങ്ങളെ സാമാന്യവാചികൾ എന്നു പറയുന്നത്. സ്ഥലനാമഗവേഷണത്തിന്റെ ആദ്യപടിയായി ഈ നാലുഭാഷകളിലും ഉള്ള ഇത്തരം സാമാന്യവാചികളെ കണ്ടെത്തുകയാണ് അദ്ദേഹം ചെയ്തത്. പല സ്ഥലനാമങ്ങളെയും ബന്ധിപ്പിച്ചു നിർത്തുന്ന ഈ സാമാന്യവാചികളിൽ ഏറിയ പങ്കും പഴയ പദങ്ങളായിരിക്കും. ഈ സാമാന്യവാചികളായ പദങ്ങൾ വർദ്ധിക്കാറില്ലെന്നും എന്നാൽ വിശേഷണങ്ങളായ

പ്രത്യേകാംശങ്ങൾ വർദ്ധിക്കുന്നതിന് തടസ്സമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

ദക്ഷിണേന്ത്യയിലെ ഈ നാലു ഭാഷകളിൽ ആയിരക്കണക്കിന് പ്രത്യേകാംശങ്ങൾ ഉണ്ടെങ്കിലും ഇരുന്നൂറ്റിമുപ്പത്തി ആറ് സാമാന്യാംശങ്ങൾ മാത്രമാണ് ഡോ. ജോർജ്ജ് അന്വേഷണത്തിൽ കണ്ടെത്തിയത്. ഇതു സാമാന്യാംശപഠനത്തിന്റെ ഗൗരവം വെളിപ്പെടുത്തുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഈ ഇരുന്നൂറ്റിമുപ്പത്തി ആറ് സാമാന്യാംശങ്ങളിൽ നൂറ്റിനാല്പത്തിഅഞ്ചെണ്ണമാണ് മലയാളത്തിന് മാത്രം അവകാശപ്പെടാവുന്നത്. കന്നടം, തെലുങ്ക്, മലയാളം, തമിഴ് എന്നീ നാലുഭാഷകളിലും പൊതുവായിക്കാണുന്ന സ്ഥലസാമാന്യവാചികൾ അമ്പത്തിമൂന്നെണ്ണം മാത്രമാണെന്നും ഇവയെ താരതമ്യനിരീക്ഷണത്തിനു വിധേയമാക്കിയതിന്റെ വെളിച്ചത്തിൽ ഡോ. കെ. എം. ജോർജ്ജ് സ്ഥാപിക്കുന്നു. തമിഴ്, മലയാളം, കന്നടം എന്നീ മൂന്നു ഭാഷകളിൽ നാല്പത്തിനാല് സാമാന്യാംശങ്ങളുണ്ടെങ്കിൽ തമിഴ്, തെലുങ്ക്, കന്നടം എന്നീ ഭാഷകളിൽ പതിനഞ്ചെണ്ണം മാത്രമാണുള്ളത്. രണ്ടു ഭാഷകൾ തമ്മിലുള്ള സാമീപ്യത്തെക്കുറിച്ച് ഒരു സാമാന്യവിവരം നൽകുന്ന കണക്കും അദ്ദേഹം രേഖപ്പെടുത്തുന്നു ആ കണക്ക് താഴെപറയും പ്രകാരമാണ്.

"തമിഴ് - മലയാളം - 129

തമിഴ് - മലയാളം - 116

മലയാളം - കന്നഡ - 110

തമിഴ് - തെലുങ്ക് - 79

കന്നഡ - തെലുങ്ക് - 95

മലയാളം - തെലുങ്ക് - 63"

ഈ കണക്ക് വ്യത്യസ്ത ഭാഷകൾക്കു തമ്മിലുള്ള അടുപ്പവും അകലവും വ്യക്തമാക്കുന്നു. അത് ഭാഷകളുടെ ഗോത്രബന്ധത്തിലേക്കും ഗണ്യമായി വെളിച്ചം വീശുന്നുണ്ട്.

പ്രശ്നസങ്കീർണ്ണമായ മേഖലയാണ് സ്ഥലനാമശാസ്ത്രം ആകയാൽ സ്ഥലപുരാണങ്ങൾ, പഴയ ചരിത്രം ഭൂസ്ഥിതി എന്നിവ മനസ്സിലാക്കുകയും മറ്റു സ്ഥല

ങ്ങളുമായി താരതമ്യം ചെയ്തു നോക്കുകയും ചെയ്തെങ്കിൽ മാത്രമേ ശരിക്കുള്ള നിരുക്തിയും അർത്ഥവും മനസ്സിലാക്കാൻ കഴിയുകയുള്ളുവെന്നും അദ്ദേഹത്തിന്റെ പഠനം തെളിയിക്കുന്നു.

നാടിന്റെ ഭൂമിശാസ്ത്രസ്ഥിതിയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും പ്രത്യക്ഷസാന്നിദ്ധ്യമുള്ളവയാണ് സ്ഥലനാമങ്ങൾ. സ്ഥലനാമങ്ങളിൽ നാടിന്റെ ഭൂമിശാസ്ത്രവും, ചരിത്രവും സസ്യശാസ്ത്രവും അടങ്ങിയിരിക്കുന്നു. താരതമ്യാധിഷ്ഠിത സമീപനമാവുമ്പോൾ അവ കൂടുതൽ ശാസ്ത്രീയവും സൂക്ഷ്മവുമാകുന്നു. വസ്തുതകളിൽ നിന്ന് യുക്തമായ നിഗമനങ്ങളിലെത്തിച്ചേരുക എന്നത് ഗവേഷകന്റെ ധർമ്മമാണ്. പ്രബന്ധശീർഷകത്തിന്റെ ഔചിത്യം, നിഗമനത്തിനാവശ്യമായ തെളിവുകൾ നിരത്തൽ മറ്റൊരാൾക്ക് പഠനം തുടരത്തക്കവിധമുള്ള രചനാ പദ്ധതി ഇതെല്ലാം ഒരു ഗവേഷണപ്രബന്ധത്തിനു വേണ്ട ഗുണവിശേഷങ്ങളാണ്. മേൽപ്പറഞ്ഞ ഗുണങ്ങളോടൊപ്പം തന്നെ മലയാളികൾക്ക് ഈ മേഖലയിൽ നൂതനമായ പല അറിവുകളും സമ്മാനിക്കുന്നു എന്നതുകൊണ്ട് സ്ഥലനാമപഠനം എന്ന വിജ്ഞാനശാഖയ്ക്ക് ഒരു മുതൽക്കൂട്ടാണ് ഈ കൃതി.

ഗവേഷണത്തെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ഡോ. ജോർജ്ജിനുണ്ടായിരുന്നു പുസ്തകരൂപത്തിൽ വരാത്തതും മാസികകളിൽ പ്രസിദ്ധീകരിച്ചവയുമായ പല ലേഖനങ്ങളും ഡോ. കെ. എം. ജോർജ്ജിന്റെ ഗവേഷണ പാടവത്തെ സ്പഷ്ടമാക്കുന്നു. കേരളത്തിലെ സാഹിത്യം മാത്രമല്ല, സംസ്കാരവും പാരമ്പര്യവും അദ്ദേഹത്തിന്റെ ഗവേഷണ ലേഖനങ്ങൾക്കു വിഷയമായിട്ടുണ്ട്. കർശനമായ അച്ചടക്കവും കഠിനമായ പരിശ്രമവും വ്യക്തമായ ലക്ഷ്യബോധവും ആവശ്യമായ ഒന്നാണ് ഗവേഷണം. മുൻകാലങ്ങളിൽ നേടിയിട്ടുള്ള അറിവുകൾ സ്വായത്തമാക്കുക മാത്രമല്ല, കിട്ടിയ അറിവിൽ നിന്ന് പുതിയ അറിവുകൾ നേടുക, പുതിയ കാഴ്ചപ്പാടുകൾ ആവിഷ്കരിക്കുക - പുതിയ മേഖലകളിൽ പ്രവേശിച്ചു പരീക്ഷണങ്ങൾ നടത്തുക. ഇതൊക്കെയാണ് ഗവേഷണത്തിന്റെ പ്രത്യേക സ്വഭാവമായി ഡോ. കെ. എം. ജോർജ്ജു

കാണുന്നത്. സാഹിത്യഗവേഷണത്തിന്റെ പ്രസക്തി എന്ന പേരിൽ അദ്ദേഹമെഴുതിയ ലേഖനത്തിൽ അത് വ്യക്തമാക്കുന്നുണ്ട്. പാണ്ഡിത്യവും ഗവേഷണ പാടവവും പരസ്പരബന്ധമുള്ളവയാണെങ്കിലും രണ്ടും രണ്ടാണെന്ന ഉറച്ച വിശ്വാസം അദ്ദേഹം വച്ചുപുലർത്തിയിരുന്നു. ഒരു നല്ല ഗവേഷകനു താൻ സ്വീകരിച്ചിരിക്കുന്ന വിഷയത്തിൽ പ്രാഗല്ഭ്യം അനുപേക്ഷണീയമാണെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. പാണ്ഡിത്യം എന്ന ലക്ഷ്യത്തിലെത്തിച്ചേരാനുള്ള മാർഗ്ഗമാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഗവേഷണം.

ഗവേഷകന് ഉണ്ടായിരിക്കേണ്ട യോഗ്യതകളിൽ ചരിത്രവസ്തുക്കളോട് ബഹുമാനം, കാര്യങ്ങൾ ഏറ്റക്കുറച്ചിൽ കൂടാതെ ക്ലിപ്തമായി കണ്ടെത്താനുള്ള കഴിവ്, വിശകലന വൈഭവം വർഗ്ഗീകരണചതുരത ഇവയെല്ലാം ഉൾപ്പെടുത്തിയെങ്കിലും ഇതിനെല്ലാമുപരി ഡോ. കെ. എം. ജോർജ്ജ് എന്ന ഗവേഷകനിൽ കാണുന്നത് താരതമ്യനിരീക്ഷണത്തിനുള്ള സവിശേഷപാടവമാണ്. ഭാഷാഗവേഷണമായാലും സാഹിത്യഗവേഷണമായാലും താരതമ്യനിരീക്ഷണത്തിനുള്ള കഴിവ് പല പ്രകാരത്തിൽ അദ്ദേഹം പ്രകടമാക്കുന്നുണ്ട്. പൂർവരീതിയിൽ നിന്ന് വ്യത്യസ്തമായി സ്ഥലനാമഗവേഷണത്തിലും അദ്ദേഹം ഇതു സ്വീകരിച്ചിരിക്കുന്നത് അത്യന്തം പ്രശംസനീയമാണ്.

ചുരുക്കിപ്പറഞ്ഞാൽ വെറും ഒരു ഗവേഷകൻ എന്ന ഒറ്റ വാക്കിൽ ഒതുക്കാവുന്നതല്ല അദ്ദേഹത്തിന്റെ ഗവേഷണവ്യക്തിത്വം. താരതമ്യാത്മക ഗവേഷകൻ എന്ന വിശേഷണമാണ് അദ്ദേഹത്തിനേറെ യോജിക്കുക.

# കുറിപ്പുകൾ

1. ജോർജ്ജ്, ഡോ, കെ. എം, *എന്നെ ഞാൻ കാണുമ്പോൾ*, നാഷണൽ എഡ്യുക്കേഷണൽ റിസർച്ച് സെന്റർ, തിരുവന്തപുരം, 1999, - പുറം. 124
2. അതേ പുസ്തകം, - പുറം. 135
3. ജോർജ്ജ്, ഡോ. കെ. എം, (ജന: എഡിറ്റർ) *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ* സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം 1958, പുറം. 159-160
4. ഗോപിനാഥപിള്ള, എൻ. ആർ, *'രാമചരിതവും തമിഴ് വാക്കുകളും'* മലയാള രാജ്യം ആഴ്ചപ്പതിപ്പ്, പുറം. 10
5. മലയാള രാജ്യം ആഴ്ചപ്പതിപ്പ് - പുറം. 11
6. രാമചന്ദ്രൻ നായർ, കെ 'ഗവേഷകനായ ഡോ. കെ. എം. ജോർജ്ജ്, *സാഹിത്യസമന്വയം* (സപ്തതി സ്മരണിക) പുറം. 131
7. ജോർജ്ജ്, ഡോ. കെ. എം - *'എന്നെ ഞാൻ കാണുമ്പോൾ'* പുറം. 129
8. ജോർജ്ജ്, ഡോ. കെ. എം *'വളരുന്ന കൈരളി'*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1954, പുറം. 35.
9. അതേ പുസ്തകം. പുറം. 47
10. നായർ, എസ്. കെ, *'ഗവേഷണത്തിന്റെ പ്രശ്നങ്ങൾ'* കേരള യൂണിവേഴ്സിറ്റി, ഏപ്രിൽ 1976 - പുറം. 42
11. ജോർജ്ജ്, ഡോ. കെ. എം. - *എന്നെ ഞാൻ കാണുമ്പോൾ*, പുറം. 131
12. രാജൻ, പി. കെ, 'പാശ്ചാത്യ സ്വാധീനത്തെക്കുറിച്ച് ഒരു പ്രൗഢ ഗവേഷണം', *ഗവേഷണ പ്രതിഭ* (ഡോ. കെ. എം. ജോർജ്ജ് അശീതിസ്മരണിക), പി. വി. വേലായുധൻ പിള്ള (സമ്പാ.), ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 1994, പുറം. 60

13. സുകുമാർ അഴീക്കോട്, ***മലയാള സാഹിത്യ വിമർശനം*** - ഡി. സി. ബുക്സ്, കോട്ടയം, 1998 പുറം. 41

14. ജോർജ്ജ്. ഡോ. കെ. എം, ***കെ. എം. ജോർജ്ജിന്റെ പ്രബന്ധങ്ങൾ***, ഡി. സി. ബുക്സ്, കോട്ടയം, 1989, പുറം. 307

15. അതേ പുസ്തകം - പുറം. 518

16. അതേ പുസ്തകം- പുറം. 531

17. അതേ പുസ്തകം - പുറം. 307

18. സാം. ഡോ. എൻ, 'താരതമ്യ സാഹിത്യം ഡോ. കെ. എം. ജോർജ്ജിന്റെ സംഭാവന', ***താരതമ്യ സാഹിത്യം, പുതിയ കാഴ്ചപ്പാടുകൾ,*** കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 2005

19. ജോർജ്ജ്. ഡോ. കെ. എം, ***Place names of southern India: A generic Approach to toponymy,*** Dravidian Linguistics Association Tvm-1986

20. ജോർജ്ജ്. ഡോ. കെ. എം., ***ജോർജ്ജിന്റെ പ്രബന്ധങ്ങൾ***, ഡി. സി. ബുക്സ്, കോട്ടയം, 1989 പുറം. 580

21. ഗോപിനാഥപിള്ള. എൻ. ആർ - 'സ്ഥലനാമപഠനം - താരതമ്യ പഠനത്തിന്റെ പ്രസക്തി' ***താരതമ്യ സാഹിത്യം, പുതിയ കാഴ്ചപ്പാടുകൾ***, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം - 2005, പുറം. 22

അദ്ധ്യായം മൂന്ന്

# താരതമ്യ സാഹിത്യകാരൻ ഗ്രന്ഥസംവിധായകൻ

### അദ്ധ്യായം മൂന്ന്

# താരതമ്യ സാഹിത്യകാരൻ ഗ്രന്ഥസംവിധായകൻ

മലയാള ഭാഷയ്ക്ക് മൂല്യവത്തായ സംഭാവനകൾ നൽകിയ ഡോ. കെ. എം. ജോർജ്ജിന്റെ മറ്റൊരു പഠനമേഖല താരതമ്യ സാഹിത്യമാണ്. അദ്ദേഹത്തിന്റെ മുഖ്യ പ്രവർത്തന മണ്ഡലമായിരുന്നു താരതമ്യസാഹിത്യം. ഭാരതീയ സാഹിത്യത്തിന്റെ സമുദ്ഗ്രഥനത്തിനായി നിസ്തന്ദ്രമായും അക്ഷീണമായും പ്രവർത്തിച്ച് ഭാരതീയ ഭാഷാസാഹിത്യങ്ങളെ സംബന്ധിച്ച്, സമതുലിതമായ ഒരു ദർശനം രൂപപ്പെടുത്തുവാൻ ഡോ. ജോർജ്ജിനു കഴിഞ്ഞിട്ടുണ്ട്. ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയായ ഡോ. ജോർജ്ജ് ഒരു നല്ല സമാഹർത്താവുമായിരുന്നു. ഗ്രന്ഥങ്ങൾ, സ്മരണികകൾ, പത്രമാസികകൾ, വിജ്ഞാനകോശം എന്നിവ എഡിറ്റു ചെയ്യുന്നതിൽ അന്യാദൃശമായ വൈദഗ്ദ്ധ്യം അദ്ദേഹം പ്രകടമാക്കിയിട്ടുണ്ട്. താരതമ്യ പഠന മേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകളും സമാഹർത്താവ് എന്ന നിലയിലുള്ള പരിശ്രമങ്ങളുമാണ് ഈ അദ്ധ്യായത്തിൽ വിലയിരുത്തുന്നത്.

താരതമ്യസാഹിത്യം എന്ന വിജ്ഞാനശാഖയെക്കുറിച്ച് മലയാളികൾക്ക് അറിവുനൽകാൻ പര്യാപ്തമായ ഗ്രന്ഥങ്ങളുടെ സംവിധായകൻ എന്ന നിലയിൽ അദ്ദേഹം നൽകിയ സംഭാവന വിലപ്പെട്ടതാണ്. ദേശസംജ്ഞാപഠനത്തിലും താരതമ്യസമീപനമാകാം എന്നു തെളിയിച്ച വ്യക്തിയാണ് ഡോ.കെ.എം.ജോർജ്ജ് അദ്ദേഹത്തിന്റെ 'പ്ലെയ്സ് നെയിംസ് ഓഫ് സതേൺ ഇന്ത്യ; ' -എ ജനറിക് അപ്രോച്ച് (Place names of Southern India; A Generic Approach)എന്ന കൃതിയിലെ താരതമ്യാത്മക പഠനരീതി കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. താരതമ്യസാഹിത്യപഠനത്തിന്റെ മഹത്തായലക്ഷ്യം വിശ്വസാഹിത്യമെന്ന സങ്കല്പത്തിന്റെ സാക്ഷാത്കാരം തന്നെയാണെന്ന വിശ്വാസമാണ് അദ്ദേഹത്തെ നയിച്ചിരുന്നത്.

സാദൃശ്യം കണ്ടെത്താനും സമാനധർമ്മങ്ങൾ താരതമ്യം ചെയ്യാനും മനുഷ്യസഹജമായ വാസനയുണ്ട്. താരതമ്യാധിഷ്ഠിതമായ മൂല്യനിർണ്ണയം മനുഷ്യന്റെ

മാനസിക പ്രവർത്തനങ്ങളുടെ അവിഭാജ്യഘടകമാണ്. ഒരു കലാസൃഷ്ടിയെ ആസ്വദിക്കുകയോ വിലയിരുത്തുകയോ ചെയ്യുമ്പോൾ അതിന്മുൻപ് നാം കണ്ടിട്ടുള്ള തത്തുല്യ സൃഷ്ടികളുമായി അതിനെ താരതമ്യപ്പെടുത്തുക സ്വാഭാവികമാണ്. ഏതു സാഹിത്യവും ശരിക്കു പഠിച്ചു വിലയിരുത്തണമെങ്കിൽ ഒരു താരതമ്യനിരീക്ഷണം അനുപേക്ഷണീയമാണ്. ഭാഷകൾ തമ്മിലും രചനകൾ തമ്മിലും താരതമ്യം ചെയ്ത് പൊതുവായ പ്രത്യേകതകളും വൈവിധ്യങ്ങളും കണ്ടെത്തുക എന്നതാണ് താരതമ്യപഠനം കൊണ്ട് ഉദ്ദേശിക്കുന്നത്. സാംസ്കാരിക സമന്വയത്തിനും ആശയസംക്രമണത്തിനും ഭാഷാസാഹിത്യങ്ങളുടെ താരതമ്യപഠനം അത്യന്താപേക്ഷിതമാണ്.

ലോകഭാഷാവൈവിധ്യത്തിന്റെ കേന്ദ്രങ്ങളിലൊന്നാണ് ഭാരതം; വിശ്വാസം, ജീവിതവീക്ഷണം, ആചാരങ്ങൾ അനുഷ്ഠാനങ്ങൾ, ആരാധനാരീതികൾ, ജീവിതരീതികൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം ഇന്ത്യയിലെ വ്യത്യസ്തവിഭാഗങ്ങൾക്കിടയിൽ വമ്പിച്ച വൈവിധ്യങ്ങളും വൈരുധ്യങ്ങളും നിലനിൽക്കുന്നുണ്ട്. നമ്മുടെ ഭാഷകൾ വ്യത്യസ്തങ്ങളാണെങ്കിലും അവയിൽ രചിക്കുന്ന സാഹിത്യത്തിന്റെ ആത്മാവ് ഏകമാണ്. പൊതുവായ സാംസ്കാരിക പൈതൃകം അവകാശപ്പെടുന്ന ഭാഷകളിൽ എഴുതുന്ന കൃതികളിൽ സമാനപ്രമേയങ്ങളും പ്രവണതകളും കണ്ടെത്താൻ കഴിയും. വൈജാത്യങ്ങൾക്കിടയിലും അവയിൽക്കാണുന്ന പൊതുവായ സമാനതകളാണ് ഭാരതീയ ഭാഷകളെ പരസ്പരം ബന്ധിപ്പിക്കുന്നത്. വൈചാരികവും വൈകാരികവവുമായ ഉദ്ഗ്രഥനത്തിന് ഭാരതീയ ഭാഷാസാഹിത്യങ്ങളുടെ താരതമ്യപഠനം അത്യന്താപേക്ഷിതമാണ്. സാഹിത്യത്തെക്കുറിച്ചുള്ള സങ്കുചിതമായ കാഴ്ചപ്പാടുകൾ ഉപേക്ഷിച്ച്, വിശ്വവ്യാപകമായ ഒരു വീക്ഷണം രൂപപ്പെടുത്തിയെടുക്കാനും താരതമ്യസമീപനം വഴി സാധ്യമാകുന്നു.

താരതമ്യസാഹിത്യത്തിന് പാശ്ചാത്യപണ്ഡിതന്മാർ വിഭിന്ന നിർവചനങ്ങൾ നൽകിയിട്ടുണ്ട്. എസ്.എസ്. പ്രവേറിന്റെ നിർവചനം ഇപ്രകാരമാണ്. "സാഹിത്യമീമാംസയും വിമർശനവുമുൾപ്പെടെ ഒന്നിലധികം ഭാഷകളിലുള്ള സാഹിത്യകൃതികളുടെ വൈജാത്യത്തെയോ സാജാത്യത്തെയോ പ്രഭവത്തെയോ പ്രഭാവത്തെയോ കുറിച്ചു

നടത്തുന്ന പരിശോധന; അല്ലെങ്കിൽ, വ്യത്യസ്തഭാഷകൾ സംസാരിക്കുന്ന രണ്ടോ അതിലധികമോ, സമൂഹങ്ങളുടെ സാഹിതീയമായ ബന്ധങ്ങളെയും വിനിമയങ്ങളെയും കുറിച്ചുള്ള പഠനം."[1] "താരതമ്യസാഹിത്യത്തെ സംബന്ധിച്ച്, പൊതുവായ അംഗീകാരം നേടിയ നിർവചനമാണ്"[2] ഇതെന്ന് പ്രൊഫ.പി.ഒ. പുരുഷോത്തമൻ അഭിപ്രായപ്പെടുന്നു.

പ്രൊഫ.ഹെന്റി റെമാർക്ക് "ഒരു പ്രത്യേക രാജ്യത്തിന്റെ സീമകൾക്കതീതമായ സാഹിത്യപഠനമാണ് താരതമ്യസാഹിത്യം"[3] എന്ന് വിവരിച്ചു. താരതമ്യസാഹിത്യം ഒരു നവീന ശാസ്ത്രമാണെന്നും അതിന്റെ ശക്തമായ താല്പര്യം മനുഷ്യമനസ്സിന്റെ ചരിത്രം പഠിക്കുന്നതിലാണെന്നും, സൂചിപ്പിച്ച ഗസ്തോങ്പാറി, സാഹിത്യത്തിന്റെ മണ്ഡലത്തെ അതിലംഘിക്കുന്ന ഒന്നായി താരതമ്യസാഹിത്യത്തെ വിലയിരുത്തി. 'റെനേവെല്ലക്കാകട്ടെ താരതമ്യസാഹിത്യത്തെ ഒരു പ്രത്യേകപദ്ധതിയായി അംഗീകരിക്കാൻ വിസമ്മതിക്കുന്നു. മാത്രമല്ല ചില നിർദ്ദേശങ്ങൾ അദ്ദേഹം മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നു. " 1. ഭാഷാപരമായ പരിമിതികളാൽ തടസ്സപ്പെടാത്ത ഒരു ഏകീകൃത പഠനമേഖലയായി താരതമ്യസാഹിത്യത്തെ കണക്കാക്കുക; 2. നിർജ്ജീവമായ വസ്തുതകളെക്കുറിച്ചുള്ള പഠനം; സ്വാധീനങ്ങൾക്കും സ്രോതസ്സുകൾക്കും വേണ്ടി പ്രത്യക്ഷമായ തെളിവുകളെ ആസ്പദമാക്കിയുള്ള അന്വേഷണം ഉപേക്ഷിച്ച് വിലയിരുത്തലും ആസ്വാദനവുമെന്ന നിലയ്ക്കുള്ള സാഹിത്യനിരൂപണത്തിലേക്ക് ഈ പഠനത്തെ വ്യാപിപ്പിക്കുക; 3. സാഹിത്യകൃതികളുടെ സാഹിത്യപരതയെന്ന പ്രശ്നത്തെ അഭിമുഖികരിക്കുക."[4] മാത്രമല്ല "സാഹിത്യപാണ്ഡിത്യത്തിൽ പ്രത്യേകിച്ചും താരതമ്യസാഹിത്യത്തിൽ പ്രഗല്ഭരായ പലയാളുകളും വാസ്തവത്തിൽ ഒട്ടുംതന്നെ സാഹിത്യതൽപരരല്ല, പൊതുജനാഭിപ്രായത്തിന്റെ ചരിത്രം, സഞ്ചാരികളുടെ വിവരണങ്ങൾ, ദേശീയസ്വഭാവത്തെക്കുറിച്ചുള്ള ആശയങ്ങൾ, ചുരുക്കിപ്പറഞ്ഞാൻ സാമാന്യമായ സാംസ്കാരികചരിത്രം എന്നിവയിലാണ് അവർക്കു താല്പര്യ"[5]മെന്നും റെനെ വെല്ലക് സൂചിപ്പിക്കുന്നു.

സാഹിത്യങ്ങളുടെ വേർതിരിവിനടിസ്ഥാനമായി എസ്.എസ്. പ്രാവേർഭാഷയെ മാനദണ്ഡമാക്കിയപ്പോൾ, ഹെന്റി റെമാർക്കാകട്ടെ, ദേശീയസാഹിത്യ

ത്തിന്റെ വിവേചനത്തിനടിസ്ഥാനം രാഷ്ട്രമാണെന്ന് സ്ഥാപിച്ചു. എന്നാൽ ദേശീയതയെ വേർതിരിക്കാൻ കൂടുതൽ സഹായകം ഭാഷാമാനദണ്ഡമാണ്. ഇവകൂടാതെ വംശം, വർണ്ണം, മതം മുതലായവയും ദേശീയതയുടെ അടിസ്ഥാനമായി വരാം. എന്നാൽ സംസ്കാരവുമായുള്ള ഗാഢബന്ധവും, സാഹിത്യത്തിന്റെ മാധ്യമം ഭാഷയാണെന്ന വസ്തുതയുമാണ് ഭാഷയ്ക്കുകൂടുതൽ പ്രാധാന്യം കൊടുക്കാൻ കാരണം.

ദേശീയകാവ്യങ്ങളുടെയും അവയുടെ തുലനാത്മക പഠനത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് 'ഷക്ഫോറിന്റെ അഭിപ്രായവും പ്രൊഫ.പി.ഒ.പുരുഷോത്തമൻ സൂചിപ്പിക്കുന്നുണ്ട്. "ദേശീയ ചൈതന്യം മൂർത്തീഭവിച്ച ഉത്കൃഷ്ട കാവ്യങ്ങൾക്കെല്ലാം സമാനരൂപവും ഭാവവുമുണ്ടെന്ന് താരതമ്യസാഹിത്യം കാണിച്ചുതരുന്നു. അവ കലയുടെ സത്തായ പ്രമാണങ്ങളും മനുഷ്യന്റെ പ്രകൃതം, സമൂഹം, പുരോഗതി എന്നിവയുടെ നിതാന്തനിയമങ്ങളും ഉൾക്കൊള്ളുന്നു. പ്രാചീനജനതകളുടെ സ്മരണീയ മുദ്രകൾ ഏത് സ്മാരകത്തിനും ചരിത്രത്തിനും കഴിയുന്നതിലേറെയായി കാണിച്ചുതരുന്നത് ദേശീയകാവ്യങ്ങളാണ്."[6] ദേശീയസാഹിത്യങ്ങളുടെ തനിമ നിർണ്ണയിക്കുന്നതിന് താരതമ്യസാഹിത്യത്തിന്റെ പങ്കാണ് ഇവിടെ വ്യക്തമാകുന്നത്.

താരതമ്യസാഹിത്യത്തിന്റെ മണ്ഡലം വിപുലമാണെന്നവസ്തുതയാണ്, പാശ്ചാത്യപണ്ഡിതന്മാരുടെ നിർവചനങ്ങൾ, സൂചിപ്പിക്കുന്നത്. സാഹിത്യമീമാംസയുടെയും ചരിത്രത്തിന്റെയും വിമർശനത്തിന്റെയും മേഖലകളിലേക്ക് അത് വ്യാപിക്കുന്നു. അപ്പോൾ പക്ഷപാതരഹിതവും വസ്തുനിഷ്ഠവുമായ സമീപനത്തിലൂടെ ഒന്നിലധികം ഭാഷകളിലെയോ രാഷ്ട്രങ്ങളിലെയോ സാഹിത്യങ്ങളെ സാദൃശ്യം, വൈസാദൃശ്യം, സ്വാധീനം, സമാനത മുതലായവ അടിസ്ഥാനമാക്കി പഠിക്കുന്നതാണ് താരതമ്യസാഹിത്യത്തിന്റെ സാമാന്യസ്വഭാവം എന്നു വരുന്നു. സാഹിത്യകൃതികളെ വിലയിരുത്തേണ്ട ജോലി വിമർശകന്റേതാണ്. സാഹിത്യകൃതികളുടെ വിവേചനത്തിലാണ് താരതമ്യസാഹിത്യകാരന്റെ ശ്രദ്ധ പതിയേണ്ടത്.

നേരത്തെ സൂചിപ്പിച്ചതുപോലെ സാഹിത്യങ്ങൾ തമ്മിലുള്ള താരതമ്യം

മാത്രമല്ല താരതമ്യസാഹിത്യം. താരതമ്യസാഹിത്യത്തിന്റെ പഠനമണ്ഡലം ഒരിക്കലും ഒരു ഭാഷയുടെയോ സാഹിത്യത്തിന്റെയോ അതിരുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നില്ല. നിർവചനങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യത്തിന് വിഷയമാകുന്ന ഘടകങ്ങൾ പലതാണ്. പ്രമേയപഠനം, രൂപപഠനം സ്വാധീനതാപഠനം, വിവർത്തനപഠനം, പ്രസ്ഥാനപഠനം എന്നിങ്ങനെ പലതും താരതമ്യസാഹിത്യത്തിന്റെ പഠനമാർഗ്ഗങ്ങളാണ്. *ചരിത്രം, തത്ത്വശാസ്ത്രം, നരവംശശാസ്ത്രം, രാഷ്ട്രമീമാംസ, മനശ്ശാസ്ത്രം, ഭാഷാ*ശാസ്ത്രം, മതപഠനം തുടങ്ങിയ പല വിഷയങ്ങളെക്കുറിച്ചും അറിവുപകരുന്നതാകണം താരതമ്യപഠനം. സ്വന്തം ഭാഷയിലെ സാഹിത്യസൃഷ്ടികളുടെ സവിശേഷത തിരിച്ചറിയാനും കുറവുകൾ കണ്ടെത്താനും ഇതര സാഹിത്യങ്ങളുടെ ഗുണവും ദൗർബല്യവും കണ്ടെത്താനും വിശാലമായ കാഴ്ചപ്പാടുകളിലേക്ക് അനുവാചകനെ നയിക്കാനും താരതമ്യപഠനം സഹായിക്കുന്നു. വിവിധ സംസ്കാരങ്ങൾ തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾക്കപ്പുറത്തുള്ള മനുഷ്യവർഗ്ഗത്തിന്റെ ഏകത്വത്തിലേക്ക് വായനക്കാരനെ നയിക്കാൻ താരതമ്യസാഹിത്യപഠനം പര്യാപ്തമാണ്. താരതമ്യസാഹിത്യം വായനക്കാരനിൽ സാർവദേശീയവീക്ഷണം അങ്കുരിപ്പിക്കാൻ സഹായിക്കുന്നതാണെന്ന് ഡോ.എൻ.മുകുന്ദൻ, താരതമ്യസാഹിത്യം ദേശീയതയും വിശ്വസാഹിത്യവും' എന്ന ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട്. "സംസ്കാരതാരതമ്യത്തിന്റെ ഫലം ദേശീയസംസ്കൃതിയുടെ സ്വത്വമുദ്ര തിരിച്ചറിയുന്നതിൽ പര്യവസാനിക്കുന്നില്ല. അത് അതിനപ്പുറത്തേക്ക് നീളുന്നു. സംസ്കാരങ്ങളുടെ സമാനതയെക്കുറിച്ച് നൽകുന്ന അറിവ് ദേശീയതയ്ക്കപ്പുറത്തുള്ള മനുഷ്യവർഗ്ഗത്തിന്റെ ഏകത്വത്തിലേക്ക്, പൊതുസ്വഭാവത്തിലേക്ക് വായനക്കാരനെ എത്തിക്കുകയും വിശ്വപൗരബോധം സൃഷ്ടിച്ചു സാർവ്വദേശീയവീക്ഷണം അവനിൽ അങ്കുരിപ്പിക്കുകയും ചെയ്യുന്നു."[7]

*വിവിധ സാഹിത്യങ്ങളിലെ സാജാത്യവൈജാത്യങ്ങൾ, അതതുസംസ്കാ*രപഠനത്തിനു പറ്റിയ ഒന്നാന്തരം ഉപാദാനവസ്തുക്കളാണെന്ന കാര്യം, 'സംസ്കാരവിനിമയം- താരതമ്യസാഹിത്യത്തിൽ' എന്ന ലേഖനത്തിൽ പി.നാരായണക്കുറുപ്പും വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ നോക്കുക. "വിവിധ സാഹിത്യരൂപങ്ങൾ, വിവിധ

ഭാഷകളിലുള്ളവ എങ്ങനെയെല്ലാം വ്യത്യസ്തത പുലർത്തുന്നു; സാമ്യതകളോ സമാന്തരപ്രവാഹങ്ങളോ എവിടെയൊക്കെ കാണാൻ സാധിക്കുന്നു; സാജാത്യവൈജാത്യങ്ങൾക്കു പ്രേരണ നൽകുന്ന സാംസ്കാരിക സ്രോതസ്സുകൾ ഏതൊക്കെയാണ്; വൈദേശിക സാംസ്കാരികസ്രോതസ്സിൽ നമുക്കു സ്വീകാര്യമായി വല്ലതുമുണ്ടോ - വർജ്യമായി വല്ലതുമുണ്ടോ എന്നിത്രയും കാര്യങ്ങളാണ് ' സംസ്കാരപഠനം താരതമ്യസാഹിത്യത്തിലൂടെ എന്നു പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത്."[8] മാത്രമല്ല, "സാഹിത്യം സംസ്കാരത്തനിമയുടെ സുതാര്യമായ സംവാഹിനി എന്ന നിലയ്ക്കേ ഏതുനാട്ടിലും രൂപം കൊള്ളൂ"[9] എന്നും അദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു

താരതമ്യനിരീക്ഷണം വിമർശനത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് കെ.പി.അപ്പൻ 'കലഹവും വിശ്വാസവും' എന്ന കൃതിയിൽ സൂചിപ്പിക്കുന്നുണ്ട്. "വ്യത്യസ്ത നാടുകളിലെയും വ്യത്യസ്ത കാലഘട്ടങ്ങളിലെ കൃതികളെ താരതമ്യ പഠനത്തിലൂടെ വിലയിരുത്തി സാഹിത്യ കലയെ നിർവചിക്കുക എന്ന് പറഞ്ഞാൽ വിമർശകൻ തന്റെ മുന്നിലുള്ള കൃതികളിൽ ശാശ്വത മൂല്യം അന്വേഷിക്കുന്നു എന്ന് തന്നെയാണർത്ഥം"[10].

എഴുത്തുകാരൻ ഒന്നാമത് ഒരു വ്യക്തിയും രണ്ടാമത് ഒരു ദേശത്തെയും രാഷ്ട്രത്തെയും പ്രിതിനിധാനം ചെയ്യുന്ന ആളുമാണ്. വ്യക്തിത്വവും പ്രാദേശികത്വവും ചിലപ്പോൾ അന്തർദേശീയത്വവും അയാളുടെ രചനകളിൽ കാണാൻ സാധിക്കും. ഇവിടെ സാഹിത്യകാരനുചെയ്യാൻ കഴിയുന്ന മഹത്തായ യത്നം ഓരോ ഭാഷയിലെയും വിവർത്തനാർഹങ്ങളായ കൃതികളെ അന്യോന്യം വിവർത്തനം ചെയ്യുകയാണ്.

ഒരു ബഹുഭാഷാരാഷ്ട്രമായ ഭാരതത്തിൽ താരതമ്യ പഠനത്തിന് വളരെയേറെ പ്രസക്തിയുണ്ട്. അനേകം ഭാഷകളുള്ള ഭാരതത്തിൽ അതുപോലെ സാഹിത്യങ്ങളുമുണ്ട്. ഈ സാഹിത്യങ്ങളെല്ലാം ചേർന്ന ഒരു സാംസ്കാരിക സമ്പത്താണ് ഭാരതത്തിന്റെ സാംസ്കാരിക പൈതൃകം. "പല ഭാഷകളിൽ എഴുതപ്പെടുന്നുവെങ്കിലും ഭാരതീയസാഹിത്യം ഒന്നാണ്"[11] എന്ന കേന്ദ്രസാഹിത്യ അക്കാദമിയുടെ ആശയവും അതാണ് അർത്ഥമാക്കുന്നത്. ഇത്രയേറെ വൈവിധ്യമുള്ള ഭാഷകളും ഉപഭാഷകളും

നിറഞ്ഞ ഭാരതത്തിൽ താരതമ്യപഠനത്തിന് വിവർത്തനത്തിന്റെ സഹായം ആവശ്യമായി വരുന്നു. ഭാരതീയഭാഷ എന്ന് ഏകവചനത്തിൽ പറയത്തക്കവണ്ണം ഒരു ഭാഷ ഇവിടെ ഇല്ല. "ഭാരതത്തിലെ സാഹിത്യങ്ങൾ ഇന്ത്യയിലെ സാധാരണ വായനക്കാരെ സംബന്ധിച്ചിടത്തോളം അജ്ഞാത മേഖലകളായി നിലകൊള്ളുന്നു. ഓരോ ഭാഷയിലെയും പ്രധാനപ്പെട്ട കൃതികൾ തിരഞ്ഞെടുത്ത് അവയെല്ലാം മറ്റെല്ലാ ഭാരതീയഭാഷകളിലും വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തുക "[12] ഇതുമാത്രമാണ് ഭാരതീയസാഹിത്യം എന്താണെന്നറിയാൻ ഡോ.കെ.എം.ജോർജ്ജു കണ്ട പോംവഴി. വൈലോപ്പിള്ളി ശ്രീധരമേനോനും ആത്മകഥയായ 'കാവ്യലോകസ്മരണ' കളിൽ ഈ ദുരവസ്ഥ ചൂണ്ടിക്കാട്ടുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ നോക്കുക "ഭാരതത്തിലെ വിഭിന്നങ്ങളായ പ്രാദേശിക ഭാഷാസാഹിത്യങ്ങൾ നമ്മുടെ എഴുത്തുകാർക്കും വായനക്കാർക്കും ബാലികേറാമലകളാണ്. സ്വതന്ത്രഭാരതത്തിലെ എഴുത്തുകാരും വായനക്കാരും ഉൾപ്പെടെയുള്ള പൗരന്മാർക്ക് ആധുനികഭാരതത്തിലെ മുക്കാലെ അരയ്ക്കാൽ സാഹിത്യകൃതികളും വിലക്കപ്പെട്ട കനികളാണ്. ഇന്ത്യയിലാണെങ്കിൽ എല്ലാജനങ്ങൾക്കും പൊതുവിൽ വായിക്കാനും ആസ്വദിക്കാനും സാധിക്കുന്ന ഭാരതീയസാഹിത്യം ഇന്നില്ല. വസ്തുസ്ഥിതി ഇങ്ങനെ ആയിരിക്കെ ഓരോ ദേശത്തിലെ മാതൃഭാഷയിലും ഇതരങ്ങളായ പ്രാദേശികഭാഷകളിലെ ഏറ്റവും പ്രധാനങ്ങളായ ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുക മാത്രമാണ് ഈ ദുരവസ്ഥ പരിഹരിക്കാനുള്ള ഏകമാർഗ്ഗമെന്നു തോന്നുന്നു. "[13]

അപ്പോൾ ഇന്ത്യയെപ്പോലെ വ്യത്യസ്തഭാഷകൾ നിലവിലിരിക്കുന്ന രാജ്യത്ത് താരതമ്യപഠനത്തിന് വിവർത്തനം കൂടിയേതീരൂ. ഭാരതീയ ഭാഷാസാഹിത്യങ്ങളുടെ പരസ്പരവിവർത്തനം രാജ്യത്തിന്റെ സാംസ്കാരിക വിനിമയത്തിന് വഴിയൊരുക്കുന്നുവെന്ന വസ്തുത ഡോ. സുകുമാർ അഴീക്കോടും സൂചിപ്പിക്കുന്നുണ്ട്. "രാഷ്ട്രങ്ങളും സമുദായങ്ങളും തമ്മിൽത്തമ്മിൽ വർദ്ധിച്ച സംഘട്ടനങ്ങൾ നടക്കുന്ന ഇക്കാലത്ത് സംസ്കാര സംഗമോപായമെന്നനിലയിൽ വിവർത്തനത്തിന് മുന്തിയ സ്ഥാനം ഉണ്ട്. വെറും ഹൃദയസംസ്കരണത്തിന് സാഹിത്യത്തിലെ ഉത്തമകൃതികളുടെ ആസ്വാദനം തന്നെ സഹൃദയന് ധാരാളമാണ്. അതിനപ്പുറത്ത് അന്യഭാഷക്കാരുടെ ജീവിത

രീതികളും ചിന്തകളും ആചാരങ്ങളുമെല്ലാം നാം അറിയേണ്ടതുണ്ട്. അവ മനസ്സിലാക്കാൻ അന്യഭാഷകളിലെ കൃതികൾ വിവർത്തനം ചെയ്യുകയാണ് നല്ല വഴി. "[14]

വിവിധ സംസ്കാരങ്ങൾ തമ്മിൽ സംഗമം ഉണ്ടാക്കുവാനും വിജ്ഞാനത്തിന്റെയും ആശയത്തിന്റെയും മേഖലയിൽ രൂപംകൊള്ളുന്ന വിചാര സംസ്കാരം പരത്താനും വിവർത്തനം എത്രത്തോളം സഹായകമാണെന്ന വസ്തുതയാണ് ഇവിടെ ബോധ്യപ്പെടുന്നത്.

ഭാരതീയഭാഷകളിൽ താരതമ്യ പഠനത്തിന് പ്രേരണ ലഭിച്ചതിന് പലകാരണങ്ങളുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെ ഫലമായി ഭാരതീയരിൽ ഉണ്ടായ ഐക്യബോധമാണ് അതിൽ പ്രധാനം. ജനതയുടെ മാനസികമായ സമാനഭാവം ഭാഷകളുടെ മാധ്യമത്തിലൂടെ കണ്ടെത്താനുള്ള പരിശ്രമമാണ് മറ്റൊന്ന്. ഇതിനെല്ലാമുപരി, ഭാഷകളുടെ വൈവിധ്യം അംഗീകരിച്ചുകൊണ്ടുതന്നെ അവയിൽ അന്തർലീനമായിരിക്കുന്ന ഏകത്വത്തിലേക്ക് അടുക്കുക എന്ന ചിന്തയും അതിന് പ്രേരണയായി. ' താരതമ്യപഠനം ഭാരതത്തിൽ' എന്ന ലേഖനത്തിൽ എൻ.ഇ.വിശ്വനാഥഅയ്യർ, ഭാരതീയഭാഷകളിൽ താരതമ്യപഠനത്തിന് തടസ്സമായി നിൽക്കുന്ന വസ്തുതകൾ ഇപ്രകാരം ചൂണ്ടിക്കാട്ടുന്നു. "അവരവരുടെ ഭാഷയെപ്പറ്റി അതിരുകടന്ന ദുരഭിമാനവും മറ്റുഭാഷകളെ ബഹുമാനിക്കാനുള്ള സന്മനോഭാവത്തിന്റെ കുറവും ഈ പ്രവണതയുടെ പിന്നിൽ ഉണ്ട്. അപകർഷബോധവും താരതമ്യപഠനത്തിന് തടസ്സമായി നിൽക്കുന്നു. തങ്ങളുടെ ഭാഷയിലെ ഒരു സാഹിത്യകാരനെ വിശ്വപ്രസിദ്ധനായ മറ്റൊരു സാഹിത്യകാരനോടു താരതമ്യപ്പെടുത്തുന്നത് മൂഢതയാണെന്ന അപകർഷചിന്ത ചിലരിൽ കാണാം. മറിച്ച് തങ്ങളുടെ ഭാഷയിലെ ഇന്ന സാഹിത്യകാരനോടു കിടപിടിക്കാൻ മറ്റൊരു ഭാരതീയ ഭാഷയിലെയും സാഹിത്യകാരന് പറ്റുകയില്ല എന്ന മുൻവിധിയോടുള്ള സമീപനവും ചിലരിൽ കാണാം. "[15] ചുരുക്കിപ്പറഞ്ഞാൽ ഭാരതത്തിനു ദേശീയസ്വാതന്ത്ര്യം ലഭിച്ചുകഴിഞ്ഞുവെങ്കിലും മാനസിക സ്വാതന്ത്ര്യം വേണ്ടത്ര ലഭിച്ചിട്ടില്ല എന്ന അഭിപ്രായമാണ് അദ്ദേഹം സ്ഥാപിക്കുന്നത്. മറ്റു പാശ്ചാത്യ ഭാഷകളോടു കിടപിടിക്കാൻ തക്ക പ്രാപ്തി മലയാളഭാഷയ്ക്കുണ്ടെന്ന് മനസ്സിലാക്കാൻ താരതമ്യപഠനം അത്യന്താപേക്ഷിതമാണെന്ന വസ്തുതയാണ് ഇതിൽ നിന്ന് ബോധ്യപ്പെടുന്നത്.

# താരതമ്യസാഹിത്യമേഖലയിൽ ഡോ.കെ.എം.ജോർജ്ജിന്റെ സംഭാവനകൾ

"പല ഭാഷകളിൽ എഴുതപ്പെടുന്നുവെങ്കിലും ഭാരതീയ സാഹിത്യം ഒന്നേയുള്ളു "[16]എന്ന് കേന്ദ്രസാഹിത്യഅക്കാദമി ആരംഭംമുതലേ പ്രചരിപ്പിച്ചുകൊണ്ടിരുന്ന കാര്യം ഒരു ആപ്തവാക്യം പോലെ സ്വീകരിച്ച മഹാനുഭാവനാണ് ഡോ.കെ. എം.ജോർജ്ജ്. ഭാരതത്തിലെ ഓരോ സാഹിത്യത്തിനും അതിന്റേതായ തനിമയും പ്രത്യേകതകളും ഉള്ളപ്പോൾതന്നെ, എല്ലാ സാഹിത്യങ്ങളിലും അന്തർഭവിച്ചിട്ടുള്ള ചില സാമാന്യഘടകങ്ങൾ ഉണ്ടെന്നും, ആ കൃതികൾ പാശ്ചാത്യ ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ മാത്രമാണ് അവ ബോധ്യപ്പെടുന്നതെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു.

താരതമ്യസാഹിത്യ പഠനത്തിന് മലയാളത്തിൽ ആദ്യമായി ശ്രദ്ധേയമായ ഒരു മാതൃക സമ്മാനിച്ച ഡോ.കെ.എം.ജോർജ്ജിന്റെ, ഭാരതീയസാഹിത്യ സമന്വയ പ്രവർത്തനങ്ങൾ അദ്ദേഹത്തെ അന്താരാഷ്ട്രതലത്തിൽ പ്രശസ്തനാക്കി. "എല്ലാ ഭാരതീയ ഭാഷകളിലെയും സാഹിത്യപ്രവർത്തനങ്ങളെ സമന്വയിപ്പിക്കുകയും പോഷിപ്പിക്കുകയും അവയിലൂടെ സാംസ്കാരിക ഐക്യം ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക "[17] എന്ന കേന്ദ്രസാഹിത്യ അക്കാദമിയുടെ പ്രഖ്യാപിത നയത്തെ മാനദണ്ഡമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് കേന്ദ്രസാഹിത്യ അക്കാദമിയുടെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന കാലത്ത് ഡോ.ജോർജ്ജ് നിർവഹിച്ചത്. ഭാരതീയതയുടെയും ഭാരതീയ ധൈഷണികതയുടെയും ഉജ്ജ്വല പ്രതീകങ്ങളായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും സർവ്വേപ്പിള്ളി രാധാകൃഷ്ണനുമായിരുന്നു അന്ന് അതിന്റെ സാരഥികൾ. കൂടാതെ, അക്കാദമിയുടെ ഭരണസമിതിയിലും ജനറൽ കൗൺസിലിലും അംഗവും മലയാളം ഉപദേശക സമിതിയുടെ അധ്യക്ഷനും ആയ സർദാർ കെ.എം. പണിക്കരുമായും അടുത്തബന്ധം പുലർത്താൻ ഡോ.കെ.എം.ജോർജ്ജിനു കഴിഞ്ഞിട്ടുണ്ട്. " മലയാളസാഹിത്യത്തിന്റെയും പ്രൈവറ്റ് കോളേജിന്റെയും സങ്കുചിത രംഗത്തുനിന്ന് ഭാരതീയ സാഹിത്യത്തിന്റെ, വിശാലരംഗങ്ങളിലേക്ക് തന്നെ പിടിച്ചു കയറ്റിയ മഹാപ്രതിഭ"[18] ആയിട്ടാണ് സർദാർ കെ.എം.പണിക്കരെ അദ്ദേഹം അനുസ്മരിക്കുന്നത്. പക്വമതികളും അസാമാന്യ

പ്രതിഭാ സമ്പന്നരുമായ ഇത്തരം വ്യക്തികളുമായുള്ള അടുപ്പം ഭാരതീയ സാഹിത്യ സംബന്ധമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ അദ്ദേഹത്തിന് ഏറെ സഹായക മായി.

ഭാരതീയ സാഹിത്യങ്ങൾ, സാധാരണ വായനക്കാർക്കു അജ്ഞാതങ്ങ ളാണെന്ന് മനസ്സിലാക്കിയ ഡോ. ജോർജ്ജ് ഇവയെ ഒന്നിച്ചു കൊണ്ടു വരണം എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചതിന്റെ ഫലമാണ് 'കംപാരിറ്റിവ് ഇന്ത്യൻ ലിറ്ററേച്ചർ' എന്ന കൃതി. ഈ കൃതിയുടെ ചീഫ് എഡിറ്ററായി അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾ പ്രശം സാർഹമാണ്. "താരതമ്യ സാഹിത്യ മേഖലയിലെ അഗ്രഗാമി"[19] എന്ന വിശേഷണം അദ്ദേഹത്തിന് എന്തുകൊണ്ടും യോജിക്കുന്നതാണ്. "ഭാരതീയ സാഹിത്യത്തിൽ ഐക്യ ത്തിന്റെ സന്ദേശം ഉൾക്കൊള്ളുകയും ആ സംസ്കാരം പ്രചരിപ്പിക്കുകയും ചെയ്ത മറ്റൊരെഴുത്തുകാരൻ ഉണ്ടെന്നു തോന്നുന്നില്ല"[20]. എന്ന സുകുമാർ അഴീക്കോടിന്റെ അഭിപ്രായവും ഈയവസരത്തിൽ ശ്രദ്ധേയമാണ്.

സാഹിത്യത്തിന്റെ അടിസ്ഥാന ഘടകം ഭാഷയാണ്. ഇന്ത്യയെന്ന ആശ യവും ആദർശവും ആവിഷ്കാരം കണ്ടെത്തുന്നത് രൂപവൈവിധ്യവും ലോലവ്യത്യാ സവുമുള്ള ഇന്ത്യൻ ഭാഷകളിൽ കൂടിയാണ്. ഭാരതീയ സാഹിത്യസമുച്ചയം അതിന്റെ രൂപത്തിലും ഭാവത്തിലും ഭാരത ചേതനയെ വെളിപ്പെടുത്തുന്നതാണ്. ഈ ഉറച്ച ബോധം ആണ് ഇത്തരം മഹത്തായ ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിന് ഡോ. ജോർജ്ജിനെ പ്രേരി പ്പിച്ചത്. അങ്ങനെ കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചർ (Comparative Indian Literature) എന്ന കൃതി വെളിച്ചം കണ്ടു. ആയിരത്തിത്തൊള്ളായിരത്തി എൺപത്തിനാല്, എൺപ ത്തിഅഞ്ച് എന്നീ വർഷങ്ങളിലായി പുറത്തു വന്ന കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചർ എന്ന ഇംഗ്ലീഷ് കൃതി ഭാരതീയ സാഹിത്യങ്ങളെ അവയിലെ വിഭിന്ന ശാഖകളുടെ പഠ നങ്ങളെ അവലംബമാക്കി, ഒന്നിച്ചു കൊണ്ടു വരാനുള്ള ആദ്യ ശ്രമമായിരുന്നു. ഡോ. ജോർജ്ജ് ഇതിനു മുമ്പു നടത്തിയ എല്ലാ സാഹിത്യ പരിശ്രമങ്ങളിൽ നിന്നും അദ്ദേഹം നേടിയ അനുഭവ സമ്പത്തിന്റെ ആകെത്തുകയായിരുന്നു സി. ഐ. എൽ (കംപാരി റ്റീവ് ഇന്ത്യൻ ലിറ്ററേച്ചർ) സ്കീമിൽ പ്രതിഫലിച്ചത്. ഔദ്യോഗിക ജീവിതത്തിൽ അദ്ദേഹം

നേടിയ അനുഭവസമ്പത്തും ഇതിന് വളരെയേറെ സഹായകമായി. കേന്ദ്രസാഹിത്യ അക്കാദമിയുടെ അസിസ്റ്റന്റ് സെക്രട്ടറിയായും അക്കാദമിയുടെ തന്നെ ദക്ഷിണ മേഖലാ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്ന കാലയളവിൽ ഇന്ത്യയിലെ എല്ലാ ഭാഷകളിലുമുള്ള സാഹിത്യകാരന്മാരെയും പണ്ഡിതന്മാരെയും പരിചയപ്പെടുവാനും മറ്റു തരത്തിൽ ബന്ധം പുലർത്തുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഈ പരിചയമൊക്കെ കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചറിന്റെ നിർമ്മാണത്തിൽ അദ്ദേഹത്തിന് ഏറെ പ്രയോജനപ്പെടുത്താൻ സാധിച്ചു. താരതമ്യ സാഹിത്യ പഠനരംഗത്തു അത്യന്തം ശ്രദ്ധേയമായ ഒരു കൃതിയാണിത്. ഓരോ ഭാഷയിലെയും സാഹിത്യത്തിന്റെ വികാസത്തെ മറ്റു സാഹിത്യങ്ങളുടെ വികാസവുമായി ബന്ധിപ്പിച്ചു പഠിക്കാൻ സഹായിക്കുന്ന ഈ കൃതി താരതമ്യ പഠനരംഗത്ത് ഒരു മുതൽക്കൂട്ടാണ്. ഭാരതത്തിലെ വിഭിന്ന സാഹിത്യങ്ങളെ വ്യത്യസ്തങ്ങളായ സാഹിത്യ ശാഖകളുടെ അടിസ്ഥാനത്തിൽ ഒന്നിച്ചു കൊണ്ടു വരാനുള്ള ശ്രമമാണ് ഈ കൃതിയുടെ രചന കൊണ്ട് സാധ്യമായത്.

കേരള സാഹിത്യ അക്കാദമിയുടെ രജതജൂബിലി സ്മാരകമായി ഇംഗ്ലീഷിൽ തയ്യാറാക്കിയിട്ടുള്ള കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചറിന്റെ മലയാള വിവർത്തനം ആണ് 'ഭാരതീയസാഹിത്യ ചരിത്രം' എന്ന ഗ്രന്ഥം. കേരളത്തിനുള്ളിലും വെളിയിലും ഉള്ള സാഹിത്യ പണ്ഡിതന്മാരുടെ മുക്തകണ്ഠമായ പ്രശംസ നേടിയ ഒരു കൃതിയാണിതെന്ന് ഡോ. കെ. എം. ജോർജ്ജ് തന്നെ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി വ്യക്തമാക്കുന്നുണ്ട്. സാഹിത്യ ചരിത്രകാരനും നാടകകൃത്തുമായ പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ അഭിപ്രായമാണ് അദ്ദേഹം രേഖപ്പെടുത്തുന്നത്. "മലയാളത്തിൽ എന്നല്ല, മറ്റേതൊരു ഭാഷയിലും ഇന്നുവരെ ഉണ്ടായിട്ടില്ലാത്തതും എന്നാൽ ഉണ്ടാകേണ്ടിയിരുന്നതുമായ ഒരു മഹാഗ്രന്ഥം മലയാളത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്നു. കേരളസാഹിത്യഅക്കാദമി ഇത്രത്തോളം വരിഷ്ഠവും ഗരിഷ്ഠവുമായ ഒരു കൃതി ഇന്നുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഭാരതീയ സാഹിത്യലോകത്തിനും പണ്ഡിത മണ്ഡലത്തിനും ആകമാനം കേരളം നൽകുന്ന വിശിഷ്ട സംഭാവനയായി രാജ്യമൊട്ടുക്കു ആദരിക്കപ്പെടാൻ പോരുന്ന അർഹതയും യോഗ്യതയും ഈ ഗ്രന്ഥത്തിനുണ്ട്. കഠിനവും

നിരന്തരവും സുഭാവിതവുമായ പ്രയത്നം തന്നെയാണ് ഈ വിജയത്തിന്റെ ഭദ്രമായ അടിസ്ഥാനം"[21]. ഡോ. കെ. എം. ജോർജ്ജിന്റെ ആസൂത്രണ വൈഭവം വെളിപ്പെടുത്തുന്ന അമൂല്യമായ കത്തുകളുടെ സമാഹർത്താവായ ഡോ. എൻ. സാം, ഭാരതീയ സാഹിത്യത്തിന് ഡോ. ജോർജ്ജിനു ലഭിച്ച പ്രശംസാ വചനങ്ങളെ രേഖപ്പെടുത്തുന്നുണ്ട്.

"ഭാരതത്തിന്റെ ആത്മാവിലേക്ക് കേരളത്തിൽ നിന്നൊരു പാലം "[22] എന്നാണ് പോഞ്ഞിക്കര റാഫി ഈ ഗ്രന്ഥത്തെ വിലയിരുത്തുന്നുത്. മറ്റു പല സാഹിത്യചരിത്രങ്ങളിലെയും പോലെ, പതിനഞ്ചു ഭാഷകളിലെ സാഹിത്യചരിത്രം ഓരോ അദ്ധ്യായങ്ങളിലൂടെ സംക്ഷേപിച്ചെടുക്കുന്ന ലളിതമായ രീതിയിലല്ല ഇതിന്റെ സംവിധാനം. ഭാരതീയ സാഹിത്യചരിത്രത്തെ പന്ത്രണ്ടു ഖണ്ഡങ്ങളായാണ് സംവിധാനം ചെയ്തിരിക്കുന്നത്. അസമിയ മുതൽ ഹിന്ദി വരെയുള്ള പതിനഞ്ചു പ്രധാന ഭാഷകളെക്കുറിച്ചുള്ള വിവരങ്ങൾ ആണ് അകാരാദിക്രമത്തിൽ കൊടുത്തിരിക്കുന്നത്. ഭാഷ, നാടോടിസാഹിത്യം, പൂർവകാല കവിത,, ആധുനിക കവിത, നാടകം, നോവൽ എന്നിങ്ങനെ ആറു ഖണ്ഡങ്ങളാണ് ഒന്നാം വാല്യത്തിലുള്ളത് ചെറുകഥ, ജീവചരിത്രരചനകൾ, ഗദ്യസാഹിത്യം, സാഹിത്യനിരൂപണം, ബാലസാഹിത്യം പ്രസ്ഥാനങ്ങൾ, സാഹിത്യസംഘടനകൾ എന്നിങ്ങനെ ആറു ഖണ്ഡങ്ങൾ രണ്ടാം വാല്യത്തിലുണ്ട്. അതത് പ്രസ്ഥാനങ്ങളിലെ വ്യത്യസ്തഭാഷകളിൽ കാണുന്ന സാമ്യവ്യത്യാസങ്ങളെ പരാമർശിക്കുന്ന ആമുഖ പ്രബന്ധത്തോടുകൂടിയാണ് ഓരോ ഖണ്ഡവും ആരംഭിക്കുന്നത്. ആ ആമുഖമാവട്ടെ ഇന്ത്യൻ ഭാഷകളിലെ ഏതെങ്കിലും പ്രശസ്ത സാഹിത്യകാരന്മാർ എഴുതിയതും. സാഹിത്യരൂപങ്ങളുടെ അടിസ്ഥാനത്തിലുള്ള സംവിധാനം കൊണ്ട് ഈ കൃതി താരതമ്യ പഠനത്തിന് വളരെയേറെ സഹായകമാണ്.

ഒന്നാം ഖണ്ഡത്തിൽ ഭാഷയെക്കുറിച്ചുള്ള ആമുഖം ചീഫ് എഡിറ്റർ തന്നെയാണ് എഴുതിയിരിക്കുന്നത് - രണ്ടാം വാല്യത്തിലെ അവസാന വിഭാഗമായ പ്രസ്ഥാനങ്ങൾ, സാഹിത്യസംഘടനകൾ എന്നതിന് ആമുഖവും ഡോ. ജോർജ്ജിന്റേതാണ്. അസമിയ, ഉർദു, ഒറിയ, കന്നഡ, കാശ്മീരി, ഗുജറാത്തി, തമിഴ്, തെലുങ്ക്, പഞ്ചാബി, ബംഗാളി, മലയാളം, മറാഠി, സംസ്കൃതം, സിന്ധി, ഹിന്ദി എന്നീ ഭാഷകളിലെ

സാഹിത്യ സംഭാവനകളെയാണ് ഓരോ അദ്ധ്യായത്തിലും വിവരിക്കുന്നത്. സ്വന്തം ഭാഷയ്ക്കപ്പുറത്തു കടന്ന് ഇന്ത്യൻ സാഹിത്യത്തെ മൊത്തത്തിൽ കാണുവാനും പ്രകാശിപ്പിക്കുവാനുമുള്ള ഗണ്യമായ പരിശ്രമങ്ങൾ ഒരു ഭാരതീയ ഭാഷയിലും ഉണ്ടായിട്ടില്ല എന്ന വസ്തുത 'ഭാരതീയസാഹിത്യ'ത്തിന്റെ പ്രസ്താവനയിൽ ചീഫ് എഡിറ്റർ ചൂണ്ടിക്കാട്ടുന്നുണ്ട്.

സാഹിത്യ അക്കാദമി അന്ന് അംഗീകരിച്ചിരുന്ന പതിനഞ്ചു പ്രാദേശിക ഭാഷകൾക്കു പുറമേ നേപ്പാളി, കൊങ്കിണി, മണിപ്പൂരി, ദോഗ്രി, മൈഥിലി, രാജസ്ഥാനി, ഇന്ത്യൻ ഇംഗ്ലീഷ് എന്നിങ്ങനെ ഏഴു ഭാഷകളെ സംബന്ധിച്ച പഠനവും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ലേഖനവും എഴുതിയിട്ടുള്ളത് അതതുവിഷയത്തിൽ പ്രാഗല്ഭ്യമുള്ള പണ്ഡിതന്മാരാണ് ഓരോ ലേഖനത്തിന്റെയും അവസാനം ചേർത്തിരിക്കുന്ന ഗ്രന്ഥസൂചി താരതമ്യ ഗവേഷണത്തിനൊരുങ്ങുന്നവർക്ക് വളരെ പ്രയോജനപ്രദമാണ്. വിവിധ ഭാരതീയ സാഹിത്യങ്ങളെ കുറിച്ച് ആധികാരികമായ അറിവുനൽകുന്നതിനു പുറമേ ഇന്ത്യയിലെ മുഖ്യ സാഹിത്യങ്ങളെ സാഹിത്യരൂപനിഷ്ഠമായി പരസ്പരം ബന്ധിപ്പിക്കുന്നതിനും പര്യാപ്തമാണീകൃതി.

അന്ധമായ ഭാഷാഭിമാനം പലപ്പോഴും അനഭിലഷണീയമായ രീതിയിൽ താരതമ്യം ചെയ്യാൻ പലരേയും പ്രേരിപ്പിക്കാറുണ്ട്. വ്യക്തമായ ധാരണയില്ലാതെ പുറപ്പെടുവിക്കുന്ന അത്തരം അഭിപ്രായങ്ങളുടെ അർത്ഥശൂന്യതയെ വ്യക്തമാക്കിക്കൊടുക്കുന്നതിന് പറ്റിയ വിവരണങ്ങൾ ഉദാഹരണങ്ങളിലൂടെ സൂചിപ്പിക്കുന്നത് ഈ കൃതിയുടെ മേന്മതന്നെയാണ്. പ്രസ്താവനയിൽ ചീഫ് എഡിറ്റർ തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. " ചെറുകഥകളുടെ കാര്യത്തിൽ മലയാളത്തേക്കാൾ മെച്ചപ്പെട്ട മറ്റൊരു ഭാരതീയഭാഷയുമില്ല എന്നു നമ്മുടെ ചില സാഹിത്യരസികന്മാർ പറഞ്ഞു കേൾക്കാറുണ്ട്. പഞ്ചാബികളും, തെലുങ്കരും മറ്റു ചില ഭാഷക്കാരും തങ്ങളുടെ ചെറുകഥകളെക്കുറിച്ച് ഇതേ അഭിപ്രായം തന്നെ പറഞ്ഞു കേട്ടിട്ടുണ്ട്. മറ്റുള്ള എല്ലാ ഭാഷകളിലെയും ചെറുകഥകൾ ധാരാളമായി വായിച്ചതിനുശേഷം, പുറപ്പെടുവിക്കുന്ന ഒരഭിപ്രായമല്ല ഇത്. ഇങ്ങനെ സന്ദേഹാസ്പദവും അതിലോലവുമായ അടിസ്ഥാനത്തിൽ ഉദ്ഭൂതമാകുന്ന

നിഗമനങ്ങൾ തിരുത്തുന്നതിനും, സ്വന്തം ഭാഷയുടെ ശക്തി ദൗർബല്യങ്ങൾ ഏതേതം ശങ്ങളിലാണ് എന്ന് മനസ്സിലാക്കുന്നതിനും സഹായിക്കുന്ന ഒരു ഗ്രന്ഥമാണ് ഈ സാഹിത്യചരിത്രം"[23]. ഭാരതീയ സാഹിത്യത്തിൽ മലയാളത്തിന്റെ സ്ഥാനം എന്തെന്നു വിലയിരുത്താനും വസ്തുനിഷ്ഠമായ നിലപാടു സ്വീകരിക്കുവാനും ഈ കൃതി സഹായിക്കുമെന്ന പ്രതീക്ഷയാണ് ചീഫ് എഡിറ്ററായ ഡോ.ജോർജ്ജ് വച്ചു പുലർത്തുന്നത്. കൂടാതെ ഭാരതീയ ഭാഷകളിലെ ചില സാഹിത്യപ്രസ്ഥാനങ്ങളെ സംബന്ധിച്ച താരതമ്യാധിഷ്ഠിതമായ ഭാഗിക പഠനങ്ങൾ നടത്തുന്നതിനും ഈ കൃതി സഹായകമാണ്.

താരതമ്യനിരീക്ഷണത്തിലൂടെ വസ്തുതകൾ ബോധ്യപ്പെടാൻ പാകത്തിൽ രചന നിർവഹിച്ചിരിക്കുന്ന ഈ കൃതിയുടെ നാടോടിസാഹിത്യം എന്ന ഖണ്ഡത്തിന് ആമുഖപ്രബന്ധം എഴുതിയിരിക്കുന്നത് ഡോ.കെ.എം.ജോർജ്ജും ഡോ.കെ.അയ്യപ്പപണിക്കരും ആണ്. അജ്ഞാതകർത്തൃകങ്ങളായ നാടൻപാട്ടുകൾ തലമുറയിൽ നിന്ന് തലമുറയിലേക്കു ചൊല്ലിക്കേട്ടു പോരുന്നവയാണെന്നും പരിഷ്കൃതമായ സാഹിത്യ ശാഖകളിൽ ശ്രദ്ധകേന്ദ്രീകരിച്ച പണ്ഡിതന്മാർ പലപ്പോഴും നാടൻ പാട്ടുകളുടെ മേന്മ മനസ്സിലാക്കാനോ അവയെ വർഗ്ഗീകരിക്കാനോ ശ്രമിച്ചുകാണുന്നില്ല എന്ന് ആമുഖ കർത്താക്കൾ വിവരിക്കുന്നു. മാത്രമല്ല നാടോടിപ്പാട്ടുകളുടെ അന്വേഷണത്തിൽ മുഴുകുന്നവർക്ക് പലപ്പോഴും ശരിയായ രീതിയിൽ ആധികാരികമായ വിവരങ്ങൾ ലഭ്യമല്ല എന്ന കാര്യവും പലഭാഷകളുടെ നാടോടി സാഹിത്യചരിത്രം പരിശോധിച്ചപ്പോൾ ബോധ്യപ്പെടുന്നുണ്ട്. എന്നാൽ കാർഷിക ഗ്രാമീണ സംസ്കൃതിയുടെ അന്വേഷണത്തിൽ ഒരു പ്രഭവം തന്നെയായ നാടോടിപ്പാട്ടുകളിൽ ദേശഭേദത്തിനനുസരണമായിക്കാണുന്ന പ്രമേയപരവും ഘടനാപരവുമായ സവിശേഷതകൾ എന്തൊക്കെയാണെന്ന് പതിനഞ്ചു ഭാഷകളിലെ നാടോടിസാഹിത്യചരിത്രം പരിശോധിച്ചു കണ്ടെത്താൻ കഴിയുന്നുണ്ട്.

നാടോടി സംസ്കാരത്തിന്റെ പല പൊതുവായ ഘടകങ്ങളും പാട്ടുകളിൽ കണ്ടെത്താൻ കഴിയുന്നു. തൊഴിൽ വിനോദം, ഉൽസവങ്ങൾ അനുഷ്ഠാനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടാണ് പലപാട്ടുകളും ഉദ്ഭവിച്ചിരിക്കുന്നത്. ഭാഗികമായ ഒരന്വേഷണത്തിന് സഹായിക്കാൻ മാത്രം പര്യാപ്തമായതാണ് ഇതിലെ വിവരണങ്ങൾ.

സാമൂഹ്യപ്രാധാന്യമുള്ള നാടോടി നാടകങ്ങളായാലും പഴഞ്ചൊല്ലുകളായാലും ഒരു നാട്ടിൽ പ്രചാരത്തിലുള്ള അർത്ഥത്തിൽത്തന്നെ മറ്റൊരു ദേശത്തും പ്രയോഗിച്ചിരിക്കുന്നുവെന്ന് ഗ്രഹിക്കാൻ കഴിയും.

ഉത്സവപ്പാട്ടുകളിൽ കാണുന്ന സമാനത ശ്രദ്ധേയമാണ്. അസമിയയിലെ ബിഹുഗാനങ്ങൾക്ക് സമാനമാണ് മലയാളത്തിലെ പുതുവത്സരപ്പാട്ടുകൾ. തമിഴ്നാട്ടിൽ പൊങ്കൽ പോലുള്ള കൊയ്ത്തുത്സവങ്ങൾക്കും 'വോളാ' എന്ന മറാത്തി കാർഷിക ഗാനോത്സവങ്ങളും തമ്മിൽകാണുന്ന സ്പഷ്ടമായ സാമ്യം ശ്രദ്ധേയാണ്. ബംഗാളിയിലെ 'തുസു' ഗാനങ്ങൾ, പഞ്ചാബിയിലെ 'തീജ' ഗാനങ്ങളും തമിഴിലെ 'തിരുവിഴാ' ഗാനങ്ങളും ഒരേ ഭാവം പ്രകടമാക്കുന്നവയാണ്.

അനുഷ്ഠാനഗാനങ്ങളിലും ഇത്തരം സമാനത ദർശിക്കാം. എല്ലാ ദേശങ്ങളിലും ഒരു പോലെ ആരാധിക്കപ്പെടുന്ന നാടൻ ദേവതയായ കാളി ആസാമിൽ 'ആയി'യും 'ശീതള'യുമാണ്. തമിഴ്നാട്ടിലെ അമ്മനും മാരിയമ്മനും കാളിതന്നെയാണ്. തൊഴിൽപ്പാട്ടുകളും ഇപ്രകാരം പല ദേശങ്ങളിൽ പല പേരിൽ നിലവിലുണ്ടെന്ന് മനസ്സിലാക്കാൻ അവലോകന പരമായ ഈ പഠനത്തിൽ നിന്നു കഴിയും. മലയാളത്തിലെ ഞാറ്റുപാട്ടുകൾ തന്നെയാണ് ബംഗാളിയിലെ മൈശാലും സിന്ധിയിലെ ഹമർകോയും. മലയാളത്തിലെ വാതിൽ തുറപ്പാട്ട്, കശ്മീരിയിൽ വനവുനും തമിഴിൽ കല്യാണപ്പാട്ടും തെലുങ്കിൽ വിയ്യാലവാരി പാടലുമാണ്. അനുഭവങ്ങൾ കാച്ചിക്കുറുക്കിയ താളബദ്ധമായ ആവിഷ്കാരങ്ങളായ പഴഞ്ചൊല്ലുകൾ എല്ലാ ഭാഷകളിലും ഉണ്ട്. ഗുജറാത്തിയിലെ ഭാവൈ മറാഠിയിലെ തമാശ, ലളിത്, പഞ്ചാബിയിലെ രാസ് തുടങ്ങിയവ മലയാളത്തിലെ കാക്കാരിശ്ശിനാടകത്തിന് സദൃശം തന്നെയാണ്.

ഇവയെല്ലാം വ്യത്യസ്ത ഭാഷകളിലെ നാടോടി സാഹിത്യങ്ങളിൽ കാണുന്ന സമാനതകളാണെങ്കിൽ വൈജാത്യങ്ങളും ഏറെയുണ്ട്. മറാഠി ഒഴികെയുള്ള എല്ലാ ഇന്ത്യൻ ഭാഷകളിലും പ്രേമം ഒരു സാമാന്യപ്രമേയമാണ്. അതുപോലെ രാധാകൃഷ്ണപ്രമേയം അസമിയ, ഹിന്ദി, ബംഗാളി, ഗുജറാത്തി മുതലായ ഭാഷകളിൽ ഒരു പോലെ കാണുമെങ്കിലും ദക്ഷിണേന്ത്യൻ ഭാഷകളിലെ നാടോടിസാഹിത്യത്തിൽ

ഇത്തരം പ്രമേയം അത്ര സാധാരണമല്ലെന്ന് കാണാം. നാടോടി സാഹിത്യങ്ങളുടെ കൂട്ടത്തിൽ ക്രിസ്തീയവും യഹൂദീയവുമായ പരാമർശങ്ങൾ കാണുന്നത് മലയാളത്തിൽ മാത്രമാണെന്ന വസ്തുതയും ഈ വിവരണങ്ങളിൽ നിന്നു ഗ്രഹിക്കാൻ കഴിയും. അതുപോലെ മുസ്ലീം സംസ്കാര പ്രതിഫലനം കൂടുതലും കാണുന്നത് മലയാളത്തിലും ഉറുദുവിലുമാണെന്ന് കണ്ടെത്താൻ കഴിയുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഒരു സമൂഹത്തിലെ ജനങ്ങളുടെ വിചാരവികാരങ്ങളും ആശയാഭിലാഷങ്ങളും ഭാവനാസങ്കല്പങ്ങളും പെരുമാറ്റരീതികളും പ്രതിഫലിക്കുന്ന നാടോടിസാഹിത്യത്തിന് ആ ദേശത്തിന്റെ സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ പരിസ്ഥിതികൾ മുതലായവയുമായി അടുത്ത ബന്ധമുണ്ടെന്ന് ഈ താരതമ്യ നിരീക്ഷണത്തിൽ ബോധ്യപ്പെടുന്നു.

ഗദ്യസാഹിത്യം എന്ന അധ്യായം പരിശോധിച്ചാൽ സ്പഷ്ടമാകുന്ന ഒരു വസ്തുത, അച്ചടിയുടെ രൂപത്തിൽ ആവിർഭവിച്ച പാശ്ചാത്യ സാങ്കേതികവിദ്യയാണ്. ഭാരതത്തിലെ എല്ലാ ഭാഷകളിലും ഗദ്യത്തിന്റെ പുരോഗതിക്കു കാരണമായതെന്നാണ്. ക്രിസ്ത്യൻ മിഷനറിമാരും കാര്യമായ പങ്കുവഹിച്ചിട്ടുണ്ടെന്ന കാര്യവും ബോധ്യപ്പെടുന്നുണ്ട്. ഗദ്യസാഹിത്യത്തിന് ആമുഖപഠനം നടത്തിയ സുജിത്മുക്കർജി ഭാരതീയ ഗദ്യത്തിന് വ്യക്തിത്വവും ധർമ്മവും ഉണ്ടായതെങ്ങനെയെന്ന് വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം വിവരിക്കുന്നു " വാസ്തവത്തിൽ യൂറോപ്യൻ പ്രേരണയുടെ ഫലമായി മാത്രമാണ് ഗദ്യരചനയ്ക്ക് ഒരു പ്രത്യേകവ്യക്തിത്വവും ധർമ്മവും സിദ്ധിച്ചത്. അതുവരെ ഗദ്യവു പദ്യവും തമ്മിലും സാഹിത്യപരമായ ഗദ്യവും സാഹിത്യേതരമായ സാമാന്യ ഗദ്യവും തമ്മിലും വേർതിരിക്കേണ്ട ആവശ്യകത ഭാരതീയ പാരമ്പര്യമനുസരിച്ച് ഉണ്ടായിരുന്നില്ല."[24] പല ഭാഷകളിലും സാഹിത്യേതര ഗദ്യത്തിന്റെ പ്രചാരത്തിനു കാരണങ്ങൾ പലതാണ്. ബുദ്ധപണ്ഡിതന്മാർ ബുദ്ധമാർഗ്ഗം വിശദീകരിക്കുവാനും ജൈനപണ്ഡിതന്മാർ ജൈനമതതത്ത്വങ്ങൾ വ്യാഖ്യാനിക്കുവാനും വിസ്തരിക്കാനും ആണ് പ്രാദേശികഭാഷകൾ ഗദ്യരൂപത്തിൽ ഉപയോഗിച്ചത്. മഹാരാഷ്ട്രയിലും കർണ്ണാടകത്തിലും അങ്ങനെ ഗദ്യം പ്രയോഗിക്കപ്പെട്ടു. മലയാളത്തിൽ ചാക്യാന്മാരുടെ സംഘടിതമായ സംസ്കൃത

നാടകാഭിനയം, നടന്മാർക്കു രംഗനിർദ്ദേശങ്ങളും പ്രയോഗരീതികളും മലയാളത്തിൽ എഴുതി വയ്ക്കുന്നതിനു അവസരം നൽകി. എന്നാൽ മിഷനറിമാരുടെ ശ്രമഫലമായ ഗദ്യവികാസത്തിന്റെ സാമാന്യമാതൃക ഇന്ത്യയിൽ എല്ലായിടത്തും ഏതാണ്ട് ഒരുപോലെയാണെന്ന് വ്യക്തമാക്കുന്നു. ആയിരിത്തി എണ്ണൂറ്റി അമ്പതുമുതൽ എല്ലാ ഇന്ത്യൻ ഭാഷകളിലും ഗദ്യം പുതിയപുതിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെട്ടു. അക്കൂട്ടത്തിൽ ബംഗാളാണ് മുൻപന്തിയിൽ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽത്തന്നെയുണ്ടായ പത്രങ്ങളുടെയും ലഘുലേഖകളുടെയും പ്രചാരമാണ് ഇതിന്റെ ഏറ്റവും പ്രകടമായ തെളിവ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം, പ്രത്യേകിച്ചും ഭാഷാസംസ്ഥാന പുനഃസംഘടനയ്ക്കുശേഷം, ഓരോ ഭാഷയിലും ഗദ്യത്തിന്റെ വളർച്ചയ്ക്ക് കൂടുതൽ പ്രചോദനം ലഭിച്ചതായി കാണാം. ചുരുക്കത്തിൽ ഗദ്യപുരോഗതിയുടെ കാര്യത്തിൽ ആംഗലഭാഷാസമ്പർക്കം മൂലം നമ്മുടെ ഭാരതീയ ഭാഷകൾക്കും സാഹിത്യങ്ങൾക്കും സിദ്ധിച്ച കരുത്തും സൗന്ദര്യവും പുഷ്ടിയും ഏറെ ശ്രദ്ധിക്കപ്പെടുന്നതാണെന്ന് ബോധ്യപ്പെടുന്നു.

മുൽക്രാജ് ആനന്ദിന്റെ ആമുഖത്തോടെയാണ് ചെറുകഥയുടെ അധ്യായം ആരംഭിക്കുന്നത്. വിവിധഭാരതീയഭാഷകളിലെ ചെറുകഥാചരിത്രം പരിശോധിച്ചതിനുശേഷം അവിടെയെല്ലാം ചെറുകഥയുടെ ആരംഭം എങ്ങനെയായിരുന്നുവെന്ന് അദ്ദേഹം വിലയിരുത്തുന്നുണ്ട്. "നമ്മുടെ നാട്ടിൽ തഴച്ചുവളരുന്ന ബഹുവിധ സംസ്കാരങ്ങളിൽ മാനുഷികമായ ജീവിതപരിതഃസ്ഥിതികളെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ദാർശനികമായ ഭാഷയിലൂടെ മാത്രമല്ല, ബൗദ്ധജാതകകഥകളിലൂടെയും പഞ്ചതന്ത്രകഥകളിലൂടെയും, പിൽക്കാലത്ത് ബൃഹത്കഥയിലെ ഹൈന്ദവമിത്തുകളിലൂടെയുമാണ് വിശദീകരിച്ചുകാണുന്നതെന്ന്"[25] വസ്തുതയാണ് അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. ടാഗോറിന്റെ പാത പിൻതുടരുന്നവരായതുകൊണ്ടാകാം, നോവലിലെന്നതുപോലെ ചെറുകഥയിലും ബംഗാളികളാണ് അഗ്രഗാമികൾ എന്ന വസ്തുത ചെറുകഥാവലോകനത്തിൽ സ്പഷ്ടമാകുന്നു. ചെറുകഥയുടെ വളർച്ചയിൽ സമാന്തരപ്രസ്ഥാനങ്ങൾ ഏറെ ഉണ്ടായിട്ടുണ്ടെങ്കിലും ഏകരൂപമായ ഒരു സംസ്കാരം ദൃശ്യമല്ലെന്ന യാഥാർത്ഥ്യം ചെറുകഥാവലോകനത്തിൽ വെളിപ്പെടുന്നുണ്ട്.

ജീവചരിത്ര രചനകളെക്കുറിച്ചുള്ള അവലോകനം നടത്തിയിരിക്കുന്നത് എം.കെ.ഗോകക് ആണ്. മഹാന്മാരായ മതാചാര്യന്മാർ, സിദ്ധന്മാർ, രാജാക്കന്മാർ എന്നിവരെക്കുറിച്ചുമാത്രമാണ് പ്രാചീനകാലത്ത് ഇന്ത്യയിൽ ജീവചരിത്രങ്ങൾ എഴുതിയിരുന്നതെന്ന വസ്തുത അദ്ദേഹം വ്യക്തമാക്കുന്നു. ഇതിനുപുറമേ ജീവചരിത്ര രചനയെ സർഗ്ഗാത്മക സാഹിത്യത്തിന്റെ ഒരു ശാഖയായി മാത്രമേ അക്കാലത്തു കരുതിയിരുന്നുമുള്ളൂ. ഈ സാഹചര്യത്തിൽ വ്യക്തിത്വത്തിന്റെ സത്യസന്ധമായ ചിത്രീകരണമെന്ന ആധുനിക ജീവചരിത്ര സങ്കല്പമനുസരിച്ചുള്ള കൃതികൾ ആദ്യകാലത്തുണ്ടായിരുന്നില്ലെന്നു മനസ്സിലാക്കാം. മാത്രമല്ല സ്വന്തം മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം പുലർത്തി ജീവചരിത്ര രചനനടത്താൻ അക്കാലത്തെ ജീവചരിത്രകാരന്മാർക്കു സാധിച്ചിരുന്നില്ല എന്നും കാണാം. ഇന്നത്തെ രീതിയിലുള്ള ജീവചരിത്രപ്രസ്ഥാനം, മറ്റു പല പ്രസ്ഥാനങ്ങളെയും പോലെ ഇന്ത്യയ്ക്കു സംഭാവന ചെയ്തത് പാശ്ചാത്യവിദ്യാഭ്യാസമാണെന്ന വസ്തുതയാണ് പല ഭാഷകളിലെയും ജീവചരിത്രസാഹിത്യം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം വിവിധ ഭാഷകൾക്കുവേണ്ടി സ്ഥാപിതമായ അക്കാദമികളുടെ പ്രോത്സാഹനവും ജീവചരിത്രസാഹിത്യത്തെ പരിപോഷിപ്പിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമര സേനാനികളുടെയും പ്രാദേശിക നേതാക്കാന്മാരുടെയും ജീവചരിത്രങ്ങൾ അക്കാലത്തു വിവിധഭാഷകളിൽ ഉണ്ടായി. ഗാന്ധിജി, നെഹ്റു തുടങ്ങിയ ദേശീയ നേതാക്കന്മാരുടെ ജീവചരിത്രങ്ങളാണ് അക്കൂട്ടത്തിൽ പ്രധാനം. തുടർന്ന് സാമൂഹിക പരിഷ്കർത്താക്കളായ വ്യക്തികളുടെ ജീവചരിത്രമാണ്. നെനോയ്ഘോഷ് ബംഗാളിയിൽ എഴുതിയ ഈശ്വരചന്ദ്രവിദ്യാസാഗർ, വാസുദേവൻ കർത്താ മലയാളത്തിലെഴുതിയ കെ.സി.മാമ്മൻമാപ്പിള തുടങ്ങിയവ ഉദാഹരണങ്ങൾ. പിന്നീട് വരുന്നത് സാഹിത്യകാരന്മാരുടെ ജീവചരിത്രങ്ങളാണ്. എ.ആർ.കൃഷ്ണശാസ്ത്രി കന്നഡഭാഷയിലെഴുതിയ ബങ്കിംചന്ദ്രചാറ്റർജിയുടെ ജീവചരിത്രം, പ്രഭാത്കുമാർ മുഖോപാധ്യായ ബംഗാളിയിലെഴുതിയ രവീന്ദ്രനാഥടാഗോറിന്റെ ജീവചരിത്രം, വി.രാമസ്വാമിഅയ്യങ്കാർ തമിഴിലെഴുതിയ ഭാരതീയാരുടെ ജീവചരിത്രം തുടങ്ങിയവ മികച്ച ജീവചരിത്രങ്ങൾക്കുള്ള ദൃഷ്ടാന്തങ്ങളാണ്.

ആത്മകഥകളുടെ ചരിത്രവും ഈ അധ്യായത്തിൽ വിവരിക്കുന്നുണ്ട്. ആത്മകഥകൾക്കും പ്രചോദനം പാശ്ചാത്യ സമ്പർക്കമാണെന്ന വസ്തുത ബോധ്യപ്പെടുന്നതാണ് ആത്മകഥയെ സംബന്ധിച്ച വിവരണങ്ങൾ. ആത്മകഥാ രചയിതാക്കളിൽ ഏറിയപങ്കും രാഷ്ട്രീയനേതാക്കളും സാമൂഹികപ്രവർത്തകരുമാണ്. മഹാത്മാഗാന്ധി ഗുജറാത്തി ഭാഷയിലും നെഹ്റു ഇംഗ്ലീഷിലും ഉപേന്ദ്രനാഥ ബന്ദ്യോപാധ്യായ ബംഗാളിയിലും വി.ഡി.സവർക്കാർ മറാഠിയിലും എഴുതിയ ആത്മകഥകൾ പ്രത്യേകം ശ്രദ്ധേയമാണ്. സാമൂഹിക പ്രവർത്തകരിൽ മന്നത്തുപത്മനാഭൻ (മലയാളം), ഈശ്വരചന്ദ്രവിദ്യാസാഗർ (ബംഗാളി) എന്നിവരുടെ ആത്മകഥകളെയും ഇവിടെ പരാമർശിക്കുന്നുണ്ട്. ഭാരതീയ ആത്മകഥാപ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ കാണുന്ന ഒരു പ്രത്യേകത ഈ മേഖലയിൽ സ്ത്രീകളുടെ പ്രാതിനിധ്യമാണ്. വ്യത്യസ്തദേശങ്ങളെ പ്രതിനിധാനം ചെയ്യുന്ന എഴുത്തുകാരികളുടെ ആത്മകഥകൾ അക്കൂട്ടത്തിൽപ്പെടും. അമൃതാപ്രീതം (പഞ്ചാബ്), ടി.ഹേമലത (ആന്ധ്ര), നയനതാരാസേഗൽ (ഇംഗ്ലീഷ്), ബി.കല്യാണിഅമ്മ (മലയാളം) തുടങ്ങിയവ അക്കൂട്ടത്തിൽ പ്രധാനമാണ്.

ജീവചരിത്രകൃതികളെക്കുറിച്ചുള്ള ഉപരിപ്ലവ പരാമർശങ്ങളാണ് വിവരണങ്ങളിലുള്ളതെങ്കിലും അതതു കാലത്തെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പരിസരങ്ങൾ സമാനഭാവത്തിൽ ഇവയിൽ പ്രത്യക്ഷപ്പെടുന്നുണ്ടെന്നും കാണാം.

ബാലസാഹിത്യവിഭാഗത്തെ വിശദമാക്കുന്ന ആമുഖലേഖനം കെ.ശിവരാമകാരന്തിന്റേതാണ്. ലേഖകന്മാരുടെ പരിമിതമായ വിവരണങ്ങളിൽ നിന്ന് ബാലസാഹിത്യ വിഭാഗത്തെ സംബന്ധിച്ച പാർശ്വവീക്ഷണം മാത്രമേ ലഭ്യമാവുകയുള്ളു എന്ന കാര്യം അദ്ദേഹം ആമുഖത്തിൽ പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ നോക്കാം "സംസ്കൃതമാണ് നമുക്കെല്ലാം പൊതുവായിട്ടുള്ള ഉറവിടമെന്ന് ഈ പര്യവേക്ഷണം വ്യക്തമാക്കുന്നു. കഥാസരിത്സാഗരം, പഞ്ചതന്ത്രം, പൗരാണികവിജ്ഞാനം എന്നിവ വിവർത്തനമായും അനുവർത്തനമായും എല്ലാ ഭാഷകളിലും വന്നിട്ടുണ്ട്. അതുപോലെ ഈസോപ്പുകഥകൾ, ഗ്രിംകഥകൾ, അറേബ്യൻ നൈറ്റ്സ്

കഥകൾ എന്നിവ മിക്ക ഭാഷകളിലും എഴുത്തുകാർ കുട്ടികൾക്കായി സ്വാഗതം ചെയ്തിട്ടുണ്ട്. "[26] മറ്റു പല സാഹിത്യ പ്രസ്ഥാനങ്ങളിലെപ്പോലെ തികച്ചും ഭാരതീയമായ ഭാവം മാത്രം ഉൾക്കൊള്ളുന്ന ബാലസാഹിത്യകൃതികൾ എണ്ണത്തിൽ കുറവാണെന്ന വസ്തുതയിലേക്കാണ് ഈ അവലോകനം വിരൽ ചൂണ്ടുന്നത്.

ചീഫ് എഡിറ്ററുടെ ആമുഖത്തോടെയുള്ള അവസാന അധ്യായം പേരു സൂചിപ്പിക്കുന്നതുപോലെ പ്രസ്ഥാനങ്ങളെയും സാഹിത്യസംഘടനകളെയും കുറിച്ചുള്ള വിവരണങ്ങളാണ്. സാഹിത്യത്തിന്റെ പൊതുപരിധിക്കു വെളിയിൽ നിലകൊള്ളുന്ന പ്രസ്ഥാനങ്ങളെയും സ്ഥാപനങ്ങളെയുമാണ് ഇവിടെ പരാമർശിക്കുന്നത്. സാഹിത്യകൃതികൾ ആസ്വദിക്കുന്നതിന് സ്ഥകാല സംബന്ധിയായ സാമൂഹികാന്തരീക്ഷത്തെക്കുറിച്ച് പരിപക്വമായ ഒരു ധാരണ അത്യന്താപേക്ഷിതമാണ്. വിവിധ ഭാഷകളുമായി ബന്ധപ്പെട്ട അത്തരം പ്രമുഖ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും വിവരണം അടങ്ങുന്ന ഒരു അദ്ധ്യായമാണെന്ന പ്രാധാന്യം ഇതിനുണ്ട്. മഹാത്മാഗാന്ധിയുടെ രംഗപ്രവേശത്തിനുമുൻപുതന്നെ പല ഭാരതീയകവികളും ദേശാഭിമാനപ്രതിപത്തി നിഴലിക്കുന്ന കവിതകൾ രചിച്ചിട്ടുണ്ടെന്ന് ഈ അധ്യായത്തിൽ നിന്ന് മനസ്സിലാക്കാം. ഗാന്ധിജി ദേശീയരംഗത്ത് ആധിപത്യം സ്ഥാപിച്ചതോടെ പ്രമേയത്തിന്റെയും കഥാവസ്തുവിന്റെയും തിരഞ്ഞെടുപ്പിൽ മാത്രമല്ല രചനാരീതിയിലും ഗാന്ധിജിയുടെ പ്രഭാവം എഴുത്തുകാർ സ്പഷ്ടമാക്കിയിരുന്നു. ഗാന്ധിജിയെപ്പോലെ തന്നെ പ്രസിദ്ധ കവിയായ രവീന്ദ്രനാഥടാഗോറും ഭാരതീയ സാഹിത്യകാരന്മാരെ സ്വാധീനിച്ചുവെന്ന് യുക്തിസഹിതം വിവരിക്കുന്നുണ്ട്.

ദേശഭക്തികാവ്യങ്ങളുടെ കടന്നുവരലായിരുന്നു ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളുടെ സവിശേഷതയായി കാണുന്നത്. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ വരവായിരുന്നു പിന്നീടുണ്ടായത്. വിവിധ ദേശങ്ങളിൽ വ്യത്യസ്ത പേരുകളിലറിയപ്പെട്ടിരുന്ന പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സ്വാധീനം ഭാരതീയഭാഷാസാഹിത്യങ്ങളിലെല്ലാം സോഷ്യലിസ്റ്റ് റിയലിസത്തിന്റെ ആധിപത്യത്തിനു കാരണമായെന്ന് വിവരണങ്ങളിൽ നിന്ന് മനസ്സിലാവുന്നു. കാറൽ മാർക്സും, ഫ്രോയ്ഡും മാത്ര

മല്ല, പല യൂറോപ്യൻ ചിന്തകരും ഭാരതീയസാഹിത്യകാരന്മാരെ സ്വാധീനിച്ചതിന്റെ രേഖകളാണ് പിന്നീടുള്ള വിവരണങ്ങളിൽ കാണുന്നത്.

ഭാരതത്തിൽ ഉണ്ടായിരുന്ന സാഹിത്യപ്രോത്സാഹനസമിതികളെക്കുറിച്ചും സംഘടനകളെക്കുറിച്ചുമുള്ള വിവരണം, ഈ ഖണ്ഡത്തിന്റെ മറ്റൊരു പ്രത്യേകതയായി പറയാം *സാഹിത്യപ്രോത്സാഹന സമിതികളും, സംഘടനകളും എക്കാ* ലത്തും ഭാരതത്തിൽ സജീവമായിരുന്നുവെന്നതിന് തെളിവുകളും നിരത്തുന്നുണ്ട്. തമിഴ് സാഹിത്യപരിപോഷണത്തിനുവേണ്ടി നിലകൊണ്ടിരുന്ന തമിഴ് സംഘടനകളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. നേട്ടങ്ങൾ കൈവരിച്ച എഴുത്തുകാരെ അംഗീകരിക്കാനും കഴിവുള്ളവരെ പ്രോത്സാഹിപ്പിക്കാനും വേണ്ടി സ്വാതന്ത്ര്യാനന്തരം സ്ഥാപിതമായ കേന്ദ്രസാഹിത്യഅക്കാദമി, ഇതിന്റെ മാതൃകയിൽ എട്ടു സംസ്ഥാനങ്ങളിൽ സ്ഥാപിക്കപ്പെട്ട പ്രാദേശിക അക്കാദമികൾ തുടങ്ങിയവയെക്കുറിച്ചെല്ലാം വ്യക്തമായ ധാരണ ഉളവാക്കാൻ പോന്ന പരാമർശങ്ങളും ഈ അധ്യായത്തിലുണ്ട്. പുസ്തകങ്ങളുടെ പ്രസിദ്ധീകരണം ഏറ്റെടുത്തും, വില്പന ഏർപ്പെടുത്തിയും, ഉയർന്ന റോയൽറ്റി നൽകിയും സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്ന സാഹിത്യകാരന്മാരുടെ സഹകരണസംഘങ്ങളെക്കുറിച്ചുള്ള വിവരണം ഈ അധ്യായത്തിന്റെ മറ്റൊരു പ്രത്യേകതയാണ്.

ഭാരതീയ സാഹിത്യചരിത്രത്തിൽ അവസാനം ഉൾപ്പെടുത്തിയിരിക്കുന്ന അനുബന്ധങ്ങൾ താരതമ്യഗവേഷകരെ സംബന്ധിച്ചിടത്തോളം ഒരപൂർവ്വശേഖരമാണ്. നാല് അനുബന്ധങ്ങളിൽ ഒന്നാമത്തേത്, ഏഴുഭാഷകളെക്കുറിച്ചുള്ള അവലോകനപരമായ ലേഖനങ്ങളാണ്. ഇന്ത്യൻ ഇംഗ്ലീഷ്, കൊങ്കണി, ദോഗ്രി, നേപ്പാളി, മണിപ്പൂരി, മൈഥിലി, രാജസ്ഥാനി എന്നീഭാഷകളെക്കുറിച്ച് സാമാന്യജ്ഞാനം ലഭിക്കാൻ ഈ ലേഖനങ്ങൾ പര്യാപ്തമാണ്. രണ്ടാം അനുബന്ധം ഈ ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള സാഹിത്യസംജ്ഞകളുടെ പട്ടികയാണ്. ഇതിന് രണ്ട് ഉപവിഭാഗങ്ങളുണ്ട്. ഇംഗ്ലീഷ് സമാനപദങ്ങളുടെ അടിസ്ഥാനത്തിൽ ഭാരതീയ ഭാഷകളിലെ സംജ്ഞകൾ, കുറിപ്പുകൾ എന്നതാണ് രണ്ടാമത്തെ ഉപവിഭാഗം. സമാന ശബ്ദാവലി എന്ന അടുത്ത അനു

ബന്ധമാണ് ഏറെ പ്രാധാന്യമുള്ളത്. ഗവേഷകർക്കുമാത്രമല്ല സാധാരണ വായന ക്കാർക്കും അത്യന്തം പ്രയോജനം ചെയ്യുന്ന ഭാഗമാണിത്.

വിവിധ ഭാഷകളിൽ വ്യത്യസ്തപേരുകളിൽ അറിയപ്പെടുന്ന സാഹിത്യ സംജ്ഞകളെ ഈ അനുബന്ധത്തിൽ കണ്ടെത്താൻ കഴിയും. 'ഫോക്‌ലോർ' (Folk lore) എന്ന പദം വിവിധഭാഷകളിൽ വ്യത്യസ്തപേരിലാണ് അറിയപ്പെടുന്നതെന്ന് ഈ അനുബന്ധത്തിൽ നിന്ന് ഗ്രഹിക്കാൻ കഴിയുന്നു. സംസ്കൃതത്തിൽ അത് 'ജനതാസാ ഹിത്യ'മാണ്. തമിഴിലാകട്ടെ 'നാട്ടുപ്പുറക്കലൈ'യും തെലുങ്കിൽ ജാനപദസാഹിത്യവു മാണ്. മലയാളത്തിൽ 'നാടോടിവിജ്ഞാനീയവു'ം മറാത്തിയിൽ 'ലോകവിദ്യലോക സാഹിത്യവുമാണ്. ഒറിയയിൽ ലോകസാഹിത്യവും പഞ്ചാബിയിൽ ലോക്‌ധാരയുമാ ണ്. ഇംഗ്ലീഷിലെ 'ഗ്രാമർ'(Grammar) എന്ന പദത്തിന് മിക്കഭാഷകളിലും 'വ്യാകരണ ' എന്ന പദം തന്നെയാണുപയോഗിക്കുന്നത്. എന്നാൽ തമിഴിൽ വ്യാകരണത്തിന് ഇല ക്കണം എന്നും ഉറുദുവിൽ കവായിദ് എന്നുമാണ് പ്രയോഗം. 'ഹ്യൂമർ' (Humour) എന്ന പദം സംസ്കൃതത്തിൽ ഹാസഃ, മലയാളത്തിൽ ഹാസ്യം, മറാത്തിയിലും ഗുജ റാത്തിയിലും 'വിനോദ' പഞ്ചാബിയിൽ ഹാസ്, ഒറിയയിലും ആസ്സാമീസിലും ബംഗാ ളിയിലും 'ഹാസ്യരസും' ആണ്. എന്നാൽ കശ്മീരിയിൽ അത് മിസാഹ്ജരാഫത്തും സിന്ധിയിൽ മസാകും ഉറുദുവിൽ മസാഹും ആണ്. എന്നാൽ എപ്പിക് (Epic) എന്ന പദത്തിന് തമിഴിലും കശ്മീരിയിലും സിന്ധിയിലും ഉറുദുവിലുമൊഴികെ മറ്റു ഭാഷക ളിലെല്ലാം ഏകദേശം സാദൃശ്യമുള്ള 'മഹാകാവ്യ'പദമാണ് കാണുന്നത്. ഇത്തരം വൈവിധ്യങ്ങൾ കണ്ടെത്താൻ സഹായകമാകുന്ന ഈ അനുബന്ധം ഈ കൃതിയുടെ മേന്മ വർദ്ധിപ്പിക്കുന്നു.

ഭാരതത്തിലെ പ്രാദേശിക ഭാഷാസാഹിത്യകൃതികളെ താരതമ്യമൂല്യ നിർണ്ണയത്തിന് വിധേയമാക്കിയിട്ടുള്ള ഭാരതീയ സാഹിത്യചരിത്രം, ഇന്ത്യൻ സാഹി ത്യത്തിലെ സമാനതകളും സമാന്തരതകളും വ്യത്യാസങ്ങളും തേടിച്ചെല്ലുന്ന ഗവേഷ കരെ സംബന്ധിച്ചിടത്തോളം അമൂല്യനിധിയാണ്. ഭാരതീയ ഭാഷകളിൽ വ്യത്യസ്ത സാഹി ത്യപ്രസ്ഥാനങ്ങളുടെ വളർച്ച ഓരോ ഭാഷയിലും ഏതുവിധമാണെന്ന് കണ്ടെ

ത്താൻ സഹായിക്കുന്ന ഈ കൃതി ഗുണാധിഷ്ഠിത താരതമ്യവും രൂപശില്പപരമായ താരതമ്യവും സാധ്യമാക്കുന്നുണ്ട്.

താരതമ്യ സാഹിത്യസംബന്ധമായ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഒരു കൃതിയാണ് ആയിരത്തിത്തൊള്ളായിരത്തി എൺപത്തിഅഞ്ചിൽ അദ്ദേഹം പ്രസിദ്ധീകരിച്ച 'ഭാരതീയ സാഹിത്യപഠനം '. ഈ കൃതിയിലെ പതിനൊന്ന് ലേഖനങ്ങളിൽ എട്ടെണ്ണം താരതമ്യ സാഹിത്യസംബന്ധിയും മൂന്നെണ്ണം ഭാരതീയസാഹിത്യകാരന്മാരെ വിലയിരുത്തുന്നതുമാണ്. "ദേശീയബോധത്തോടുകൂടി ഭാരതീയസാഹിത്യം പഠിക്കുവാൻ പ്രേരണ നൽകുന്ന കൃതി "[27] എന്ന് ഗ്രന്ഥകാരൻ തന്നെ കൃതിയുടെ മേന്മയെ രേഖപ്പെടുത്തുന്നുണ്ട്. ഭാരതത്തിന്റെ സാഹിത്യപൈതൃകം എന്താണെന്ന് വിശദമാക്കുന്ന ആദ്യലേഖനത്തിൽ ഭാരതീയസാഹിത്യചരിത്ര(Comparative Indian Literature)ത്തെക്കുറിച്ച് ഒരു ലഘുവിവരണവും നൽകുന്നുണ്ട്. ഇന്ത്യൻ ഭാഷകളിലുണ്ടായിട്ടുള്ള എല്ലാ സാഹിത്യങ്ങളെയും ചേർത്തുകുറിക്കുന്ന സംജ്ഞയാണ് ഭാരതീയസാഹിത്യമെന്നും ഈ സാഹിത്യങ്ങളെല്ലാം ചേർന്ന ഒരു സാംസ്കാരിക സമ്പത്താണ് ഭാരതീയ പൈതൃകമെന്നും അദ്ദേഹം ബോധ്യപ്പെടുത്തുന്നു. താരതമ്യനിരീക്ഷണത്തിന്റെ സ്വാഭാവിക ധർമ്മത്തെ വിശദമാക്കുന്നതോടൊപ്പം സാഹിത്യപഠനത്തിലും സാഹിത്യാസ്വാദനത്തിലും താരതമ്യപഠനം എത്രമാത്രം സഹായകമാണെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു. ഭാഷയുടെയും ദേശത്തിന്റെയും വർഗ്ഗത്തിന്റെയും അതിർവരമ്പുകൾ അപ്രസക്തമാവുന്ന ഒരു വിശ്വസാഹിത്യദർശനം, താരതമ്യപഠനത്തിന്റെ അന്തിമലക്ഷ്യമായി അദ്ദേഹം കരുതുന്നു. വിവിധ ഭാഷകളിലെ അടിസ്ഥാന പദങ്ങളിലെ ഐകരൂപ്യത്തെയും വ്യാകരണകാര്യങ്ങളിൽ കാണുന്ന സമാനതയേയും ഗ്രഹിക്കാൻ കഴിഞ്ഞത് താരതമ്യപഠനത്തിലൂടെയാണെന്ന് കാട്ടി ഭാരതീയഭാഷകളിൽ താരതമ്യപഠനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നു. ഇക്കാര്യത്തിൽ ഇന്ത്യ നേരിടുന്ന ഒരു പ്രധാന പ്രശ്നം ഡോ.ജോർജ്ജ് വിവരിക്കുന്നു. ഇന്ത്യയെ സംബന്ധിച്ചാകുമ്പോൾ നമ്മെ നേരിടുന്ന ആദ്യത്തെ പ്രശ്നം നമ്മുടെ ദേശീയ പ്രകൃതമെന്തെന്ന് നിർവചിക്കുകയും ഭാരതീയത്വമെന്തെന്ന് തിരിച്ചറിഞ്ഞിട്ട് അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ദേശീയസാഹിത്യത്തെ കണ്ടെത്തുകയു

മാണ്. സംഘടിതവും ആസൂത്രിതവുമായ പ്രവർത്തനങ്ങളാണുണ്ടാകേണ്ടതെന്നും അദ്ദേഹം സയുക്തികം വ്യക്തമാക്കുന്നു.

പാശ്ചാത്യസ്വാധീനം മലയാളസാഹിത്യത്തിൽ എന്ന വിഷയം പല ലേഖനസമാഹാരങ്ങളിലും വിശകലനവിധേയമായിട്ടുണ്ട്. സാഹിത്യത്തിലുള്ള സ്വാധീനമാണ് ഈ ലേഖനത്തിൽ ചർച്ചയ്ക്കു വിധേയമാക്കുന്നത്. ശബ്ദവിഷയത്തിലും വ്യാകരണഘടകങ്ങളിലും പദസഞ്ചയത്തിലും, പദക്രമത്തിലും ശൈലിയിലുമൊക്കെ, പാശ്ചാത്യഭാഷകളുടെ സ്വാധീനം മലയാളത്തിൽ പ്രകടമായിക്കാണുന്ന വസ്തുത അദ്ദേഹം സൂചിപ്പിക്കുന്നു. 'പ്രാദേശികസാഹിത്യങ്ങളിലെ നവോത്ഥാനം'എന്ന ലേഖനം നവോത്ഥാനത്തിന്റെ വിവിധഘട്ടങ്ങളെ അവതരിപ്പിക്കുന്നു. സാഹിത്യത്തിൽ നവോത്ഥാനത്തിന്റെ പ്രതിഫലനം എങ്ങനെയാണെന്ന് വ്യക്തമാക്കാൻ ദക്ഷിണേന്ത്യൻ ഭാഷകളിലെ ചില അതികായന്മാരായ എഴുത്തുകാരെ പരിചയപ്പെടുത്തുന്നു. തമിഴിൽ ദേശീയചിന്ത ആളിക്കത്തിക്കുന്നതിനുതകുംവിധം കാവ്യരചന നടത്തിയ സുബ്രഹ്മണ്യഭാരതി, തെലുങ്കിൽ നവോത്ഥാനത്തിന് സവിശേഷചൈതന്യം പകർന്ന വീരേശലിംഗം, അപ്പാറാവു, മലയാളത്തിൽ നവോത്ഥാന ത്തിനു കാരണഭൂതരായ ഒ.ചന്തുമേനോൻ, സി.വി.രാമൻപിള്ള കന്നഡയിൽ നവോത്ഥാനവക്താക്കളായ എം.എസ്.പുട്ടണ്ണ, എം.ഗോവിന്ദപൈ, പഞ്ചമംഗേശ്വരറാവു, ബി.എം. ശ്രീകണ്ഠയ്യ തുടങ്ങിയവരെയാണ് അദ്ദേഹം അണിനിരത്തുന്നത്. ദക്ഷിണേന്ത്യൻ സാഹിത്യകാരന്മാരെക്കുറിച്ച് വേണ്ടത്ര അവഗാഹം ഇല്ലാത്ത ഒരാൾക്ക് ഈ വിവരണം വളരെ പ്രയോജനപ്രദമാണ്.

അറിവിന്റെ എല്ലാ മണ്ഡലങ്ങളെയും ഉൾക്കൊള്ളിക്കുവാൻ തക്ക ഗ്രന്ഥസഞ്ചയങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെ ഉറപ്പിക്കുകയാണ് 'വിജ്ഞാനകോശങ്ങൾ ഭാരതീയഭാഷകളിൽ ' എന്ന ലേഖനത്തിൽ. വിജ്ഞാനത്തിന്റെ എല്ലാമേഖലകളെയും സ്പർശിക്കുന്ന പൊതുവിജ്ഞാനകോശങ്ങളെ അദ്ദേഹം സൂപ്പർ മാർക്കറ്റിനോടുപമിക്കുന്നു ഭാഷാമാധ്യമപരിവർത്തനത്തിൽ വിജ്ഞാനകോശങ്ങൾ വഹിക്കുന്ന പങ്കെന്താണെന്നദ്ദേഹം വിവരിക്കുന്നു. "നമ്മുടെ ഏതു മേഖലയിലും ഏതുരംഗത്തും മാധ്യമമാകണം. ഇംഗ്ലീഷിന്റെ സേവനം നമുക്ക് എന്നും ആവശ്യമായിരിക്കും. പക്ഷേ

സേവനം മാത്രമാണ് വേണ്ടത്; നിയന്ത്രണവും മേൽക്കോയ്മയും അല്ല.''[28] എന്നു പറഞ്ഞ് വിവിധ ഭാരതീയ ഭാഷകളിലുണ്ടായ വിജ്ഞാനകോശങ്ങളെക്കുറിച്ച് ഒരു സാമാന്യ വിവരണവും നൽകുന്നു. തമിഴ്, തെലുങ്ക്, കന്നഡ, ബംഗാളി, ഗുജറാത്തി, ഹിന്ദി, മറാഠി തുടങ്ങിയ വിവിധ ഭാഷകളിലുണ്ടായ വിജ്ഞാനകോശങ്ങളെ സംബന്ധിച്ച പരാമർശം ഡോ. ജോർജ്ജിന്റെ ബഹുഭാഷാപാണ്ഡിത്യത്തിന് നിദർശനമാണ്.

ഭാരതീയ ചരിത്രനോവലുകളുടെ സവിശേഷതകൾ വിവരിക്കുന്ന 'ചരിത്രനോവലുകളുടെ സവിശേഷതകൾ' എന്ന ലേഖനം വേറിട്ടു നിൽക്കുന്ന ഒന്നാണ്. ചരിത്രനോവൽ സാമൂഹികനോവലിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു എന്ന വസ്തുത വിശദീകരിച്ചതിനുശേഷം എന്താണ് ചരിത്രനോവൽ എന്നു വിശദമാക്കുന്നു. ''ചരിത്രത്തിന്റെ പഴയ അലമാരിയിൽ നിന്നും അസ്ഥിപഞ്ജരങ്ങൾ തിരഞ്ഞെടുത്ത് അവയ്ക്ക് മാംസവും രക്തവും സംഭാവന ചെയ്കയാണ് അയാളുടെ കൃത്യം''[29] എന്ന് ചരിത്രനോവലിസ്റ്റിന്റെ ചുമതല വ്യക്തമാക്കുന്നു. ചരിത്രനോവലിസ്റ്റുകളിൽ അഗ്രഗാമിയായ വാൾട്ടർ സ്കോട്ടിന്റെ ചരിത്രനോവലിനെ സംബന്ധിച്ച അഭിപ്രായത്തെ ഇപ്രകാരം വിവരിക്കുന്നു. ''ഒന്നാമതായി ചരിത്രനോവലിൽ വളരെയധികം ചരിത്രസാമഗ്രികൾ കലർത്തുന്നത് ബുദ്ധിപൂർവകമല്ല; രണ്ടാമതായി, പ്രധാനകഥാപാത്രങ്ങൾ ചരിത്രപുരുഷന്മാർ ആകുന്നതു നന്നല്ല. ഈ രണ്ടു നിയമങ്ങളും ശിരസാവഹിക്കുമ്പോൾ മാത്രമേ, ഒരു കഥ ശരിക്കും ഹിസ്റ്റോറിക്കൽ ഫിക്ഷൻ അതായത് ചരിത്രപരമായ കല്പിതകഥ എന്ന ചരിത്രനോവൽ ആവുകയുള്ളൂ.''[30] തുടർന്ന് ഒരു സർഗ്ഗാത്മക കൃതി എന്ന രീതിയിൽ ചരിത്രനോവൽ അംഗീകരിക്കപ്പെടുന്നത് രസശൂന്യമായ ചരിത്ര വസ്തുതകൾ ചൈതന്യപൂർണ്ണവും രസാവഹവുമായിത്തീരുമ്പോഴാണെന്ന യാഥാർത്ഥ്യവും വെളിപ്പെടുത്തുന്നു. മാത്രമല്ല കല്പിതാംശം ചരിത്രനോവലിൽ അത്യന്താപേക്ഷിതമാണെന്നും പറയുന്നു.

മിക്ക ഭാരതീയഭാഷകളിലും ചരിത്രനോവലിന്റെ കടന്നുവരവ് സാമൂഹികനോവലിന്റെ കടന്നുവരവിനു ശേഷമാണെന്ന് വ്യക്തമാക്കുന്നതോടൊപ്പം അവ

യിൽ കാണുന്ന പൊതുവായ പ്രവണതകളെയും ചൂണ്ടിക്കാട്ടുന്നു. തുടർന്ന് വിവിധ ഭാരതീയ ഭാഷകളിലെ ചരിത്രനോവലിസ്റ്റുകളെ പരിചയപ്പെടുത്തുന്നു. ബംഗാളിയിൽ ബങ്കിംചന്ദ്രൻ, മറാത്തിയിൽ ഹരിനാരായണ ആപ്ടേ തമിഴിൽ കൽക്കി, ആർ.കൃഷ്ണ മൂർത്തി തുടങ്ങിയവരുടെ കൃതികളെക്കുറിച്ച് സൂചനയും നൽകുന്നുണ്ട്. 'അങ്ങനെ പാർത്ഥിപൻ കനവിനും, പൊന്നിയിൽ സെൽവനും ഭാരതീയ ചരിത്രനോവലിലുള്ള സ്ഥാനമെന്തെന്ന് കണ്ടെത്താൻ വായനക്കാരന് പ്രേരണ നൽകുന്നു. വിമർശന ദൃഷ്ടി യോടെ ചരിത്രത്തെ കൈകാര്യം ചെയ്ത നോവലിസ്റ്റുകളിൽ പ്രമുഖനായ കന്നഡ നോവ ലിസ്റ്റ് മാസ്തിവെങ്കിടേശ്വരയ്യരുടെ പ്രസിദ്ധ രചനകളെക്കുറിച്ചും അതിലെ വ്യത്യസ്ത വീക്ഷണങ്ങളെക്കുറിച്ചും ഉള്ള വിവരണം, ഭാരതീയ ചരിത്രനോവലിസ്റ്റുകളെക്കുറിച്ച് കേവലജ്ഞാനം വായനക്കാർക്ക് നൽകാൻ പര്യാപ്തമാണ്.

ആഗോളപ്രശസ്തി നേടിയ സാഹിത്യകാരന്മാരെക്കുറിച്ചാണ് തുടർന്നു വിവരിക്കുന്നത്. പ്രേംചന്ദ്, ചങ്ങമ്പുഴ, സുബ്രഹ്മണ്യഭാരതി തുടങ്ങിയ സാഹിത്യകാര ന്മാരെക്കുറിച്ചും അവരുടെ രചനകളുടെ സവിശേഷതകളെക്കുറിച്ചും സാമാന്യജ്ഞാനം വായനക്കാർക്കു നൽകാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. 'സ്വാതന്ത്ര്യസമരത്തിൽ തൂലിക കൊണ്ടു പോരാടിയ വ്യക്തിയായി പ്രേംചന്ദിനെ പരിചയപ്പെടുത്തുന്നു. ഭാരതീയ ജീവി തത്തിന്റെ ഒരേ തരം ചിന്താതരംഗങ്ങൾ മനസ്സിലാക്കിയും അവയുടെ ഹേമം അനുഭ വിച്ചും ജീവിച്ചവരുടെ കൂട്ടത്തിൽ പ്രേംചന്ദിനോടൊപ്പം മലയാളികളിൽ ആശാനെയും വള്ളത്തോളിനെയും ഉള്ളൂരിനെയും അദ്ദേഹം ഉൾപ്പെടുത്തുന്നു. മാക്സിംഗോർക്കിക്കു സദൃശനായാണ് പ്രേംചന്ദിനെ കാണുന്നത്. ഗ്രാമജീവിതം പുനരുദ്ധരിക്കുന്നതിന് തൂലിക ശക്തമായി ഉപയോഗിച്ച പ്രേംചന്ദിന്റെ വീക്ഷണങ്ങളെക്കുറിച്ച് ഒരേകദേശ ധാരണ ഉള വാക്കാൻ ഈ വിവരണത്തിന് കഴിയുന്നു.

തമിഴ് ഭാഷയ്ക്കു പുതിയ ചൈതന്യവും മാനങ്ങളും സംഭാവന ചെയ്ത പ്രതിഭാശാലിയായ സുബ്രഹ്മണ്യഭാരതിയുടെ സാഹിത്യകാരവ്യക്തിത്വത്തെ അനാവ രണം ചെയ്യുന്ന ലേഖനം എന്തുകൊണ്ടും ശ്രദ്ധേയമാണ്. മലയാളികളിൽ ഭാരതിയോടു പ്രകടസാമ്യം വള്ളത്തോളിനാണെന്ന കാര്യവും ചൂണ്ടിക്കാട്ടുന്നു. ഉത്തമനായ കവി

മാത്രമല്ല, ഒരു നല്ല എഡിറ്ററും കൂടിയായിരുന്നുവെന്ന വസ്തുതയും വ്യക്തമാക്കുന്നു. സ്വദേശമിത്രൻ, ഇന്ത്യ എന്നീ പത്രങ്ങളുടെ എഡിറ്ററായാണ് ഭാരതി പ്രവർത്തിച്ചിട്ടുള്ളത്. "ഭാരതിയുടെ ഭാഷാവൈഭവം അപഗ്രഥന വിധേയമാകാത്ത ഒരു പ്രഹേളികയായി നിലകൊള്ളുന്നു എന്ന് "[31] ഡോ.ജോർജ്ജ് അഭിപ്രായപ്പെടുന്നുണ്ട്.

മലയാളത്തിന്റെ ജീനിയസ് അടുത്തറിഞ്ഞ പ്രേമഗായകൻ കണ്ണീർക്കണികയിൽ ലോകം പ്രതിഫലിപ്പിച്ച മഹാകവിയായി ചങ്ങമ്പുഴയെ വീക്ഷിക്കുന്നു യൂറോപ്യൻ സാഹിത്യവുമായി അദ്ദേഹത്തിനുണ്ടായിരുന്ന പരിചയം വളരെ ഗാഢവും വിസ്തൃതവുമായിരുന്നെന്നും ഡോ.ജോർജ്ജ് രേഖപ്പെടുത്തുന്നു. ഗാനപ്രധാനങ്ങളായ നാടൻ വൃത്തങ്ങൾ ഉപയോഗിച്ചുള്ള അനായാസവും ആകർഷകവുമായ കവിതാരചന ചങ്ങമ്പുഴയുടെ മാത്രം സവിശേഷതയായിക്കാണുന്നു.

ഭാഷാസാഹിത്യങ്ങളിൽ താരതമ്യപഠനം നടത്തുന്നവർക്ക് പ്രാഥമിക വിവരങ്ങൾ നൽകാൻ പര്യാപ്തമായ വിവരണങ്ങളാണ് ഭാരതീയ സാഹിത്യപഠനങ്ങളുടെ മേന്മയ്ക്കു നിദാനം.

ഡോ.ജോർജ്ജിന്റെ മറ്റൊരു കൃതിയായ 'ഭാരതീയ സാഹിത്യ സമീക്ഷ', താരതമ്യസാഹിത്യപഠനമേഖലയ്ക്ക് മികച്ച ഒരു സംഭാവനയാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ, രജതജൂബിലി പ്രമാണിച്ചു പ്രസിദ്ധപ്പെടുത്തിയ കൃതിയാണിത്. "സർവകലാശാലതലത്തിൽ താരതമ്യപഠനത്തിന് സഗൗരവം സന്നദ്ധരാവുന്ന അദ്ധ്യാപകഗവേഷകർക്കും അധ്യേതാക്കൾക്കും ബഹുധാ സഹായകമായ നല്ലൊരു കൈപ്പുസ്തകമാണിത്."[32] ഈ കൃതിയെ ഡോ.വി.ആർ.പ്രബോധചന്ദ്രൻ ഇപ്രകാരമാണ് വിലയിരുത്തുന്നത്. ഡോ.ജോർജ്ജിന്റെ സാഹിത്യോദ്ഗ്രഥന സംരംഭങ്ങൾക്കു ദൃഷ്ടാന്തമാണ് ഈ കൃതി. " ഇതൊരു ചരിത്രകൃതിയല്ല, നിരൂപണഗ്രന്ഥവുമല്ല. ഭാരതീയ ഭാഷകളെയും സാഹിത്യങ്ങളെയും കുറിച്ച് ഒരു മൊത്തക്കാഴ്ച നൽകുന്നതും തിരഞ്ഞെടുക്കപ്പെട്ട സാഹിത്യ പ്രതിഭകളെയും ഉത്കൃഷ്ടകൃതികളെയും പരിചയപ്പെടുത്തുന്നതുമായ ഒരു ലഘു ഗ്രന്ഥമായി ഇതിനെ പരിഗണിച്ചാൽ മതി."[33] എന്ന അഭിപ്രായമാണ് ഈ ഗ്രന്ഥത്തെക്കുറിച്ച് ഡോ.ജോർജ്ജ് നൽകുന്നത്.

ഭാഷാ വൈവിധ്യങ്ങളുടെ കേന്ദ്രമായ ഭാരതത്തിലെ ഭാഷകളുടെ പെരുപ്പവും വിന്യാസരീതിയും അവലോകനം ചെയ്താൽ മാത്രമേ ഭാരതീയ സാഹിത്യസംവിധാനം ശരിക്കു ഗ്രഹിക്കാൻ കഴിയൂ എന്ന സൂചനയോടെയാണ് ഗ്രന്ഥം ആരംഭിക്കുന്നത്. ഭാഷാസമീക്ഷ നാടോടി സാഹിത്യം, ഭക്തി സാഹിത്യം, നവോത്ഥാനഘട്ടവും ആധുനികതയും സാമൂഹിക രാഷ്ട്രീയ ചിന്താഗതികൾ, ഭാരതീയസാഹിത്യ ദർശനം, സാംസ്കാരിക സമുദ്ഗ്രഥനം, എന്നീ ഒൻപത് അദ്ധ്യായങ്ങളിലായി അടുക്കും ചിട്ടയോടും കൂടി ഭാരതീയ ഭാഷാസാഹിത്യങ്ങളുടെ ഒരു സാമാന്യാവലോകനമാണ് ഗ്രന്ഥകർത്താവ് നടത്തിയിരിക്കുന്നത്. നിരന്തരമായ ഗവേഷണത്തിന്റെയും നിസ്തന്ദ്രമായ ചിന്തയുടെയും നിപുണമായ മൂല്യ നിർണ്ണയത്തിന്റെയും ഫലമാണ് ഓരോ അദ്ധ്യായവും. അയ്യായിരം പേർ വീതമെങ്കിലും സംസാരിക്കുന്ന ഭാഷയെ മാതൃഭാഷയായി പരിഗണിച്ചാലും ഇരുനൂറ്റി അമ്പത്തി ഒൻപത് എണ്ണമുണ്ട് അംഗീകാരമർഹിക്കുന്നവ. അവ, ഇന്തോ ആര്യൻ, ദ്രാവിഡം, സൈനോ-ടിബറ്റൻ, ആസ്ട്രിക്, വർഗ്ഗീകരിക്കാത്തവ-ഈ നാലുഗോത്രങ്ങളിൽ ഉൾപ്പെടുന്ന ആ ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ ആര്യൻ, ദ്രാവിഡൻ, ആസ്ത്രലോയ്ഡ്, നീഗ്രോയിഡ് എന്നീ നരവർഗ്ഗങ്ങളിൽപ്പെടുന്നു. അങ്ങനെ കേന്ദ്രസാഹിത്യ അക്കാദമി അംഗീകരിച്ച ഇരുപത്തി രണ്ടു ഭാഷകളിലേക്ക് ഒരെത്തിനോട്ടമാണ് ഭാഷാസമീക്ഷ എന്ന ഒന്നാമദ്ധ്യായം. ഭാരതീയഭാഷകളെ പ്രധാനമായും നാലുവിഭാഗങ്ങളിലായി തിരിച്ചാണ് അവയുടെ വളർച്ചയെ ഇവിടെ അവലോകനം ചെയ്തിരിക്കുന്നത്. ഭാരതത്തിലെ ഭാഷകളെ കിഴക്കൻ ഭാഷകൾ, പടിഞ്ഞാറൻ ഭാഷകൾ, മധ്യോത്തരപ്രദേശങ്ങളിലെ ഭാഷകൾ, ദ്രാവിഡ ഭാഷകൾ എന്നിങ്ങനെ മുഖ്യമായും നാലായി വിഭജിച്ച് അവയിൽ ഓരോന്നിലും സംസ്കൃതത്തിന്റെ സ്വാധീനം എത്രമാത്രമാണെന്ന് സാമാന്യമായി അവലോകനം നടത്തുന്നു. "ഇന്തോ ആര്യൻ ഭാഷകളെയെല്ലാം തന്നെ ഒരളവിൽ സംസ്കൃതത്തിന്റെ മുഖ്യമായ ചട്ടക്കൂടിന്റെ(വ്യാകരണസ്വരൂപത്തിന്റെ) വ്യതിയാനങ്ങളാണ്"[34] എന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു ദ്രാവിഡഭാഷകളാകട്ടെ വ്യാകരണവ്യവസ്ഥകളിൽ ഭിന്നവും സ്വതന്ത്രവുമാണെങ്കിലും വളർച്ചയുടെ ഒരു ഘട്ടത്തിൽ സംസ്കൃതത്തിൽ നിന്നും ധാരാളം

പദങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യവും തുടർന്നു പ്രസ്താവിക്കുന്നു. ഈ സ്വാധീനങ്ങളുടെയും ആദാനപ്രദാനങ്ങളുടെയും ഫലമായി ഭാരതീയഭാഷകളിൽ കാണുന്ന ചില സാമാന്യലക്ഷണങ്ങളെയും സാധാരണ ഘടകങ്ങളെയും ചൂണ്ടിക്കാട്ടുന്നുമുണ്ട് ഇന്ത്യയിലെ ഭൂരിപക്ഷം ഭാഷകളും ഉപയോഗിക്കുന്ന ലിപിവ്യവസ്ഥകളുടെ ഉറവിടം ബ്രാഹ്മി ലിപിയാണെന്ന വസ്തുതയും ഈ അദ്ധ്യായത്തിൽ ത്തന്നെ രേഖപ്പെടുത്തുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ തുടർന്നുവരുന്ന അദ്ധ്യായങ്ങളിലെ സാഹിത്യാവലോകനത്തിന് ഒരു പശ്ചാത്തലമായി ഈ അദ്ധ്യായത്തെ പരിഗണിക്കണം.

ഭാരതീയഭാഷകളിലെ നാടോടി സാഹിത്യത്തിന്റെ ഒരു സാമാന്യാവലോകനമാണ് രണ്ടാമദ്ധ്യായം. നാടൻപാട്ടുകൾ നാടോടിക്കഥകൾ, നാടോടിനാടകങ്ങൾ, കഥാഗാനങ്ങൾ, സുഭാഷിതങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ എന്നിവയെല്ലാം നാടോടിസാഹിത്യത്തിന്റെ മുഖ്യ ഘടകങ്ങളാണെന്ന് വിവരിക്കുന്നു. അഭിജാതസാഹിത്യരൂപങ്ങളെക്കാൾ നാടോടി സാഹിത്യത്തിനുള്ള മെച്ചം ഡോ.കെ.എം.ജോർജ്ജ് ഇപ്രകാരം വിവരിക്കുന്നു. "അഭിജാതരൂപങ്ങൾ ഭംഗിക്കുവേണ്ടി കുറേയെല്ലാം മറച്ചുവെയിക്കുമ്പോൾ നാടോടിരൂപം പരുക്കനായും പച്ചയായും സത്യസ്ഥിതി പ്രതിഫലിപ്പിക്കുന്നു. സമൂഹ ചേതന ചോർന്നു പോകാതെ അടച്ചുവച്ചിരിക്കുന്ന മണിച്ചെപ്പാണ് നാടോടി സാഹിത്യം"[35] മഹത്തായ ഒരു സംസ്കാരത്തിന്റെ ഉപവിഭാഗങ്ങളായ പ്രാദേശിക സംസ്കാരങ്ങളുടെ പ്രതിഫലനം പ്രകടമാക്കുന്ന നാടോടിസാഹിത്യങ്ങളിൽ അതിന്റേതായ പ്രത്യേകതകൾക്കൊപ്പം സാദൃശ്യങ്ങളും സമാനതകളും ഗവേഷകർക്കു കണ്ടെത്താൻ കഴിയും. സാജാത്യങ്ങൾപോലെ വൈജാത്യങ്ങളും ഈ നാടോടി ഗാനങ്ങളിലുണ്ട്. അതിനുദാഹരണമായി മറാത്തി ഭാഷകളിലെ നാടോടി ഗാനങ്ങളെയാണ് അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. "ഇന്ത്യയിലെ ഒട്ടെല്ലാ ഭാഷകളിലുമുള്ള നാടോടിഗാനങ്ങളിൽ പ്രേമഗാനങ്ങൾക്ക് ഒരു പ്രധാനസ്ഥാനം ഉണ്ട്. പക്ഷേ മറാഠിയിൽ അതിനു കാര്യമായ സ്ഥാനമില്ല"[36]. അതിന്റെ കാരണങ്ങൾ ഒരു ഗവേഷണവിഷയത്തിനു വകയാണെന്ന കാര്യവും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. അതുപോലെ മറ്റുപല സാഹിത്യങ്ങളിലും കാണാത്ത ഒരു വിഭാഗമായ മറാഠിയിലെ 'ഓവി' ഗീതങ്ങളെക്കുറിച്ച് ഒരു സാമാന്യ

ധാരണ ഡോ.ജോർജ്ജ് നൽകുന്നുണ്ട്. അദ്ദേഹം വിവരിക്കുന്നു "അവിടെ വളരെ പ്രചാരം നേടിയിട്ടുള്ള 'ഓവി ഗീതങ്ങൾ' (ഓവി ഗീത്) നമ്മുടെ ശ്രദ്ധ പിടിച്ചു പറ്റുന്നു. ഈ പാട്ടുകൾ പാടുന്നത് സ്ത്രീകളാണ്; മാത്രമല്ല സ്ത്രീകളുടെ ദൃഷ്ടിയിൽ സമൂഹം എങ്ങനെ എന്നു നമ്മെ അറിയിക്കുന്ന ഒരു പ്രസ്ഥാനമാണ് മറാഠിയിലെ ഓവി ഗീതങ്ങൾ"[37]. ഗവേഷണ കൃതികളെ സംബന്ധിച്ച് ഒരു മാർഗ്ഗരേഖയാണ് ഈ വിവരണം. സ്ത്രീ വിമോചന ചിന്തയുടെ ആദ്യകിരണങ്ങളാണ് ഈ ഗാനങ്ങളിൽ കാണുന്നത്. ഇങ്ങനെ സാദൃശ്യങ്ങൾക്കിടയിലും ഒട്ടുവളരെ വൈജാത്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു സാഹിത്യമാണ് മറാഠി സാഹിത്യമെന്ന് മനസ്സിലാക്കാൻ ഈ സാമാന്യ വിവരണം പ്രയോജനപ്പെടുന്നു. വിവിധ ഭാഷകളിലെ നാടോടി സാഹിത്യത്തെ കേവലം ചില ഉദാഹരണങ്ങൾ നിരത്തി വിശദമാക്കുന്ന രീതി താരതമ്യനിരീക്ഷകർക്കു വളരെ സഹായകമാണ്. പല ദേശങ്ങളിലെ പഴഞ്ചൊല്ലുകളിലും ശൈലികളിലും കാണുന്ന ആശയ സമാനത കണ്ടെത്താൻ ഇത്തരം സൂചനകൾ അവർക്കു പ്രേരണ നൽകും.

കൃഷി സംബന്ധമായ പാട്ടുകൾ അതിന്റേതായ സവിശേഷതകളോടുകൂടി ഓരോ പ്രദേശത്തും പ്രചാരത്തിലിരുന്നതായി വിവരിക്കുന്നുണ്ട്. മിക്ക തൊഴിൽപ്പാട്ടുകളും കൃഷിയുമായി ബന്ധപ്പെട്ടവയാണ്. എന്നാൽ ഉത്തരബംഗാളിലെ ഇടയന്മാരുടെ തൊഴിൽപ്പാട്ടായ 'മൈശാൽ' മറ്റെല്ലാ പാട്ടുകളിൽ നിന്നും വേറിട്ടു നിൽക്കുന്നതായി കാണാം. വൈശാലന്മാർ എന്ന പേരിൽ അറിയപ്പെടുന്ന ഇടയന്മാർ കാട്ടിൽ മേഞ്ഞു നടക്കുന്ന കാലികളുടെ പിറകേ പോകുമ്പോൾ നേരം പോക്കിനു വേണ്ടി പാടി വന്ന പാട്ടുകളാണ് 'മൈശാൽ' എന്ന പേരിൽ പ്രചാരം നേടിയത്. അതുപോലെ വിനോദഗാനങ്ങളിൽ ഉൾപ്പെടുത്താവുന്ന വഞ്ചിപ്പാട്ടുകൾക്ക് മലയാളത്തിലുള്ള പോലെ സ്ഥാനം ഗുജറാത്തിലുമുണ്ടെന്ന കാര്യം ഈ വിവരണം ബോധ്യപ്പെടുത്തുന്നു. "അബാവണി', 'ഭാമനി' എന്നീ പേരുകളിലാണ് ഗുജറാത്തിയിൽ വഞ്ചിപ്പാട്ടുകൾ അറിയപ്പെടുന്നത്".[38]

ഭാരതത്തിലെ നാടോടി സാഹിത്യത്തെ സംബന്ധിച്ച ഒരു സാമാന്യാവലോകനമാണ് ഇവിടെ നടത്തിയതെങ്കിലും ഇന്ത്യയുടെ ആത്മാവു കണ്ടെത്താൻ സഹാ

യകമാവുന്ന വിഭവ ശേഖരം അതിലുണ്ടെന്ന് വ്യക്തമാവുന്നു. പൂർവം, മധ്യം എന്നീ വിശേഷണങ്ങൾ ഭാരതീയ ഭാഷകളിലെ സാഹിത്യങ്ങളെക്കുറിച്ചാവുമ്പോൾ വളരെ അപര്യാപ്തമാണെന്ന് ഡോ. ജോർജ്ജ് തന്നെ സൂചിപ്പിക്കുന്നുണ്ട്. സാഹിത്യ പാരമ്പര്യം കൊണ്ട് പ്രാചീനമായവ സംസ്കൃതവും തമിഴും മാത്രമാണെന്നും എ. ഡി. പത്താം നൂറ്റാണ്ടിനു ശേഷമാണ് ശ്രദ്ധേയമായ സാഹിത്യ കൃതികൾ ഉണ്ടായിട്ടുള്ളതെന്നും അതിനുമുമ്പ് സംസ്കൃതത്തിൽ ഭാസകാളിദാസാദികളുടെയും ഭവഭൂതിയുടെയും സംഭാവനകളും തമിഴിൽ അകനാനൂറ്, പുറനാനൂറ്, തിരുക്കുറൾ, ചിലപ്പതികാരം, മണിമേഖലയും കന്നഡയിൽ കവിരാജമാർഗ്ഗവും പമ്പ, പൊന്ന, നാഗവർമ്മ എന്നിവരുടെ സംഭാവനകളും മാത്രമാണ് മൂന്നാം അധ്യായത്തിൽ അദ്ദേഹം ഉൾക്കൊള്ളിച്ചിട്ടുള്ളത്. തിരുക്കുറൾ, ചിലപ്പതികാരം, മണിമേഖല, കമ്പരാമായണം തുടങ്ങിയ പ്രാചീന തമിഴ് കൃതികളുടെ ഉള്ളടക്കത്തെക്കുറിച്ച് ഒരു സാമാന്യ ധാരണ നൽകാനുള്ള കാര്യങ്ങൾ മാത്രമാണ് ഇവിടെ ഡോ. ജോർജ്ജ് വിവരിക്കുന്നത്. കന്നഡ സാഹിത്യത്തെ കഷ്ടിച്ച് ഈ മേഖലയിൽ ഉൾപ്പെടുത്തുന്നതേ ഉള്ളു. അന്നത്തെ കവികളുടെ പ്രതിപാദന ശൈലി ഗ്രഹിക്കാൻ സഹായകമായ നിരവധി ഉദാഹരണങ്ങൾ ഇതിൽ വിവരിക്കുന്നുമുണ്ട്. ഉദാഹരണത്തിന് തിരുക്കുറളിലെ ചില വരികൾ ഉദ്ധരിക്കുന്നു.

"1. തത്ത്വാർത്ഥമൂഢർക്കു പഞ്ചേന്ദ്രിയജ്ഞാന
സിദ്ധിയാൽ കാര്യമെന്തുള്ളൂ?

2. കനവിൽത്തങ്ങിനില്പൂ ലോകജീവിതമെങ്ങും
കനിവെക്കാണാതുള്ളോൻ ഭൂമിക്കു ഭാരം മാത്രം

3. കണ്ണിനു ദാക്ഷിണ്യം താൻ ഭൂഷണ; മല്ലെന്നാകിൽ
കണ്ണെന്ന പേരേ മാറ്റിപ്പുണ്ണെന്നു ചൊന്നാൽ പോരും

4. മധുരമാം വാക്കുകൾ വേണ്ടത്രയുള്ളപ്പോൾ
കടുവചസ്സെന്തിനോതേണം?"[39]

ഭാരതീയ സാഹിത്യത്തിൽ പ്രാചീന മധ്യകാലങ്ങളിൽ അതായത് പതിനൊന്നു മുതൽ പത്തൊമ്പതുവരെയുള്ള ശതകങ്ങളിൽ ഉണ്ടായ സാഹിത്യസമ്പുഷ്ടി

. വളരെ വലുതാണെന്ന കാര്യം പൂർവകാല രചനകൾ – രണ്ടാം ഘട്ടം എന്ന അധ്യായം വ്യക്തമാക്കുന്നു. ഓരോ സാഹിത്യത്തെക്കുറിച്ചും മൊത്തത്തിൽ ഒരു ചിത്രം വായനക്കാർക്ക് ലഭിക്കാൻ പാകത്തിൽ എല്ലാ ഭാരതീയ സാഹിത്യങ്ങളും ഓടിച്ചു നോക്കി പ്രധാനപ്പെട്ട കൃതികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു സാമാന്യവീക്ഷണമാണ് ഗ്രന്ഥകാരൻ നൽകുന്നത്. അവലോകനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം എത്തിച്ചേർന്ന നിഗമനങ്ങൾ അക്കമിട്ട് സൂചിപ്പിക്കുന്നുണ്ട്.

മിക്ക ഭാരതീയ ഭാഷകളും രാമായണ മഹാഭാരതങ്ങളുടെ പ്രഭാവത്തിൽ മുങ്ങിക്കുളിച്ചാണ് നിൽക്കുന്നത്. ആ പ്രഭാവത്തിൽ നിന്ന് ഒഴിഞ്ഞു മാറി നിൽക്കുന്നത് ഉറുദു, സിന്ധി, പഞ്ചാബി എന്നീ ഭാഷകളാണെന്നും സൂചിപ്പിക്കുന്നുണ്ട്. ജൈന-ബുദ്ധമതങ്ങളുടെ സ്വാധീനം ഭാരതീയ ചിന്താധാരയെ ജനകീയ തലത്തിലേക്ക് കൊണ്ടുവന്ന വസ്തുതയാണ് രണ്ടാമതായി രേഖപ്പെടുത്തുന്നത്. ഭക്തി മാർഗ്ഗാനുഗുണമായി ഭാരതീയ സാഹിത്യങ്ങളിൽ കടന്നു വന്ന ലാളിത്യമാണ് മൂന്നാമതായി വിവരിക്കുന്നത്. ഉറുദു, പഞ്ചാബി, സിന്ധി എന്നീ ഭാഷകളിൽ ഉണ്ടായ മുസ്ലീം സംസ്കാര സ്വാധീനങ്ങളാണ് അടുത്തതായി വിവരിക്കുന്നത്. അദ്ധ്യാത്മിക സമീപനങ്ങളുടെ സങ്കല്പത്തിൽ നിന്നുണ്ടായ ഉണർവാണ് മറ്റൊന്ന്. ഭാരതീയസാഹിത്യത്തിൽ ക്രിസ്തുമതത്തിന്റെ സ്വാധീനം കൊണ്ടുണ്ടായ ഉണർവ് മറാഠി, തമിഴ്, മലയാളം എന്നീ ഭാഷകളിലാണെന്ന വസ്തുതയും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. കേവലം ശാരീരികമായ കാമവികാരം മുതൽ കുറെക്കൂടെ ഉയർന്ന മേഖലയിലുള്ള ശൃംഗാരവും കടന്ന് ഈശ്വരാഭിമുഖ്യമായ മിസ്റ്റിക്ഭാവത്തിൽ എത്തി നിൽക്കുന്ന പ്രേമത്തിന്റെ വിവിധ ദശകളും ഈ ഘട്ടത്തിന്റെ അവസാനഭാഗത്തെ പ്രത്യേകതയായി അദ്ദേഹം വിവരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഒരു സങ്കലനസംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്ന ഘട്ടമാണിതെന്ന് വിവരണങ്ങൾ വ്യക്തമാക്കുന്നു.

. ഇന്ത്യയിലെ വിവിധ ഭാഷകളിലുള്ള ഭക്തികാവ്യങ്ങളുടെ സർവതോമുഖമായ മാഹാത്മ്യം വെളിപ്പെടുത്തുന്ന അഞ്ചാമധ്യായം ഈ ഗ്രന്ഥത്തിലെ ഏറ്റവും പ്രാധാന്യമുള്ള ഭാഗമാണ്. അസമിയയിലെ ശങ്കരദേവ്, ബംഗാളിയിലെ ചണ്ഡിദാസ്,

ഗുജറാത്തിയിലും ഹിന്ദിയിലും ഒരുപോലെ സ്വീകാര്യനായിരുന്ന നരസിംഹമേത്ത, രാജസ്ഥാനിയിലും ബ്രജ്ഭാഷയിലും വിഖ്യാതമായ മീരാബായി, ഉറുദുവിലും ഭോജ്പുരിയിലും അംഗീകാരം നേടിയ കബീർ, മറാഠിയിലെ തുക്കാറാം, മൈഥിലിയിലെ വിദ്യാപതി, ഒറിയയിലെ സരളാദാസ്, പഞ്ചാബിയിലെ ഗുരുനാനാക്, തെലുകുവിലെ പോതനയും ത്യാഗരാജനും മലയാളത്തിലെ എഴുത്തച്ഛൻ ഹിന്ദിയിലെ തുളസീദാസ്, തമിഴിലെ മാണിക്കവാചകർ, കമ്പർ കന്നഡയിലെ ബസവേശ്വര തുടങ്ങിയ മഹാപ്രതിഭകളുടെ കൃതികൾ പിൽക്കാലത്തെ എഴുത്തുകാർക്ക് എത്രമാത്രം പ്രചോദനമായിരുന്നുവെന്ന് അറിയാൻ സഹായകമാവുന്ന സാമാന്യവിവരണം നൽകുന്നുവെന്നതാണ് ഈ അദ്ധ്യായത്തിന്റെ മഹത്വം. എന്നാൽ തമിഴ്, കന്നഡ, മറാഠി എന്നീ ഭാഷകളിലെ ഭക്തി സാഹിത്യസവിശേഷതകളുടെ സാമാന്യം വിശദമായ ഒരു വിവരണം ഇതിലുണ്ട്. മഹാസിദ്ധന്മാരും കവികളും തങ്ങൾക്കു ലഭിച്ച ആത്മീയാനുഭവങ്ങൾ ഉയർന്നവരും താഴ്ന്നവരും ഒരുപോലെ പങ്കുകൊള്ളണമെന്നഭിലഷിച്ചതിനാൽ, വരേണ്യവിഭാഗത്തിന്റെ സംസ്കൃതഭാഷ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. മണ്ണിന്റെ മണമുള്ള ശൈലികളും, അലങ്കാരങ്ങളും കല്പനകളും കൂടുതൽ കൂടുതൽ സാഹിത്യമേഖലയിൽ പ്രയോഗിക്കപ്പെട്ടു എന്നതു ഈ ഘട്ടത്തിന്റെ ഒരു പ്രധാന സവിശേഷതയാണ്.

താരതമ്യസാഹിത്യകുതുകികൾക്കു വളരെ പ്രയോജനപ്രദമായ വിവരണങ്ങൾ നൽകുന്നതാണ് 'താരതമ്യസാഹിത്യസമീക്ഷ'യിലെ ആറാമധ്യായം. പത്തൊൻപതാം നൂറ്റാണ്ടിൽ ഭാരതത്തിനു മൊത്തത്തിൽ കൈവരിക്കാൻ കഴിഞ്ഞ സാംസ്കാരിക നവോത്ഥാനം സാഹിത്യമേഖലയിലെ പ്രഫുല്ലതയ്ക്കും തന്മൂലം സംജാതമായ ആധുനികതയ്ക്കും എങ്ങനെ കാരണമായി എന്ന് വിശദീകരിക്കുന്നു. പത്തൊൻപതാം ശതകത്തിൽ ഭാരതം അനുഭവിച്ച ഉണർച്ചയെക്കുറിച്ചും ഉത്ഥാനത്തെക്കുറിച്ചും ചിന്തിച്ച സി.ആർ.റെഡ്ഡി, ശ്രീനിവാസഅയ്യങ്കാർ, ഏ.എൻ.ബാഷാം എന്നിവരെയും ഇതിൽ പരിചയപ്പെടുത്തുന്നു. 'നവോത്ഥാനം' എന്നു നാട്ടുഭാഷകളിലും റിനൈസെൻസ് (Renaissance) എന്നു പാശ്ചാത്യ ഭാഷകളിലും ഉപയോഗിക്കുന്ന സംജ്ഞ ഒരു യൂറോപ്യൻ ആശയം മാത്രമല്ല; ശ്രീ ബുദ്ധനും ഒരർത്ഥത്തിൽ നവോത്ഥാന

വിധാതാവാണ്. ഇന്നാട്ടിൽ സർവവ്യാപകമായനുഭവപ്പെട്ട ഉണർച്ചയെയാണ് ഇന്ത്യൻ നവോത്ഥാനം എന്നു പറയാവുന്നത്. പ്രമുഖ ചിന്തകനായ എം. ഗോവിന്ദന്റെ അഭിപ്രായങ്ങളും മറ്റും ചൂണ്ടിക്കാട്ടി, നവോത്ഥാനത്തിന് പുതിയ അർത്ഥതലങ്ങൾ ഡോ. ജോർജ്ജ് കണ്ടെത്തുന്നു. ചിന്തോദ്ദീപകങ്ങളായ ഇത്തരം വിവരണങ്ങൾ ഈ അധ്യായത്തിന്റെ ഒരു പ്രധാന മഹിമയാണ്.

"എന്റെ വീടിന്റെ നാലു ഭാഗത്തും ചുവരുകൾ ഉയർത്താനും എന്റെ ജനാലകൾ കൊട്ടിയടയ്ക്കാനും ഞാൻ അനുവദിക്കുകയില്ല. എല്ലാ പ്രദേശങ്ങളിലെയും സംസ്കാരങ്ങൾ സൈ്വരമായും സ്വതന്ത്രമായും, എന്റെ വീടിനുള്ളിലും വെളിയിലും പ്രവഹിക്കട്ടെ. പക്ഷേ അവയിലൊന്നിനാലും എന്റെ പാദങ്ങൾ പതറുവാൻ ഞാൻ അനുവദിക്കുന്നതല്ല".[40] ഗാന്ധിജിയുടെ ഈ വാക്കുകളാണ് നമ്മുടെ വേരുകൾ നഷ്ടപ്പെടുത്താതെ ആധുനികവത്കരണം നടത്തണമെന്ന് സ്ഥാപിക്കാൻ ഡോ. കെ. എം. ജോർജ്ജിനെ പ്രേരിപ്പിച്ചത്. തെലുങ്ക്, തമിഴ്, മറാഠി, ഗുജറാത്തി, മലയാളം, അസമിയ, സിന്ധി, പഞ്ചാബി, കന്നഡ, ഒറിയ എന്നീ ഭാഷകളിൽ ആധുനികതയുടെ പ്രകാശം പരന്നു വളരെക്കഴിഞ്ഞാണ് നേപ്പാളി, മൈഥിലി, രാജസ്ഥാനി, കൊങ്കണി, മണിപ്പൂരി, ദോഗ്രി, കശ്മീരി എന്നീ ഭാഷകളിൽ ആധുനികതയുടെ ഉണർവ് പ്രത്യക്ഷപ്പെട്ടതെന്ന് ഈ അവലോകനം പ്രസ്പഷ്ടമാകുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൽ, പാശ്ചാത്യസ്വാധീനതയുടെ ഫലമായി ഭാരതത്തിൽ ഉണ്ടായ നവോത്ഥാനത്തെ വിശദമാക്കുന്ന അദ്ധ്യായത്തിൽ സാമൂഹ്യവും രാഷ്ട്രീയവുമായ ചിന്താഗതികൾ കൃതികളിൽ എങ്ങനെ പ്രതിഫലിക്കുന്നുവെന്നും ചർച്ച ചെയ്യുന്നു. രാഷ്ട്രീയവും സാമൂഹികവുമായ പ്രസക്തിയുള്ള പ്രമേയങ്ങളും വിഷയങ്ങളും ഇന്ത്യയിലെ പ്രമുഖ സാഹിത്യപ്രതിഭകൾ എങ്ങനെ കൈകാര്യം ചെയ്തുവെന്ന് അവരുടെ സുപ്രധാന കൃതികളെ ആസ്പദമാക്കിയാണ് അവലോകനം ചെയ്യുന്നത്. ബംഗാളി, ഗുജറാത്തി, ഹിന്ദി, മലയാളം എന്നീ നാലു ഭാഷാ സാഹിത്യങ്ങളുടെ അവലോകനം മാത്രമേ നടത്തുന്നുള്ളു.

വിവിധ ഭാരതീയ സാഹിത്യങ്ങളിൽ കാണുന്ന വൈജാത്യത്തെപ്പറ്റി

സാഹിത്യചിന്തകന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെ വിമർശന ബുദ്ധിയോടെ പരിശോധിച്ച്, ഭാരതീയ സാഹിത്യം ഒന്നുതന്നെയെന്ന കേന്ദ്രസാഹിത്യ അക്കാദമിയുടെ മുദ്രാവാക്യം സ്വീകാര്യമാണെന്ന് ഗ്രന്ഥകർത്താവ് ഈ അധ്യായത്തിൽ സമർത്ഥിക്കുന്നു. ഭാരതീയ സാഹിത്യത്തിന്റെ ഏകത്വത്തെപ്പറ്റി സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി (Indian Institute of Advanced study) യിൽ നടത്തിയ സെമിനാറിലെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് ഈ അധ്യായത്തിന്റെ സവിശേഷതയാണ്. ഇന്ത്യയിലെ വെവ്വേറെ ഭാഷകളിൽ രൂപം കൊണ്ട സാഹിത്യങ്ങൾ വ്യത്യസ്തം എന്ന വസ്തുതയോടൊപ്പം ശ്രദ്ധേയമായ അവയുടെ ഭാവപരമായ ഐക്യമെന്ന സത്യം, ജവഹർലാൽ നെഹ്റു തുടങ്ങിയ മഹാന്മാർ ഈ വിഷയത്തെക്കുറിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 'ഭാരതീയത' (Indianness) എന്ന സങ്കല്പത്തെ - പല ഘടകങ്ങൾ ഒത്തു ചേർന്നിട്ടുള്ള ആ സംസ്കാര സഞ്ചയത്തെ - പല അഭിപ്രായങ്ങളെ മുൻനിർത്തി വിലയിരുത്താനും ശ്രമിക്കുന്നു. ഭാരതീയ ഭാഷാ സാഹിത്യങ്ങളുടെ താരതമ്യപഠനത്തിന് സഹായിക്കുന്ന ഏതാനും പ്രധാനപ്പെട്ട ഗ്രന്ഥങ്ങളുടെ വിവരണവും തുടർന്നു നൽകുന്നു. ഡോക്ടർ നഗേന്ദ്ര എഡിറ്റു ചെയ്ത 'ഇന്ത്യൻ ലിറ്ററേച്ചർ', ഡോ. കെ. എം. ജോർജ്ജ് എഡിറ്റു ചെയ്ത 'കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചർ', (Ian Gonda) ഇയാൻ ഗോണ്ടയുടെ 'എ ഹിസ്റ്ററി ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ', സാഹിത്യ അക്കാദമിയുടെ 'എൻസൈക്ലോപീഡിയ ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ ശിശിർ കുമാർ ദാസിന്റെ 'എ ഹിസ്റ്ററി ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ' വാല്യം മൂന്ന് തുടങ്ങിയ കൃതികളെക്കുറിച്ച് ലഘു വിവരണങ്ങളും ഈ കൃതി ലഭ്യമാകുന്ന ഇടങ്ങളും വിവരിക്കുന്നു.

തികച്ചും ഉദ്ഗ്രഥനാത്മകമായ ഒരു ഭാരതീയ സാഹിത്യചരിത്രം നിർമ്മിക്കുന്നതിലുള്ള വൈഷമ്യങ്ങൾ, വസ്തുനിഷ്ഠമായ സ്വാധീനതാ പഠനങ്ങളുടെ പ്രസക്തിയും ഉദ്ഗ്രഥിത സാഹിത്യചരിത്രത്തിന്റെ നിർമ്മിതിയിൽ അത്തരം പഠനങ്ങളിൽ നിന്നു പോന്നുവരുന്ന ഉൾക്കാഴ്ചകളുടെ പ്രാധാന്യവും ഇവിടെ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ആധുനിക ഭാരതീയ ഭാഷകളുടെ കൂട്ടത്തിൽ ഇതരസാഹിത്യങ്ങളെ ഏറ്റവും സ്വാധീനിച്ച ഭാഷ ബംഗാളിയാണെന്നും രേഖപ്പെടുത്തുന്നുണ്ട്. മാത്രമല്ല സംസ്കൃത

സ്വാധീനത്തിന് വിധേയമാകാത്ത ഭാഷകൾ ഇന്ത്യയിലില്ല എന്ന യാഥാർത്ഥ്യവും ചൂണ്ടിക്കാട്ടുന്നു. സംസ്കൃതം, ഇംഗ്ലീഷ്, പേഴ്സ്യൻ എന്നീ ഭാഷകളുടെ സ്വാധീനത്തിന്റെ അളവും നിറവും സൂചിപ്പിക്കുന്ന സാഹിത്യസംജ്ഞകളാണ് ഭാഷകളോരോന്നും സ്വീകരിച്ചിരിക്കുന്നതെന്നും യുക്തിസഹിതം വിവരിക്കുന്നു. ഭാരതീയ സാഹിത്യചരിത്രത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള സാഹിത്യസംജ്ഞകളെക്കുറിച്ചും സൂചന നൽകുന്നു. ഇംഗ്ലീഷിലൂടെ ഭാരതീയ സാഹിത്യം എങ്ങനെയെന്നു രുചിച്ചറിയാൻ സഹൃദയരെ സഹായിക്കുന്ന ആന്തോളജികളുടെ പ്രസക്തിയെക്കുറിച്ചും ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നു.

'സാംസ്കാരിക സമുദ്ഗ്രഥനം സാഹിത്യത്തിലൂടെ' എന്ന അവസാന അധ്യായത്തിൽ ഡോ. ജോർജ്ജ് സാഹിത്യ സമുദ്ഗ്രഥനം സാംസ്കാരിക ഐക്യത്തിന്റെ ഒരു സുപ്രധാന ഘടകമാണെന്നു ബോധ്യപ്പെടുത്തി, അതിന്റെ അടിയന്തിര സ്വഭാവത്തെക്കുറിച്ചു ചിന്തിക്കുവാൻ യുക്തമായ പശ്ചാത്തലം ഒരുക്കുകയാണ്. സാഹിത്യസമുദ്ഗ്രഥനം പരിപാടികളിൽ പ്രധാനപ്പെട്ട ഒരിനമായ ആദാനപ്രദാനങ്ങളെക്കുറിച്ചൊരു വിവരണവും തുടർന്നു നൽകുന്നു. മലയാളത്തിൽ വിവർത്തനങ്ങൾ നടന്നിട്ടുള്ളത് ബംഗാളി ഭാഷയിൽ നിന്നാണെന്നു കണ്ടെത്താൻ കഴിയും. തെലുഗു കൃതികളുടെ വിവർത്തനങ്ങളാണ് ഏറ്റവും കുറവെന്നും മനസ്സിലാവുന്നു. പാശ്ചാത്യ സമ്പർക്കം മൂലം ഉണ്ടായ നവോത്ഥാനം ആദ്യം അങ്കുരിച്ചത് ബംഗാളിയിൽ ആയതുകൊണ്ട് ആധുനിക ഭാരതീയ സാഹിത്യ.ങ്ങളിൽ ബംഗാളിക്ക് ഒരു സവിശേഷ സ്ഥാനം ലഭിച്ചു. ഒരു രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദിക്കും വേണ്ടത്ര അംഗീകാരവും പ്രചാരവും കിട്ടി. വിവർത്തനം, താരതമ്യപഠനം മുതലായ മാർഗ്ഗങ്ങളിലൂടെ ഭാരതത്തിലെ വിവിധസാഹിത്യങ്ങളെ അന്യോന്യം സുപരിചിതമാകുന്നതിനുള്ള നിർദ്ദേശം ഗ്രന്ഥകാരൻ നൽകുന്നുണ്ട്. ഓരോ ഭാഷയെയും മറ്റെല്ലാ ഭാഷകളുമായി ബന്ധപ്പെടുത്തുന്ന നിഘണ്ടുകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഉറപ്പിച്ചു പറയുന്നു.

സാഹിത്യത്തിന്റെ രൂഢമൂലമായ ഏകഭാവം തുറന്നുകാട്ടി നമ്മുടെ രാഷ്ട്രത്തിന്റെ കെട്ടുറപ്പിന് ആവശ്യമായ സാംസ്കാരിക സമുദ്ഗ്രഥനം സാധ്യമാക്കുക എന്ന

സന്ദേശമാണ് ഭാരതീയ സാഹിത്യ സമീക്ഷ എന്ന കൃതി നൽകുന്നത്.

താരതമ്യ സാഹിത്യത്തിന്റെ മേഖലയിൽ ഡോ. ജോർജ്ജിന്റെ ശ്രദ്ധേയമായ സംഭാവനകളിലൊന്നാണ് താരതമ്യസാഹിത്യപീഠികയിലെ സ്വാധീനതാ പഠനത്തെക്കുറിച്ചുള്ള ലേഖനം. താരതമ്യ സാഹിത്യത്തെക്കുറിച്ചുള്ള ആധികാരികവും ഉൾക്കാഴ്ച നിറഞ്ഞതുമായ ഒരു രേഖയെന്നാണ് ഡോ. ജാൻസി ജയിംസ് ഇതിനെ വിശേഷിപ്പിക്കുന്നത്. താരതമ്യ സാഹിത്യത്തിന്റെ വിസ്തൃതമായ മണ്ഡലത്തിൽ സ്വാധീനതാപഠനത്തിനുള്ള പ്രസക്തിയും പ്രാധാന്യവും വ്യക്തമാക്കലാണ് ആ ലേഖന ലക്ഷ്യം. വിവിധ ഭാഷകളിൽ ഉണ്ടായിട്ടുള്ള സാഹിത്യരൂപങ്ങൾ, സാഹിത്യപ്രവണതകൾ, ശ്രേഷ്ഠ സാഹിത്യകൃതികൾ, ഗ്രന്ഥകർത്താക്കൾ - ഇവയൊക്കെ താരതമ്യത്തിന് വിഷയമാക്കാമെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. പക്ഷേ ശാസ്ത്രീയമായ സമീപനത്തോടുകൂടി പഠിച്ച് അവയിലെ സാമ്യവ്യത്യാസങ്ങൾ നിർണ്ണയിക്കുകയാണ് താരതമ്യ സാഹിത്യത്തിന്റെ ലക്ഷ്യമെന്നും, പഠനം ദേശത്തിന്റെയും ഭാഷയുടെയും അതിർവരമ്പുകൾ അതിക്രമിച്ചു പുരോഗമിച്ചാൽ മാത്രമേ പഠിതാക്കൾക്കു വിശ്വവ്യാപകമായ ദർശനം സ്വായത്തമാകുകയുള്ളുവെന്നും അദ്ദേഹം ഉറപ്പിച്ചു പറയുന്നു.

അടുത്തത് സ്വാധീനതാപഠനത്തിന്റെ പ്രശ്ന സങ്കീർണ്ണതയെക്കുറിച്ചുള്ള വിവരണമാണ്. "മലയാളം, ബംഗാളി എന്നീ ഭാഷകളിലെ രണ്ടു കൃതികൾ താരതമ്യം ചെയ്തപ്പോൾ ഗണ്യമായ സമാനതകൾ കണ്ടുവെന്നു സങ്കല്പിക്കുക. ഒന്നു മറ്റതിന്റെ സ്വാധീനതയ്ക്കു വിധേയമായി എന്നു വരാം. അല്ലെങ്കിൽ രണ്ടു കൃതികളും അവയുടെ കർത്താക്കൾക്കുള്ള പരിചയമുള്ള ഒരു ഭാഷയിലെ ഏതെങ്കിലും ഒരു കൃതിയുടെ സ്വാധീനതയ്ക്കു വിധേയമായി എന്നു വരാം. തെളിവുകളോടുകൂടെ ഇതു സമർത്ഥിക്കുന്നതു വരെ ഈ നിഗമനത്തെ കേവലം സന്ദേഹമായിട്ടു മാത്രമേ ഗണിക്കാൻ നിവൃത്തിയുള്ളു".[41] ഇത്തരം സൂചനകൾ നൽകി സ്വാധീനതാ നിർണ്ണയത്തിന്റെ പ്രശ്ന സങ്കീർണ്ണതയെ അദ്ദേഹം വിശദമാക്കുന്നു. മാത്രമല്ല, സ്വാധീനതാ നിർണ്ണയത്തിൽ നിഗമനങ്ങളിലെത്തേണ്ടത് തെളിവുകളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നും

വെളിപ്പെടുത്തുന്നു. ഭിന്നസംസ്കാരങ്ങളുടെ ആദാനപ്രദാന പ്രസക്തിയെക്കുറിച്ച് ഗാന്ധി ജിയുടെയും നെഹ്റുവിന്റെയും വിവരണം. "നമ്മുടെ കാലഘട്ടത്തിലെ ഭാരതീയ സംസ്കാരം നിർമ്മിതമായിക്കൊണ്ടിരിക്കയാണ്. ഇന്ന് പരസ്പരസംഘട്ടനത്തിൽ ഏർപ്പെ ട്ടിരിക്കുന്നതായി തോന്നിക്കുന്നു. എല്ലാ സംസ്കാരങ്ങളുടെയും ഒരു സംയോഗം സാധിക്കാൻ നമ്മിൽ പലരും ഉദ്യമിച്ചു കൊണ്ടിരിക്കുന്നു ഏതെങ്കിലുമൊരു സംസ്കാരം അനന്യാപേക്ഷിതമായിരിക്കാൻ ശ്രമിച്ചാൽ അതിനു ജീവിക്കുക സാധ്യമല്ല".[42] കിഴക്കും പടിഞ്ഞാറും തമ്മിൽ സമ്പർക്കം പുലർത്തി സഹകരിക്കുമ്പോഴത്തെ സൗഭാ ഗ്യത്തെക്കുറിച്ച് ടാഗോറിന്റെ വാക്കുകളും അദ്ദേഹം വിവരിക്കുന്നുണ്ട്. പല സാഹചര്യ ങ്ങളുടെയും സന്ദർഭങ്ങളുടെയും അടിസ്ഥാനത്തിലുണ്ടായ സമ്പർക്കങ്ങളുടെ ഫലമാണ് ഭാരതീയ സാഹിത്യ സമ്പത്ത്. സാംസ്കാരിക പരസ്പര വിനിമയത്തിന്റെ ഏറ്റവും പ്രധാ നപ്പെട്ട വാഹകരും സാഹിത്യമാണ്. അപ്പോൾ സാഹിത്യം ഏതെങ്കിലും ഒരു ഭാഷയുടെ പരിമിതിക്കുള്ളിൽ ഒതുങ്ങി നിൽക്കാതെ വിവർത്തനങ്ങളിലൂടെ അതിന്റെ സദ്ഫലങ്ങ ളിലേക്കു പ്രവേശിച്ചെങ്കിൽ മാത്രമേ അതിന്റെ സ്വാധീന മേഖല നിസ്തുലമാവൂ എന്ന് ഡോ. ജോർജ്ജ് ഉറപ്പിച്ചു പറയുന്നു.

സംസ്കാരങ്ങൾ ഒരിടത്തു തടം കെട്ടിക്കിടക്കാതെ ഇതര മണ്ഡലങ്ങ ളിലേക്ക് സ്വാഭാവികമായി പ്രവഹിക്കുന്നുവെന്നും അതിൽ ചില സംസ്കാരങ്ങൾ പ്രബല സ്വഭാവമുള്ളവയായി നിലകൊള്ളുന്നുവെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ഭാരതത്തിൽ ഇംഗ്ലീഷാണ് അത്തരത്തിൽ പ്രബലസ്വഭാവത്തിൽ നിലകൊള്ളുന്നതെന്നും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ രാഷ്ട്രീയ മേധാവിത്വമാകാം ഇംഗ്ലീഷിന് ആ സ്ഥാനം ലഭ്യ മാക്കിയതെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. ഭാരതീയ ഭാഷകളിൽ ഇംഗ്ലീഷിന്റെ സ്വാധീ നതയെ സംബന്ധിച്ചു നടന്ന പഠനങ്ങളെ എടുത്തു പറയുന്നു. പ്രിയരഞ്ജൻ സെന്നിന്റെ വെസ്റ്റേൺ ഇൻഫ്ളുവൻസ് ഇൻ ബംഗാളി ലിറ്ററേച്ചർ (Western Influence in Bengali Literature) ആണ് ഈ വിഭാഗത്തിൽ ഉണ്ടായ ആദ്യ കൃതി എന്ന് വ്യക്തമാ ക്കുന്നു. മലയാള ഭാഷയിലും സാഹിത്യത്തിലുമുള്ള പാശ്ചാത്യ സ്വാധീനതയെ വിവരി ക്കുന്ന വെസ്റ്റേൺ ഇൻഫ്ളുവൻസ്സ് ഓൺ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ എന്ന

സ്വന്തം കൃതിയെയും കൂട്ടത്തിൽ പരാമർശിക്കുന്നുണ്ട്.

ഭാരതീയ ഭാഷകളിൽ ബംഗാളിയിലാണ് പാശ്ചാത്യസ്വാധീനത മിക്കപ്പോഴും ആദ്യം പ്രകടമാക്കുന്നതെന്ന കാര്യം ബങ്കിംചന്ദ്രന്റെ നോവലായ ദുർഗ്ഗേശനന്ദിനിയെ ഉദാഹരിച്ച് വ്യക്തമാക്കുന്നു. "സ്ക്കോട്ടിന്റെ സ്വാധീനത നേരിട്ടു തന്നെ ഭാരതീയ ഭാഷകളിലെ പല നോവൽ കർത്താക്കളിലും കാണുന്നുണ്ടെങ്കിലും ദുർഗ്ഗേശനന്ദിനിയിലൂടെ ആ പ്രത്യേക സ്വാധീനത നമ്മുടെ ചില എഴുത്തുകാരെ ആവേശകരമായി സ്വാധീനിച്ചതായി കാണാം."[43] ഒ.ചന്തുമേനോന്റെ ഇന്ദുലേഖയും ശാരദയും, സി.വി.രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയും ഓരോ തരത്തിൽ ഇംഗ്ലീഷ് നോവലുകളുടെ സ്വാധീനത്തിനു വിധേയങ്ങളായിരുന്നുവെന്നും തുടർന്ന് വ്യക്തമാക്കുന്നു. ബംഗാളിയിൽ ബങ്കിംചന്ദ്രനെ കൂടാതെ മധുസൂദൻ ദത്ത്, രമേശ്ചന്ദ്രദത്ത്, ടാഗൂർ തുടങ്ങിയവരും ആംഗലകൃതികളുടെ സ്വാധീനത്തിനു വിധേയരായി കൃതികൾ രചിച്ചവരാണെന്നും സൂചിപ്പിക്കുന്നു. സാദൃശ്യം മാത്രം അടിസ്ഥാനമാക്കി സ്വാധീനത നിശ്ചയിക്കാൻ ശ്രമിക്കുന്നത് അവിവേകമാണെന്ന അഭിപ്രായമാണ് ഡോ. ജോർജ്ജിനുള്ളത്. ഒരു മികച്ച ഗ്രന്ഥകാരന്റെ രചനകളിലുണ്ടായിട്ടുള്ള സ്വാധീനതകൾ അക്കൂട്ടത്തിൽ ശരിക്കും തനിക്കു ആധമർണ്യമുള്ള മേഖലകൾ, അവയുടെ ആക്കത്തൂക്കങ്ങൾ, യാദൃച്ഛികമായി വന്നു ചേർന്നിട്ടുള്ള സമാനതകൾ എന്നിങ്ങനെ പലതും താരതമ്യ സാഹിത്യകാരന്റെ നിസ്തന്ദ്രമായ അന്വേഷണത്തിന് അനുപേക്ഷണീയ വിഷയങ്ങളാണെന്നും അങ്ങനെ താരതമ്യേന സമഗ്രമായ പഠനങ്ങളുടെ വെളിച്ചത്തിൽ മാത്രമേ നിഗമനങ്ങളിൽ എത്താവൂ എന്നും ഡോ. ജോർജ്ജ് ഊന്നിപ്പറയുന്നുണ്ട്. സാഹിത്യചിന്തകനായ "ജെ.റ്റി.ഷാ"യുടെ അഭിപ്രായത്തിന്റെ പശ്ചാത്തലത്തിൽ സാഹിത്യസംബന്ധമായ ആധമർണ്യത്തിന്റെ ഇത്തരം മേഖലകളെ, അതായത് വിവർത്തനം, അനുകരണം സാങ്കേതികവിധാനം, കടമെടുപ്പ്, മൂലരേഖകൾ, സമാനഭാവങ്ങൾ പ്രചോദനം, എന്നിവയെ അദ്ദേഹം പരിചയപ്പെടുത്തുന്നു.

സർഗ്ഗാത്മകകൃതിയുടെ വിവർത്തനം ഒരു സർഗ്ഗാത്മകപ്രക്രിയയാണെന്നാണ് ജോർജ്ജ് അഭിപ്രായപ്പെടുന്നത്. ആയിരത്തി എണ്ണൂറ്റി എൺപതുമുതൽ ആയി

രത്തിത്തൊള്ളായിരത്തിഅറുപത്തിആറുവരെയുള്ള കാലഘട്ടത്തിൽ പാശ്ചാത്യഭാഷകളിൽ നിന്ന് മലയാളത്തിൽ വിവർത്തനങ്ങളായും അനുവാദങ്ങളായും ലഭിച്ചിട്ടുള്ള കൃതികളുടെ കണക്ക് അദ്ദേഹം രേഖപ്പെടുത്തുന്നു. വിശ്വസ്തതയ്ക്കു മുൻതൂക്കമുള്ള വിവർത്തനത്തിൽ സ്വാതന്ത്ര്യം പരിമിതമാണെന്നും ഓർമ്മിപ്പിക്കുന്നു.

എന്നാൽ "അനുകരണത്തിനാണെങ്കിൽ അനുകർത്താവിന് വളരെ സ്വാതന്ത്ര്യമുണ്ട്. മൂലകൃതിയുടെ അസ്ഥികൂടത്തിനു കോട്ടം തട്ടാതെ മാംസളഭാഗങ്ങൾ തന്റെ മനോധർമ്മപ്രകാരം ചേർത്തു സൃഷ്ടി നടത്തുന്നതിനുള്ള അവകാശവും അനുകർത്താവിനുണ്ട് "[44] തങ്ങളുടെ വായനക്കാരുടെ പരിമിതികളും അഭിരുചികളും ആദരിച്ചുകൊണ്ടാണ് അനുകരണങ്ങൾ എഴുത്തുകാർ സ്വീകരിക്കുന്നതെന്ന വസ്തുതയും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

സാങ്കേതികവിധാനം എന്ന അടുത്ത ഘടകം അനുകരണത്തിന്റെ അംശമുള്ള ഒന്നാണെന്ന് വ്യക്തമാക്കുന്നു. ചങ്ങമ്പുഴയുടെ രമണനെ ഇവിടെ ഉദാഹരിക്കുന്നു. സാങ്കേതികവിധാനത്തിൽ ഇംഗ്ലീഷിൽ പ്രചരിച്ചിട്ടുള്ള 'പാസ്റ്ററൽ എലിജി'യുടെ മാതൃകയാണ് രമണനിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുന്ന ലേഖകൻ അതൊരു സ്വതന്ത്രകൃതി തന്നെയെന്നു സമ്മതിക്കുന്നുണ്ട്.

ചില ഘടകങ്ങൾ കടമെടുക്കുന്നതിനെയാണ് കടംകൊള്ളൽ എന്നു വിശേഷിപ്പിച്ചത്. സി.വി.യുടെ ആഖ്യായികകളെ അദ്ദേഹം ഉദാഹരിക്കുന്നു. അദ്ദേഹത്തിന്റെ ചരിത്രനോവലിന്റെ അസ്ഥിപഞ്ജരം തിരുവിതാംകൂർ ചരിത്രമാണെങ്കിലും ചില കഥാപാത്രങ്ങളിലും സന്ദർഭങ്ങളിലും കടംകൊള്ളലിന്റെ ലക്ഷണങ്ങൾ കാണുന്നതായി അദ്ദേഹം പറയുന്നുണ്ട്. ജി.ശങ്കരക്കുറുപ്പിലെ ടാഗോർ സ്വാധീനവും ഈ വകുപ്പിലാണ് അദ്ദേഹം ഉൾപ്പെടുത്തുന്നത്. മൂലരേഖകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കടപ്പാടിന്റെ പ്രഭാവത്തെയാണ്. ഒരു സാഹിത്യകൃതിയുടെ ആധാരം നിർണ്ണയിക്കുകയും അതിൽ നിന്നുള്ള വ്യതിയാനവും പരിഷ്കാരവും വിലയിരുത്തുകയും ചെയ്യുന്നത് താരതമ്യപഠനത്തിന്റെ ഒരു വിഭാഗമായിട്ടാണ് അദ്ദേഹം കണക്കാക്കുന്നത്. വള്ളത്തോളിന്റെ മഗ്ദലനമറിയത്തെയാണ് ഈ ഘടകം മനസ്സിലാക്കാൻ വള്ളത്തോൾ ഉദാഹരിക്കുന്നത്.

ആധമർണ്യത്തിന്റെ അംശങ്ങൾ കടന്നിരിക്കാനിടയുള്ള മേഖലയായി സമാനത എന്ന ഘടകത്തെ ചിത്രീകരിക്കുന്നു. ദേവ്, തകഴി, വർക്കി തുടങ്ങിയവരുടെ നോവലുകളിൽ പ്രത്യക്ഷമായോ പരോക്ഷമായോ യൂറോപ്യൻ സാഹിത്യകാരന്മാരുടെ സ്വാധീനത ദർശിക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കുന്നു. പ്രചോദനത്തിന് ഉദാഹരണമായി കൈനിക്കര പത്മനാഭപിള്ളയുടെ കാൽവരിയിലെ കല്പപാദപം എന്ന നാടകമാണ് ചൂണ്ടിക്കാട്ടുന്നത്. സ്വീകർത്താവിന്റെ പ്രതിഭാവിലാസവും സ്വീകരിക്കുന്ന മാധ്യമത്തിന്റെ ശക്തി ദൗർബല്യങ്ങളും രൂപപരിണാമത്തിന്റെ മേന്മയും തനിമയും നിർണ്ണയിക്കുന്ന ഘടകങ്ങളാണെന്ന യാഥാർത്ഥ്യം വെളിപ്പെടുത്തി താരതമ്യസാഹിത്യത്തിൽ സ്വാധീനതാപഠനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നു.

ഡോ.കെ.എം.ജോർജ്ജിന്റെ താരതമ്യപഠനസംബന്ധമായ ഇംഗ്ലീഷ് രചനകളെയാണ് ഇനി വിലയിരുത്തുന്നത് അവ പ്രധാനമായും രണ്ടു വിഭാഗത്തിൽപ്പെടുന്നു.

1. സ്വന്തം രചനകൾ 2. അദ്ദേഹം എഡിറ്റു ചെയ്തവ.

വെസ്റ്റേൺ ഇൻഫ്ളുവൻസ് ഓൺ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, പ്ലെയിസ് നെയിംസ് ഓഫ് സതേൺ ഇന്ത്യ- എ ജനറിക് അപ്രോച്ച്, ഫെയ്സെറ്റ്സ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ എ മെനി ബ്രാഞ്ച്ഡ് ട്രീ, ദ റോൾ ഓഫ് സാൻസ്ക്രിറ്റ് ഇൻ ദ ഡവലപ്മെന്റ് ഓഫ് ദ്രവിഡിയൻ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ തുടങ്ങിയവയാണ് സ്വന്തം രചനകൾ.

മോഡേൺ ഇന്ത്യൻ ലിറ്ററേച്ചർ ആൻ ആന്തോളജി, മാസ്റ്റർ പീസസ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ എന്നിവയാണ് അദ്ദേഹം എഡിറ്റുചെയ്ത കൃതികൾ. "ഭാരതീയ സാഹിത്യചരിത്രത്തിന്റെ അനുബന്ധവാല്യങ്ങൾ "[45] എന്ന വിശേഷണമാണ് ഡോ.എൻ.സാം ഈ കൃതികൾക്കു നൽകുന്നത്.

മലയാളഭാഷയ്ക്കും സാഹിത്യത്തിനും പാശ്ചാത്യസ്വാധീനം കൊണ്ടുണ്ടായ ഗുണങ്ങളെയും ദ്രാവിഡഭാഷകളിലെ സംസ്കൃത സ്വാധീനത്തെയും സ്ഥല

നാമപഠനങ്ങളിലെ താരതമ്യാത്മക സമീപനത്തെയും മുന്നദ്ധ്യായത്തിൽ വിലയിരുത്തിയതിനാൽ ഇവിടെ കൂടുതൽ പരാമർശിക്കേണ്ടതില്ല.

താരതമ്യസാഹിത്യപഠനമേഖലയിൽ പെടുന്ന പ്രധാനകൃതിയാണ് 'ഫെയ്സെറ്റ്സ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ'. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി എന്ന മാനവിക സാഹിത്യഗവേഷണകേന്ദ്രത്തിൽ വച്ച് ഭാരതീയസാഹിത്യത്തെ ആസ്പദമാക്കി ഡോ.കെ.എം.ജോർജ്ജു നടത്തിയ ഏഴു പ്രഭാഷണങ്ങളുടെ പുസ്തകരൂപം ആണ് ഫെയ്സെറ്റ്സ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ. "പ്രഭാഷണങ്ങൾ അല്പം ചില ഭേദഗതികൾ വരുത്തിയാണ് പ്രസിദ്ധീകരിച്ചതെ"[46]ന്ന് ഡോ.ജോർജ്ജ് തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. മാത്രമല്ല, 'ഭാരതീയ സാഹിത്യസമീക്ഷ ' എന്ന കൃതിയിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ തന്നെയാണ് ഇതിലും സ്വീകരിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

സാഹിത്യങ്ങളിലൂടെയുള്ള ദേശീയോദ്ഗ്രഥനത്തിനാണ് ഈ കൃതിയിൽ അദ്ദേഹം പ്രധാനമായും ഊന്നൽ കൊടുക്കുന്നത്. സാംസ്കാരിക സമുദ്ഗ്രഥനം സാഹിത്യത്തിലൂടെ എപ്രകാരം സാധ്യമാക്കാം എന്നതിന് ചില നിർദ്ദേശങ്ങളും അദ്ദേഹം നൽകുന്നുണ്ട്. ഭാഷ പ്രാദേശികമാണെങ്കിൽ, സാഹിത്യം പ്രാദേശികമായ അതിർത്തികളെ കടന്നുപോകുന്ന സത്തയാണെന്നും കുറേക്കൂടി കഴിയുമ്പോൾ അതിന്റെ സഹജമായ ശക്തിയും പ്രഭവവും അനുസരിച്ച് അത് ദേശീയവും അന്തർദേശീയവുമായി പരിവർത്തനം ചെയ്യുമെന്നും അദ്ദേഹം സ്ഥാപിക്കുന്നു. ഭാഷ ഒരു പ്രദേശത്തു നിൽക്കുമ്പോൾ അതിലെ സാഹിത്യകൃതികൾ സഞ്ചാരസമർത്ഥങ്ങളാണെന്നും സാഹിത്യ പ്രദേശങ്ങളെയും സമൂഹങ്ങളെയും യോജിപ്പിക്കുന്നുവെന്നും വ്യക്തമാക്കുന്നു. ഭാഷയെ ചെടിയായും സാഹിത്യം അതിലെ പുഷ്പമായും കണക്കാക്കുന്ന സങ്കല്പനം ആണ് അദ്ദേഹത്തിന്റേത്. ചെടിയില്ലാതെ പുഷ്പം ഉണ്ടാകില്ല എന്നതുപോലെ ഭാഷയില്ലാതെ സാഹിത്യം ഉണ്ടാകുന്നില്ല എന്ന നിരീക്ഷണം ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രസക്തി വ്യക്തമാക്കിത്തരുന്നു. തുടർന്ന് സാഹിത്യസമുദ്ഗ്രഥനത്തിന് വിവർത്തനങ്ങളുടെ ആവശ്യകതയെയും അദ്ദേഹം ഉറപ്പിച്ചു പറയുന്നു.

താരതമ്യപഠനത്തിന് സാധ്യതയുള്ള ചില ലേഖനങ്ങൾ ഉൾപ്പെട്ട ഒരു സമാഹാരമാണ് 'എ മെനി ബ്രാഞ്ച്ഡ് ട്രീ'. അജന്താ പബ്ലിക്കേഷൻസ് ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്നിൽ പ്രസിദ്ധീകരിച്ച ഈ കൃതിയിലെ ഇരുപത്തി ഒന്നു ലേഖനങ്ങളിൽ ഏഴെണ്ണം താരതമ്യ സാഹിത്യവുമായി ബന്ധമുള്ളവയാണ്. രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ കൃതിയിലെ ഒൻപതാം ലേഖനം ഭാരതീയ താരതമ്യ സാഹിത്യത്തെക്കുറിച്ചാണ്. താരതമ്യ സാഹിത്യപഠനത്തിന്റെ സാംഗത്യത്തെയും സാധ്യതകളെയും ഇതിൽ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഈ ലേഖനത്തെ ഡോ. ജാൻസി ജയിംസ് ഇപ്രകാരമാണ് വിലയിരുത്തുന്നത് "ഏറ്റവും വ്യക്തമായി ഇതിൽ പ്രതിപാദിക്കുന്ന ഒരു കാര്യമുണ്ട്. - താരതമ്യ പഠനത്തിന്റെ മാനദണ്ഡം. സിദ്ധാന്തങ്ങളുടെയും നിർവചനങ്ങളുടെയും സങ്കീർണ്ണമായ ശൃംഖലകളിൽ താരതമ്യസാഹിത്യ തത്ത്വങ്ങൾ കുരുങ്ങി നിൽക്കുമ്പോൾ, ഡോക്ടർ ജോർജ്ജ് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്നു. താരതമ്യ സാഹിത്യ പഠനത്തിന്റെ ഏറ്റവും ഫലപ്രദമായ പദ്ധതി സാഹിത്യത്തിലെ ദേശീയ പാരമ്പര്യങ്ങളെ വേർതിരിച്ചറിയുകയും നിർവചിക്കുകയുമാണ്".[47]

വിവിധ ഭാരതീയ ഭാഷകളിലെഴുതപ്പെട്ടതെങ്കിലും ഭാരതീയ സാഹിത്യം യഥാർത്ഥത്തിൽ ഒന്നാണ് എന്ന് ഇന്ത്യയിലെയും വിദേശത്തെയും വായനക്കാർക്ക് തോന്നത്തക്കവിധത്തിൽ ചില നിർദ്ദേശങ്ങളും അദ്ദേഹം നൽകുന്നുണ്ട്. താരതമ്യസാഹിത്യപഠനം സാധ്യമാക്കുന്നതിന് നടപ്പിലാക്കാവുന്ന ചില പദ്ധതികളെക്കുറിച്ചുള്ള പരാമർശവും ഇതിലുണ്ട്. ഒന്നാംകിട വിവർത്തനങ്ങളുണ്ടായാൽ മാത്രമേ പഠനം പുരോഗമിക്കുകയുള്ളു എന്ന യാഥാർത്ഥ്യം അദ്ദേഹം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

'റെസിപ്രോക്കൽ എക്സ്ചേഞ്ച് ഓഫ് ലിറ്ററി വർക്സ്' എന്ന ലേഖനം, ഭാരതീയ ഭാഷകളില ആദാനപ്രദാനങ്ങളെയാണ് സൂചിപ്പിക്കുന്നത്. സാഹിത്യ സമ്പുഷ്ടമായ എല്ലാ ഭാഷകളിലും ഈ പ്രക്രിയകൾ ശതവർഷങ്ങളായി നടന്നു കൊണ്ടിരിക്കുന്നതായി അദ്ദേഹം പറയുന്നുണ്ട്. പ്രദാനത്തെക്കാൾ ആദാനത്തിനാണ് എല്ലാ ഭാഷകളും കൂടുതൽ ശ്രദ്ധിക്കുന്നത്. സാഹിത്യസമുദ്ഗ്രഥന പരിപാടികളിൽ പ്രധാനപ്പെട്ട ഒരിനമായ ആദാനപ്രദാനങ്ങളുടെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കുവാൻ ഇതര ഭാഷ

കളിൽ നിന്നു മലയാളത്തിൽ ലഭിച്ചിട്ടുള്ള സാഹിത്യകൃതികളുടെ എണ്ണം അദ്ദേഹം വിവരിക്കുന്നു.

| | | |
|---|---|---|
| ബംഗാളി | - | 196 |
| ഹിന്ദി | - | 130 |
| തമിഴ് | - | 46 |
| ഉറുദു | - | 24 |
| മറാത്തി | - | 14 |
| ഗുജറാത്തി | - | 7 |
| കന്നഡ | - | 5 |
| പഞ്ചാബി | - | 4 |
| ഒറിയ | - | 3 |
| തെലുങ്ക് | - | 2 |

ഇതര ഭാരതീയ ഭാഷകളിൽ നവോത്ഥാനത്തിനു കാരണമായ പാശ്ചാത്യ സ്വാധീനത്തെക്കുറിച്ചൊരു ലേഖനവും ഈ കൃതിയിലുണ്ട്. ഇതിൽ ഇന്ത്യൻ സാഹിത്യങ്ങളിലെ പാശ്ചാത്യസ്വാധീനതയെ സാമാന്യമായ അവലോകനം ചെയ്യുന്നുണ്ട്.

ഡോ. കെ. എം, ജോർജ്ജ് എഡിറ്റ് ചെയ്ത കൃതികളിൽ താരതമ്യസാഹിത്യപഠന സാധ്യതയുള്ള ഒരു കൃതിയാണ് 'മോഡേൺ ഇന്ത്യൻ ലിറ്ററേച്ചർ ആൻ ആന്തോളജി' സാഹിത്യ അക്കാദമി ആയിരത്തിത്തൊള്ളായിരത്തിത്തൊണ്ണൂറ്റി രണ്ടിൽ പ്രസിദ്ധീകരിച്ച കൃതിക്ക് മൂന്നു വാല്യങ്ങളുണ്ട്. വിവിധ ഭാരതീയ ഭാഷകളിലെ തിരഞ്ഞെടുക്കപ്പെട്ട ആധുനിക കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു ചേർത്തിരിക്കുന്നു. ഈ ആന്തോളജിയുടെ ഒന്നാം വാല്യത്തിൽ കവിതകൾ മാത്രമാണ്. രണ്ടാം വാല്യത്തിൽ ചെറുകഥകളും നോവലുമാണ്. നാടകസാഹിത്യവും നിലവാരപ്പെട്ട ഗദ്യവുമാണ് മൂന്നാം വാല്യത്തിലെ ഉള്ളടക്കം. ഭാരതത്തിലെ വിവിധ ഭാഷകളിലെ നവീന സാഹിത്യ പ്രവണതകളെ വിശകലനം ചെയ്തു കൊണ്ടുള്ള ചീഫ് എഡിറ്ററുടെ സുദീർഘമായ ആമുഖം ഈ കൃതിയുടെ ഒരു പ്രധാന സവിശേഷതയാണ്. ഇതു

കൂടാതെ ഓരോ ഭാഷയിലെയും നവീനസാഹിത്യപ്രവണതകളുടെ പ്രത്യേകാവലോകനവും ഈ കൃതിയുടെ മറ്റൊരു പ്രത്യേകതയാണ്. ഉദാഹരണത്തിന് മലയാളത്തിലെ ആധുനിക കാല വികാസം വിവരിക്കുന്നത് ഡോ. കെ. അയ്യപ്പപണിക്കരാണ്. കവിതയുടെ തിരഞ്ഞെടുപ്പിനുള്ള ഉത്തരവാദിത്വം ഓരോ ഭാഷയിലുമുള്ള മൂന്നംഗക്കമ്മിറ്റിക്കാണ്. മൂന്നംഗങ്ങളിൽ ഒരാൾ എഡിറ്ററായിരിക്കും. മലയാളത്തിലെ മൂന്നംഗക്കമ്മിറ്റിയിൽ ഡോ. കെ. അയ്യപ്പപണിക്കർ എഡിറ്ററും ഒ. എൻ. വി. കുറുപ്പും പ്രൊ. എൻ. കൃഷ്ണപിള്ളയും അംഗങ്ങളുമായിരുന്നു. മലയാളത്തിൽ തിരഞ്ഞെടുത്ത കവിതകൾ താഴെപ്പറയുന്നവയാണ്. ഇരയിമ്മൻ തമ്പിയുടെ 'ഓമനത്തിങ്കൾ കിടാവോ' എന്ന താരാട്ട് 'മയൂരസന്ദേശ'ത്തിൽ നിന്നും ഏതാനും ഭാഗങ്ങൾ, കുമാരനാശാന്റെ 'വീണപൂവി'ലെയും 'കരുണ'യിലെയും ഏതാനും ഭാഗങ്ങൾ, വി. സി. ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപം, വള്ളത്തോളിന്റെ 'എന്റെ ഗുരുനാഥനി'ലെയും 'അച്ഛനും മകളി'ലേയും ഏതാനും ഭാഗങ്ങൾ. ഉള്ളൂരിന്റെ 'പ്രേമ സംഗീതം', 'കർണ്ണഭൂഷണം' ഇടപ്പള്ളി രാഘവൻപിള്ളയുടെ 'മണിമുഴക്കം', ചങ്ങമ്പുഴയുടെ 'മനസ്വിനി', ജി. യുടെ 'പെരുന്തച്ചൻ', പി. യുടെ 'കളിയച്ഛൻ' വൈലോപ്പിള്ളിയുടെ 'ഓണപ്പാട്ടുകാർ', എൻ. വി. കൃഷ്ണവാരിയരുടെ ആഫ്രിക്ക, ഇടശ്ശേരിയുടെ 'തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ', ബാലാമണി അമ്മയുടെ 'വിഭീഷണൻ' എന്നിവയാണ്. വിവിധ ഭാരതീയ ഭാഷകളിലെ ആധുനിക സാഹിത്യകൃതികളെ വിലയിരുത്താനും ഏറെക്കുറെ സഹായിക്കുന്ന ഒരു സമാഹാരമാണിത്. സാഹിത്യ കാലഘട്ടങ്ങളുടെ വസ്തുനിഷ്ഠമായ പഠനങ്ങൾ ഉൾക്കൊണ്ട ആമുഖങ്ങൾ അതിലേറെ പ്രയോജനകരമാണ്. ആധുനികതയുടെ വികാസഘട്ടം ഏറെക്കുറെ എല്ലാ ഭാഷകളിലും സമാനമായിരുന്നുവെന്ന വസ്തുത ഈ ആമുഖപഠനങ്ങൾ ബോധ്യപ്പെടുത്തുന്നുണ്ട് വിഷയസ്വീകരണത്തിൽ സമാനത പുലർത്തിയിട്ടുണ്ടോ എന്ന് ഗ്രഹിക്കാൻ തുലനാത്മക പഠനം കൊണ്ടു കഴിയും. വിവിധ ദേശങ്ങളുടെ സാംസ്കാരിക സവിശേഷതകൾ അതതു കാലത്തെ സാഹിത്യങ്ങളിൽ എങ്ങനെ പ്രതിഫലിച്ചിരുന്നുവെന്നു കണ്ടെത്താനും സാധ്യതകളൊരുക്കുന്ന കൃതിയാണിത്. സാഹിത്യപരമായി വ്യത്യസ്ത ഭാഷക്കാർ തമ്മിൽ അടുപ്പമുണ്ടാക്കാൻ ഇത്തരം വിവർത്തനങ്ങൾ സഹാ

യകമാണ്. ഭാരതീയ ഭാഷാ സാഹിത്യങ്ങളിലെ പ്രവണതകളെക്കുറിച്ചുള്ള താരതമ്യ പഠനത്തിനും ഈ കൃതി വഴിയൊരുക്കുന്നു. നമ്മുടെ സാംസ്കാരിക പൈതൃകം ഒന്നാണെന്നും പുറമേ കാണുന്ന അന്തരങ്ങൾ പ്രധാനങ്ങളല്ലെന്നുമുള്ള സന്ദേശം ജനഹൃദയങ്ങളിലെത്തണമെങ്കിൽ ഇത്തരം വിവർത്തനസംരംഭങ്ങൾ അനിവാര്യമാണ്.

*താരതമ്യപഠനത്തിനു സഹായിക്കുന്നതും പ്രേരിപ്പിക്കുന്നതും ഭാരതീയ* സാഹിത്യത്തെക്കുറിച്ച് ഒരുൾക്കാഴ്ച നൽകുന്നതുമായ മറ്റൊരു കൃതിയാണ് ഡോ. ജോർജ്ജിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ 'മാസ്റ്റർ പീസസ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ'. ലോകസാഹിത്യത്തിൽ ഭാരതീയ സാഹിത്യത്തിനുള്ള പ്രാധാന്യം എന്ത് എന്ന ചിന്തയാണ് മാസ്റ്റർ പീസസ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ എന്ന കൃതിയുടെ സൃഷ്ടിയിലേക്ക് ഡോ. ജോർജ്ജിനെ നയിച്ചത്. പ്രാചീനവും ആധുനികവുമായ അഞ്ഞൂറ് മഹത്കൃതികൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും വാല്യങ്ങൾ ഭാരതീയ സാഹിത്യസംബന്ധമായ ഒരമൂല്യ ശേഖരമാണ്. ഇന്ത്യൻ ഭാഷകളിലെ ക്ലാസ്സിക്ക് കൃതികളിലെ മികച്ച മാതൃകകളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. കേവലം പ്രമുഖ കൃതികളുടെ സംഗ്രഹസമാഹാരമോ വെറുമൊരു പ്രമാണ ഗ്രന്ഥമോ അല്ല. പ്രധാന കൃതികളുടെ സംഗ്രഹം ഉൾക്കാഴ്ചയോടെ അവതരിപ്പിക്കുകയാണിതിൽ ചെയ്തിട്ടുള്ളത്. വിവിധ ഭാഷകൾ സംസാരിക്കുന്ന ഒരു രാജ്യത്തെ ജനതയെ, വിവിധ ഭാഷകളിലായിക്കിടക്കുന്ന അവരുടെ സാഹിത്യത്തിന്റെ സമ്പന്നമായ കലവറയെ പരിചയപ്പെടുത്തുന്ന ഒരു സംരംഭം കൂടിയാണ്. മാസ്റ്റർ പീസസ് ഓഫ് വേൾഡ് ലിറ്ററേച്ചറിന്റെ മാതൃകയിലാണ് ഈ കൃതി സംവിധാനം ചെയ്തിട്ടുള്ളത്. ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യമുൾപ്പെടെയുള്ള പത്തൊമ്പത് ഇന്ത്യൻ ഭാഷാ സാഹിത്യങ്ങൾക്ക് ഈ കൃതിയിൽ പ്രാതിനിധ്യമുണ്ട്. പ്രധാനമായും ഇന്ത്യയിലെ വ്യത്യസ്ത സാഹിത്യ കൃതികൾ ഗ്രഹിക്കുന്നതിലുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്യാനുദ്ദേശിച്ചുകൊണ്ടു തയ്യാറാക്കിയ ഒരു കൃതിയാണിത്. ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴിൽ നാഷണൽ ബുക്കുട്രസ്റ്റാണ് ഈ പുസ്തകം പുറത്തിറക്കിയത്. അസ്സാമീസ്, ബംഗാളി, ഇംഗ്ലീഷ്, ഗുജറാത്തി, ഹിന്ദി, കന്നഡ, കാശ്മീരി, കൊങ്കണി, മലയാളം എന്നീ ഭാഷകളിലെ കൃതി

കളാണ് ഒന്നാം വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം വാല്യത്തിൽ മണിപ്പുരി, മറാത്തി, നേപ്പാളി, ഒറിയ, പഞ്ചാബി, സംസ്കൃതം, സിന്ധി, തമിഴ്, തെലുങ്ക്, ഉറുദു എന്നീ ഭാഷകളിലെ കൃതികളും. ഈ രണ്ടു വാല്യങ്ങളിൽ നിന്നും വ്യത്യസ്തമായ മൂന്നാം വാല്യം സാമാന്യേന ചെറുതാണ്. ചെറിയ സാഹിത്യഖണ്ഡങ്ങളാണ് ഇതിലെ ഉള്ളടക്കം. ഈ വാല്യത്തിലെ ആദ്യ ഭാഗത്ത് കവിതയെക്കുറിച്ചുള്ള ലഘുവിവരണമാണ്. ചെറുകഥകളുടെ ചെറുവിവരണമാണ് രണ്ടാമത് നൽകിയിരിക്കുന്നത്. നാടകങ്ങളെയും ചില ഗദ്യകൃതികളെയും കുറിച്ചുള്ള ലഘുവിവരണങ്ങളാണ്. ഈ ഭാഗത്തു ചേർത്തിരിക്കുന്നത്. അക്ഷരമാലാ ക്രമത്തിലാണ് കൃതികളുടെ വിവരണം. മൊത്തത്തിൽ ആയിരത്തിഅറുനൂറോളം ലഘുകൃതികളെക്കുറിച്ചുള്ള വിവരണമാണ് മൂന്നാം വാല്യത്തിലുള്ളത്. ചുരുക്കത്തിൽ ഇന്ത്യൻ സാഹിത്യത്തെ അതിന്റെ വൈവിധ്യത്തിലും മനോഹാരിതയിലും ആസ്വദിക്കാനുള്ള വായനക്കാരന്റെ ആഗ്രഹത്തെ സാക്ഷാത്കരിക്കാൻ സഹായകമാണ് ഈ കൃതി.

'ഓരോ സാഹിത്യത്തിലെയും വിശിഷ്ട രത്നങ്ങൾ കണ്ടെടുക്കുന്നതിനായി ഇന്ത്യൻ സാഹിത്യ സമുദ്രത്തെ കടഞ്ഞതിന്റെ സദ്ഫലമാണീ കൃതി' എന്ന് അവതാരികയിൽ ഡോ. സുകുമാർ അഴീക്കോട് ഡോ. കെ. എം. ജോർജ്ജിന്റെ ശ്രമങ്ങളെ പ്രശംസിക്കുന്നുണ്ട്. താരതമ്യ സാഹിത്യ കൃതികളെ സംബന്ധിച്ച് വിലപ്പെട്ട വിവരങ്ങൾ അടങ്ങിയ ഈ കൃതി തുലനാത്മകപഠനത്തിനും സഹായകമാണ്. മാസ്റ്റർ പീസസ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചറിന്റെ നിർമ്മിതിയിൽ ഡോ. ജോർജ്ജിന്റെ സഹായിയായി പ്രവർത്തിച്ച ജി. എൻ. പണിക്കർ, അദ്ദേഹത്തിന്റെ ശ്രമങ്ങളെ വിലയിരുത്തുന്നതു നോക്കാം. "ബഹുശതം ലേഖകരുടെ സഹായത്തോടുകൂടി മാസ്റ്റർ പീസസ് പോലൊരു ബൃഹദ്ഗ്രന്ഥം എങ്ങനെ, എത്രവേഗം എന്നാൽ എത്ര സൂക്ഷ്മമായും കണിശമായും രൂപപ്പെടുത്തി എടുക്കാമെന്ന് കെ. എം. ജോർജ്ജു സാറിന്റെ ചിട്ടയായ അക്ഷീണ പ്രവർത്തനം വ്യക്തമാക്കുന്നു".[48] ഭാരതീയ സാഹിത്യങ്ങളെ പരസ്പരം അടുപ്പിക്കാനും അവയെ ലോകദൃഷ്ടിയിൽ കൊണ്ടു വരാനും ഇത്തരം സംരംഭങ്ങൾ കൊണ്ടു സാധ്യമാകും. ഭാരതീയ ഭാഷകളിലെ സാഹിത്യപ്രവർത്തനങ്ങളെ സമന്വയി

പ്പിക്കുകയും അവയിലൂടെ രാജ്യത്തിന്റെ സാസ്കാരിക ഐക്യം ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക എന്ന സാഹിത്യ അക്കാദമിയുടെ പ്രഖ്യാപിത നയത്തിനനുസരണമായ പ്രവർത്തനങ്ങൾ ആണ് ഭാരതത്തിലെ താരതമ്യ സാഹിത്യപഠനത്തിന്റെ പുരോഗതിക്കു കാരണമായത്. മേൽപ്പറഞ്ഞ ലക്ഷ്യ സാക്ഷാത്കാരത്തിനു വേണ്ട പ്രവർത്തനങ്ങളിൽ ഡോ. കെ. എം. ജോർജ്ജു വഹിച്ച പങ്ക് നിസ്തുലമാണ്. താരതമ്യപഠന മേഖലയെക്കുറിച്ച് മലയാളിക്ക് അറിവു പകർന്നു കൊടുത്തത് അദ്ദേഹമാണ്. മലയാളസാഹിത്യത്തെ ദേശീയതലത്തിലും അന്തർദേശീയതലത്തിലും പരിചയപ്പെടുത്തുന്നതിനു വേണ്ട പരിശ്രമങ്ങളിൽ അദ്ദേഹം നിരന്തരം വ്യാപൃതനായിരുന്നു. താരതമ്യ സാഹിത്യത്തിലുള്ള താല്പര്യവും വിവിധ ഭാരതീയ ഭാഷകളുമായുള്ള സമ്പർക്കവും ഏതാണ്ടെല്ലാ ഭാഷകളെക്കുറിച്ചും അതിലെ സാഹിത്യത്തെക്കുറിച്ചും ഉള്ള വിപുലമായ ജ്ഞാനവും ആണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് സഹായകമായത്. സാഹിത്യചരിത്രനിർമ്മാണത്തിലും വിമർശനത്തിലും സ്ഥലനാമപഠനത്തിനുമെല്ലാം താരതമ്യാത്മക വീക്ഷണം വച്ചു പുലർത്തിയ ഡോ. ജോർജ്ജിന്റെ മഹത്തായ സംരംഭങ്ങളാണ് ഭാരതീയ ചരിത്രനിർമ്മാണവും ആധുനിക ഭാരതീയ സാഹിത്യ സമാഹരണവും.

താരതമ്യ സാഹിത്യത്തിന്റെ വിശാലമായ വീക്ഷണത്തെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള പരാമർശങ്ങൾ ആധുനിക പണ്ഡിതന്മാർ നടത്തിയിട്ടുണ്ടെന്ന കാര്യം ഈയവസരത്തിൽ ശ്രദ്ധേയമാണ്. "പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്പിൽ വികസിച്ചു വന്നതും അവിടെ നിന്നു കോളണി രാജ്യങ്ങളിലേക്കു കയറ്റുമതി ചെയ്യപ്പെട്ടതുമാണ് താരതമ്യ സാഹിത്യപഠനം. അവികസിത സമൂഹങ്ങളിലെ കൃതികളെ സ്വന്തം സമൂഹങ്ങളിലെ കൃതികളുമായി തുലനം ചെയ്തു സ്വന്തം ദേശീയതയുടെ പ്രാമാണ്യത്തെ ബലപ്പെടുത്തുക എന്നതായിരുന്നു താരതമ്യ സാഹിത്യ ചിന്തയ്ക്കു നേതൃത്വം കൊടുത്ത വികസിത സമൂഹങ്ങളിലെ ബുദ്ധി ജീവികളുടെ ലക്ഷ്യം വിശ്വസാഹിത്യം എന്ന സങ്കല്പത്തിന്റെ ആരംഭം പോലും ഈ ചിന്തയിൽ നിന്നാണ്".[48] പി.പി.രവീന്ദ്രന്റെ, ഈ അഭിപ്രായം, അവനവന്റെ ദേശീയ സാഹിത്യത്തിന് പരമ പ്രാധാന്യം കല്പിക്കുന്ന സങ്കുചിത ദേശാഭിമാനികളക്കുറിച്ചാണ്.

## സമാഹരണവും ഗ്രന്ഥസംവിധാനവും

അപാരമായ സാഹിത്യാഭിരുചി, മമതാ പൂർണ്ണമായ ഭാഷാ സ്നേഹം, വിശാലമായ പാണ്ഡിത്യം, അസാമാന്യമായ പ്രതിഭ ഇവയെല്ലാം കൂടിച്ചേർന്ന മഹാനായിരുന്ന ഡോ. കെ. എം. ജോർജ്ജ്. മലയാള സാഹിത്യത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ഇത്രയധികം പ്രവർത്തിച്ചവർ കുറയും. നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹത്തിന്റെ വിജയത്തിനടിസ്ഥാനം. ബഹുമുഖമായ വ്യക്തിത്വത്തിന്റെ ഉടമയായ ഡോ. ജോർജ്ജിന്റെ മറ്റൊരു കർമ്മ മേഖലയായിരുന്നു സമാഹർത്താവ് എന്ന നിലയിലുള്ളത്. ഗ്രന്ഥങ്ങൾ, സ്മരണികകൾ, പത്രമാസികകൾ, വിജ്ഞാനകോശം എന്നിവ എഡിറ്റു ചെയ്യുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള അന്യാദൃശ വൈദഗ്ദ്ധ്യത്തെയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ആയിരത്തിത്തൊള്ളായിരത്തി നാല്പത്തി എട്ട് ഫെബ്രുവരി മാസത്തിൽ മദ്രാസിൽ നിന്നും പ്രസിദ്ധീകരിച്ച ലോകവാണി എന്ന മാസികയുടെ പത്രാധിപർ എന്ന നിലയിലുള്ള പ്രവർത്തനമാണ് ഈ രംഗത്തെ അദ്ദേഹത്തിന്റെ പ്രഥമ പരിശ്രമം. വളരെക്കുറച്ചുകാലം മാത്രമേ അദ്ദേഹം ആ രംഗത്തു പ്രവർത്തിച്ചുള്ളുവെങ്കിലും പിൽക്കാലത്ത പ്രഗല്ഭരും പ്രമുഖരുമായ എഴുത്തുകാരിൽ പലരേയും പത്രത്തിന്റെ കീഴിൽ അണിനിരത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. മുദ്രണ സൗകര്യങ്ങൾ പരിമിതമായിരുന്ന അക്കാലത്ത് അത്തരം ഒരു പരിശ്രമത്തിനു മുതിർന്ന അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യം പ്രശംസനീയമാണ്. "പേരെടുത്ത എഴുത്തുകാരെ ആകർഷിച്ചും പെരെടുക്കാൻ അർഹിക്കുന്ന ലേഖകരെ കണ്ടുപിടിച്ചു പ്രോത്സാഹിപ്പിച്ചും കഴമ്പുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം പുറത്തു കൊണ്ടു വരികയായിരുന്നു എന്റെ ലക്ഷ്യം"[50] എന്നദ്ദേഹം ആത്മകഥയിൽ പറയുന്നുണ്ട്.

പത്രപ്രവർത്തനരംഗത്ത് പൂർവപരിചയമൊന്നുമില്ലെങ്കിലും എഡിറ്റർ എന്ന നിലയിൽ തന്റെ സിദ്ധികൾ വെളിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ തന്നെയാണ് അദ്ദേഹം കാഴ്ചവച്ചു എന്നത് ലോകവാണിയുടെ ഓരോ ലക്കത്തിലെയും ഉള്ളടക്കം

ബോധ്യപ്പെടുത്തുന്നുണ്ട്. ലോകവാണിയുടെ ഒന്നാം ലക്കത്തിന്റെ മുഖലേഖനം ഗാന്ധിജിയെക്കുറിച്ചായിരുന്നു. ആയിരത്തിത്തൊള്ളായിരത്തി നാല്പത്തി എട്ട് ജനുവരി 30-ാം തീയതി, ലോക മനസ്സാക്ഷിയെ ഞെട്ടിച്ച ഗാന്ധിജിയുടെ വധത്തെക്കുറിച്ചുള്ളതായിരുന്നു ആമുഖലേഖനം. 'ലോകവാണി', പണ്ഡിതരായ പലരുടെയും ശ്രദ്ധ പിടിച്ചുപറ്റിയ ഒരു മാസികയായിരുന്നുവെന്ന് കേസരി ബാലകൃഷ്ണപിള്ളയുടെ ചില കത്തുകൾ സ്പഷ്ടമാക്കുന്നു. ഡോ. കെ. എം. ജോർജ്ജിന്റെ കത്തുകളുടെ സമ്പാദകനായ ഡോ. സാം, 'ചരിത്രം തുടിക്കുന്ന താളുകൾ' എന്ന കൃതിയിൽ ഈ കത്തുകൾ ചേർത്തിട്ടുണ്ട്. ലോകവാണി മാസികയുടെ രണ്ടു ലക്കങ്ങളെ അഭിനന്ദിച്ചുകൊണ്ടുള്ളതും അച്ചടിപ്പിശക് ഒഴിവാക്കണമെന്ന നിർദ്ദേശമടങ്ങിയതുമായ രണ്ടു കത്തുകളാണ് ആ കൃതിയിലുള്ളത്. ലോകവാണിക്ക് അഭംഗുരപ്രചാരം ആശംസിച്ചു കൊണ്ട് ജി. ശങ്കരക്കുറുപ്പിന്റെ കത്തും കൂട്ടത്തിലുണ്ട്. നിർമ്മത്സര ബുദ്ധികളായ ഭാഷാഭിമാനികൾക്കെല്ലാം തികച്ചും അഭിമാനിക്കാൻവകയുള്ള വസ്തുതകൾ പ്രസിദ്ധീകരിച്ചതിനുള്ള പ്രശംസയും ലോകവാണിക്കു കിട്ടിയിട്ടുണ്ട്. 'റീഡേഴ്സ് ഡൈജസ്റ്റിന്റെ സമ്പ്രദായം ഒരു പരീക്ഷണമെന്ന നിലയിൽ ആദ്യം അവതരിപ്പിച്ച പ്രസിദ്ധീകരണമാണ് ലോകവാണി' എന്ന് ഡോ. ജോർജ്ജു തന്നെ വ്യക്തമാക്കുന്നുണ്ട്.

സവിശേഷവ്യക്തിത്വമുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണമാണ് ലോകവാണി എന്ന് അതിന്റെ ഏതെങ്കിലുമൊരു ലക്കം പരിശോധിച്ചാൽ മനസ്സിലാകും. ആയിരത്തിത്തൊള്ളായിരത്തി അമ്പത് ജനുവരി ലക്കം ലോകവാണിയുടെ ഉള്ളടക്കം പരിശോധിക്കാം ആദ്യ ഭാഗത്ത് പ്രേമചന്ദിന്റെ 'പരീക്ഷ', തൈക്കാടിന്റെ 'വേദനകൾ', കാരൂരിന്റെ 'മിലിട്ടറി', സി. എസ്സിന്റെ 'അല്പം തെറ്റിപ്പോയി' തുടങ്ങിയ നാലു ചെറുകഥകളാണ് ചേർത്തിരിക്കുന്നത്. തുടർന്ന് വിവിധ വിഷയ പ്രതിപാദകങ്ങളായ പന്ത്രണ്ടോളം ലേഖനങ്ങളാണ്. ബാലസാഹിത്യം, ഹാസ്യസാഹിത്യം, രാഷ്ട്രീയം നിരൂപണം എല്ലാം അതിൽ ഉൾപ്പെടും. അടുത്ത വിഭാഗം കവിതകളാണ് പി. എ. വാരിയർ, സി. ജെ. മണ്ണുമ്മൂട്, സി. പി. ഗോപിനാഥൻ നായർ തുടങ്ങിയവരുടെ കവിതകളാണ് ഈ ലക്കത്തിലുള്ളത്. പംക്തികൾ എന്നും നാലാം ഭാഗം വ്യത്യസ്തവിഷയങ്ങൾക്കായി

നീക്കിവച്ചിരിക്കുന്നു. അതിൽ ശാസ്ത്രപംക്തി, പുസ്തകപരിചയം തുടങ്ങിയവയാണ്. 'ഇവരെ പരിചയപ്പെടുക' എന്ന പേരിൽ മഹാന്മാരെക്കുറിച്ചുള്ള ഒരു പംക്തിയും ഈ ഭാഗത്തുണ്ട്.

ഡോ. എസ്. കെ. നായർ, എം. ഗോവിന്ദൻ, പവനൻ, പി. എ. വാര്യർ തുടങ്ങിയ എഴുത്തുകാരും പത്രത്തിൽ പതിവായി എഴുതിയിരുന്നു. "ലേഖനദൗർലഭ്യം നേരിടുമ്പോൾ വിവിധ പേരുകളിൽ പത്രാധിപർ സ്വയം ലേഖനങ്ങൾ എഴുതിച്ചേർക്കുന്ന പതിവുണ്ടായിരുന്നതായി"[51] ലോകവാണിയിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്ന ജെ. മാത്യൂസ് സൂചിപ്പിക്കുന്നുണ്ട്. മലയാറ്റൂർ രാമകൃഷ്ണന്റെ രചനകളെ നിരൂപാധികം പ്രോത്സാഹിപ്പിച്ച ലോകവാണിക്ക് ടി. പത്മനാഭന്റെ പുരുക്കം ചില കഥകളെങ്കിലും തിരസ്ക്കരിക്കേണ്ടി വന്നിട്ടുണ്ടെന്നും മാത്യൂസ് വ്യക്തമാക്കുന്നു. പിൽക്കാലത്തു കേരളത്തിന്റെ സാംസ്കാരിക ജീവിത്തിൽ പ്രശസ്തരായിത്തീർന്ന ഗുപ്തൻ നായർ, കെ. ഭാസ്ക്കരൻ നായർ, വെട്ടൂർ രാമൻ നായർ, പി. ഭാസ്കരൻ, ചങ്ങമ്പുഴ, കാരൂർ നീലകണ്ഠപിള്ള തുടങ്ങിയ സാഹിത്യകാരന്മാരുടെ കളരിയായിരുന്നു ലോകവാണി. പ്രസാധനത്തിലുള്ള അടുക്കും ചിട്ടയും മുഖലേഖനങ്ങൾക്കുള്ള മഹത്വവുമെല്ലാം പത്രാധിപരുടെ മഹിമയാണ് സ്പഷ്ടമാക്കുന്നത്. ഭാഷാപോഷണ മാർഗ്ഗത്തിൽ വിസ്മയനീയമായ സഹനശക്തിയോടുകൂടി പ്രവർത്തിച്ചിട്ടുള്ള ജോർജ്ജിന്റെ പ്രവർത്തനങ്ങൾ എസ്. ഗുപ്തൻ നായർ ഇപ്രകാരം വിലയിരുത്തുന്നു. "ഓരോരോ ആദർശസമൂഹത്തെയും ആവിഷ്കരിക്കുവാൻ ശ്രമിക്കുന്ന പത്രങ്ങൾക്ക് നിയതമായി ചില നയങ്ങൾ ഉണ്ടായിരിക്കുന്നതാണല്ലോ നല്ലത് എന്നാൽ കാലം പോലെ കാലുമാറുന്നതാണ് പല പത്രങ്ങളുടെയും നയം. സാഹിത്യപ്രധാനമാണ് പത്രമെങ്കിൽ നയമേ വേണ്ട. തൊമ്മനും ചാണ്ടിയുമൊക്കെ തോന്നിയപാട് അയക്കുന്ന ലേഖനങ്ങളെല്ലാം ഒരു പോലെ അച്ചിലിട്ട് ഇങ്ങു പുറത്തെടുക്കുകയേ വേണ്ട; മാസികയായി. ഈ പതിവിൽ നിന്ന് ഒരു വ്യതിയാനമാണ് ലോകവാണി".[52]

## ഗ്രന്ഥ സംവിധാനം

പ്രഗല്ഭനും പ്രശസ്തനുമായ ഒരു ഗ്രന്ഥ സംവിധായകനായിരുന്നു

ഡോ.കെ. എം. ജോർജ്ജ്. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന ഗ്രന്ഥ നിർമ്മാണത്തിലാണ് ഗ്രന്ഥ സംവിധാനത്തിലുള്ള അദ്ദേഹത്തിന്റെ പാടവം ആദ്യമായി വെളിവാക്കുന്നത്. സർവാധികാര്യക്കാർ പി. ഗോവിന്ദപ്പിള്ള, പി. ശങ്കരൻ നമ്പ്യാർ, ആർ. നാരായണപ്പണിക്കർ, മഹാകവി ഉള്ളൂർ, പ്രൊ. എൻ. കൃഷ്ണപിള്ള തുടങ്ങിയവരെല്ലാം ഈ രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ടെങ്കിലും ഡോ. കെ. എം. ജോർജ്ജ് ആസൂത്രണവും പ്രസാധനവും നിർവഹിച്ച സാഹിത്യചരിത്രപ്രസ്ഥാനങ്ങളിലൂടെ എന്ന കൃതി, മറ്റുള്ള സാഹിത്യചരിത്രങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു. ഈ മേഖലയിൽ ഏറ്റവും വിലപ്പെട്ടതും ആധികാരികവുമായ ചരിത്രഗ്രന്ഥമാണ് ഉള്ളൂരിന്റെ കേരളസാഹിത്യ ചരിത്രം. പല പ്രസ്ഥാനങ്ങളിലായി ഒട്ടനവധി അധ്യായങ്ങളിലായിക്കിടക്കുന്ന ചരിത്ര സാമഗ്രികളെ ഒരു കേന്ദ്രതന്തുവിൽ ലയിപ്പിക്കുന്നതിനോ അന്വയിപ്പിക്കുന്നതിനോ അദ്ദേഹം ശ്രമിച്ചില്ല എന്ന കുറവ് ഡോ. ജോർജ്ജു തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്. ഓരോ സാഹിത്യചരിത്രവും അതാതു കാലത്ത് വെളിവായിട്ടുള്ള അറിവുകളുടെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ടവയാണ്. ഗ്രന്ഥത്തിനകത്തു നിന്നും ഗ്രന്ഥത്തിനു പുറത്തു നിന്നും ലഭ്യമായ ചരിത്രരേഖകൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിഗമനങ്ങളിലെത്തുകയാണ് സാഹിത്യ ചരിത്രകാരൻ ചെയ്യേണ്ടത്. ആ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സാഹിത്യ കൃതികളുടെ രചനാപരമായ പ്രത്യേകതകൾ, സൗന്ദര്യപരമായ നില, സ്വാധീനതകൾ, ഭാഷാപരമായ സവിശേഷതകൾ തുടങ്ങിയവ സാഹിത്യചരിത്രകാരൻ നിർദ്ദാരണം ചെയ്യേണ്ടത്. തെളിവുകളെ യുക്തിപരമായും ക്രമമായും അവതരിപ്പിക്കാനുള്ള ശ്രദ്ധയും ഗുണദോഷ മർമ്മജ്ഞരായും നിഷ്പക്ഷതയുമാണ് ഒരു സാഹിത്യചരിത്രകാരനുണ്ടായിരിക്കേണ്ട ഗുണങ്ങൾ.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ ഡോ. കെ. എം. ജോർജ്ജിന്റെ ആസൂത്രണത്തിൽ പുറത്തു വന്ന സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ ഒന്നാം വാല്യം ഏറെക്കുറെ കുറ്റമറ്റതാണ്. ആയിരത്തിത്തൊള്ളായിരത്തി അമ്പത്തി എട്ടിൽ പുറത്തിറക്കിയ ഈ കൃതി പ്രശംസാർഹമായ വൈഭവത്തോടെയാണ് ഡോ. ജോർജ്ജ് സംവിധാനം ചെയ്തിരിക്കുന്നത്.

ഗ്രന്ഥശീർഷകം സൂചിപ്പിക്കുന്നതു പോലെ പ്രസ്ഥാനങ്ങളിലൂടെ ഒരു സാഹിത്യത്തിന്റെ ചരിത്രം വിവരിക്കുകയാണ്. ഇതിലെ ഓരോ പ്രസ്ഥാനവും ഓരോ വിദഗ്ധ പണ്ഡിതന്മാരാണ് എഴുതിയിരിക്കുന്നത്. പന്ത്രണ്ടധ്യായങ്ങളാണ് ഈ വാല്യത്തിലുള്ളത്. മലയാള ഭാഷ, ഭാഷയും സാഹിത്യവും, ശുദ്ധ മലയാള ശാഖ, തമിഴ് മിശ്രസാഹിത്യം, സംസ്കൃത മിശ്രശാഖ, ഗാഥ, കിളിപ്പാട്ട്, ഭാഷാചമ്പു, ആട്ടക്കഥ, തുള്ളൽ, ഭാഷാഗദ്യം, വിട്ടുപോയ കണ്ണികൾ എന്നിവയാണ് പ്രബന്ധ വിഷയങ്ങൾ. ഇവയിൽ മലയാള ഭാഷ, ഭാഷയും സാഹിത്യവും, തമിഴ് മിശ്രസാഹിത്യം എന്നീ മൂന്നദ്ധ്യായങ്ങളുടെ രചന നിർവഹിച്ചിരിക്കുന്നത് ജനറൽ എഡിറ്ററായ ഡോ. ജോർജ്ജ് തന്നെയാണ്. ശുദ്ധ മലയാള ശാഖ ജി. ശങ്കരപ്പിള്ളയും സംസ്കൃത മിശ്രശാഖ ഇളംകുളം കുഞ്ഞൻപിള്ളയും കിളിപ്പാട്ട് കെ. എൻ. എഴുത്തച്ഛനും, ഭാഷാചമ്പു വടക്കുംകൂർ രാജ രാജ വർമ്മയും തുള്ളൽ എ. ഡി. ഹരിശർമ്മയും ഭാഷാഗദ്യം സി. എൽ. ആന്റണിയും, വിട്ടുപോയ കണ്ണികൾ എസ്. ഗുപ്തൻ നായരും കൈകാര്യം ചെയ്തിരിക്കുന്നു. ഓരോ അദ്ധ്യായത്തിലും ജനറൽ എഡിറ്ററുടെ വകയായി ഒരാമുഖാവലോകനം ഉണ്ട്. ഓരോ ഖണ്ഡത്തിന്റെയും ആരംഭത്തിൽ കൊടുത്തിരിക്കുന്ന വിഷയസൂചിയും അവശ്യം വേണ്ട അടിക്കുറിപ്പുകളും ഖണ്ഡാവസാനം ഉള്ള ഗ്രന്ഥ സൂചിയും ഇതിനെ മറ്റു സാഹിത്യ ചരിത്രങ്ങളിൽ നിന്നു മാറ്റി നിർത്തുന്നു.

ഒന്നാം വാല്യത്തിലെ മിക്ക വിഷയങ്ങളും പദ്യ സംബന്ധിയാണ്. മലയാളത്തിലുള്ള മറ്റു സാഹിത്യ ചരിത്രങ്ങൾ കൂടെ പരിശോധിക്കുവാൻ വായനക്കാരെ പ്രേരിപ്പിക്കുക, ഉദ്ധരണികളുടെ മൂലവും അഭിപ്രായങ്ങളുടെ ആധാരവും ചൂണ്ടിക്കാണിച്ചും പ്രസക്ത ഗ്രന്ഥങ്ങളും ഗ്രന്ഥ ഭാഗങ്ങളും നിർദ്ദേശിച്ചും വിദ്യാർത്ഥികളെ ഉപരിപഠനത്തിനു സഹായിക്കുക എന്നീ കാര്യങ്ങൾ ഖണ്ഡകർത്താക്കളുടെ ശ്രദ്ധയിൽപ്പെടുത്തി വളരെ വിദഗ്ദ്ധമായ രീതിയിൽ സംവിധാനം ചെയ്തിരിക്കുന്ന കൃതിയാണിതും.

കാര്യകാരണ ബന്ധങ്ങളെ സൂചിപ്പിച്ചു കൊണ്ട് അന്വേഷണങ്ങളുടെയും നിഗമനങ്ങളുടെയും വെളിച്ചത്തിൽ സംഭവങ്ങളെ അപഗ്രഥിക്കുകയും കൂട്ടിയിണ

ക്കുകയും ചെയ്യുക ഒരു സാഹിത്യ ചരിത്രകാരന്റെ ധർമ്മമാണ്. ഭാഷാഗദ്യം എന്ന അദ്ധ്യായത്തിൽ സി. എൽ. ആന്റണിയുടെ ഭാഷാ സംക്രമണവാദവും ഒന്നാമദ്ധ്യായത്തിൽ മലയാള ഭാഷയുടെ ഉത്പത്തിയെ സംബന്ധിച്ച ഡോ. ജോർജ്ജിന്റെ നിഗമനവും ഒരു യഥാർത്ഥ സാഹിത്യചരിത്രകാരന്റെ വീക്ഷണത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

പ്രത്യേകിച്ചൊരു പ്രസ്ഥാനത്തിന്റെയോ ക്ലിപ്തമായ ഒരു കാലത്തിന്റെയോ പരിധിക്കകത്തു ഒതുങ്ങാത്ത ചില ചെറിയ വലിയ കവികളുണ്ട്. പ്രസ്ഥാന ചർച്ചയ്ക്കിടയിൽ അവർ ഒരിക്കലും കടന്നു വരാറില്ല. എന്നാൽ സാഹിത്യചരിത്രത്തിൽ അവർ ഗണ്യമായ സ്ഥാനത്തിനർഹരുമാണ്. ഇത്തരത്തിലുള്ള ന്യൂനതകൾ പ്രസ്ഥാന പഠനത്തിനിടയിൽ കടന്നുവരാമെന്നു കണ്ട് അതിനു പോം വഴിയായി ഉൾപ്പെടുത്തിയിരിക്കുന്ന അദ്ധ്യായമാണ് വിട്ടുപോയ കണ്ണികൾ. പ്രസ്ഥാനങ്ങളിലൂടെയുള്ള സാഹിത്യ ചരിത്രപ്രതിപാദനം കുറ്റമറ്റതാക്കാനുള്ള ഡോ. ജോർജ്ജിന്റെ ദീർഘ വീക്ഷണമാണ് ഇത്തരം പ്രവർത്തനങ്ങളിൽ കാണാൻ കഴിയുന്നത്.

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി എട്ടിൽ ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന കൃതിയുടെയും സംവിധാന നിർവഹണം ഡോ.ജോർജ്ജായിരുന്നു. ആയിരത്തി എണ്ണൂറ്റി എഴുപത്തി അഞ്ചു മുതലുള്ള നൂറ്റി ഇരുപതു വർഷമാണ് ഈ കൃതിയുടെ കാലഘട്ടം. പതിനഞ്ചദ്ധ്യായങ്ങളായാണ് ഈ കൃതി സംവിധാനം ചെയ്തിരിക്കുന്നത്. നൂറ്റി ഇരുപതു വർഷത്തെ മലയാളസാഹിത്യത്തിന്റെ ചരിത്രമാണ് ഈ കൃതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പാശ്ചാത്യസമ്പർക്കം മൂലം ഭാരതീയ ഭാഷകളിലെല്ലാം തന്നെ ഉണ്ടായ നവോത്ഥാനത്തിന്റെ ഫലമായി ഒട്ടേറെ പ്രസ്ഥാനങ്ങൾ ഇവിടെ രൂപം കൊണ്ടു. കവിത, നോവൽ, ചെറുകഥ, ഗദ്യനാടകം, ജീവചരിത്രം, യാത്രാവിവരണം, തുടങ്ങിയവ അക്കൂട്ടത്തിൽപ്പെടുന്നു. മലയാളസാഹിത്യത്തിന്റെ ചരിത്രം, പ്രസ്ഥാനങ്ങളുടെ വളർച്ച ഓരോ കാലഘട്ടത്തിലും വന്നു ചേർന്നിട്ടുള്ള വ്യതിയാനങ്ങൾ ഇവ സമഗ്രമായി ക്രമപ്പെടുത്താൻ കഴിഞ്ഞത് ജനറൽ എഡിറ്ററുടെ സംവിധാന ചാതുര്യം തന്നെയാണ്.

ഗ്രന്ഥാരംഭത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജനറൽ എഡിറ്ററുടെ മുൻമൊഴി വളരെയധികം പ്രാധാന്യമർഹിക്കുന്നു. പതിനഞ്ചുഖണ്ഡങ്ങളിലൂടെ പ്രതിപാദിക്കുന്ന വസ്തുതകൾ എങ്ങനെ വായിച്ചാസ്വദിക്കണം എന്ന സൂചന നൽകുന്നതാണ് ഇതിലെ മുൻമൊഴി. മറ്റു സാഹിത്യചരിത്രങ്ങളിൽ കാണാത്ത ചില വിഷയങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ബാലസാഹിത്യം, ശാസ്ത്രസാഹിത്യം, പത്രമേഖല, റഫറൻസ്കൃതികൾ തുടങ്ങിയവ അക്കൂട്ടത്തിൽപ്പെടും. എഴുത്തുകാരുടെ പരിഗണനയ്ക്കായി സാമാന്യമായ ഒരു ഘട്ടവിഭജനവും അദ്ദേഹം നൽകുന്നുണ്ട്.

സാഹിത്യചരിത്രരചനയിൽ താരതമ്യാത്മക സമീപനത്തിന് സാധ്യതയുണ്ടെന്ന വസ്തുതയും അദ്ദേഹം ഈ മുൻമൊഴിയിൽ സൂചിപ്പിക്കുന്നുണ്ട്. പല പ്രസ്ഥാനങ്ങളും സമാന്തരമായി ഒരേ കാലഘട്ടത്തിൽ തന്നെ വളരുകയും വികസിക്കുകയും ചെയ്യുന്നുവെന്നും അവയുടെ വികാസപരിണാമങ്ങളിൽ ഗണ്യമായ സാമ്യവും അത്രയും ഗണ്യമല്ലാത്ത വ്യത്യാസങ്ങളും ഉണ്ടാവുമെന്നും അദ്ദേഹം വിശദമാക്കുന്നു. അത്തരം സാമ്യവ്യത്യാസങ്ങളിലാണ് താരതമ്യപഠനത്തിന്റെ സാധ്യത അദ്ദേഹം കാണുന്നത്.

ഇതിലെ ഭൂരിഭാഗം അദ്ധ്യായങ്ങളും ഗദ്യസാഹിത്യവുമായി ബന്ധപ്പെട്ടതാണെന്നതാണ് ഈ കൃതിയുടെ മറ്റൊരു പ്രത്യേകത. ഒന്നാംഭാഗത്തിൽ ബഹുഭൂരിപക്ഷം പ്രബന്ധങ്ങളും പദ്യത്തിൽ അടിയുറപ്പിച്ചതായിരുന്നു. ഈ കാലഘട്ടത്തിൽ ഗദ്യത്തിനുണ്ടായ മുന്നേറ്റത്തിനു കാരണം പാശ്ചാത്യസാഹിത്യങ്ങളുമായുള്ള സമ്പർക്കഫലമായുണ്ടായ നവോത്ഥാനം തന്നെയാണെന്നും അദ്ദേഹം മുൻമൊഴിയിൽ സൂചിപ്പിക്കുന്നു. ഏതെങ്കിലും ഒരു സാഹിത്യകൃതി ശരിക്കും മനസ്സിലാക്കണമെങ്കിൽ, അതിനെ ഏറ്റക്കുറച്ചിൽ കൂടാതെ വിലയിരുത്തണമെങ്കിൽ അതെഴുതിയ കാലഘട്ടത്തിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പശ്ചാത്തലം അറിയേണ്ടതുണ്ടെന്നും, ദേശചരിത്രവും, സംസ്കാരചരിത്രവും ഒരളവിൽ സാഹിത്യചരിത്രത്തിന്റെ പശ്ചാത്തലമായി ഉപയോഗിക്കേണ്ടതാണെന്നും ഇതിൽ നിന്നും ഗ്രഹിക്കാം.

ഓരോ അദ്ധ്യായത്തിന്റെയും അവസാനം ചേർത്തിരിക്കുന്ന ഗ്രന്ഥസൂചി

ഈ കൃതിയുടെ ഒരു മേന്മയാണ്. ഓരോ പ്രസ്ഥാനങ്ങളെ സംബന്ധിച്ച ആഴമേറിയ പഠനങ്ങൾക്ക് ഈ ഗ്രന്ഥകാര പരിചയം സഹായകമാകും. ഇത്രയധികം മേന്മകളുള്ള ഈ പ്രബന്ധത്തിന്റെ ചില പോരായ്മകളെയും ചിലർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. "സമകാലിക സാഹിത്യകാരന്മാരെയും കൃതികളെയും വിലയിരുത്തുന്ന ഇത്തരമൊരു ഗ്രന്ഥത്തിൽ താരതമ്യചിന്തയും അനുപാതദീക്ഷയും പരമപ്രധാനമാണ്. ഇവ ഇല്ലെങ്കിലോ വിശ്വാസ്യത തീരെ ലഭിക്കില്ല. ഒരുദാഹരണം പ്രസിദ്ധങ്ങളായ എത്രയോ നോവലുകളുടെ രചയിതാവാണ് വി.കെ.എൻ. ആക്ഷേപഹാസ്യരംഗത്ത് അതുല്യനായ അദ്ദേഹത്തിന് ലഭിച്ചിരിക്കുന്നത് കാൽ പേജ്."[53] ഇപ്രകാരം അർഹമായ പ്രാതിനിധ്യം നോവൽ പ്രസ്ഥാനഭാഗത്ത് വി.കെ.എൻ-ന് നൽകാത്ത വസ്തുത പത്മനരാമചന്ദ്രൻ നായർ ചൂണ്ടിക്കാട്ടുന്നുണ്ട്. പ്രഗല്ഭരായ ലേഖകരുടെ മികച്ച രചനകൾ കൊണ്ട് സമ്പന്നമായ ഈ കൃതി ഡോ.കെ.എം.ജോർജ്ജിന്റെ അർപ്പണമനോഭാവത്തിന്റെയും ആസൂത്രണവൈഭവത്തിന്റെയും മികച്ച മാതൃകയാണ്.

## സർവവിജ്ഞാനകോശം

ഡോ.കെ.എം.ജോർജ്ജിന്റെ പ്രസാധനവൈദഗ്ദ്ധ്യം മികച്ചുനിൽക്കുന്നത് സർവവിജ്ഞാനകോശനിർമ്മിതിയിലാണ്. സർഗ്ഗാത്മക സാഹിത്യരചനയേക്കാൾ വളറെയേറെ ഗൗരവമായി ചെയ്യേണ്ടതും കുറച്ചധികം അവധാനത വേണ്ടതുമാണ് ഗ്രന്ഥപ്രസാധനം. സർഗ്ഗശക്തിയുള്ള ഒരു എഴുത്തുകാരനുമാത്രമേ പ്രസാധനരംഗത്തു വ്യക്തിമുദ്ര ചാർത്തുവാൻ സാധിക്കുകയുള്ളൂ. എഡിറ്റിംഗ് ഒരു സ്വതന്ത്ര കലയാണ്. അതിൽ വിജയിക്കാൻ എല്ലാവർക്കും ഒരുപോലെ കഴിയില്ല. എൻസൈക്ലോപീഡിയയുടെ രചനാവിധാനത്തെപ്പറ്റി വലിയ പരിചയമില്ലാത്ത ലേഖകന്മാർ എഴുതിവിടുന്ന കാടുംമേടും നിറഞ്ഞ ലേഖനങ്ങൾ വെട്ടിവെളിവാക്കി മിനുക്കി വിജ്ഞാനകോശത്തിന്റെ വടിവിനിണങ്ങിയ രീതിയിൽ ചിന്തേരിട്ടു ചന്തം വരുത്തി പ്രകാശനയോഗ്യമാക്കിയെടുക്കുന്ന കാര്യത്തിൽ ഡോ.കെ.എം.ജോർജ്ജ് കാണിച്ചിരുന്ന കരവിരുതും ഉത്സാഹവും തീർച്ച

യായും പ്രശംസ അർഹിക്കുന്നു.

ആയിരത്തിത്തൊള്ളായിരത്തി അറുപത്തിഒന്ന് ആഗസ്റ്റ് മാസത്തിലാണ് കേരള സർക്കാർ എൻസൈക്ലോപീഡിയ വകുപ്പ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ രൂപവത്കരിച്ചത്. അതിന്റെ ആദ്യത്തെ ചീഫ് എഡിറ്ററായി നിയമിതനായത് പ്രൊഫ.എൻ. ഗോപാലപിള്ളയായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ ഏഴുപേരുള്ള ഒരു പത്രാധിപസമിതി രൂപം കൊള്ളുകയും ചെയ്തു. പത്തു വാല്യങ്ങളായി ഒരു എൻസൈക്ലോപീഡിയ പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും അതിന്റെ പ്രവർത്തനം പൂർണ്ണമായ രീതിയിൽ പുരോഗമിച്ചില്ല. ആയിരത്തിത്തൊള്ളായിരത്തി അറുപത്തിയെട്ടിൽ ചീഫ് എഡിറ്റർ അന്തരിച്ചതോടെയാണ് ഡോ.കെ.എം.ജോർജ്ജ് ചീഫ് എഡിറ്ററായി നിയമിതനാകുന്നത്.

ഡോ.ജോർജ്ജിന്റെ നേതൃത്വത്തിൽ വിജ്ഞാനകോശനിർമ്മാണത്തിനു നവ്യമായ ഒരു പദ്ധതി തയ്യാറാക്കി. അതിന്റെ വെളിച്ചത്തിൽ പത്തുവാല്യങ്ങൾക്കു പകരം ഇരുപതു വാല്യങ്ങളിൽ വിജ്ഞാനകോശം സംവിധാനം ചെയ്യാൻ തീരുമാനിച്ചു. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ മാതൃകയിലാണ് ഇതിന്റെ സംവിധാനം. ലോകവിജ്ഞാനശാഖയെ നാല്പതു ശാഖകളായി വർഗ്ഗീകരിച്ചു. അവയിൽ സമാനസ്വഭാവമുള്ള വിജ്ഞാനശാഖകളെ പത്തുവകുപ്പുകളാക്കിയതിനുശേഷം 'അവയ്ക്ക്' 'എ' മുതൽ 'ജെ'വരെ പേരുകളും നൽകിയാണ് വിജ്ഞാനകോശം സംവിധാനം ചെയ്തിരിക്കുന്നത്.

വിജ്ഞാനകോശത്തിൽ 'എ' വിഭാഗത്തിൽ വരുന്നത് ഗണിതശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, സ്ഥിതിവിവരശാസ്ത്രം, ഭൗതികശാസ്ത്രം എന്നിവയാണ്. 'ബി' വിഭാഗത്തിലാകട്ടെ സസ്യശാസ്ത്രം, കൃഷിശാസ്ത്രം ജന്തുശാസ്ത്രം വൈദ്യശാസ്ത്രം എന്നിവയാണ്. ഭാഷകൾക്കും സാഹിത്യത്തിനും പുരാണേതിഹാസങ്ങൾക്കും സി. വിഭാഗത്തിലാണ് സ്ഥാനം നൽകിയിരിക്കുന്നത്. 'ഡി ' വിഭാഗത്തിൽ സാമാന്യരസതന്ത്രം, ആരോഗ്യശാസ്ത്രം, ജൈവരസതന്ത്രം എന്നിവയുടെ വിവരണങ്ങളാണ്. 'ഇ ' വിഭാഗത്തിൽ ചരിത്രം, പൊതുഭരണം, രാഷ്ട്രതന്ത്രം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട് തത്ത്വ

ദർശനം, മതം, മനശ്ശാസ്ത്രം വിദ്യാഭ്യാസം എന്നിവയാണ് എഫിൽ വിവരിക്കുന്നത്. ഭൗമശാസ്ത്രത്തിനു മാത്രം നീക്കി വച്ചിരിക്കുന്നത്. ജി. വിഭാഗം. എഞ്ചിനീയറിംഗ് ശാഖകൾക്കു പുറമേ ആർക്കിടെക്ചർ, ഏറോനോട്ടിക് എന്നിവയെ ഉൾപ്പെടുത്തി 'എച്ച് 'സെക്ഷന് രൂപം കൊടുത്തു. 'ഐ ' സെക്ഷനിൽ പത്രപ്രവർത്തനം സാമ്പത്തികശാസ്ത്രം,വാണിജ്യതന്ത്രം, ഗതാഗതം, സാമൂഹികശാസ്ത്രം നിയമം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവസാനവിഭാഗമായ 'ജെ ' യിൽ കലാകായിക വിനോദങ്ങൾക്കും ഗാർഹികശാസ്ത്രത്തിനുമാണ് സ്ഥാനം കൊടുത്തിട്ടുള്ളത്. "ശീർഷകസ്വീകരണത്തിലും ലേഖന ദൈർഘ്യത്തിലും ഒക്കെ ഭാരതീയവും ഒരളവിൽ കേരളീയവുമായ ഒരു മുൻതൂക്കവും ഊന്നലും ഈ ഗ്രന്ഥപരമ്പരയുടെ സവിശേഷതയായിരിക്കും. സർവവിജ്ഞാനകോശം മുദ്രണം ചെയ്യുന്നതു പരിഷ്കരിച്ച ലിപിയിലാണ്. ഈ പരിഷ്കാരം അന്ന് ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിഒന്നിൽ സർവസാധാരണമായിട്ടില്ല. അതിനാൽ അല്പം ചില ചേർച്ചയില്ലായ്മകൾ അങ്ങുമിങ്ങും കണ്ടെന്നുവരും "[54] എന്ന ഒരു സൂചനയും ഒന്നാം വാല്യത്തിലുണ്ട്. കോട്ടയം സി.എം.എസ്സ് പ്രസ്സാണ് സർവവിജ്ഞാനകോശത്തിന്റെ അച്ചടി നിർവഹിച്ചത്. ശീർഷക സ്വീകരണത്തിലും ലേഖന ദൈർഘ്യത്തിലും ഭാരതീയവും ഒരളവിൽ കേരളീയവുമായ മുൻതൂക്കവും ഊന്നലും ഈ ഗ്രന്ഥപരമ്പരയുടെ സവിശേഷതയാണ്. പ്രാരംഭത്തിൽ കാണുന്ന ലേഖന സംവിധാനം, ദീർഘലേഖനങ്ങളുടെ ഉള്ളടക്കം എങ്ങനെ ക്രമപ്പെടുത്തിയിരിക്കുന്നുവെന്നറിയാൻ സഹായകമാണ്. ആവർത്തിക്കപ്പെടുന്ന സംജ്ഞകൾക്ക് നൽകിയിരിക്കുന്ന സംഗ്രഹരൂപങ്ങളും, ഗണിതശാസ്ത്രം, ഭൗതികശാസ്ത്രം മുതലായ വിഷയങ്ങളിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ള ചിഹ്നങ്ങളുടെ പട്ടികയും വായനക്കാർക്ക് വളരെയധികം ഉപയോഗപ്രദമാണ്. പ്രധാനപ്പെട്ട ലേഖനങ്ങൾക്ക് കൊടുത്തിരിക്കുന്ന ഗ്രന്ഥസൂചി ഉപരിപഠനസാധ്യതയ്ക്കു വഴിയൊരുക്കുന്നുണ്ട്. അറിവിന്റെ വിശാലമായ മണ്ഡലത്തിൽ പ്രവേശിക്കുവാൻ ഏറ്റവും പ്രയോജനപ്രദമായ ഈ റഫറൻസ് ഗ്രന്ഥത്തിന്റെ രണ്ടു വാല്യങ്ങൾ ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിരണ്ടിലും ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിനാലിലും ഡോ.കെ.എം.ജോർജ്ജിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചു.

കോട്ടയം സി.എം.എസ്സ് പ്രസ്സാണ് വിജ്ഞാനകോശത്തിന്റെ അച്ചടി നിർവഹിച്ചത്. ഇന്ന് അതിന്റെ പതിമൂന്നോളം വാല്യങ്ങൽ പുറത്തുവന്നുകഴിഞ്ഞുവെങ്കിലും അതിന് ശാസ്ത്രീയമായ സംവിധാനത്തിൽ സമഗ്രമായ അടിത്തറ പാകിയത് ഡോ.കെ.എം,ജോർജ്ജ് തന്നെയാണ്.

ഭാരതീയ സാഹിത്യവിജ്ഞാനകോശത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ പ്രാരംഭഘട്ടത്തിൽ അതിന്റെ ചീഫ് എഡിറ്ററായി പതിനാലുമാസം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. അവിടെനിന്നും ശീർഷക സ്വീകരണത്തിലും ലേഖന ദൈർഘ്യത്തിലും ഭാരതീയവും ഒരളവിൽ കേരളീയവുമായ മുൻതൂക്കവും ഊന്നലും ഈ ഗ്രന്ഥ പരമ്പരയുടെ സവിശേഷതയാണ്. പ്രാരംഭത്തിൽ കാണുന്ന ലേഖന സംവിധാനം, ദീർഘ ലേഖനങ്ങളുടെ ഉള്ളടക്കം എങ്ങനെ ക്രമപ്പെടുത്തിയിരിക്കുന്നുവെന്നറിയാൻ സഹായകമാണ്. ആവർത്തിക്കപ്പെടുന്ന സംജ്ഞകൾക്ക് നൽകിയിരിക്കുന്ന സംഗ്രഹരൂപങ്ങളും ഗണിതശാസ്ത്രം ഭൗതികശാസ്ത്രം മുതലായ വിഷയങ്ങളിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ള ചിഹ്നങ്ങളുടെ പട്ടികയും വായനക്കാർക്ക് വളരെയധികം ഉപയോഗപ്രദമാണ്. പ്രധാനപ്പെട്ട ലേഖനങ്ങൾക്ക് കൊടുത്തിരിക്കുന്ന ഗ്രന്ഥസൂചി ഉപരിപഠന സാധ്യതയ്ക്കു വഴിയൊരുക്കുന്നുണ്ട്. അറിവിന്റെ വിശാലമായ മണ്ഡലത്തിൽ പ്രവേശിക്കുവാൻ ഏറ്റവും പ്രയോജനപ്രദമായ ഈ റഫറൻസ് ഗ്രന്ഥത്തിന്റെ രണ്ടു വാല്യങ്ങൾ ആയിരത്തിത്തൊള്ളായിരിത്തി എഴുപത്തിനാലിലും ഡോ.കെ.എം.ജോർജ്ജിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചു. കോട്ടയം സി.എം.എസ്സ് പ്രസ്സാണ് വിജ്ഞാനകോശത്തിന്റെ അച്ചടി നിർവഹിച്ചത്. ഇന്ന് ഇതിന്റെ പതിമൂന്നോളം വാല്യങ്ങൾ പുറത്തുവന്നുകഴിഞ്ഞുവെങ്കിലും അതിന് ശാസ്ത്രീയമായ സംവിധാനത്തിൽ സമഗ്രമായ ഒരടിത്തറ പാകിയത് ഡോ.കെ. *എം.ജോർജ്ജു തന്നെയാണ്.*

ഭാരതീയ സാഹിത്യവിജ്ഞാനകോശത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ പ്രാരംഭഘട്ടത്തിൽ അതിന്റെ ചീഫ് എഡിറ്ററായി പതിനാലുമാസം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. അവിടെ നിന്നും ലഭിച്ച പരിചയസമ്പത്ത് പിൽക്കാലത്ത് 'കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചർ 'പോലെയുള്ള കൃതികളുടെ സംവിധാനത്തിന് അദ്ദേഹത്തിന് ഏറെ സഹായകമായി.

G38118



KERALA UNIVERSITY LIBRARY THIRUVANANTHAPURAM

## എ സെന്റിനറി വോള്യം ഓഫ് മഹാകവി ഉള്ളൂർ

മഹാകവി ഉള്ളൂർ മെമ്മോറിയൽ ലൈബ്രറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധപ്പെടുത്തിയ ഡോ.കെ.എം.ജോർജ്ജ് എഡിറ്റുചെയ്ത ഈ കൃതിയെക്കുറിച്ചാണിനി പരാമർശിക്കുന്നത്.

മഹാകവി ഉള്ളൂർ മലയാളഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകളെ വിലയിരുത്തിക്കൊണ്ടുള്ള ഈ ഗ്രന്ഥം മലയാളഭാഷ അറിയാൻ കഴിയാത്ത വിദേശികൾക്കുകൂടി ഗ്രഹിക്കാൻ പര്യാപ്തമാകുമാറ് ഇംഗ്ലീഷിലാണെഴുതിയിരിക്കുന്നത്. ഉള്ളൂർ മഹാകവിയുടെ ഉത്കൃഷ്ടവ്യക്തിത്വത്തെ വിലയിരുത്തിക്കൊണ്ടുള്ള പ്രഭാഷണമാണ് ആദ്യഭാഗത്ത് കൊടുത്തിരിക്കുന്നത്. കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ, ജസ്റ്റീസ് വി. ആർ.കൃഷ്ണയ്യർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസ് ലർ ഹയർമാത്തു, ആർ.ശങ്കരനാരായണയ്യർ, മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം. മാത്യു എന്നിവരാണ് മഹാകവിയുടെ ഉൽകൃഷ്ടവ്യക്തിത്വത്തെ അനാവരണം ചെയ്യുന്നത്. അതിനുശേഷം വിവിധവിഷയങ്ങളിൽ ഉള്ളൂർ നൽകിയ സംഭാവനകളെ വിലയിരുത്തിക്കൊണ്ടുള്ള വിവരണങ്ങളാണ്.

കെ.ശങ്കരൻ നമ്പൂതിരി ഉള്ളൂരിന്റെ ജീവിതവ്യക്തിത്വവും വിശകലനം ചെയ്യുന്നു. മഹാകവി ഉള്ളൂരിനെ ഡോ.ഭാസ്കരൻനായരാണ് വിലയിരുത്തുന്നത്. സംസ്കൃത സാഹിത്യത്തിന് ഉള്ളൂർ നൽകിയ സംഭാവനകളെ എൻ.പി.ഉണ്ണിയും കേരളത്തിലെ സംസ്കൃത സാഹിത്യത്തെക്കുറിച്ച് കുഞ്ചുണ്ണി രാജായും വിലയിരുത്തുന്നു. ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യത്തിന് ഉള്ളൂർ നൽകിയ സംഭാവനകളും മലയാള ഗവേഷണത്തിന് ഉള്ളൂർ നൽകിയ സംഭാവനകളും യഥാക്രമം വിശ്വനാഥനും ചന്ദ്രശേഖറും വിവരിക്കുന്നു.

ഉള്ളൂരിന്റെ ഒറ്റ യൊറ്റകവിതകളെ അധികരിച്ചുള്ള പഠനങ്ങളുമുണ്ട്. 'ഭക്തിദീപിക'യെക്കുറിച്ച് എ വി.ശങ്കരനും കർണ്ണഭൂഷണത്തെക്കുറിച്ച് കെ.എം. തരകനും കേരളസാഹിത്യചരിത്രത്തെ സുകുമാർ അഴീക്കോടും വിശകലനം ചെയ്യുന്നു.

സാഹിത്യകാരൻ, ഗവേഷകൻ എന്നീ നിലകളിലുള്ള ഉള്ളൂരിന്റെ സമഗ്രവ്യക്തിത്വത്തെ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ ഉചിതരായ വ്യക്തികളെക്കൊണ്ടെഴുതിച്ച് അടുക്കും ചിട്ടയോടും കൂടി ലേഖനങ്ങൾ ക്രമപ്പെടുത്തി സംവിധാനം ചെയ്തിട്ടുള്ളതാണ് ഈ സ്മാരകഗ്രന്ഥം.

## തമിഴ് സാഹിത്യം

കേരളസാഹിത്യഅക്കാദമിക്കുവേണ്ടി ആയിരത്തിത്തൊള്ളായിരത്തി എഴുപത്തി ഏഴിൽ ഡോ.ജോർജ്ജ് രചിച്ച കൃതിയാണ് തമിഴ് സാഹിത്യം. സാഹിത്യചരിത്രസ്വഭാവം ഉൾക്കൊള്ളുന്ന ഈ കൃതിയുടെ ആദ്യഭാഗം ചരിത്രാവലോകനമാണ്. അതിനുശേഷം നാലു അനുബന്ധങ്ങളിലായി നാല്പതിലധികം കവിതാ ഖണ്ഡങ്ങളും, ആറുനോവൽ സംഗ്രഹങ്ങളും, പത്തുചെറുകഥകളും രണ്ടുനാടകഭാഗങ്ങളും വിവർത്തനരൂപത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തമിഴ് സാഹിത്യത്തിന്റെ ഒരു സാമാന്യാവലോകനമാണ് ഈ കൃതി. തമിഴ് ഭാഷയെക്കുറിച്ചാണ് ഒന്നാമദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. തമിഴ് സാഹിത്യത്തിന് ഒരാമുഖമാണ് രണ്ടാമദ്ധ്യായം. തമിഴ് ഭാഷയെക്കുറിച്ച് പ്രതിപാദിക്കുന്ന ഒന്നാമദ്ധ്യായത്തിൽ തമിഴിന്റെ അന്താരാഷ്ട്ര പദവിയെക്കുറിച്ചും വിവരിക്കുന്നു. ലാറ്റിൻ ഗ്രീക്കു തുടങ്ങിയ ക്ലാസ്സിക്കു ഭാഷകളുടെ കൂട്ടത്തിൽ തലയുയർത്തി നിൽക്കാൻ കെല്പുള്ള ഭാഷയാണ് തമിഴെന്നും സൂചിപ്പിക്കുന്നു. തമിഴിൽ അക്ഷരദാരിദ്ര്യം ഉണ്ടെങ്കിലും ശബ്ദദാരിദ്ര്യം ഇല്ലെന്നും ലിപിയുടെ പരിമിതി കൊണ്ട് ചില അസൗകര്യങ്ങൾ ഉള്ളതായും വിവരിക്കുന്നു. തമിഴും മലയാളവും തമ്മിൽ വർണ്ണവിഷയത്തിലും വ്യാകരണവ്യവസ്ഥയിലും സമ്പൂർണ്ണവ്യക്തിത്വം പുലർത്തുന്നുവെന്ന് ലീലാതിലക പരാമർശങ്ങളെ ചൂണ്ടിക്കാട്ടി സമർത്ഥിക്കുന്നു. തമിഴ്ഭാഷയെക്കുറിച്ച് സാമാന്യം സമഗ്രമായ ഒരു വിവരണമാണ് ഒന്നാമദ്ധ്യായത്തിൽ ഉള്ളത്.

"സമ്പുഷ്ടഭാഷകളിൽ അന്യഭാഷാസ്വാധീനം ഏറ്റവും കുറഞ്ഞും സ്വതന്ത്രവികാസം ഏറ്റവും ഏറിയും ഇരിക്കുന്ന ഭാഷ തമിഴ് തന്നെ."[55] തമിഴ്ഭാഷയുടെ വ്യക്തിത്വത്തെയാണ് ഇവിടെ വിശദമാക്കുന്നത്. പാശ്ചാത്യപണ്ഡിതന്മാർ സംസ്കൃതഭാഷയെയും മറ്റും വിവർത്തനങ്ങളിലൂടെയും ആസ്വാദനങ്ങളിലൂടെയും ലോകസാഹി

ത്യത്തിന്റെ മുൻപന്തിയിൽ എത്തിച്ചുവെങ്കിൽ അക്കൂട്ടത്തിൽ തമിഴ്സാഹിത്യത്തെ ഉൾപ്പെടുത്തിയില്ല എന്ന വസ്തുതയും ഡോ.ജോർജ്ജ് വ്യക്തമാക്കുന്നുണ്ട്. തുടർന്ന് പ്രാചീന തമിഴ് സാഹിത്യത്തിന്റെ പ്രധാന ഭാവമായ മതേതര ഭാവത്തെക്കുറിച്ചു വിവരിക്കുന്നു.

'സംഘം കൃതികൾ' എന്ന മൂന്നാമദ്ധ്യായം, ആ കൃതികൾക്ക് തമിഴ് സാഹിത്യചരിത്രത്തിലുള്ള സ്ഥാനമെന്തെന്ന് വിവരിക്കുന്നു. ആത്മപരങ്ങൾ, വസ്തുപരങ്ങൾ എന്നിങ്ങനെ സംഘം കൃതികളുടെ വിഭജന രീതിയെക്കുറിച്ചും ഈ അദ്ധ്യായത്തിലുണ്ട്.

'തൊൽകാപ്പിയം' എന്ന നാലാമദ്ധ്യായത്തിൽ തൊൽകാപ്പിയത്തിന്റെ പ്രധാന്യത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു. "ഈ കൃതി തമിഴ് ഭാഷയുടെയും സാഹിത്യത്തിന്റെയും ശാസ്ത്രീയമായ അടിസ്ഥാനങ്ങളെ അത്ഭുതകരമായ വൈഭവത്തോടെ പ്രകാശിപ്പിക്കുന്ന ഒരു പ്രമാണ ഗ്രന്ഥമാണ്"[56] ഭൂപ്രകൃതിയെ ആസ്പദമാക്കി തമിഴ് സാഹിത്യത്തിൽ രൂപം കൊണ്ട'തിണൈ'യെക്കുറിച്ച് വിശദമായ വിവരവും ഈ അദ്ധ്യായത്തിൽ തന്നെയാണ്.

തിരുക്കുറളിനു വേണ്ടി ഒരദ്ധ്യായം മുഴുവൻ നീക്കി വച്ചിരിക്കുന്നു. കുറൾ ജീവിതത്തിന്റെ വ്യക്തിപരവും സാമൂഹിക്വുമായ മർമ്മ ധർമ്മങ്ങളിലേക്ക് പ്രകാശം പരത്തുന്ന ഒരു സാഹിത്യകൃതിയാണെന്നും വിവരിക്കുന്നു. അടുത്ത രണ്ടദ്ധ്യായങ്ങൾ ചിലപ്പതികാരം മണിമേഖല എന്നീ കൃതികൾക്കു വേണ്ടി നീക്കിവെച്ചിരിക്കുന്നു. ചിലപ്പതികാരത്തെക്കുറിച്ചുള്ള വിവരണം നോക്കുക "പതിനഞ്ചിലധികം ശതകങ്ങൾ പഴക്കമുള്ള ഈ കഥാകാവ്യത്തിൽ ഒരു നോവലിന്റെ രസികതയും മഹാകാവ്യത്തിന്റെ ഗാംഭീര്യവും നാടകത്തിന്റെ സംഘട്ടനവും ഒക്കെ കലർന്നു കാണാം".[57] പ്രാചീന കേരള സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന പലതും ഉൾക്കൊള്ളുന്ന വിലയേറിയ കലവറയാണ് ചിലപ്പതികാരമെന്ന് വ്യക്തമാക്കുന്നു.

മണിമേഖലയിലെ ഇതിവൃത്തത്തെക്കുറിച്ചും അവക്രവും ലളിതവുമായ ശൈലിയെക്കുറിച്ചും വിശദമാക്കുന്നു. മണി മേഖലയിൽ ബുദ്ധമത സ്വാധീനമുണ്ടെന്ന

വസ്തുതയും വിവരിക്കുന്നുണ്ട്. ഭക്തികാവ്യങ്ങളെക്കുറിച്ചുള്ള വിവരണം ആറാമദ്ധ്യായത്തിലാണ് ശൈവ മതാനുയായി ആയ അപ്പരെക്കുറിച്ചും അദ്ദേഹത്തിന്റെ കാവ്യങ്ങളുടെ ഹൃദയദ്രവീകരണ ശക്തിയെക്കുറിച്ചും പ്രതിപാദിക്കുന്നു.

സംസ്കൃതത്തിലെ ലക്ഷണയുക്തമായ ഇതിഹാസങ്ങളുടെ ചുവടുപിടിച്ചു രചിച്ചിട്ടുള്ള ചില ഇതിഹാസകാവ്യങ്ങളെ പരാമർശിക്കുന്നു. സംഘസാഹിത്യത്തിലെ പ്രസിദ്ധരായ കവയിത്രികളെക്കുറിച്ചും അടുത്ത് പരാമർശിക്കുന്നു. അവ്വയാറാണ് ആദ്യപരാമർശം "വിദ്യാഭ്യാസമില്ലാത്ത സാധാരണ തമിഴന്റെ നാവിൽ കളിയാടുന്ന പല കാവ്യശകലങ്ങളും അവ്വയാരുടേതാണെന്ന് പ്രത്യേകം പറയേണ്ടതുണ്ട്".[58] ആണ്ടാളേയും പരാമർശിക്കുന്നുണ്ട്.

എട്ടാമദ്ധ്യായത്തിൽ കമ്പരെക്കുറിച്ചുള്ള വിവരണം "ഇപ്രകാരമാണ് വള്ളുവർ ഒന്നാമത് ഒരു ഋഷിയും രണ്ടാമത് ഒരു കവിയുമാണെങ്കിൽ, കമ്പർ ഒന്നാമത് ഒരു കവിയും രണ്ടാമത് ഒരു ഋഷിയുമാണെന്നു പറയാം"[59] വാക്കും വൃത്തവും വർണ്ണനയും കല്പനയുമെല്ലാം അദ്ദേഹത്തിന്റെ പാദസേവ ചെയ്യുന്നതായിട്ടാണ് സഹൃദയന്മാർ മനസ്സിലാക്കുന്നത് കമ്പരാമായണത്തിലെ നാടകീയതയെക്കുറിച്ചുള്ള വിവരണവുമുണ്ട്.

ഈ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അനുബന്ധ കവിതകളും നാടകങ്ങളും ചെറുകഥകളും വിലയിരുത്താൻ അനുവാചകർക്കു കഴിയുന്നു.

# കുറിപ്പുകൾ

1. പുരുഷോത്തമൻ. പി.ഒ, *താരതമ്യ സാഹിത്യം തത്ത്വവും പ്രസക്തിയും*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1988 പുറം - 17
2. അതേ പുസ്തകം - പുറം - 17
3. അതേ പുസ്തകം - പുറം - 11
4. ബർണാർഡ് ഫെൻ, *താരതമ്യസാഹിത്യപീഠിക (സമ്പാദനം)*, കമ്പാരിറ്റീവ് ലിറ്ററേച്ചർ സൊസൈറ്റി, തിരുവനന്തപുരം, 1988, പുറം - 18,19
5. അതേ പുസ്തകം - പുറം - 19
6. പുരുഷോത്തമൻ. പി.ഒ, *താരതമ്യ സാഹിത്യം തത്ത്വവും പ്രസക്തിയും*, പുറം - 24
7. മുകുന്ദൻ.എൻ, 'താരതമ്യസാഹിത്യവും ദേശീയതയും വിശ്വസാഹിത്യവും', *താരതമ്യസാഹിത്യം പുതിയ കാഴ്ചപ്പാടുകൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2005, പുറം - 15
8. അതേ പുസ്തകം - പുറം - 10
9. നാരായണക്കുറുപ്പ്. പി, 'സംസ്കാരവിനിമയം സാഹിത്യത്തിൽ', *താരതമ്യസാഹിത്യം പുതിയ കാഴ്ചപ്പാടുകൾ* - പുറം - 11
10. അപ്പൻ, കെ.പി, *കലഹവും വിശ്വാസവും*, 1976, ഡി.സി.ബുക്സ് കോട്ടയം - പുറം - 184
11. ജോർജ്ജ്, ഡോ.കെ.എം, *ഭാരതീയസാഹിത്യപഠനം*, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം 1985, - പുറം - 9
12. അതേ പുസ്തകം - പുറം - 12

13. ആർസു, ഡോ, *വിവർത്തനവിചിന്തനം*, എൻ.ബി.എസ്സ്, കോട്ടയം, 1990 - പുറം - 32

14. സുകുമാർ അഴീക്കോട്, *ഖണ്ഡനവും മണ്ഡനവും*, ഡി.സി.ബുക്സ്, കോട്ടയം, 1986 - പുറം - 81

15. വിശ്വനാഥയ്യർ, എൻ.ഇ, 'താരതമ്യപഠനം ഭാരതത്തിൽ,' *താതമ്യസാഹിത്യപീഠിക*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പുറം - 57

16. ജോർജ്ജ്, ഡോ.കെ.എം, *ഭാരതീയ സാഹിത്യപഠനം* - പുറം - 22

17. ശ്രീധരൻ, സി.പി, ഭാരതീയസാഹിത്യപ്രശ്നങ്ങളും സമീപനങ്ങളും, *സാഹിത്യലോകം*, ലക്കം. 3, ജനുവരി, മാർച്ച് 1979 - പുറം - 39

18. ജോർജ്ജ്, ഡോ.കെ.എം, *എന്നെ ഞാൻ കാണുമ്പോൾ*, നാഷണൽ എഡ്യൂക്കേഷൻ റിസർച്ച് സെൻ്റർ, തിരുവനന്തപുരം - 1999 - പുറം - 275

19. ജാൻസിജെയിംസ്, 'താരതമ്യസാഹിത്യമേഖലയിലെ അഗ്രഗാമി', *ഗവേഷണപ്രതിഭ*, ഡി.സി.ബുക്സ്, കോട്ടയം, 1994 - പുറം - 39

20. സുകുമാർ അഴീക്കോട്, 'കറുത്തനായ ഒരുത്തൻ', *ഗവേഷണ പ്രതിഭ*, പുറം - 17

21. ജോർജ്ജ്, ഡോ.കെ.എം, *ഭാരതീയസാഹിത്യപഠനം*, പുറം - 13

22. റാഫി പോഞ്ഞിക്കര, 'ഭാരതത്തിൻ്റെ ആത്മാവിൽ കേരളത്തിൽ നിന്നൊരു പാലം', *സാഹിത്യലോകം*, ലക്കം. 2, ഏപ്രിൽ, ജൂൺ, - 1983

23. ജോർജ്ജ്, ഡോ.കെ.എം (എഡി), *ഭാരതീയസാഹിത്യ ചരിത്രം വാല്യം - 1* (പ്രസ്താവന), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1982

24. ജോർജ്ജ്, ഡോ.കെ.എം (എഡി), *ഭാരതീയസാഹിത്യ ചരിത്രം വാല്യം - 2*, കേരള സാഹിത്യ അക്കാദമി, പുറം - 141

25. അതേ പുസ്തകം - പുറം - 3

26. അതേ പുസ്തകം - പുറം - 473

27. ജോർജ്ജ്, ഡോ.കെ.എം, *ഭാരതീയ സാഹിത്യപഠനം*, പ്രസ്താവന

28 അതേ പുസ്തകം - പുറം - 36

29. അതേ പുസ്തകം - പുറം - 43

30. അതേ പുസ്തകം - പുറം - 53

31. അതേ പുസ്തകം - പുറം - 47

32. ജോർജ്ജ്, ഡോ.കെ.എം, *ഭാരതീയ സാഹിത്യസമീക്ഷ*, (ആമുഖം) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994.

33. അതേ പുസ്തകം - പുറം - 29

34. അതേ പുസ്തകം - പുറം - 39

35. അതേ പുസ്തകം - പുറം - 56

36. അതേ പുസ്തകം - പുറം - 61

37. അതേ പുസ്തകം - പുറം - 56

38. അതേ പുസ്തകം - പുറം - 61

39. അതേ പുസ്തകം - പുറം - 105

40. അതേ പുസ്തകം - പുറം - 277

41. ജോർജ്ജ്, ഡോ.കെ.എം, സ്വാധീനതാപഠനം, *താരതമ്യസാഹിത്യപീഠിക*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1988 - പുറം - 111

42. അതേ പുസ്തകം - പുറം - 113

43. അതേ പുസ്തകം - പുറം - 118

44 അതേ പുസ്തകം - പുറം - 124

45. സാം, ഡോ, എൻ, 'താരതമ്യസാഹിത്യം: ഡോ. കെ.എം.ജോർജ്ജിന്റെ സംഭാവന', ***താരതമ്യസാഹിത്യം പുതിയ കാഴ്ചപ്പാടുകൾ***, സമ്പാദനം, കെ.എം.ജോർജ്ജു സ്മാരക ഭാഷാപഠന ഗവേഷണ കേന്ദ്രം

46. ജോർജ്ജ്, ഡോ.കെ.എം, ***'എന്നെ ഞാൻ കാണുമ്പോൾ'***, പുറം 166

47. ജാൻസിജെയിംസ്, ഡോ., ***ഗവേഷണ പ്രതിഭ*** - പുറം - 41

48. പണിക്കർ.ജി.എൻ, 'സാഹിത്യത്തിലൂടെ ദേശീയോദ്ഗ്രഥനം,' ***ഗവേഷണ പ്രതിഭ*** - പുറം - 29

49. രവീന്ദ്രൻ.പി.പി, ***ഭാഷാപോഷിണി***, ലക്കം. 5, ഒക്ടോബർ 2000, പുറം - 59

50. ജോർജ്ജ്, ഡോ.കെ.എം, ***എന്നെ ഞാൻ കാണുമ്പോൾ***, പുറം - 138

51. മാത്യൂസ്.ജെ, ***സാഹിത്യസമന്വയം*** (സപ്തതിസ്മരണിക) എൻ.ബി.എസ്സ്, കോട്ടയം, 1984, പുറം - 25

52. അതേ പുസ്തകം - പുറം - 100

53. രാമചന്ദ്രൻ നായർ, പന്മന, ***ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ***, ഗ്രന്ഥാലോകം, 1998 ജൂൺ , പുറം - 71

54. ജോർജ്ജ്, ഡോ.കെ.എം (എഡി), ***സർവവിജ്ഞാനകോശം***, (ആമുഖം), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ, തിരുവനന്തപുരം, 1972

55. ജോർജ്ജ്, ഡോ.കെ.എം, ***തമിഴ് സാഹിത്യം***, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 1977, പുറം - 25

## അദ്ധ്യായം നാല്

# നിരൂപകൻ ഉപന്യാസകാരൻ

## അദ്ധ്യായം നാല്

# നിരൂപകൻ ഉപന്യാസകാരൻ

പ്രശസ്തനായ ഗ്രന്ഥസംവിധായകൻ, പ്രഗത്ഭനായ ഗവേഷകൻ, ഭാഷാശാസ്ത്രപണ്ഡിതൻ എന്നീ നിലകളിൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുള്ള ഡോ.കെ.എം.ജോർജ്ജിന്റെ മറ്റു രണ്ടു മേഖലകൾ സാഹിത്യനിരൂപണവും ഉപന്യാസവുമാണ്. ഭാരതീയ സാഹിത്യത്തെ ഏക സാഹിത്യമായി കാണുന്ന ഒരു ദർശനമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഗവേഷണത്തെ സംബന്ധിച്ചെന്നപോലെ സാഹിത്യവിമർശനത്തെ സംബന്ധിച്ചും വ്യക്തമായ ധാരണകൾ ഡോ.കെ.എം.ജോർജ്ജിനുണ്ടായിരുന്നു. ' ആരാണീ നിരൂപകൻ ' എന്ന തലക്കെട്ടിൽ ഒരു ലേഖനം അദ്ദേഹത്തിന്റെ ' വിചാരകൗതുകം ' എന്ന ലേഖന സമാഹാരത്തിലുണ്ട്. നിരൂപകന്റെ ധർമ്മമെന്താണെന്ന് അതിൽ വിവരിക്കുന്നുണ്ട്. "ഭംഗിക്കുവേണ്ടി സത്യത്തിൽ അല്പം പോലും മായം ചേർക്കാത്തവൻ, അനുഭാവപൂർണ്ണനെങ്കിലും ഭാഷാസാഹിത്യത്തിന്റെ ഉൽക്കർഷം പരമലക്ഷ്യമായി ഗണിക്കുന്നവൻ, ഉറച്ച നിലപാടുള്ള ധീരനെങ്കിലും ദയാശാലി, എല്ലാറ്റിലും ഉപരിയായി തികഞ്ഞ സംസ്കാരമുള്ള ഒരു സ്നേഹിതൻ - അയാളാണ് എന്റെ നോട്ടത്തിൽ ഒരു നല്ല നിരൂപകൻ"[1]. ഇതു മാത്രമല്ല ഒരു നല്ല നിരൂപകന്റെ ഗുണങ്ങൾ. ഭാഷാസാഹിത്യത്തെ സ്നേഹിക്കുന്നവനും അതിന്റെ പുരോഗതി മാത്രം ഇച്ഛിക്കുന്നവനാകണമെന്നും അദ്ദേഹം കൂട്ടി ചേർക്കുന്നു. സർവ്വോപരി വിധികർത്താവിന്റെ നീതിബോധവും മൂല്യനിർണ്ണയപാടവവും വൈദ്യന്റെ അനുഭാവവും അപഗ്രഥന വൈഭവവും ഗുസ്തിക്കാരന്റെ ചങ്കുറപ്പും തന്റേടവും പ്രചാരകന്റെ വ്യാഖ്യാനചാതുരിയും തീക്ഷ്ണതയും ഒരു നിരൂപകനുണ്ടായിരിക്കണമെന്നാണ് ജോർജ്ജിന്റെ വീക്ഷണം.

ഒരു സാഹിത്യരൂപമോ, ഗ്രന്ഥകാരന്റെ രചനകളോ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക വൈദഗ്ധ്യവും പരിശീലനവും നേടിയ വിദഗ്ധൻ എന്ന നിലയിലാണ് സാഹിത്യനിരൂപകൻ അറിയപ്പെടുന്നത്. സർഗ്ഗാത്മക സാഹിത്യത്തെ വിവിധ

സാഹിത്യരൂപങ്ങളിലുള്ള ജീവിത വ്യാഖ്യാനം എന്ന് നിർവചിക്കാമെങ്കിൽ ആ വ്യാഖ്യാനത്തിന്റെയും അത് ആവിഷ്കൃതമായിരിക്കുന്ന രൂപങ്ങളുടെയും വ്യഖ്യാനമാണ് വിമർശനസാഹിത്യം. വിമർശനം ഒരു സാഹിത്യശാഖയെന്ന നിലയിൽ കടന്നുവന്നത് ആധുനികഗദ്യത്തിന്റ വികസനത്തോടെയാണ്. ആധുനികഗദ്യത്തിന്റ വികാസമാവട്ടെ, നവോത്ഥാന കാലഘട്ടത്തിലും. കൃതിയുടെ മൗലികഭാവങ്ങളും സൗന്ദര്യഹേതുക്കളും കണ്ടെത്തി അതിന്റെ വ്യാപ്തിയും സവിശേഷതയും ഔന്നത്യവും അനുവാചകന്റെ മുന്നിൽ അനാവരണം ചെയ്യുകയാണ് വിമർശകന്റെ ധർമ്മം. സാഹിത്യനിരൂപണത്തെക്കുറിച്ച് എൻ.വി.കൃഷ്ണവാരിയരുടെ അഭിപ്രായം ഈയവസരത്തിൽ ശ്രദ്ധേയമാണ്. "മനുഷ്യപ്രയത്നത്തിന്റെ ഒരു മേഖലയാണല്ലൊ സാഹിത്യനിരൂപണം. സാഹിത്യമെന്ന പ്രതിഭാസത്തെ മനസ്സിലാക്കുകയും വിവരിക്കുകയും അതിന്റെ മൂല്യം നിർണ്ണയിക്കുകയുമാണ് സാഹിത്യനിരൂപണം കൊണ്ട് ഉദ്ദിഷ്ടം"[2]. സാഹിത്യകൃതികളുടെ ആഴങ്ങളിലേക്കു കടന്നുചെന്ന് ആസ്വാദകപക്ഷത്തുനിന്നും വിമർശനപക്ഷത്തുനിന്നും അതിനെ നോക്കിക്കാണുകയും വിലയിരുത്തുകയുമാണ് ഉത്തമവിമർശകന്റെ ധർമ്മം. ആസ്വാദനം, അപഗ്രഥനം, വിലയിരുത്തൽ എന്നീ ഘടകങ്ങളാണ് വിമർശനത്തിന്റെ കാതൽ.

"ആംഗ്ലേയസാഹിത്യത്തിൽ എസ്സേ (Essay) എന്നു വിളിക്കുന്ന സാഹിത്യശാഖയെയാണ് മലയാളത്തിൽ ' ഉപന്യാസം ' എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. എസ്സേ എന്ന പദത്തിന് ഒരു വിഷയത്തെ പുരസ്കരിച്ചുള്ള പരിശ്രമം (Attempt) എന്നാണർത്ഥം"[3]. എഴുത്തുകാരന്റെ അഭിരുചിക്കും മനോഭാവത്തിനുമനുസരിച്ച് സ്വതന്ത്രമായി എഴുതപ്പെടുന്നവയാണ് ചുരുക്കിപ്പറഞ്ഞാൽ ഉപന്യാസങ്ങൾ.

വിജ്ഞേയങ്ങളായ അനേകം നിരൂപണോപന്യാസങ്ങളുടെ കർത്താവാണ് ഡോ.കെ.എം.ജോർജ്ജ്. ഏതൊരു ഗവേഷകനെയും ആകർഷിക്കുന്ന ഒരു ഘടകം ഡോ.കെ.എം.ജോർജ്ജിന്റെ പ്രബന്ധങ്ങളുടെ വിഷയ വൈവിധ്യമാണ്. ഭാഷ, സാഹിത്യം, സംസ്കാരം, ഗവേഷണം, വിദ്യാഭ്യാസം തുടങ്ങി വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി വിവിധ കാലയളവിലായി ഡോ.ജോർജ്ജ് എഴുതിയ ലേഖനങ്ങളുടെ സമാഹാരങ്ങളാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളും.

## നിരൂപണങ്ങളും പ്രബന്ധങ്ങളും

മികച്ച പാണ്ഡിത്യവും തികഞ്ഞ അപഗ്രഥന പാടവവും കൈമുതലായിട്ടുള്ള ഡോ.ജോർജ്ജിന്റെ, പുസ്തകങ്ങളെപ്പറ്റി ഒന്നാം അദ്ധ്യായത്തിൽ കേവല പരാമർശം മാത്രമാണ് നടത്തിയിട്ടുള്ളത്. അക്കൂട്ടത്തിൽ ഉൾപ്പെടുന്ന നിരൂപണ കൃതികളെയും ഉപന്യാസശാഖയിൽ അദ്ദേഹം നൽകിയ സംഭാവനകളെയുമാണ് ഇവിടെ പരാമർശിക്കുന്നത്. പല ഘട്ടങ്ങളിലായി എഴുതിയ ലേഖനങ്ങളുടെ സമാഹാരങ്ങളായിട്ടാണ് അദ്ദേഹത്തിന്റെ കൃതികളിൽ ഏറിയപങ്കും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. ആകയാൽ പലപ്പോഴും ഒരു വിഷയത്തെ അധികരിച്ചുള്ള ലേഖനങ്ങൾ പലകൃതികളിലും കാണുന്നുണ്ട്. അദ്ദേഹത്തിന്റെ മഹത്തായ ഭാഷാ സേവനത്തിന്റെയും നിരന്തര അധ്വാനത്തിന്റെയും മുന്നിൽ അത്തരം ആവർത്തനം നിസ്സാരമായി ഗണിക്കാവുന്നതാണ്. പഠന നിരൂപണങ്ങൾക്കുവേണ്ടി സ്വീകരിച്ചിരിക്കുന്ന കൃതികൾ ഇവയാണ് -

പ്രബന്ധചന്ദ്രിക

മുന്തിരിച്ചാറ്

വിചാരകൗതുകം

വളരുന്ന കൈരളി

നിരീക്ഷണ നിലയം

സംസ്കാരസരണി

അവലോകനങ്ങൾ

ഭാരതത്തിലെ ഭാഷകൾ

അന്വേഷണങ്ങൾ പഠനങ്ങൾ

സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും

കവികൾ നിരൂപണരംഗത്ത്

അറിവുകൾ അവലോകനങ്ങൾ

വീക്ഷണങ്ങൾ വിചിന്തനങ്ങൾ

വിജ്ഞാനത്തിന്റെ വിവിധ ശാഖകളിൽ നേടിയിട്ടുള്ള ഉപസ്ഥിതിയാണ്

കാര്യക്ഷമമായ വിലയിരുത്തലിന് വിമർശകനെ സഹായിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ വളരെയേറെ വൈവിധ്യമാർന്നതാണ് അദ്ദേഹത്തിന്റെ വൈജ്ഞാനിക മണ്ഡലം വിശാലമാണ് അദ്ദേഹത്തിന്റെ പ്രബന്ധലോകം. ഡോ.കെ.എം.ജോർജ്ജിന്റെ പ്രബന്ധസമാഹാരങ്ങളിൽ ഒന്നാമത്തേത് ആയിരത്തിത്തൊള്ളായിരത്തി നാല്പത്തിഎട്ടിൽ പ്രസിദ്ധീകരിച്ച ' പ്രബന്ധചന്ദ്രിക 'യാണ്. ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി ഒന്നിൽ എഴുതിയ വീക്ഷണങ്ങൾ വിചിന്തനങ്ങൾ ആണ് ഈ മേഖലയിലെ അവസാനത്തെ കൃതി. ഇവകൂടാതെ പല ആനുകാലികങ്ങളിലായി പ്രത്യക്ഷപ്പെട്ടിട്ടുള്ള ഒട്ടനവധി ലേഖനങ്ങൾ ഡോ.ജോർജ്ജിന്റേതായുണ്ട്. സമാഹരിക്കപ്പെട്ട കൃതികളിലെ ലേഖനങ്ങൾ മാത്രമാണ് ഇവിടെ ചർച്ചയ്ക്കു വിധേയമാക്കിയിട്ടുള്ളത്.

## പ്രബന്ധചന്ദ്രിക

ചിന്തോദ്ദീപകങ്ങളും എന്നാൽ സ്വതന്ത്രഭാരതത്തിന് അത്യാവശ്യങ്ങളും ആയ ഏഴു പ്രൗഢവിഷയങ്ങളുൾക്കൊള്ളുന്ന ഒരു പ്രബന്ധസമാഹാരമാണ് പ്രബന്ധചന്ദ്രിക. ഡോ.ജോർജ്ജിന്റെ ഗുരുനാഥനായ പി. അനന്തൻപിള്ളയാണ് ഇതിന് അവതാരികയെഴുതിയിട്ടുള്ളത്. ഈ കൃതിയിലെ ഒന്നാമത്തെ ഉപന്യാസം ' ഭാരതത്തിലെ ഭാഷാപ്രശ്ന 'ത്തെക്കുറിച്ചുള്ളതാണ് ഭാരതത്തിന് ഒരു പൊതുഭാഷ ആവശ്യമാണെന്ന് ഉറപ്പിക്കുന്നതോടൊപ്പം അതൊരു വിദേശ ഭാഷയാണെങ്കിൽ ഏറ്റവും നന്നെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. തുടർന്ന് ഹിന്ദുസ്ഥാനി പഠിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഭാഷാ പ്രശ്നങ്ങളുടെയെല്ലാം പരിഹാരം രാഷ്ട്രീയ പ്രശ്നത്തിന്റെ പരിഹാരത്തെ ആശ്രയിച്ചാണിരിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ലേഖനം അവസാനിപ്പിച്ചിരിക്കുന്നു. ആത്മകഥാസാഹിത്യത്തെക്കുറിച്ചുള്ളതാണ് അടുത്ത ലേഖനം. ആത്മകഥകൾ മലയാളത്തിൽ അധികമൊന്നും കടന്നുവന്നിട്ടില്ലാത്ത കാലയളവിൽ എഴുതിയ ഈ ലേഖനത്തിൽ ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസത്തെയും വ്യക്തമാക്കുന്നുണ്ട്. കേരളീയരും അകേരളീയരുമായ നിരവധി ആത്മകഥാസാഹിത്യകാരന്മാരെ പരിചയപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പി.കെ.നാരായണപിള്ളയുടെ 'സ്മരണമണ്ഡലം ', മഹാത്മാഗാന്ധിയുടെ ' എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ', ഇ. വി കൃഷ്ണപിള്ളയുടെ 'ജീവിതസ്മരണകൾ ' തുടങ്ങിയ കൃതികളെ വിശകലനം

ചെയ്യുന്നുമുണ്ട്. വിദേശീയ ആത്മകഥകളിൽ ആൽബർട്ട് ഷ്വയിറ്റ്സറു (Albert Schweitzer) ടെ ' ബാല്യകാലസ്മരണകളെ 'ക്കുറിച്ചാണ് വിവരിക്കുന്നത്. അഹം ബോധ വത്ത് (Self Conscious) എന്നും അഹംബോധരഹിതം (Unself Conscious) എന്നും ആത്മകഥകളെ രണ്ടായി തിരിച്ചിട്ടുണ്ട്. അതിൽ അഹംബോധരഹിതമായ ആത്മകഥക ളാണ് ഉൽകൃഷ്ടമെന്നും അദ്ദേഹം വ്യക്തമാക്കുന്നു. കൂടാതെ സാഹിത്യകാരന്മാരുടെ കൃതികളിൽ, പ്രത്യേകിച്ചു നോവലുകളിലും നാടകങ്ങളിലും ജീവിതാനുഭവങ്ങൾ പ്രതി ഫലിക്കാറുണ്ടെന്നുള്ളതിന് ചാൾസ്ഡിക്കൻസിന്റെ ' ഡേവിഡ് കോപ്പർ ഫീൽഡും ' ചാർലട്ട് ബ്രോൺടേയുടെ ' ജെയ്ൻ ഏയറും ' ഉദാഹരിക്കുന്നുമുണ്ട്. ആത്മകഥാസാ ഹിത്യത്തിന്റെ കേരളത്തിലെ അവസ്ഥ വളരെ ശോചനീയമാണെന്നും അതിനൊരു മാറ്റം അനിവാര്യമാണെന്നും സൂചിപ്പിച്ചുകൊണ്ടാണ് ലേഖനം അവസാനിപ്പിക്കുന്നത്.

ആത്മകഥാസാഹിത്യത്തെക്കുറിച്ച്, പ്രത്യേകിച്ച് ലോകസാഹിത്യത്തിലെ തന്നെ ആ മണ്ഡലത്തെക്കുറിച്ച് ഒരു വിവരണം നൽകുക വഴി, ആ സാഹിത്യപ്രസ്ഥാ നത്തെക്കുറിച്ച് ഒരു വ്യക്തമായ അവബോധം നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച് അധികനാൾ കഴിയുന്നതിനുമുമ്പ് എഴുതിയ ഒരു ലേഖനമാണെന്ന പ്രാധാന്യം ആണ് ' നാളത്തെ നേതാവ് ' എന്നതിനുള്ളത്. സ്വാത ന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും പൊൻപുലരിയുടെ അരുണകിരണങ്ങൾ ഭാരത ത്തിൽ കണ്ടുതുടങ്ങിയ കാലയളവിൽ നാളത്തെ നേതാവ് എപ്രകാരം സൃഷ്ടിക്കപ്പെട ണമെന്ന് ഈ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. അന്നിവിടത്തെ സർവ്വകലാശാലക ളിലും മറ്റും നിലവിലിരുന്ന അടിമത്ത മനസ്ഥിതിയെ പരിപോഷിപ്പിക്കുന്ന സമ്പ്രദായ ങ്ങളിൽ നിന്ന് മോചനം നേടാൻ ഉണർവുള്ളവരായ നേതാക്കൾ പ്രത്യക്ഷപ്പെടേണ്ടതിന്റെ ആവശ്യകതയെ ഉറപ്പിക്കുകയും ചെയ്യുന്നു. ഉദ്ബോധനപ്രധാനമായ ഈ ലേഖനം അതു കൊണ്ട് തന്നെ ഏറെ അർത്ഥവത്താകുന്നു.

പിൽക്കാലഘട്ടത്തിൽ ഡോ.കെ.എം.ജോർജ്ജ് വ്യാപരിച്ചത് ഭാരതീയ സാഹിത്യസമന്വയത്തിനു വേണ്ടിയായിരുന്നു. അതിനു മുമ്പു തന്നെ ഇത്തരം ആശയ

ങ്ങൾ അദ്ദേഹത്തിൽ ഉണർവ് പകർന്നിരുന്നു എന്നുള്ളതിനു സൂചനയാണ് ഈ ലേഖനം. ഇംഗ്ലീഷുകാരുടെ സംസ്കാരത്തെ അന്ധമായി അനുകരിക്കുന്ന യുവതലമുറയെ ബോധവാന്മാരാക്കുന്നതിനും ഭാരതത്തിന്റെ മഹത്തായ സാംസ്കാരിക പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിനും പ്രേരണ നൽകുന്നു എന്നതാണ് ഈ ലേഖനത്തിന്റെ സവിശേഷതയായി പറയേണ്ടത്. ഭാരതീയരുടെ മഹത്തായ പൂർവ സംസ്കാരത്തെയും ആചാരാനുഷ്ഠാനങ്ങളെയും ഏറെ വിലമതിക്കുന്ന ഒരു വീക്ഷണം ഇവിടെ പ്രത്യക്ഷപ്പെടുന്നു.

' ജീവത്സാഹിത്യം ' എന്ന അടുത്ത ലേഖനം ജീവത്സാഹിത്യം എന്താണർത്ഥമാക്കുന്നതെന്ന് വിശദീകരിക്കുന്നു. നിത്യജീവിതത്തിൽ നമുക്കഭിമുഖീകരിക്കേണ്ടിവരുന്നവയും സമുദായത്തെ മുന്നോട്ടു നയിച്ചു കൊണ്ടിരിക്കുന്നവയുമായ പ്രശ്നങ്ങളെ പ്രതിപാദിക്കുന്ന സാഹിത്യമത്രെ ജീവൽ സാഹിത്യം. ജീവത്സാഹിത്യകാരൻ വ്യക്തികളെ കഥാപുരുഷന്മാരായി സ്വീകരിക്കുമ്പോഴും അവർ ഉൾപ്പെടുന്ന സമുദായത്തിന്റെ പ്രത്യേക ഗുണദോഷങ്ങൾ പ്രതിനിധീകരിക്കുകയും അതിന്റെ താല്പര്യങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, ജീവിതചിത്രീകരണത്തിനു ഏറ്റവും പറ്റിയ സാഹിത്യരൂപങ്ങൾ ഏതെല്ലാമാണെന്ന് സൂചിപ്പിക്കുന്നുമുണ്ട്. ഖണ്ഡകവിതകളെക്കാൾ ചെറുകഥ, നോവൽ, നാടകം എന്നീ സാഹിത്യരൂപങ്ങളാണ് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സാമുദായിക ദൂഷ്യങ്ങൾ ദുരീകരിക്കുന്നതിന് പര്യാപ്തമായവ.

അടുത്ത ഉപന്യാസം പേരു സൂചിപ്പിക്കുന്നതുപോലെ സാഹിത്യകാരന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചു വ്യക്തമാക്കുന്നു. പുരോഗമനസാഹിത്യത്തെക്കുറിച്ച് തന്റെ കാഴ്ചപ്പാട് ഡോ.കെ.എം.ജോർജ്ജ് വിവരിക്കുന്നുണ്ട്. " ശുദ്ധസാഹിത്യത്തിനുചുറ്റും വേലികെട്ടുന്നതും, പുരോഗമനസാഹിത്യത്തിനു മൊത്തം കുത്തക പിടിക്കുന്നതും, ലാഭത്തിനു പകരം നഷ്ടമേ ഉണ്ടാക്കുകയുള്ളു. സാഹിത്യാരാമം വിസ്തൃതമായ ഒന്നാണ് അവിടെ വേലിയും കുത്തകയും ആവശ്യമില്ല. അതിനാൽ ഇരുകക്ഷിയിൽ പെടുന്നവരും ഒരു കക്ഷിയിലും പെടാത്തവരുമായ സാഹിത്യകാരന്മാർ എല്ലാവരും അവിടെ സ്വതന്ത്രമായും സൈ്വര്യമായും വിഹരിക്കട്ടെ "[4].

ഒരു യഥാർത്ഥ സാഹിത്യകാരൻ ആശയത്തിലും ആവിഷ്കരണത്തിലുമുള്ള സ്വാതന്ത്ര്യ മാണ് ഏറ്റവും കാംക്ഷിക്കുന്നതെന്നും ഈ സ്വാതന്ത്ര്യമാണ് സാഹിത്യത്തിലെ നവ്യഭാവ ന്യയ്ക്ക് കാരണമായിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

ഈ സമാഹാരത്തിലെ ഉപന്യാസങ്ങളിൽ വേറിട്ടു നിൽക്കുന്ന ഒന്നാണ് 'വിദ്യാഭ്യാസപദ്ധതിയിൽ പ്രക്ഷേപണത്തിനുള്ള സ്ഥാനം ' എന്നത്. വിദ്യാഭ്യാസ പ്രചര ണത്തിന് ഒരുപാധിയായി പ്രക്ഷേപണത്തെ കണക്കാക്കേണ്ടതിന്റെ ആവശ്യകതയെ ഉദാ ഹരണസഹിതം ചൂണ്ടിക്കാണിക്കുകയാണ് ഈ ലേഖനത്തിൽ. ഓരോ വിദ്യാലയത്തിനും ഓരോ റേഡിയോ സെറ്റുകൾ വിതരണം ചെയ്യേണ്ട ചുമതല ഗവണ്മെന്റ് ഏറ്റെടുക്കണ മെന്ന നിർദ്ദേശം ഇന്നത്തെ കാലയളവിൽ ഏറെ പ്രസക്തമല്ലെങ്കിലും അന്ന് ഏറെ പ്രസ ക്തമാണ്.

ജീവചരിത്രസംബന്ധമായി ഡോ. ജോർജ്ജ് ആദ്യകാലത്തെഴുതിയ ഉപ ന്യാസമാണ് പ്രബന്ധചന്ദ്രികയിൽ അവസാനമായി ചേർത്തിരിക്കുന്നത്. ചരിത്രസത്യവും കലാഭംഗിയും മനശ്ശാസ്ത്രപരമായ പശ്ചാത്തലത്തിൽ ലയിപ്പിച്ചു ചെയ്യുന്ന അപൂർവ സൃഷ്ടിയാണ് ഡോ. ജോർജ്ജിന്റെ വീക്ഷണത്തിൽ ജീവചരിത്രം. ഉത്തമമായ ജീവചരി ത്രത്തിൽ മാനസികബന്ധങ്ങൾ, ആദർശങ്ങൾ, ഉദ്ദേശങ്ങൾ എന്നിവ ആവിഷ്കരിക്കാനും കഴിയും. എന്നാൽ മലയാളഭാഷയിൽ ജീവചരിത്രപ്രസ്ഥാനത്തിന്റെ നില വളരെ പരിതാ പകരമാണെന്ന് ഒന്നാമതായി എണ്ണാൻ പറ്റുന്നത് ബി. കല്യാണി അമ്മയുടെ 'വ്യാഴവട്ട സ്മരണകൾ' മാത്രമാണെന്നും സൂചിപ്പിക്കുന്നുണ്ട്. ജീവചരിത്രത്തിൽ ഒരിക്കലും കൃത്രി മത്വമോ അതിശയോക്തിയോ കലരാൻ പാടില്ലെന്ന വസ്തുതയും അദ്ദേഹം എടുത്തു കാട്ടുന്നു.

പുരോഗതി കൈവരിച്ച ഇന്നത്തെ സാഹചര്യത്തിൽ പ്രസക്തങ്ങളായ വിഷയങ്ങളല്ല, പ്രബന്ധചന്ദ്രികയിലെ ലേഖനങ്ങളിലേതെങ്കിലും കാലഘട്ടത്തിന്റെ അഭി രുചിയ്ക്കനുസരണമായ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിൽ ഡോ. കെ. എം ജോർജ്ജ് കാണിച്ചിട്ടുള്ള വൈദഗ്ദ്ധ്യം പ്രശംസനീയമാണ്.

## മുന്തിരിച്ചാറ്

മാധുര്യമേറിയ എട്ടുപന്യാസങ്ങളുടെ സമാഹാരമാണ് മുന്തിരിച്ചാറ്. ഇതിലെ ഉപന്യാസങ്ങളെല്ലാം തന്നെ സാഹിത്യസംബന്ധിയാണ്. വള്ളത്തോളിന്റെ 'മഗ്ദലനമറിയം' എന്ന കൃതിയുടെ ഒരൊന്നാന്തരം ആസ്വാദനമാണ് 'പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി' എന്ന ഒന്നാമത്തെ ഉപന്യാസം. നായികയുടെ ജീവിതത്തെ പുരസ്കരിച്ചെഴുതിയ കവികപോലകല്പിതങ്ങളായ രണ്ടും മൂന്നും നാലും ഖണ്ഡങ്ങളാണ് ഏറെ ആസ്വാദ്യജനകമായിട്ടദ്ദേഹം കാണുന്നത്. വള്ളത്തോളിന്റെ കാവ്യങ്ങളിലെ മഹനീയ മാതൃകയായി മഗ്ദലന മറിയത്തെ ചിത്രീകരിച്ചിരിക്കുന്നു ഒതുക്കിപ്പറഞ്ഞാൽ മുന്തിരിച്ചാറിന്റെ മഹത്തായ മാദകശക്തിയും, മനം മയക്കുന്ന മാധുര്യവും മഹാകവി വള്ളത്തോളിന്റെ മിക്ക കൃതികളിലും അദ്ദേഹം ദർശിക്കുന്നുണ്ട്.

വിലാപകാവ്യമായ 'കണ്ണുനീർത്തുള്ളി'യെ നാലപ്പാടന്റെ വീണപൂവെന്നാണ് ഡോ. ജോർജ്ജ് വിശേഷിപ്പിക്കുന്നത്. വിലാപകാവ്യങ്ങളിൽ കണ്ണുനീർത്തുള്ളിയുടെ വൈശിഷ്ട്യത്തെ വ്യക്തമാക്കുന്നതോടൊപ്പം മലയാളത്തിലെ മറ്റു വിലാപകാവ്യങ്ങളെക്കുറിച്ചും പാശ്ചാത്യവിലാപകാവ്യങ്ങളെക്കുറിച്ചും വ്യക്തമാക്കുന്നുണ്ട്. ഭാര്യാഭർതൃബന്ധത്തിന്റെ നിസ്തൂലമായ ശക്തിയായിരിക്കാം കണ്ണുനീർത്തുള്ളിയെ ഇത്ര ഹൃദയാവർജ്ജകമാക്കിയിരിക്കുന്നതെന്നും മിൽട്ടന്റെ 'ലിസിഡസി'നോടും തുലനം ചെയ്യാനുള്ള മഹത്വം ആ കൃതിക്കുണ്ടെന്നും അദ്ദേഹം സൂചിപ്പിക്കുന്നു.

മലയാളത്തിൽ അന്ന് ഏറെ പരീക്ഷിക്കപ്പെടാത്ത ഒന്നാണ് താരതമ്യപഠനരീതി. പക്ഷേ അത്തരം പരീക്ഷണത്തിൽ ഡോ. കെ. എം. ജോർജ്ജ് ആദ്യമേ വ്യാപൃതനായിരുന്നുവെന്നതിന് തെളിവാണ് 'ആശാന്റെ നായികമാർ' എന്ന ലേഖനം. ആശാന്റെ നളിനി എന്ന ഖണ്ഡകാവ്യവും എച്ച്. ഡബ്ലിയു. ലോങ് ഫെല്ലോവിന്റെ 'ഇവാൻജലിൻ' എന്ന കൃതിയും താരതമ്യം ചെയ്ത മാരാരുടെ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ട് ഡോ. ജോർജ്ജു പറയുന്നതു നോക്കാം "പക്ഷേ, അതു വായിച്ചപ്പോൾ അവ തമ്മിലുള്ള ദൃഢമായ വൈസാദൃശ്യമാണ് എന്റെ മുമ്പിൽ നിഴലിച്ചത്.

ഇവാൻജലിൻ എന്ന കൃതിയേക്കാൾ നളിനിയോടു സാദൃശ്യം പുലർത്തുന്നത് ആശാന്റെ ലീലയും കരുണയും ആണെന്നും, നായിക പ്രധാനങ്ങളായ ഈ മൂന്നു കൃതികളും ശരിക്കു താരതമ്യം ചെയ്യുന്ന പക്ഷം ആശാന്റെ ജീവിതനിരൂപണം എന്തെന്നു മനസ്സിലാക്കാമെന്നും തോന്നുകയുണ്ടായി"[5].

കഥയുടെ അടിത്തട്ടിൽ തട്ടുന്നതും കവികളുടെ ജീവിത നിരൂപണത്തെ സ്പർശിക്കുന്നതുമായ സാദൃശ്യങ്ങൾ ഒരിക്കലും ഇവാൻജലിനും നളിനിക്കും തമ്മിലില്ല. അതായത് നായകസമാഗമം ലഭിക്കാതെ നായികമാർ വലയുന്നതിലും അന്ത്യഘട്ടത്തിന് മുമ്പ് നായിക, നായകന്മാർ തമ്മിൽ യാദൃച്ഛികമായ സമാഗമം ഉണ്ടാകുന്നുവെന്ന കാര്യത്തിലും മാത്രമാണ് അദ്ദേഹം ഈ കൃതികൾക്കു തമ്മിൽ സാദൃശ്യം ദർശിക്കുന്നത്. തത്ത്വചിന്താപരമായ ആശയങ്ങൾ സന്ദർഭമനുസരിച്ചു ചെറുവാക്യങ്ങളിൽ പ്രത്യക്ഷമായും, ആകപ്പാടേയുള്ള കഥാഗതികൊണ്ടു പരോക്ഷമായും പ്രകാശിപ്പിച്ചു വിജയം നേടിയിട്ടുള്ള ഭാഷാകവികളുടെ കൂട്ടത്തിൽ അഗ്രിമസ്ഥാനത്താണ് ഡോ. കെ. എം. ജോർജ്ജ് ആശാനെ പ്രതിഷ്ഠിക്കുന്നത്.

മുന്തിരിച്ചാറിലെ അടുത്ത ലേഖനം ബി. കല്യാണി അമ്മയുടെ 'വ്യാഴവട്ടസ്മരണകളെ'ക്കുറിച്ചാണ് ഒരു വികാരാത്മക ജീവചരിത്രത്തിന്റെ ഗുണങ്ങളും ദോഷങ്ങളും നിറഞ്ഞ കൃതിയാണ് വ്യാഴവട്ടസ്മരണകളെന്നും കഥാനായകന്റെ സഹധർമ്മിണി തന്നെ ചരിത്രരചന നിർവഹിച്ചിരിക്കുന്നതിനാൽ ചില ദോഷങ്ങളും ചില ഗുണങ്ങളും ഗ്രന്ഥത്തിനുണ്ടെന്ന് സമർത്ഥിക്കുന്നു. അനുഭവപ്രേരിതമായ ഭാഷയിൽ, വച്ചുകെട്ടുകൂടാതെയുള്ള പ്രതിപാദനരീതി ഈ കൃതിയുടെ ആകർഷണീയതയുടെ മറ്റൊരു ഘടകമായി ഡോ. കെ. എം. ജോർജ്ജ് കാണുന്നു. കൂടാതെ ആരേയും ആകർഷിക്കുന്ന തരത്തിൽ ആത്മാർത്ഥതയും ആർജ്ജവവും ഈ കൃതിക്കുണ്ടെന്നു അദ്ദേഹം ഓർമ്മപ്പെടുത്തുന്നു.

ചങ്ങമ്പുഴയുടെ രമണനെന്ന കാവ്യത്തെയാണ് അടുത്ത ലേഖനത്തിൽ വിലയിരുത്തുന്നത്. പുസ്തകവ്യാപാരരംഗത്തെ അത്ഭുതമെന്നാണ് ഡോ. ജോർജ്ജ് രമണനെ വിശേഷിപ്പിക്കുന്നത്. പാശ്ചാത്യ രാജ്യങ്ങളിൽ ഗ്രാമീണ വിലാപകാവ്യങ്ങൾ

വളരെ ഉണ്ടെങ്കിലും നാടകീയമായ സാങ്കേതികമാർഗ്ഗത്തോടു കൂടിയ കൃതികൾ കുറവാണെന്നും അങ്ങനെ അപൂർവമെന്നു പറയാവുന്ന പ്രസ്ഥാനത്തെ രമണനിൽകൂടി അവതരിപ്പിച്ചതാണ് ആ കൃതിയുടെ പ്രചാരത്തിനു ഹേതുവെന്നും ചൂണ്ടിക്കാട്ടുന്നു. ചങ്ങമ്പുഴക്ക് ഏറ്റവും പ്രിയപ്പെട്ട രസങ്ങളാണ് ശൃംഗാരവും കരുണവും ഈ രണ്ടു രസങ്ങളാണ് രമണന്റെ ജീവൻ. രമണന്റെ അത്ഭുതാവഹമായ വിജയത്തിനു കാരണമായി അദ്ദേഹം കാണുന്നത് മേൽപ്പറഞ്ഞ മേന്മകളാണ്. മറ്റു വിലാപകാവ്യങ്ങളിൽ സാധാരണ കാണാറുള്ള തത്ത്വചിന്താപ്രൗഢിയും അടക്കവും രമണനില്ലെന്നു സമ്മതിക്കുന്നുമുണ്ട്.

ചങ്ങമ്പുഴക്കവിതയിലെ 'എങ്കിലും' എന്ന പദപ്രയോഗത്തിന്റെ ഔചിത്യത്തെക്കുറിച്ചുള്ള അന്വേഷണമാണ് അടുത്ത ലേഖനമായ 'എങ്കിലും'. 'രമണൻ' എന്ന കാവ്യത്തിൽ മുപ്പതോളം പ്രാവശ്യം പ്രയോഗിച്ചിട്ടുള്ള പദമാണിത്. എന്നാൽ സന്ദർഭത്തിന്റെ ശക്തിമൂലം അനുപേക്ഷണീയമായ വിധത്തിലാണ് ആ പദം സ്ഥാനം പിടിച്ചിരിക്കുന്നതെന്ന നിഗമനത്തിലാണ് ഡോ. കെ. എം. ജോർജ്ജ് എത്തിച്ചേരുന്നത്.

പി. കെ. പരമേശ്വരൻ നായരുടെ 'സി. വി. രാമൻപിള്ള' എന്ന ജീവചരിത്രത്തെക്കുറിച്ചുള്ള വിശകലനമാണ് അടുത്തതായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഭൂതകാലത്തിന്റെ ഇരുണ്ട ഗുഹകളിൽ നിന്നും സി. വി. യുടെ വ്യക്തിത്വത്തിന്റെ പ്രത്യേകതകളെയും, സമുദായത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനത്തെയും സാഹിത്യകാരനായിത്തീരാനുള്ള കാരണങ്ങളെയും കണ്ടെത്തി സംസ്കരിച്ച് രേഖാരൂപത്തിലാക്കിയ പി. കെ. യുടെ പരിശ്രമങ്ങളെയാണ് ഇതിൽ പ്രശംസിച്ചിരിക്കുന്നത്. ജീവചരിത്രങ്ങളിൽ അദ്വിതീയമായ സ്ഥാനം അലങ്കരിക്കുന്ന ഒരു കൃതിയാണ് ഈ ജീവചരിത്രം എന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു.

ടാഗോറിന്റെ 'ചിത്ര' എന്ന നാടകമാണ് തന്നെ ഏറ്റവും സ്പർശിച്ച ഗ്രന്ഥമായി ഡോ. ജോർജ്ജ് കാണുന്നത്. വിചാരശീലമുള്ളവരെ അലട്ടുന്ന അനന്തമായ ഒരു പ്രശ്നം അസാധാരണമായ ഔജ്ജ്വല്യത്തോടുകൂടി പ്രകാശിപ്പിക്കുകയും അതിന്റെ അടിത്തട്ടിൽ കിടക്കുന്ന രഹസ്യങ്ങളിലേക്ക് അനുവാചകനെ സമർത്ഥമായി ആകർഷിക്കു

കയുമാണ് ടാഗോർ ഈ നാടകം മൂലം ചെയ്യുന്നത്. ഏറിയേറി വരുന്ന ഉന്മേഷത്തോടും മാറി മാറി വരുന്ന ഭാവസ്തോഭാദികളോടും കൂടി താൻ 'ചിത്ര' എന്ന നാടകം വായിച്ച തെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു.

സാഹിത്യസംബന്ധമായ ലേഖനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന 'മുന്തിരിച്ചാറ്' മറ്റു നിരൂപണഗ്രന്ഥങ്ങളിൽ നിന്നും ഒട്ടേറെ വ്യത്യസ്തത പുലർത്തുന്നു. ഉൽകൃഷ്ട സൃഷ്ടികൾ കൊണ്ട് കൈരളിയെ സമ്പന്നമാക്കിയ ഏതാനും സാഹിത്യകാരന്മാരുടെയും ഒരു സാഹിത്യകാരിയുടെയും കൃതികൾ ഇതിൽ അവലോകനം ചെയ്യുന്നതോടൊപ്പം വിശ്വമഹാകവിയായ ടാഗോറിന്റെ കൃതിയെയും പഠനവിധേയമാക്കിയിരിക്കുന്നു. ആസ്വാദനത്തിന്റെയും നിരൂപണത്തിന്റേയും സ്വതന്ത്രചിന്തയുടേയും സത്ത ഈ നിരൂപണങ്ങളിൽ കണ്ടെത്താൻ കഴിയും.

## വിചാരകൗതുകം

സാഹിത്യസംബന്ധവും സാഹിത്യേതരവുമായ പന്ത്രണ്ട് ഉപന്യാസങ്ങളുടെ സമാഹാരമാണ് 'വിചാരകൗതുകം'. സാഹിത്യേതരവിഷയങ്ങളായ 'മലയാളികളുടെ ആഹാരവും വസ്ത്രവും', 'നമ്മുടെ ജലവാഹനങ്ങൾ' തുടങ്ങിയവ ആൾ ഇന്ത്യാ റേഡിയോയിൽ നടത്തിയ പ്രഭാഷണങ്ങളാണ്. പഴഞ്ചൊല്ലുകളുടെ പ്രാധാന്യവും പ്രത്യേകതകളും വിവരിക്കുന്നതാണ് 'നമ്മുടെ പഴഞ്ചൊല്ലുകൾ' എന്ന ആദ്യ ഉപന്യാസം. "വൈവിധ്യസമ്പൂർണ്ണമായ ജീവിതത്തിലെ അനുഭവമോ, അവലോകനമോ, അഴകും, ഈടും ഒതുക്കവുമുള്ള ഭാഷയിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രേരണ മനുഷ്യർക്കുണ്ട്. ആ പ്രേരണയുടെ മൊട്ടു വിരിയുന്നതാണ് പഴമൊഴികൾ"[6]. പഴമൊഴികളെ ഡോ. കെ. എം. ജോർജ്ജ് നിർവചിക്കുന്നതിപ്രകാരമാണ്. ഒരു സാമാന്യതത്ത്വത്തിന്റെ ഹ്രസ്വവും സാരഗർഭവുമായ പ്രകാശനമാണ് ഇവയിലൂടെ നടക്കുന്നത്. സ്വയം വ്യക്തമാവുന്ന സത്യമോ ഗണിതശാസ്ത്രത്തിലെപ്പോലെ തെളിയിച്ചു കാണിക്കുന്ന സിദ്ധാന്തങ്ങളോ ഈ സൂക്തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതല്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു. മിക്ക പഴഞ്ചൊല്ലുകളിലും പദ്യത്തിന്റെ വെടിപ്പും കവിതയുടെ ചൈതന്യവും ഉണ്ടായിരിക്കുമെന്ന്

ഉദാഹരണങ്ങൾ ഉദ്ധരിച്ച് വിശദമാക്കുന്നു. "ആനക്കാര്യത്തിൽ ചേനക്കാര്യം" എന്ന പഴഞ്ചൊല്ലിൽ ചേനയ്ക്കു പകരം 'ചേമ്പാ'യാലും അർത്ഥം കിട്ടുമെങ്കിലും ചേനയല്ലാതെ മറ്റൊരു പദവും അവിടെ ചേരുകയില്ലെന്ന് ആരും സമ്മതിക്കും. ആ ശബ്ദ ഭംഗിയിലാണ് ആ പഴമൊഴിയുടെ ചുണയിരിക്കുന്നത്[17]. അല്പനേരത്തേക്ക് നമ്മെ ഒരു പുതിയ വെളിച്ചം കാണിച്ചശേഷം മിന്നിമായുന്ന ഒരു വെള്ളിനക്ഷത്രമായാണ് പഴമൊഴിയെ കാണുന്നത്.

തമിഴിലെയും മലയാളത്തിലെയും പഴഞ്ചൊല്ലുകൾ സാദൃശ്യപ്പെടുത്തിയും ഹിന്ദുസ്ഥാനിയിലെ ചൊല്ലുകളെ മലയാളത്തിലെ ചൊല്ലുകളുമായി സാദൃശ്യപ്പെടുത്തിയും ആശയത്തിന്റെ സമാനത കണ്ടുപിടിക്കാൻ ശ്രമിക്കുന്ന ഡോ. കെ.എം.ജോർജ്ജിന്റെ താരതമ്യനിരീക്ഷണപാടവം ഏറെ ശ്രദ്ധിക്കപ്പെടുന്നു. നമ്മുടെ പണ്ഡിതന്മാരുടെ ശ്രദ്ധ പഴഞ്ചൊല്ലുകൾ സമാഹരിച്ചു പ്രസിദ്ധീകരിക്കുന്നതിലുണ്ടാകണം എന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് ആ ലേഖനം അവസാനിപ്പിക്കുന്നത്.

ജലവാഹനങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള ഒരു ഭൂവിഭാഗമാണ് കേരളം. കേരളത്തിന്റെ രക്തധമനികളാണ് പുഴകളും തോടുകളും. അവയിലൂടെയുള്ള സഞ്ചാരം സുഗമമാക്കിത്തീർക്കുന്ന ജലവാഹനങ്ങളെക്കുറിച്ചുള്ളതാണ് 'നമ്മുടെ ജലവാഹനങ്ങൾ ' എന്ന ഉപന്യാസം. വഞ്ചിക്കും വഞ്ചിക്കാരനും നമ്മുടെ സാഹിത്യത്തിൽ പ്രത്യേകിച്ച് സന്ദേശകാവ്യത്തിൽ നല്ല സ്ഥാനം പിടിച്ചുപറ്റാൻ കഴിഞ്ഞിട്ടുള്ളത് അതുകൊണ്ടാണ്. ഭാരതത്തിൽ മറ്റൊരു സംസ്ഥാനത്തിലും ഇല്ലാത്ത ഒരാഘോഷമായ വള്ളംകളിയെക്കുറിച്ച് അദ്ദേഹം സ്മരിക്കുന്നുണ്ട്. തുടർന്ന് തോണിയുമായി ബന്ധപ്പെട്ടു വന്നിട്ടുള്ള പഴഞ്ചൊല്ലുകളും അദ്ദേഹം എടുത്തു പറയുന്നുണ്ട്. വസ്തുനിഷ്ഠമായ പ്രതിപാദനരീതി കൊണ്ട് വളരെ ആസ്വാദ്യമാണ് ഈ ലേഖനം.

ലിപിപരിഷ്കാരത്തെക്കുറിച്ചുള്ള അടുത്ത ലേഖനം ഏറെ പ്രസക്തിയുള്ളതാണ്. ഇന്നത്തെ രീതിയിൽ മാറ്റങ്ങൾ മലയാള ലിപിയിൽ രൂപാന്തരപ്പെടുന്നതിനു മുമ്പെഴുതിയ ലേഖനമാണിത്. അക്കാര്യം പ്രത്യേകം കണക്കിലെടുത്തേ ഈ വിഷയം വിശകലനത്തിനു വിധേയമാക്കാൻ കഴിയൂ. ലിപിപരിഷ്കാരത്തിന്റെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര ഉൾക്കാഴ്ച ഡോ.ജോർജ്ജിനുണ്ടായിരുന്നു. മലയാളലിപിമാലയിലെ

അവ്യവസ്ഥയെയും അശാസ്ത്രീയതയെയും കുറിച്ച് വ്യക്തമായ സൂചന അദ്ദേഹം നൽകുന്നുണ്ട്. " 'പന', 'നര' ഈ രണ്ടുവർണ്ണങ്ങളിലെ 'ന' ശബ്ദ വ്യത്യാസം മലയാളികൾക്കു വലിയ പ്രയാസത്തെ ഉണ്ടാക്കുന്നില്ലെങ്കിലും, അതു ശാസ്ത്രീയമല്ല. അതുപോലെ 'പറ', 'എന്റെ' എന്നിവയിലെ 'റ' കാരവും രണ്ടു ശബ്ദങ്ങളെക്കുറിക്കുന്നു. ഒരേ ശബ്ദം തന്നെ പലതരം സങ്കേതങ്ങൾ കൊണ്ട് സൂചിപ്പിക്കുന്നു. ഉദാ: കു, ഗു, പു ഇവയിലെ 'ഉ'കാര ചിഹ്നത്തിന്റെ വൈസാദൃശ്യം നോക്കുക."[8] ഇത്തരം യുക്തമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി മലയാളലിപിയുടെ അശാസ്ത്രീയതയെ അദ്ദേഹം വ്യക്തമാക്കുന്നു. അതിനാൽ ലിപി പരിഷ്കാരം ശ്രദ്ധേയമായ ഒരു വിഷയമാണെന്നും സാർവലൗകികമായ ഒരു പരിവർത്തനം - ഒരു സമൂല പരിഷ്കാരം തന്നെ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണെന്നും അദ്ദേഹം ഉറപ്പിച്ചുപറയുന്നു. കാലികപ്രസക്തിയുള്ള ഇത്തരം കാര്യങ്ങൾ, ഭാഷാശാസ്ത്രജ്ഞന്മാരും മുദ്രണകലാവിദഗ്ധരുമാണ് മുൻകൈയെടുത്തു നടത്തേണ്ടതെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

'ആരാണീനിരൂപകൻ' എന്ന ലേഖനമാണ് ഈ സമാഹാരത്തിലെ ശ്രദ്ധേയമായ മറ്റൊന്ന്. ഒരു നല്ല നിരൂപകനുവേണ്ട ഗുണവിശേഷങ്ങളെന്താണെന്ന് അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ഭാഷാസാഹിത്യത്തിന്റെ പുരോഗതിയെ കാംക്ഷിക്കുന്നവനായിരിക്കണം ഉത്തമ നിരൂപകൻ, മാത്രമല്ല വായനക്കാരോട് സ്നേഹം പുലർത്തുന്നവനുമായിരിക്കണം. ഒരു നല്ല നിരൂപകനെ അദ്ദേഹം വിശേഷിപ്പിക്കുന്നതുനോക്കാം "ഭംഗിക്കുവേണ്ടി സത്യത്തിൽ അല്പം പോലും മായം ചേർക്കാത്തവൻ, അനുഭാവപൂർണ്ണനെങ്കിലും ഭാഷാസാഹിത്യത്തിന്റെ ഉൽക്കർഷം പരമലക്ഷ്യമായി ഗണിക്കുന്നവൻ, ഉറച്ചനിലപാടുള്ള ധീരനെങ്കിലും ദയാശാലി, എല്ലാറ്റിലും ഉപരിയായി തികഞ്ഞ സംസ്കാരമുള്ള ഒരു സ്നേഹിതൻ അയാളാണ് എന്റെ നോട്ടത്തിൽ നല്ല നിരൂപകൻ"[9]. ഇങ്ങനെ നിരൂപകന്റെ ലക്ഷണങ്ങൾ അദ്ദേഹം ഊന്നിപ്പറയുന്നുണ്ട്.

സാഹിത്യേതരമായ വിഭാഗത്തിൽ കൂട്ടാവുന്ന ലേഖനങ്ങളാണ് 'ബുദ്ധിവൈകല്യം', 'പ്രക്ഷേപണം', തുടങ്ങിയവ. ശാസ്ത്രീയ വീക്ഷണത്തോടെ ഏതുവസ്തുതയും അപഗ്രഥിക്കാനുള്ള ഡോ.കെ.എം.ജോർജ്ജിന്റെ വൈഭവത്തെ എടുത്തുകാട്ടുന്ന

ഒന്നാണ് ബുദ്ധിവൈകല്യത്തെക്കുറിച്ചുള്ള ലേഖനം. പൊതുജനാഭിപ്രായങ്ങൾ രൂപവൽക്കരിക്കുന്നതിനും പ്രചാരണം നടത്തുന്നതിനും ഏറ്റവും സമർത്ഥമായ ഉപാധിയായിട്ടാണ് പ്രക്ഷേപണത്തെ അദ്ദേഹം കരുതുന്നത്. പ്രക്ഷേപണകേന്ദ്രം പൊതുജനശ്രദ്ധയ്ക്കു വിധേയമാകുന്നതെന്തുകൊണ്ടാണെന്നും അദ്ദേഹം വിവരിക്കുന്നു. പ്രഭാഷണങ്ങൾ, ചർച്ചകൾ, ചോദ്യോത്തരങ്ങൾ, പുസ്തകനിരൂപണം, നാടകം, വാർത്തകൾ ഇവയെല്ലാം ആകർഷകമായി നടത്തുന്നതിനു കാരണം. ശ്രോതാക്കൾക്കു രസിക്കുന്നതെന്താണെന്നു സൂക്ഷ്മമായി ഗ്രഹിച്ചാൽ മാത്രം പോരാ, രസിപ്പിക്കേണ്ടതെങ്ങനെയാണെന്നും കൂടി അധികൃതർ ആലോചിക്കേണ്ടതുണ്ടെന്നും അങ്ങനെയാണെങ്കിൽ പ്രക്ഷേപണപദ്ധതി സമുദായോന്നതിക്കു ഉത്തമമായ മാർഗ്ഗമായി പരിണമിക്കുമെന്നും അദ്ദേഹം വെളിപ്പെടുത്തുന്നു. സ്വതന്ത്രഭാരതത്തിലെ വിദ്യാഭ്യാസ പുരോഗതി എന്ന ഒരു ലേഖനം കൂടി ഈ സമാഹാരത്തിലുണ്ട്. സ്വാതന്ത്ര്യാനന്തരഭാരതത്തിലെ വിദ്യാഭ്യാസ മുന്നേറ്റത്തിന് വിദ്യാഭ്യാസമേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് ഇതിൽ ചർച്ച ചെയ്യുന്നു.

ജീവചരിത്രസാഹിത്യത്തിൽ ഒരു വലിയ വിപ്ലവം ഉണ്ടാക്കിയ പ്രതിഭാശാലിയായ ലിറ്റൺ സ്ട്രാച്ചിയുടെ മഹത്വത്തെ അനാവരണം ചെയ്യുകയാണ് 'ആധുനികജീവചരിത്രവും ലിറ്റൺ സ്ട്രാച്ചിയും' എന്ന ലേഖനത്തിൽ "ജീവചരിത്രരചന കേവലം ചരിത്രസാമഗ്രികളുടെ ഒരു ക്രമവൽക്കരണമല്ല, ഒരു സൃഷ്ടികർമ്മം തന്നെയാണ്"[10] എന്ന് തെളിയിച്ച ജീവചരിത്രകാരനാണ് സ്ട്രാച്ചി എന്നു ഡോ.കെ.എം.ജോർജ്ജ് വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ മികച്ച രചനകളിലൊന്നായ 'എമിനന്റ് വിക്ടോറിയൻസ്' എന്ന കൃതിയെക്കുറിച്ചും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ചരിത്രസത്യത്തിൽ നിന്ന് വ്യതിചലിക്കാതെ പ്രതിപാദനരീതിയിൽ മാത്രം സങ്കല്പത്തിന്റെ സുന്ദരഭാവം കലർത്തി രചിച്ചതാണ് ആ കൃതിയുടെ മാഹാത്മ്യമെന്നും അദ്ദേഹം വ്യക്തമാക്കുന്നു ലിറ്റൺ സ്ട്രാച്ചിയുടെ പ്രതിപാദനരീതിയുടെ പ്രത്യേകതകളിൽ പ്രധാനമായത് സംക്ഷേപണസാമർത്ഥ്യമാണെന്നും ആ കൃതികൾ ഓജസ്സുറ്റതായിത്തീരുന്നതിനു കാരണമതാണെന്നും അദ്ദേഹം കണ്ടെത്തുന്നുണ്ട്. ജീവചരിത്രമേഖലയിൽ അത്യന്തം ദീക്ഷിക്കേണ്ട ഗുണമാണ്

ത്യാജ്യഗ്രാഹ്യവിവേചനം. ഈ ഗുണം ഏറെയുള്ള ഒരു ജീവചരിത്രകാരനാണ് ലിറ്റൺ സ്ട്രാച്ചി.

ലാളിത്യത്തിന്റെ സൗന്ദര്യത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന, ലിറ്റൺ സ്ട്രാച്ചി എന്ന ജീവചരിത്രകാരന്റെ സമഗ്രമായ സാഹിത്യകാരവ്യക്തിത്വം അനാവരണം ചെയ്തിരിക്കുന്നുവെന്നതാണ് ഈ ലേഖനത്തിന്റെ സവിശേഷത.

വിമർശനസ്വഭാവമുള്ള പ്രബന്ധങ്ങൾ ഏറെയൊന്നും ഇല്ലാത്ത ഒരു സമാഹാരമാണ് ഡോ. കെ. എം. ജോർജ്ജിന്റെ വിചാരകൗതുകം. എങ്കിലും വസ്തുതകളെ സമാഹരിച്ച് വ്യവസ്ഥപ്പെടുത്തി ചിട്ടയോടെ അവതരിപ്പിക്കാനുള്ള കഴിവ് ഗ്രന്ഥകാരനുണ്ടെന്ന് ഓരോ പ്രബന്ധവും തെളിയിക്കുന്നുണ്ട്. വിഷയം ഏതായാലും അതിന്റെ പ്രതിപാദനചാതുര്യത്തിലാണ് അതിന്റെ വിജയം കുടികൊള്ളുന്നത്. അങ്ങനെ നോക്കുമ്പോൾ ഈ കൃതി അതീവ ശ്രദ്ധയർഹിക്കുന്ന ഒന്നാണ്.

## വളരുന്ന കൈരളി

മലയാള ഭാഷാസംബന്ധമായ പ്രബന്ധങ്ങൾ അടങ്ങുന്ന ഒരു സമാഹാരമാണ് ആയിരത്തിത്തൊള്ളായിരത്തി അമ്പത്തിനാലിൽ പ്രസിദ്ധീകരിച്ച 'വളരുന്ന കൈരളി'. ഗവേഷണമൂല്യമുൾക്കൊള്ളുന്ന ഒട്ടേറെ പ്രബന്ധങ്ങൾ ഈ കൃതിയുടെ മേന്മ വർദ്ധിപ്പിക്കുന്ന ഒരു ഘടകമാണ്. അതിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് 'പുരുഷഭേദനിരാസം ഒരു നിരാസം തന്നെയോ'? എന്നത്. ഗവേഷകസഹജമായ അപഗ്രഥനപാടവമാണ് പുരുഷഭേദനിരാസത്തിന്റെ ചർച്ചയിൽ ഡോ. കെ. എം. ജോർജ്ജ് പ്രകടമാക്കുന്നത്. മലയാളഭാഷയുടെ ഉദ്ഭവത്തെപ്പറ്റി മഹാകവി ഉള്ളൂർ എന്ന പ്രബന്ധം ഉള്ളൂരിന്റെ സാഹിത്യചരിത്രം ഒന്നാം ഭാഗത്തിന്റെ വിശകലനമാണ്. സനിഷ്കർഷമായ വിഷയക്രമീകരണം വിജ്ഞാനകോശത്തെ വെല്ലും വിധം സമഗ്രതയുള്ള സാമഗ്രികൾ ഇങ്ങനെ പലതും ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിന്റെ ഗുണങ്ങളായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. തമിഴിനെ അപേക്ഷിച്ചു മലയാളത്തിന്റെ പ്രാചീനതയെ തെളിയിക്കുന്ന പത്തോളം പ്രയോഗവിശേഷങ്ങൾ മഹാകവി ഉള്ളൂർ സാഹിത്യചരിത്രത്തൽ ചൂണ്ടിക്കാണിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

മലയാള ഭാഷയുടെ ആഗമനചരിത്രത്തെ സംബന്ധിച്ച് പ്രാമാണിക പണ്ഡിതന്മാരുടെ ഇടയിൽ നിലനിൽക്കുന്ന ചില തെറ്റിദ്ധാരണകളെക്കുറിച്ചുള്ളതാണ് 'മലയാളഭാഷയെക്കുറിച്ച് ചില തെറ്റിദ്ധാരണകൾ' എന്ന ലേഖനം. മലയാളം തമിഴിന്റെ ഉപശാഖയാണെന്ന വാദഗതിയെക്കുറിച്ചും അതിലെ സങ്കീർണ്ണതകളെക്കുറിച്ചും ആണ് ഇതിൽ ഡോ. ജോർജ്ജ് ചർച്ച ചെയ്യുന്നത്. പി. ഗോവിന്ദപ്പിള്ള, പി. ശങ്കരൻ നമ്പ്യാർ, ഡോ. ഗുണ്ടർട്ട്, എ. ആർ. രാജരാജവർമ്മ എന്നിവർ എഴുതിയ അഭിപ്രായങ്ങളെയാണ് ഇവിടെ ചർച്ചയ്ക്കു വിധേയമാക്കുന്നത്. മലയാള ഭാഷയുടെ ആഗമത്തെക്കുറിച്ചും അതിനു തമിഴുമായുള്ള ബന്ധത്തെക്കുറിച്ചും തികച്ചും ശരിയായ ധാരണ ഉണ്ടാക്കാൻ ഇനിയും വളരെയധികം ഗവേഷണങ്ങൾ ആവശ്യമാണെന്നും ചില തെറ്റിദ്ധാരണകൾ മാറ്റാൻ ആറ്റൂരിന്റെ 'സാഹിത്യചരിതവും' സഹായകമാണെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. തുടർന്ന്, മലയാള ഭാഷ മൂലദ്രാവിഡ ഭാഷയിൽ നിന്നും ആദ്യം പിരിഞ്ഞുപോയ ശാഖയാണെന്ന് സ്വന്തം മതവും സ്ഥാപിക്കുന്നു.

'മിശ്രഭാഷ' എന്ന ലേഖനവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. മലയാള ഭാഷയുടെ ഉത്പത്തി മിശ്രഭാഷയിൽ നിന്നാണെന്ന ഇളം കുളത്തിന്റെ അഭിപ്രായത്തെ ഖണ്ഡിച്ചു കൊണ്ടുള്ള ഡോ. കെ. എം. ജോർജ്ജിന്റെ നിഗമനങ്ങളാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്. 'സാഹിത്യഭാഷയും സംഭാഷണഭാഷയും' എന്ന ലേഖനം, സാഹിത്യഭാഷയ്ക്കും സംഭാഷണഭാഷയ്ക്കും തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കുന്നു. സാഹിത്യഭാഷയിലെ കൃത്രിമത, അല്ലെങ്കിൽ സംഭാഷണഭാഷയിൽ നിന്നും അതിനുള്ള അന്തരം, സാഹിത്യകൃതികളുടെ സ്വഭാവമനുസരിച്ച് ഏറിയും കുറഞ്ഞുമിരിക്കുമെന്നും പദ്യത്തിലും ഗദ്യകവിതയിലുമാണ് ആ അന്തരം കൂടുതൽ കാണുന്നതെന്നും അദ്ദേഹം വ്യക്തമാക്കുന്നു. കഥകളിലും ഗദ്യനാടകങ്ങളിലും അത്തരം കൃത്രിമത താരതമ്യേന കുറവാണ്.

വിമർശനവിഷയത്തെ സംബന്ധിച്ച സൂക്ഷ്മവും വസ്തു നിഷ്ഠവുമായ സത്യങ്ങൾ ചൂണ്ടിക്കാട്ടി അവയുടെ വിശകലനത്തിലൂടെ നിഗമനങ്ങളിലെത്തിച്ചേരുന്ന രീതി ഡോ. കെ. എം. ജോർജ്ജിന്റെ പ്രത്യേകതയാണ്. മിശ്രഭാഷയെക്കുറിച്ചുള്ള വിശകലനത്തിലും അദ്ദേഹത്തിന്റെ നിലപാട് അത്തരത്തിലുള്ളതാണ്.

ഡോ. കെ. ഗോദവർമ്മയുടെ കേരളഭാഷാവിജ്ഞാനീയം എന്ന കൃതിയുടെ അവലോകനമാണ് അടുത്തതായി പറയേണ്ടത്. "ആധുനിക രീതിയിലുള്ള മലയാള വ്യാകരണത്തിന്റെ ഒരു പ്രവേശിക എന്ന നിലയ്ക്ക് തയ്യാറാക്കിയ ഗ്രന്ഥമാണിത് എന്ന ഗ്രന്ഥകാരന്റെ വാക്കുകളെത്തന്നെ സൂചിപ്പിച്ചു കൊണ്ട് കേരളഭാഷാവിജ്ഞാനീയത്തിന്റെ രചനോദ്ദേശത്തെ ഡോ. ജോർജ്ജ് സ്ഥാപിക്കുന്നു. ഭാഷാചരിത്രത്തിന്റെയും വ്യാകരണത്തിന്റെയും രംഗങ്ങളിൽ ശാസ്ത്രീയവും താരതമ്യപുരസ്കൃതവുമായ അഭ്യസനത്തിനു വഴിതെളിക്കുന്ന ഒരു നല്ല പൂർവരംഗമായാണ് ഡോ. കെ. എം. ജോർജ്ജ് ഈ കൃതിയെ കാണുന്നത്. തുടർന്ന് ആ കൃതിയുടെ ഉള്ളടക്കത്തെ ഭംഗിയായി അപഗ്രഥിക്കുന്നു. സ്വരസംവരണം, പുരുഷഭേദനിരാസം തുടങ്ങിയ നയങ്ങളെ ഗോദവർമ്മ വിമർശിക്കുന്ന വിധത്തെയും ഡോ. ജോർജ്ജ് നിരീക്ഷണത്തിനു വിധേയമാക്കി.

ചുരുക്കിപ്പറഞ്ഞാൽ കേരളഭാഷാവിജ്ഞാനീയം എന്ന കൃതിയെക്കുറിച്ച് സമഗ്രമായ ഒരു വിവരണം അടുക്കും ചിട്ടയോടുകൂടി നൽകുന്നു എന്നതാണ് ഈ ലേഖനത്തിന്റെ പ്രത്യേകത. മലയാളത്തിൽ വേരുറച്ചിട്ടുള്ള പരകീയ പദങ്ങളുടെ പട്ടിക നിരത്തുന്ന ഡോ. ഗോദവർമ്മയുടെ രീതി ഡോ. ജോർജ്ജിലെ ഗവേഷകനെ സന്തോഷിപ്പിക്കുകതന്നെ ചെയ്യും. കാരണം കണക്കുകൾ രേഖപ്പെടുത്തി വിവരണം നൽകുന്ന രീതി അദ്ദേഹത്തിന് സ്വായത്തമാണ്.

'ദക്ഷിണ ഭാരത-ദ്രാവിഡ ഭാഷകളുടെ താരതമ്യാത്മകവ്യാകരണം' (A Comparative Grammar of the Dravidian or South Indian Family of Languages) എന്ന ഗ്രന്ഥത്തിന്റെ കർത്താവായ റോബർട്ട് കാൽഡ്വലിനെക്കുറിച്ചുള്ള ലേഖനം കൂട്ടത്തിൽ ശ്രദ്ധേയമായതാണ്. ദ്രാവിഡ ഭാഷകളുടെ ആഗമബന്ധാദികളെക്കുറിച്ച് താരതമ്യപുരസ്കൃതമായ വ്യാകരണഗ്രന്ഥം രചിച്ച കാൽഡ്വൽ, തന്റെ ചിന്താഗതിയുടെയും ശാസ്ത്രജ്ഞാനത്തിന്റെയും മേധാബലത്തിന്റെയും തൊണ്ണൂറു ശതമാനവും ഈ ഗ്രന്ഥത്തിനുവേണ്ടി നിവേദിച്ചിരുന്നു. "തെന്നിന്ത്യൻ ഭാഷകളെയെല്ലാം സ്പർശിക്കുന്ന പ്രമാണപ്പെട്ട വ്യാകരണ ഗ്രന്ഥ രചനയാണ് കാൽഡ്വലിന്റെ മഹത്വത്തിന് നിദാന"[12] എന്ന് ഡോ. കെ. എം. ജോർജ്ജ് ചൂണ്ടിക്കാട്ടുന്നു. തുടർന്ന് കാൽഡ്വലിന്റെ വാക്കുകൾ തന്നെ

വിവരിച്ച് അദ്ദേഹത്തിന്റെ ജീവിതകഥയുടെ അസ്ഥിപഞ്ജരം ജോർജ്ജ് വിവരിക്കുന്നുണ്ട്. ഞാൻ "അയർലണ്ടു ദേശത്തു ജനിച്ചു, സ്കോട്ട്ലന്റ് ദേശത്തു പഠിച്ചു. അതിനുശേഷം ആംഗലനാട്ടിലെ ക്രൈസ്തവ മിഷണറി സംഘത്തിൽ ചേർന്നു. എന്നാൽ ഇന്ത്യയിൽ വളരെനാൾ താമസിക്കുകയും ഇന്ത്യാക്കാരുടെ ജീവിതവുമായി നല്ലവണ്ണം ഇടകലരുകയും ചെയ്തിരിക്കയാൽ ഞാൻ ഒരു ഇന്ത്യാക്കാരനായി ത്തീർന്നിരിക്കുന്നു"[13]. റോബർട്ട് കാൽഡ്വലിന്റെ ജീവിതത്തിന്റെ ഏതാണ്ട് ഒരു രൂപരേഖ ഈ വിവരണത്തിൽ ലഭ്യമാണ്.

കാൽഡ്വലിന്റെ താരതമ്യപുരസ്കൃതമായ ദ്രാവിഡ ഭാഷാവ്യാകരണത്തിന്റെ മേന്മയാണ് അടുത്ത ഭാഗത്തായി ഡോ. കെ. എം. ജോർജ്ജ് വിവരിക്കുന്നത്. തെന്നിന്ത്യൻ ഭാഷകളും സംസ്കൃതവും തമ്മിൽ വ്യാകരണ വിഷയത്തിൽ പറയത്തക്ക സാമ്യം ഇല്ല എന്നും അവ ഭിന്ന കുടുംബങ്ങളിൽപ്പെട്ടവയാണെന്നുമുള്ള കാൽഡ്വലിന്റെ സിദ്ധാന്തം ഭാഷാ പിപഠിഷുക്കളുടെ ഇടയിൽ ഒരു വിപ്ലവം തന്നെയുണ്ടാക്കിയതായി അദ്ദേഹം വിവരിക്കുന്നു. കൂടാതെ തമിഴ്, കന്നടം, തെലുങ്ക്, മലയാളം എന്നീ നാലു ഭാഷകളിലെ വ്യാകരണ വ്യവസ്ഥകൾക്കുള്ള അടിസ്ഥാനവും ഒന്നുതന്നെയാണെന്നും, തുളു, കൊഡഗു, കോത, ഗോണ്ഡ് തുടങ്ങിയ അപ്രധാന ഭാഷകളും ഇതിൽ ഉൾപ്പെടുമെന്നും ഇവയെല്ലാം ചേർന്ന കുടുംബത്തിന് 'ദ്രാവിഡം' എന്ന പേരു കൊടുക്കുന്നതാണ് ഉചിതം എന്നുമുള്ള കാൽഡ്വലിന്റെ അഭിപ്രായത്തെ വിവരിക്കുന്നു. ദ്രാവിഡഭാഷാവ്യാകരണത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചും വളരെ സംക്ഷിപ്തമായ വിവരണം ഡോ. കെ. എം. ജോർജ്ജ് നൽകുന്നുണ്ട്. അപരിമേയമായ ഭാഷാ സ്നേഹമായിരുന്നു, കാൽഡ്വലിന്റെ അപാരമായ ഭാഷാശാസ്ത്രജ്ഞാനത്തിന്റെ രഹസ്യം എന്ന് സൂചിപ്പിച്ചു കൊണ്ടാണ് ലേഖനം അവസാനിപ്പിച്ചിരിക്കുന്നത്. 'ഹെർമ്മൻ ഗുണ്ടർട്ട്' എന്ന അടുത്ത ലേഖനവും മേൽപ്പറഞ്ഞതുപോലെ അവലോകനപരമായ ഒന്നാണ്. ഗുണ്ടർട്ടിന്റെ ഭാഷാ സേവനങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള പഠനമാണ് ഡോ. ജോർജ്ജ് ഇതിൽ നിർവഹിച്ചിരിക്കുന്നത്. അനേകം രംഗങ്ങളിൽ പ്രവർത്തിച്ചു വിജയം കൈവരിച്ച പ്രതിഭാശാലിയായ വിദ്യാഭ്യാസ പ്രവർത്തകൻ, വിവർത്തകൻ, വ്യാകരണകർത്താവ്, നിഘണ്ടുകാരൻ എന്നെല്ലാമുള്ള വിശേഷണം

ഗുണ്ടർട്ടിനു യോജിക്കുമെന്ന് അദ്ദേഹം വിവരിക്കുന്നുണ്ട്. നിഘണ്ടുകാരൻ എന്ന വിശേഷണമാണ് ഇതിൽ ഏറ്റവും ഉചിതം എന്ന് 'അന്വേഷണങ്ങൾ പഠനങ്ങൾ' എന്ന ഗ്രന്ഥത്തിലും ഡോ. കെ. എം. ജോർജ്ജ് സൂചിപ്പിക്കുന്നുണ്ട്. നിഘണ്ടു ലോകത്തിലെ ഒരു ക്ലാസിക്കായി മൂല്യശോഷണത്തെ വെല്ലുവിളിച്ചു കൊണ്ട്, ഒരു നൂറ്റാണ്ടു കാലമായി ഗുണ്ടർട്ട് വിരാജിച്ചു കൊണ്ടിരിക്കുകയാണെന്ന് അവിടെ അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

ഭാഷാ ഗവേഷണരംഗത്തെ ഡോ. ജോർജ്ജിന്റെ സംഭാവനകളുടെ കൂട്ടത്തിൽ കണക്കാക്കാവുന്ന ഒട്ടനവധി ലേഖനങ്ങളുടെ സമാഹാരമാണ് 'വളരുന്ന കൈരളി', സ്വാഭിപ്രായം യുക്തിയുക്തം സമർത്ഥിക്കുവാനുള്ള ഗവേഷകന്റെ പാടവം ലേഖനങ്ങളിൽ പലതിലും പ്രകടമാണ്. 'പുരുഷഭേദനിരാസ'ത്തെ സംബന്ധിച്ച ചർച്ചയിലാണ് അത് വ്യക്തമായി വെളിവാകുന്നത്. മലയാളവും തമിഴും തമ്മിൽ വളരെയധികം അടുത്ത ബന്ധമാണ് ഉള്ളതെങ്കിലും മലയാളം തമിഴിന്റെ ഉപഭാഷയാണ് എന്നു പറയുന്നത് ശരിയല്ലെന്ന് വ്യക്തമായി തെളിയിക്കാൻ ഡോ. കെ. എം. ജോർജ്ജിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ കാൽഡ്വൽ, ഹെർമൻ ഗുണ്ടർട്ട് മുതലായവരെക്കുറിച്ച് വ്യക്തമായ അവബോധം വായനക്കാരിൽ ഉളവാക്കാൻ പര്യാപ്തമാണ് അദ്ദേഹത്തിന്റെ ലേഖനങ്ങൾ. ഈ പ്രബന്ധത്തിലെ ഭാഷോല്പത്തി സംബന്ധമായ ഡോ. കെ. എം. ജോർജ്ജിന്റെ വെളിപ്പെടുത്തലുകൾ ഭാഷാ ഗവേഷക കുതുകികളെ സംബന്ധിച്ചിടത്തോളം വിലപ്പെട്ട രേഖകളാണ്.

## സംസ്കാരസരണി

വ്യത്യസ്തങ്ങളായ വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ള ഒരു ഉപന്യാസസമാഹാരമാണ് 'സംസ്കാരസരണി'. വൈകാരികോദ്ഗ്രഥനം സാഹിത്യത്തിലൂടെ, *ദേശീയ അക്കാദമികൾ, സാഹിത്യ സാമ്രാജ്യത്തിൽ ഗവണ്മെന്റ് പ്രവേശിച്ചാൽ, സാഹി*ത്യപുരോഗതിയിൽ ഇംഗ്ലീഷിന്റെ സ്ഥാനം, തർജ്ജമയെക്കുറിച്ച് ചില ചിന്തകൾ, പുസ്തകപ്രസാധനം തുടങ്ങി ഏഴു വ്യത്യസ്തങ്ങളായ വിഷയങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ദേശീയവും വൈകാരികവുമായ സമന്വയം സാഹിത്യം മുഖേന സാധ്യമാകേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം വിസ്തരിച്ചു പ്രതിപാദിക്കുന്നു. "ഓരോ ഭാഷക്കാരും മറ്റു ഭാഷകളിലെ സാഹിത്യവുമായി പരിചയപ്പെടുകയും അവ ആസ്വദിക്കുകയും ചെയ്യുന്നത് വൈകാരികോദ്ഗ്രഥനത്തിനു വഴി തെളിക്കുമെന്നതിന് തെല്ലും സന്ദേഹമില്ല"[14] എന്ന് അദ്ദേഹം വിശ്വസിക്കുന്നു. മഹത്തായ സാഹിത്യം മനസ്സിനെ ഉത്തേജിപ്പിക്കുകയും വികാരത്തെ സംസ്കരിക്കുകയും ഹൃദയത്തെ വികസിപ്പിക്കുകയും ചെയ്യുമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. ഭാരതത്തിന്റെ സാംസ്കാരിക ജീവിതത്തിന് ചൈതന്യം നൽകുന്ന സ്ഥാപനങ്ങളായ ദേശീയ അക്കാദമികളെക്കുറിച്ചുള്ള വിവരണമാണ് 'ദേശീയ അക്കാദമികൾ' എന്ന ലേഖനം. നമ്മുടെ രാഷ്ട്രത്തിന്റെ സാംസ്കാരിക ഐക്യത്തെ പുരോഗമിപ്പിക്കുന്നതിന് ദേശീയ അക്കാദമികൾക്കുള്ള പങ്ക് എന്തെന്ന് അദ്ദേഹം വിശദമാക്കുന്നു. സാഹിത്യ അക്കാദമി, സംഗീതനാടക അക്കാദമി, ലളിതകലാ അക്കാദമി എന്നിവയുടെ പ്രധാന ലക്ഷ്യമെന്താണെന്നും വിലയിരുത്തുന്നു. "ഈ മൂന്നു ദേശീയ അക്കാദമികളും മൂന്നു വാടകക്കെട്ടിടങ്ങളിലാണ് വർത്തിക്കുന്നത്. ഭാരതീയ സംസ്കാരത്തിന്റെ മുന്നു പ്രധാന ചാലുകളായ ഈ അക്കാദമികളെ ശാരീരികമായിത്തന്നെ അടുപ്പിക്കുന്നതിനായി ഒരു വലിയ കെട്ടിടം പണികഴിപ്പിക്കുവാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനായി മൂന്നേക്കർ സ്ഥലം വേർതിരിച്ചുകഴിഞ്ഞു. ആഡിറ്റോറിയവും മറ്റെല്ലാ സജ്ജീകരണങ്ങളുമുള്ള ഒരു നാലുനിലകെട്ടിടം വേണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ആയിരത്തിത്തൊള്ളായിരത്തി അമ്പത്തി ഒമ്പതിൽ പണി ആരംഭിക്കുമെന്നാണ് അഭിജ്ഞകേന്ദ്രങ്ങളിൽ നിന്നും അറിയുന്നത്"[15]. ഈ വിവരണത്തിൽ നിന്ന്, അന്നത്തെ സാഹചര്യത്തിൽ വളരെ പ്രസക്തമായ വിഷയങ്ങളാണ് ഡോ.ജോർജ്ജ് ചർച്ചയ്ക്ക് വിധേയമാക്കിയിരിക്കുന്നതെന്ന് ബോധ്യപ്പെടുന്നു.

സാഹിത്യസാമ്രാജ്യത്തിൽ ഗവണ്മെന്റ് പ്രവേശിച്ചുകഴിഞ്ഞാൽ ഉണ്ടാകാവുന്ന വമ്പിച്ച സാധ്യതകളെയും അതുപോലെ അപകടങ്ങളെയും വിശകലനം ചെയ്യുന്ന ഒരു ലേഖനവും ഇക്കൂട്ടത്തിലുണ്ട്. "എഴുത്തുകാരെ നിയന്ത്രിക്കാൻ ഗവണ്മെന്റോ സംഘ

ടനകളോ വ്യക്തികളോ ശ്രമിക്കുന്നത് ഒരു തരത്തിലും വിഹിതമല്ല"[16], എന്ന രാജഗോപാലാചാരിയുടെ അഭിപ്രായത്തെ അദ്ദേഹം പിൻതാങ്ങുന്നു. സാമൂഹ്യ പുരോഗതിക്ക് അവശ്യം വേണ്ടതായ വൻകിട പദ്ധതികൾ സാഹിത്യരംഗത്ത് ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഉറപ്പിച്ചുപറയുന്നു.

സാഹിത്യപുരോഗതിയിൽ ഇംഗ്ലീഷിന്റെ സ്ഥാനം എന്ത് ? എന്നതാണ് അടുത്തതായി വിവരിക്കുന്നത്. "ഒരു രാഷ്ട്രം എന്ന നിലയ്ക്ക് നമ്മുടെ വീക്ഷണത്തിനും വികാസത്തിനും വളരെയധികം ഉത്തേജനം നൽകിയിട്ടുള്ള ഒരു പ്രധാനഘടകമാണ് ഇംഗ്ലീഷ്ഭാഷ."[17] ഭാരതീയ ഭാഷാസാഹിത്യങ്ങളുടെ പരിണാമത്തിൽ ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനശക്തി എത്രത്തോളമാണെന്ന് തുടർന്ന് വിവരിക്കുന്നു. ഭാരതീയസാഹിത്യത്തിൽ, ആധുനികഘട്ടത്തിൽ പ്രത്യേകിച്ച് ഇരുപതാംനൂറ്റാണ്ടിൽ, ഉണ്ടായിട്ടുള്ള പ്രസ്ഥാനങ്ങളും സാഹിത്യശാഖകളും പരിശോധിച്ചു നോക്കുമ്പോൾ, അവയിൽ തൊണ്ണൂറ്റി അഞ്ച് ശതമാനവും ഇംഗ്ലീഷ് ഭാഷ മുഖാന്തരം നമുക്കു ലഭിച്ച സംഭാവനകളാണെന്ന് ഡോ. ജോർജ്ജ് വ്യക്തമാക്കുന്നു. ഇന്ത്യയിൽ സമ്പുഷ്ട സാഹിത്യങ്ങൾ പലതുണ്ടെങ്കിലും സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ഒരു ഭാരതീയ മാനദണ്ഡം നമുക്കില്ലെന്നതു കൊണ്ട് ലോകസാഹിത്യങ്ങളുടെ ഗണനാപ്രസംഗത്തിൽ ഇന്ത്യൻ സാഹിത്യത്തിന്റെ സ്ഥാനം എന്തെന്ന് നിർണ്ണയിക്കുവാൻ ഒരു സൗകര്യവുമില്ല എന്ന വസ്തുതയും അദ്ദേഹം ബോധ്യപ്പെടുത്തുന്നു.

വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും അന്തർദേശീയ പ്രവാഹങ്ങൾ ഉണ്ടാകുന്നതിനു മുമ്പ് എഴുതിയ ലേഖനമെന്ന നിലയ്ക്കേ ഈ ലേഖനത്തിലെ വസ്തുതകളെ വിലയിരുത്താനാവൂ.

"*ഭാരതീയ സാഹിത്യകാരന്മാർ മുന്നണിയിൽ പ്രവേശിക്കണമെങ്കിൽ*, ഭാരതീയ സാഹിത്യം ലോകസാഹിത്യങ്ങളുടെ മധ്യേ പരിഗണിക്കത്തക്കവണ്ണം പുഷ്ടിപ്പെടണമെങ്കിൽ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുകയല്ലാതെ ഗതിയില്ല "[18] എന്ന ഉറച്ച വിശ്വാസം പ്രകടമാക്കിക്കൊണ്ട് ഉപന്യാസം അവസാനിപ്പിച്ചിരിക്കുന്നു.

തർജ്ജമയുടെ നേട്ടങ്ങളെ വിശകലനം ചെയ്യുന്ന അടുത്ത ഉപന്യാസം, ഒരു വിവർത്തകനുണ്ടായിരിക്കേണ്ട യോഗ്യതകളെക്കുറിച്ച് പരാമർശിക്കുന്നു. വിപുല

ജ്ഞാനവും നിരീക്ഷണപാടവവും മാത്രമല്ല, എഴുതിത്തഴക്കവും ഒരു വിവർത്തകനു ണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളാണ്. വികാരപ്രധാനമായ സാഹിത്യത്തിൽ മൂലഗ്ര ന്ഥകാരനുണ്ടായ സ്തോഭങ്ങളുമായി സാത്മ്യം പ്രാപിക്കാതെ വിവർത്തകന് തന്റെ കാര്യ ത്തിൽ സാമാന്യമായി വിജയം നേടാൻ കഴിയുകയില്ലെന്ന് ഡോ. കെ. എം. ജോർജ്ജ് ചൂണ്ടിക്കാട്ടുന്നു.

സംസ്കാരസരണി എന്ന പ്രബന്ധസമാഹാരത്തിൽ അടുത്തതായി വിവ രിക്കുന്നത് പുസ്തകപ്രസാധനത്തെക്കുറിച്ചാണ്. പുസ്തകപ്രസാധനം കാര്യക്ഷമമാക്കു ന്നതിന് രൂപവൽക്കരിച്ചിട്ടുള്ള ട്രസ്റ്റുകളുടെ ചുമതലകളെക്കുറിച്ച് അദ്ദേഹം ഇതിൽ വിവരിക്കുന്നു. "നല്ല പുസ്തകങ്ങൾ സാധാരണ വായനക്കാരന്റെ മുമ്പിൽ എത്തിച്ചു കൊടുക്കുകയും, വായനയുടെ ഒരന്തരീക്ഷം വിപുലമായ തോതിൽ സംജാത മാക്കുകയുമാണ് ട്രസ്റ്റിന്റെ പ്രധാന ലക്ഷ്യം എന്ന് പ്രധാനമന്ത്രി പ്രഥമ സമ്മേളനത്തിൽ പ്രസ്താവിക്കുകയുണ്ടായി"[19]. കൂടാതെ മലയാളത്തിലെ പുസ്തകവ്യ വസായത്തിന്റെ പുരോഗതി ഏതു തരത്തിലായിരിക്കണമെന്ന നിർദ്ദേശവും നൽകുന്നു ണ്ട്. സമർത്ഥമായി ആസൂത്രണം ചെയ്യപ്പെട്ട ഒരു പദ്ധതിയുടെ ആവശ്യകതയെ അദ്ദേഹം വ്യക്തമാക്കുന്നു. പ്രസാധകരോട് സഹകരിക്കുന്ന മുദ്രണ കാര്യങ്ങളിൽ അവർക്കു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്ന ഒരു മഹാസ്ഥാപനമായി പ്രവർത്തിക്കേണ്ട ചുമ തലയാണ് ട്രസ്റ്റുകൾക്കുള്ളതെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ആയിരത്തിത്തൊള്ളായി രത്തി അമ്പത്തി ഏഴിൽ കോട്ടയത്തു കൂടിയ കേരളസാഹിത്യ പരിഷത്തിന്റെ പ്രസിദ്ധീ കരണ സമ്മേളനത്തിൽ ചെയ്ത അധ്യക്ഷ പ്രസംഗമാണ് ഈ ലേഖനത്തിനു വിഷയം. പ്രസാധനരംഗം വളരെ വികസിച്ചിരിക്കുന്ന ഇക്കാലത്തും ഇത്തര വിഷയങ്ങൾക്ക് മൂല്യവും സ്ഥാനവും ഉണ്ടെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

## നിരീക്ഷണനിലയം

മലയാളസാഹിത്യത്തിൽ ഇന്നും പുതുമ നശിച്ചിട്ടില്ലാത്ത വിഷയങ്ങളാണ് 'നിരീക്ഷണനിലയം' എന്ന പ്രബന്ധസമാഹാരത്തിൽ ഡോ. ജോർജ്ജ് ചർച്ചയ്ക്കു വിധേ യമാക്കിയിട്ടുള്ളത്. മലയാളഭാഷയുടെ ഉൽപത്തി സംബന്ധിച്ച ആദ്യലേഖനം വളരെ

വിമർശനങ്ങൾക്ക് വിധേയമായിട്ടുള്ളതാണ്. മലയാളഭാഷയുടെ ഉൽപത്തിയെക്കുറിച്ച് നിലവിലുള്ള അഭിപ്രായങ്ങൾ ക്രോഡീകരിച്ചതിനുശേഷം മലയാളം മൂലദ്രാവിഡ ഭാഷയുടെ ഒരു സ്വതന്ത്രശാഖ എന്ന അഭിപ്രായത്തോട് അദ്ദേഹം യോജിക്കുന്നു. ഇതിന് ഡോ. ജോർജ്ജ് ചൂണ്ടിക്കാണിക്കുന്ന യുക്തികളോട് ചില പണ്ഡിതന്മാർ വിയോജിപ്പ് പ്രകടമാക്കിയിട്ടുണ്ട്. ചില ആശയങ്ങളുടെ കാര്യത്തിൽ ഡോ. കെ. എം. ജോർജ്ജിന് ചില പാളിച്ചകൾ പറ്റിയതായി പുനലൂർ ബാലൻ ചൂണ്ടിക്കാട്ടുന്നു. "പത്തോ പന്ത്രണ്ടോ നൂറ്റാണ്ടുകൾക്കുമുമ്പ് കേരളീയർ എങ്ങനെ സംസാരിച്ചിരിന്നുവെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് ഡോ. ജോർജ്ജ് സമ്മതിക്കുന്നു"[20]. അദ്ദേഹം തുടരുന്നു "ആയിരം കൊല്ലങ്ങൾക്കു മുമ്പുള്ള കേരളഭാഷയുടെ പശ്ചാത്തലം നമുക്കു നേരാംവണ്ണം അറിഞ്ഞുകൂടാ. അത് അറിയുന്നതിന് ഇന്നത്തെ പശ്ചാത്തലവുമായി താരതമ്യപ്പെടുത്തണമെന്ന്,! അതായത് അറിയാൻ വയ്യാത്ത ഒന്നിനെ അറിയാവുന്ന ഒന്നുമായി താരതമ്യപ്പെടു *ത്തണം' എന്നാണ് അദ്ദേഹം പറയുന്നത്*".

'പദ്യത്തിന്റെ ഭാവി' എന്ന ലേഖനം കവിതയെ സംബന്ധിച്ച വെറും ഉപരിപ്ലവമായ വിശകലനം മാത്രമാണ്. കവിത എന്നാൽ എന്തെന്നു കേട്ടുകേൾവിപോലുമില്ലാത്ത ആളുകളെ പറഞ്ഞു പഠിപ്പിക്കുന്ന രീതിയിലാണ് ഇത് എഴുതിയിട്ടുള്ളത്.

'മലയാളനാടകവേദി' എന്ന ലേഖനം കൂട്ടത്തിൽ ശ്രദ്ധേയമായ ഒന്നാണ്. കലാകാരന്മാർ പരിഷ്കർത്താക്കൾ എന്ന വിധത്തിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന മനോഭാവം കളഞ്ഞ് കലയോട് സത്യവും കൂറും ഉള്ളവരായി പെരുമാറിയാൽ മാത്രമേ നമ്മുടെ നാടകവേദി നന്നാകാനിടയുള്ളുവെന്നാണ് ഡോ. ജോർജ്ജ് അഭിപ്രായപ്പെടുന്നത്. നമ്മുടെ സാഹിത്യബോധത്തിന്റെയും കലാബോധത്തിന്റെയും വികലമായ അവസ്ഥയാണ്, നല്ല നാടകങ്ങൾ ഉണ്ടാകാത്തതിന് കാരണമായി അദ്ദേഹം കാണുന്നത്.

'റേഡിയോ പ്രഭാഷണം' എന്ന ലേഖനം അവതരണ രീതിയുടെ മാഹാത്മ്യത്തെ എടുത്തുകാട്ടുന്നു. പ്രഭാഷണം എത്ര മെച്ചമായാലും അത് അവതരിപ്പിക്കുന്നതുകൂടി ഭംഗിയായില്ലെങ്കിൽ വിജയിക്കുകയില്ല എന്ന ദൃഢമായ വിശ്വാസം അദ്ദേഹത്തിനുണ്ട്. റേഡിയോ പ്രഭാഷണത്തിനൊരുങ്ങുന്ന ഒരാൾക്ക് വ്യക്തമായ നിർദ്ദേശങ്ങൾ

നൽകുന്നു എന്നതാണ് ഈ ലേഖനത്തിന്റെ പ്രസക്തി. സർദാർ കെ. എം. പണിക്കരുടെ ആത്മകഥയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്ന ലേഖനം ഗ്രന്ഥകാരന്റെ അസാമാന്യമായ ആത്മാർത്ഥതയെ ചൂണ്ടിക്കാട്ടുന്നു. വിരുദ്ധസാഹചര്യങ്ങളെ പിടിച്ചടക്കി മുമ്പോട്ടു കൊണ്ടു പോകുന്നതിനുള്ള തന്റേടവും ശുഭപ്രതീക്ഷയും സാഹസപ്രതിപത്തിയും അദ്ദേഹത്തിൽ എല്ലായിപ്പോഴും വിളങ്ങിയിരുന്നുവെന്ന് ഡോ. ജോർജ്ജ് വെളിപ്പെടുത്തുന്നു. ആത്മകഥയ്ക്ക് ഒരു നല്ല മാതൃകയായി ഈ കൃതിയെ ഡോ. കെ. എം. ജോർജ്ജു വിലയിരുത്തുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ നോക്കാം. "സ്മരണമണ്ഡലത്തിലെ കലാകൗശലമോ, ജീവിതസ്മരണകളിലെ ഫലിതചാതുര്യമോ ഇതിൽ കാണുകയില്ല. ഇതിന്റെ ഗാംഭീര്യവും ഊർജ്ജസ്വലതയും അവയിലും പ്രതീക്ഷിക്കേണ്ടതില്ല ഗൗരവപൂർണ്ണവും കാര്യമാത്ര പ്രസക്തവും അവക്രവുമായ ഒരു പ്രതിപാദനം ഈ ആത്മകഥയിൽ ഉടനീളം കാണാം"[22]. പാണ്ഡിത്യപ്രകടനമോ വളച്ചുകെട്ടോ ലേശം പോലുമില്ലാത്ത വിസ്തൃതമായ വിജ്ഞാനം ഈ ആത്മകഥയ്ക്ക് കനം വർദ്ധിപ്പിച്ചിരിക്കുന്നതായി ഡോ. ജോർജ്ജ് രേഖപ്പെടുത്തുന്നു.

തമിഴകത്തെ ഒരു പ്രസിദ്ധ സാഹിത്യകാരനായ വീരമാമുനിവരെക്കുറിച്ചുള്ളതാണ് അടുത്ത ലേഖനം. ഇറ്റലിയിൽ ജനിച്ച് മതപ്രവർത്തനത്തിനായി ഇന്ത്യയിൽ എത്തിയ കോൺസ്റ്റൻടൈൻ ജോസഫ് ബസ്കിയാണ് പിൽക്കാലത്തു തമിഴ് സാഹിത്യലോകത്തിൽ വീരമാമുനിവർ എന്ന് പ്രശസ്തനായത്. കാവ്യരചനയിലും ശാസ്ത്രഗ്രന്ഥനിർമ്മിതിയിലും ഒന്നുപോലെ ഉത്സുകനായിരുന്ന വീരമാമുനിവരുടെ ഏറ്റവും പ്രസിദ്ധമായ കൃതി 'തേമ്പാവാണി' എന്ന കാവ്യമാണ്. അയത്നം അനുക്രമം വാക്യങ്ങളായി പ്രവഹിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ കവിത എന്ന് ഡോ. ജോർജ്ജ് അഭിപ്രായപ്പെടുന്നു. വീരമാമുനിവർ എന്ന കവിപ്പട്ടം കിട്ടിയതിന്റെ കഥ അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു. "മതുരച്ചങ്കത്തിലെ (മധുരസംഘം) പണ്ഡിതന്മാർ ഇദ്ദേഹത്തിന്റെ കാവ്യം അരങ്ങേറ്റം നടത്തിയപ്പോൾ സന്തുഷ്ടരായി വീരമാമുനിവർ എന്ന കവിപ്പട്ടം കൊടുത്തു എന്നാണ് കഥ"[23]. കേട്ടുകേഴ്വിയെ അടിസ്ഥാനമാക്കി ചമച്ച ഇത്തരം അഭിപ്രായത്തെ ഒരു ചരിത്ര ഗവേഷകന്റെ ധർമ്മത്തിന് വിപരീതമായ പ്രവൃത്തിയായി പുനലൂർ ബാലൻ ചൂണ്ടിക്കാട്ടുന്നു.

നിരീക്ഷണനിലയത്തിലെ മിക്ക ഉപന്യാസങ്ങളും ഉപരിപ്ലവമായ പരാമർശങ്ങൾ അടങ്ങിയവയാണ്. എങ്കിലും സാഹിത്യമേഖലയിലും വൈജ്ഞാനികമേഖലയിലും ഡോ. കെ. എം. ജോർജ്ജ് പുലർത്തിപ്പോന്ന അഗാധമായ താല്പര്യത്തിന്റെയും അറിവിന്റെയും സൂചനകളാണവയെല്ലാം.

## അവലോകനങ്ങൾ

ഭാഷ, സാഹിത്യം, സാമാന്യവിജ്ഞാനം എന്നീ വകുപ്പുകളിൽപ്പെടുന്ന പതിനഞ്ച് ഉപന്യാസങ്ങളുടെ സമാഹാരമാണ് അവലോകനങ്ങൾ. ഭാരതീയ സാഹിത്യങ്ങളുടെ താരതമ്യപഠനം, ഗവേഷണത്തിന്റെ പ്രാധാന്യം, വിശ്വകവി ടാഗോർ, ഗുണ്ടർട്ടിന്റെ ഭാഷാസേവനം, വിജ്ഞാന പ്രചാരണവും മിഷണറിമാരും, വിവർത്തന പ്രസ്ഥാനം തുടങ്ങിയ ലേഖനങ്ങൾ കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്.

ടാഗോർ, ഒരു ഭാരതീയ കവി മാത്രമല്ല, എല്ലാ അർത്ഥത്തിലും അദ്ദേഹം ഒരു വിശ്വമഹാകവി തന്നെയാണെന്ന് സമർത്ഥിക്കുന്നതാണ് 'വിശ്വകവി ടാഗോർ' എന്ന ലേഖനം. ടാഗോറിന്റെ പ്രവർത്തനങ്ങൾ ബഹുമുഖമായിരുന്നുവെങ്കിലും കവിതയുടെ മണ്ഡലത്തിലാണ് അദ്ദേഹം അധികം അധിനായകത്വം വഹിച്ചതെന്നും ഡോ. കെ. എം. ജോർജ്ജ് എടുത്തു കാട്ടുന്നു. ടാഗോറിന്റെ വീക്ഷണഗതിയിൽ തുടിച്ചു നിന്ന സാർവലൗകികത്വം അദ്ദേഹത്തിന്റെ പല കവിതകളിലും പ്രകടമാണെന്നും യുക്തിയുക്തം സമർത്ഥിക്കുന്നു. ബംഗാളിൽ ജനിച്ച് ബംഗാളി ഭാഷയിൽ സാഹിത്യകൃതികൾ രചിച്ച് നോബൽ സമ്മാനം നേടി വിശ്വകവിയായി ഉയർന്ന ടാഗോറിന്റെ വ്യക്തിത്വത്തിന്റെ ഒരു സാമാന്യാവലോകനമാണ് ഈ ലേഖനം.

മഹാകവി ഉള്ളൂരിന്റെ സാഹിത്യകാരവ്യക്തിത്വത്തെ അനാവരണം ചെയ്യുന്ന 'ഉള്ളൂരിന്റെ കൈരളീസേവനം' എന്ന പ്രബന്ധം, ആയിരത്തിത്തൊള്ളായിരത്തി അറുപത്തി ഒൻപതിൽ തിരുവനന്തപുരം വി. ജെ. ടി. ഹാളിൽ നടന്ന ഉള്ളൂർ അനുസ്മരണ സമ്മേളനത്തിൽ വായിച്ചതാണ്. സാഹിത്യപുഷ്ടി നേടിയ നമ്മുടെ ഭാഷകളിലൊക്കെയും മഹാപണ്ഡിതന്മാരും ഗവേഷകന്മാരും ഒക്കെ ഉണ്ടായിരുന്നുവെങ്കിലും മഹാകവി ഉള്ളൂരിനെപ്പോലെ എല്ലാരംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ചു നേതൃത്വം

നൽകിയിട്ടുള്ള മറ്റൊരാളെ എടുക്കാൻ പ്രയാസമാണെന്ന ഡോ. ജോർജ്ജിന്റെ വിലയിരുത്തൽ അതിശയോക്തി സ്പർശമുള്ളതാണെന്ന് പറയാവതല്ല.

വികാരപ്രധാനവും വിജ്ഞാനസന്ദായകവുമായ സാഹിത്യശാഖകൾ പാശ്ചാത്യഭാഷകളിലെന്ന പോലെ മലയാളത്തിലും തഴച്ചു വളരാൻ പ്രധാന കാരണം ആംഗലസമ്പർക്കമാണെന്ന വസ്തുത സ്ഥാപിക്കുകയാണ് 'പാശ്ചാത്യസ്വാധീനം മലയാള സാഹിത്യത്തിൽ' എന്ന ലേഖനത്തിൽ. "കലാഭംഗി തികഞ്ഞ സാഹിത്യകൃതികൾ രചിക്കുവാൻ പറ്റിയ മാധ്യമമായി ഗദ്യത്തെ എങ്ങനെ ഉപയോഗിക്കാം എന്ന് കാണിച്ചു കൊടുത്തത് ആംഗലേയ കൃതികളാണ്"[24] എന്ന വസ്തുതയും ഡോ. കെ. എം. ജോർജ്ജ് രേഖപ്പെടുത്തുന്നുണ്ട്. നോവൽ, ചെറുകഥ, ജീവചരിത്രം, ഉപന്യാസം, ആത്മകഥ, ഗദ്യനാടകം, തൂലികാചിത്രങ്ങൾ എന്നിങ്ങനെ പാശ്ചാത്യസ്വാധീനം മൂലം മലയാളഗദ്യത്തിൽ മൊട്ടിട്ടു വികസിച്ച സാഹിത്യപ്രസ്ഥാനങ്ങൾ പലതാണെന്ന വസ്തുത അദ്ദേഹം എടുത്തു പറയുന്നുണ്ട്. പാശ്ചാത്യസ്വാധിനത്തിനു വിധേയരായ നമ്മുടെ സർഗ്ഗാത്മക സാഹിത്യകാരന്മാരാണ്, പ്രസ്തുത സ്വാധീനതയും അതിലൂടെ പ്രകടമാകുന്ന ജീവിതരീതിയും വിപുലമായ തോതിൽ പ്രചരിപ്പിക്കുന്നതിന് കാരണക്കാരായിത്തീർന്നതെന്ന കാര്യവും ഓർമ്മിപ്പിക്കുന്നുണ്ട്. പദസഞ്ചയത്തിലും പദക്രമത്തിലും ശൈലിയിലും ഒക്കെ പാശ്ചാത്യഭാഷകളുടെ സ്വാധീനം മലയാളത്തിൽ പ്രകടമായിക്കാണാം എന്ന കാര്യം കൂടി സൂചിപ്പിച്ച് ലേഖനം അവസാനിപ്പിക്കുന്നു. സമൂഹത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമെന്നു തന്നെ പരിഗണിക്കപ്പെടേണ്ട ഗവേഷണത്തിന്റെ മൂല്യത്തെ വിലയിരുത്തുന്ന ഒരു ലേഖനവും ഈ സമാഹാരത്തിലുണ്ട്. ശുദ്ധഗവേഷണം എന്നും പ്രയുക്ത ഗവേഷണം എന്നും ഗവേഷണമേഖലയെ തരംതിരിക്കുന്ന ഡോ. കെ. എം. ജോർജ്ജ് ഇവ രണ്ടിന്റേയും സാധ്യതകളെ ആരായുന്നുണ്ട്. സർവകലാശാലകൾ ശുദ്ധഗവേഷണത്തിന് ഊന്നൽ കൊടുക്കുമ്പോൾ വ്യവസായശാലകൾ പ്രയുക്തഗവേഷണത്തിന് കൂടുതൽ ശ്രദ്ധകൊടുക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കുന്നു. കേവലം അറിവ്, അറിവിനുവേണ്ടി തന്നെയാണ് എന്ന തത്ത്വം ആണ് അടിസ്ഥാന ഗവേഷണത്തിന്റേത്. എന്നാൽ പ്രയോജനത്തിൽ കേന്ദ്രീകൃതമായ ഒരു ലക്ഷ്യം

മുൻനിർത്തി നടത്തുന്ന ഗവേഷണമാണ് പ്രയുക്തഗവേഷണം. ഫലപ്രദമായ അടിസ്ഥാന ഗവേഷണം ഒരു രാഷ്ട്രത്തിന്റെ സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹായകമാണെന്ന കാര്യം അദ്ദേഹം ബോധ്യപ്പെടുത്തുന്നു.

'അവലോകനങ്ങൾ' എന്ന സമാഹാരത്തിലെ അവസാന ലേഖനം വിവർത്തകന്റെ യോഗ്യതകളെ പരാമർശിക്കുന്നതാണ്. രണ്ടു ഭാഷകളിലും അഗാധമായ ജ്ഞാനമുണ്ടായാലേ ഒരു നല്ല വിവർത്തകനാകാൻ കഴിയൂ എന്ന കാര്യം ഡോ. ജോർജ്ജ് സമ്മതിക്കുന്നു. കാര്യങ്ങൾ വ്യക്തമായി ഗ്രഹിക്കാനുള്ള സൂക്ഷ്മജ്ഞാനവും രചനാഭംഗി ആസ്വദിക്കാനുള്ള കഴിവും ഒരു വിവർത്തകനുണ്ടാകേണ്ട അധിക യോഗ്യതയായി അദ്ദേഹം കണക്കാക്കുന്നു.

സാഹിത്യവിമർശനമെന്നതിലുപരി ബഹുതല സ്പർശിയായ വൈജ്ഞാനികാന്വേഷണം ഈ പ്രബന്ധത്തിന്റെയും സവിശേഷതയാണ്.

## അന്വേഷണങ്ങൾ പഠനങ്ങൾ

ഭാഷാപരവും സാഹിത്യപരവുമായ മുപ്പത്തിമൂന്നു പ്രബന്ധങ്ങളുടെ ഒരു സമാഹാരമാണ് ആയിരത്തിത്തൊള്ളായിരത്തി എൺപതിൽ പ്രസിദ്ധീകരിച്ച 'അന്വേഷണങ്ങൾ പഠനങ്ങൾ'. മൂന്നു വിഭാഗങ്ങളായി ഇതിലെ ലേഖനങ്ങളെ വർഗ്ഗീകരിച്ചിരിക്കുന്നു. സാഹിത്യസംബന്ധമായ വിഷയങ്ങളാണ് ഒന്നാം ഖണ്ഡത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം ഖണ്ഡം ഭാഷാ സംബന്ധമായ പ്രതിപാദ്യങ്ങൾ ആണ്. മൂന്നാം ഖണ്ഡമാകട്ടെ, സാമാന്യവിജ്ഞാന മേഖലയും.

സാഹിത്യ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഒന്നാം ഭാഗത്തിലെ പകുതിയോളം ലേഖനങ്ങൾ ഭാരതീയ സാഹിത്യ സംബന്ധിയാണ്. ഭാരതീയ സാഹിത്യം ഒന്നാണോ? എന്ന ചോദ്യത്തോടെയാണ് ആദ്യ ലേഖനം ആരംഭിക്കുന്നത്. ഇന്ത്യക്കാരനെഴുതി എന്നതുകൊണ്ടുമാത്രം ഭാരതീയ സാഹിത്യമാകുന്നില്ല. ഭാരതത്തിന്റെ നാനാഭാഗങ്ങളിലും അറിയപ്പെടുന്ന സാഹിത്യകാരനാണ് ശരിക്കും ഭാരതീയ സാഹിത്യകാരൻ എന്ന് ഈ ലേഖനത്തിൽ ഡോ. ജോർജ്ജ് വ്യക്തമാക്കുന്നു. ഏതു ഭാഷയിലെഴുതിയാലും ഭാരതീയമെന്നു വേർതിരിച്ചറിയാൻ കഴിയുന്ന ചില സവിശേഷതകളുണ്ടെങ്കിൽ

മാത്രമേ അതു ഭാരതീയ സാഹിത്യമാകുന്നുള്ളുവെന്നും, അതതു സാഹിത്യത്തിന്റെ സ്വന്തമായ നിറവും മണവും തർജ്ജമയിൽപ്പോലും ഉണ്ടായിരിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ അതിലെ ഓരോ ഖണ്ഡികയും ഭാരതീയത തുടിക്കുന്ന സാഹിത്യ ഖണ്ഡങ്ങളാകും എന്നദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു.

ഭാരതീയ സാഹിത്യത്തിലെ ആദാനപ്രദാനങ്ങളെക്കുറിച്ചുള്ള അടുത്ത ലേഖനം, മലയാളത്തിൽ നിന്നു മറ്റുഭാഷകളിലേക്കുള്ള വിവർത്തനങ്ങളുടെ കുറവിനെ ചൂണ്ടിക്കാട്ടുന്നു. ഭാരതീയ ഭാഷകൾ തമ്മിലുള്ള ആദാനപ്രദാനങ്ങൾക്കു സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കുകയാണെങ്കിൽ ആ കുറവു പരിഹരിക്കാൻ കഴിയുമെന്നും ഡോ. ജോർജ്ജ് നിർദ്ദേശിക്കുന്നു. സാഹിത്യ മേഖലയിൽ പരസ്പര പ്രവാഹം സുഗമമാക്കുന്നതിന് ചില ഉപാധികളും അദ്ദേഹം നിരത്തുന്നു. വിവർത്തകരെ പരിശീലിപ്പിക്കലും ദ്വിഭാഷാനിഘണ്ടു നിർമ്മാണവും സാഹിത്യ വിജ്ഞാനകോശ പ്രസിദ്ധീകരണവും അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഭാരതീയ സാഹിത്യങ്ങളെ ഒരു വേദിയിൽ കൊണ്ടു വരുന്നതിനുള്ള പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് വിജ്ഞാനകോശ നിർമ്മാണമാണെന്നും ബഹുരൂപങ്ങളും ബഹുമുഖങ്ങളും കൊണ്ട് സങ്കീർണ്ണമായിരിക്കുന്ന ഭാരതീയ സാഹിത്യ കൃതികളുടെ അടിത്തട്ടിൽ ലയിച്ചിരിക്കുന്ന ഏകത്വം കണ്ടുപിടിക്കുന്നതിൽ താരതമ്യ നിരീക്ഷണത്തിനുള്ള പങ്ക് 'ഭാരതീയ വിജ്ഞാനകോശം' എന്ന ലേഖനത്തിൽ സമർത്ഥിക്കുന്നുണ്ട്. പുതിയ കണ്ടുപിടിത്തങ്ങളും അനാവരണങ്ങളും വാഗ്ദാനം ചെയ്യുന്ന പദ്ധതിക്ക് പശ്ചാത്തലം ഒരുക്കുകയാണ് ഭാരതീയ സാഹിത്യ വിജ്ഞാനകോശത്തിന്റെ ലക്ഷ്യം എടുത്തു പറയുന്നു.

ഭാരതീയ സാഹിത്യങ്ങളിലെ നവോത്ഥാനത്തെക്കുറിച്ചുള്ള അടുത്ത ലേഖനം നവോത്ഥാനഘട്ടത്തെ നാലായി തിരിക്കുന്നു. അതിൽ ഒന്നാം ഘട്ടം ആയിരത്തി എണ്ണൂറ്റി അമ്പത്തി ഏഴു മുതൽ ആയിരത്തിത്തൊള്ളായിരത്തി അഞ്ചുവരെയുള്ള കാലയളവാണ്. പാശ്ചാത്യസംസ്കാരം, ഇംഗ്ലീഷ് വിദ്യാഭ്യാസം, ക്രിസ്തുമത ദർശനം ഇവ മൂലം ഉണ്ടായ ഉണർവ് പ്രത്യക്ഷപ്പെടുന്നതാണ് ഈ കാലയളവ്. ആയിരത്തിത്തൊള്ളായിരത്തി അഞ്ചിനും ആയിരത്തിത്തൊള്ളായിരത്തി ഇരുപ

തിനും ഇടയിലുള്ള രണ്ടാം ഘട്ടം, ദേശീയ ചിന്താഗതിയുടെ ഉണർവിന്റെ ഘട്ടമാണ്. മൂന്നാം ഘട്ടം സമ്പദ്ഘടന, വിദ്യാഭ്യാസം, സാഹിത്യം, സംസ്കാരം, എന്നിവയെ പറിച്ചു നടാൻ പ്രേരണ നൽകിയ ഗാന്ധിയൻ വിപ്ലവത്തിന്റേതാണ്. സ്വാതന്ത്ര്യാനന്തര മുന്നേറ്റവും ജനാധിപത്യ വ്യവസ്ഥിതി നേരിട്ട വെല്ലുവിളികളും ക്ഷേമ രാഷ്ട്ര രൂപവൽകരണത്തിനു വേണ്ടിയുള്ള പരിശ്രമങ്ങളും ഈ ഘട്ടത്തിന്റെ പ്രത്യേകതയായി കാണുന്നു. ദക്ഷിണേന്ത്യൻ ഭാഷകളിലെ അതികായന്മാരായ ചില സാഹിത്യകാരന്മാരെയും ഇതിൽ സ്മരിക്കുന്നുണ്ട്. സുബ്രഹ്മണ്യഭാരതി, പുതുമൈപ്പിത്തൻ വേദനായകം പിള്ള എന്നിവർ അക്കൂട്ടത്തിൽപ്പെടും.

ഡോ. കെ. എം. ജോർജ്ജിന്റെ ഭാരതീയ സാഹിത്യ പരിചയവും, ഭാരതീയ സാഹിത്യത്തെ സമന്വയിപ്പിക്കുവാനുള്ള വാഞ്ഛയെയുമാണ് ഈ ലേഖനത്തിന്റെ മുഖമുദ്രയായി കാണേണ്ടത്.

ആധുനിക മഹാകവിത്രയത്തിൽ ഡോ. കെ. എം. ജോർജ്ജിനെ ഏറെ സ്വാധീനിച്ചത് മഹാകവി വള്ളത്തോളാണ് തന്റെ അഭിരുചികളും വീക്ഷണവും രൂപപ്പെടുത്തിയ മഹത്തായ ആ സ്വാധീനത്തെക്കുറിച്ച് 'മുന്തിരിച്ചാറ്' എന്ന പ്രബന്ധത്തിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. 'ഒരു നായർ സ്ത്രീയും മുഹമ്മദീയനും', 'വള്ളത്തോൾ ജന്മശതാബ്ദി സ്മരണകൾ' എന്നിങ്ങനെ രണ്ടു ലേഖനങ്ങൾ ആണ് വള്ളത്തോളിന്റെ സ്മരണ നിലനിർത്തുന്നതിനു വേണ്ടി ഈ സമാഹാരത്തിൽ ചേർത്തിരിക്കുന്നത്. 'ഒരു നായർ സ്ത്രീയും മുഹമ്മദീയ'നുമെന്ന കവിതയിലെ 'ഒരു' എന്ന പ്രയോഗത്തിന്റെ ഔചിത്യത്തെക്കുറിച്ച് ഒരന്വേഷണമാണ് ആദ്യം നടത്തുന്നത്. "വള്ളത്തോൾ തന്റെ പതിനേഴ് കവിതകളുടെ ശീർഷകാരംഭത്തിൽ 'ഒരു' പ്രയോഗിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ പല ശീർഷകങ്ങളിൽ നിന്നും 'ഒരു' ഉപേക്ഷിക്കാവുന്നതേയുള്ളു"[25]. ആ കൃതിയെ സംബന്ധിച്ച അനുകൂല വിമർശനമല്ല ഡോ. ജോർജ്ജ് നടത്തുന്നത്. മലബാർ പശ്ചാത്തലത്തിൽ ഇങ്ങനെയൊരു കൊച്ചു കവിത എഴുതാൻ അദ്ദേഹം പ്രേരിതനായതാണെന്നും സമുദായ മൈത്രിക്കു മനംനൊന്തുചിന്തിക്കുകയും സ്വകവിതകളിലൂടെ വളരെയധികം പ്രചോദനം നൽകുകയും ചെയ്ത മഹാകവിയെ ഒരു കൊച്ചു കവിതയുടെ

അടിസ്ഥാനത്തിൽ വിലയിരുത്തുന്നതും വിധിക്കുന്നതും അവിവേകമാണ് എങ്കിലും ആ കവിതയെ മഹാകവിയുടെ ഒറ്റപ്പെട്ട കവിതകളിൽ ഒന്നായി ഗണിക്കുകയും ചെയ്യുന്നു. തന്റെ വിയോജിപ്പ് ഡോ. ജോർജ്ജ് ഇപ്രകാരം പ്രകടമാക്കുന്നു. "കുലസ്ത്രീക്ക് പാതിവ്രത്യത്തേക്കാൾ ധന്യമായ മറ്റൊന്നുമില്ല എന്നു സ്ഥാപിക്കുകയാണ് കവിതയുടെ ലക്ഷ്യമെന്നു തോന്നുന്നു. ചാരിത്രസംരക്ഷണത്തിനു വേണ്ടി കൊല പോലും സാധൂകരിക്കാമെന്നു വരെ ഇതിൽ സൂചിതമായിട്ടുണ്ട്. അന്നത്തെ പശ്ചാത്തലത്തിൽ ആ കഠിന കൃത്യത്തിനായി ഒരു മുഹമ്മദീയനെ പടച്ചു വിട്ടാൽ കൂടുതൽ കരഘോഷം ലഭിക്കുമെന്ന് കവി അറിഞ്ഞിരുന്നു".

ഇത്തരം വിരുദ്ധാഭിപ്രായങ്ങൾ ഈ കവിതയെക്കുറിച്ചുണ്ടെങ്കിലും കവിതാഗന്ധം പോലും ഗ്രഹിക്കാതെ നിന്നിരുന്ന തന്നെ താനറിയാതെ തന്നെ ഒരാസ്വാദകൻ എന്ന നിലയിലെങ്കിലും ഉള്ളിലേക്ക് വലിച്ചിട്ടത് വള്ളത്തോളിന്റെ മഗ്ദലന മറിയമാണെന്നു ഡോ. ജോർജ്ജ് സമ്മതിക്കുന്നുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ കവിതകൾ താല്പര്യത്തോടെ വായിക്കാനും ആസ്വദിക്കാനും പ്രേരണ ലഭ്യമായത് വള്ളത്തോൾ കവിതയിൽ നിന്നാണെന്ന് സൂചിപ്പിക്കുന്നു.

ഉള്ളൂരിന്റെ കേരള സാഹിത്യ ചരിത്രത്തെ സമഗ്രമായി വിശകലനം ചെയ്യുന്ന ഡോ. ജോർജ്ജ് മലയാളത്തിലെ ഏറ്റവും ആധികാരികമായ സാഹിത്യ ചരിത്രങ്ങളിലൊന്നായി അതിനെ കണക്കാക്കുന്നു. ഗവേഷണവും വിമർശനവും ഉയർന്ന നിലവാരത്തിലുള്ള വിലയിരുത്തലും അതിന്റെ പ്രത്യേകതയായി എടുത്തുകാട്ടുന്നു. ആ കൃതി കേവലം ഒരു സാഹിത്യ ചരിത്രമല്ല, ചരിത്ര സാഹിത്യം കൂടിയാണെന്ന് സമ്മതിക്കുന്നു. ചില ന്യൂനതകളും കൂട്ടത്തിൽ സൂചിപ്പിക്കുന്നുണ്ട്. അദ്യതന കാലഘട്ടത്തിലെ മലയാള സാഹിത്യത്തിന്റെ മൊത്തത്തിലുള്ള പ്രവണതകൾ അനാവരണം ചെയ്യുന്നതിനും ആ രംഗത്തു സാകല്യേനയുള്ള മൂല്യനിർണ്ണയം നടത്തുന്നതിനും ഉള്ളൂർ ശ്രമിച്ചിട്ടില്ല എന്ന കുറവാണ് അദ്ദേഹം എടുത്തുകാട്ടുന്നത്.

സർഗ്ഗാത്മക കൃതികളുടെ ഗുണദോഷങ്ങൾ നിർണ്ണയിച്ചു വിലയിരുത്തു

കയാണ് നിരൂപണ പ്രക്രിയയുടെ പ്രധാന ലക്ഷ്യം. ആ ലക്ഷ്യം മേൽപ്പറഞ്ഞ കൃതിയുടെ നിരൂപണത്തിൽ പരമാവധി നിറവേറ്റിയിട്ടുണ്ട്. കേവലം ഉപരിപ്ലവമായ രീതിയിലുള്ള വിലയിരുത്തലല്ല ഇവിടെ നിർവഹിച്ചിരിക്കുന്നത്.

കുമാരനാശാന്റെ ലഘു കവിതകളെ വിലയിരുത്തുന്ന ഒരു അവലോകനപരമായ ലേഖനവും ഈ സമാഹാരത്തിലുണ്ട്. കൃതികളുടെ ആഴങ്ങളിലേക്കു കടന്നു പോകാത്ത ഉപരിതലസ്പർശിയായ നിരൂപണമാണതെന്ന് പറയാം. എന്നാൽ ആശാൻ കവിതയുടെ ആംഗലസ്വാധീനതയെക്കുറിച്ചുള്ള അന്വേഷണം ശ്രദ്ധയർഹിക്കുന്നു. സാഹിത്യത്തിലെ വിശിഷ്ട കൃതികൾ ഓരോ കവി പ്രതിഭയേയും സ്പർശിക്കുന്നതും ചലിപ്പിക്കുന്നതും പലതരത്തിലാണെന്ന് ആധുനിക മഹാകവിത്രയത്തെ താരതമ്യം ചെയ്ത് സമർത്ഥിക്കുന്നു. "ആശാന്റെ പ്രസിദ്ധി നേടിയ കാവ്യങ്ങളെല്ലാം തന്നെ ആവിഷ്കാരശൈലിയിലും അവതരണ രീതിയിലും ആംഗലകവിതയോട് കടപ്പെട്ടിട്ടുണ്ട്. 'നളിനി' വായിക്കുമ്പോൾ ഗോൾഡ് സ്മിത്തിന്റെ 'എഡ്വിൻ ആന്റ് ആഞ്ജലീന' (Edwin and Angaleena) എന്ന കാവ്യം സ്മൃതി പഥത്തിൽ സ്വാഭാവികമായി എത്തിച്ചേരും"[27] മാത്രമല്ല സ്വച്ഛന്ദ ഗീതങ്ങൾ എന്നും ആത്മഗീതങ്ങൾ എന്നും പറയപ്പെടാറുള്ള ലിറിക്കിന്റെ (Lyric) വികാരസാന്ദ്രതയും ഭംഗിയും മലയാളത്തിൽ ആശാൻ അവതരിപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുന്നു. ചിന്താവിഷ്ടയായ സീത - നാടകീയ സ്വഗതോക്തി (Dramatic Monologue)എന്ന ബ്രൗണിംഗ് പ്രയോഗിച്ച ടെക്നിക് ആശാൻ പ്രയോഗിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തുന്നു.

'മലയാള സാഹിത്യത്തിന്റെ മഹാശില്പി' എന്ന ലേഖനം, എ. ആറിന്റെ സഹൃദയവല്ലഭത്വം അനനുകരണീയമാണെന്ന വസ്തുത, ബോധ്യപ്പെടുത്തുന്നതാണ്. ഏതു മേഖലയിൽ പ്രവർത്തിക്കുന്നവർക്കും അനുകരിക്കാൻ പറ്റിയതാണ് അദ്ദേഹത്തിന്റെ സമഗ്ര ദർശന വൈഭവമെന്നും വെളിപ്പെടുത്തുന്നു. ഭാഷയുടെ ശാസ്ത്രീയ പഠനത്തിനു ഏറ്റവും അത്യാവശ്യമായ ഉപകരണങ്ങൾ പ്രദാനം ചെയ്ത് ഭാഷാ സാഹിത്യസൗധത്തിന്റെ അസ്തിവാരവും ആരൂഢവും ഉറപ്പിച്ചു അതിനു ശാശ്വത പ്രതിഷ്ഠ നൽകിയ മഹാപണ്ഡിതനാണ് എ. ആർ എന്ന വിലയിരുത്തൽ ഏറെ അർത്ഥ

വത്താണ്. ഭാഷാ സാഹിത്യത്തിലെ നവോത്ഥാനത്തിന്റെ ഉദ്ഘാടകനും പ്രചാരകനും ആയിരുന്ന എ. ആറിന്റെ സമഗ്രവ്യക്തിത്വത്തെയാണ് ഡോ. ജോർജ്ജ് ഇവിടെ അനാവരണം ചെയ്യുന്നത്.

ജ്ഞാനാർത്ഥിയായ കുറ്റിപ്പുഴ കൃഷ്ണപിള്ള എന്ന ലേഖനം ഈ സമാഹാരത്തിൽ വേറിട്ടു നിൽക്കുന്ന ഒന്നാണ്. കുറ്റിപ്പുഴയുടെ വളർച്ചയെ സംബന്ധിച്ച സാമാന്യം നല്ല ഒരു ചിത്രം അതിൽ നിന്നു ലഭിക്കുന്നു. തന്റെ സാഹിത്യപ്രവർത്തനങ്ങളിലെല്ലാം ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി പ്രോത്സാഹിപ്പിച്ച വന്ദ്യഗുരുനാഥനായ കുറ്റിപ്പുഴയെ വികാരാധിരേകത്തോടെയാണ് ഡോ. ജോർജ്ജ് സ്മരിക്കുന്നത്.

മലയാളികൾക്ക് വേണ്ടത്ര പരിചയമില്ലാത്ത മേഖലയിലേക്ക് വെളിച്ചം പകരാൻ ഡോ. ജോർജ്ജിന്റെ ചില ലേഖനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ ഒന്നാണ് ഗുരുനാനാക്കും മിസ്റ്റിക്ക് കവിതയും എന്ന ലേഖനം. ഹിന്ദു മുസ്ലീം സമുദായങ്ങളെ സമരസപ്പെടുത്തുന്നതിന് വിജയപൂർവം പരിശ്രമിക്കുകയും ആ പരിശ്രമത്തിൽ മതപരവും സാമൂഹികവുമായ ഉദാരാശയങ്ങൾക്കു പ്രകാശനം നൽകുമാറു സ്വതന്ത്രവും സ്വന്തവുമായ ഒരു തത്ത്വശാസ്ത്രം രൂപപ്പെടുത്തിയ ആചാര്യവര്യനായാണ് ഗുരുനാനാക്കിനെ ഡോ. ജോർജ്ജ് കാണുന്നത്. ഗുരുനാനാക്കിന്റെ കവിതാരചനാ സമ്പ്രദായത്തെ നാരായണഗുരുവിന്റെ ഈ രംഗത്തെ കഴിവിനെ ഓർമ്മിപ്പിച്ചുകൊണ്ട് ഗ്രന്ഥകാരൻ ഭംഗിയായിത്തന്നെ അവതരിപ്പിക്കുന്നുണ്ട്. 'പി. കെ. നാരായണപിള്ളയുടെ സാഹിത്യ നിരൂപണ പശ്ചാത്തലം' എന്ന ലേഖനം വേറിട്ടു നിൽക്കുന്ന ഒന്നാണ്. മലയാളത്തിലെ സാഹിത്യ നിരൂപണത്തെ ക്ലാസ്സിക്കൽ നിലവാരത്തിലേക്ക് ഉയർത്തിയ ഒരു മഹാമതിയായിട്ടാണ് സാഹിത്യപഞ്ചാനനെ ഡോ. ജോർജ്ജ് സ്മരിക്കുന്നത്. പ്രതിഭാധനനായ പി. കെ. യുടെ സാഹിത്യ നിരൂപണ പശ്ചാത്തലം അനാവരണം ചെയ്യാൻ ഗ്രന്ഥകാരൻ നന്നായി ശ്രമിച്ചിരിക്കുന്നു. പ്രതിപാദനത്തിലുള്ള അടുക്കും ചിട്ടയും ഈ ലേഖനത്തിന്റെ ഒരു സവിശേഷതയാണ്.

ഗവേഷണകുതുകികളെ സംബന്ധിച്ചിടത്തോളം ഭാഷാപഠനത്തിൽ

അത്യന്താപേക്ഷിതമായ ഒരു കൃതിയാണ് 'രാമകഥപ്പാട്ട്'. 'ജനകീയ ഗാന മഹാകാവ്യം' എന്ന് വിശേഷിപ്പിച്ചിട്ടുള്ള ആ ഗ്രന്ഥത്തിന് 'ഭാഷാപരിമളം' എന്ന പേരിൽ ഒരു വ്യാഖ്യാനം രചിച്ചത് ഡോ. പി കെ നാരായണപിള്ളയാണ്. തമിഴ് മിശ്ര സാഹിത്യശാഖയിലെ ഏറ്റവും പ്രസിദ്ധ കൃതിയായ രാമചരിതവും രാമകഥപ്പാട്ടും തമ്മിൽ ബാഹ്യലക്ഷണങ്ങളിൽ കാണുന്ന വ്യതിയാനങ്ങളെക്കുറിച്ച് ചിന്തിച്ചതിനുശേഷം, സംസ്കാര സാങ്കര്യവും ഭാഷാ സാങ്കര്യവും ഒക്കെ ലയിച്ചിട്ടുള്ള ഒരപൂർവ സങ്കരസൃഷ്ടിയായിട്ടാണ് ഡോ. ജോർജ്ജ് രാമകഥപ്പാട്ടിനെ കാണുന്നത്.

ഭാഷാ ഗവേഷണ സംബന്ധമായ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന രണ്ടാം ഭാഗത്തിലാണ് ഡോ. ജോർജ്ജിന്റെ തനിമ പ്രത്യക്ഷപ്പെടുന്നത്. ദ്രാവിഡ ഭാഷാ ഗോത്രം, മലയാള ഭാഷ, നിഘണ്ടുകാരനായ ഗുണ്ടർട്ട്, വിസ്മൃതിയിൽ ആണ്ടുപോയ മലയാഴ്മയുടെ വ്യാകരണം, സ്ഥലനാമഗവേഷണത്തിൽ താരതമ്യസമീപനം, പന്തളം കാലഘട്ടത്തിലെ ഭാഷ, മലയാള ഭാഷ തുടങ്ങിയവ തീർത്തും ശാസ്ത്രീയമായ ഭാഷാ പഠനസമ്പ്രദായത്തിന് ഉദാഹരണങ്ങളാണ്.

ദ്രാവിഡ ഭാഷാ പഠനരംഗത്തു പ്രവർത്തിച്ച പണ്ഡിതന്മാരെക്കുറിച്ചുള്ള വിവരണമാണ് 'ദ്രാവിഡ ഭാഷാ ഗോത്രം' എന്ന ലേഖനത്തിന്റെ ആദ്യഭാഗം. തുടർന്ന് ദ്രാവിഡ ഭാഷാ ഗവേഷണരംഗത്തെ മൂന്നു ഘട്ടങ്ങളായി ഗ്രന്ഥകാരൻ തിരിക്കുന്നു. ആയിരത്തിത്തൊള്ളായിരത്തി ആറു വരെ കാൽഡ്വൽ ഘട്ടം; ആയിരത്തിത്തൊള്ളായിരത്തി നാല്പതുവരെ ലിംഗ്വിസ്റ്റിക് സർവേയുടെ കാലം; ആയിരത്തിത്തൊള്ളായിരത്തി നാല്പതിനുശേഷമുള്ള കാലം ആധുനിക ഘട്ടം - എന്നിങ്ങനെയാണ് അദ്ദേഹം ഘട്ടങ്ങൾ വിഭജിച്ചിട്ടുള്ളത്. ദ്രാവിഡ ഭാഷാ ഗോത്രത്തിൽ ധാരാളം ഗവേഷണങ്ങൾ അടുത്ത കാലത്തുണ്ടായിട്ടുണ്ടെന്നും അത് ദ്രാവിഡ ഭാഷാ ഗോത്രപഠനങ്ങൾക്ക് ഒരു നല്ല ഭാവി ഉണ്ടെന്നതിനു ലക്ഷണമാണെന്ന് പറഞ്ഞ് ലേഖനം അവസാനിപ്പിച്ചിരിക്കുന്നു.

'ഭാഷായുഗങ്ങൾ - ആദ്യകാലം' എന്ന ലേഖനത്തിൽ ഭാഷാ സാഹിത്യത്തിന്റെ വികാസത്തെ ആദ്യകാലം, മണിപ്രവാള കാലം, എഴുത്തച്ഛന്റെ കാലം, നവീന

കാലം എന്നു നാലു ഘട്ടങ്ങളായി വിഭാവനം ചെയ്തിരിക്കുന്നു. ആകാശവാണിയുടെ ഒരു പ്രഭാഷണ പരമ്പരയിൽ ഡോ. ജോർജ്ജ് നടത്തിയ പ്രഭാഷണ വിഷയമായിരുന്നു ഇത്. അകൃത്രിമങ്ങളായ നാടോടിപ്പാട്ടുകൾ, തമിഴിന്റെ സ്വാധീനത്താൽ രൂപമെടുത്ത പാട്ടെന്ന മിശ്രഭാഷാ സാഹിത്യം, മണിപ്രവാള സാഹിത്യം എന്നീ മൂന്നു പ്രസ്ഥാനങ്ങൾ ത്രിവേണിയായി പ്രവഹിക്കുന്ന കാഴ്ചയാണ് ഭാഷാസാഹിത്യത്തിന്റെ ആദികാലത്തു കാണുന്നതെന്ന് ഉദാഹരണസഹിതം അദ്ദേഹം വ്യക്തമാക്കുന്നു. അദ്ധ്യാപന മാധ്യമത്തെപ്പറ്റിയുള്ള ലേഖനം പ്രത്യേക പ്രാധാന്യമർഹിക്കുന്ന അദ്ധ്യാപനമാധ്യമവാദം എന്ന തലക്കെട്ടോടെ ചേർത്തിരിക്കുന്ന ലേഖനം കലാശാല വിദ്യാഭ്യാസത്തിനും മലയാളം മാധ്യമമാക്കേണ്ടത് ആവശ്യമാണെന്നു ഉറപ്പിക്കുന്നു. എന്നാൽ ഇംഗ്ലീഷിനെ മാറ്റി നിർത്തിക്കൊണ്ടു വേണം, മാധ്യമമാകാനുള്ള മലയാളത്തിന്റെ വളർച്ച എന്ന വാദത്തെ ഡോ. ജോർജ്ജ് നിരാകരിക്കുന്നുണ്ട്. മാറ്റം വരാത്ത, ചട്ടക്കൂടിനു അനുസൃതമായി അന്യഭാഷകളിൽ നിന്നു വേണ്ടത്ര പദങ്ങൾ കടമെടുക്കുന്നതിനോട് അദ്ദേഹത്തിന് അനുകൂല മനോഭാവമാണ്. ഭാഷയുടെ ശരിയായ പുരോഗതിക്ക് കടമെടുപ്പ് അനുപേക്ഷണീയമാണെന്ന അഭിപ്രായമാണ് ലേഖകനുള്ളത്. വിജ്ഞാന മേഖലയിലെ ഉപരിമണ്ഡലങ്ങളിലേക്ക് പ്രവേശിക്കുന്നതിന് സാങ്കേതിക പദങ്ങൾ കടമെടുത്തേ മതിയാകൂ എന്ന് ഉറപ്പിച്ചു പറയുന്നു. ഇന്ന് മലയാളത്തിൽ നിലനിൽക്കുന്ന പല പദങ്ങളും നമ്മുടേതാണെന്ന മട്ടിൽ ഉറച്ചു കഴിഞ്ഞവയാണ്. ജന്നലും, കക്കൂസും, ശുപാർശയും, കിച്ചടിയും മറ്റും ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. മറ്റെന്തിലുമുപരിയായി വൈജ്ഞാനിക മേഖലയിൽ വികാസം കാംക്ഷിക്കുന്ന ഒരു പണ്ഡിതനെയാണ് ഇവിടെ ദർശിക്കാൻ കഴിയുന്നത്.

ഇതിനോട് ചേർത്തു വായിക്കേണ്ട ഒരു ലേഖനമാണ് 'ഇംഗ്ലീഷിന്റെ ഭാവി - വിദ്യാലയങ്ങളിൽ' എന്നത്. സമാന ആശയങ്ങൾ അല്പാല്പം ആവർത്തിക്കുന്നു എന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയാണ്. മറ്റു പല ലേഖനങ്ങളിലും ഇംഗ്ലീഷിന്റെ ആവശ്യകതയെക്കുറിച്ച് പരാമർശങ്ങൾ ഉണ്ട്. ചരിത്രപരമായ കാരണങ്ങളാൽ ഇംഗ്ലീഷ് ഭാഷ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ചെന്നു പറ്റിയിട്ടുണ്ടെന്നും ആശയങ്ങളും

ചിന്താഗതികളും കൃത്യമായി പ്രകാശിപ്പിക്കാൻ ആ ഭാഷയ്ക്കുള്ള കഴിവ് ഒന്നു വേറെയാണെന്നും ലേഖകൻ വ്യക്തമാക്കുന്നുണ്ട്. ഇത്ര മഹത്തായ ഭാഷ - ലോകവിജ്ഞാനത്തിന്റെ പ്രധാന വിഭവങ്ങളെല്ലാം ഉൾക്കൊള്ളുന്ന ഭാഷ രാഷ്ട്രീയ പരിഗണനകൾ വകവയ്ക്കാതെ സുഗമമായി കൈകാര്യം ചെയ്യാനുള്ള പാടവം നേടാൻ ബുദ്ധിയുള്ളവർ ശ്രദ്ധിക്കേണ്ടതാണെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

ഇപ്പറഞ്ഞ നിലപാട് സാധൂകരിക്കുന്നതാണ് ഡോ. ജോർജ്ജിന്റെ ഇംഗ്ലീഷ് കൃതികൾ. വിശിഷ്ടരായ നമ്മുടെ സാഹിത്യകാരന്മാരെക്കുറിച്ചും വ്യാകരണ രീതികളെക്കുറിച്ചും മലയാളിയല്ലാത്ത ഒരാളിന് മനസ്സിലാക്കാൻ വേണ്ടി രചിച്ചിട്ടുള്ളവയാണ് മിക്കവയും. ബ്രിട്ടീഷ് ജനതയെയും ഇംഗ്ലീഷ് ഭാഷയെയും കൂട്ടിക്കുഴച്ചു ചിന്തിക്കരുതെന്ന മഹാത്മജിയുടെ ഉപദേശം എല്ലാവരും ചെവിക്കൊള്ളണമെന്ന നിർദ്ദേശത്തോടെ ലേഖനം അവസാനിപ്പിച്ചിരിക്കുന്നു.

ഭാഷയെ സംബന്ധിച്ച ലേഖനങ്ങളിൽ വളരെയധികം അഭിപ്രായ വ്യത്യാസങ്ങൾക്കു ഇടം കൊടുക്കുന്ന ഒന്നാണ് 'മലയാള ഭാഷ' എന്നത്. മലയാള ഭാഷയുടെ ഉത്ഭവത്തെ സംബന്ധിച്ച തന്റെ അഭിപ്രായം ലേഖകൻ ഇതിൽ യുക്തിയുക്തം സമർത്ഥിക്കുന്നുണ്ട്. കേരള ദേശത്തു ജനിച്ചു ജീവിച്ച ജനങ്ങൾക്ക് അവരുടേതായ ഒരു ഭാഷ പണ്ടുമുതലേ ഉണ്ടായിരുന്നുവെന്നും ശാസനങ്ങളിലെയോ സാഹിത്യകൃതികളിലെയോ ഭാഷയെ നോക്കി, അതാണ് യഥാർത്ഥ വ്യവഹാര ഭാഷ എന്നു വാദിക്കുന്നത് ശരിയല്ലെന്നും അദ്ദേഹം ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കുന്നു. മാത്രമല്ല ദ്രാവിഡ ഭാഷാ കുടുംബത്തിൽപ്പെട്ട മറ്റു ഭാഷകളിലൊന്നു മാത്രമാണ് തമിഴെന്നു ഉറപ്പിച്ചു പറയുന്നു. മലയാള ഭാഷാ ചരിത്രത്തെ സംബന്ധിച്ച്, ആധികാരിക ഗ്രന്ഥങ്ങളുടെ അഭാവം ഏറെയാണെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നുണ്ട്. ഇതുവരെയുണ്ടായിട്ടുള്ള ഭാഷോൽപത്തി സംബന്ധമായ വസ്തുതകളുടെ സമഗ്രമായ വിവരണം നൽകുന്ന ദൈർഘ്യമേറിയ ഒന്നാണ് ഈ പ്രബന്ധം. ഭാഷാ സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഡോ. ജോർജ്ജ് പാലിക്കുന്ന ചിട്ട ഈ ലേഖനത്തിന്റെ മുഖമുദ്രയാണ്.

'പന്തളം കാലഘട്ടത്തിലെ ഭാഷ' എന്ന അടുത്ത ലേഖനത്തിൽ ആ കാല

ഘട്ടത്തിന് സാഹിത്യചരിത്രത്തിലുള്ള സ്ഥാനം അന്വേഷിക്കുകയാണ്. സംസ്കൃതത്തിന്റെയും ഇംഗ്ലീഷിന്റെയും കലവറകൾ അതിവിദഗ്ധമായി ചൂഷണം ചെയ്യുവാൻ നമ്മുടെ സാഹിത്യകാരന്മാർ ഉത്സുകരായ കാലഘട്ടമാണ് പന്തളം കാലഘട്ടമെന്ന് ഡോ. ജോർജ്ജ് വ്യക്തമാക്കുന്നു. ഈ കാലഘട്ടത്തിലാണ് നോവൽ, ചെറുകഥ, ഗദ്യനാടകം, ഉപന്യാസം, ജീവചരിത്രം, നിരൂപണസാഹിത്യം എന്നീ സാഹിത്യരൂപങ്ങൾ മലയാളത്തിൽ ആവിർഭവിക്കുന്നതും, കവിതയിൽത്തന്നെ പുതിയ മാനങ്ങൾ പരീക്ഷിച്ചു നോക്കുവാൻ, കവികൾ തയ്യാറായതും ഈ കാലഘട്ടത്തിലാണ്. അങ്ങനെ സമകാലികർക്കും അടുത്ത തലമുറകൾക്കും മാതൃകകളായിത്തീർന്ന ശാശ്വതമൂല്യങ്ങളുള്ള കൃതികൾ രചിക്കപ്പെട്ട കാലഘട്ടമായാണ് പന്തളം കാലഘട്ടത്തെ ഡോ. ജോർജ്ജ് വിലയിരുത്തുന്നത്. പരസ്പരം പ്രോത്സാഹിപ്പിച്ചും വിമർശിച്ചും സാഹിത്യസൃഷ്ടികളുടെ മേന്മ വർദ്ധിപ്പിച്ച സമശീർഷരായ സാഹിത്യകാരന്മാരുടെ കാലമായിരുന്നു അത്.

പച്ച മലയാളത്തിൽ ലളിതമായും സംസ്കൃതം കലർത്തി പ്രൗഢമായും കാവ്യരചന നിർവഹിക്കുന്നതിൽ ഉത്സുകനാണ് പന്തളം കേരളവർമ്മ എന്ന ചില നാമമാത്രമായ സൂചനകൾ മാത്രമാണ് പന്തളം കേരളവർമ്മയുടെ ഭാഷയെക്കുറിച്ച് ലേഖനത്തിലുള്ളത്.

'ഗുണ്ടർട്ടിന്റെ നിഘണ്ടു' എന്ന ലേഖനത്തിലും ഡോ. കെ. എം. ജോർജ്ജിന്റെ താരതമ്യനിരീക്ഷണം പ്രകടമാണ്. മറ്റു വിദേശ പണ്ഡിതന്മാരുടെ നിഘണ്ടുക്കളോടും വ്യാകരണകൃതികളോടും താരതമ്യം ചെയ്താണ് ഗുണ്ടർട്ടിന്റെ നിഘണ്ടുവിന്റെ സവിശേഷത അദ്ദേഹം വ്യക്തമാക്കുന്നത്. മറ്റുള്ളവരുടെ കൃതികൾ വിദേശികൾക്കു മലയാള ഭാഷ പഠിക്കുവാൻ ഉപകരിക്കുന്നവയാണെന്നും ഗുണ്ടർട്ടിന്റെ നിഘണ്ടുവും വ്യാകരണവുമാകട്ടെ വിദേശികൾക്കും സ്വദേശികൾക്കും പണ്ഡിതന്മാർക്കും സാധാരണക്കാർക്കും ഒന്നുപോലെ ഉപകരിക്കുന്നതാണെന്നും ചൂണ്ടിക്കാട്ടുന്നു. വിസ്തൃതവും അഗാധവും വിശേഷിച്ച് താരതമ്യപുരസ്കൃതവുമായ ഗുണ്ടർട്ടിന്റെ അവലോകനമാണ് ലേഖകനെ ഏറ്റവും ആകർഷിച്ച ഘടകം. ഇന്ന് ഏറ്റവും പ്രചാരത്തിലിരിക്കുന്ന മലയാള നിഘണ്ടുവായ 'ശബ്ദതാരാവലി'യുടെ രചനയ്ക്ക് ശ്രീകണ്ഠേശ്വരം

പത്മനാഭപിള്ളയ്ക്ക് ഏറ്റവും സഹായകമായത് ഗുണ്ടർട്ടിന്റെ നിഘണ്ടുവാണെന്ന് ഉദാഹരണ സഹിതം അദ്ദേഹം വ്യക്തമാക്കുന്നു. മലയാളഭാഷയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്ന ഒരാളിന് ഇന്നും അനുപേക്ഷണീയമായി നിലകൊള്ളുന്ന ഒരു നിഘണ്ടുവാണ് ഗുണ്ടർട്ടിന്റേതെന്ന് വിശേഷിപ്പിച്ചു കൊണ്ടാണ് അവസാനിപ്പിച്ചിരിക്കുന്നത്.

'*വിസ്മൃതിയിലാണ്ടുപോയ മലയാഴ്മയുടെ വ്യാകരണം*' എന്ന ലേഖനം, ജോർജ്ജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണത്തെക്കുറിച്ചുള്ള ഒരവലോകനമാണ്. മലയാഴ്മയുടെ വ്യാകരണത്തിന്റെ ആമുഖവും വിഷയാനുക്രമണികയും ഇംഗ്ലീഷിലും ബാക്കി മുഴുവനും മലയാളത്തിലുമാണ് രചിച്ചിട്ടുള്ളതെന്നും, ആമുഖത്തിന്റെ ആദ്യഭാഗം ഒഴിച്ച് ബാക്കി ഒരു ഗവേഷണപ്രബന്ധം തന്നെയാണെന്നും ഡോ. ജോർജ്ജ് വിശദമാക്കുന്നു. സംവൃതോകാരത്തെ 'അർദ്ധാച്ച്' എന്ന് വിളിക്കാമെന്ന അദ്ദേഹത്തിന്റെ വാദഗതികളും ഇവിടെ വിശകലനത്തിനു വിധേയമാക്കുന്നു. മലയാളത്തിലെ വ്യാകരണപരമായ ഗവേഷണങ്ങൾക്ക് എന്നും പ്രചോദനം നൽകാൻ കഴിവുള്ള ഈ അപൂർവ കൃതി, കേരളീയരുടെ അനാസ്ഥ കൊണ്ട് മാത്രം വിസ്മൃതിയിലാണ്ടു പോയതാണെന്ന വാദം അദ്ദേഹം പ്രകടമാക്കുന്നുണ്ട്.

'സ്ഥലനാമഗവേഷണത്തിലെ താരതമ്യസമീപനം' എന്ന ലേഖനം ഏറ്റവും ശ്രദ്ധേയമായ ഒന്നാണ്. തമിഴ്, തെലുങ്ക്, മലയാളം, കന്നടം എന്നീ നാലു ദ്രാവിഡഭാഷകളിലെ ഏതാനും സ്ഥലനാമങ്ങൾ താരതമ്യപഠനത്തിനു വിധേയമാക്കി, അവയിലെ സാമാന്യാംശങ്ങളെ അദ്ദേഹം പരിശോധിക്കുന്നു. നമ്മുടെ പ്രാചീന സംസ്കാരത്തിലേക്ക് വെളിച്ചം പകരാൻ കഴിവുള്ള ധന്യമായ പ്രഭവമാണ്. സ്ഥലനാമങ്ങളെന്നും, ഈ മേഖലയിൽ ശാസ്ത്രീയപഠനം നടത്തുന്നതിന് ഒരു സ്ഥലനാമ നിഘണ്ടു ആവശ്യമാണെന്നും അതിനു മുൻകൈയെടുക്കാൻ ഗവണ്മെന്റു തുനിയണമെന്നും ഓർമ്മിപ്പിച്ചു കൊണ്ടാണ് ലേഖനം അവസാനിക്കുന്നത്. മറ്റു പല പഠനമേഖലയെയും പോലെ സ്ഥലനാമപഠനത്തിനും താരതമ്യാത്മക സമീപനം ഉചിതമാണെന്ന് ഡോ. ജോർജ്ജിന്റെ പഠനം തെളിയിക്കുന്നു. 'മലയാള ഭാഷ' എന്ന അടുത്ത

ലേഖനത്തിൽ ആദ്യം ഇന്ത്യയിൽ മലയാളത്തിന്റെ സ്ഥാനത്തെ വിലയിരുത്തുന്നു. ആയിരത്തിത്തൊള്ളായിരത്തി എഴുപത്തി ഒന്നിലെ സെൻസസ് അനുസരിച്ച് ഇന്ത്യയിലെ ഭാഷകളുടെ കൂട്ടത്തിൽ എട്ടാം സ്ഥാനമാണ് മലയാളത്തിനു നൽകിയിരിക്കുന്നതായി പറയുന്നു. തുടർന്ന് മലയാളം എന്ന സംജ്ഞയെക്കുറിച്ചുള്ള ചർച്ചയാണ് കൊടുത്തിരിക്കുന്നത്. അതിൽ മല + അളം എന്ന നിഗമനത്തോടാണ് ഡോ. കെ. എം. ജോർജ്ജ് യോജിക്കുന്നത്. പന്തളം, കോവളം തുടങ്ങിയ ദേശനാമങ്ങളും കേരളം എന്ന സംജ്ഞ തന്നെയും 'അളം' എന്ന സാമാന്യപ്രത്യയം (generic) തെക്കൻ ദേശങ്ങളിൽ വേരുറച്ചതാണെന്നു സൂചിപ്പിക്കുന്നു. 'അളം' എന്നാൽ ഇടം, സ്ഥലം എന്നൊക്കെ മാത്രമേ അർത്ഥമുള്ളു. സന്ധിയിൽ അതും ആളം ആയിത്തീർന്നു. മലയാളം എന്നു പറഞ്ഞാൽ മലനാട് എന്നു മാത്രമേ ധരിക്കാനുള്ളു. ഇങ്ങനെ ഉദാഹരണങ്ങൾ നിരത്തി അദ്ദേഹം തന്റെ മതത്തെ ഉറപ്പിക്കുന്നു.

മലയാളം എന്ന പദത്തിന്റെ നിഷ്പത്തിയെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസത്തെക്കാൾ പ്രാധാന്യമുള്ളത് ഭാഷയുടെ ഉൽപത്തിയെക്കുറിച്ചുള്ള മതഭേദങ്ങളാണെന്നും തുടർന്ന് അദ്ദേഹം പറയുന്നുണ്ട്. അതിനുശേഷം ഉൽപത്തിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ സംഗ്രഹിച്ചു ചേർക്കുന്നു. അതിൽ ആദ്യത്തേത് സംസ്കൃതജന്യം എന്ന അഭിപ്രായമാണ്. ഈ അഭിപ്രായത്തെ ആദ്യം ചോദ്യം ചെയ്തത് ഡബ്ലിയു. എഫ്. എല്ലിസ്സാണെന്നും പിന്നീട് കാൾഡ്വൽ വേണ്ടത്ര തെളിവുകളോടും ന്യായങ്ങളോടും സംസ്കൃതജന്യവാദം സമർത്ഥമായി ഖണ്ഡിച്ച് തെന്നിന്ത്യൻ ഭാഷകൾ ഒരു വ്യത്യസ്ത ഗോത്രത്തിൽപ്പെട്ടവയാണെന്നു സ്ഥാപിക്കുകയും ചെയ്തതായി തുടർന്ന് ഡോ. കെ. എം. ജോർജ്ജ് വ്യക്തമാക്കുന്നു. കാൽഡ്വലിന്റെ അഭിപ്രായത്തെ പ്രായേണ അംഗീകരിക്കുന്ന എ. ആറിന്റെ നിലപാടും, എ. ആറിന്റെ അഭിപ്രായത്തിനു ഒരു മറുപുറമുണ്ടെന്നു ചൂണ്ടിക്കാട്ടിയ 'സാഹിത്യചരിതകർത്താവായ' ആറ്റൂർ കൃഷ്ണപ്പിഷാരടിയുടെ അഭിപ്രായത്തെയും വിവരിക്കുന്നു. ആറ്റൂരിന്റെയും എ. ആറിന്റെയും വാദമുഖങ്ങളെ ശാസ്ത്രീയമായി വിലയിരുത്തുകയും സ്വന്തമായ അഭിപ്രായത്തിൽ എത്തിച്ചേരുകയും ചെയ്ത ഡോ. കെ. ഗോദവർമ്മയുടെ അഭിപ്രായഗതികളെയാണ് പിന്നീട് അവതരിപ്പിക്കുന്നത്.

മലയാളത്തിന്റെ ഉത്ഭവത്തെക്കുറിച്ചു ചിന്തിക്കുകയും എഴുതുകയും ചെയ്തിട്ടുള്ള പണ്ഡിതന്മാരുടെ സംഭാവനകൾ വിലപ്പെട്ടതാണെങ്കിലും അവരിൽ പലരുടെയും സമീപനരീതിയിൽ ചില ദൗർബല്യങ്ങൾ കാണുന്നതായി ഡോ. കെ. എം. ജോർജ്ജ് ചൂണ്ടിക്കാട്ടുന്നു. ഭാഷാഗമചർച്ച മനോധർമ്മവും തർക്കപാടവവും പ്രദർശിപ്പിക്കുന്ന ഒരു രംഗമായിട്ടാണ് മുമ്പോട്ടു പോയിട്ടുള്ളതെന്നും, 'സാമഗ്രികൾ ശാസ്ത്രീയമായി അപഗ്രഥിച്ചുള്ള നിഗമനങ്ങളല്ല രേഖപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ട് സ്വന്തം അഭിപ്രായത്തെ അദ്ദേഹം ഇപ്രകാരം ഉറപ്പിക്കുന്നു. "യുക്തികളും തെളിവുകളും അടിസ്ഥാനമാക്കി നോക്കുമ്പോൾ ദ്രാവിഡഗോത്രത്തിൽ നിന്നും പിരിഞ്ഞ് കേരളത്തിലെ പ്രത്യേക പരിത:സ്ഥിതികളിൽ രൂപം കൊണ്ടു വളർന്നതും സംസ്കൃതം, തമിഴ് എന്നീ ഭാഷകളുടെ സമ്പർക്കം മൂലം പല നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളതും തമിഴ്, തെലുങ്ക്, കന്നടം എന്നീ ഭാഷകളെപ്പോലെ വ്യക്തിത്വവും പ്രാചീനതയും അവകാശപ്പെടാവുന്നതുമായ ഒരു ഭാഷയാണ് മലയാളം എന്ന് സിദ്ധിക്കുന്നു"[23]. അങ്ങനെ മലയാള ഭാഷയുടെ സ്വതന്ത്രമായ വ്യക്തിത്വത്തെ അദ്ദേഹം സ്ഥാപിക്കുന്നു.

സാമാന്യവിജ്ഞാനസംബന്ധമായ ലേഖനങ്ങളാണ് 'അന്വേഷണങ്ങൾ പഠനങ്ങളിലെ' മൂന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്നത്. ഇതിൽ ആദ്യത്തേത്. 'വിദ്യാഭ്യാസത്തിൽ സാഹിത്യപഠനത്തിനുള്ള സ്ഥാന'ത്തെക്കുറിച്ചുള്ളതാണ്. യൂണിവേഴ്സിറ്റി കോളേജ് ശതാബ്ദിയാഘോഷ പരിപാടികളിലെ സാഹിത്യ സമ്മേളനത്തിൽ ചെയ്ത പ്രസംഗമാണ് ഈ ലേഖനം. വിദ്യാഭ്യാസ പരിപാടിയിൽ സാഹിത്യത്തിന്റെ ഉള്ളടക്കം വർദ്ധിപ്പിക്കുക രാഷ്ട്രത്തിന്റെ സുസ്ഥിതിക്കു വളരെയേറെ ആവശ്യമാണെന്നും ഭാരതീയ സാഹിത്യവും ലോകസാഹിത്യവും ആയി കുറെയെങ്കിലും പരിചയപ്പെടുവാൻ നമ്മുടെ വിദ്യാർത്ഥികൾക്കു സാധിക്കണമെന്നു അദ്ദേഹം ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് ലോകസാഹിത്യങ്ങളിൽ നിന്നും ഏതാനും കൃതികൾ തെരഞ്ഞെടുത്ത് പഠന പരിപാടിയിൽ ഉൾപ്പെടുത്തുന്നത് എല്ലാം കൊണ്ടും ആശ്വാസമായിരിക്കുമെന്നും ഉത്തമസാഹിത്യാസ്വാദനത്തിലൂടെ നേടാവുന്ന സാംസ്കാരിക ലഹരിക്ക് അവരെ വിധേയരാക്കുകയും

ചെയ്യണമെന്നും അദ്ദേഹം ഊന്നിപ്പറയുന്നു.

'ചില വിദ്യാഭ്യാസ പ്രശ്നങ്ങൾ' എന്ന ലേഖനം നിലവിലിരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളെക്കുറിച്ചുള്ള വിമർശനങ്ങളും ആക്ഷേപങ്ങളും പരിഷ്കാര നിർദ്ദേശങ്ങളും അടങ്ങിയതാണ്. സമുദായം ഒട്ടാകെ പുരോഗമിക്കുമ്പോൾ വിദ്യാഭ്യാസം അതിന്റെ വഴിത്താരയിൽ വിലങ്ങുതടിയായിക്കിടക്കാതെ മുമ്പോട്ടു നയിക്കുന്ന ശക്തിയായി രൂപം കൊള്ളണമെന്ന ഉദ്ബോധനം ഇതിൽ ഉണ്ട്. വിദ്യാഭ്യാസം അവസാനിക്കാത്ത ഒരു പ്രക്രിയായി മാത്രമേ സമൂഹത്തിന് തികച്ചും പ്രയോജനമുള്ള വ്യക്തികളായി നമ്മുടെ അഭ്യസ്തവിദ്യരെ രൂപപ്പെടുത്തുവാൻ കഴിയൂ എന്ന ഉറച്ചവിശ്വാസവും അദ്ദേഹം പ്രകടമാക്കുന്നു.

സമ്പൂർണ്ണ വ്യക്തിത്വ വികസനത്തിന് സഹായിക്കുന്ന ഒരു പ്രക്രിയയായി വിദ്യാഭ്യാസത്തെ കണക്കാക്കിയ ഒരു വ്യക്തിയാണ് ഡോ. കെ. എം. ജോർജ്ജ്. ഉത്തരവാദിത്ത ബോധത്തോടുകൂടി ജീവിതത്തിന്റെ നാനാവിധപ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള അറിവും പരിശീലനവും ആണ് വിദ്യാഭ്യാസത്തിൽ വേണ്ടതെന്നും അദ്ദേഹം വിശ്വസിക്കുന്നു.

സർവവിജ്ഞാനകോശം എന്ന അടുത്ത ലേഖനം, ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിമൂന്നിൽ സർവവിജ്ഞാനകോശം ഒന്നാം വാല്യം പ്രകാശിപ്പിക്കപ്പെട്ട സന്ദർഭത്തിൽ ചീഫ് എഡിറ്റർ എന്ന നിലയിൽ ഡോ. കെ. എം. ജോർജ്ജ് അവതരിപ്പിച്ച റിപ്പോർട്ടാണ്. സർവവിജ്ഞാനകോശത്തിന്റെ ആവശ്യകതയെക്കുറിച്ചും, അതിന്റെ സാമാന്യ സ്വരൂപത്തെക്കുറിച്ചുമുള്ള ഒരു സംക്ഷിപ്തമായ വിവരണമാണ് അദ്ദേഹം നൽകുന്നത്. കേരളീയമായ കാഴ്ചപ്പാടിലൂടെ ലോകവിജ്ഞാനത്തെ വീക്ഷിക്കുകയും വിവരിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. കോശഗ്രന്ഥങ്ങളുടെ ലക്ഷ്യം, വേഗമല്ല, വിശ്വാസയോഗ്യമായ വിവരങ്ങൾ ശേഖരിച്ചു വിദഗ്ദമായി വിവരിച്ചു കൊടുക്കലാണ് എന്ന വിശ്വാസമുണ്ടെങ്കിലും സമയബന്ധിതമായ രീതിയിൽത്തന്നെ വിജ്ഞാനകോശം പുറത്തിറക്കാൻ അദ്ദേഹത്തിനു സാധിച്ചത്. ആസൂത്രണപാടവം ഒന്നുകൊണ്ട് മാത്രമാണ്. 'വിജ്ഞാന പ്രചാരണത്തിൽ മിഷനറിമാർ വഹിച്ച

പങ്ക്' എന്ന ലേഖനം മിഷനറിമാരുടെ പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ നൽകുന്നതാണ്. ഗദ്യത്തിന്റെ മേഖലയിലാണ് പാശ്ചാത്യ മിഷനറിമാരുടെ മികച്ച സംഭാവനകൾ ഉണ്ടായിട്ടുള്ളതെന്നും അത് വൈജ്ഞാനിക സാഹിത്യരംഗത്ത് മികച്ച നേട്ടങ്ങൾക്കു കാരണമായിട്ടുണ്ടെന്നും അദ്ദേഹം വിവരിക്കുന്നു. ഭാഷയുടെ ശാസ്ത്രീയപഠനത്തിനുതകുന്ന നിഘണ്ടുക്കളോ വ്യാകരണകൃതികളോ സാരവത്തായ ഗദ്യകൃതികളോ ഒന്നുമില്ലാതിരുന്ന രംഗത്താണ് അവരുടെ ആദ്യപ്രവർത്തനം. ഭാഷ, വിദ്യാഭ്യാസം, പത്രപ്രവർത്തനം തുടങ്ങിയ മതേതരരംഗങ്ങളിലേക്ക് പ്രവേശിച്ച്, സാമൂഹിക ജീവിതത്തിന് കൊഴുപ്പും കഴമ്പും ഉണ്ടാക്കാൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾക്ക് ഏറെക്കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. മൂന്നു ഘട്ടങ്ങളായിത്തിരിച്ചാണ് അവരുടെ പ്രവർത്തനങ്ങളെ ഡോ. ജോർജ്ജു വിലയിരുത്തുന്നത്. അതിൽ ഗുണ്ടർട്ടിന്റെയും ബെഞ്ചമിൻ ബെയിലിയുടെയും പ്രവർത്തനങ്ങളെയാണ് എടുത്തു പറയുന്നത്. പത്രപ്രവർത്തനരംഗത്തെ ഇവരുടെ സംഭാവനകളെയും ഇതിൽ വിലയിരുത്തുന്നുണ്ട്. പാശ്ചാത്യ മാതൃകയിലുള്ള വിദ്യാഭ്യാസത്തിനു മധ്യകേരളത്തിൽ അടിത്തറ പാകിയ വിദഗ്ദ്ധനും ആദ്യത്തെ മലയാളം-ഇംഗ്ലീഷ്, ഇംഗ്ലീഷ്-മലയാളം എന്നീ നിഘണ്ടുകളുടെ സമാഹർത്താവും ഒക്കെയായ ബെഞ്ചമിൻ ബെയിലിക്ക് അദ്ദേഹത്തിന്റെ പ്രവർത്തന മേഖലയായ കോട്ടയത്തു ഒരു സ്മാരകം ഉണ്ടാവുമെന്ന പ്രതീക്ഷയോടെയാണ് ഡോ. കെ. എം. ജോർജ്ജ് തന്റെ സ്മാരക പ്രഭാഷണം അവസാനിപ്പിച്ചത്.

ആയിരത്തിത്തൊള്ളായിരത്തി എഴുപത്തി ഏഴിൽ കണ്ടത്തിൽ വറുഗീസു മാപ്പിള സ്മാരക മന്ദിരോദ്ഘാടന സമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിന്റെ ലേഖന രൂപമാണ് അടുത്തതായി ചേർത്തിരിക്കുന്നത്. മൂന്നായി മുറിഞ്ഞു കിടന്ന കേരളത്തെ ഭാഷയുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ ഒന്നായിക്കാണുവാനും മലയാള ഭാഷയെയും സാഹിത്യത്തെയും വളർത്തുവാനും വൈജ്ഞാനികവും സാംസ്കാരികവുമായ നവോത്ഥാനത്തിനു വഴിയൊരുക്കുകയും ചെയ്ത യുഗപ്രഭാവനായാണ് അദ്ദേഹത്തെ വീക്ഷിക്കുന്നത്. സാഹിത്യ രചയിതാക്കളിൽ ഗണനീയനും സാഹിത്യസംഘാടകരിൽ അഗ്രഗണ്യനുമായ കണ്ടത്തിൽ വറുഗീസു മാപ്പിള,

മലയാള മനോരമ, ഭാഷാപോഷിണി എന്നീ പത്രങ്ങൾ വഴി സാഹിത്യരചയിതാക്കൾക്കു വിഹരിക്കുവാൻ നല്ലൊരു രംഗം ഒരുക്കിയ വ്യക്തിയാണ്. ഭാഷാ സാഹിത്യത്തിലെ നവോത്ഥാനത്തിന്റെ ഉത്ഭവത്തിനും പുരോഗതിക്കും, സാഹിത്യശില്പിയും സംഘാടന വല്ലഭനുമായ കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ സേവനങ്ങൾ ഏറെ ഉപകരിച്ചതായി ഡോ. കെ. എം. ജോർജ്ജ് വ്യക്തമാക്കുന്നു.

'*ഇന്ത്യയുടേത് ഒരവിയൽ സംസ്കാരമോ*'? *എന്ന അടുത്ത ലേഖനത്തിൽ*, സമൃദ്ധവും വൈവിധ്യപൂർണ്ണമായ ഒരവിയൽ സംസ്കാരമാണ് ഇന്ത്യയുടേതെന്ന്, അദ്ദേഹം സമർത്ഥിക്കുന്നു. "ചരിത്രപരവും സാമൂഹിക ശാസ്ത്രപരമായും സാംസ്കാരികമായും വളരെ സങ്കീർണ്ണതകൾ കലർന്ന ഒരു രാഷ്ട്രമാണ് ഇന്ത്യ എന്നതിൽ സംശയമില്ല. പക്ഷേ, ഈ സങ്കീർണ്ണതകൾ ഉള്ളപ്പോൾത്തന്നെ രാഷ്ട്രീയമായും സാമ്പത്തികമായും ഉദ്ഗ്രഥനം നേടാൻ കഴിയുമെന്നും അതിനുവേണ്ടി സാംസ്കാരിക സ്വാതന്ത്ര്യം പരിമിതപ്പെടുത്തേണ്ടതില്ലെന്നും സ്വിറ്റ്സർലണ്ട് തുടങ്ങിയ ചില പാശ്ചാത്യ രാഷ്ട്രങ്ങൾ കാണിച്ചു തരുന്നു"[29]. *തുടർന്ന് സാംസ്കാരിക രംഗത്ത്* കൃത്രിമമായ ഐക്യം ഉണ്ടാക്കാൻ ശ്രമിക്കാതെ മുന്നോട്ടു പോകേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ഭാരതീയ സംസ്കാരം ഒട്ടാകെ ധന്യമായി പരിലസിക്കുന്നതിന് ആദാനപ്രദാനങ്ങൾ അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. 'ജൈനമതവും ചിലപ്പതികാരവും' എന്ന അവസാന ലേഖനം, അക്കൂട്ടത്തിൽ വേറിട്ടു നിൽക്കുന്ന ഒന്നാണ്. ജൈനമതചിന്തകനായ വർദ്ധമാന മഹാവീരനെക്കുറിച്ചും ജൈനസിദ്ധാന്തങ്ങളെക്കുറിച്ചും സാമാന്യം ഹ്രസ്വമായ ഒരു വിവരണം നൽകിയ ശേഷം ഒരു ജൈനകൃതിയായി എണ്ണപ്പെടുന്ന ഇളം കോവടികളുടെ 'ചിലപ്പതികാര'ത്തെക്കുറിച്ചും വിശദമായ വിവരണം നൽകുന്നു. പതിനഞ്ചിലധികം ശതകങ്ങൾ പഴക്കമുള്ള ഈ കഥാകാവ്യത്തിന് ഒരു നോവലിന്റെ രസികതയും മഹാകാവ്യത്തിന്റെ ഗാംഭീര്യവും നാടകത്തിന്റെ സംഘട്ടനാത്മകതയും ഉള്ളതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സങ്കുചിതമായ രീതിയിൽ മതപ്രചരണം നടത്തുന്ന ഗ്രന്ഥമല്ല ചിലപ്പതികാരമെന്നും സമുദായത്തിന്റെ വിവിധ മേഖലകളും ഇതിൽ

പ്രതിപാദിക്കപ്പെട്ടിരിക്കുന്നുവെന്നും ഡോ. ജോർജ്ജ് വ്യക്തമാക്കുന്നു. എന്നാൽ വികാരങ്ങളെ നിയന്ത്രിച്ചും ഭൗതിക സുഖങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറിയും വികാര നിയന്ത്രണം പ്രയാസമായി വരുമ്പോൾ ആത്മാഹൂതി ചെയ്ത് ജീവന്മുക്തി നേടണം എന്ന ജൈനമത ലക്ഷ്യം ഈ കഥയുടെ പരിണതിയിൽ മനസ്സിലാക്കാൻ കഴിയുമെന്ന് അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

'അന്വേഷണങ്ങൾ പഠനങ്ങൾ' എന്ന കൃതി വൈവിധ്യമാർന്ന വിഷയങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നു എന്നതുകൊണ്ട് തന്നെ ശ്രദ്ധേയമാണ്. ആസ്വാദനത്തിന്റെയും നിരൂപണത്തിന്റെയും സ്വതന്ത്രചിന്തയുടെയും സംയുക്തമായ സത്ത ഇതിലെ രചനകൾക്കുണ്ട്. ശ്രീ പവനൻ ചൂണ്ടിക്കാട്ടുന്നതു പോലെ "പല ഘട്ടങ്ങളായി പലതരം ആവശ്യങ്ങൾക്കുവേണ്ടി എഴുതപ്പെട്ട ഈ ലേഖനങ്ങളെ ഒരു പുസ്തകത്തിൽ സമാഹരിക്കുമ്പോൾ പ്രതിപാദ്യത്തിൻ ആവർത്തനം വരിക സ്വാഭാവികമാണ്. ആവർത്തനത്തിന്റെ വിരസത ഗ്രന്ഥകർത്താവിന്റെ പ്രത്യേകമായ ശ്രമമുണ്ടായിട്ടും ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ ആ കാരണം കൊണ്ടു മാത്രം ഈ സമാഹാരത്തിന്റെ പ്രയോജനപരത വലിയ പോരായ്മ ഉണ്ടാക്കി എന്നു പറയാവുന്നതല്ല"[30] ഇപ്രകാരമുള്ള ചില ന്യൂനതകൾ മാറ്റി നിർത്തിയാൽ ഡോ. കെ. എം. ജോർജ്ജിന്റെ സാഹിത്യപരവും ഭാഷാപരവും ആയ ഗവേഷണ പഠനങ്ങളുടെ ഒരുത്തമ മാതൃകയാണ് ഈ കൃതി. സാഹിത്യ പ്രവർത്തക അവാർഡ്, റവ. ഡോ. എബ്രഹാം വടക്കേൽ അവാർഡ്, കൽക്കത്തയിലെ ഭാഷാ പരിഷത്തിന്റെ പുരസ്കാരം എന്നിങ്ങനെ വിവിധ പുരസ്കാരങ്ങൾ ഈ കൃതിക്ക് ലഭിച്ചിട്ടുണ്ട്. ഗവേഷണ സംസ്കാരമുള്ള ഒട്ടേറെ നിരൂപണങ്ങൾ അടങ്ങിയ ഈ സമാഹാരത്തിലെ ഭാഷ, അനാർഭാടവും പ്രസന്നമധുരവുമാണ്. ഭാഷാ ശാസ്ത്രം, വ്യാകരണം തുടങ്ങിയ മേഖലകളിലെ ഗ്രന്ഥകാരന്റെ അഗാധമായ ജ്ഞാനം പ്രതിഫലിപ്പിക്കുന്നവയാണ് ഇതിലെ രണ്ടാം വിഭാഗത്തിലെ ലേഖനങ്ങൾ. ഡോ. കെ. എം. ജോർജ്ജിന്റെ ഭാരതീയ സാഹിത്യ പരിചയം പ്രത്യക്ഷപ്പെടുത്തുന്ന ഒട്ടേറെ ലേഖനങ്ങൾ ഈ സമാഹാരത്തിന്റെ ഒരു പ്രത്യേകതയാണ്. ഭാരതീയ സാഹിത്യകാരന്മാരെക്കുറിച്ച് വിപുലമല്ലെങ്കിലും സാമാന്യമായ ധാരണ വായനക്കാർക്ക് ലഭ്യമാക്കാൻ പര്യാപ്തമാണ് അദ്ദേഹത്തിന്റെ വിവരണങ്ങൾ.

## സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും

സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും എന്ന കൃതിയും ഡോ. കെ. എം. ജോർജ്ജിന്റെ മറ്റു പല സമാഹാരങ്ങളെയും പോലെ വിഷയ വൈവിധ്യത്താൽ ആകർഷകമാണ്. ഭാഷാ സാഹിത്യ സംബന്ധികളായ ഭിന്ന മേഖലകളിലാണ് ലേഖനങ്ങളുടെ സ്ഥിതി. സാഹിത്യ പ്രാധാന്യമുള്ള രചനകളാണ് ആദ്യഭാഗത്തു ചേർത്തിരിക്കുന്നത്. വിജ്ഞാന മേഖലയിൽപ്പെടുന്നവയാണ് അവസാന ഭാഗത്തു ചേർത്തിരിക്കുന്നത്. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും ആൾ ഇന്ത്യാ റേഡിയോയുടെയും ആവശ്യാനുസരണം തയ്യാറാക്കപ്പെട്ടവയാണ് മിക്ക ലേഖനങ്ങളും മുപ്പത്തി ഏഴു ലേഖനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

'സാഹിത്യം ഇന്ന്' എന്ന ആദ്യലേഖനം തത്ത്വചിന്താപരമായ തലങ്ങളിലേക്കു പ്രവേശിക്കാതെ, ആധുനികതയുടെ ചില വശങ്ങളെക്കുറിച്ച് സാമാന്യമായി പ്രതിപാദിക്കുന്നു. *നാളെയ്ക്കുവേണ്ടി ഇന്നെഴുതുന്ന സാഹിത്യകാരൻ ഉള്ളിലേക്കും വെളി*യിലേക്കും നോക്കേണ്ടതുണ്ടെന്നും അങ്ങനെയുള്ള പ്രേരണകൾ ഉൾക്കൊണ്ട് വേണം സാഹിത്യകാരൻ കലാസൃഷ്ടി നടത്തേണ്ടതെന്നും ഡോ. കെ. എം. ജോർജ്ജ് ഉദ്ബോധിപ്പിക്കുന്നു. പുതിയ ആശയങ്ങൾ, പുതിയ പ്രമേയങ്ങൾ സങ്കേതങ്ങൾ ചിത്രകല്പനകൾ ഇവയൊക്കെയുണ്ടെങ്കിൽ കവിത, നാടകം, നോവൽ എന്നീ പഴയ മാധ്യമങ്ങൾക്കു പോരായ്മ തോന്നുകയില്ലെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. അങ്ങനെ സാഹിത്യാദാനത്തിനുള്ള മണ്ഡലം വിപുലപ്പെടുത്തുമ്പോൾ മാത്രമേ ഇന്നിന്റെ സാഹിത്യകാരനിൽ നിന്ന് കൂടുതൽ വിഭവങ്ങൾ ലഭിക്കുകയുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

സാഹിത്യത്തിലെ തലമുറകൾ തമ്മിലുള്ള വിടവ് എത്രത്തോളമാണെന്ന് വിശദമാക്കുന്നതാണ് അടുത്ത ലേഖനം. രണ്ടു തലമുറകളിലെ സാഹിത്യകാരന്മാർ ലക്ഷ്യങ്ങളുടെയും ആദർശങ്ങളുടെയും കാര്യത്തിൽ വിഭിന്നത പുലർത്തുന്നവരാണെന്നു ഒട്ടനവധി ഉദാഹരണങ്ങൾ ഉദ്ധരിച്ച് സമർത്ഥിക്കുന്നു. പക്ഷേ ഈ തലമുറകൾ തമ്മി

ലുള്ള വിടവിനെക്കുറിച്ച് ആളുകൾ കൂടുതൽ ബോധവാന്മാരാണെന്നും അദ്ദേഹം വ്യക്ത മാക്കുന്നുണ്ട്. യുവജനങ്ങളുടെ മധ്യേ പകർച്ചവ്യാധിപോലെ വ്യാപിച്ചിരിക്കുന്ന മോഹ ഭംഗവും പാരമ്പര്യ മൂല്യങ്ങളുടെയും നിഷേധവും മറ്റു രംഗങ്ങളിലെന്ന പോലെ സാഹി ത്യത്തിലും സ്വാധീനത ചെലുത്തിയിട്ടുണ്ടെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. പാശ്ചാത്യ സാഹിത്യങ്ങളിലെ അഭിനവ ചലനങ്ങളെ അനുകരിക്കാൻ ശ്രമിക്കാതെ സമൂഹത്തോ ടുള്ള ഉത്തരവാദിത്വത്തെ രചനാ ശില്പത്തിന് വിധേയമാക്കാൻ യുവ എഴുത്തുകാർ തയ്യാറായാൽ മാത്രമേ തലമുറകൾ തമ്മിലുള്ള വിടവു നികത്താൻ കഴിയുകയുള്ളു വെന്നും ഡോ. ജോർജ്ജ് ഓർമ്മിപ്പിക്കുന്നു.

'പ്രതിഷേധ ശബ്ദം സാഹിത്യത്തിൽ' എന്ന അടുത്ത ലേഖനം, സമൂ ഹത്തെ പുരോഗതിയുടെ പാതയിലൂടെ നയിക്കുന്നതിലും, നാഗരികത വളർത്തുന്ന തിലും പ്രചരിപ്പിക്കുന്നതിലും ഉള്ള സാഹിത്യകാരനുള്ള പങ്ക് വ്യക്തമാക്കുന്നു. അനീ തിയും അസമത്വവും നിമിത്തം അസംതൃപ്തി അനുഭവിക്കുന്ന മനുഷ്യനിലാണ് സ്വാഭാ വികമായും എതിർപ്പും പ്രതിഷേധവും പ്രകടമാകുന്നതെന്നും ആ എതിർപ്പ് സമൂഹ ത്തിനുവേണ്ടിയാകുമ്പോൾ അതിന്റെ ശക്തി വർദ്ധിക്കുന്നുവെന്നും, എഴുത്തുകാരൻ സ്വകൃതികളിൽ പ്രത്യക്ഷമായും പരോക്ഷമായും ആ എതിർപ്പുകൾ പ്രകാശിപ്പിക്കു ന്നുവെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. തന്റെ വിപ്ലവപൂർണ്ണമായ ദർശനത്തിന്റെ അല കൾ അനുവാചകരിൽ വ്യാപിക്കത്തക്കവണ്ണമാണ് സാഹിത്യകാരൻ തൂലിക ചലിപ്പി ക്കുന്നത്.

മലയാള സാഹിത്യത്തിൽ പ്രതിഷേധ ശബ്ദം ഉച്ചത്തിൽ കേട്ടു തുട ങ്ങിയ കാലഘട്ടം ഏതേതൊക്കെയാണ് എന്ന് അദ്ദേഹം വിലയിരുത്തുന്നുണ്ട്. പുതിയ തലമുറയുടെ എതിർപ്പും പ്രതിഷേധവും പഴയ തലമുറയെ പരാജയപ്പെടുത്തുന്ന ചിത്രം ഇന്ദുലേഖയിൽ അദ്ദേഹം ദർശിക്കുന്നുണ്ട്. കവിയെന്ന നിലയിൽ പേരെടുക്കുകയും മലയാള കാവ്യരചനയിൽ ഒരു നവോത്ഥാനത്തിന്റെ ചാലു മുറിക്കുകയും ചെയ്ത കുമാരനാശാനെയാണ് അടുത്തതായി വിലയിരുത്തുന്നത്. ആശാന്റെ തലമുറയിൽ ഉൾപ്പെടുന്ന വള്ളത്തോളും ഉള്ളൂരും തികച്ചും ഗംഭീരങ്ങളായ പ്രതിഷേധ ചിന്തകൾ

സൂചിപ്പിച്ചവരാണെന്നും വ്യക്തമാക്കിയ ശേഷമാണ് പ്രതിഷേധം പ്രസ്ഥാനമാകുന്ന അവസ്ഥയെ വിശദമാക്കുന്നത്. അത്തരം സാമൂഹിക വ്യതിയാനങ്ങൾക്കു ആവേശം പകർന്ന സാഹിത്യകാരന്മാരിൽ ജി, ചങ്ങമ്പുഴ, വയലാർ രാമവർമ്മ, പി. ഭാസ്കരൻ, എൻ. വി. കൃഷ്ണവാരിയർ, കേശവദേവ്, തകഴി, പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്, ബഷീർ, കെ. ദാമോദരൻ, തോപ്പിൽ ഭാസി എന്നിവരെയെല്ലാം അദ്ദേഹം ഉൾപ്പെടുത്തുന്നുണ്ട്. സമൂഹത്തിന്റെ പുരോഗമനപരമായ ചലനങ്ങൾക്ക് തങ്ങളുടെ രചനകൾ കൊണ്ട് ആക്കവും മാനവും വർദ്ധിപ്പിച്ചവരാണ് ഈ സാഹിത്യകാരന്മാർ എന്നും എതിർപ്പും, പ്രതിഷേധവും അമർഷവും, സമരാരാഹ്വാനവും പ്രകടിപ്പിക്കുന്നതിൽ അവർ ഒരിക്കലും പിന്നോക്കമായിരുന്നില്ല എന്നുറപ്പിച്ചു പറഞ്ഞു കൊണ്ടാണ് ഡോ. കെ. എം. ജോർജ്ജ് ലേഖനം അവസാനിപ്പിക്കുന്നത്.

കവികളെയും കലാകാരന്മാരെയും സൃഷ്ടിക്കുവാനും ജന്മനാ സർഗ്ഗശക്തിയുള്ള വ്യക്തികളെ രൂപപ്പെടുത്താനും അവർക്ക് ഉത്തേജനം നൽകാനുമുള്ള വർക്കുഷോപ്പുകളുടെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്, സാഹിത്യരംഗത്ത് വർക്കുഷോപ്പുകളുടെ പ്രസക്തി എന്ന ലേഖനം. എഴുതിത്തെളിയാൻ സാധ്യതയുള്ള യുവജനങ്ങൾക്ക് വിദഗ്ദ്ധമായി ആസൂത്രണം ചെയ്തിട്ടുള്ള വർക്കുഷോപ്പനുഭവങ്ങൾ കൂടുതൽ പ്രയോജനം ചെയ്യുമെന്നും അതിനുവേണ്ടി അക്കാദമികൾ പോലെയുള്ള സ്ഥാപനങ്ങൾ അവ സംഘടിപ്പിക്കുന്ന വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. മാത്രമല്ല പ്രതിഭാശാലികൾക്കു പോലും വർക്കുഷോപ്പു മാതൃകയിലുള്ള ചർച്ചയും വിമർശനവും ആസ്വാദനവും ഏറെ പ്രയോജനകരമാവുമെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

സാഹിത്യത്തിൽ താരതമ്യപഠനത്തിനുള്ള പ്രസക്തിയാണ് 'സാഹിത്യത്തിലെ താരതമ്യപഠനം' എന്ന ലേഖനത്തിൽ വിവരിക്കുന്നത്. മനുഷ്യബുദ്ധിയുടെ സ്വാഭാവിക ധർമ്മങ്ങളിൽ ഒന്നാണ് താരതമ്യ നിരീക്ഷണമെന്നും, സാഹിത്യാസ്വാദനവും സാഹിത്യപഠനവും എക്കാലത്തും താരതമ്യാധിഷ്ഠിതമാണെന്നും ഡോ. കെ. എം. ജോർജ്ജ് വ്യക്തമാക്കുന്നു. താരതമ്യപഠനം വൈവിധ്യത്തിൽ ഏകത്വത്തെ കണ്ടെ

ത്താൻ ഉപകരിക്കുന്നതോടൊപ്പം സാഹിത്യത്തെ സംബന്ധിച്ച വിശ്വവ്യാപകമായ ഒരു കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും സഹായകമാണെന്നദ്ദേഹം വിശ്വസിക്കുന്നു. ഒരു സ്വതന്ത്രവിജ്ഞാന ശാഖയെന്ന നിലയിൽ സാഹിത്യത്തിലെ താരതമ്യപഠനത്തിന് വള രെക്കാലത്തെ ചരിത്രമൊന്നും അവകാശപ്പെടാനില്ലെന്നു വ്യക്തമാക്കിയിട്ട് താരതമ്യപഠ നത്തിന്റെ പ്രയോജനത്തെ ഇപ്രകാരം വിലയിരുത്തുന്നു. "നിരവധി ഭാഷകളും ഭാഷാ ഭേദങ്ങളും നിറഞ്ഞ ഇന്ത്യയെപ്പോലൊരു രാജ്യത്തിൽ താരതമ്യ സാഹിത്യപഠനത്തിന് സാമാന്യത്തിൽ ക്കവിഞ്ഞ പ്രസക്തിയുണ്ട്. ഇൻഡ്യയുടെ വിവിധ പ്രാദേശിക സാഹി ത്യങ്ങളിൽ കൂടി ആവിഷ്കൃതമാകുന്ന ഭാരതീയത്വം എന്ന കേന്ദ്രസത്ത കണ്ടെ ത്തേണ്ട ചുമതല നമുക്കുണ്ട്"[31]. തുടർന്ന് ഈ ലക്ഷ്യം നിറവേറ്റുന്നതിനു വേണ്ടി കേരള സാഹിത്യ അക്കാദമി ആസൂത്രണം ചെയ്തിട്ടുള്ള ഭാരതീയ സാഹിത്യ ഗ്രന്ഥ നിർമ്മിതി യുടെ പ്രയോജനത്തെക്കുറിച്ചും വിവരിക്കുന്നു.

'ഭാരതീയ സാഹിത്യ ചരിത്ര രചന'യും 'ഭാരതീയ സാഹിത്യ ദർശനവും വിവർത്തന പ്രക്രിയയും' എന്നീ രണ്ടു ലേഖനങ്ങൾ മുൻ ലേഖനത്തിന്റെ തുടർച്ചയായി കാണേണ്ടവയാണ്. ഇതിൽ ആദ്യ ലേഖനം ഡോ. കെ. എം. ജോർജ്ജ് എഡിറ്റു ചെയ്തി ട്ടുള്ള ഭാരതീയ സാഹിത്യ ചരിത്രം ഒന്നാം വാല്യത്തിന്റെ ആമുഖമാണ്. ഭാരതീയ സാഹിത്യ ചരിത്രത്തിന്റെ പ്രയോജനത്തെ വിലയിരുത്തിക്കൊണ്ട് അദ്ദേഹം പറയുന്നതു നോക്കു ക. " 'ഭാരതീയ സാഹിത്യ ചരിത്രം' ഒരേ സമയം ഒരു റഫറൻസ് ഗ്രന്ഥവും തുടർച്ച യായി വായിച്ചു പോകാവുന്ന ഒരു ചരിത്ര കൃതിയും ആണ്. ഭാരതീയ സാഹിത്യത്തെ ക്കുറിച്ചു മൊത്തത്തിലും കഥ, കവിത, നാടകം തുടങ്ങിയ ശാഖകളെക്കുറിച്ചും പ്രത്യേ കിച്ചും അറിവു നൽകുന്ന ലേഖനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പല തര ത്തിലുള്ള ഭാഗിക പഠനങ്ങൾ, വിശേഷിച്ചും താരതമ്യാധിഷ്ഠിതമായവ നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഈ കൃതിയിൽ ഉണ്ട്"[32]. ചുരുക്കിപ്പറഞ്ഞാൽ രണ്ടോ അതിലധികമോ ഭാഷകളുടെ സാഹിത്യ ചരിത്രങ്ങൾ താരതമ്യം ചെയ്തു ഗവേഷണം നടത്താനും ഭാരതീയ സാഹിത്യങ്ങളിൽ രൂപം കൊണ്ടിട്ടുള്ള പല സാമൂഹിക പ്രശ്നങ്ങളുടെയും

പശ്ചാത്തലം അന്വേഷിക്കുന്നതിനും പര്യാപ്തമാണീ കൃതിയെന്നദ്ദേഹം സമർത്ഥിക്കുന്നു. അങ്ങനെ നൂറു കണക്കിന് അന്വേഷണപഠനാദികൾക്ക് അടിസ്ഥാന സാമഗ്രികളും. പ്രചോദനവും നൽകുന്ന ഒരു മഹാ ഗ്രന്ഥമായി ഭാരതീയ സാഹിത്യ ചരിത്രത്തെ അദ്ദേഹം വിലയിരുത്തുന്നു.

ഭാരതീയ സാഹിത്യദർശനം സാധ്യമാകുന്നതിന് വിവർത്തനങ്ങൾ എത്രത്തോളം സഹായകമാകും എന്ന അന്വേഷണമാണ് 'ഭാരതീയ സാഹിത്യദർശനവും വിവർത്തനപ്രക്രിയയും' എന്ന അടുത്ത ലേഖനം. ഭാരതീയ സാഹിത്യങ്ങളെക്കുറിച്ച് മൊത്തത്തിൽ ഒരറിവു ലഭിക്കണമെങ്കിൽ വിവർത്തനങ്ങളെ ശരണം പ്രാപിക്കുകയോ നിവൃത്തിയുള്ളുവെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നുണ്ട്. സാഹിത്യത്തിൽ ഭാരതീയമായ ഒരു *വീക്ഷണവും ഭാരതീയമായ ഒരു മാനദണ്ഡവും ഉണ്ടാകാത്തതിന് പ്രധാന കാരണ*മായി ഡോ. കെ. എം. ജോർജ്ജ് ചൂണ്ടിക്കാട്ടുന്നത് ഭാഷകളുടെ ബഹുത്വമാണ്. വിപുലവും വിദഗ്ദ്ധവുമായ വിവർത്തനപ്രക്രിയ നടന്നാലേ അതിനു പരിഹാരമാകൂ എന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. തുടർന്ന് വിവർത്തകനുണ്ടായിരിക്കേണ്ട യോഗ്യതകളെക്കുറിച്ചും അദ്ദേഹം വിവരിക്കുന്നു. "രണ്ടു ഭാഷകളിലും സവിശേഷമായ സാമർത്ഥ്യം ഉള്ള ഒരു സഹൃദയനു മാത്രമേ സാഹിത്യ വിവർത്തനം ശരിക്കു നിർവഹിക്കാൻ കഴിയൂ. മൂലഭാഷയിലെ പ്രയോഗങ്ങളുടെ നിറവും മണവും ശരിക്കു ഗ്രഹിക്കാനും ആസ്വദിക്കാനുമുള്ള കഴിവാണ് ഒരു വിവർത്തകന് വേണ്ടത്. മൂല ഗ്രന്ഥത്തിലെ ചിന്താഗതി സൂക്ഷ്മമായും വൈകാരിക ഭാവങ്ങൾ അല്പം പോലും ഏറ്റക്കുറച്ചിൽ കൂടാതെയും ആവിഷ്കരിക്കാനുള്ള 'സരസ്വതീപ്രസാദം' വിവർത്തകനു കൂടിയേ കഴിയൂ"[33]. വിവർത്തന പ്രക്രിയയുടെ മർമ്മങ്ങൾ മനസ്സിലാക്കി അതിൽ പരിശീലനം നൽകുവാൻ പദ്ധതികൾ ആവിഷ്കരിക്കുക, ഓരോ ഭാഷയിൽ നിന്നും ഇതര ഭാഷകളിലേക്കു വിവർത്തനം ചെയ്യുന്നതിൽ നൂറു ഉത്തമ കൃതികൾ തെരഞ്ഞെടുക്കുക തുടങ്ങിയ കാര്യങ്ങൾ പ്രവൃത്തി പഥത്തിൽ കൊണ്ടു വന്ന് ഭാരതീയ സാഹിത്യദർശന സാക്ഷാത്കാരം നേടണമെന്ന നിർദ്ദേശമാണ് അദ്ദേഹം നൽകുന്നത്.

ദേശീയൈക്യം വളർത്തിക്കൊണ്ടു വരുന്നതിൽ സാഹിത്യകാരനുള്ള

പങ്കെന്തെന്നു വിശദമാക്കുന്നു 'ദേശീയൈക്യവും സാഹിത്യകാരന്മാരും' എന്ന ലേഖനം വൈകാരികൈക്യം മൂലം ദേശീയോദ്ഗ്രഥനം സാധിക്കുന്നതിന് ആദ്യമായി ചെയ്യേണ്ടത്, വിഭിന്ന ഭാഷകൾ മൂലം വേർതിരിഞ്ഞു കിടക്കുന്ന സമൂഹങ്ങൾ തമ്മിൽ പരസ്പരധാരണയും ബഹുമാനവും വർദ്ധിപ്പിക്കുകയാണ്. ഇതിനു പറ്റിയ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിൽ തർജ്ജമക്കാരായ എഴുത്തുകാർക്ക് നല്ല പങ്കു വഹിക്കാൻ കഴിയുമെന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു. അതിനാൽ ദേശീയൈക്യത്തിനു വേണ്ടി ബോധപൂർവം ശ്രമിക്കുന്ന ഇന്ത്യയിൽ അത്യന്താപേക്ഷിതമായി ചെയ്യേണ്ടത് വിവർത്തകരെ പരിശീലിപ്പിക്കുകയാണെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

'മലയാള സാഹിത്യം - ഭാരതീയ പശ്ചാത്തലത്തിൽ' എന്ന ലേഖനത്തിലും വിവർത്തകരെ പരിശീലിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ട്. കൂടാതെ, ഭാരതീയ സാഹിത്യം യഥാർത്ഥത്തിൽ ഒന്നാണ് എന്ന് തോന്നത്തക്കവിധത്തിൽ കാര്യങ്ങൾ നിർവഹിക്കാൻ ചില നിർദ്ദേശങ്ങളും ഡോ. ജോർജ്ജ് നൽകുന്നുണ്ട്. നിലവിലുള്ള വിവർത്തനങ്ങളുടെ സമഗ്രമായ ഒരു പട്ടിക തയ്യാറാക്കുകയും അന്തർസാഹിത്യാവധാരണത്തിന്റെ രംഗത്തു പ്രവർത്തിക്കുന്ന ഏജൻസികൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് അതിലൊന്ന്. ബിരുദതലത്തിലും ബിരുദാനന്തരതലത്തിലും ഭാഷാധ്യയന പദ്ധതിയിൽ പൊതുവായി ഭാരതീയ സാഹിത്യത്തിൽ ഒരു പേപ്പറിനു പുറമേ ഏതെങ്കിലും മറ്റൊരിന്ത്യൻ ഭാഷാപഠനം കൂടി ഉൾക്കൊള്ളിക്കണം എന്നതാണ് അദ്ദേഹത്തിന്റെ മറ്റൊരു നിർദ്ദേശം. കൂടാതെ അത്തരം പാഠ്യപദ്ധതി സുകരമാക്കുന്നതിന് ഭാരതീയ സാഹിത്യ താരതമ്യ പഠനത്തിന്റെ സമഗ്രമായ ഒരു പ്രമാണഗ്രന്ഥം തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറയുന്നു.

മലയാള സാഹിത്യം ആസ്പദമാക്കി ഇന്നുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചരിത്രകൃതികളുടെ ശക്തിദൗർബല്യങ്ങളും സവിശേഷതകളും വ്യക്തമാക്കുന്ന ഹ്രസ്വമായ അവലോകനമാണ് 'മലയാള സാഹിത്യ ചരിത്രം ഇന്നുവരെ' എന്ന ഉപന്യാസം. മുപ്പത്തി അഞ്ചിൽപ്പരം സാഹിത്യചരിത്രങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ടെങ്കിലും

അവയിൽ പ്രായേണ മൗലികങ്ങളായ ആറേഴു ചരിത്രകൃതികളെയാണ് ഡോ. കെ. എം. ജോർജ്ജ് വിശകലനവിധേയമാക്കുന്നത്. പ്രാമാണിക ചരിത്രകാരന്മാരിൽപ്പലരും തങ്ങളുടെ സാഹിത്യചരിത്രങ്ങൾക്കു പേരു കൊടുക്കുന്നതിൽ പാളിപ്പോയതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. "പി. ഗോവിന്ദപ്പിള്ളയുടെ ഗ്രന്ഥത്തിന്റെ പേരു 'മലയാള ഭാഷാചരിത്രം' എന്നാണ്. ഇതൊരു ഭാഷാചരിത്രമേയല്ല എന്നതാണു സത്യം; മലയാള ഭാഷയുടെ ചരിത്രത്തെ സ്പർശിക്കുന്ന ചില പരാമർശങ്ങൾ ഗ്രന്ഥാരംഭത്തിൽ ഉണ്ടെന്നതൊഴിച്ചാൽ, ഭാഷാചരിത്രവുമായി ഈ കൃതിക്കു ഒരു ബന്ധവുമില്ല"[34]. ആറ്റൂരിന്റെ ഭാഷാസാഹിത്യചരിത്രം ഡോ. കെ. എം. ജോർജ്ജിന്റെ അഭിപ്രായത്തിൽ സാഹിത്യചരിത്രമല്ല, ഭാഷാഗമത്തെയും താരതമ്യവ്യാകരണത്തെയും പുരസ്കരിച്ചുള്ള ഒരു പീഠികയാണ്. ടി. എം. ചുമ്മാറിന്റെ ഗദ്യസാഹിത്യചരിത്രവും പദ്യസാഹിത്യചരിത്രവും വിവരങ്ങൾ കൂടുതലും വിലയിരുത്തലുകൾ കുറവുമായ സാഹിത്യചരിത്രങ്ങളായിട്ടാണ് അദ്ദേഹം കാണുന്നത്. എൻ. കൃഷ്ണപിള്ളയുടെ 'കൈരളിയുടെ കഥ'യെ സാഹിത്യത്തിൽ മാംസള ഭാഗങ്ങൾ ആസ്വദിക്കാൻ പറ്റിയ കൃതിയായി കണക്കാക്കുന്നു. മലയാള സാഹിത്യത്തെക്കുറിച്ച് ഒരു സാമാന്യ രൂപം നൽകുന്ന പി. കെ. പരമേശ്വരൻ നായരുടെ മലയാള സാഹിത്യചരിത്രത്തെക്കുറിച്ച് പ്രസ്താവിച്ച ശേഷം, ഈ മേഖലയിൽ ഏറ്റവും വിലപ്പെട്ടതും ആധികാരികവുമായ ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രത്തെക്കുറിച്ച് വിവരിക്കുന്നു. ഉള്ളൂരിന്റെ കൃതിയുടെ ഗദ്യശൈലി പക്വവും രമ്യവുമാണെങ്കിലും ചില പോരായ്മകളും അതിൽ കണ്ടെത്തുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ കാര്യങ്ങൾ പ്രതിപാദിക്കുമ്പോൾ, പ്രശസ്തരായ പല ഗ്രന്ഥകാരന്മാരെയും, അവർ മരിച്ചിട്ടില്ല എന്ന ഒറ്റക്കാരണം കൊണ്ട് ഉപേക്ഷിക്കുന്ന ഉള്ളൂരിന്റെ രീതിയോട് ഡോക്ടർക്ക് യോജിക്കാൻ കഴിയുന്നില്ല. കുറെക്കൂടി സമഗ്രവും വസ്തുനിഷ്ഠവും ബൃഹത്തുമായ ഒരു ചരിത്ര പരമ്പര ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിക്കൊണ്ടാണ് ലേഖനം അവസാനിപ്പിച്ചിരിക്കുന്നത്.

ഏതാണ്ട് നൂറു വർഷത്തെ പഴക്കമുള്ള മലയാള നോവലിന്റെ പശ്ചാത്തലത്തെയും അവയുടെ പരിണാമചരിത്രത്തെയും കുറിച്ചുള്ള ഒരു ഹ്രസ്വവിവരണ

മാണ് 'ആധുനിക മലയാള നോവലുകൾ' എന്ന അടുത്ത ഉപന്യാസം. ചതുർവിധ വിഭവങ്ങൾ അടങ്ങിയ സദ്യ കഴിക്കുന്ന സന്തോഷമാണ് വായനക്കാരന് നോവൽ വായിക്കുമ്പോൾ ലഭിക്കുന്നതെന്നും, നോവൽ സദ്യയാണെങ്കിൽ ചെറുകഥ ലഘു ഭക്ഷണമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ തമിഴ് ഭാഷയും സാഹിത്യവും ചെലുത്തിയ സ്വാധീനമെന്തെന്ന അന്വേഷണമാണ് 'മലയാള സാഹിത്യത്തിന് തമിഴിൽ നിന്ന് എന്ത് കിട്ടി?' എന്ന ഉപന്യാസം. തമിഴ് - മലയാളങ്ങൾ തമ്മിൽ ഗോത്രബന്ധം ഉണ്ടെങ്കിലും സാഹിത്യാംശത്തിൽ തമിഴിനോടുള്ള കടപ്പാട് പരിമിതമാണെന്നും ഡോ. ജോർജ്ജ് വ്യക്തമാക്കുന്നു. മലയാള സാഹിത്യത്തിന്റെ ഉള്ളടക്കത്തിലോ രൂപങ്ങളിലോ, പ്രസ്ഥാനങ്ങളിലോ ഛന്ദസ്സ് തുടങ്ങിയ ബാഹ്യശില്പങ്ങളിലോ തമിഴ് സാഹിത്യം ഗണ്യമായി സ്വാധീനം ചെലുത്തിയിട്ടില്ല എന്ന നിഗമനമാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. തമിഴ് സാഹിത്യത്തിൽ നിന്ന് വിവർത്തനങ്ങളായി ചില കൃതികൾ ലഭിച്ചിട്ടുണ്ടെന്നല്ലാതെ പുതിയ സാഹിത്യരൂപങ്ങൾ കരുപ്പിടിപ്പിക്കുന്നതിനോ മലയാള സാഹിത്യത്തിൽ പുതിയ ചാലുകൾ വെട്ടിത്തുറക്കുന്നതിനോ തമിഴ് സാഹിത്യത്തിന് കഴിഞ്ഞിട്ടില്ല എന്നും അദ്ദേഹം ഉറപ്പിച്ചു പറയുന്നു.

നിരണം കൃതികളിലെ ഭാഷ - ചരിത്രബദ്ധമായ ഒരവലോകനം എന്ന ലേഖനം മലയാളകാവ്യഭാഷയുടെ വികാസ പരിണാമചരിത്രത്തിൽ നിരണം കൃതികളുടെ സ്ഥാനം എന്തെന്ന അന്വേഷണമാണ്. നിരണം കൃതികൾക്കു സാഹിത്യപരമായ മൂല്യം മാത്രമല്ല, ഭാഷാപരമായും സാഹിത്യചരിത്രത്തിൽ നിസ്തുലമായ സ്ഥാനമുണ്ടെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. തികച്ചും മലയാളത്തിന്റെ സന്താനങ്ങളായ കൃഷ്ണപ്പാട്ടും, കിളിപ്പാട്ടും ആവിർഭവിക്കുന്നതിന് വഴിയൊരുക്കിയ ഒരു പരിവർത്തന ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന കൃതികളായാണ് നിരണം കൃതികളെ അദ്ദേഹം കാണുന്നത്. ഈ സമാഹാരത്തിലെ അടുത്ത മൂന്നു ലേഖനങ്ങൾ ഒരു പ്രത്യേക കാലഘട്ടത്തിൽ മലയാളസാഹിത്യത്തെ പരിപുഷ്ടമാക്കിയ അതികായന്മാരായ ചില സാഹിത്യകാരന്മാരെക്കുറിച്ചാണ്. ആ മഹാസദസ്സിന്റെ അനിഷേധ്യ നേതാവായിരുന്ന കേരളവർമ്മ വലിയ

കോയിത്തമ്പുരാനെക്കുറിച്ചുള്ളതാണ് മലയാള സാഹിത്യത്തിൽ വലിയകോയിത്തമ്പുരാന്റെ സ്ഥാനവും സ്വാധീനവും എന്ന ആദ്യ ലേഖനം. മലയാള സാഹിത്യത്തിൽ കേരള വർമ്മ വലിയകോയിത്തമ്പുരാന്റെ സ്ഥാനം എന്തെന്നു നിർണ്ണയിക്കുകയും അദ്ദേഹം സാഹിത്യമണ്ഡലത്തിൽ ചെലുത്തിയ സ്വാധീനത്തിന്റെ ആഴവും പരപ്പും ചൂണ്ടിക്കാണിക്കുകയുമാണ് ഈ ലേഖനത്തിൽ ഡോ. കെ. എം. ജോർജ്ജ് മലയാള ഗദ്യത്തെ ആധുനികതയിലേക്കു നയിച്ച ആചാര്യന്മാരിൽ അഗ്രഗണ്യനായാണ് കേരള വർമ്മ വലിയകോയിത്തമ്പുരാനെ അദ്ദേഹം വീക്ഷിക്കുന്നത്. ആധുനിക മലയാള ഗദ്യത്തെ വലിയ കോയിത്തമ്പുരാൻ അനവദ്യവും സർവാംഗരമണീയവുമാക്കിത്തീർത്ത ചുറ്റുപാടുകളെക്കുറിച്ചുള്ള വിവരണവും ഈ ലേഖനത്തിലുണ്ട്. ഇംഗ്ലീഷ് സ്കൂളുകളിലെ പാഠ്യക്രമങ്ങളുടെ മട്ടും മാതിരിയും മനസ്സിലാക്കി സാഹിത്യം, ചരിത്രം, ശാസ്ത്രം, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളിൽ ധാരാളമായി പാഠ്യഗ്രന്ഥങ്ങൾ ആസൂത്രണം ചെയ്യുക മാത്രമല്ല, മറ്റുള്ളവർ എഴുതിയ കൃതികൾ പരിശോധിക്കുകയും തിരുത്തുകയും പരിഷ്കരിക്കുകയും ചെയ്യുന്ന ബൃഹത്തായ ഉത്തരവാദിത്വമാണ്. കേരള വർമ്മ ഏറ്റെടുത്തതെന്ന വസ്തുതയും ഇവിടെ അദ്ദേഹം വ്യക്തമാക്കുന്നു. മലയാളത്തിൽ താരതമ്യ വിമർശനരീതിയിൽ ആദ്യമായി സംസാരിച്ച വിമർശകൻ വലിയ കോയിത്തമ്പുരാൻ ആണെന്ന സുകുമാർ അഴീക്കോടിന്റെ അഭിപ്രായത്തെയും ഡോ. കെ. എം. ജോർജ്ജ് ഉദ്ധരിക്കുന്നുണ്ട്. പ്രോത്സാഹജനകങ്ങളായ അവതാരികകളെഴുതുന്ന കാര്യത്തിൽ അതീവ ശ്രദ്ധാലുവായിരുന്ന വലിയ കോയിത്തമ്പുരാൻ, ഭാഷാപോഷിണി സഭയുടെ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചുകൊണ്ട് നടത്തിയ ഭാഷാ സേവന പ്രവർത്തനങ്ങളെയും അദ്ദേഹം വിലയിരുത്തുന്നു.

മലയാള നിരൂപണസാഹിത്യത്തിലെ രാജരാജവർമ്മ യുഗം എന്ന ലേഖനം മലയാള നിരൂപണസാഹിത്യത്തിന്റെ വികാസത്തിനു സഹായിച്ച വ്യക്തികളുടെ പ്രധാന സംഭാവനകളുടെ ഒരവലോകനമാണ്. എ. ആർ. രാജരാജവർമ്മ, സി. പി. അച്യുതമേനോൻ, വേങ്ങയിൽ കുഞ്ഞുരാമൻ നായനാർ, സി. അന്തപ്പായി, മൂർക്കോത്തു കുമാരൻ, അപ്പൻ തമ്പുരാൻ, പി. കെ. നാരായണപിള്ള, കെ. രാമകൃഷ്ണപിള്ള

തുടങ്ങിയവരുടെ സംഭാവനകളെ വിലയിരുത്തുന്നതോടൊപ്പം സാഹിത്യ നിരൂപണത്തിന് പ്രാമുഖ്യം കൊടുത്തു കൊണ്ട് പ്രസിദ്ധീകരിക്കപ്പെട്ട മാസികകളെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. വിദ്യാവിനോദിനിയിലെ നിരൂപണ ലേഖനങ്ങൾ ഗ്രന്ഥകർത്താക്കളെ ഒരു മർമ്മ ചികിത്സയ്ക്കു വിധേയമാക്കുന്ന മട്ടിൽ ഉഗ്രവും നിശിതവുമായിരുന്നു എന്ന വസ്തുതയും അദ്ദേഹം എടുത്തു പറയുന്നുണ്ട്. പാരമ്പര്യത്തിന്റെ ചട്ടക്കൂടിനെ തകർത്തു പൊളിച്ച ഒരു വിപ്ലവകാരിയുടെ സ്ഥാനമാണ് എ. ആറിന് അദ്ദേഹം കൊടുക്കുന്നത്. സാഹിത്യ രചനയിലും സാഹിത്യാസ്വാദനത്തിലും പുതിയ കാഴ്ചപ്പാടുകളും പുതിയ മാനദണ്ഡങ്ങളും അവതരിപ്പിക്കാൻ മനഃപൂർവം യത്നിച്ച മഹാനായിട്ടാണ് എ. ആറിനെ വീക്ഷിക്കുന്നത്. ആ മഹാശില്പിയുടെ സമഗ്രദർശന വൈഭവം മലയാള സാഹിത്യ നിരൂപണ മണ്ഡലത്തെ പുഷ്കലമാക്കിയതായും അദ്ദേഹം വ്യക്തമാക്കുന്നു.

പത്രാധിപർ, ഗവേഷകൻ, നിരൂപകൻ, നോവൽ കർത്താവ്, സാഹിത്യ സംഘാടകൻ എന്നീ നിലയിൽ പ്രശസ്തി നേടിയ അപ്പൻ തമ്പുരാനെയും പ്രശസ്ത നിരൂപകനും, ഉപന്യാസകാരനും എഡിറ്ററും ജീവചരിത്രകാരനുമൊക്കെയായ മൂർക്കോത്തു കുമാരനെയും ആണ് അടുത്തതായി ഈ ലേഖനത്തിൽ ഡോ. കെ. എം. ജോർജ്ജ് വിലയിരുത്തുന്നത്. മികച്ച ഒരു ക്ലാസ്സിക് കൃതിയെ എങ്ങനെ സാഹിത്യ നിരൂപണവിധേയമാക്കാമെന്ന് മലയാളത്തിൽ എഴുത്തുകാർക്ക് ആദ്യമായി കാട്ടിക്കൊടുത്ത വ്യക്തി എന്ന നിലയിലാണ് സാഹിത്യപഞ്ചാനൻ പി. കെ. നാരായണപിള്ളയെ പരിചയപ്പെടുത്തുന്നത്. ഈ ലേഖനത്തിന്റെ അവസാനഭാഗം മലയാള നിരൂപണ മണ്ഡലത്തിൽ ആധുനിക മഹാകവിത്രയം നൽകിയ സംഭാവനകളുടെ ഹ്രസ്വമായ പ്രതിപാദനമാണ്.

'ഉപന്യാസകാരനായ ഉള്ളൂർ' എന്ന അടുത്ത ലേഖനം ഉള്ളൂരിന്റെ ഉപന്യാസങ്ങളിലെ വിഷയവൈവിധ്യവും രചനാവൈചിത്ര്യവും വിശദീകരിക്കുന്നു. ഉള്ളൂരിന്റെ വിജ്ഞാനദീപികയിൽ ചേർത്തിരിക്കുന്ന ഒട്ടുമിക്ക ഉപന്യാസങ്ങളും മലയാള ഭാഷയിലെ പ്രൗഢോപന്യാസങ്ങളുടെ മുൻപന്തിയിൽ പ്രതിഷ്ഠിക്കാവുന്നവയാണെന്ന്

ഡോ. കെ. എം. ജോർജ്ജ് വ്യക്തമാക്കുന്നു. കവിയെക്കുറിച്ചും കാവ്യങ്ങളെക്കുറിച്ചും ഉള്ള വിവരങ്ങൾ ഇടകലർത്തി പ്രതിപാദിക്കുന്ന ഉള്ളൂരിന്റെ രീതിയെ അദ്ദേഹം ഉദാഹരണസഹിതം വിവരിക്കുന്നുണ്ട്. 'മലയാളത്തിന്റെ പഴമ', 'ഭാഷാപോഷണവും ഗവേഷണവും' തുടങ്ങിയ ചില ഉപന്യാസങ്ങളെ ഉദാഹരിച്ച് ഉള്ളൂരിന്റെ ഗവേഷണ വൈഭവവും അപൂർവ ഗ്രന്ഥപരിചയവും അദ്ദേഹം വിശദീകരിക്കുന്നുണ്ട്. മഹാപണ്ഡിതനായ ഉള്ളൂരിന് സരളവും ലളിതവുമായി കാര്യങ്ങൾ പ്രതിപാദിക്കാൻ കഴിയുമെന്നതിന് തെളിവായി, 'മാതൃകാജീവിതങ്ങൾ', 'സദാചാരദീപിക' തുടങ്ങിയ ലഘൂപന്യാസങ്ങൾ ഡോ. കെ. എം. ജോർജ്ജ് ചൂണ്ടിക്കാട്ടുന്നുണ്ട്. ഭാഷാഗദ്യത്തിന്റെ എല്ലാ മേഖലകളിലും സ്വൈരവിഹാരം ചെയ്തു അതിലെ വിഭവങ്ങളെ ഇഷ്ടം പോലെ പന്താടിയ ഒരു ശൈലീവല്ലഭനെയാണ് ഉപന്യാസകാരനായ ഉള്ളൂരിൽ ഡോ. ജോർജ്ജ് വീക്ഷിക്കുന്നത്.

'സാഹിത്യനിരൂപണവും പാഠസംസ്കരണപദ്ധതിയു'മെന്ന അടുത്ത ഉപന്യാസം ടെക്സ്ചൽ ക്രിട്ടിസിസത്തെപ്പറ്റിയുള്ള പ്രതിപാദനമാണ്. പാഠസംസ്കരണം, സംശോധിത പ്രസാധനം എന്നിവയെക്കുറിച്ച് പ്രതിപാദിച്ച ശേഷം പ്രാചീന ഗ്രന്ഥപ്രകാശന ചരിത്രം അവലോകനം ചെയ്യുന്നു. പ്രാചീന ഗ്രന്ഥപ്രകാശന വിഷയത്തിൽ ആദ്യകാല മാസികകളായ വിദ്യാവിനോദിനി, ഭാഷാപോഷിണി, രസിക രഞ്ജിനി, മംഗളോദയം, കവനോദയം തുടങ്ങിയവ വഹിച്ച പങ്കിനെ അദ്ദേഹം അനുസ്മരിക്കുന്നുണ്ട്. മഹാകവി ഉള്ളൂർ, വടക്കുംകൂർ രാജരാജവർമ്മ, ഡോക്ടർ എൽ. എ. രവിവർമ്മ, ഡോ. പി. കെ. നാരായണപിള്ള, ശൂരനാടു കുഞ്ഞൻപിള്ള തുടങ്ങി ഈ മേഖലയിൽ പ്രവർത്തിച്ച പണ്ഡിത പ്രതിഭകളെയും ഈ ലേഖനത്തിൽ ഡോ. ജോർജ്ജ് ഓർക്കുന്നുണ്ട്.

സാമൂഹിക നോവലും ചരിത്ര നോവലും തമ്മിലുള്ള സാമ്യ വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടി, രണ്ടും ജീവിതസത്യഗ്രഹണത്തിന് എങ്ങനെ ഉപകരിക്കുന്നു എന്ന വിശദീകരണമാണ് 'ചരിത്ര നോവലിന്റെ സവിശേഷതകൾ' എന്ന അടുത്ത ലേഖനം.

സർഗ്ഗാത്മക ചൈതന്യത്താൽ അനുഗൃഹിതനായ ഒരു എഴുത്തുകാരൻ തന്റെ സഹ ജീവിയായ ചരിത്രകാരനെക്കാൾ, വസ്തുതകളുടെ ഉള്ളറകളിലേക്കു ചുഴിഞ്ഞിറങ്ങി, അവയുടെ കേന്ദ്രതന്തുവിൽ പിടിമുറുക്കി നല്ല ഉൾക്കാഴ്ചയോടെ രചന നടത്തും എന്ന ശുഭാപ്തി വിശ്വാസത്തോടെയാണ് ഡോ. കെ. എം. ജോർജ്ജ് ഈ ലേഖനം അവസാനിപ്പിക്കുന്നത്.

സി. വി. രാമൻപിള്ള അനുഷ്ഠിച്ച സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളെ ദർശിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ലേഖനമാണ് 'സി. വി. രാമൻപിള്ള ഒരു സാമൂഹിക പരിഷ്കർത്താവ്' എന്നത്. സി. വി. സാമൂഹിക രംഗത്തു പ്രത്യക്ഷപ്പെടുന്നതിനുള്ള പശ്ചാത്തലമെന്തെന്ന് പരിശോധനയാണ് ആദ്യമായി നടത്തുന്നത്. ആദർശശാലിയായ സി. വി. യെ ചുറ്റുപാടുകളാണ് അസ്വസ്ഥമാക്കിയതെന്ന് ഡോ. ജോർജ്ജ് വിവരിക്കുന്നു. അദ്ദേഹത്തിന്റെ സമുദായ പരിഷ്കരണാഭിലാഷം മിക്ക കൃതികളിലും പ്രതിഫലിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കുന്നു. മലയാളി മെമ്മോറിയൽ രൂപപ്പെടുത്തുന്നതിനും മറ്റും സി. വി. കാണിച്ച ശുഷ്കാന്തിയും മറ്റും ഇവിടെ അദ്ദേഹം വിവരിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ നോവൽ സാഹിത്യരംഗത്തെ ഒരു സങ്കീർണ്ണ പ്രതിഭ എന്നതിലുപരി സ്വസമുദായത്തിന്റെ ഉദ്ഗതിക്കായി ത്യാഗങ്ങൾ സഹിച്ച ഒരു പ്രക്ഷോഭകാരിയും തൂലികാവിദഗ്ദ്ധനുമായിരുന്നു സി. വി. രാമൻപിള്ള എന്ന് ഡോ. ജോർജ്ജ് വ്യക്തമാക്കുന്നു.

മലയാളത്തിൽ ആദ്യം മുദ്രണം ചെയ്യപ്പെട്ട 'സംക്ഷേപവേദാർത്ഥം' എന്ന കൃതിയുടെ ഗവേഷണ മൂല്യത്തെക്കുറിച്ചുള്ള പ്രതിപാദനമാണ് 'സംക്ഷേപവേദാർത്ഥം - ഒരു ഗവേഷണനിധി' എന്ന ഉപന്യാസം. കേരളത്തിലെ ക്രിസ്ത്യാനികൾ അഭിമാനത്തോടും, ഭാഷാഗവേഷകൻ അഭിനിവേശത്തോടും മറ്റുള്ളവർ തികഞ്ഞ കൗതുകത്തോടും വീക്ഷിക്കേണ്ട ഒരു ദുർല്ലഭ കൃതിയാണ് ഈ പുതിയ വേഷത്തിൽ അവതരിക്കപ്പെട്ടിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. രണ്ടാം ഭാഷയായി മലയാളം പഠിച്ച വിദേശികളുടെ പ്രയോഗങ്ങളിലെ ദൗർബല്യങ്ങളും തെറ്റുകളും ശരിക്കു ഗവേഷണം ചെയ്തു തരം തിരിച്ച് നിർണ്ണയിക്കാൻ പറ്റിയ വിലപ്പെട്ടൊരു സാഹിത്യ കൃതി

യായി സംക്ഷേപവേദാർത്ഥത്തെ ഡോ. ജോർജ്ജ് വിലയിരുത്തുന്നു. അന്നത്തെ ലിപി സ്വരൂപത്തെക്കുറിച്ച് അടിസ്ഥാന ഗവേഷണം നടത്താൻ ഉപകരിക്കുന്ന കൃതിയാണ് *സംക്ഷേപവേദാർത്ഥമെന്നും*, കേരള സംസ്കാരത്തിന്റെ പ്രധാന ഘടകങ്ങൾ ഏവയെന്നും അവയുടെ സംഭാവനകൾ എത്രമാത്രം സംസ്കാര രൂപവൽകരണത്തിന് സഹായിച്ചിട്ടുണ്ടെന്നും അന്വേഷിക്കാൻ ഈ കൃതി പര്യാപ്തമാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

ഐവാൻ എസ്. തുർഗ്ഗനോവ് എന്ന റഷ്യൻ സാഹിത്യകാരനെക്കുറിച്ചുള്ള വിവരണമാണ് അടുത്ത ലേഖനം. തുർഗ്ഗനോവിനേയും അദ്ദേഹമെഴുതിയ 'മാന്യൻമാരുടെ താവളം' എന്ന നോവലിനെയും ആസ്പദമാക്കിക്കൊണ്ട് റഷ്യൻ സംസ്കാരത്തിന്റെയും പാശ്ചാത്യ നാഗരികതയുടെയും ചില വശങ്ങൾ ഇവിടെ ആവിഷ്കരിച്ചിരിക്കുന്നു. പ്രസ്തുത നോവലിന്റെ കഥാതന്തുവിനെക്കുറിച്ചുള്ള വിവരണവും ഡോ. ജോർജ്ജ് നൽകുന്നുണ്ട്.

മലയാളത്തിലെ ഇതരവിമർശകർ കൈവയ്ക്കാത്ത പല വിഷയങ്ങളും ഡോ. കെ. എം. ജോർജ്ജ് അവതരിപ്പിച്ചിട്ടുണ്ട്. 'രാഷ്ട്രീയവും ജീവിതസ്വാതന്ത്ര്യവും', 'അതിർവരമ്പുകളില്ലാത്ത ലോകം', 'അവഗണന ഏതു രംഗത്തും' തുടങ്ങിയ ഈ പ്രബന്ധത്തിലെ ചില ലേഖനങ്ങൾ അക്കൂട്ടത്തിൽപ്പെടുന്നവയാണ്. അന്താരാഷ്ട്രരംഗത്തും ഭാരതരംഗത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന അവഗണനകളുടെയെല്ലാം കൂമ്പാരം തലയിലേറ്റി നടക്കുന്ന ഒരു സംസ്ഥാനമായി കേരളത്തെ അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. രാഷ്ട്രീയം ഒരു കാരണവശാലും അവഗണിക്കാൻ നിവൃത്തിയില്ലാത്ത ഒരു ശക്തികേന്ദ്രമാണ് എന്ന് ഉറപ്പിക്കുകയാണ് 'രാഷ്ട്രീയവും ജീവിതസ്വാതന്ത്ര്യവു'മെന്ന ലേഖനത്തിൽ. സമർത്ഥരും സ്വഭാവശ്രേഷ്ഠതയുള്ളവരുമായ യുവജനങ്ങൾ രാഷ്ട്രീയത്തിലേക്കു തിരിയേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം വ്യക്തമാക്കുകയും ചെയ്യുന്നു. 'അതിർവരമ്പുകളില്ലാത്ത ലോകം' എന്ന ലേഖനം വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം എന്താണെന്നു വ്യക്തമാക്കുന്നതാണ്. വ്യക്തിയിലും സമൂഹത്തിലും ആന്തരികമായും ബാഹ്യമായും നിലനിന്നു വരുന്ന അതിർവരമ്പുകളെ നിർമ്മാർജ്ജനം ചെയ്ത്

സമ്പൂർണ്ണ മനുഷ്യനെ രൂപപ്പെടുത്തുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യമെന്ന് ഡോ. കെ. എം. ജോർജ്ജ് വ്യക്തമാക്കുന്നു.

സർവവിജ്ഞാനകോശ നിർമ്മിതിയുടെ പലവശങ്ങളിലേക്കു വെളിച്ചം വീശുന്ന ഒരു വിവരണമാണ് 'വിജ്ഞാനകോശനിർമ്മിതി' എന്ന ലേഖനം. മലയാളഭാഷയിലൂടെ ലോകവിജ്ഞാനം നേടുവാനും വായനക്കാരെ അഭ്യസ്തവിദ്യരും ആധുനികരും ആക്കുവാനും ഉപകരിക്കുന്ന ഒരു പ്രമുഖ ഗ്രന്ഥമായിരിക്കണം വിജ്ഞാനകോശമെന്ന ഉറച്ചവിശ്വാസമാണ് അദ്ദേഹത്തെ നയിച്ചിരുന്നത്. ലക്ഷ്യബോധത്തോടുകൂടിയുള്ള ആസൂത്രണം ആണ് വിജ്ഞാനകോശസംവിധാനത്തിൽ അടിസ്ഥാന പ്രമാണമായി താൻ സ്വീകരിച്ചതെന്ന് ഡോ. ജോർജ്ജ് ഉറപ്പിച്ചു പറയുന്നു.

ഇതര ഭാരതീയഭാഷകളിലെ വിജ്ഞാനകോശങ്ങളെക്കുറിച്ചുള്ള സാമാന്യ വിവരണം അടങ്ങിയ 'വിജ്ഞാനകോശങ്ങൾ ഭാരതീയഭാഷകളിൽ' എന്ന ലേഖനം ഏറെ ശ്രദ്ധേയമായ ഒന്നാണ്. പാശ്ചാത്യ സമ്പർക്കത്തിന്റെ ഫലമായിട്ടാണ് ഇന്ത്യയിൽ ആദ്യമായി ആധുനികാർത്ഥത്തിലുള്ള വിജ്ഞാനകോശങ്ങൾ ഉണ്ടായതെന്നും ബംഗാളിയിൽ ആണ് ആദ്യത്തെ ഭാരതീയവിജ്ഞാനകോശം പ്രസാധനം ചെയ്തതെന്നും അദ്ദേഹം വിവരിക്കുന്നു. മലയാളത്തിലൊഴികെ മറ്റു പല ഭാരതീയഭാഷകളിലും സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ വിജ്ഞാനകോശങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നുള്ളതാണ് അദ്ദേഹം കണ്ടെത്തിയ മറ്റൊരു വസ്തുത.

'വിജ്ഞാനസാഹിത്യം - നിർമ്മാണവും പ്രചാരണവു'മെന്ന അടുത്ത ലേഖനം, വിജ്ഞാനസാഹിത്യരംഗത്തു നമുക്കുള്ള ദയനീയ ദാരിദ്ര്യത്തെക്കുറിച്ചും അവിടെ വൻതോതിൽ നിർമ്മാണപ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിവരിക്കുന്നു. വിജ്ഞാനസാഹിത്യത്തിനു നല്ല മാർക്കറ്റ് ഉണ്ടാക്കുന്ന വിഷയത്തിൽ ഗ്രന്ഥശാലാസംഘത്തിന് അത്യന്തം ശ്രദ്ധേയമായ സേവനം ചെയ്യാൻ കഴിയുമെന്ന് ഓർമ്മിപ്പിച്ചു കൊണ്ടാണ് ലേഖനം അവസാനിപ്പിക്കുന്നത്.

ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സവിശേഷതകളെക്കുറിച്ച് പ്രതിപാദിക്കുന്ന അടുത്ത ലേഖനം നമ്മുടെ ബഹുമുഖമായ പുരോഗതിക്ക് ഗ്രന്ഥശാലാപ്രസ്ഥാനം

എത്രമാത്രം സഹായകമാണെന്ന് സമർത്ഥിക്കുന്നു. ഏതു രംഗത്തു കഴിയുന്നവർക്കും ഏതു നിലവാരത്തിൽ ഉള്ളവർക്കും അനൗപചാരികമായി വിദ്യാഭ്യാസം തുടരാൻ സൗകര്യം നൽകുന്ന ഒരു മഹാസംരംഭമായാണ് ഗ്രന്ഥശാലാപ്രസ്ഥാനത്തെ ഡോ. ജോർജ്ജ് കാണുന്നത്. ഗ്രന്ഥശാലാപ്രസ്ഥാനം ശരിക്കു വളർത്തിയെടുത്താൽ കേരളീയരുടെ സാംസ്കാരികവും ബുദ്ധിപരവുമായ ജീവിതത്തിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

വയോജന വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിക്കുന്നതാണ് അടുത്ത ലേഖനം. വയോജന വിദ്യാഭ്യാസം ശരിക്കു പ്രയോജനപ്രദമാകണമെങ്കിൽ അത് അധ്യേതാക്കളുടെ പ്രധാന ജോലിയുമായി ബന്ധപ്പെട്ടിരിക്കണമെന്ന വസ്തുതയാണ് ഡോ. ജോർജ്ജ് ആദ്യം ചൂണ്ടിക്കാട്ടുന്നത്. നിരക്ഷരരായ വയോജനങ്ങൾ പാടുപെട്ടു അക്ഷരങ്ങൾ പഠിച്ചു വിവിധ വിഷയങ്ങളിൽ ജ്ഞാനം സമ്പാദിക്കാൻ ഒരുമ്പെടുന്നതു യുക്തിസഹമല്ല; അവരുടെ താല്പര്യം മുറ്റി നിൽക്കുന്ന വിഷയങ്ങൾ അവരുടെ പഠന പരിപാടിയിൽ ശാസ്ത്രീയമായി അവതരിപ്പിച്ചാൽ മാത്രമേ വയോജന വിദ്യാഭ്യാസം ഫലപ്രദമാകുകയുള്ളുവെന്നു അദ്ദേഹം സൂചിപ്പിക്കുന്നു.

ചരിത്രാതീതകാലത്തെ സംസ്കാരത്തെക്കുറിച്ച് പല കാര്യങ്ങളും മനസ്സിലാക്കുന്നതിന് സ്ഥലനാമപഠനം എത്രത്തോളം സഹായകമാണെന്ന വസ്തുത വിശദമാക്കുന്നതാണ് 'സ്ഥലനാമപഠനത്തിന് ഒരു ആമുഖം' എന്ന ലേഖനം. ചരിത്രപരവും ഭാഷാപരവും നരവംശ ശാസ്ത്രപരവുമായ മൂല്യങ്ങൾ അടങ്ങിയ സ്ഥലനാമങ്ങൾ ഭൂതകാലത്തെക്കുറിച്ച് പല കഥകളും വ്യക്തമാക്കുന്നവയാണ്. മനുഷ്യ സമൂഹങ്ങളുടെ സഞ്ചാരം, കുടിയേറ്റം സമൂഹഘടന, ആചാരങ്ങൾ ആരാധനാ സമ്പ്രദായങ്ങൾ തുടങ്ങിയവയെക്കുറിച്ചെല്ലാം സാമാന്യം വ്യക്തമായ വിവരങ്ങൾ നൽകാൻ പര്യാപ്തങ്ങളാണ് സ്ഥലനാമങ്ങൾ. സ്ഥലനാമങ്ങളിലെ സാമാന്യാംശങ്ങളെയും വിശേഷാംശങ്ങളെയും വിശകലനം ചെയ്താണ് ഡോ. കെ. എം. ജോർജ്ജ് തന്റെ പഠനം നിർവഹിച്ചിട്ടുള്ളത്. സാമാന്യാംശങ്ങളെ അദ്ദേഹം അഞ്ചായി വർഗ്ഗീകരിച്ചിരിക്കുന്നു. പ്രകൃതിജന്യം, കൃത്രിമരൂപങ്ങൾ, താരതമ്യാധിഷ്ഠിതം, വാസസങ്കേതങ്ങൾ, പലവക എന്നിങ്ങനെയുള്ള

വിഭജനമാണ് അദ്ദേഹം നടത്തുന്നത്. തുടർന്ന് തമിഴ്, മലയാളം, കന്നഡ, തെലുങ്ക് എന്നീ നാലു ഭാഷകളിലെ സാമാന്യാംശങ്ങളുടെ ഒരു പട്ടിക തന്നെ അദ്ദേഹം നിരത്തുന്നു. രണ്ടു ഭാഷകൾ തമ്മിലുള്ള സാമീപ്യത്തെക്കുറിച്ച് ഒരു സാമാന്യജ്ഞാനം നൽകാൻ ഈ കണക്കുകൾ ഉപകരിക്കുന്നുണ്ട്. വിശേഷാംശങ്ങളെ അടിസ്ഥാനമാക്കിയുള്ള വർഗ്ഗീകരണമാണ് അടുത്തത്. ചുരുക്കിപ്പറഞ്ഞാൽ അപഗ്രഥനവും താരതമ്യവും അടിസ്ഥാനമാക്കിയുള്ള സ്ഥലനാമപഠനം വളരെ പ്രയോജനപ്രദമാണെന്ന് ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

'എഴുത്തുകാർ നേരിടുന്ന വെല്ലുവിളി' എന്ന ലേഖനം സമകാലിക പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിലുള്ള ഡോ. കെ. എം. ജോർജ്ജിന്റെ പാടവം പ്രകടമാക്കുന്നുണ്ട്. സാങ്കേതികജ്ഞാനത്തിന്റെ അദ്ഭുതപൂർവമായ പുരോഗതിയും രാഷ്ട്രീയവും സാമ്പത്തികവുമായ പലതരം ആദർശങ്ങളുടെ വടം വലിയും മറ്റും എഴുത്തുകാരൻ നേരിടുന്ന പ്രശ്നങ്ങളാണെന്ന വസ്തുത അദ്ദേഹം എടുത്തു പറയുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളുടെ പ്രളയത്തിൽ മുങ്ങി ഏതെങ്കിലും ഒരു വഴിക്കൊഴുകാതെ, സമൂഹത്തിന്റെ താഴ്ചകളും ഉയർച്ചകളും പരിദേവനങ്ങളും ആനന്ദങ്ങളും അറിഞ്ഞും അനുഭവിച്ചും താദാത്മ്യം പ്രാപിക്കുന്ന ഒരാളിനു മാത്രമേ സമൂഹത്തെ സ്പർശിക്കുന്ന ഒരു കലാസൃഷ്ടി നടത്താൻ കഴിയുകയുള്ളുവെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

ഏതെങ്കിലും പ്രത്യേക ഗ്രന്ഥത്തെയോ എഴുത്തുകാരനെയോ കുറിച്ചുള്ള പഠനങ്ങൾ ഡോ. ജോർജ്ജിന്റെ നിരൂപണ സമാഹാരങ്ങളുടെ ഒരു പ്രത്യേകതയാണ്. 'സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും' എന്ന ലേഖന സമാഹാരത്തിലെ അവസാനഭാഗം അത്തരം പഠനങ്ങൾ ഉൾക്കൊള്ളുന്നതാണ്. 'മാക്സ് മുള്ളർ', 'പ്രേംചന്ദ്', 'ബെഞ്ചമിൻ ബയിലി' എന്നിവരെ ഇവിടെ അദ്ദേഹം പരിചയപ്പെടുത്തുന്നു. ജർമ്മൻകാരനായ മാക്സ് മുള്ളറുടെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടമാണ് മാക്സ് മുള്ളർ എന്ന ലേഖനം. മാക്സ് മുള്ളറെ ഇന്ത്യയുടെ ഏറ്റവും നല്ല വ്യാഖ്യാതാവും ഏറ്റവും നല്ല സുഹൃത്തുമായാണ് അദ്ദേഹം കാണുന്നത്. "അമ്പതു വർഷത്തിലേറെ ഭാരതീയമായ അന്തരീക്ഷത്തിൽ ജീവിക്കുകയും ചരിക്കുകയും സംസ്കൃത സാഹി

ത്യമാകുന്ന മഹാവനത്തിലെ വെളിച്ചവും നിഴലും തമ്മിലുള്ള പകർച്ചകൾ കാണുകയും അവയുടെ മർമ്മങ്ങളെ അറിയുകയും അവയെ സ്നേഹിക്കുകയും തന്റെ അന്തരാത്മാവിൽ ലയിപ്പിക്കുകയും ചെയ്ത മഹാനുഭാവനായിരുന്നു മാക്സ് മുള്ളർ"[35] എന്ന വിവേകാനന്ദന്റെ വാക്കുകളെ അനുസ്മരിച്ചു കൊണ്ടാണ് ലേഖനം അവസാനിപ്പിക്കുന്നത്.

ഒരു നിഘണ്ടുകാരനും മിഷണറിയുമായി മാത്രം ആദരിക്കപ്പെടാറുള്ള ബയിലിയുടെ വ്യക്തിത്വത്തിന്റെ സവിശേഷ ഭാവത്തെ അനാവരണം ചെയ്യുകയാണ് ബഞ്ചമിൻ ബയിലി എന്ന ലേഖനത്തിൽ. കോട്ടയം പട്ടണത്തിന്റെ നവോത്ഥാനത്തിന് ഉത്തരവാദികളായ സമുന്നത വ്യക്തികളിൽ അഗ്രഗണ്യനായയാണ് ബെഞ്ചമിൻ ബെയിലിയെ അദ്ദേഹം വിശേഷിപ്പിക്കുന്നത്. ബെയിലിയെക്കുറിച്ച് അദ്ദേഹം പറയുന്നതു നോക്കുക. "പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസത്തിന് ഏറ്റവും ഉന്നതവും ശ്രദ്ധേയവുമായ ഒരു സ്ഥാനം കേരളത്തിൽ നേടിക്കൊടുത്തത് ബെയിലിയും അദ്ദേഹത്തിന്റെ കൂടെ ചർച്ചു മിഷണറി സൊസൈറ്റിയിൽ പ്രവർത്തിച്ച മറ്റു മിഷണറിമാരുമാണ്. ഈ പ്രവർത്തനങ്ങളുടെ ഒരു കേന്ദ്രമായി കോട്ടയം തീരുകയും ചെയ്തു. ഒരു ഇംഗ്ലീഷ് സ്കൂളായി 1816-ൽ ആരംഭിച്ച വിദ്യാലയമാണ് അചിരേണ സി. എം. എസ്സ്. കോളേജായി വികസിച്ചത്. 1857-ൽ മദ്രാസ് സർവകലാശാല ആരംഭിച്ചപ്പോൾ അതിൽ ചേരാൻ കേരളത്തിൽ ഈ കോളജ് മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന വസ്തുത ഇന്നത്തെ തലമുറയ്ക്ക് ആശ്ചര്യകരമായി തോന്നിയേക്കാം"[36]. വിദ്യാഭ്യാസ പരമായും സാംസ്കാരികമായും മലയാള ഭാഷയിലൂടെ കേരളത്തിന് ഒരു മുന്നേറ്റം നൽകുന്നതിന് ഒരു നല്ല മാർഗ്ഗം വെട്ടിത്തുറന്ന വ്യക്തിയായിരുന്നു ബെഞ്ചമിൻ ബയിലിയെന്നും ഡോ. കെ. എം. ജോർജ്ജ് വ്യക്തമാക്കുന്നു. കോട്ടയം മുഖേന കേരളത്തെ ആകെപ്പാടെയും ചർച്ചു മിഷണറി സൊസൈറ്റി മുഖേന ക്രൈസ്തവ സമൂഹത്തെ മൊത്തത്തിലും നവോത്ഥാനത്തിലേക്കു നയിക്കുവാൻ ബെഞ്ചമിൻ ബെയിലിക്കു സാധിച്ചിട്ടുണ്ടെന്ന വസ്തുത ഡോ. ജോർജ്ജ് എടുത്തു പറയുന്നുണ്ട്.

ആഗോള പ്രശസ്തി നേടിയിട്ടുള്ള ചുരുക്കം ഭാരതീയ സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ഒരാളായ പ്രേംചന്ദിന്റെ കൃതികളുടെ സാഹിത്യ ബാഹ്യങ്ങളായ

ഘടകങ്ങളെക്കുറിച്ചുള്ള ചിന്തയാണ് 'പ്രേംചന്ദ്' എന്ന ലേഖനം. ജീവിതത്തിലെ കഷ്ടപ്പാടുകൾ നേരിട്ടറിഞ്ഞ പ്രേംചന്ദ്, കഷ്ടപ്പെടുന്നവർക്കുവേണ്ടിയാണ് സാഹിത്യസൃഷ്ടി നടത്തിയതെന്ന വസ്തുത ഡോ.ജോർജ്ജ് എടുത്തുപറയുന്നുണ്ട്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രബുദ്ധതയും ആഹ്വാനവും പ്രക്ഷോഭത്തിലേക്ക് വളർന്നുകൊണ്ടിരുന്ന കാലത്താണ് പ്രേംചന്ദ് ഗാന്ധിജിയെ തന്റെ ഗുരുവായി സ്വീകരിക്കുകയും സ്വാതന്ത്ര്യ സമരത്തിൽ തൂലിക കൊണ്ടു പോരാടി സഹകരിക്കുകയും ചെയ്തത്. സമകാലികരായ സാഹിത്യകാരന്മാരിൽ ഉന്നതശീർഷനായി പ്രേംചന്ദ് നിലകൊള്ളുന്നതിന്റെ കാരണം ലേഖകൻ വിശദീകരിക്കുന്നുണ്ട്. "സോഷ്യലിസ്റ്റാദർശത്തിന്റെ അടിസ്ഥാനത്തിൽ, റിയലിസത്തിന്റെ ശൈലി ഉപയോഗിച്ച് ഇന്ത്യൻ ജീവിതം പ്രതിഫലിപ്പിക്കുവാനാണ് പ്രേംചന്ദ് തന്റെ കഴിവുകൾ ഉപയോഗിച്ചത്. ഗാന്ധിജിയെ ഉപേക്ഷിക്കാതെ മാർക്സിന്റെ ആദർശങ്ങൾ എങ്ങനെ സാക്ഷാത്കരിക്കാം എന്നതായിരുന്നു ആ മഹാ സാഹിത്യകാരന്റെ ഉന്നം"[37] സാമൂഹികനീതിക്കുവേണ്ടി ആവേശം കൊള്ളുന്ന ഒരു യുവതലമുറയെ രൂപപ്പെടുത്തിയതാണ് പ്രേംചന്ദിന്റെ ഏറ്റവും വലിയ നേട്ടമായി ഡോ. കെ. എം. ജോർജ്ജ് കാണുന്നത്. കല എന്ന ഉപകരണം ഉപയോഗിച്ച് സാധാരണ ജനങ്ങളുടെ ജീവിതത്തിന് പരിണാമം വരുത്തുക എന്നത് പരമലക്ഷ്യമായി കരുതിയ പ്രേംചന്ദ് ഗ്രാമങ്ങളിലെ ജീവിതം പുനരുദ്ധരിക്കുന്നതിന് വേണ്ടിയാണ് തന്റെ തൂലിക ശക്തമായി ഉപയോഗിച്ചത്.

തമിഴ്ഭാഷയ്ക്ക് സാഹിത്യത്തിനും പുതിയ ചൈതന്യവും മാനങ്ങളും സംഭാവന ചെയ്ത സുബ്രഹ്മണ്യഭാരതിയെ പരിചയപ്പെടുത്തുന്നതാണ് അടുത്ത ലേഖനം. തമിഴ്നാടിന്റെയും തമിഴ് ഭാഷയുടെയും ബഹുമുഖമായ അഭിവൃദ്ധിക്കുവേണ്ടി തൂലിക ഉപയോഗിച്ച ഭാരതി, ദേശീയ സ്വാതന്ത്ര്യസമരത്തിന് വൈകാരികശക്തി പകർന്ന കവി കൂടിയാണെന്നും ലേഖകൻ ഓർമ്മിപ്പിക്കുന്നു. കാശിയിലും പുതുശ്ശേരിയിലുമുള്ള താമസവും പ്രവർത്തനവും മഹാചിന്തകരുമായുള്ള സമ്പർക്കവും ആണ് ഭാരതിയുടെ ബഹുമുഖ വികാസത്തിന് കാരണമായി ഡോ. കെ. എം. ജോർജ്ജ് ചൂണ്ടിക്കാട്ടുന്നത്. ആവിഷ്കാരരീതിയിലും വിഷയസമീപനത്തിലും മലയാളകവികളിൽ വള്ളത്തോളി

നോടുള്ള സാമ്യവും അദ്ദേഹം എടുത്തു പറയുന്നുണ്ട്. തമിഴ് കവിതയിലെ നിയോക്ലാസ്സിക് പ്രവണതയെ ഒന്നു പിടിച്ചു കുലുക്കി, അതിനെ കൂടുതൽ ജനകീയമാക്കിയ ആധുനികരുടെ കൂട്ടത്തിൽ അഗ്രഗണ്യനായാണ് സുബ്രഹ്മണ്യഭാരതിയെ അദ്ദേഹം വിലയിരുത്തുന്നത്.

സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും എന്ന സമാഹാരത്തിലെ അവസാന ലേഖനം ജോസഫ് മുണ്ടശ്ശേരിയുടെ സവിശേഷവ്യക്തിത്വത്തെ അനാവരണം ചെയ്യുന്നതാണ്. സ്വതന്ത്രചിന്തയ്ക്കും ജനാധിപത്യപ്രവണതകൾക്കും വേണ്ടി തീവ്രമായി പൊരുതി വിജയം നേടിയ അസാധാരണവ്യക്തിയെ വിലയിരുത്തുവാനാണ് ഈ ലേഖനത്തിൽ ശ്രമിച്ചിരിക്കുന്നത്. പരിവർത്തനങ്ങളും വേലിയേറ്റങ്ങളും എല്ലാം കണ്ടും കേട്ടും മനസ്സിലാക്കിയ ചിന്തകനായ മുണ്ടശ്ശേരി, പലതരത്തിൽ അവയോട് പ്രതികരിച്ചിട്ടുണ്ടെന്നും ലേഖകൻ വ്യക്തമാക്കുന്നു.

വിഷയവൈവിധ്യമാണ് 'സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും' എന്ന സമാഹാരത്തിന്റെ ഒരു സവിശേഷത. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ബഹുമുഖവികാസപരിണാമങ്ങളെക്കുറിച്ചും, ഭാഷാസേവനം അനുഷ്ഠിച്ച പ്രമുഖന്മാരുടെ സംഭാവനകളെക്കുറിച്ചും സമാന്യമായി വിലയിരുത്തുന്ന പഠനങ്ങളാണ് ഇതിലെ ഒട്ടു വളരെ ലേഖനങ്ങളും. വിശ്വപ്രസിദ്ധസാഹിത്യകാരന്മാരുടെ വ്യക്തിത്വത്തെ അനാവരണം ചെയ്യുന്ന ലേഖനങ്ങളും കൂട്ടത്തിൽ ഉണ്ട് വിജ്ഞാനകോശനിർമ്മിതി പോലെയുള്ള ചുരുക്കം ചില ലേഖനങ്ങൾ ഗ്രന്ഥരചനയ്ക്കുള്ള മാർഗ്ഗനിർദ്ദേശത്തിൽപ്പെടുന്നു. ഈ പുസ്തകത്തെ സംബന്ധിച്ച് ഡോ. കെ. എം. ഡാനിയലിന്റെ അഭിപ്രായം ഈയവസരത്തിൽ ശ്രദ്ധേയമാണ്. "ഓരോ വിഷയത്തിലും വലിയ വൈദഗ്ദ്ധ്യം നേടിയ പണ്ഡിതന്മാരെയല്ല, സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ സാമാന്യം താല്പര്യമുള്ള സാധാരണക്കാരെയാണ് അദ്ദേഹം തന്റെ രചനകൾക്ക് ശ്രോതൃമണ്ഡലമോ അനുവാചകമണ്ഡലമോ ആയിക്കണ്ടതെന്ന് സ്പഷ്ടം. ആ മണ്ഡലത്തിനു ചേരും വണ്ണം വിഷയങ്ങളുടെ ചില വശങ്ങൾ മാത്രമാണ് അദ്ദേഹം പ്രതിപാദിക്കാൻ തിരഞ്ഞെടുത്തത്. വിഷയങ്ങളുടെ താത്ത്വികമോ ദാർശനികമോ ആയ ആഴങ്ങളിലേക്ക് മുതലക്കൂപ്പുകുത്തുന്നവയല്ല മിക്ക ലേഖനങ്ങളും"[38].

## കവികൾ നിരൂപണരംഗത്ത്

കേരള സർവകലാശാലയുടെ ഉള്ളൂർ സ്മാരകപ്രഭാഷണ പരമ്പരയിൽ ഡോ. കെ. എം. ജോർജ്ജ് നടത്തിയ പ്രഭാഷണത്തിന്റെ പുസ്തകരൂപമാണ് 'കവികൾ നിരൂപണരംഗത്ത്' എന്ന കൃതി. കവികൾ നിരൂപകർ കൂടിയായിത്തീരുമ്പോൾ ഉണ്ടാകുന്ന മേന്മകളും ന്യൂനതകളും വ്യക്തമാക്കുകയാണ് ഈ പ്രബന്ധത്തിൽ. പ്രസ്തുത വിഷയത്തെക്കുറിച്ച് കഴിയുന്നത്ര സമഗ്രവും ആധികാരികവുമായ ഒരു പഠനമാണിത്. മൂന്ന് അദ്ധ്യായങ്ങളുള്ള ഈ പ്രബന്ധത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ, നിരൂപണരംഗത്തു പ്രവർത്തിച്ച പാശ്ചാത്യ പൗരസ്ത്യ കവികളെക്കുറിച്ചാണ് വിവരിക്കുന്നത്. നിരൂപണരംഗത്തുള്ള മലയാള കവികളെക്കുറിച്ചാണ് രണ്ടാമദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. നിരൂപകനായ ഉള്ളൂരിനെ വിലയിരുത്തുന്ന മൂന്നാമദ്ധ്യായം താരതമ്യേന ചെറുതാണ്.

നിരൂപണത്തിനെടുക്കുന്ന കൃതി ഏതു ശാഖയിൽ പെട്ടതാണോ ആ ശാഖയിൽ ഉള്ള സവിശേഷ വൈദഗ്ദ്ധ്യമാണ്, നിരൂപകനുണ്ടായിരിക്കേണ്ട യോഗ്യതകളിൽ പ്രധാനമായി അദ്ദേഹം കാണുന്നത്. വസ്തുനിഷ്ഠമായി കാര്യങ്ങൾ വീക്ഷിക്കുവാനും നിരൂപണം ചെയ്യുന്ന കൃതിയുടെ ആത്മാവിൽ പ്രവേശിക്കുവാനുമുള്ള കഴിവും നിരൂപകനുണ്ടായിരിക്കേണ്ട യോഗ്യതകളായി അദ്ദേഹം വിവരിക്കുന്നു. താൻ കൈകാര്യം ചെയ്യുന്ന ഗ്രന്ഥകാരനോടു സഹഭാവം നിരൂപകനുണ്ടെങ്കിൽ മാത്രമേ, നിരൂപണം വികലമാകാതിരിക്കുകയുള്ളു. സാധാരണ വായനക്കാരെക്കാൾ കലാസൃഷ്ടിയുടെ മർമ്മങ്ങളിലും ലക്ഷ്യത്തിലും സൗന്ദര്യാംശങ്ങളിലും കൂടുതൽ വിദഗ്ദ്ധമായി പ്രവേശിക്കാൻ കഴിവുള്ള ആളായിരിക്കണം നിരൂപകൻ എന്ന വസ്തുതയും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

കലാകാരൻ നിരൂപണത്തിനൊരുങ്ങുമ്പോൾ വരുന്ന പാളിച്ചകളെക്കുറിച്ച് ചില പ്രശസ്ത ചിന്തകന്മാരുടെ അഭിപ്രായങ്ങൾ ഡോ. കെ. എം. ജോർജ്ജ് ഉദ്ധരിക്കുന്നുണ്ട്. കവിയും നിരൂപകനും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാ

ണെന്നും, കവിതയുടെ ആദ്യത്തെ നിരൂപകൻ സ്രഷ്ടാവായ കവി തന്നെയാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ഒരു ഉത്തമ നിരൂപകൻ എങ്ങനെ ആകണം എന്നദ്ദേഹം വിവരിക്കുന്നുണ്ട്. " ഉത്തമ നിരൂപകൻ കവിയെക്കാൾ ബുദ്ധിപരമായി ഉയർന്ന നിലവാരം പുലർത്തുന്നവനും സമതുലിതമായ വിവേചനം, വിപുലമായ അനുഭവ പരിചയങ്ങൾ, പക്വമതിത്വം, വിശാലഹൃദയത്വം എന്നീ ഗുണങ്ങൾ ഉള്ള ആളുമായിരിക്കണം. എഴുതിക്കഴിഞ്ഞ ശേഷം വീണ്ടും സ്വന്തം രചന പരിശോധിക്കുകയും പരിഷ്കരിക്കുകയും ചെയ്യുമ്പോൾ കവി ഒരു നിരൂപകന്റെ പങ്ക് തന്നെയാണ് നിർവഹിക്കുന്നത്"[39].

നിരൂപണരംഗത്തു പ്രവർത്തിച്ചിരുന്ന പാശ്ചാത്യകവികളെയാണ് അടുത്തതായി പരിചയപ്പെടുത്തുന്നത്. വില്യം വേർഡ്സ്‌വർത്ത്, കോളറിഡ്ജ്, മാത്യൂ അർണോൾഡ്, ടി. എസ്. എലിയട്, ഗെയ്റ്റേ തുടങ്ങിയവരാണ് അവരിൽ പ്രമുഖർ. ഈ വിമർശകകവികളെ അദ്ദേഹം മൂന്നു വിഭാഗമായി തിരിക്കുന്നു. അതിൽ ഒന്നാമത്തെ കൂട്ടർ നിരൂപക കവികളാണ്. രണ്ടു രംഗങ്ങളിലും സാമാന്യത്തിലധികം പ്രശസ്തി ലഭിക്കത്തക്കവണ്ണം സംഭാവനകൾ നൽകിയവരാണവർ. അക്കൂട്ടത്തിൽ കോളറിഡ്ജിനേയും ടി. എസ്. എലിയട്ടിനെയും അദ്ദേഹം ഉൾപ്പെടുത്തുന്നുണ്ട്. കവികളും എന്നാൽ നിരൂപണം ധാരാളം എഴുതിയിട്ടുള്ളവരുമാണ് അടുത്ത കൂട്ടർ. പാശ്ചാത്യകവികളിൽ ഷെല്ലിയെയാണ് അക്കൂട്ടത്തിൽ പെടുത്തിയിരിക്കുന്നത്. മൂന്നാമത്തെ കൂട്ടരാകട്ടെ നിരൂപകരാണ്. കുറച്ചു കവിതയും എഴുതിയിട്ടുണ്ടെന്നേ ഉള്ളൂ. ഐ. എ. റിച്ചാർഡ്സിനെയാണ് ആ വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാവ്യമണ്ഡലത്തിലും നിരൂപണമണ്ഡലത്തിലും ഏതാണ്ടൊന്നു പോലെ ഖ്യാതി നേടിയ ഒരതികായനായാണ് വേർഡ്സ്‌വർത്തിനെ അദ്ദേഹം കാണുന്നത്. വേർഡ്‌വർത്തിന്റെ സാഹിത്യനിരൂപണം അദ്ദേഹത്തിന്റെ സർഗ്ഗാത്മകകൃതികളിൽ നിന്നും ജന്മം കൊണ്ടവയാണെന്നും യുക്തിസഹിതം അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്.

സാഹിത്യത്തിന്റെ വ്യാഖ്യാനത്തിൽ മനശ്ശാസ്ത്രതത്ത്വങ്ങൾ ആദ്യമായി പ്രയോജനപ്പെടുത്തിയ നിരൂപകനായ കോളറിഡ്ജിനെ സാഹിത്യ നിരൂപണ

വിഹായസ്സിലെ ധ്രുവനക്ഷത്രമായി അദ്ദേഹം പരിഗണിക്കുന്നത്. തന്റെ തലമുറയ്ക്കും തൊട്ടടുത്ത തലമുറയ്ക്ക് സ്വീകാര്യമായ ഒരു പുതിയ രചനാശൈലി നൽകിയ ഒരതികായനായി എലിയട്ടിനെ പരാമർശിക്കുന്നു. ടി. എസ്. എലിയട്ടിന് ഗാംഭീര്യം തുടിച്ചു നിൽക്കുന്ന കവിതകളും ചിന്താബന്ധുരങ്ങളായ പ്രബന്ധങ്ങളും എല്ലാം അവസാനവിശകലനത്തിൽ അഗാധമായ അന്വേഷണങ്ങളാണ്. മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ. വൈകാരികരംഗങ്ങളുടെ തീവ്രതയിലും വൈചാരിക മണ്ഡലങ്ങളുടെ ആഴത്തിലും അത്ഭുതകരങ്ങളായ മാനങ്ങൾ കാഴ്ചവച്ച ഒരസാധാരണ വ്യക്തിയായി ടി. എസ്. എലിയട്ടിനെ ഡോ. ജോർജ്ജ് വിലയിരുത്തുന്നു.

ലോകസാഹിത്യങ്ങളെ ഒന്നായിക്കാണാനും വൈവിധ്യങ്ങൾ അംഗീകരിച്ചു കൊണ്ടുതന്നെ അവയിലെ സമാനതയിൽ ദൃഷ്ടി ഉറപ്പിച്ച് ഒരാഗോള സാഹിത്യത്തെ വിഭാവനം ചെയ്യാനും ശ്രമിച്ച ഗൊയ്റ്റേയാണ് അടുത്തതായി പരാമർശിക്കുന്നത്. ഗൊയ്റ്റേയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ഇങ്ങനെ സംഗ്രഹിക്കാം. "സമഗ്രതയാണ് (Wholeness) ആണ് അദ്ദേഹത്തിന്റെ മുഖമുദ്രയായി കരുതപ്പെടുന്നത്. ജീവിതത്തിന്റെ നിഗൂഢമായ പൊരുൾ അന്വേഷിക്കുന്ന ഒരു ദാർശനികന്റെ ഗാംഭീര്യം അദ്ദേഹത്തിന്റെ കൃതികളുടെ പൊതുസ്വഭാവമാണ്"[40]. ഭാരതത്തിന്റെ ആത്മാവിനെ ഉൾക്കൊള്ളാൻ കഴിഞ്ഞ സാർവലൗകികനായ ഒരു കവിയും നിരൂപകനുമായിരുന്നു ഗൊയ്റ്റേയെന്ന് ഉദാഹരണസഹിതം ഡോ. ജോർജ്ജ് വ്യക്തമാക്കുന്നു.

ലോകസാഹിത്യത്തിന് ആധുനികഭാരതം അഭിമാനപൂർവം കാഴ്ച വച്ച സാഹിത്യകാരന്മാരിൽ അഗ്രഗണ്യനായ രവീന്ദ്രനാഥ ടാഗോറിനെയാണ് അടുത്തതായി പരിഗണിക്കുന്നത്.ടാഗോറിന്റെ വ്യക്തിത്വത്തിലേക്കും ജീവിതദർശനത്തിലേക്കും സാഹിത്യ വീക്ഷണത്തിലേക്കും വെളിച്ചം വീശുന്ന ലേഖനങ്ങൾ ഡോ. ജോർജ്ജിന്റെ മറ്റു പല സമാഹാരങ്ങളിലും ഉണ്ട്.

സംസ്കൃതത്തിലെ കവികളായ നിരൂപകരിൽ 'കാവ്യാദർശ' കർത്താവായ ദണ്ഡിയേയും 'സരസ്വതീകണ്ഠാഭരണം' രചിച്ച ഭോജനെയും 'രസഗംഗാധര' കർത്താവായ ജഗന്നാഥനെയും 'വക്രോക്തി ജീവിതം' എഴുതിയ കുന്തകനെയും

'ധ്വന്യാലോക' കർത്താവായ ആനന്ദവർദ്ധനനെയുമാണ് പരാമർശിക്കുന്നത്. സമ്പുഷ്ടസാഹിത്യങ്ങളിൽ കവികളായ നിരൂപകരും നിരൂപകരായ കവികളും ധാരാളം ഉണ്ടായിട്ടുണ്ടെന്ന വസ്തുത ഈ വിവരണങ്ങളിലൂടെ അദ്ദേഹം കാട്ടിത്തരുന്നു.

'മലയാള കവികൾ നിരൂപണ രംഗത്ത് ' എന്ന രണ്ടാമധ്യായം മണിപ്രവാള ലക്ഷണഗ്രന്ഥമായ ലീലാതിലകത്തിന്റെ കർത്താവു മുതൽ ജി. ശങ്കരക്കുറുപ്പ് വരെയുള്ള കവികളുടെ നിരൂപണപരമായ അഭിപ്രായങ്ങളുടെയും നേട്ടങ്ങളുടെയും അവലോകനമാണ്. കാവ്യരചന നടത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ സാഹിത്യതത്ത്വങ്ങളെക്കുറിച്ച് ചില കവികൾ നടത്തിയിട്ടുള്ള ആനുഷംഗിക പരാമർശങ്ങളെയും ഡോ. കെ. എം. ജോർജ്ജ് ഉദ്ധരിക്കുന്നുണ്ട്. നളചരിതത്തിലെയും നിപാതകവചകാലകേയവധത്തിലെയും ചില പ്രസിദ്ധവരികൾ അതിനുദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. മലയാളത്തിലെ ആദ്യകാല നിരൂപകന്മാർ ഉപയോഗിച്ചത് സംസ്കൃതത്തിലെ കാവ്യശാസ്ത്രതത്ത്വങ്ങളായിരുന്നുവെന്നും അദ്ദേഹം വിവരിക്കുന്നു.

മലയാളസാഹിത്യരംഗം എന്നും സജീവമായിത്തീരുന്നത് ചില വാദപ്രതിവാദങ്ങൾക്കു ചൂടുപിടിക്കുമ്പോഴാണ്. അക്കൂട്ടത്തിൽ എടുത്തു പറയാവുന്ന ആദ്യവിവാദം പ്രാസവാദമാണ്. പാരമ്പര്യവും ആധുനികതയും തമ്മിൽ നടന്നുകൊണ്ടിരുന്ന ശീതസമരം, ഒരു പ്രത്യേകഘട്ടത്തിൽ ആശയസമരമായി പൊട്ടിപ്പുറപ്പെട്ടതാണ് പ്രാസവാദമെന്ന അഭിപ്രായമാണ് ഡോ. കെ. എം. ജോർജ്ജിനുള്ളത്. പ്രായോഗികനിരൂപണരംഗത്തു രാജരാജവർമ്മയുടെ സംഭാവനകൾ സാഹിത്യവിമർശനത്തിൽ പുതിയ വഴിയൊരുക്കിയതായും അദ്ദേഹം വ്യക്തമാക്കുന്നു. ഗതാനുഗതികത്വത്തിലും ബാഹ്യമോടികളിലും അമർന്നിരുന്ന മലയാളകവിതയിൽ പുതിയ കാറ്റും വെളിച്ചവും കടത്തിവിട്ട ഒരു കവി നിരൂപകനായി എ. ആർ. രാജരാജവർമ്മയെ അദ്ദേഹം വിലയിരുത്തുന്നു.

കവിയായ ആശാന്റെ കാവ്യബോധനത്തെക്കുറിച്ചും നിരൂപണശൈലിയെക്കുറിച്ചുമാണ് അടുത്തതായി പ്രതിപാദിക്കുന്നത്. കുണ്ടൂരിന്റെ 'ഭാഷാ കുമാരസംഭവം ', പന്തളം കേരളവർമ്മയുടെ ' രുഗ്മാംഗദചരിതം ', ഉള്ളൂരിന്റെ ' ഉമാകേരളം ', അപ്പൻ തമ്പുരാന്റെ ' ഭാസ്കരമേനോൻ ' , വള്ളത്തോളിന്റെ ' ചിത്രയോഗം ',

എ. ആർ. രാജരാജവർമ്മയുടെ ' സാഹിത്യസാഹ്യം ' തുടങ്ങിയ കൃതികൾക്ക് ആശാൻ എഴുതിയ നിരൂപണങ്ങൾ എടുത്തുകാട്ടി, ആശാന്റെ ഗദ്യശൈലി, ഋജുവും കാര്യമാത്ര പ്രസക്തവുമാണെന്ന് വ്യക്തമാക്കുന്നു. ആശാന്റെ മഹാകാവ്യങ്ങളിൽ പ്രായേണ പ്രത്യ ക്ഷമാകാത്ത നർമ്മബോധം അദ്ദേഹത്തിന്റെ ഗ്രന്ഥനിരൂപണങ്ങളിൽ അങ്ങിങ്ങ് കാണ പ്പെടുന്നുണ്ടെന്ന് രുഗ്മാംഗദചരിതനിരൂപണത്തിലെ ചില വാക്കുകൾ ഉദ്ധരിച്ച് സമർത്ഥി ക്കുന്നു. മഹാകാവ്യങ്ങളെ നെടുംകുതിരകളോടുപമിച്ച ആശാന്റെ നർമ്മഭാവത്തെയാണ് അദ്ദേഹം വെളിപ്പെടുത്തുന്നത്. "സംസ്കൃത മഹാകാവ്യസരണിയിൽ നിന്ന് സ്വരൂപത്തിലും സ്വഭാവത്തിലും യാതൊരു വ്യത്യാസവുമില്ലാത്ത ചിത്രയോഗം പോലെയുള്ള നവീനകൃ തികൾ എഴുതുന്നതിനെക്കാൾ സംസ്കൃതമഹാകാവ്യങ്ങളെ തർജ്ജമ ചെയ്യുന്നതാണ് അധികം നന്നായിരിക്കുക"[41] എന്നിങ്ങനെ ആശാന്റെ മഹാകാവ്യഭർത്സനത്തിന്റെ ശക്ത മായ ഭാവം അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

ഗ്രന്ഥനിരൂപണരംഗത്ത് മഹാകവി വള്ളത്തോൾ നാരായണമേനോന്റെ സംഭാവനകളെയാണ് അടുത്തതായി ചർച്ചയ്ക്കു വിധേയമാക്കുന്നത്. അർഹിക്കുന്ന പ്രശംസ നൽകാൻ യാതൊരു മടിയും കാണിക്കാത്ത ഒരു സഹൃദയ വിമർശകനാണ് വള്ളത്തോൾ എന്ന്, കൃഷ്ണഗാഥയുടെ പുതിയ പതിപ്പിന് വള്ളത്തോൾ എഴുതിയ അഭി പ്രായത്തെ മുൻനിർത്തി വിലയിരുത്തുന്നു. സാധാരണ കവികൾക്കു താല്പര്യം തോന്നാ നിടയില്ലാത്ത മേഖലയായ വ്യാകരണത്തിലും വള്ളത്തോളിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടെ ന്നതിന് തെളിവായി കേരളപാണിനീയ വിമർശനം എടുത്തു കാട്ടുന്നു. "ഒരു ഗ്രന്ഥം ഗുണഭൂയി ഷ്ഠമാണെങ്കിൽ അതിന്റെ ഗുണങ്ങളെ വേണ്ടുംവണ്ണം പ്രശംസിക്കുന്നതു കൊണ്ട് നിരൂപകന്റെ വൈദൂഷ്യകീർത്തിക്കു ഒരു വാട്ടവും വരാനില്ല.സൗമ്യങ്ങളും ഗുണാശംസയെ ദ്യോതിപ്പിക്കുന്നതുമായ അക്ഷരങ്ങൾ കൊണ്ടുവേണം ദോഷങ്ങളെ ഉപന്യസിപ്പിക്കാൻ. ഗ്രന്ഥനിരൂപണം സമീചീനമായി സാധിക്കണമെങ്കിൽ അറിവുവേണം, കാഴ്ചവേണം, ഓർമ്മവേണം എന്നതൊക്കെ പഴങ്കഥയായിപ്പോയി"[42] എന്നിങ്ങനെ വള്ള ത്തോളിന്റെ നിരൂപണശൈലിയെക്കുറിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ഉദ്ധരിക്കുന്നുണ്ട്.

കവിയായ നിരൂപകരുടെ കൂട്ടത്തിൽ സർദാർ കെ.എം.പണിക്കരെയാണ് അടുത്ത് പരാമർശിക്കുന്നത്. സാഹിത്യനിരൂപണരംഗത്ത് അദ്ദേഹത്തിന്റെ സംഭാവന അത്ര വലുതല്ലെങ്കിലും കവിതാതത്ത്വനിരൂപണം എന്ന കൃതി അതിന്റെ പേര് വ്യക്തമാക്കുന്നതുപോലെ കവിതയുടെ സ്വഭാവരൂപങ്ങളെക്കുറിച്ചുള്ള സാമാന്യ ചർച്ചയാണ്. കവിത്രയത്തിനുശേഷം മലയാളകവിതാശാഖയെ ധന്യമാക്കിയ ശ്രദ്ധേയനായ മഹാകവി ജി. ശങ്കരക്കുറുപ്പിനെയാണ് അടുത്തതായി പരാമർശിക്കുന്നത്. മലയാളഭാഷയ്ക്കും സാഹിത്യത്തിനും ദേശീയ നിലവാരത്തിൽ അംഗീകാരം നേടിക്കൊടുത്ത ജി, ആശയങ്ങൾ തുടിക്കുന്ന ചേതോഹരമായ ഒരു ഗദ്യശൈലിയുടെ ഉടമകൂടിയായിരുന്നു എന്ന കാര്യം, സാഹിത്യനിരൂപണരംഗത്തെ അദ്ദേഹത്തിന്റെ സംഭാവനകളെ എടുത്തുകാട്ടി ഡോ. കെ. എം. ജോർജ്ജ് വിലയിരുത്തുന്നു. ജി. യുടെ നോട്ടുബുക്ക്, ജി. യുടെ ഗദ്യലേഖനങ്ങൾ എന്നീ സമാഹാരങ്ങളിലെ ലേഖനങ്ങളെ വിലയിരുത്തി വിദഗ്ദ്ധ വിമർശകനായ ഒരു മഹാശയനെ കാട്ടിത്തരുന്നു. സാഹിത്യകാരന്മാരോടും അവരുടെ കൃതികളോടുമുള്ള സമീപനത്തിലെ ഔദാര്യവും ആവിഷ്കാരത്തിലുള്ള മാധുര്യവും ഗദ്യശൈലിയുടെ ഒതുക്കവും മിനുക്കവും രൂപസൗഭാഗ്യവും മറ്റും ജി. യുടെ നിരൂപണത്തിന്റെ സവിശേഷതകളായി വിവരിക്കുന്നു.

*ബാഷ്പാഞ്ജലിയുമായി കൈരളിയിലേക്കു കടന്നു വന്ന ചങ്ങമ്പുഴ* യുടെ നിരൂപണരംഗത്തെ സംഭാവനകളെക്കൂടി വിലയിരുത്തിയിട്ടാണ് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നത്. ചങ്ങമ്പുഴയുടെ സാഹിത്യചിന്തകൾ, 'സുധാംഗദ' എന്ന തന്റെ പദ്യകൃതിക്ക് ചങ്ങമ്പുഴ എഴുതിയ നീണ്ട മുഖവുരയുമാണ് ശ്രദ്ധേയമായിട്ടുള്ള സംഭാവനകളായി ഗണിക്കുന്നത്. മലയാള സാഹിത്യത്തിന്റെ പരിണതി, സാഹിത്യം ജനകീയമാക്കേണ്ടതിന്റെ ആവശ്യകത, പുരോഗമന സാഹിത്യത്തിന്റെ ലക്ഷ്യങ്ങൾ, യൂറോപ്യൻ സാഹിത്യത്തിന്റെ വികാസം എന്നിങ്ങനെ പല വിഷയങ്ങളും ചർച്ച ചെയ്യുന്നിടത്ത്, വിമർശനവും വിലയിരുത്തലും മാത്രമല്ല, വിരോധ പ്രകടനവും നല്ലൊരളവിൽ നടത്താൻ ചങ്ങമ്പുഴ ശ്രമിക്കുന്നുണ്ടെന്ന് ഉദാഹരണസഹിതം വെളിപ്പെടുത്തുന്നു.

നിരൂപകരായ കവികളിൽ പ്രധാനികളായവരുടെ സാഹിത്യനിരൂപണ

മണ്ഡലത്തിലെ സംഭാവനകളെ സമവലോകനം ചെയ്യുന്ന ഈ അധ്യായം, യുക്തിയുടെയും ചിന്തയുടെയും വിഹാരരംഗത്തു വരുമ്പോൾ കവികൾക്കുണ്ടാകുന്ന മേന്മകളെയും സ്വാഭാവികമായുണ്ടാകുന്ന ന്യൂനതകളെയും ചൂണ്ടിക്കാട്ടുന്നു. നിരൂപണ മേഖലയിൽ ആശാനും വള്ളത്തോളിനും ഉള്ളൂരിനും മറ്റും ഗണ്യമായ സംഭാവനകൾ നൽകുവാൻ കഴിഞ്ഞത് അവർ ഏറെക്കാലം പത്രാധിപന്മാരായി പ്രവർത്തിച്ചിരുന്നതു കൊണ്ടാണെന്നും ലേഖകൻ വ്യക്തമാക്കുന്നു. ഉദാരവും പ്രോത്സാഹജനകവുമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിൽ അവർ ശ്രദ്ധിച്ചിരുന്നുവെന്നും അദ്ദേഹം എടുത്തു പറയുന്നു. " ആശാൻ നിരൂപണം എഴുതുമ്പോൾ തന്നിലെ നിരൂപകൻ മുമ്പിലും കവി പിന്നിലും സ്ഥിതി ചെയ്യുന്നു. ശാസ്ത്രകാരന്റെ ഗദ്യമാണ് കവിയുടെ ഗദ്യമേയല്ല അദ്ദേഹം എഴുതുന്നത്. വള്ളത്തോളാകട്ടെ ഗദ്യം എഴുതുമ്പോഴും കവി തന്നെയാണ്. ജി. ശങ്കരക്കുറുപ്പിൽ സർഗ്ഗശക്തിയും വിമർശനശക്തിയും ഏതാണ്ടൊരു പോലെയാണ് കാണുന്നത്. കവിയായ അദ്ദേഹം തന്നിലെ നിരൂപകനെ മുമ്പിലും പുറകിലും നിർത്താതെ ഒരു വശത്തു നിർത്തിക്കൊണ്ടു പോകുന്നതു പോലെ തോന്നിപ്പോകും"[43]. അങ്ങനെ മലയാളത്തിലെ നിരൂപകരായ കവികളിൽ പ്രധാനികളുടെ സാഹിത്യ നിരൂപണമണ്ഡലത്തിലെ സംഭാവനകളെ സമവലോകനം ചെയ്യുകയാണ് ഈ അദ്ധ്യായത്തിൽ.

ഈ കൃതിയിലെ മൂന്നാമദ്ധ്യായം നിരൂപകനായ മഹാകവി ഉള്ളൂരിനെക്കുറിച്ചാണ്. സർഗ്ഗപ്രതിഭ, ഗവേഷണപ്രതിഭ, വിമർശകപ്രതിഭ എന്നീ മൂന്നു പ്രതിഭാവിലാസങ്ങൾ ആ ബഹുമുഖ വ്യക്തിത്വത്തിന്റെ ഭിന്നഭാവങ്ങളായി ഗ്രന്ഥകാരൻ കാണുന്നു. കാവ്യമീമാംസാതത്ത്വങ്ങളെ അടിസ്ഥാനമാക്കി മഹാകവി നടത്തിയിട്ടുള്ള പഠനങ്ങൾ ഉൾക്കൊള്ളുന്ന 'വിജ്ഞാനദീപിക' ഉള്ളൂരിന്റെ അപാരമായ പാണ്ഡിത്യത്തിനും അന്യൂനമായ ഗവേഷക വൈഭവത്തിനും നിദർശനമായി ലേഖകൻ ചൂണ്ടിക്കാട്ടുന്നു. സംസ്കൃതത്തിലെ സുപ്രസിദ്ധ സാഹിത്യശാസ്ത്ര ഗ്രന്ഥങ്ങളുമായി ഗാഢപരിചയം നേടിയ ഒരു മഹാപണ്ഡിതനായിരുന്നു ഉള്ളൂർ എന്ന് ഇതിലെ പല ലേഖനങ്ങൾ വ്യക്തമാക്കുന്നു. സാഹിത്യ നിരൂപണത്തിൽ ഔചിത്യത്തിന്റെ സ്ഥാനം എത്ര

ഉയർന്നതാണെന്ന് ഉള്ളൂരിന്റെ വിവരണം ഡോ. ജോർജ്ജ് ഉദാഹരിക്കുന്നു. കുട്ടികൃഷ്ണമാരാരുടെ 'സാഹിത്യഭൂഷണ'ത്തിന് ഉള്ളൂർ എഴുതിയ അവതാരികയെ ഉള്ളൂരിന്റെ ഗ്രന്ഥനിരൂപണത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ഡോ. ജോർജ്ജ് അഭിപ്രായപ്പെടുന്നു. രസചർച്ചയിൽ മഹാകവിക്കുള്ള പ്രാഗല്ഭ്യം വ്യക്തമാക്കുന്ന 'ആദികാവ്യത്തിലെ രസവിചാരം' എന്ന പ്രബന്ധം ലേഖകൻ വിശദീകരിക്കുന്നുണ്ട്. " ശോകം, അതിന്റെ പരമകാഷ്ഠയിൽ എത്തി കരുണരസമായിത്തീരുന്നു എന്ന സിദ്ധാന്തമാണ് അദ്ദേഹം അംഗീകരിച്ച് സമർത്ഥിക്കുന്നത്"[44].

സാഹിത്യത്തിന്റെ മൊത്തത്തിലുള്ള ധർമ്മാധർമ്മങ്ങളും ലക്ഷണങ്ങളും അടിസ്ഥാനമാക്കിയുള്ള നിരൂപണങ്ങൾ പോലെ തന്നെ സാഹിത്യരൂപങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ലക്ഷണ ചർച്ചയും ഉള്ളൂർ നടത്തിയിട്ടുണ്ടെന്ന് പാട്ട്, മണിപ്രവാളം, ചമ്പു, സന്ദേശകാവ്യം, ആട്ടക്കഥ, തുള്ളൽ എന്നിങ്ങനെയുള്ള സാഹിത്യ പ്രസ്ഥാനങ്ങളെ സംബന്ധിച്ച നിരൂപണങ്ങൾ ചൂണ്ടിക്കാട്ടി വ്യക്തമാക്കുന്നു. ഗദ്യപദ്യമായ ചമ്പുക്കളെക്കുറിച്ച് വേണ്ടത്ര ഗവേഷണം നടത്തി, ഭാഷയിൽ ആ ശാഖ എത്രത്തോളം സമ്പുഷ്ടമായിട്ടുണ്ടെന്ന് നല്ല നിരൂപണ ദൃഷ്ടിയോടെ വിവരിക്കുന്ന ഗ്രന്ഥമാണ് ഉള്ളൂരിന്റെ ' ഭാഷാചമ്പുക്കൾ' എന്നും അദ്ദേഹം വ്യക്തമാക്കുന്നു.

സാഹിത്യനിരൂപണത്തിന്റെ ഒരു പ്രധാനപ്പെട്ട ഭാഗമായ പാഠസംസ്കരണ പദ്ധതിയിൽ ഉള്ളൂരിന്റെ സംഭാവനകളെ അവലോകനം ചെയ്യുന്നുണ്ട്. പ്രാചീന ഗ്രന്ഥപ്രകാശനത്തിൽ ഉള്ളൂരിന്റെ സംഭാവനകൾ മികച്ചതാണ്. പതിനഞ്ചോളം സംസ്കൃത കൃതികളും എൺപതിലധികം മലയാളകൃതികളും അദ്ദേഹം പ്രസാധനം ചെയ്തിട്ടുണ്ട്.

പ്രാചീനഗ്രന്ഥപ്രകാശനവും വിസ്തൃതമായ ഗ്രന്ഥനിരൂപണവും ഒക്കെ ഇടകലർന്നുപോകുന്ന അത്യന്തം ബൃഹത്തും സമഗ്രവുമായ പദ്ധതിയാണ് കേരളസാഹിത്യചരിത്രത്തിൽ കാണുന്നത്. കേരളസാഹിത്യചരിത്രത്തിനുള്ള മേന്മ, അത് മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിലൂടെ കേരളത്തിന്റെ വകയായി ഉണ്ടായിട്ടുള്ള സാഹിത്യകൃതികളുടെ ചരിത്രമാണെന്ന കാര്യം അദ്ദേഹം എടുത്തു പറയുന്നു.

സാഹിത്യകാരന്മാരെയും കൃതികളെയും മഹാകവി സാഹിത്യചരിത്രത്തിൽ എപ്രകാരമാണ് വിലയിരുത്തുന്നതെന്ന വസ്തുത ബോധ്യമാക്കിത്തരുന്നതാണ് അദ്ദേഹത്തിന്റെ വിവരണങ്ങൾ. സാഹിത്യത്തിലെ ചില പ്രത്യേക പ്രസ്ഥാനങ്ങളോടും ചിന്താഗതികളോടും ആഭിമുഖ്യം കാണിച്ച ഉള്ളൂരിൽ കവിയും ഗവേഷകനും നിരൂപകനും ത്രിമൂർത്തിയെപ്പോലെ കഴിഞ്ഞുകൂടിയതായി ഡോ.ജോർജ്ജ് വെളിപ്പെടുത്തുന്നു. സാഹിത്യചരിത്രരചന നടത്തിയപ്പോഴാണ് ഉള്ളൂരിലെ നിരൂപകൻ അതീവ പക്വമതിയായി വിവേകശാലിയായി ഉദാരശീലനായി പ്രശോഭിച്ചത്. ഗ്രന്ഥനിർമ്മാണം പോലെ ഗ്രന്ഥവിമർശനവും ഒരു കലയാണെന്നും വിമർശകന് ഒന്നാമതായി വേണ്ടത് സൗന്ദര്യാവബോധവും ത്യാജ്യഗ്രാഹ്യവിവേചനത്തിനുള്ള ശക്തിയുമാണെന്നും വ്യക്തമാക്കുന്നു. അനുവാചകൻ സ്വാഭിപ്രായരൂപീകരണത്തിന് ഒരിക്കലും വിമർശകനെമാത്രം ആശ്രയിച്ചു തൃപ്തിപ്പെടരുതെന്ന ഉള്ളൂരിന്റെ സൂചന വ്യക്തമാക്കികൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു. വിമർശനാത്മകമല്ലെങ്കിലും ഈ പ്രബന്ധം ഉള്ളൂരിന്റെ വ്യക്തിസത്തയിലെ വിശേഷത്തെ സമർത്ഥമായി പ്രകാശിപ്പിക്കുന്നുണ്ട്.

## വീക്ഷണങ്ങൾ വിചിന്തനങ്ങൾ

ആശയപ്രധാനവും വിവരണാത്മകവുമായ പ്രബന്ധങ്ങളാണ് ഡോ.കെ. എം.ജോർജ്ജിന്റെ പ്രബന്ധങ്ങളിൽ ഏറിയ പങ്കും. 'വീക്ഷണങ്ങൾ വിചിന്തനങ്ങൾ ' എന്ന പ്രബന്ധസമാഹാരവും ഇതിൽ നിന്നും വ്യത്യസ്തമല്ല. ചിന്തോദ്ദീപകങ്ങളായ പതിനാല് ഉപന്യാസങ്ങളുടെ ഒരു സമാഹാരമാണ് വീക്ഷണങ്ങൾ വിചിന്തനങ്ങൾ. വിമർശകനും ചിന്തകനുമായ ആശാനെ പരിചയപ്പെടുത്തുന്നതാണ് ഒന്നാം ലേഖനം. പ്രൗഢഗദ്യകാരനായ ആശാനെ കേരളീയർ വേണ്ടപോലെ ഉൾക്കൊണ്ടിട്ടില്ല എന്നാണ് ലേഖകന്റെ അഭിപ്രായം. ആശാന്റെ ഗദ്യ സംഭാവനകൾ പുതിയ തലമുറയ്ക്ക് സൗകര്യപ്രദമായി വായിക്കത്തക്കവണ്ണം പ്രസാധനം ചെയ്തിരുന്നില്ല എന്നതാണ് അതിനു പ്രധാനകാരണമായി ഡോ.ജോർജ്ജ് കാണുന്നത്.

കുമാരനാശാൻ ഒരു ഗദ്യകാരൻ എന്ന നിലയിൽ പ്രദർശിപ്പിച്ച വ്യക്തി

വൈഭവത്തെക്കുറിച്ച് ചിന്തിക്കുകയാണ് ഈ ലേഖനത്തിൽ ആശാന്റെ ഗദ്യശൈലി യുടെ മേന്മയെ അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു "കവികളായ ചിലർ ഗദ്യരചന നട ത്തുമ്പോഴും കാവ്യാത്മകമായ ഒരു ശൈലി അവലംബിക്കാറുണ്ട്. വള്ളത്തോൾ നല്ലൊരു ഉദാഹരണമാണ്. എന്നാൽ ആശാന്റെ ഗദ്യം പ്രായേണ ചിന്തകന്റെ ഗദ്യമാണ്. കുമാരനാശാൻ നിരൂപണങ്ങളും ഗദ്യലേഖനങ്ങളും എഴുതുമ്പോൾ കവിസഹജമായ ഭാഷയല്ല പ്രയോഗിക്കുന്നത്. ഒരു പ്രൗഢചിന്തകന്റെയും പ്രബോധകന്റെയും ഭാഷ യാണ്. അപ്പോൾ അദ്ദേഹം വായനക്കാരന്റെ മസ്തിഷ്ക്കത്തെയാണ് ലക്ഷ്യമാക്കുന്നത് ഹൃദയത്തെയല്ല"[45].

'സാഹിത്യപുരോഗതിയിൽ ഇംഗ്ലീഷിന്റെ പ്രസക്തി' എന്ന അടുത്ത ലേഖനം പ്രത്യേക പരാമർശം അർഹിക്കുന്നു. ഇംഗ്ലീഷുഭാഷയുടെയും സാഹിത്യത്തി ന്റെയും സ്വാധീനം മൂലം ഭാരതീയ ഭാഷകളെല്ലാം തന്നെ ഗണ്യമായി പുരോഗമിച്ചിട്ടു ണ്ടെങ്കിലും ആയിരത്തിത്തൊള്ളായിരത്തി നാല്പത്തി ഏഴുവരെ ഇംഗ്ലീഷിനു ഭാരതീയ ഭാഷകളുടെ മേൽ ഒരു തരം മേൽക്കോയ്മ ഉണ്ടായിരുന്നതായും അദ്ദേഹം വ്യക്തമാ ക്കുന്നു. ഇംഗ്ലീഷിനോളം സ്ഥാനവും പ്രയോഗപ്രാചുര്യവും ഹിന്ദിക്കു ലഭിച്ചിട്ടില്ല എന്ന വസ്തുതയും അദ്ദേഹം വെളിവാക്കുന്നു. ലോകവ്യാപകമായ ഒരു സംവേദന മാധ്യമ മെന്ന നിലയിലും അറിവിന്റെ കലവറ എന്ന നിലയിലും ഇംഗ്ലീഷിനുള്ള സ്ഥാനം മറ്റൊരു ഭാഷയ്ക്കുമില്ലെന്ന കാര്യവും വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. "നമ്മെപ്പണ്ടു ഭരിക്കു കയും വല്ലാതെ ചൂഷണം ചെയ്കയും ചെയ്ത ഒരധീശഭരണകൂടം ഇറക്കുമതിചെയ്ത മാധ്യമമെന്ന നിലയിൽ ആ ഭാഷയെ രോഷത്തോടോ പുച്ഛത്തോടോ വീക്ഷിക്കുന്നത് കുറഞ്ഞ തോതിൽ പറഞ്ഞാൽ, സങ്കുചിതബുദ്ധിയാണ്"[46]. ചുരുക്കിപ്പറഞ്ഞാൽ ലോക ത്തിന്റെ പല പ്രദേശങ്ങളെ സമന്വയിപ്പിക്കുന്ന അത്യന്തം പ്രയോജനപ്രദമായ മാധ്യമ മാണ് ഇംഗ്ലീഷ് എന്ന് സ്ഥാപിക്കാൻ അദ്ദേഹം സയുക്തികം ശ്രമിക്കുന്നുണ്ട്. പത്തൊ മ്പതാം നൂറ്റാണ്ടിലെ ധൈഷണിക സ്തംഭത്തിൽ നിന്ന് ഇന്ത്യയെ ഉയർത്തുകയും ഉണർത്തുകയും ചെയ്ത ഒരു ചൈതന്യവത്തായ മാധ്യമമായാണ് ലേഖകൻ ഇംഗ്ലീ ഷിനെ കാണുന്നത്. ലോകഭാഷകളിൽ ഇംഗ്ലീഷിനുള്ള സ്ഥാനം നന്നായി വിലയിരു

ത്തുന്ന ഒരു ലേഖനമാണിത്.

'സാഹിത്യത്തിലെ ഫാന്റസി' എന്ന അടുത്ത ലേഖനം ചിന്താബന്ധുരമാകുന്നു. പഴയ വക്രോക്തിയുടെ ഉജ്ജ്വലവികസിത രൂപമായി സാഹിത്യത്തിലെ ഫാന്റസിയെ ജോർജ്ജ് വിലയിരുത്തുന്നു. സംഭവങ്ങളുടെയും വസ്തുതകളുടെയും അടിയിൽ മാഞ്ഞുകിടക്കുന്ന സത്യത്തെ ഗ്രഹിക്കുവാനുള്ള ഒരു മോഹനതന്ത്രമായാണ് സാഹിത്യത്തിലെ ഫാന്റസിയെ ഡോക്ടർ ജോർജ്ജ് നിർവ്വചിക്കുന്നത്. മലയാളസാഹിത്യത്തിൽ കൗതുകമുണർത്തുന്ന ഈ തന്ത്രം ബഷീറും, പൊറ്റക്കാടും, സി.എൻ.ശ്രീകണ്ഠൻനായരും മറ്റും പ്രയോഗിച്ചിട്ടുണ്ടെങ്കിലും, ഈ സങ്കേതം കഴമ്പുള്ള സാഹിത്യസൃഷ്ടിയുടെ മാധ്യമമായി ഉപയോഗിച്ച മലയാളകവികളിൽ പ്രമുഖൻ അയ്യപ്പപണിക്കരും നോവൽ രചയിതാക്കളിൽ പ്രമുഖൻ സേതുവും ആണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

സാഹിത്യനിരൂപണത്തിലെ ഭാരതീയപാരമ്പര്യത്തിന്റെ പ്രബലമായ അടിത്തറ സംസ്കൃതത്തിൽ നിന്ന് ലഭ്യമായതാണെന്ന വസ്തുതയാണ് 'സാഹിത്യനിരൂപണത്തിന്റെ മേഖലകൾ' എന്ന അടുത്ത പ്രബന്ധത്തിൽ ചർച്ചയ്ക്കു വിധേയമാക്കുന്നത്. നമ്മുടെ ഇന്നത്തെ സാഹിത്യം - പഴയതും പുതിയതും പാശ്ചാത്യവും പൗരസ്ത്യവും ആയ പലതിന്റെയും സംഗമഫലമാണ്. മലയാളം, കന്നട, തെലുഗു എന്നീ ദ്രാവിഡ ഭാഷകളും, ഹിന്ദി, മറാത്തി, എന്നീ ഇന്തോ ആര്യൻ ഭാഷകളും സാഹിത്യശാസ്ത്രസംജ്ഞകളിൽ എന്ന പോലെ കാവ്യമീമാംസാ നിയമങ്ങളിലും സംസ്കൃതത്തെ അവലംബിക്കുമ്പോൾ ഉറുദു, കാശ്മീരി, സിന്ധി എന്നീ മൂന്നു ഭാഷകൾ പേഴ്സോ അറബിക് സ്വാധീനത്തിനു വിധേയരാകുന്നുവെന്നും എന്നാൽ തമിഴാകട്ടെ ഈ രണ്ടു കാര്യങ്ങളിലും സ്വന്തമായൊരു മാർഗ്ഗം വെട്ടിത്തെളിക്കുന്നതായി അദ്ദേഹം സൂചിപ്പിക്കുന്നു. ടാഗൂറിന്റെ ഗീതാഞ്ജലിയിൽ ഉപനിഷത്തുകളുടെയും പാശ്ചാത്യസാഹിത്യചിന്താഗതികളുടെയും പ്രതിഫലനമുണ്ടെന്നും അദ്ദേഹം സ്ഥാപിക്കുന്നു.

സാഹിത്യമാർഗ്ഗദർശിയും സാഹിത്യപ്രോത്സാഹകനുമായി വന്ന കേരളവർമ്മവലിയകോയിത്തമ്പുരാനെ അനുസ്മരിക്കുന്നതാണ് ' മലയാളസാഹിത്യസരണി

യിൽ കേരളവർമ്മ' എന്ന അടുത്ത ലേഖനം. മലയാളസാഹിത്യത്തിൽ കേരളവർമ്മവലിയകോയിത്തമ്പുരാന്റെ സ്ഥാനം എന്തെന്നു നിർണ്ണയിക്കുകയും അദ്ദേഹം സാഹിത്യമണ്ഡലത്തിൽ ചെലുത്തിയ സ്വാധീനത്തിന്റെ ആഴവും പരപ്പും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. കാലഘട്ടത്തിലൂടെ സാഹിത്യകാരനെ പഠിക്കുക എന്ന നയംതന്നെയാണ് ഡോ.ജോർജ്ജ് ഇവിടെ പ്രായോഗികമാക്കുന്നത്. മലയാള ഗദ്യത്തിന്റെ ജനയിതാവായി കേരളവർമ്മവലിയകോയിത്തമ്പുരാനെ കല്പിക്കുന്നത് അനുചിതമാണെന്ന പക്ഷക്കാരനാണ് ഡോ.കെ.എം.ജോർജ്ജ്. ചില സാഹിത്യശാഖകളും സാഹിത്യപ്രസ്ഥാനങ്ങളും ആരംഭിക്കുവാൻ ചില വ്യക്തികൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് സമ്മതിക്കുന്നതോടൊപ്പം സമൂഹത്തിന്റെ സൃഷ്ടിയായി പരിഗണിക്കപ്പെടേണ്ട ഭാഷയും സാഹിത്യവും ഏതെങ്കിലും ഒരു വ്യക്തിയുടെ പേരിൽ കൊള്ളിക്കുവാൻ ശ്രമിക്കുന്നതു വ്യർത്ഥമാണെന്നു പറയാതെ തരമില്ല. ഈ അഭിപ്രായം പ്രകടമാക്കുന്നതോടൊപ്പം തന്നെ, പാഠപുസ്തക കമ്മിറ്റി, ഭാഷാപോഷിണി സഭ എന്നിവയുടെയെല്ലാം അധ്യക്ഷനായി കേരളവർമ്മ പ്രവർത്തിച്ചപ്പോൾ മലയാളത്തിലുണ്ടായ മുന്നേറ്റത്തെപ്പറ്റിയും അദ്ദേഹം വിശദമായി ചർച്ചചെയ്യുന്നുണ്ട്. പല പൊളിച്ചെഴുത്തുകളും അനന്തരകാലങ്ങളിൽ നടന്നിട്ടുണ്ടെങ്കിലും ചരിത്രപശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ വലിയകോയിത്തമ്പുരാന്റെ സ്ഥാനം ഏറ്റവും ഉയർന്ന തലത്തിൽ തന്നെയാണെന്ന അഭിപ്രായമാണ് ഡോ.ജോർജ്ജിനുള്ളത്.

കൂട്ടത്തിൽ വ്യത്യസ്തത പുലർത്തുന്ന ഒന്നാണ് 'സമയത്തിന്റെ വില' എന്ന ലേഖനം. ഓരോ വ്യക്തിയും ഫലപ്രദമായി ചിലവഴിക്കുന്ന സമയം സമൂഹത്തിന്റെ മുതൽക്കൂട്ടായി കാണുന്ന ലേഖകൻ ഓരോ വ്യക്തിയും പാഴാക്കുന്ന സമയം സമൂഹത്തിന്റെ നഷ്ടമായും കാണുന്നു. സമയത്തിന്റെ വില ശരിക്കും മനസ്സിലാക്കിയവരുടെ കൂട്ടത്തിൽ മഹാകവി ഉള്ളൂരിനെയാണ് ലേഖകൻ ചൂണ്ടികാട്ടുന്നത്. അനാവശ്യനഷ്ടം വരുത്താതെ സമയം വിനിയോഗിച്ചതാണ് ഉള്ളൂരിന്റെ ഉയർച്ചയുടെ രഹസ്യമെന്ന് ഡോ.ജോർജ്ജ് വ്യക്തമാക്കുന്നു. ചെയ്യുന്ന പ്രവൃത്തിയിൽ നൂറു ശതമാനം ഏകാഗ്രത കൈവരുത്തിയാൽ ജീവിത വിജയം സാധ്യമാക്കുമെന്ന പക്ഷമാണ് ലേഖ

കനുള്ളത്. പരിമിതമായ് മാത്രം ലഭിക്കുന്ന സമയം ഏറ്റവും ഫലപ്രദമായി ചെലവഴിക്കുവാൻ എത്രമാത്രം ശ്രദ്ധിക്കേണ്ടതുണ്ട് എന്ന കാര്യം, ജീവിതത്തെ കരുപ്പിടിപ്പിക്കുന്ന ഘട്ടത്തിൽ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതുണ്ടെന്ന വസ്തുതയും അദ്ദേഹം ബോധ്യപ്പെടുത്തുന്നു.

ഭാരതത്തിന്റെ ഭാവിയും മലയാളസാഹിത്യകാരന്മാരും എന്ന വിഷയം അടിസ്ഥാനമാക്കി ആയിരത്തിത്തൊള്ളായിരത്തി എൺപത്തി ഏഴിൽ സംഘടിപ്പിച്ച ഒരു സെമിനാറിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗമാണ് ' മലയാളസാഹിത്യം - വിശാലരംഗങ്ങളിലേക്ക് ' എന്ന അടുത്ത ലേഖനത്തിനടിസ്ഥാനം. ഇംഗ്ലീഷിൽ വിവർത്തനം ചെയ്യാൻ കഴിവുള്ള ഒരു തലമുറയെ കരുതിക്കൂട്ടി രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ ഈ ലേഖനത്തിൽ ഡോ.കെ.എം.ജോർജ്ജ് എടുത്തു പറയുന്നുണ്ട്. മലയാളസാഹിത്യകൃതികൾ ധാരാളമായി വിദേശങ്ങളിലേക്ക് വിവർത്തനങ്ങളായി പ്രവഹിച്ചാൽ മാത്രമേ മലയാളസാഹിത്യത്തെക്കുറിച്ച് മതിപ്പ് വിദേശികൾക്ക് ഉണ്ടാക്കുകയുള്ളു എന്ന സത്യം അദ്ദേഹം ബോധ്യപ്പെടുത്തുന്നു.

തന്നെ സ്വാധീനിച്ച സാഹിത്യകൃതികളെക്കുറിച്ചുള്ള വിശകലനവും ഈ സമാഹാരത്തിൽ ഡോ.കെ.എം.ജോർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്. ടാഗോറിന്റെ 'ചിത്ര ' എന്ന നാടകവും വള്ളത്തോളിന്റെ 'മഗ്ദലനമറിയവും ' ആണ് തന്നെ ഏറ്റവും സ്വാധീനിച്ച കൃതികളായി ഡോ.ജോർജ്ജ് ചൂണ്ടിക്കാട്ടുന്നത്. ടാഗോറിന്റെ ചിത്ര നാടകത്തിന്റെ സവിശേഷതകളെ അദ്ദേഹം ഇപ്രകാരം വിലയിരുത്തുന്നു. "ജീവിതത്തിന്റെ സൗന്ദര്യത്തിന്റെയും പ്രയോജനത്തിന്റെയും പ്രസക്തിയും സ്ഥാനവും വ്യക്തമാക്കുന്ന ഈ പരമരസികൻ നാടകം, പ്രേമം എന്ന ദുർജ്ഞേയ പ്രതിഭാസത്തിന്റെ അഴകും ആഴവും വലിയൊരളവിൽ എനിക്കു കാട്ടിത്തന്നു. ആ സന്ദർഭത്തിൽ യുവസഹജമായ ഈ ബന്ധുരചിന്തയ്ക്കുവേണ്ടി എന്റെ മനസ്സു വിങ്ങിക്കൊണ്ടുനിൽക്കുകയായിരുന്നു. അങ്ങനെ 'ചിത്ര' എന്ന ടാഗോർകൃതി ആ കാലഘട്ടത്തിൽ എന്നെ അമ്പേ ആകർഷിച്ച ഗ്രന്ഥമായി പരിണമിച്ചു".

സാഹിത്യപ്പൂവാടിയിലേക്ക് തന്നെ ഒരാസ്വാദകൻ എന്ന നിലയിൽ കൈ

പിടിച്ചു കയറ്റിയ കൃതിയായി ഡോ.ജോർജ്ജ് സ്മരിക്കുന്നത് വള്ളത്തോളിന്റെ മഗ്ദലന മറിയത്തെയാണ്. സാഹിത്യപാരമ്പര്യമില്ലാത്ത ഒരു ഗ്രാമീണ കുടുംബത്തിൽ ജനിച്ചിട്ടും തനിക്കു സാഹിത്യമേഖലയിൽ ഒരു മേൽവിലാസമുണ്ടാക്കിയതിനു വഴിയൊരുക്കിയത് മഗ്ദലനമറിയം എന്ന കൃതിയാണെന്നാണ് സംശയലേശമെന്യേ ഡോ.ജോർജ്ജ് പറയുന്നുണ്ട്.

ഡോ.കെ.ഭാസ്കരൻനായർ സ്മരണികയിൽ ഡോ.കെ.എം.ജോർജ്ജ് എഴുതിയ 'പമ്പാസ്മരണകൾ' ആണ് ഈ സമാഹാരത്തിലെ അവസാന ഉപന്യാസം. തികച്ചും വ്യക്തിഗതവും അനുഭവപ്രധാനവും വൈകാരികത മുറ്റിനിൽക്കുന്ന ഉള്ളടക്കമുള്ള ഒരു രമ്യോപന്യാസമാണിത്. ഒരു നദിയും വ്യക്തിജീവിതവുമായുള്ള സാദൃശ്യത്തെക്കുറിച്ച് ഇതിൽ വിവരിക്കുന്നു. പമ്പാനദിയുടെ എതാണ്ട് മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ആറന്മുള ഗ്രാമത്തിൽ ജനിച്ചു വളർന്ന തനിക്ക് പല പാഠങ്ങളും പമ്പാനദിയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത അദ്ദേഹം ബോധ്യപ്പെടുത്തുന്നു.

ജീവിതത്തിന്റെ വിവിധവശങ്ങൾ പമ്പ പ്രതിഫലിപ്പിക്കുന്നു. വർഷകാലത്ത് ഭീകരവും ക്രൂരവും സങ്കീർണവുമായിരിക്കുന്ന പമ്പതന്നെ വേനൽക്കാലത്ത് പ്രശാന്തവും നിർമ്മലവും പ്രസന്നവുമായി വർത്തിക്കുന്നു. ആ ഗാംഭീര്യവും ക്ഷോഭവും സരളതയും ശാന്തതയും മനുഷ്യജീവിതത്തിലും ഉണ്ട് . തുടർന്ന് പമ്പാതീരത്തെ സായാഹ്നസംഗമങ്ങളെ അദ്ദേഹം സ്മരിക്കുന്നു. ആ പ്രേഷ്ഠസുഹൃത്തിന് ആയുരാരോഗ്യം അദ്ദേഹം നേരുന്നു.

## ഭാരതീയ സാഹിത്യ പഠനം

താരതമ്യസാഹിത്യ പഠിതാക്കൾക്ക് ഏറ്റവും പ്രയോജന പ്രദമായ 'ഭാരതീയ സാഹിത്യ പഠനം' എന്ന കൃതിയാണ് അടുത്തതായി പരാമർശിക്കപ്പെടുന്നത്. ഭാരതീയ ഭാഷകളിൽ കാലാകാലങ്ങളിൽ എന്തൊക്കെ സംഭവിച്ചു. അവയിലെ പ്രമുഖ സാഹിത്യകാരന്മാർ ആരെല്ലാം പ്രധാനപ്പെട്ട കൃതികൾ ഏവ ഭാരതീയഭാഷാസാഹിത്യങ്ങളിലെ ആദാനപ്രദാനങ്ങളുടെ ആവശ്യകത എന്ത്, എന്നീ വിഷയങ്ങളെക്കുറിച്ച് ഏക

ദേശാവബോധം നൽകുന്ന ഒരു കൃതിയാണിത്. ഭാരതീയഭാഷകളെയെല്ലാം പരസ്പരം ബന്ധിപ്പിച്ചു നിർത്തി ദേശത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ബോധ്യപ്പെടുത്തുന്നു. ഭാഷകളുടെയും സാഹിത്യങ്ങളുടെയും ആദാനപ്രദാനം ദേശീയോദ്ഗ്രഥനത്തിന് അത്യന്താപേക്ഷിതമാണെന്ന വസ്തുതയും ഡോ.കെ. എം.ജോർജ്ജ് ഓർമ്മിപ്പിക്കുന്നുണ്ട്.

ഭാരതത്തിലെ ഓരോ സാഹിത്യത്തിനും അതിന്റേതായ തനിമയും പ്രത്യേകതയും ഉള്ളപ്പോൾ തന്നെ, എല്ലാ സാഹിത്യങ്ങളിലും അന്തർഭവിച്ചിട്ടുള്ള ചില സാഹിത്യഘടകങ്ങളുണ്ടെന്ന കാര്യം ഡോ.കെ.എം.ജോർജ്ജ് പ്രത്യേകിച്ച് പറയുന്നുണ്ട്. ഇന്ത്യയിലെ സാധാരണ വായനക്കാരെ സംബന്ധിച്ചിടത്തോളം ഭാരതീയസാഹിത്യങ്ങൾ അജ്ഞാതമേഖലകൾ തന്നെ എന്ന കാര്യം അദ്ദേഹം സമ്മതിക്കുന്നുണ്ട്. എല്ലാ ഭാഷകളും പഠിക്കുക ആരാലും സാധ്യമല്ലെന്നും, ഓരോ ഭാഷയിലെയും പ്രധാനപ്പെട്ട കൃതികൾ തിരഞ്ഞെടുത്ത് അവയെല്ലാം സമർത്ഥമായി മറ്റെല്ലാ ഭാഷകളിലും വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തുക എന്നതാണ് ഭാരതീയസാഹിത്യം എന്താണെന്നറിയാനുള്ള ഏകമാർഗ്ഗമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു.

'സാഹിത്യത്തിലെ താരതമ്യപഠനം' എന്ന അടുത്ത ലേഖനം, ഇന്ത്യയെപ്പോലൊരു രാജ്യത്തിൽ താരതമ്യസാഹിത്യപഠനത്തിന്റെ പ്രസക്തി എന്തെന്ന് വെളിപ്പെടുത്തുന്നു. നിഷ്കൃഷ്ടാർത്ഥത്തിൽ താരതമ്യപഠനം, സാഹിത്യപഠനം തന്നെയാണെന്നും സാഹിത്യപഠനത്തിന് ഉപയോഗിക്കുന്ന ഉപാധി താരതമ്യമാണെന്ന വ്യത്യാസം മാത്രമേ ഉള്ളുവെന്ന കാര്യവും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. "താരതമ്യപഠനം വൈവിധ്യത്തിലെ ഏകത്വം കണ്ടെത്തുവാൻ ഉപകരിക്കുന്നതോടൊപ്പം സാഹിത്യത്തെ സംബന്ധിച്ച വിശ്വവ്യാപകമായ ഒരു കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് സഹായകമാവും"[49]. ഒരു സ്വതന്ത്രവിജ്ഞാനശാഖയെന്ന നിലയിൽ താരതമ്യസാഹിത്യത്തിന് വളരെക്കാലത്തെ പഴക്കമൊന്നും അവകാശപ്പെടാനില്ല എന്ന കാര്യം വ്യക്തമാക്കുന്നതോടൊപ്പം താരതമ്യസാഹിത്യത്തിന്റെ ഇന്ത്യയിലെ വളർച്ചയെക്കുറിച്ച് ഒരു സാമാന്യാവലോകനവും ഇതിൽ

നടത്തുന്നുണ്ട്. തുടർന്ന് വിവിധഭാരതീയ സാഹിത്യങ്ങളെക്കുറിച്ച് ആധികാരികമായ അറിവു നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരളസാഹിത്യ അക്കാദമി ആസൂത്രണം ചെയ്തിട്ടുള്ള ഭാരതീയ സാഹിത്യ താരതമ്യ ഗ്രന്ഥ നിർമ്മിതിയെക്കുറിച്ചുള്ള വിവരണ മാണ്. കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചർ എന്ന പേരിൽ മലയാളത്തിലും അക്കാദമി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ബൃഹത്തായ കൃതികളുടെ ഉള്ളടക്കത്തെക്കുറിച്ച് ഒരു സാമാന്യസൂചന നൽകിയാണ് ഈ ലേഖനം അനസാനിപ്പിക്കുന്നത്.

'പാശ്ചാത്യസ്വാധീനം മലയാളസാഹിത്യത്തിൽ ' എന്ന അടുത്ത പ്രബന്ധം മറ്റു പല സമാഹാരങ്ങളിലും ഉൾപ്പെടുത്തീയിട്ടുണ്ട്. പ്രാദേശിക സാഹിത്യങ്ങളിലെ നവോത്ഥാനത്തെക്കുറിച്ചുള്ള അടുത്ത പ്രബന്ധം, അതികായന്മാരായ ഭാരതീയ എഴുത്തുകാരെ സംബന്ധിച്ചുള്ള ഒരവലോകനമാണ്. കാന്താരം പോലെ കിടക്കുന്ന സാഹിത്യരംഗത്ത് കല്ലുടയ്ക്കുകയും വഴിതെളിക്കുകയും ചെയ്ത ഇവർ പല പുതിയ പ്രസ്ഥാനങ്ങളും ആരംഭിച്ച്, പുതിയ ചക്രവാളങ്ങളിലേക്ക് മനുഷ്യപ്രതിഭയെ നയിച്ചവരാണ്. ദക്ഷിണേന്ത്യൻ സാഹിത്യങ്ങളിൽ നാലഞ്ചു ദശകങ്ങളിലുണ്ടായ പുരോഗതിക്കു കാരണക്കാരായ സാഹിത്യകാരന്മാരുടെ ഒരു സാമാന്യവിവരണവും അദ്ദേഹം നൽകുന്നുണ്ട്. എം.എസ്.പുട്ടണ്ണ, മുദ്ദണ്ഡ.എസ്.ജി.നരസിംഹാചാർ , എം.ഗോവിന്ദപൈ പഞ്ചേമംഗേശ്വരറാവു, ബി.എം.ശ്രീകണ്ഠയ്യാ എന്നിവർ കന്നഡയിലും എ.ആർ.രാജരാജവർമ്മ, ഒ.ചന്തുമേനോൻ, സി.വി.രാമൻപിള്ള, കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ മുതലായവർ മലയാളത്തിലും നവോത്ഥാനത്തിന് കാരണഭൂതരായി.

ഭാരതീയഭാഷകളിലെ വിജ്ഞാനകോശങ്ങളെ സംബന്ധിച്ചുള്ളതാണ് അടുത്ത ലേഖനം, വിവിധ ഭാഷകളിലുണ്ടായ വിജ്ഞാനകോശങ്ങളെക്കുറിച്ചുള്ള ലഘു വിവരണം നൽകുന്നതോടൊപ്പം വിജ്ഞാനകോശനിർമ്മിതിയുടെ പരമമായ ലക്ഷ്യമെന്താണെന്ന സൂചനയും ഈ ലേഖനത്തിന്റെ പ്രത്യേകതയായി ചൂണ്ടിക്കാട്ടാം. നമ്മുടെ *ഭാഷകൾ ഏതു മേഖലയിലും ഏതു രംഗത്തും മാധ്യമമാകണം.* അവയ്ക്കുള്ള ന്യായമായ അവകാശം മറ്റൊരു ഭാഷയ്ക്കും കൊടുത്തുകൂടാ. ഇംഗ്ലീഷിന്റെ സേവനം മാത്രമാണ് വേണ്ടത്, നിയന്ത്രണവും മേൽക്കോയ്മയും അല്ല ഇങ്ങനെയുള്ള ഭാഷാ

മാധ്യമപരിവർത്തനത്തിൽ വിജ്ഞാനകോശങ്ങൾക്ക് ഗണ്യമായ പങ്കുവഹിക്കാനുണ്ട്. തുടർന്ന് പ്രധാന ഭാഷകളിലെ വിജ്ഞാനകോശങ്ങളെക്കുറിച്ച് ഒരു സാമാന്യാവലോകനം നടത്തിയിരിക്കുന്നു. അക്കൂട്ടത്തിൽ പരാമർശിക്കപ്പെടുന്ന തമിഴ് വിജ്ഞാനകോശങ്ങൾ ആണ് ടി.വി.സാംബശിവൻ പ്രസാധനം ചെയ്ത ' താവര ഇയൽ രസായനം', പെരിയസ്വാമിതുരൻ എഡിറ്റ് ചെയ്ത് പ്രസിദ്ധപ്പെടുത്തിയ ' കലൈക്കഴഞ്ചിയം' തുടങ്ങിയവ തെലുങ്കിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാനകോശങ്ങളായ 'ആന്ധ്രവിജ്ഞാസർവ്വസ്വമു', 'ആന്ധ്രാഗ്രന്ഥമാല',' ആന്ധ്രാവിജ്ഞാനകോശമു' തുടങ്ങിയവയെക്കുറിച്ചും ഇതിൽ വിവരിക്കുന്നുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷമാണ് എൻസൈക്ലോപ്പീഡിയ പ്രവർത്തനം ശരിയായതോതിൽ മലയാളത്തിൽ ആരംഭിക്കുന്നതെന്ന വസ്തുത അദ്ദേഹം എടുത്തു പറയുന്നുണ്ട്. തുടർന്ന് ബംഗാളി, മറാഠി എന്നീ ഭാഷകളിലുണ്ടായ വിജ്ഞാനകോശങ്ങളെക്കുറിച്ചും സാമാന്യസൂചന നൽകുന്നുണ്ട്.

ചരിത്രനോവലിന്റെ സവിശേഷതകൾ എന്ന അടുത്ത ലേഖനം തികച്ചും വ്യത്യസ്തമായ ഒന്നാണ്. സാമൂഹിക നോവലും ചരിത്രനോവലും തമ്മിലുള്ള വ്യത്യാസത്തെയാണ് ഇതിൽ ആദ്യം പരാമർശിക്കുന്നത്. ഒരു ചരിത്രനോവലിലെ ചില സംഭവങ്ങൾ ചരിത്രസംഭവങ്ങളായും അതിലെ ചില പാത്രങ്ങൾ യഥാർത്ഥ ചരിത്രവ്യക്തികളായും അറിയപ്പെടുന്നു. പക്ഷേ അതിൽത്തന്നെ ഗ്രന്ഥകാരന്റെ ഭാവനയുടെ സന്താനങ്ങളായ സംഭവങ്ങളും പാത്രങ്ങളും ഉണ്ടായിരിക്കും. അല്ലാത്തപക്ഷം ഒരു സർഗ്ഗാത്മകൃതിയെന്ന നിലയിൽ അത് അംഗീകരിക്കപ്പെടുന്നില്ല. സർഗ്ഗാത്മകചൈതന്യത്താൽ അനുഗൃഹീതനായ ഒരെഴുത്തുകാരൻ തന്റെ സഹജീവിയായ ചരിത്രകാരനെക്കാൾ, വസ്തുതകളുടെ ഉള്ളറകളിലേയ്ക്ക് ചുഴിഞ്ഞിറങ്ങുവാനും അവയുടെ കേന്ദ്രതന്തുവിൽ പിടിമുറുക്കി നല്ല ഉൾക്കാഴ്ചയോടെ രചന നടത്തുവാനും കഴിയുമെന്ന കാര്യത്തിൽ ലേഖകന് ഉറച്ചവിശ്വാസമുണ്ട്.

ആഗോളപ്രശസ്തി നേടിയിട്ടുള്ള ഭാരതീയസാഹിത്യകാരന്മാരുടെ കൂട്ടത്തിൽ ശ്രദ്ധേയനായ പ്രേംചന്ദിനെക്കുറിച്ചുള്ളതാണ് അടുത്ത ലേഖനം. ഇരുനൂറ്റിഅമ്പതിൽപ്പരം ചെറുകഥകളും പത്തുനോവലുകളും ഏതാനും ഉപന്യാസങ്ങളുമാണ്

അദ്ദേഹം രചിച്ചിട്ടുള്ളത്. പ്രേംചന്ദിന്റെ ജീവിതപശ്ചാത്തലം, വ്യക്തിമുദ്ര, അക്കാലത്തെ രാഷ്ട്രീയവും സാമൂഹികവുമായ പരിത.സ്ഥിതികൾ എന്നിവയെല്ലാം അദ്ദേഹം ചർച്ച ചെയ്യുന്നു "ജീവിതത്തിലെ കഷ്ടപ്പാടുകൾ നേരിട്ടറിഞ്ഞ പ്രേംചന്ദ് കഷ്ടപ്പെടുന്നവർക്കു വേണ്ടിയാണ് സാഹിത്യസൃഷ്ടി നടത്തിയത്"[50]. ഗാന്ധിജിയെ തന്റെ ഗുരുവായി സ്വീകരിച്ച് സ്വാതന്ത്ര്യസമരത്തിൽ തൂലിക കൊണ്ടു പോരാടി, അദ്ദേഹത്തിന്റെ പരിപാടികളിൽ സഹകരിക്കുകയും ചെയ്ത വ്യക്തിയാണ് പ്രേംചന്ദ്. സാമൂഹിക നീതിക്കു വേണ്ടി ആവേശം കൊള്ളുന്ന ഒരു യുവതലമുറയെ രൂപപ്പെടുത്തിയെന്നതാണ് പ്രേംചന്ദിന്റെ ഏറ്റവും വലിയ നേട്ടമായി ലേഖകൻ കാണുന്നത്. സുബ്രഹ്മണ്യഭാരതിയെക്കുറിച്ചുള്ള അവലോകനം സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും എന്ന സമാഹാരത്തിലും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇവിടെ പ്രതിപാദിക്കുന്നില്ല.

'കണ്ണീരിന്റെ കവി' എന്ന തലക്കെട്ടിലുള്ള അടുത്ത ലേഖനം ചങ്ങമ്പുഴ കൃഷ്ണപിള്ളയെക്കുറിച്ചാണ്. എഴുതി പരിശീലനം നേടിയ ആദ്യകാലവും ശയ്യാവലംബിയായി അവശനായിക്കഴിഞ്ഞ അവസാനകാലവും തള്ളിക്കളഞ്ഞാൽ, ചങ്ങമ്പുഴയുടെ സാഹിത്യസപര്യയുടെ കാലഘട്ടം ഏതാണ്ട് പതിനാറു വർഷം മാത്രമാണെന്ന വസ്തുത ലേഖകൻ എടുത്തുകാട്ടുന്നുണ്ട്. സാധാരണ ജനങ്ങളെപ്പോലും ആകർഷിക്കുന്ന ഗാനപ്രധാനങ്ങളായ നാടൻ വൃത്തങ്ങൾ അനായാസമായും ആകർഷകമായും പ്രയോഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത കവിയാണ് ചങ്ങമ്പുഴ. ടെന്നിസന്റെ 'ഈനോൺ' എന്ന പ്രശസ്ത കാവ്യത്തിന്റെ വിവർത്തനമായ 'സുധാംഗദയ്ക്ക്' ചങ്ങമ്പുഴ തന്നെ എഴുതിയിട്ടുള്ള മുഖവുര കാവ്യവിവർത്തനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്തകൾക്ക് നിദർശനമാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ചങ്ങമ്പുഴയുടെ കാവ്യജീവിതത്തിലെ വിവിധ ഘട്ടങ്ങളെ ജോർജ്ജ് ഇപ്രകാരം വിലയിരുത്തുന്നു. "ഒന്നാം ഘട്ടത്തിൽ സങ്കല്പ ലോകത്തിലെ മധുപാനമാണ് അദ്ദേഹത്തെ ജീവിപ്പിച്ചതെങ്കിൽ, രണ്ടാം ഘട്ടത്തിൽ യഥാർത്ഥ ലോകത്തിലെ മധുപാനമാണ് അദ്ദേഹത്തെ നശിപ്പിച്ചത്. മൂന്നാം ഘട്ടത്തിൽ വീട്ടുകാരുടെയും നാട്ടുകാരുടെയും സഹതാപവും സൗഹൃദവും ശരിക്കും അദ്ദേഹം ആസ്വദിച്ചെങ്കിലും കഠിനമായ ശരീരപീഡ

അദ്ദേഹത്തെ കാർന്നു തിന്നുകൊണ്ടിരുന്നു"[51]. കണ്ണീർക്കണികയിൽ ലോകം പ്രതിഫലിപ്പിച്ച കവിയായി ചങ്ങമ്പുഴയെ ഡോ. കെ. എം. ജോർജ്ജ് വിലയിരുത്തുന്നു.

'ഭാരതീയ സാഹിത്യത്തിലെ ആദാനപ്രദാനങ്ങൾ' എന്ന അടുത്ത ലേഖനം, *ദേശീയോദ്ഗ്രഥനത്തിൽ ഭാഷകളുടെയും സാഹിത്യങ്ങളുടെയും ആദാനപ്രദാനം* മുഖ്യ പങ്കുവഹിക്കുന്നുവെന്ന കാര്യം ചൂണ്ടിക്കാണിക്കുന്നു. ഓരോ സാഹിത്യവും ഇതരസാഹിത്യങ്ങളിലെ വിശിഷ്ട കൃതികൾ സ്വയം ലയിപ്പിച്ച് പുഷ്ടിപ്പെടുകയും അങ്ങനെ സാംസ്കാരിക മണ്ഡലത്തിൽ ഉദ്ഗ്രഥനം ഉണ്ടാവുകയും ചെയ്യണമെങ്കിൽ ഭാരതീയ സാഹിത്യങ്ങൾ തമ്മിൽ വിപുലമായ തോതിൽ ആദാനപ്രദാനങ്ങൾ നടന്നേ മതിയാവൂ. സാഹിത്യമേഖലയിൽ പരസ്പരപ്രവാഹം സുഗമമാകണമെങ്കിൽ വിവർത്തനങ്ങൾ കൊണ്ടേ കഴിയൂ. അതിന് വിവർത്തകരെ പരിശീലിപ്പിക്കുകയാണ് ഒന്നാമതായി ചെയ്യേണ്ടതെന്ന വസ്തുതയും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ദ്വിഭാഷാനിഘണ്ടുക്കൾ ഇതരഭാഷക്കാർക്കു വായിച്ചു മനസ്സിലാക്കാവുന്ന ലളിത വ്യാകരണങ്ങൾ, ഭാരതീയ സാഹിത്യ*ത്തെയും സംസ്കാരത്തെയും അടിസ്ഥാനമാക്കിയുള്ള വിജ്ഞാനകോശം* ഇങ്ങനെയുള്ള റഫറൻസ് ഗ്രന്ഥങ്ങൾ വിവർത്തകർക്കും ഭാഷാധ്യേതാക്കൾക്കും വളരെയേറെ ഉപകരിക്കുമെന്ന് ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു.

ദേശീയൈക്യവും സാഹിത്യകാരന്മാരും എന്ന അവസാന ലേഖനം ദേശീയൈക്യം പുലർത്തുന്നതിനു വേണ്ടി അല്ലെങ്കിൽ വിഭാഗീയ ചിന്തകൾ നശിപ്പിക്കുവാനായി തന്റെ തൂലിക ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ഓർമ്മിപ്പിക്കുന്നു. വൈകാരികൈക്യ സമ്പാദനത്തിൽ അവർക്കു ഗണ്യമായ പങ്കുവഹിക്കുവാനുണ്ടെന്ന് ദേശീയചിന്തയെ ഉജ്ജ്വലിപ്പിക്കുന്ന പല നല്ല കൃതികളും ഉണ്ടാകേണ്ടതാണെന്നും ഉറപ്പിച്ചു പറയുന്നു. ദേശീയൈക്യം പുലർത്തുന്നതിൽ രാഷ്ട്രീയക്കാരനും വിദ്യാഭ്യാസ*പ്രവർത്തകനും സമുദായ ശാസ്ത്രജ്ഞനും എഴുത്തുകാരനും* ഒക്കെ ഉത്തരവാദിത്വം ഉണ്ട്. എഴുത്തുകാരൻ ഒന്നാമത് ഒരു വ്യക്തിയും രണ്ടാമത് ഒരു ദേശത്തെയും രാഷ്ട്രത്തെയും പ്രതിനിധാനം ചെയ്യുന്ന ആളുമാണ്. അതിനാൽ അയാളുടെ കൃതിയിൽ വ്യക്തിത്വവും പ്രാദേശികത്വവും പ്രതിഫലിക്കുക സ്വാഭാവികമാണ്. ഓരോ ഭാഷയി

ലെയും വിവർത്തനാർഹങ്ങളായ കൃതികളെ അന്യോന്യം വിവർത്തനം ചെയ്ത് രാഷ്ട്രീയമായ ഉദ്ഗ്രഥനം സാധ്യമാക്കേണ്ടത് വാസ്തവത്തിൽ ഓരോ സാഹിത്യകാരന്റെയും കടമയാണെന്ന് സൂചിപ്പിച്ചുകൊണ്ട് ലേഖനം അവസാനിപ്പിച്ചിരിക്കുന്നു.

ഭാഷയുമായി ബന്ധപ്പെട്ട് വേറെയും ചില പഠനങ്ങൾ ഡോ. കെ. എം. ജോർജ്ജ് നടത്തിയിട്ടുണ്ട്. 'ഭാരതത്തിലെ ഭാഷകൾ' എന്ന കൃതി അക്കൂട്ടത്തിൽപ്പെടുന്നു. പശ്ചാത്തലം, നാലു കുടുംബങ്ങൾ, ഇന്തോ ആര്യൻ ഭാഷകൾ, ദ്രാവിഡഭാഷകൾ, ഭാഷകളും സാക്ഷരതയും എന്നിങ്ങനെ അഞ്ചു ലേഖനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാഷകളുടെയും ഭാഷാഭേദങ്ങളുടെയും നാടായ ഭാരതത്തിലെ ഭാഷകളുടെ തികച്ചും വിശ്വസനീയവും പൂർണ്ണവുമായ ചിത്രം ലഭിക്കാൻ പ്രയാസമാണെന്ന വസ്തുത വ്യക്തമാക്കുന്നതോടൊപ്പം തന്നെ ഒരു രാഷ്ട്രത്തിന് ഒരു ഭാഷ എന്ന അവസ്ഥ രാഷ്ട്രത്തെ ഏകഖണ്ഡമായി നിലനിർത്താൻ സഹായിക്കുന്നുവെന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. ഭാഷയെ സാമൂഹികമായ വീക്ഷണത്തോടെ അപഗ്രഥിക്കുന്ന ഡോ. ജോർജ്ജ് ഭാഷ സംസ്കാരമാണെന്ന് അഭിപ്രായപ്പെടുന്നു. ഓരോ ഭാഷാപ്രവിശ്യയും ഓരോ പൂന്തോട്ടമായി ഭാവന ചെയ്താൽ പലതരം വർണ്ണങ്ങളും സൗന്ദര്യങ്ങളുമുള്ള പുഷ്പ ലക്ഷങ്ങൾ കൊണ്ടു നിറഞ്ഞ ഒരു മനോഹരരംഗമായി നമ്മുടെ രാജ്യം പരിണമിക്കുമെന്നും അദ്ദേഹം പ്രത്യാശിക്കുന്നു. വേഷം, ആചാരം, നിയമം, മതം, സമുദായം, വിനോദം, ശാസ്ത്രം എന്നീ സംസ്കാരഘടകങ്ങളെ ഭാഷയിൽ നിന്ന് വേറിട്ടു കാണാൻ കഴിയില്ലെന്ന വസ്തുതയാണ് ഭാഷയുടെ സാമൂഹിക മൂല്യം നിർദ്ധാരണം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

'ഭാഷാകുടുംബം' എന്ന അടുത്ത ലേഖനം ഭാഷാകുടുംബം എന്ന സംജ്ഞയുടെ അടിസ്ഥാനമെന്തെന്ന് വിശകലനം ചെയ്യുന്നു. ലോകത്തിലെ ഭാഷകളുടെ സാമ്യവ്യത്യാസങ്ങൾക്കനുസരിച്ച് അവയെ പത്തു മുഖ്യവിഭാഗങ്ങളായി തിരിക്കാമെന്ന ഭാഷാ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായഗതിയെയും അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. "ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് അവരുടേതായ വ്യക്തിത്വം ഉള്ളപ്പോൾ കുടുംബസംബന്ധമായ ചില പൊതുപാരമ്പര്യങ്ങളും പൊതുസ്വഭാവങ്ങളും

ഉണ്ടെന്നതു വ്യക്തമാണ്. അതുപോലെയുള്ള ഭാഷകളെയാണ് ഒരു ഭാഷാ കുടുംബത്തിലെ അംഗങ്ങളായി പരിഗണിക്കുന്നത്"[52]. പദസഞ്ചയത്തിലും വ്യാകരണവ്യവസ്ഥയിലും കാണുന്ന സാമ്യവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ ലോകഭാഷകളെ വിശകലനം ചെയ്തിട്ടുള്ള പണ്ഡിതന്മാർ, ഇൻഡോയൂറോപ്യൻ, സെമിറ്റിക്, ഹാമിറ്റിക്, ദ്രാവിഡം, യൂറാൾ അൾട്ടെയ്ക് മലയോ-പോളിനേഷ്യൻ, കൊക്കേഷ്യൻ എന്നിങ്ങനെ പല കുടുംബങ്ങളായി തിരിച്ചിരിക്കുന്ന വസ്തുതയും അദ്ദേഹം സൂചിപ്പിക്കുന്നു. ദ്രാവിഡഭാഷകളെ സംബന്ധിച്ച സാമാന്യവിശകലനമാണ് ദ്രാവിഡഭാഷകൾ എന്ന ലേഖനം.

കുട്ടികളുടെ പ്രായത്തിനും മാനസിക നിലവാരത്തിനും ആസ്വാദനബോധത്തിനും ഇണങ്ങുന്ന ലളിതമായ ആഖ്യാനരീതിയിലുള്ള 'ഭാരതത്തിലെ ഭാഷകൾ' എന്ന കൃതി ഒരു ബാലസാഹിത്യ കൃതിയാണ്.

## ഡോ. കെ. എം. ജോർജ്ജിന്റെ പ്രബന്ധങ്ങൾ

ഡോ. കെ. എം. ജോർജ്ജിന്റെ പ്രബന്ധങ്ങൾ എന്ന കൃതിയെയാണ് ഇനി വിശകലനത്തിന് വിധേയമാക്കുന്നത്. പ്രബന്ധസമാഹാരങ്ങളിൽ നിന്ന് പ്രാതിനിധ്യ സ്വഭാവമുള്ള പ്രബന്ധങ്ങൾ തിരഞ്ഞെടുത്ത് അദ്ദേഹത്തിന്റെ എഴുപത്തി അഞ്ചാം ജന്മദിനത്തോടനുബന്ധിച്ച് തയ്യാറാക്കിയ കൃതിയാണിത്. സാഹിത്യം, വിദ്യാഭ്യാസം, ചരിത്രം, സംസ്കാരം, ഭാഷ എന്നീ മേഖലകളിൽ അദ്ദേഹം പല കാലങ്ങളിലായി എഴുതിയിട്ടുള്ള ലേഖനങ്ങളാണിത്. അറുപതു പ്രബന്ധങ്ങളാണ് ഈ കൃതിയിലെ ഉള്ളടക്കം. പുസ്തകരൂപം പ്രാപിച്ചിട്ടില്ലാത്ത അഞ്ചു ലേഖനങ്ങളെക്കുറിച്ചു മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്.

'ഭാരതീയ സാഹിത്യ നവോത്ഥാനം' എന്ന ലേഖനം ആയിരത്തിത്തൊള്ളായിരത്തി എൺപത്തി എട്ടിലെ മലയാള മനോരമ വാർഷികപ്പതിപ്പിലേക്ക് എഴുതിയതാണ്. രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങളും വെല്ലുവിളികളും നിറഞ്ഞുനിൽക്കുന്ന ഒരു ലോകത്തിൽ അവയുടെ സവിശേഷ ചൈതന്യം സാഹിത്യത്തിൽ പ്രതിഫലിക്കുക സ്വാഭാവികമാണെന്നും അത്തരം ഒരു നവോത്ഥാനം ഭാരതത്തിലും

ഉണ്ടായതായും അദ്ദേഹം സൂചിപ്പിക്കുന്നു. അത്തരം ഒരു നവോത്ഥാനത്തിന്റെ വിത്തുകൾ പാകിയത് പാശ്ചാത്യ രീതിയിലുള്ള വിദ്യാഭ്യാസം തന്നെയാണെന്ന നിലപാടാണ് അദ്ദേഹത്തിനുള്ളത്. ക്ഷേമ രാഷ്ട്രരൂപവൽക്കരണത്തിനു വേണ്ടിയുള്ള പരിശ്രമങ്ങളും വിജയാപജയങ്ങളും പ്രതിഫലിക്കുന്ന ഘട്ടമായി സ്വാതന്ത്ര്യാനന്തരഘട്ടത്തെ ഡോ. ജോർജ്ജ് വീക്ഷിക്കുന്നു.

സാഹിത്യ ഗവേഷണത്തിന്റെ പ്രസക്തിയെ വ്യക്തമാക്കുന്ന ലേഖനം, ഒരു ഗവേഷകനുണ്ടായിരിക്കേണ്ട ഗുണങ്ങളെന്താണെന്ന് വ്യക്തമാക്കുന്നു. ചരിത്രവസ്തുതകളോടുള്ള ബഹുമാനം കാര്യങ്ങൾ ഏറ്റക്കുറച്ചിൽ കൂടാതെ ക്ലിപ്തമായി കണ്ടെത്താനുള്ള കഴിവ്, വിശകലനവൈഭവം, വർഗ്ഗീകരണചതുരത, താരതമ്യ നിരീക്ഷണത്തിനുള്ള സവിശേഷപാടവം - ഇവയൊക്കെ ഒരു ഗവേഷകനുണ്ടായി രിക്കേണ്ട യോഗ്യതകളായി അദ്ദേഹം കാണുന്നു. കൂടാതെ നിസ്തുലമായ കഠിനമായ പരിശ്രമവും കർശനമായ അച്ചടക്കവും സാഹിത്യഗവേഷകർക്ക് ആവശ്യമാണെന്ന് ഉപദേശിക്കുകയും ചെയ്യുന്നു.

ഗദ്യസാഹിത്യത്തിന്റെ മുന്നേറ്റം എന്ന ലേഖനം റവ. ജോർജ്ജ് മാത്തൻ സ്മാരകപ്രഭാഷണമാണ്. മലയാള സാഹിത്യത്തിനു എണ്ണൂറു വർഷത്തെ ചരിത്രമുണ്ടെങ്കിലും, ഗദ്യസാഹിത്യത്തിന് ഏതാണ്ട് ഒരു നൂറ്റാണ്ടിന്റെ പഴക്കമേ അവകാശപ്പെടാനുള്ളു എന്ന കാര്യമാണ് ഡോ. ജോർജ്ജ് ഇവിടെ പറയുന്നുത്. ഇതുവരെ അറിയപ്പെട്ടിട്ടുള്ള രേഖകൾ അടിസ്ഥാനമാക്കി നോക്കുമ്പോൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകം വരെ സാഹിത്യത്തിൽ പ്രാമാണ്യം പദ്യത്തിനു തന്നെയായിരുന്നുവെന്നും ഗദ്യകൃതികൾ എണ്ണത്തിലും സാഹിത്യഗുണത്തിലും വളരെ പിന്നോക്കമായിരുന്നുവെന്നും ഉദാഹരണസഹിതം വിവരിക്കുന്നു. പാശ്ചാത്യസാഹിത്യപരിചയം കൊണ്ടുണ്ടായ ഗുണവിശേഷങ്ങളെയാണ് പിന്നീട് പ്രതിപാദിക്കുന്നത്. അന്തസത്തയും രചനാസൗകുമാര്യവും കൊണ്ടു വായനക്കാരെ ആകർഷിക്കുന്ന ഗദ്യകൃതികൾ ഇന്നു മലയാളത്തിൽ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും അതു പ്രധാനമായും ഏഴു പ്രധാന ചാലുകളിലൂടെയാണ് പ്രവഹിക്കുന്നതെന്നും രേഖപ്പെടുത്തുന്നു.

ഡോ. ജോർജ്ജിന്റെ വിവരണം നോക്കുക. "1. കല്പിതകഥകൾ (fiction) എന്ന പൊതു വിഭാഗത്തിൽ ഉൾപ്പെടുന്ന നോവലും ചെറുകഥയും 2. ഗദ്യ നാടകം 3. ഉപന്യാസം (essay) 4. ജീവചരിത്രം, ആത്മകഥ 5. കത്തുകൾ, ഡയറികൾ 6. സഞ്ചാരസാഹിത്യം 7. നിരൂപണസാഹിത്യം, ശാസ്ത്രസാഹിത്യം ഇവ ഉൾപ്പെടുന്ന വിജ്ഞാന സാഹിത്യം മൊത്തത്തിൽ"[53] ഈ ഓരോ ശാഖയെയും സംബന്ധിച്ച ലഘുവിവരണം തുടർന്നു നൽകുന്നു. പാണ്ഡിത്യപ്രകടനം ലക്ഷ്യമാക്കിയിരുന്ന ദുർഗ്രഹപ്രയോഗങ്ങളും മറ്റും എഴുത്തുകാർ ഉപേക്ഷിച്ചതാണ് ഗദ്യസാഹിത്യത്തിന്റെ മുന്നേറ്റത്തിന് പ്രധാനകാരണമായി ഡോ. ജോർജ്ജ് കാണുന്നത്.

ആയിരത്തിത്തൊള്ളായിരത്തി എൺപത്തി എട്ടിൽ മനോരാജ്യം വിശേഷാൽ പ്രതിക്കു വേണ്ടി എഴുതിയ ലേഖനമാണ് 'ത്രിഭാഷാനയവും നവോദയപ്രസ്ഥാനവും'. ദേശീയ ബന്ധഭാഷയായ ഹിന്ദിയും അന്തർദേശീയ ബന്ധഭാഷയായ ഇംഗ്ലീഷും അഭ്യസ്തവിദ്യരായ ആളുകൾ പഠിച്ചിരിക്കണമെന്ന ലക്ഷ്യം വച്ചു കൊണ്ട് രൂപപ്പെടുത്തിയ ഫോർമുലയാണ് 'ത്രിഭാഷാപദ്ധതി' എന്ന പേരിൽ പ്രചാരം നേടിയത്. ആദർശം ബലികഴിക്കാതെ പ്രയോഗിത മുൻനിർത്തി വിദ്യാഭ്യാസ രംഗത്ത് മൂന്നു ഭാഷകൾ അനുപേക്ഷണീയമാണെന്ന നിഗമനത്തിൽ കേന്ദ്രം എത്തിയെങ്കിലും ത്രിഭാഷാപദ്ധതി വേണ്ട വിജയം നേടിയില്ല എന്ന അഭിപ്രായമാണ് ലേഖകനുള്ളത്. അത് വിജയപഥത്തിലെത്തിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയാണ് ഡോ. കെ. എം. ജോർജ്ജ് ഈ പ്രബന്ധത്തിൽ. നമ്മുടെ ഭാഷാപഠനം മൂന്നു വിഭാഗമുള്ള ഒരു സൂചിസ്തംഭമായി വിഭാവനം ചെയ്യണമെന്ന നിർദ്ദേശം ആണ് ലേഖകൻ നൽകുന്നത്: പ്രഥമഘട്ടത്തിൽ മാതൃഭാഷയും ദ്വിതീയ ഘട്ടത്തിൽ ഇംഗ്ലീഷും തൃതീയഘട്ടത്തിൽ അഹിന്ദിപ്രദേശങ്ങളിൽ ഹിന്ദിയും ഹിന്ദി പ്രദേശങ്ങളിൽ മറ്റൊരു ഭാരതീയഭാഷയും ആയിരിക്കണം പഠിപ്പിക്കേണ്ടതെന്ന നിർദ്ദേശമാണ് അദ്ദേഹം മുന്നോട്ട് വയ്ക്കുന്നത്. കൂടാതെ നവോദയ വിദ്യാലയങ്ങളിൽ മലയാളത്തിന് പ്രഥമ ഭാഷ എന്ന നിലയിലും അധ്യയന മാധ്യമം എന്ന നിലയിലും സ്ഥാനം നൽകാതെ മറ്റെന്തു പരിഷ്കാരങ്ങളും ഉൾപ്പെടുത്തിയാലും അതിന്റെ പ്രസക്തി കുറഞ്ഞു പോകുമെന്ന കാര്യവും ഡോ. കെ. എം. ജോർജ്ജ് വെളിപ്പെടുത്തുന്നു.

## നിരൂപണോപന്യാസങ്ങളുടെ വിലയിരുത്തൽ

തികഞ്ഞ വ്യക്തിത്വമുള്ള ഒരു നിരൂപകനും ഉത്തമ ഗദ്യശൈലിയുടെ ഉടമയുമായിരുന്ന ഡോക്ടർ. കെ. എം. ജോർജ്ജിന്റെ നിരൂപണോപന്യാസങ്ങൾക്ക് വിഷയവൈവിധ്യം കൊണ്ടും പ്രതിപാദനവൈചിത്ര്യം കൊണ്ടും അസാധാരണത്വമുണ്ട്. പരസ്പരഭിന്നമായ അനേകം വിഷയങ്ങളെ സംബന്ധിച്ച് ആഴത്തിൽ ചിന്തിക്കുവാനും നിഗമനങ്ങൾ ക്രോഡീകരിക്കുവാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു വിജ്ഞാനശാഖയിലേക്ക് ഒതുക്കിച്ചുരുക്കാനാവാത്ത ബഹുതലസ്പർശിയായ വൈജ്ഞാനികാന്വേഷണങ്ങളാണ് അദ്ദേഹത്തിന്റെ മിക്ക ഉപന്യാസങ്ങളും. വിശാലമായ ഗ്രന്ഥപരിചയം, സർഗ്ഗാത്മകമായ ആശയാവിഷ്കരണവൈഭവം, സംവേദനക്ഷമത തുടങ്ങി ഒരു നല്ല വിമർശകനുണ്ടായിരിക്കേണ്ട ഗുണങ്ങളെല്ലാം അദ്ദേഹത്തിലുണ്ട്. അഗാധമായ വായന പകർന്നു കൊടുത്ത അനുഭവങ്ങളിലൂടെ അദ്ദേഹത്തിന്റെ രചനകൾ കടന്നു പോകുന്നു. ഏതെങ്കിലും ഒരു വിഷയത്തെ സ്വന്തം വീക്ഷണത്തിൽക്കൂടി നോക്കിക്കാണുകയും വിലയിരുത്തുകയും ചെയ്യുക എന്നുള്ളതാണ് ഇത്തരം രചനകളുടെ ലക്ഷ്യം.

ഭാഷ, സാഹിത്യം, സാമാന്യവിജ്ഞാനം, സംസ്കാരം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്താവുന്ന ലേഖനങ്ങളാണ് പ്രബന്ധസമാഹരങ്ങളിലുള്ളത്. വസ്തുതകളുടെ സമാഹരണത്തിലും അവയുടെ ഉചിതമായ ക്രമീകരണത്തിലും സ്വാഭിപ്രായ സ്ഥാപനത്തിലും അദ്ദേഹം ശാസ്ത്രീയമായ ക്രമവും ചിട്ടയും പാലിക്കുന്നു. യുക്തിസഹമായി വസ്തുതകൾ അപഗ്രഥിക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ട്. സാഹിത്യേതരം എന്ന വിശേഷിപ്പിക്കാവുന്ന ലേഖനങ്ങൾ ഡോ. ജോർജ്ജിന്റെ വ്യക്തി പ്രഭാവത്തിന്റെയും ധൈഷണിക ജീവിതത്തിന്റെയും പൂർണ്ണത വ്യക്തമാക്കുന്നവയാണ്. 'അധ്യാപനമാധ്യമവാദം', 'ത്രിഭാഷാനയം', പുസ്തകപ്രസാധനം, റേഡിയോ പ്രഭാഷണം, ദേശീയ അക്കാദമികൾ, സർവകലാശാലകൾ എങ്ങോട്ട്, 'പ്രക്ഷേപണം', 'ബുദ്ധിവൈകല്യം' എന്നിവ അക്കൂട്ടത്തിൽ ചിലതാണ്. മാനവജീവിതവുമായി പല തരത്തിൽ ബന്ധപ്പെട്ടുകിടക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള വിചാരങ്ങൾ ഉപന്യാസരചനയിൽ ജോർജ്ജിനുള്ള വൈഭവം പ്രകടമാക്കുന്നു.

ആശയസംവേദനത്തിനുതകുന്ന അകൃത്രിമമായ ഭാഷ, ഡോ. കെ. എം. ജോർജ്ജിന്റെ നിരൂപണങ്ങളുടെ ഒരു പ്രധാന സവിശേഷതയാണ്. പരന്ന വായനയിലൂടെ ആർജ്ജിച്ച ഉയർന്ന ജ്ഞാനവും ആസ്വാദനസംസ്കാരവും ആണ് അദ്ദേഹത്തിന്റെ നിരൂപണത്തിൽ ഉൾക്കാഴ്ചകൾക്കു പൂരകവും പ്രേരകവും ആയി വർത്തിക്കുന്നത്. ആശയപ്രധാനവും വിവരണാത്മകവുമാണ് അദ്ദേഹത്തിന്റെ നിരൂപണങ്ങൾ. വിഷയത്തിന്റെ ആഴത്തിലേക്കിറങ്ങിച്ചെന്ന്, അതിനെക്കുറിച്ച് സമഗ്രാനുഭൂതി അനുവാചകർക്കു പകരാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. എടുത്താൽ പൊങ്ങാത്ത വിഷയങ്ങൾ പോലും കാച്ചിക്കുറുക്കിയ പ്രസാദാത്മകമായ ശൈലിയിൽ വളരെ സംക്ഷിപ്തമായി ആവിഷ്കരിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അസൂയാവഹമാണ്. പല സന്ദർഭങ്ങളിലായി എഴുതിയ പ്രബന്ധങ്ങൾ സമാഹരിച്ചപ്പോൾ സംഭവിച്ച ആശയാവർത്തനം ഒഴിവാക്കാൻ അദ്ദേഹം വേണ്ടത്ര ശ്രദ്ധിച്ചില്ല എന്നത്.ഒരു വസ്തുതയാണ്. ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനത്തെ സംബന്ധിച്ച പരാമർശങ്ങളാണ് ഇപ്രകാരം ആവർത്തിച്ചു കാണുന്നത്. എങ്കിലും മലയാളത്തിലെ മറ്റു നിരൂപകർക്കു നൽകാൻ കഴിയാത്തവിധം അറിവിന്റെ മേഖലകൾ കേരളീയർക്കു സമ്മാനിക്കാൻ ഡോ. കെ. എം. ജോർജ്ജിനു കഴിഞ്ഞിട്ടുണ്ട്. നിരൂപണരംഗത്ത് വ്യാപരിച്ച കവികളെക്കുറിച്ചും ഭാരതീയ നവോത്ഥാനത്തിന് ഭാരതീയ സാഹിത്യങ്ങൾ വഹിച്ച പങ്കിനെക്കുറിച്ചും മലയാളികൾക്ക് അടുത്തറിയാൻ സാധിച്ചത് അദ്ദേഹത്തിന്റെ നിരൂപണങ്ങളിലൂടെയാണെന്ന കാര്യം ആർക്കും നിഷേധിക്കാനാവില്ല. മികച്ച പാണ്ഡിത്യവും തികഞ്ഞ അപഗ്രഥനപാടവവും സഹൃദയത്വവും കൈമുതലായുള്ള ഡോ. കെ. എം. ജോർജ്ജിന്റെ നിരൂപണങ്ങളും ഉപന്യാസങ്ങളും മലയാള നിരൂപണശാഖയെ ഏറെ സമ്പന്നമാക്കിയിട്ടുണ്ട്. പാശ്ചാത്യവും പൗരസ്ത്യമായ കലാസാഹിത്യസിദ്ധാന്തങ്ങളിൽ അവഗാഢമായ പാണ്ഡിത്യം നേടിയ സർഗ്ഗാത്മകവും വിമർശനാത്മകവുമായ പ്രതിഭയുടെ ഉടമയായ എഴുത്തുകാരന്റെ വികാരവിചാരഭാവനാമണ്ഡലം അനാവരണം ചെയ്യുന്നവയാണ് പ്രബന്ധങ്ങളെല്ലാം. ആധുനിക ശാസ്ത്രവും സാഹിത്യശാസ്ത്രവും ഭാഷാശാസ്ത്രവും ഭാരതീയ സംസ്കാരാവബോധവും സ്വാധീനം ചെലുത്തുന്ന ഒരു മനസ്സിന്റെ പ്രവർത്തനം ഈ ലേഖനങ്ങളിൽ കാണാം.

# കുറിപ്പുകൾ


1. ജോർജ്ജ്, ഡോ. കെ. എം, *വിചാരകൗതുകം*, എൻ. ബി. എസ്, കോട്ടയം, 1952, പുറം. 99
2. കൃഷ്ണവാര്യർ, എൻ. വി, 'സാഹിത്യ നിരൂപണം ഇന്ന്' *സാഹിത്യലോകം,* 1978, ജൂലായ്, പുറം. 26
3. വിഷ്ണു നമ്പൂതിരി, എം.വി, *ഉപന്യാസ സാഹിത്യം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1979, പുറം. 21
4. ജോർജ്ജ്, ഡോ. കെ. എം, *പ്രബന്ധ ചന്ദ്രിക*, എസ്. ആർ. പ്രസ്സ്, തിരുവനന്തപുരം, 1948, പുറം. 91
5. ജോർജ്ജ്, ഡോ. കെ. എം, *മുന്തിരിച്ചാറ്*, എൻ. ബി. എസ്, കോട്ടയം, 1950, പുറം. 12
6. ജോർജ്ജ്, ഡോ. കെ. എം, *വിചാരകൗതുകം*, എൻ. ബി. എസ്, കോട്ടയം, 1952, പുറം. 31
7. അതേ പുസ്തകം - പുറം. 45
8. ജോർജ്ജ്, ഡോ. കെ. എം, *കെ. എം. ജോർജ്ജിന്റെ പ്രബന്ധങ്ങൾ*, ഡി. സി. ബുക്സ്, കോട്ടയം 1989 പുറം. 403
9. ജോർജ്ജ്, ഡോ. കെ. എം, *വിചാരകൗതുകം*, എൻ. ബി. എസ് കോട്ടയം, 1952, പുറം. 105
10. അതേ പുസ്തകം പുറം. 409
11. ജോർജ്ജ്, ഡോ. കെ. എം, *വളരുന്ന കൈരളി*, എൻ. ബി. എസ് കോട്ടയം, 1954, പുറം. 67

12. ജോർജ്ജ്, ഡോ. കെ. എം, *കെ. എം. ജോർജ്ജിന്റെ പ്രബന്ധങ്ങൾ*, ഡി. സി. ബുക്സ്, കോട്ടയം, 1989, പുറം. 409

13. അതേ പുസ്തകം - പുറം. 409

14. ജോർജ്ജ്, ഡോ. കെ. എം, *സംസ്കാരസരണി*, എൻ. ബി. എസ്, കോട്ടയം, 1970, പുറം. 29

15. അതേ പുസ്തകം - പുറം. 49

16. അതേ പുസ്തകം - പുറം. 53

17. അതേ പുസ്തകം - പുറം. 63

18. അതേ പുസ്തകം - പുറം. 69

19. അതേ പുസ്തകം - പുറം. 139

20. ജോർജ്ജ്, ഡോ. കെ. എം, *നിരീക്ഷണനിലയം*, എൻ.ബി.എസ്സ്, കോട്ടയം, 1955, പുറം 14

21. അതേ പുസ്തകം - പുറം. 15

22. ജോർജ്ജ്, ഡോ. കെ. എം, *കെ.എം.ജോർജ്ജിന്റെ പ്രബന്ധങ്ങൾ*, ഡി.സി.ബുക്സ്, കോട്ടയം, 1989, പുറം. 119

23. ബാലൻ, പുനലൂർ, 'അടച്ചിട്ട ജന്നലുകളും കതകുകളും', *ഗ്രന്ഥാലോകം*, 1971, ഡിസംബർ, പുറം. 15

24. ജോർജ്ജ്, ഡോ. കെ. എം, *അവലോകനങ്ങൾ*, സാഹിത്യഭൂഷണം പ്രസ്സ് ആന്റ് ബുക്ക് ഡിപ്പോ, തിരുവനന്തപുരം, 1976, പുറം. 63

25. ജോർജ്ജ്, ഡോ. കെ. എം, *അന്വേഷണങ്ങൾ പഠനങ്ങൾ*, ഡി.സി.ബുക്സ്, കോട്ടയം, 1991, പുറം. 84

26. അതേ പുസ്തകം - പുറം. 65

27. അതേ പുസ്തകം - പുറം. 102

28. അതേ പുസ്തകം - പുറം. 285

29. അതേ പുസ്തകം - പുറം. 343

30. പവനൻ, *'ഒരു വിജ്ഞാനതീർത്ഥം'*, സാഹിത്യ സമന്വയം (സപ്തതി സ്മരണിക), സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1987, പുറം. 97-98

31. ജോർജ്ജ്, ഡോ. കെ. എം, ***അന്വേഷണങ്ങൾ പഠനങ്ങൾ***, പുറം. 43

32. അതേ പുസ്തകം - പുറം. 52

33. അതേ പുസ്തകം - പുറം. 19

34. അതേ പുസ്തകം - പുറം. 97

35. ജോർജ്ജ്, ഡോ. കെ. എം, **'സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും'** എൻ. ബി. എസ് കോട്ടയം, 1983, പുറം - 302

36. അതേ പുസ്തകം - പുറം. 306

37. അതേ പുസ്തകം - പുറം. 315

38. ഡാനിയൽ, കെ. എം. ***'വിജ്ഞാനധാര'***, ഗ്രന്ഥാലോകം 1984, ഏപ്രിൽ, മെയ്, പുറം. 19

39. ജോർജ്ജ്, ഡോ. കെ. എം, ***കവികൾ നിരൂപണരംഗത്ത്***, കേരള സർവകലാശാല, തിരുവനന്തപുരം, 1986, പുറം. 17

40. അതേ പുസ്തകം - പുറം. 32

41. അതേ പുസ്തകം - പുറം. 83

42. അതേ പുസ്തകം - പുറം. 102

43. അതേ പുസ്തകം - പുറം. 127

44. അതേ പുസ്തകം - പുറം. 140

45. ജോർജ്ജ്, ഡോ. കെ. എം, *വീക്ഷണങ്ങൾ വിചിന്തനങ്ങൾ*, കറന്റ് ബുക്സ്, കോട്ടയം - 1991, പുറം. 10

46. അതേ പുസ്തകം - പുറം. 18

47. അതേ പുസ്തകം - പുറം. 77

48. അതേ പുസ്തകം - പുറം. 107

49. ജോർജ്ജ്, ഡോ. കെ. എം, *ഭാരതീയ സാഹിത്യ പഠനം*, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 1985, പുറം. 18

50. അതേ പുസ്തകം - പുറം. 53

51. അതേ പുസ്തകം - പുറം. 66

52. അതേ പുസ്തകം - പുറം. 75

53. ജോർജ്ജ്, ഡോ. കെ. എം, *കെ. എം. ജോർജ്ജിന്റെ പ്രബന്ധങ്ങൾ*, ഡി. സി. ബുക്സ്, കോട്ടയം, 1989, പുറം. 377

അദ്ധ്യായം അഞ്ച്

# സഞ്ചാരസാഹിത്യകാരൻ
# ജീവചരിത്രകാരൻ

## അദ്ധ്യായം അഞ്ച്

# സഞ്ചാരസാഹിത്യകാരൻ ജീവചരിത്രകാരൻ

ഭാഷാഗവേഷകൻ താരതമ്യസാഹിത്യകാരൻ സാഹിത്യചരിത്രകാരൻ തുടങ്ങി സാഹിത്യത്തിന്റെയും ഭാഷയുടെയും പുരോഗതിയിൽ മൗലികമായ സംഭാവനകൾ നൽകിയ ഡോ. കെ. എം. ജോർജ്ജ് ഒരു സഞ്ചാരസാഹിത്യകാരൻ കൂടിയാണ്. ജീവചരിത്രസാഹിത്യമേഖലയിലും നിരവധി സംഭാവനകൾ അദ്ദേഹം നൽകിയിട്ടുണ്ട്. സഞ്ചാരസാഹിത്യകാരൻ, ജീവചരിത്രകാരൻ എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ സംഭാവനകളെ ഈ അദ്ധ്യായത്തിൽ വിലയിരുത്തുന്നു.

## സഞ്ചാരസാഹിത്യം

പ്രതിപാദ്യത്തെക്കാൾ പ്രതിപാദനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള രചനാശില്പമാണ് സഞ്ചാരസാഹിത്യം. അദമ്യമായ അന്വേഷണത്വരയോടു കൂടിയ സഞ്ചാരവാഞ്ഛയാണ് ഒരുത്തമ സാഹിത്യകാരന്റെ കൈമുതൽ. "യാത്രാവിവരണ സാഹിത്യകാരൻ വായനക്കാരനെ തന്നോടൊപ്പം കൊണ്ടു നടക്കാൻ കഴിവുള്ള ആളായിരിക്കണമെന്ന്"[1] ജോർജ്ജ് സാംപ്സൺ പറയുന്നു. യാത്രാവിവരണത്തിൽ ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം വസ്തുതാപരമായ വിവരണങ്ങളുടെ സ്ഥാനം വളരെ പ്രധാനമാണ്. എന്നാൽ വെറും വസ്തുതകളിൽ ഒതുങ്ങുന്ന സ്ഥിതി വിവരക്കണക്കുകൾ സാഹിത്യമാകുന്നില്ല. ഉള്ളടക്കത്തിൽ ആത്മാംശത്തിന് ഏറെ പ്രാധാന്യം നൽകുന്ന രചനകളാണ് സഞ്ചാരസാഹിത്യത്തിലേത്. അതിനാൽത്തന്നെ ആത്മകഥാസാഹിത്യത്തോട് ഏറ്റവും അടുപ്പമുള്ളതാണ് സഞ്ചാരസാഹിത്യം. കണ്ണും മനസ്സും ചുറ്റുപാടിലേക്ക് തുറന്നുവച്ച് സഞ്ചാരിയായ ഒരു സാഹിത്യകാരൻ നടത്തുന്ന യാത്രകളിൽ നിന്നാണ് സഞ്ചാരസാഹിത്യം പിറക്കുന്നത്. യാത്രയിൽ താൻ അനുഭവിച്ച ആനന്ദം അറിവുകൾ, തിരിച്ചറിവുകൾ എല്ലാം വൈകാരികാംശം ചോർന്നു പോകാതെ വായനക്കാരിൽ

G38118
KERALA UNIVERSITY LIBRARY THIRUVANANTHAPURAM

എത്തിക്കുക എന്നത് സഞ്ചാരസാഹിത്യകാരന്റെ കടമയാണ്. ഭാവനാശാലിയും സൂക്ഷ്മ നിരീക്ഷണത്തിൽ തല്പരനും ആയിരിക്കണം സഞ്ചാരസാഹിത്യകാരൻ.

മറ്റു സാഹിത്യമേഖലകളിലെ സംഭാവനകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഡോ. കെ. എം. ജോർജ്ജിന്റെ സഞ്ചാരസാഹിത്യ മേഖലയിലെ സംഭാവനകൾ വളരെ കുറവാണ്. സോവിയറ്റു നാട്ടിൽ മൂന്നാഴ്ച, അമേരിക്കയിൽ പോയ കഥ, സോവിയറ്റു നാട്ടിൽ വീണ്ടും ഈ മൂന്നു സഞ്ചാരസാഹിത്യ കൃതികളാണ് ഇവിടെ പഠന വിധേയമാക്കുന്നത്. ഈ മൂന്നു യാത്രാവിവരണകൃതികളും തികച്ചും ഔദ്യോഗിക ലക്ഷ്യം മുൻനിർത്തി എഴുതപ്പെട്ടതാണ്. അതിനാൽ ഈ കൃതികളിൽ രചനാ സ്വാതന്ത്ര്യത്തിന് അവസരം കുറയുന്നു.

## സോവിയറ്റു നാട്ടിൽ മൂന്നാഴ്ച

ആയിരത്തിത്തൊള്ളായിരത്തി അറുപത്തിമൂന്ന് ഒക്ടോബറിൽ ഇന്ത്യാ ഗവണമെന്റിന്റെ സാംസ്കാരിക പര്യടനവിവരണമാണ് സോവിയറ്റ് നാട്ടിൽ മൂന്നാഴ്ച. ഡോ. കെ. എം. ജോർജ്ജിന്റെ പ്രഥമ സഞ്ചാരസാഹിത്യ കൃതിയാണിത്. ഗവണ്മെന്റ് തലത്തിലെ ആസൂത്രണവൈകല്യം പര്യടന സംഘത്തിന് വളരെയധികം ക്ലേശങ്ങൾ ഉണ്ടാക്കിയതായി വിവരിക്കുന്നുണ്ട്.

സോവിയറ്റ് നാട് ഡോ. ജോർജ്ജിനെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ലോകമായിരുന്നു. ഉത്സാഹത്തിന്റെയും പ്രയത്നത്തിന്റെയും ലോകം. സാഹിത്യം, കല, ശാസ്ത്രം, മതം, വിദ്യാഭ്യാസം, സാമൂഹ്യവ്യവസ്ഥിതി തുടങ്ങിയ കാര്യങ്ങളിൽ ഈ പുതിയ ലോകം എവിടെ നിൽക്കുന്നു എന്നു നോക്കി പഠിച്ച് അവ നമ്മെ ഗ്രഹിപ്പിക്കാനുള്ള ഒരു ആത്മാർത്ഥത അദ്ദേഹം കാട്ടുന്നുണ്ട്. ശ്രദ്ധേയമായ കാര്യങ്ങൾ നേരിയ നർമ്മരസം കൊണ്ട് അങ്ങിങ്ങ് നിറം പിടിപ്പിച്ച് സരസമായ രീതിയിൽ സുഖശീതളമായ ഭാഷയിൽ പറഞ്ഞു പോയിരിക്കുകയാണ്. എങ്കിലും വിജ്ഞാനപ്രദമായ പലതും ഗ്രഹിക്കാൻ ഇതുപകരിക്കും.

താഷ്ക്കെണ്ടു തെരുവീഥികളുടെ ഒരു പ്രത്യേകത അദ്ദേഹം

വിവരിക്കുന്നുണ്ട് "ഏതു നേരത്തും ഒറ്റയ്ക്കു സഞ്ചരിക്കാൻ സ്ത്രീകൾക്ക് ഭയമുള്ളതായി തോന്നിയില്ല. എല്ലാവരുടെയും നടത്തം കുറേ വേഗതയിലാണ്. അൻപതിലേറെ പ്രായമുള്ള സ്ത്രീകൾ പോലും വലിയ ട്രാം വണ്ടികളും ബസ്സുകളും സമർത്ഥമായി ഓടിച്ചു കൊണ്ടു പോകുന്നതു കണ്ടപ്പോൾ ഞങ്ങൾക്കു രോമാഞ്ചമുണ്ടായി. ഏതു രംഗത്തും ഉത്സാഹത്തോടും ചുറുചുറുക്കോടും സ്ത്രീകൾ പണിയെടുക്കുന്നത് ഒരു സാധാരണ കാഴ്ചയാണ്"[2]. പീക്കിംഗ് ഹോട്ടലിലെ ഒരു ഡൈനിംഗ് ഹാളിൽ കണ്ട സവിശേഷത അദ്ദേഹം വിവരിക്കുന്നു. "ഓരോ മേശയിലും ഓരോ കൊടി കാണാം. നമ്മുടെ മേശയിൽ അവർ നമ്മുടെ ദേശീയ പതാക ഒരു സ്റ്റാന്റിൽ വച്ചിരുന്നു. ഏതു രാഷ്ട്രക്കാരനാണ് ഒരു മേശയ്ക്കു ചുറ്റുമുള്ളതെന്നറിയാൻ ഈ പ്രതീകം സഹായിക്കും"[3].

ഔദ്യോഗിക സന്ദർശനമായതിനാൽ ഔദ്യോഗിക കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരണങ്ങളാണധികവും മോസ്കോ സർവകലാശാല, ചില കണക്കുകൾ എന്നീ ഭാഗങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനത്തെക്കുറിച്ച് വിപുലമായ ചർച്ച തന്നെ നടത്തുന്നു. അക്കാദമിക് കേന്ദ്രങ്ങളും സർവകലാശാലകളും സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിലും പ്രതിപാദിക്കുന്നതിലും മറ്റുള്ള യാത്രാവിവരണകാരന്മാരിൽ നിന്ന് അദ്ദേഹത്തെ ശ്രദ്ധേയനാക്കുന്നു. അക്കാദമിക് തലവുമായി ബന്ധപ്പെട്ട യാത്രയായതിനാലാവാം കൂടുതൽ സമയവും ഇത്തരത്തിൽ വിനിയോഗിച്ചിരിക്കുന്നത്. സോവിയറ്റ് യൂണിയനിലെ വിദ്യാഭ്യാസത്തിന്റെ നിലവാരം അദ്ദേഹം വിലയിരുത്തുന്നുണ്ട്.

സോവിയറ്റ് സംസ്കാരത്തിന്റെ അവിഭാജ്യഘടകമായ മൊസോളിയം, സ്മാരകങ്ങൾ എന്നിവയുടെ വിവരണങ്ങൾ യാത്രാവിവരണ ഗ്രന്ഥത്തിന്റെ തനിമ പ്രത്യക്ഷമാക്കുന്നു. വിദേശ പര്യടനങ്ങൾക്കിടയിൽ അവിടത്തെ സാഹിത്യകാരന്മാരുമായി പരിചയപ്പെട്ട് അവരുമായി കഴിച്ചുകൂട്ടിയ അവസരങ്ങൾ വിലപ്പെട്ടതായി തീർക്കാൻ ജോർജ്ജ് ശ്രദ്ധിക്കുന്നുണ്ട്. ലോകപ്രശസ്ത സോവിയറ്റ് സാഹിത്യകാരനായ ഇലയാ എഹ്റൻ ബുർഗ്ഗിനെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ സമഗ്രമായി വിവരിക്കുന്നു. തന്റെ സന്ദർശനകാലയളവിൽ സോവിയറ്റ് യൂണിയനിലെ സാഹിത്യകാരന്മാരുടെ നില അദ്ദേഹം

വിവരിക്കുന്നുണ്ട്. "കമ്മ്യൂണിസ്റ്റാദർശത്തിന് വിരുദ്ധമായി പ്രചാരണം നടത്തുന്ന സാഹിത്യസൃഷ്ടികൾക്ക് അവിടെ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. പക്ഷേ അനുവദനീയമായ പരിധിക്കുള്ളിൽ സർഗ്ഗശക്തിയുള്ള പലകൃതികളും നിർമ്മിച്ചിരുന്നു. അത്തരത്തിലാണ് അവിടത്തെ മിക്ക കലാകാരന്മാരും അവിടെ സംതൃപ്തി കണ്ടെത്തിയിരുന്നത്."[4]

സോവിയറ്റുനാട്ടിലെ മതപരമായ ചിന്താഗതിയെ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. പുതിയ തലമുറയിൽ മതം സ്വാധീനം ചെലുത്തുന്നില്ല എന്ന കാര്യം വിവരണങ്ങളിൽ ഗ്രഹിക്കാം. കാലഘട്ടത്തിന്റെ മാറ്റത്തിനൊപ്പം മതചിന്തയിലുണ്ടായ വ്യതിയാനം മനസ്സിലാക്കുവാനും തുറന്നെഴുതുവാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

കാര്യങ്ങൾ സൂക്ഷ്മമായി അപഗ്രഥിച്ച് വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നതാണ് ഡോ.ജോർജ്ജിന്റെ കൃതികളുടെ മഹിമ. തുലനാത്മക സമീപനം സഞ്ചാരസാഹിത്യത്തിലും കാണാൻ കഴിയും.

## അമേരിക്കയിൽ പോയകഥ

'അമേരിക്കയിൽ പോയകഥ'യാണ് ഡോക്ടർ ജോർജ്ജിന്റെ രണ്ടാമത്തെ യാത്രാവിവരണഗ്രന്ഥം. ഈ കൃതിയുടെ പരിഷ്കരിച്ച രൂപമാണ് 'അമേരിക്കയിലെ അനുഭവങ്ങൾ'. അമേരിക്കയിലെ ഷിക്കാഗോ സർവകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസർ ആയി സേവനമനുഷ്ഠിച്ചകാലത്തെഴുതിയതാണ്. ഇതിന്റെ അവതാരിക കെ.പി.എസ്സ്.മേനോന്റേതാണ്. ദ്രാവിഡഭാഷാശാസ്ത്രത്തിന്റെ ഒരു വിഭാഗമായി മലയാളഭാഷയുടെ ഉത്പത്തിവികാസങ്ങളെക്കുറിച്ചും പഠിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. ഈ ഗ്രന്ഥത്തെ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. പോകുമ്പോൾ (അഞ്ച് അദ്ധ്യായങ്ങൾ)
2. അമേരിക്കയിൽ (പന്ത്രണ്ട് അദ്ധ്യായങ്ങൾ)
3. വരുമ്പോൾ (നാല് അദ്ധ്യായങ്ങൾ)

അമേരിക്കയിൽ താൻ സന്ദർശിച്ച പ്രധാന നഗരങ്ങളെക്കുറിച്ചും സേവനം നടത്തുവാൻ കഴിഞ്ഞ സ്ഥാപനങ്ങളെക്കുറിച്ചും യാദൃച്ഛികമായും അല്ലാതെയും താൻ സമ്പർക്കം പുലർത്തിയ ഏതാനും വ്യക്തികളെക്കുറിച്ചും പറയുവാനാണ് അദ്ദേഹം ശ്രമിച്ചത്.

അമേരിക്കയിലെ വിദ്യാഭ്യാസമേഖലയെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നുണ്ട്. അമേരിക്കൻ സർവകലാശാലകളിലെ വിഷയവൈവിധ്യമാണ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ട ഒരു പ്രധാന കാര്യം. ഏതു പ്രായത്തിലും ജ്ഞാനം സമ്പാദിക്കുന്നത് ഒരു യോഗ്യതയായി അമേരിക്കക്കാർ കരുതുന്നു സ്വാതന്ത്ര്യത്തിന്റെയും മത്സരത്തിന്റെയും മണ്ഡലമായ അമേരിക്കയിൽ തന്നെ സ്പർശിച്ച മറ്റൊരു സംഗതി വിദ്യാഭ്യാസരംഗത്തുള്ള മത്സരമാണ്. വിദ്യാർത്ഥികളുടെയിടയിലും അദ്ധ്യാപകരുടെ ഇടയിലും ഈ മത്സരം ഉണ്ട്. കഴമ്പുള്ള അധ്യാപകരെ പിടിച്ചെടുക്കാൻ സർവകലാശാലകൾ പരസ്പരം മത്സരിക്കുന്നുവെന്നും അദ്ദേഹം വിവരിക്കുന്നു. ഏതുപ്രായത്തിലും അധ്യയനത്തിന് ആളുകളെ കിട്ടാൻ പ്രയാസമില്ലാതെ വരുന്നതിനു കാരണം സ്കോളർഷിപ്പുകളാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

ഗുരുശിഷ്യ,ബന്ധത്തിൽ ഇന്ത്യയെപ്പോലെയല്ല അമേരിക്ക എന്ന വസ്തുത അദ്ദേഹം വ്യക്തമാക്കുന്നുണ്ട് വിജ്ഞാനം വിളമ്പുന്ന സമ്പ്രദായമാണ് നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്നതെങ്കിൽ വസ്തുതകൾ തേടിപ്പിടിച്ച് സമാഹരിക്കുകയും പ്രശ്നങ്ങൾക്കു പരിഹാരം കാണുകയും ചെയ്യാൻ വേണ്ട പരിശീലനം കൊടുക്കുകയാണ് അദ്ധ്യാപനത്തിന്റെ കാതലായി അവർ അംഗീകരിച്ചിരിക്കുന്നത്. പുസ്തകപ്പുഴുവായിത്തീരാതെ ആശയങ്ങളുടെ ലോകത്തിൽ സാഹസപര്യടനം നടത്തി പുതുമയെ ചുംബിച്ച് ആനന്ദം തേടുന്ന ഒരാളാണ് അമേരിക്കയിലെ ഒരു വിദ്യാർത്ഥി.

അമേരിക്കൻ വിദ്യാഭ്യാസരംഗത്തു ഗണ്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘടനയായ 'ക്വേക്കറിനെ'ക്കുറിച്ച് അദ്ദേഹം വിവരിക്കുന്നുണ്ട്. അവരുടെ വകയായി പത്തുകോളേജുകളും പലസ്കൂളുകളും നിലവിലുണ്ട്. ഈ വിദ്യാകേന്ദ്രങ്ങളുടെയെല്ലാം മണിമകുടമായിട്ടാണ് പെൻഡൺ ഹിൽ സ്ഥാപനത്തെ പരിഗണി

ച്ചുവരുന്നത്. പെൻഡൺ ഹില്ലിൽ തന്നെ ആകർഷിച്ചത് അവരുടെ ഈശ്വരാരാധനയാണെന്ന് അദ്ദേഹം പറയുന്നുണ്ട്. ക്വേക്കർ സമൂഹത്തിന്റെ ചടങ്ങില്ലായ്മയാണ് അദ്ദേഹത്തെ ഏറെ ആകർഷിച്ചത്.

പെൻഡൻ ഹില്ലിലെ അനുഭവങ്ങൾ വസ്തുനിഷ്ഠമായ വിവരണത്തിനുദാഹരണമാണ്. മലയാളം ഒരു വാക്കുപോലും അറിഞ്ഞുകൂടാത്ത പീസ്കോർ വിദ്യാർത്ഥികൾക്ക് മൂന്ന് മാസം കൊണ്ട് മലയാളത്തിന്റെ ബാലപാഠങ്ങൾ മനസ്സിലാക്കിക്കൊടുക്കുക എന്ന ദൗത്യമായിരുന്നു ഡോ.ജോർജ്ജിനു ചെയ്യേണ്ടിയിരുന്നത്. സമാധാനവും സൗഹൃദവും ലോകമാകെ വ്യാപിപ്പിക്കുക എന്നതാണ് പീസ്കോർ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളെന്തൊക്കെയാണെന്ന വിവരണവും അദ്ദേഹം നൽകുന്നു. ഏതു രാജ്യത്തേക്കു പോകുന്നുവോ അവിടത്തെ ഭാഷ, ചരിത്രം, ഭൂമിശാസ്ത്രം, പാരമ്പര്യം, സംസ്കാരം ആദിയായവയെക്കുറിച്ച് സാമാന്യജ്ഞാനം അവർക്കു നൽകുന്ന സംഘടനയുടെ പ്രവർത്തനങ്ങളെ അദ്ദേഹം വിശദമായി വിവരിക്കുന്നുണ്ട്.

'ന്യൂയോർക്കു കാഴ്ചകൾ ' വളരെ ആകർഷകമായി അദ്ദേഹം വിവരിക്കുന്നുണ്ട്. സമൃദ്ധിയുടെയും വൈവിധ്യത്തിന്റെയും ദ്രുതചലനത്തിന്റെയും കേന്ദ്രമായ ന്യൂയോർക്കിന്റെ ഗരിമയെക്കുറിച്ചും മഹിമയെക്കുറിച്ചും സമഗ്രമായ വിവരണം അദ്ദേഹം നൽകുന്നുണ്ട്. ന്യൂയോർക്കിലെ സ്വാതന്ത്ര്യപ്രതിമ, റോക്ക് റഫല്ലർ സെന്റർ, എംപയർ സ്റ്റേറ്റ് ബിൽഡിംഗ് ഇവയെല്ലാം അദ്ദേഹത്തെ ആകർഷിച്ച ഘടകങ്ങളാണ്. നർമ്മത്തിൽ ചാലിച്ച് വസ്തുതകൾ അവതരിപ്പിക്കാനുള്ള ഗ്രന്ഥകാരന്റെ കഴിവ് ശ്രദ്ധേയമാണ്. ഇന്ത്യൻ സംസ്കാരത്തെയും അമേരിക്കൻ സംസ്കാരത്തെയും താരതമ്യപ്പെടുത്തി അദ്ദേഹം ഇപ്രകാരം പറയുന്നു.

"ഇന്ത്യ മനുഷ്യരുടെ ലോകമാണെങ്കിൽ അമേരിക്ക യന്ത്രങ്ങളുടെ ലോകമാണ്. *ധാരാളത്വം സമ്മാനിക്കുന്ന വിരളത്വമായി തോന്നിയ അനുഭവം കാറിനും പെട്രോ*ളിനും വില കുറവ്, റോഡ് ഒന്നാന്തരം - എങ്കിലും സഞ്ചരിക്കുന്നതു പൊതുവാഹനങ്ങളിൽ - പാർക്കു ചെയ്യാനുള്ള അസൗകര്യമാണിതിനു കാരണം"[5] ഇങ്ങനെയുള്ള

താരതമ്യ നിരീക്ഷണം ഡോ.ജോർജ്ജിന്റെ കൃതികളിൽ അങ്ങിങ്ങു കാണുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഹിമകണത്തിൽ കാനനം പ്രതിബിംബിക്കുന്നതു പോലെയുള്ള കൊച്ചു നഗരങ്ങളെയും അവിടങ്ങളിൽ തുടിച്ചു നിൽക്കുന്ന ജനജീവിതത്തെയും വിടർന്നു നിൽക്കുന്ന മനോഹരദൃശ്യങ്ങളെയും കണ്ടെത്തുകയും കാട്ടിത്തരുകയുമാണ് ഗ്രന്ഥകാരൻ. യാത്രയിൽ അനുഭവപ്പെട്ട പ്രയാസങ്ങളെയും വിഡ്ഢിത്തങ്ങളെയും ഒളിക്കുന്നുമില്ല.

## സോവിയറ്റു നാട്ടിൽ വീണ്ടും

ആയിരത്തിത്തൊള്ളായിരത്തി എൺപത്തി ഏഴിൽ സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ് ജേതാവായി ജോർജ്ജിനെ തെരഞ്ഞെടുത്തു. അതോടനുബന്ധിച്ച് അദ്ദേഹം നടത്തിയ സോവിയറ്റ് പര്യടന വിവരണമാണ് 'സോവിയറ്റ് നാട്ടിൽ വീണ്ടും 'എന്ന ഗ്രന്ഥം. മോസ്കോ, ലെനിൻഗ്രാഡ്, അർമീനിയ എന്നീ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചിരുന്നു. യാത്രാവിവരണ വിഭാഗത്തിൽപ്പെട്ട ഈ മൂന്നു കൃതികളുടെ ശൈലി ചില പണ്ഡിതന്മാർ പ്രശംസിച്ചിട്ടുണ്ട്. പ്രൊഫ. ആനന്ദക്കുട്ടൻ ഈ ശൈലിയെ ഇപ്രകാരം വിലയിരുത്തുന്നു. "ഒന്നാമതായി, ഈ ഗ്രന്ഥരചനയക്കുപയോഗിച്ചിരിക്കുന്ന ശൈലി തന്നെ അതു ലളിതമാണ്, നിസർഗസുന്ദരമാണ്. ഡോ.ജോർജ്ജിന്റെ മറ്റു ഗ്രന്ഥങ്ങളിൽ കാണുന്ന വാചകശൈലിക്ക് ഇത്രത്തോളം മസൃണതയില്ല. മനസ്സിനെ പിടിച്ചെടുക്കുന്ന മാസ്മരികതയുമില്ല. ഒരു ശാസ്ത്രജ്ഞന്റെ കാര്യമാത്രപ്രസക്തമായ ശൈലിയാണ് മറ്റു കൃതികളിലേത്. അവിടെ ആചാര്യന്റെയോ പണ്ഡിതന്റെയോ ഭാഷ, ഇവിടെ കളിത്തോഴന്റെ കമ്രവാണി യാത്രികൻ അദ്ധ്യാപകനും സാഹിത്യകാരനുമാകുമ്പോൾ ഉണ്ടാകുന്ന ഗുണഫലങ്ങൾ ഡോ.ജോർജ്ജ് പൂർണ്ണമായും അനുഭവിച്ചിട്ടുണ്ട്."[6]

## ജീവചരിത്രസാഹിത്യം

ഭാഷയുടെയും സാഹിത്യത്തിന്റെയും മേഖലയിൽ മൗലിക സംഭാവനകൾ നൽകിയ പ്രശസ്ത പണ്ഡിതനായ ഡോ.കെ.എം.ജോർജ്ജിന്റെ ജീവചരിത്ര

സാഹിത്യമണ്ഡലത്തിലെ പ്രവർത്തനങ്ങളെയാണ് ഇവിടെ വിവരിക്കുന്നത്. 'ജീവചരിത്രസാഹിത്യം'എന്ന കൃതിയാണ് ഈ മേഖലയിൽ അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവന എങ്കിലും ഒട്ടനവധി ജീവചരിത്രകൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്.

പാശ്ചാത്യസാഹിത്യ സമ്പർക്കം കൊണ്ട് രൂപമെടുത്തു വളർന്നുവന്ന ഒരു സാഹിത്യശാഖയാണ് മലയാളത്തിലെ ജീവചരിത്രസാഹിത്യം. ഭരണാധികാരികൾ, സാഹിത്യകാരന്മാർ, മഹാകവികൾ, രാഷ്ട്രീയനേതാക്കൾ, മതാധ്യക്ഷന്മാർ, കലാകാരന്മാർ തുടങ്ങി വിവിധ മണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള പലരുടെയും ജീവിതകഥകൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും മറ്റു സാഹിത്യശാഖകളെപ്പോലെ ജീവചരിത്രശാഖ സമ്പുഷ്ടമല്ല. ഒരു ജീവിതത്തിന്റെ സ്മരണയെ നിലനിർത്തുവാൻ മനുഷ്യനുള്ള സഹജമായ പ്രേരണയുടെ ഫലമാണ് ജീവചരിത്രം. മുൻപോട്ടു നോക്കി ജീവിക്കുകയും പുറകോട്ടു നോക്കി പഠിക്കുകയും ചെയ്യണമെന്ന തത്ത്വത്തെ സാക്ഷാത്കരിക്കുന്നതിന് മഹാന്മാരുടെ ജീവിതകഥകൾ പോലെ പ്രയോജനപ്രദമായ മറ്റൊന്നില്ല. ജീവിതത്തിന്റെ പ്രതിഫലനവും വ്യാഖ്യാനവുമാണ് സാഹിത്യമെങ്കിൽ ജീവചരിത്രം പോലെ ഉത്തമമായ സാഹിത്യശാഖ വേറെയില്ല. ചരിത്രമോ, ശാസ്ത്രമോ അല്ല ജീവചരിത്രം സത്യസന്ധമായ പ്രതിപാദനമാണ് അതിന്റെ മുഖമുദ്ര.

ഉത്തമ ജീവചരിത്രത്തിന്റെ ലക്ഷണത്തെക്കുറിച്ച് പല പണ്ഡിതന്മാരും എഴുതിയിട്ടുണ്ട്. "ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ചരിത്രമാണ് ജീവചരിത്രമെങ്കിലും, ആ ചരിത്രത്തിന്റെ വിഷയമായ ജീവിതം എന്താണെന്നു വിശദമാക്കുക അതിനേക്കാൾ വിഷമമാണ്."[7] "ആന്ദ്രേ മൗർവാ എന്ന ഫ്രഞ്ചു സാഹിത്യകാരൻ മനുഷ്യാത്മാവിന്റെ പരിണാമകഥയാണ് ജീവചരിത്രം"[8] എന്നു സമർത്ഥിക്കുന്നു. ഓക്സ്ഫോർഡ് നിഘണ്ടുവിൽ "വ്യക്തികളുടെ ജീവിതകഥ പ്രതിപാദിക്കുന്ന ഒരു സാഹിത്യ വിഭാഗമാണ് *ജീവചരിത്രം*."[9] *ആദർശയോഗ്യമായ ഒരു ജീവചരിത്രം എങ്ങനെയാകണമെന്ന്* ഡോ. കെ.എം.ജോർജ്ജു സൂചിപ്പിക്കുന്നതു നോക്കുക "കഥാപുരുഷന്റെ മാനസികമായ വളർച്ചയും വ്യക്തിത്വത്തിന്റെ പ്രത്യേകതകളും വായനക്കാരന്റെ ഹൃദയത്തിൽ ശക്തിയായി പതിയത്തക്കവണ്ണം, അയാളുടെ ബാഹ്യപ്രവർത്തനങ്ങളും ആന്തരിക പ്രവണതകളും,

കലാസുഭഗമായ രീതിയിൽ ആവിഷ്കരിക്കുന്ന ഒരു ജീവിത പുനഃസൃഷ്ടിയാണ് ജീവ ചരിത്രം."[10]

## ജീവചരിത്രസാഹിത്യം

മലയാളത്തിലെ ജീവചരിത്രസാഹിത്യരംഗത്തു ഒന്നാമത്തെ പ്രമാണഗ്രന്ഥമെന്ന് വിശേഷിപ്പിക്കാവുന്ന കൃതിയാണ് ഡോ.കെ.എം.ജോർജ്ജിന്റെ 'ജീവചരിത്ര സാഹിത്യം.'ജീവചരിത്രം എന്ന സാഹിത്യവിഭാഗത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെക്കുറിച്ചും അതിന്റെ വികാസത്തെക്കുറിച്ചും അക്കൂട്ടത്തിൽ അതിനോട് ചേർന്നു നിൽക്കുന്ന ആത്മകഥാസാഹിത്യത്തെക്കുറിച്ചും പ്രതിപാദിക്കുന്നതാണ് ഈ ഗ്രന്ഥം. പതിമൂന്നദ്ധ്യായങ്ങളാണ് ഈ കൃതിയിലുള്ളത്. ഒന്നാമദ്ധ്യായത്തിൽ ജീവചരിത്രസാഹിത്യത്തിന്റെ സാമാന്യരൂപം വിവരിക്കുന്നു. ജീവചരിത്ര സാഹിത്യത്തിലെ പൂർവ രൂപങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു രണ്ടാമദ്ധ്യായത്തിൽ. പ്രസിദ്ധ പാശ്ചാത്യ ജീവചരിത്രകാരന്മാരായ ജോൺസനെയും ബോൽഡ്വെലിനെയും കുറിച്ചാണ് മൂന്നാമദ്ധ്യായം. നാലാമദ്ധ്യായം ലിറ്റൺ സ്ട്രാച്ചിയെക്കുറിച്ചുള്ള വിവരണമാണ്. തുടർന്നുള്ള അദ്ധ്യായങ്ങളിൽ ആന്ദ്രേ മൗർവ, എമിൽ ലുഡ്വിംഗ്, ഗമാലിയേൽ ബ്രാഡ്ഫോർഡ് എന്നിവരെ പരിചയപ്പെടുത്തുന്നു. ഒൻപതാമദ്ധ്യായത്തിൽ മലയാളത്തിലെ ജീവചരിത്രങ്ങളെക്കുറിച്ചു വിവരിക്കുന്നു. ജീവചരിത്രശാഖയെ പോഷിപ്പിച്ച സംഘടിത യത്നങ്ങളാണ് അടുത്ത അദ്ധ്യായത്തിലെ വിവരണം. നമ്മുടെ ജീവചരിത്രകാരന്മാരെയും ഗണനീയ ജീവചരിത്രങ്ങളെയും തൊട്ടടുത്ത അധ്യായങ്ങളിൽ വിവരിക്കുന്നു. അവസാനത്തെ രണ്ടദ്ധ്യായങ്ങൾ ആത്മകഥാസാഹിത്യത്തെക്കുറിച്ചുള്ള വിവരണമാണ്.

പാശ്ചാത്യ സാഹിത്യത്തിലെ ജീവചരിത്ര ശാഖയെക്കുറിച്ച് സാമാന്യമായ വിവരണം ഒന്നാമദ്ധ്യായത്തിലുണ്ട്. ചില അമേരിക്കൻ സർവകലാശാലകളിൽ പഠന വിഷയങ്ങളുടെ കൂട്ടത്തിൽ ജീവചരിത്രത്തിനു കൊടുത്തിരിക്കുന്ന സ്ഥാനം അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. "വിവിധ ലക്ഷ്യങ്ങൾ വച്ചുകൊണ്ടു എഴുതപ്പെടുന്ന ജീവചരിത്രങ്ങളുടെ ആധിക്യം നിമിത്തം, ചരിത്രപുരുഷന്മാരെ ജീവചരിത്രകാരന്മാരിൽ നിന്നു

രക്ഷിക്കുന്നതിനു നിയമങ്ങൾ ഉണ്ടാക്കേണ്ടതാണെന്നു പോലും ചില നിരീക്ഷകന്മാർ ചൂണ്ടിക്കാട്ടിയതായി പറയപ്പെടുന്നു"[11]. ജീവചരിത്ര സാഹിത്യത്തിനു ലോക്ഹാർട്ട് എന്നിവരുടെ സ്ഥാനം വിലയിരുത്തുന്നു. ജീവചരിത്രസാഹിത്യത്തിൽ ഒരു പുതുയുഗം ആരംഭിക്കുന്നത് ലിറ്റൺ സ്ട്രാച്ചിയോടു കൂടിയാണെങ്കിലും അതിനുമുമ്പ് ഇരുപതാം നൂറ്റാണ്ടിൽ ഈ സാഹിത്യശാഖയ്ക്കു വിലപിടിച്ച ഒരു കൃതി സമ്മാനിച്ച എഡ്മൺഡ് ഗോസിനെ പരാമർശിക്കുന്നു. 'പിതാവും പുത്രനും' എന്ന കൃതിയാണ് ഒരു ജീവചരിത്രകാരൻ എന്ന നിലയിൽ എഡ്മൺഡ് ഗോസിന്റെ സ്ഥാനവും വിലയും നിർണ്ണയിക്കുന്നതെന്നും വിവരിക്കുന്നു.

ലിറ്റൺ സ്ട്രാച്ചിയെ സമഗ്രമായി വിലയിരുത്തുന്ന അഞ്ചാമദ്ധ്യായത്തിൽ അദ്ദേഹത്തിന്റെ കൃതിയായ 'എമിനന്റ് വിക്ടോറിയൻസി'നെ ആധുനിക ജീവചരിത്രത്തിന്റെ പ്രഥമ സന്താനം എന്നു വിശേഷിപ്പിക്കുന്നു. മാനിങ്, തോമസ്, ആർനോൾഡ്, ഫ്ളോറെൻസ് നൈറ്റിംഗേൽ, ജനറൽ ഗോർഡൺ, എന്നിങ്ങനെ അസാമാന്യ പ്രശസ്തിയോ പ്രാമാണ്യമോ ഇല്ലാത്ത നാലു വ്യക്തികളുടെ ജീവിതചിത്രീകരണമാണ് പ്രസ്തുത പുസ്തകത്തിലെ പ്രതിപാദ്യം. ഈ കൃതി ജീവചരിത്രരചനയിൽ ഒരു വിപ്ലവം സൃഷ്ടിച്ചത് എന്തുകൊണ്ടാണെന്ന് സ്ട്രാച്ചിയുടെ ശില്പവൈഭവം വിവരിച്ച് സമർത്ഥിക്കുന്നു ജീവചരിത്രരചനയിൽ സ്ട്രാച്ചിയുടെ ആദർശങ്ങൾ ഇപ്രകാരം വിവരിക്കുന്നു. "രസശൂന്യമായ ശൈലി, അസുഖകരമായ അമിതസ്തുതി, അസുന്ദരമായ പ്രതിപാദനം, ത്യാജ്യഗ്രാഹ്യവിവേചനമില്ലായ്മ, ദഹിച്ചുചേരാതെ കുഴഞ്ഞു മറിഞ്ഞു കിടക്കുന്ന ചരിത്രസാമഗ്രികൾ ഇവയൊക്കെയാണ് പഴയതരം ജീവചരിത്രങ്ങളിൽ സ്ട്രാച്ചി കാണുന്നത് "[12].

ഭാവസുന്ദരമായ പ്രതിപാദനം, സംക്ഷേപണവൈഭവം, ശൈലിവല്ലഭത്വം, ശില്പവൈഭവം തുടങ്ങിയ സ്ട്രാച്ചിയുടെ ഗുണവിശേഷങ്ങളെ ഡോ.ജോർജ്ജ് സാമാന്യം വിശദമായി അപഗ്രഥിക്കുന്നു.

അമേരിക്കൻ സാഹിത്യകാരനായ 'ഗമാലിയേൽ ബ്രാഡ് ഫോർഡി'ന്റെ സാഹിത്യപരിശ്രമങ്ങളെ തുടർന്നു വിശദമാക്കുന്നു. ഒന്നാംകിട ജീവചരിത്രങ്ങൾ

എഴുതിയ സ്ട്രാച്ചിയെക്കാൾ ജീവചരിത്രത്തിന്റെ ലക്ഷ്യ മൂല്യാദികളെക്കുറിച്ചും രചനയെക്കുറിച്ചും പല ഉപന്യാസങ്ങളും എഴുതി തന്റെ ചിന്താഗതിയെ വ്യക്തമാക്കിയ സാഹിത്യകാരനാണ് ബ്രാഡ് ഫോർഡെന്ന് ഡോ. ജോർജ്ജ് അഭിപ്രായപ്പെടുന്നു. ജീവചരിത്ര രചനയിൽ ബ്രാഡ് ഫോർഡ് ഉപയോഗിച്ചിരിക്കുന്ന പ്രത്യേക മാർഗ്ഗം എന്താണെന്ന് 'സൈക്കോഗ്രാഫി' എന്ന ഉപന്യാസത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യവും ഡോ. ജോർജ്ജ് കൂട്ടിച്ചേർക്കുന്നു. അദ്ദേഹത്തിന്റെ സംക്ഷേപണ സാമർത്ഥ്യത്തെയും എടുത്തു പറയുന്നുണ്ട്.

മഹാകവി ഷെല്ലിയുടെ ജീവചരിത്രം എഴുതിയ ആന്ദ്രേ മൗർവയുടെ സംഭാവനകളെ ഒരധ്യായത്തിൽ പ്രതിപാദിക്കുന്നു. ഷെല്ലിയുടെ ജീവചരിത്രമായ 'ഏരിയലി'ന്റെ രചനയിൽ ആന്ദ്രേ മൗർവ സ്വീകരിച്ച പ്രത്യേക സ്വഭാവത്തെയും ഈ അദ്ധ്യായത്തിൽ വിശദമായി വിവരിക്കുന്നുണ്ട്. ജീവചരിത്രസാഹിത്യത്തിന് പാശ്ചാത്യഭാഷകളിൽ ലഭിച്ചിട്ടുള്ള നവോത്ഥാനവും നവചൈതന്യവുമാണ് മേൽ വിവരണങ്ങളിൽ ബോധ്യപ്പെടുന്നത്.

ജീവചരിത്രത്തിന്റെ പൂർവരൂപങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന രണ്ടാമദ്ധ്യായത്തിൽ 'ഇംഗ്ലീഷ് ജീവചരിത്രങ്ങളുടെ പരിണതി' എന്ന ഹാരോൾഡ് നിക്കോൾസന്റെ പുസ്തകത്തെ അവലംബിച്ചുള്ള അഭിപ്രായ പ്രകടനമാണ് നടത്തിയിരിക്കുന്നത്.

ഈ രണ്ടാമത്തെ അദ്ധ്യായത്തിന്റെ വിവരണങ്ങളിലെ അപാകതയെ എ. പി.പി.നമ്പൂതിരി ചൂണ്ടിക്കാട്ടുന്നുണ്ട് "വാസ്തവത്തിൽ ജീവചരിത്രത്തിന്റെ പൂർവരൂപങ്ങളെപ്പറ്റിയുള്ള ഈ രണ്ടാമദ്ധ്യായം ഒരു സാഹിത്യ വിദ്യാർത്ഥിയുടെ കുറിപ്പുകൾ മാത്രമേ ആയിട്ടുള്ളു. നിരൂപണത്തിന്റെ അംശംപോലും ഈ അദ്ധ്യായത്തിലെ അഭിപ്രായങ്ങളിലില്ല"[13]. വേണ്ടത്ര വിശദീകരണങ്ങൾ നൽകേണ്ട ഭാഗങ്ങളുണ്ടായിട്ടും അത് ഒഴിവാക്കി പ്രതിപാദിച്ചതിനെയും അദ്ദേഹം വിമർശിക്കുന്നുണ്ട്.

പതിനെട്ടാം ശതകത്തിലെ ഇംഗ്ലീഷ് സാഹിത്യത്തിലെ അമരക്കാരനായിരുന്ന ഡോ.ജോൺസനെയും ജോൺസന്റെ ജീവചരിത്രം എഴുതിയ ബോസ്വലി

നെയും വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ജോൺസന്റെ ജീവചരിത്രത്തിന്റെ മഹിമയെക്കുറിച്ചും സൂചനയുണ്ട്. ബോസ്വലിന്റെ പ്രതിപാദനത്തിലെ ആകർഷണീയ തയ്ക്കു കാരണം അതിലെ ഫലിത രസമാണെന്നും ജോർജ്ജ് വ്യക്തമാക്കുന്നു.

ജർമ്മൻ ജീവചരിത്രസാഹിത്യകാരനായ എമിൽ ലുഡ്വിഗ് "സദുദ്ദേശ്യ മുള്ള സാധാരണക്കാരായ യുവജനങ്ങളെ ലക്ഷ്യമാക്കികൊണ്ട് ആണ് ഞാൻ ജീവച രിത്രം രചിക്കുന്നത് "[14] എന്ന് ഉറക്കെ പ്രഖ്യാപിച്ച വ്യക്തിയാണെന്ന് ഡോ.ജോർജ്ജ് ചൂണ്ടിക്കാട്ടുന്നു. ചരിത്രകാരന്മാരെക്കുറിച്ച് എഴുതാൻ ഇഷ്ടപ്പെട്ടിരുന്ന സാഹിത്യകാര നാണ് ലുഡ്വിഗ് എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ലുഡ്വിഗിന്റെ കൃതികളൂടെ ഒരു സിംഹാവ ലോകനവും ഗ്രന്ഥകാരൻ നടത്തുന്നുണ്ട്. 'ഗ്വെഥേ: ഒരു മനുഷ്യന്റെ ചരിത്രം' എന്ന കൃതിയാണ് ലുഡ്വിഗിന്റെ നിർമ്മാണവൈഭവം പ്രകാശിപ്പിക്കുന്ന ആദ്യത്തെ ജീവ ചരിത്രം.

പാശ്ചാത്യജീവചരിത്രകാരന്മാരെക്കുറിച്ച് വളരെ സമഗ്രമായ വിവരണ ങ്ങളാണ് ആദ്യ അദ്ധ്യായങ്ങളിൽ ഡോ.ജോർജ്ജ് നൽകുന്നത്. തുടർന്ന് മലയാളത്തിലെ ജീവചരിത്രങ്ങളെക്കുറിച്ച് സാമാന്യം സവിസ്തരവും സമഗ്രവുമായ നിരൂപണം നട ത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്. പത്തൊൻപതാം ശതകത്തിനു മുമ്പ് ഭാരതീയ ഭാ ഷകളിൽ ജീവചരിത്രശാഖയിൽ ഗണ്യമായ ഒരു പ്രവർത്തനവും ഉണ്ടായിട്ടില്ലെന്നു അദ്ദേഹം വ്യക്തമാക്കുന്നു. പ്രാരംഭ കൃതികളെക്കുറിച്ച് ചെറിയ സൂചന നൽകിയ ശേഷം വിദ്യാർത്ഥികളുടെ ആവശ്യത്തെ ലക്ഷ്യമാക്കി എഴുതിയ തർജമകളുടെയും ആശാ യാനുവാദങ്ങളുടെയും ഒരു പട്ടിക നിരത്തുന്നു. അങ്ങനെ മലയാളത്തിൽ ജീവചരിത്ര ശാഖയുടെ ചരിത്രം എങ്ങനെ ആരംഭിച്ചുവെന്നും അതിന്റെ സാമാന്യ സ്വഭാവം എന്തെന്നും ചൂണ്ടിക്കാണിക്കാൻ ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നു.

ജീവചരിത്രശാഖയെ പോഷിപ്പിച്ച സംഘടിത യത്നങ്ങളെക്കുറിച്ച തുടർന്നു പ്രതിപാദിക്കുന്നു. 'ജീവചരിത്രസഞ്ചിക', 'മഹച്ചരിത മാല' തുടങ്ങിയവയെ ക്കുറിച്ച് സാമാന്യം വിശദമായ വിവരം നൽകുന്നു.

മലയാള ജീവചരിത്ര രചയിതാക്കളെയാണ് അടുത്ത അദ്ധ്യായത്തിൽ

വിവരിക്കുന്നത്. എ.ഡി.ഹരിശർമ്മയെയും അദ്ദേഹത്തിന്റെ കൃതികളെയുമാണ് അടുത്തതായി വിവരിക്കുന്നത്. ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, പന്തളത്തു തമ്പുരാൻ, കെ.സി.കേശവപിള്ള, കേരളവർമ്മ, എ.ആർ.രാജരാജവർമ്മ, കണ്ടത്തിൽ വർഗ്ഗീസുമാപ്പിള തുടങ്ങി അതിപ്രശസ്തരായ പല കേരള സാഹിത്യകാരന്മാരുടെയും ജീവിതകഥകൾ എ.ഡി.ഹരിശർമ്മ എഴുതിയിട്ടുണ്ടെന്ന് ജോർജ്ജ് വ്യക്തമാക്കുന്നു.

ജീവചരിത്രസാമഗ്രികൾ സംഭരിക്കാൻ പറ്റാത്ത ഘട്ടങ്ങളിൽ എഴുതിയ ഈ കൃതികൾക്ക് ജീവചരിത്രകൃതികളുടെ സമ്പൂർണ്ണത അവകാശപ്പെടാനില്ല എന്ന അഭിപ്രായവും ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു.

ജീവചരിത്രശാഖയിൽ പി.കെ.പരമേശ്വരൻ നായരുടെ സംഭാവനകളെ പ്രധാനകൃതികളുടെ അവലോകനത്തോടെ വിലയിരുത്തുന്നത് സാമാന്യവായനക്കാർക്ക് വളരെ പ്രയോജന പ്രദമാവുന്നു. 'നെപ്പോളിയനും ജോസഫൈനും', 'നെപ്പോളിയന്റെ ജീവിതസായാഹ്നം', 'വോൾട്ടയർ', 'സാഹിത്യപഞ്ചാനനൻ', 'സി.വി.രാമൻപിള്ള', 'മഹാത്മാഗാന്ധി' തുടങ്ങിയ ജീവചരിത്രങ്ങളെ സംബന്ധിച്ച് ഏകദേശവബോധം ഉളവാക്കാൻ പോകുന്ന വിവരണങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് വളരെ സ്വാഗതാർഹമാണ്. ചുരുക്കിപ്പറഞ്ഞാൽ സമർത്ഥനായ ഒരു ചരിത്രകാരനായും നിഷ്പക്ഷമതിയായ നിരൂപകനായും പി.കെ.പരമേശ്വരൻ നായരെ ചിത്രീകരിക്കാൻ ഡോ.ജോർജ്ജിനു കഴിഞ്ഞിട്ടുണ്ട്.

ജീവചരിത്രസാഹിത്യത്തിനു ഗണ്യമായ സംഭാവനകൾ നൽകിയ എൻ. ബാലകൃഷ്ണൻ നായരുടെ കൃതികളുടെ അവലോകനവും തുടർന്നു നടത്തുന്നു. അതിൽ ശ്രദ്ധിക്കപ്പെടുന്ന വിവരണം 'സാക്ഷാൽ സി.വി' എന്ന കൃതിയെക്കുറിച്ചാണ് രാജാരവിവർമ്മ, സ്വരാജ്യാഭിമാനി (വേലുതമ്പി ദളവയെപ്പറ്റി), മഹർഷി ചട്ടമ്പിസ്വാമി തിരുവടികൾ, സ്വാതിതിരുനാൾ തുടങ്ങിയ കൃതികളെയും പരിചയപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ രചനാ സവിശേഷതകളെപ്പറ്റി ഒരു സാമാന്യവിവരണവും അവസാനം കൊടുത്തിരിക്കുന്നു.

ബാലകൃഷ്ണമേനോന്റെ ജീവചരിത്രസംഭാവനകളെ അപഗ്രഥിക്കാൻ ഡോ.കെ.എം.ജോർജ്ജിന്റെ വിവരണങ്ങൾ വളരെയേറെ സഹായകമാണ്, ഗുണങ്ങളെ

മാത്രമല്ല ദോഷങ്ങളെയും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഗദ്യസാഹിത്യത്തിൽ പൊതുവെയും ജീവചരിത്രസാഹിത്യത്തിൽ പ്രത്യേകിച്ചും പല സംഭാവനകൾ ചെയ്തിട്ടുള്ള മൂർക്കോത്തു കുമാരനെയാണ് അടുത്ത് വിവരിക്കുന്നത്. 'കേരളഭാഷാപ്രണയികൾ' എന്ന പരമ്പരയിൽ ഒയ്യാരത്തു ചന്തുമേനോൻ, വേങ്ങയിൽ കുഞ്ഞിരാമൻനായനാർ എന്നിവരെക്കുറിച്ചു എഴുതിയിട്ടുള്ളതു കൂടാതെ നാരായണഗുരുസ്വാമിയുടെ ഒരു ബൃഹത്തായ ജീവചരിത്രവും മൂർക്കോത്തു കുമാരന്റേതായിട്ടുണ്ട്. ഈ ജീവചരിത്രങ്ങളുടെ പ്രത്യേകത ഡോ.ജോർജ്ജ് വിലയിരുത്തുന്നു. "ഇവ വ്യക്തിത്വത്തിന്റെ വികാസത്തേക്കാൾ കഥാപുരുഷന്മാരുടെ പ്രധാന പ്രവൃത്തി മണ്ഡലത്തിൽ അവരുടെ നേട്ടങ്ങൾ എത്രത്തോളം എന്നു കാണിക്കുവാനാണ് അദ്ദേഹം ശ്രമിച്ചിരിക്കുന്നത്. അതിനാൽ ജീവചരിത്രത്തിന്റെ രൂപസൗഭാഗ്യത്തെ ഇവ കുറെയെല്ലാം ബാധിക്കുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു"[15].

ടി. കെ. രാമൻമേനോന്റെ കുന്നത്തു ജനാർദ്ദന മേനോൻ തുടങ്ങിയവർ ജീവിതസ്പർശികളായ കൃതികൾ സങ്കല്പസംഭാഷണങ്ങളുടെ അവതരണം കൊണ്ട് ചില സന്ദർഭങ്ങളിൽ ജീവചരിത്രത്തിലെ ചരിത്രമെന്ന നിലവിട്ട് കഥയെന്ന നിലയിൽ താണു പോകുന്നതായി ഡോ. ജോർജ്ജ് അഭിപ്രായപ്പെടുന്നു. ശ്രദ്ധിക്കപ്പെടേണ്ട മറ്റു ചിലരിൽ കെ. പി. കേശവമേനോനെ ഉൾപ്പെടുത്തുന്നു. ലഘു ജീവചരിത്രങ്ങളായി അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് വാർന്ന് വീണിട്ടുള്ള കൃതികളുടെ പട്ടികയും നിരത്തുന്നുണ്ട്.

വിദേശികളായ മഹത്തുക്കളെ മലയാള ഭാഷയിൽ അവതരിപ്പിച്ച സി.പി. ശ്രീധരൻ, തായാട്ടു ശങ്കരൻ, കെ. സുരേന്ദ്രൻ, ജി. എൻ. പണിക്കർ തുടങ്ങിയവരുടെ കൃതികൾ പ്രതിപാദ്യത്തിലെന്ന പോലെ പ്രതിപാദനത്തിലും മികച്ചു നിൽക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ആനിതയ്യിലിന്റെ ലാൽ ബഹാദൂർ ശാസ്ത്രിയും തിക്കുറിശ്ശി ഗംഗാധരന്റെ സുഭാഷ് ചന്ദ്രബോസും കൂട്ടത്തിൽ ശ്രദ്ധേയമാണെന്നും രേഖപ്പെടുത്തുന്നു. പ്രസിദ്ധ റഷ്യൻ നോവലിസ്റ്റായ ദസ്തയേവ്സ്കിയെക്കുറിച്ചെഴുതിയ ജി. എൻ പണിക്കരും കെ. സുരേന്ദ്രനും ജീവചരിത്ര സാഹിത്യത്തിൽ

പ്രത്യേകസ്ഥാനം അലങ്കരിക്കുന്നു.

ഗണനീയങ്ങളായ ചില ജീവചരിത്രങ്ങളുടെ നിരൂപണമാണ് തുടർന്നു നടത്തുന്നത്. ബി. കല്യാണിഅമ്മയുടെ വ്യാഴവട്ട സ്മരണകളെ ജോർജ്ജ് ഇപ്രകാരം വിലയിരുത്തുന്നു. "പേരുകൊണ്ടു 'സ്മരണകൾ' മാത്രമാണെങ്കിലും മലയാളത്തിലെ ഒന്നാമത്തെ ജീവചരിത്രമാണെന്നതു രസാവഹമായ ഒരു പരമാർത്ഥമാണ്. ആദർശത്തിലും അഭിരുചിയിലും വിദ്യയിലും വീക്ഷണത്തിലും ഭർത്താവുമായി അങ്ങേയറ്റം താദാത്മ്യം പ്രാപിച്ച ഒരു വ്യക്തിയായിരുന്നു കല്യാണിഅമ്മ"[16]. കൃതിയുടെ പ്രതിപാദന സൗകുമാര്യവും വികാരതീവ്രതയും ലേഖകന്റെ പ്രശംസക്കു വിധേയമാകുന്നുണ്ട്. സുന്ദരമായ ജീവിത ചിത്രീകരണത്തിൽ തീക്ഷ്ണ വികാരത്തിന്റെ പ്രവാഹമാണു കാണുന്നതെന്നും വ്യക്തിസ്വഭാവത്തിന്റെ മൂല്യനിർണ്ണയത്തിന് വായനക്കാരെ സഹായിക്കുന്ന ഭാഗങ്ങൾ ഇതിൽ ഇല്ലെന്നും ചൂണ്ടിക്കാട്ടുന്നു.

പി. അനന്തൻ പിള്ളയുടെ 'കേരള പാണിനി', കുമ്പളം ചിറയിൽ വാസവപ്പണിക്കരുടെ സരസകവി മൂലൂർ, മയ്യനാട്ടു ദാമോദരന്റെ 'ശ്രീനാരായണഗുരു സ്വാമി' തുടങ്ങിയ ജീവചരിത്രകൃതികളെ നിരൂപണം നടത്തുന്നുണ്ട്. സാഹിത്യകൃതികളുടെ നിരൂപണം കൊണ്ടു ജീവചരിത്രത്തിനു മേദസ്സു വർദ്ധിപ്പിക്കലാണ് സാഹിത്യകാരന്മാരെ ആസ്പദമാക്കി രചിച്ച നിരൂപണങ്ങളുടെ ദോഷമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. മലയാളത്തിലെ മികച്ച ജീവചരിത്രങ്ങളിലൊന്നായി ഗ്രന്ഥകാരൻ ഗണിക്കുന്നത് പുത്തേഴത്ത് രാമൻമേനോന്റെ 'ശക്തൻ തമ്പുരാൻ' എന്ന കൃതിയെയാണ്. പ്രമാണപ്പെട്ട രേഖകളും തലമുറകളായി താഴോട്ടു വന്നിട്ടുള്ള ഐതിഹ്യങ്ങളും കൊണ്ട് വസ്തു നിഷ്ഠതയോടെ ജീവചരിത്ര രചന നടത്തിയ വ്യക്തിയാണ് പുത്തേഴത്തു രാമൻ മേനോൻ. അതിശയോക്തിയും അവിശ്വസ്തതയുമാണ് ഇതിൽ ഗ്രന്ഥകാരൻ കാണുന്ന കുറവ്. ചരിത്രത്തിന്റെ അമൂല്യമായ സത്യസന്ധതയും കലയുടെ മോഹനതയും ആണ് ഗുണവശങ്ങൾ. സ്വാമി ബ്രഹ്മവ്രതന്റെ 'മഹർഷി വാഗ്ഭടാനന്ദഗുരുദേവൻ' ടി. എം. ചുമ്മാറിന്റെ കവിതിലകൻ 'കെ. പി കറുപ്പൻ', എം. കെ. സാനുവിന്റെ 'നാരായണഗുരു സ്വാമി', മൂർക്കോത്തു കുഞ്ഞപ്പയുടെ 'ശ്രീനാരായണഗുരു', കെ. പി. കേശവ മേനോന്റെ

'കേസരിയുടെ കഥ', എം. കെ. സാനുവിന്റെ സഹോദരൻ കെ. അയ്യപ്പൻ തുടങ്ങിയ കൃതികൾ ഗണനീയങ്ങളായ ജീവചരിത്ര കൃതികളായി കണക്കാക്കുന്നു.

ജീവചരിത്രത്തെക്കുറിച്ചുള്ള ചർച്ചയിൽ ആത്മകഥാ സാഹിത്യത്തെയും വിവരിക്കുന്നുണ്ട്. ജീവചരിത്രത്തിന്റെ ഒരു വിഭാഗമായിത്തന്നെ ആത്മകഥയെ ഗണിക്കുന്നതിൽ തെറ്റില്ലെന്ന അഭിപ്രായമാണ് ഗ്രന്ഥകാരനുള്ളത്. "വ്യക്തിത്വത്തിന്റെ അനാവരണം സാധിക്കുക എന്ന പരമലക്ഷ്യത്തിലേക്കുള്ള ഒരു നല്ല മാർഗ്ഗമാണ് ഒരാളുടെ കഥ അയാൾ തന്നെ പറയുക എന്നത്"[17] എന്നിങ്ങനെ വ്യാപകാർത്ഥത്തിൽ ജീവചരിത്രത്തിന്റെ ഒരുപശാഖയായി ആത്മകഥയ്ക്കു സ്ഥാനം കൊടുക്കാമെന്ന് ഉറപ്പിച്ചു പറയുന്നു. ആത്മകഥകൾ ഒരിക്കലും രചയിതാവിന്റെ ജീവിതം സമ്പൂർണ്ണമായി ആവിഷ്കരിക്കുകയില്ല. മലയാളത്തിലുണ്ടായ ആത്മകഥകളെക്കുറിച്ച് സമഗ്രമായിത്തന്നെ പ്രതിപാദിക്കുന്നുണ്ട്. പ്രസിദ്ധങ്ങളായ  ആത്മകഥകളെ വിവരിച്ച് ആത്മകഥയ്ക്കുള്ള മേന്മ വ്യക്തമാക്കുന്നു.

സാഹിത്യപഞ്ചാനനന്റെ 'സ്മരണമണ്ഡലം' , മഹാത്മാഗാന്ധിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷകൾ ', ഈ.വി.കൃഷ്ണപിള്ളയുടെ 'ജീവിതസ്മരണകൾ 'തുടങ്ങിയ  പ്രസിദ്ധ ആത്മകഥകളെ വിശകലനവിധേയമാക്കുന്നു. ജീവചരിത്രകാരനും ആത്മകഥാകാരനും തമ്മിലുള്ള വ്യത്യാസത്തെയും ചൂണ്ടിക്കാട്ടുന്നുണ്ട്. "ജീവചരിത്രകാരൻ പ്രധാനമായും പ്രവൃത്തികളും പിന്നെ ഭാഷണങ്ങളുമാണ് ആരായുന്നത്. ചിന്താഗതിയെക്കുറിച്ച് അയാൾക്കു ഊഹിക്കുന്നതിനുമാത്രമേ നിവൃത്തിയുള്ളു. ആത്മകഥാകഥനത്തിൽ തൽക്കർത്താവു  തന്റെ ഓരോ കാലഘട്ടത്തിലെ ചിന്താഗതിയെയും അതിന്റെ വൈചിത്ര്യവൈവിധ്യങ്ങളെയുമാണ് പ്രധാനമായി തുറന്നു കാണിക്കുന്നത്."[18]

ആത്മകഥയുടെ ചില ദൗർബല്യങ്ങൾ തുടർന്നു വിശദമാക്കുന്നു. ഭൂതകാലത്തിന്റെ പുനർനിർമ്മാണത്തെക്കാൾ വിദഗ്ധ വ്യഖ്യാനമാണ് ആത്മകഥയുടെ ജീവനാഡിയെന്നും പറയുന്നു. സ്വന്തം കാര്യങ്ങൾ വസ്തുനിഷ്ഠമായ വീക്ഷണകോണിൽ ദർശിക്കുന്നതിനു ശക്തിയുള്ള മഹാന്മാരാണ് അഭികാമ്യമായ ആത്മകഥയുടെ രചനയ്ക്ക്

തികച്ചും അർഹർ എന്ന് ഗാന്ധിജിയുടെയും ജവർഹർലാൽ നെഹ്റുവിന്റെയും ആത്മകഥകൾ ദൃഷ്ടാന്തമാക്കി സമർത്ഥിക്കുന്നു. "ജീവചരിത്രകാരൻ പൊതുജനങ്ങളുടെ പ്രതിനിധിയാണ്. ജീവചരിത്രം രചിക്കുന്നത് പൊതുജനങ്ങൾക്കു രസവും വിജ്ഞാനവും നൽകുന്നതിനാണ്. വെളിക്കുനിന്നുകൊണ്ട് നിഷ്പക്ഷമായ നിരൂപണബുദ്ധിയോടുകൂടെ കഥാപുരുഷനെ വീക്ഷിക്കുന്നതിനും വിമർശിക്കുന്നതിനും ജീവചരിത്രകാരനു സാധിക്കുന്നു"[19]. ഇങ്ങനെ ആത്മകഥാകൃത്തിനേക്കാൾ ജീവചരിത്രകാരനുള്ള വൈശിഷ്ട്യങ്ങളെ അദ്ദേഹം വിശദമാക്കുന്നുണ്ട്.

ആത്മകഥയുടെ വിഭാഗങ്ങളെയാണ് തുടർന്നു വിവരിക്കുന്നത്. പ്രജ്ഞാപരം, വികാരപരം എന്ന രണ്ടു വിഭാഗങ്ങളിൽ, ആത്മകഥാപ്രസ്ഥാനത്തിനു സഹജമായുള്ള ബലഹീനതകൾ കുറഞ്ഞ വിഭാഗമായി അദ്ദേഹം കാണുന്നത് പ്രജ്ഞാപരമായ വിഭാഗത്തിനാണ്. എഡ്മൺഡ് ഗോസ്സിന്റെ 'പിതാവും പുത്രനും ' എന്ന ആത്മകഥ പ്രജ്ഞാപരമായ വിഭാഗത്തിന് ഉദാഹരിക്കുകയും ചെയ്യുന്നു. മറ്റുചില ഉപാധികളെ ആധാരമാക്കിയുള്ള അഹംബോധവത്ത് അഹംബോധരഹിതം എന്നീ വിഭജനത്തിനും ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. നെഹ്റുവിന്റെ ആത്മകഥ അഹംബോധരഹിതമായ ആത്മകഥയ്ക്ക് ദൃഷ്ടാന്തമാകുന്നുണ്ട്. എഴുത്തുകാരന്റെ മൂല്യബോധമാണ് ആത്മകഥയുടെ സംഭാവനയായി വായനക്കാരനു ലഭിക്കുന്നത്. പരിപൂർണ്ണമായ സത്യഗ്രഹണത്തിനു ജീവചരിത്രവും ആത്മകഥയും  പര്യാപ്തമല്ലെന്ന നിഗമനത്തിലാണ് ഡോ.ജോർജ്ജ് എത്തിച്ചേർന്നത്. ലോകപ്രശസ്ത ആത്മകഥകളെ നൂറ്റാണ്ടിന്റെ അടിസ്ഥാനത്തിൽ വിഭജിച്ച്, അതിൽ സുപ്രസിദ്ധകൃതികളെക്കുറിച്ച് കാര്യമാത്രപ്രസക്തമായ വിവരണവും നൽകുന്നു.

അവസാനഅദ്ധ്യായത്തിൽ മലയാളത്തിലെ ആത്മകഥകളെ വിവരിക്കുന്നു. 'സ്മരണമണ്ഡലം ' 'ജീവിതസമരം', കെ.പി കേശവമേനോന്റെ 'കഴിഞ്ഞകാലം' മന്നത്തുപത്മനാഭന്റെ 'എന്റെ ജീവിതസ്മരണകൾ ' കേശവദേവിന്റെ 'എതിർപ്പ് ', മുണ്ടശ്ശേരിയുടെ 'കൊഴിഞ്ഞ ഇലകൾ ' തുടങ്ങിയ കൃതികളെ മഹത്വത്തിനനുസരിച്ച് വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ട്.

ജീവചരിത്രഗവേഷകർക്ക് വിലപ്പെട്ട രേഖയാണ് ഡോ.കെ.എം. ജോർജ്ജിന്റെ ജീവചരിത്രസാഹിത്യം. പാശ്ചാത്യസാഹിത്യകൃതികളെക്കുറിച്ചുള്ള ബൃഹത്തായ വിവരണം ശ്രദ്ധേയങ്ങളായ കൃതികളെ വിലയിരുത്തിയിട്ടു തന്നെയാണ്. "മലയാളത്തിലെ ജീവചരിത്ര ഗ്രന്ഥങ്ങൾ അവയുടെ സഹോദരസ്ഥാനീയമെന്നു വിവരിക്കാവുന്ന ആത്മകഥകൾ, സ്മരണകൾ തുടങ്ങിയവയെക്കുറിച്ച് സാകല്യേന പരാമർശിച്ചും വിലയിരുത്തിയും മുന്നോട്ടു നീങ്ങുന്ന ഒരു രചനാമാർഗ്ഗമാണ് ഗ്രന്ഥകാരൻ അവലംബിച്ചിട്ടുള്ളത്."[20] എന്ന കെ.അശോകന്റെ അഭിപ്രായം ഈ അവസരത്തിൽ ശ്രദ്ധേയമാണ്. മംഗളോദയം വാരികയിൽ ഈ കൃതിയെ നിരൂപണം നടത്തിയ മുണ്ടശ്ശേരി, ഡോ.ജോർജ്ജിനെ സാഹിത്യത്തിലെ ചാർട്ടേഡ് അക്കൗണ്ടന്റ് എന്നാണ് വിശേഷിപ്പിച്ചത്. 'ജീവചരിത്രസാഹിത്യത്തിന്റെ ഒരു വിജ്ഞാനകോശം ' എന്ന വിശേഷണമാണ് കുറ്റിപ്പുഴ കൃഷ്ണപിള്ള ഈ കൃതിക്കു നൽകിയത്. ഓരോ കൃതികളെയും പറ്റിയുള്ള ഗ്രന്ഥകാരന്റെ നിഗമനങ്ങൾ വസ്തുനിഷ്ഠമായി പ്രകീർത്തിക്കുന്ന ഗ്രന്ഥകാരൻ, ദൂഷ്യവശങ്ങളെ നിഷ്പക്ഷമായി വെളിപ്പെടുത്തുന്നുമുണ്ട്.

## സാധു കൊച്ചൂഞ്ഞ്

"ജീവചരിത്രഗ്രന്ഥങ്ങളുടെ ഗുണദോഷങ്ങൾ കണ്ടെത്താൻ മാത്രമല്ല, ജീവചരിത്രകൃതികൾ രചിക്കാനും തനിക്കു കഴിവുണ്ടെന്ന് ഡോക്ടർ ജോർജ്ജ് തെളിയിച്ചിട്ടുണ്ട്."[21] ഡോ.കെ.എം.ജോർജ്ജിന്റെ ജീവചരിത്രകൃതിയായ 'സാധു കൊച്ചൂഞ്ഞ് 'ആണ് ഇവിടെ വിശകലന വിധേയമാക്കുന്നത്. ആയിരിത്തിത്തൊള്ളായിരത്തിനാല്പത്തി ഏഴിൽ ആണ് ഈ ജീവചരിത്രം പ്രസിദ്ധീകരിച്ചത്. ഒരു ക്രിസ്തുമത പ്രചാരകന്റെ ജീവിതകഥയാണ് ഈ കൃതി. ഈ കൃതി രചിക്കാനിടയായ സാഹചര്യം പ്രസ്താവനയിൽ ഗ്രന്ഥകാരൻ വ്യക്തമാക്കുന്നുണ്ട്. "ജീവചരിത്രസാഹിത്യം എന്നപേരിൽ ഒരു ഗ്രന്ഥം രചിക്കുന്നതിനുവേണ്ട കരുക്കൾ കരുതുന്ന ഒരു കാലഘട്ടത്തിലാണ് സാധു കൊച്ചൂഞ്ഞിന്റെ ജീവചരിത്രം എഴുതി ചരിത്രരചന സ്വാനുഭവമാക്കിയത്. സാധുകൊച്ചൂഞ്ഞ് ജീവിച്ചിരിക്കുമ്പോൾ വിശിഷ്ടങ്ങളായ ചില ഇംഗ്ലീഷ് പുസ്തകങ്ങൾ തർജ്ജമ ചെയ്യണമെന്ന് പലപ്രാവശ്യം എന്നോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഓരോ കാരണത്താൽ

അതു ചെയ്തു കൊടുക്കുന്നതിന് എനിക്ക് സാധിച്ചിട്ടില്ല. അദ്ദേഹം മരിച്ചുകഴിഞ്ഞപ്പോഴാണ് എന്റെ ഉത്സാഹമാന്ദ്യം പശ്ചാത്തപമായി രൂപം ധരിച്ചത്. അതിന്റെ പരിഹാരമായി അദ്ദേഹത്തെ കുറിച്ചുതന്നെ ഇനി എഴുതാം എന്നൊരു പ്രേരണ ഉണ്ടായത്. രചനാവേളയിൽ പ്രായശ്ചിത്തമായി തോന്നിയിട്ടുണ്ട്."[22]

മൂന്നാംപാക്കൽ കൊച്ചൂഞ്ഞ് ഉപദേശി എന്ന സുവിശേഷ പ്രാസംഗികൻ സ്വയം സംബോധന ചെയ്തിരിക്കുന്നതാണ് 'സാധുകൊച്ചൂഞ്ഞ്. 'കൊച്ചൂഞ്ഞുമായി കുടുംബബന്ധം ജോർജ്ജിനുണ്ടായിരുന്നു. ഉഗ്രവ്രതനായ ഒരു യോഗിവര്യൻ എന്ന നിലയിൽ അപ്രാപ്യനായിരുന്ന കൊച്ചുഞ്ഞ് ഇടയാറന്മുളദേശത്ത് ഒരിടത്തരം കർഷക കുടുംബത്തിലാണ് ജനിച്ചത്. അഞ്ചോ ആറോ ക്ലാസ്സുവരെമാത്രം വിദ്യാഭ്യാസം. സുവിശേഷ ഘോഷണ താല്പര്യം, ജീവിതലാളിത്യം, പരസഹായം കൂടാതെയുള്ള ജ്ഞാനസമ്പാദനം, സ്വതന്ത്രചിന്ത, വിശ്വസിക്കുന്ന സത്യങ്ങൾക്കുവേണ്ടി അങ്ങേയറ്റം വരെ ത്യാഗം സഹിക്കാനുള്ള സന്നദ്ധത എന്നീ സ്വഭാവവൈശിഷ്ട്യങ്ങൾ അദ്ദേഹത്തിൽ തെളിഞ്ഞു കണ്ടിരുന്നു. ഇത്ര നിർദ്ദാക്ഷിണ്യമായി സ്വന്തം ശരീരത്തോടും സ്വന്തം മനസ്സിനോടും പെരുമാറിയിട്ടുള്ള ഒരു വ്യക്തിയെ വേറെ കണ്ടിട്ടില്ല എന്നു ഗ്രന്ഥകാരൻ സമ്മതിക്കുന്നുണ്ട്.

മുപ്പതാം വയസ്സുമുതൽ അവസാനം വരെയും പരിവർജ്ജനവ്രതം സാധുകൊച്ചൂഞ്ഞ് അനുഷ്ഠിച്ചു. പകൽ ഒരിക്കലും എത്ര ദാഹവും എത്ര ക്ഷീണവും ഉണ്ടായാലും പച്ചവെള്ളം പോലും കുടിക്കുകയില്ല. ഒരുമാസം പതിനാലുമുതൽ പത്തൊൻപതു തവണ മാത്രമേ ഭക്ഷണം കഴിക്കുകയുള്ളു. സസ്യാഹാരം മാത്രമാണ് കഴിച്ചിരുന്നത്. പ്രലോഭനങ്ങളെ കീഴടക്കുവാനായി അദ്ദേഹം പല അച്ചടക്കങ്ങളും പാലിച്ചുവന്നു. ഇത്തരത്തിൽ തന്നോടുതന്നെ സമരം നടത്തിയ ഒരു സാധുവായിരുന്നു കൊച്ചുഞ്ഞ്. സമുദായത്തിനുവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. കൊച്ചൂഞ്ഞുപദേശിയുടെ പ്രസംഗത്തിന്റെ തീക്ഷ്ണതയെ ഗ്രന്ഥകാരൻ വിവരിക്കുന്നതു നോക്കാം. "ആശയങ്ങളും ആദർശങ്ങളും ചുറ്റികകൊണ്ടെന്ന വണ്ണം കേൾവിക്കാരുടെ മനസ്സിൽ അടിച്ചുകയറ്റുന്ന രീതിയാണ് അനുഭവപ്പെട്ടിട്ടുള്ളത്.

ഇത് ആത്മീയ തീക്ഷ്ണതകൊണ്ട് വന്നുചേർന്നിട്ടുള്ള ഒരു സ്വഭാവവിശേഷമാണ്. കേവലം എൺപത്തി അഞ്ചു റാത്തൽ പോലും തൂക്കമില്ലാത്ത ഈ കൃശഗാത്രൻ, രണ്ടും മൂന്നും മണിക്കൂർ നേരം ഒരു ക്ഷീണവും കൂടാതെ പ്രസംഗങ്ങൾ നടത്തി വന്നത് അദൃശ്യമായ ശക്തിയുടെ പ്രഭവം കൊണ്ടുമാത്രമാണ്! പ്രത്യേകിച്ചു ഈ ശക്തി സമുദായ ദൂഷ്യങ്ങളെ വിമർശിക്കുമ്പോൾ അതിനിശിതമായി പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്ന് ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു"[23].

"ലളിതസുന്ദരവും ഹൃദയാവർജ്ജകവുമായ ഒരാത്മകഥ കൊച്ചൂഞ്ഞ് എഴുതിയിട്ടുണ്ട്. ഏറ്റം ചെറുതെങ്കിലും ഹൃദയത്തിന്റെ ഉള്ളറകളിലേക്ക് വായനക്കാരെ സുഗമമായി ആനയിക്കുന്നതിന് ആത്മാർത്ഥത തുളുമ്പുന്ന ആ ജീവിതകഥയ്ക്കു ശക്തിയുണ്ട്."[24]

പാരമ്പര്യത്തിന്റെ അടിമത്തത്തിൽ ആണ്ടുപോകാതെ മാർത്തോമ്മാ സഭയെ ഉദ്ധരിക്കുന്നതിനും സഭാമണ്ഡലത്തിൽ വെളിച്ചം കൂടുതൽ നൽകുന്നതിനും ശ്രമിച്ച ചുരുക്കം ചില വ്യക്തികളിൽ ഒരാളാണ് സാധുകൊച്ചൂഞ്ഞ്. അതുകൊണ്ട് പ്രസ്തുത സമുദായം ഈ വിശുദ്ധനോട് എന്നും കടപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ തെക്കേ ഇന്ത്യയിലെല്ലാം പ്രയോജനകരമായ സുവിശേഷവേല ചെയ്യുന്നതിനു വേണ്ട പരിതഃസ്ഥിതികളും സ്വീകാര്യവും ലഭിക്കുന്നതിൽ മാർത്തോമ്മാസഭയുടെ അംഗസ്ഥാനവും പ്രയോജകീഭവിച്ചിട്ടുണ്ട്. സ്വമേധാ സുവിശേഷസംഘത്തിന്റെ ജനറൽ സെക്രട്ടറി, സുവിശേഷസംഘം കമ്മിറ്റിയംഗം, വൈദിക കമ്മിറ്റിയംഗം എന്നീ നിലകളിൽ മാർത്തോമ്മാ സഭാസേവനങ്ങളിൽ കൂടുതലായി പ്രവർത്തിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

കുട്ടികൃഷ്ണമാരാരും കേസരിബാലകൃഷ്ണപിള്ളയും ഈ കൃതിയെ വളരെയധികം പ്രശംസിച്ചിട്ടുണ്ട്. എ.ബാലകൃഷ്ണപിള്ളയുടെ വാക്കുകൾ "സാധുകൊച്ചൂഞ്ഞിന്റെ പേഴ്സണാലിറ്റിയുടെ അപഗ്രഥന സങ്കലനങ്ങളിൽ ശ്രീജോർജ്ജിനു തന്റെ മുൻഗാമികളായ ഭാഷാചരിത്രകാരന്മാരേക്കാളധികം വിജയം സിദ്ധിച്ചിട്ടുണ്ടെന്ന് ഞാൻ വിചാരിക്കുന്നു..... ഭാഷാരീതിയല്ല, പിന്നെയോ? ഈ അപഗ്രഥനസങ്കലനങ്ങ

ളുടെ കാര്യക്ഷമതയാണ് ഒരു ജീവചരിത്രത്തെ മഹത്തായ ഒന്നാക്കിച്ചമയ്ക്കുന്നതും. ഭാഷാസാഹിത്യത്തിൽ ഇന്നുവരെയുണ്ടായിട്ടുള്ള സങ്കീർണ്ണ ജീവചരിത്രങ്ങളിൽ വച്ചു സാധുകൊച്ചുണ്ണ് ഉത്തമമാണെന്ന് പറയേണ്ടതായും വരുന്നു... മനശ്ശാസ്ത്രപരമായ അപഗ്രഥനത്തിന്റെ സൂക്ഷ്മതയ്ക്കും ലാളിത്യത്തിനും പേരെടുത്തിട്ടുള്ള ഫ്രഞ്ചുകാരുടെ ഇടയ്ക്ക് ഈ മനശ്ശാസ്ത്രപരമായ അപഗ്രഥനത്തിന്റെ ശ്രേഷ്ഠത കാണുന്നത് അത്ഭുതകരമല്ലെങ്കിലും മാനസികാപഗ്രഥനത്തിൽ അധികം അഭിവൃദ്ധി പ്രാപിച്ചിട്ടില്ലാത്ത ഭാരതീയരുടെ ഇടയ്ക്കുള്ള ഒരു വിശ്വാസിയായ ജോർജ്ജിന്റെ മനശ്ശാസ്ത്രപരമായ അപഗ്രഥനപാടവം കണ്ടിട്ടു ഞാൻ അത്ഭുതപ്പെടുന്നു. കലാപരമായ കർത്തവ്യത്തെ അലങ്കോലപ്പെടുത്തുവാൻ ശ്രീ ജോർജ്ജ് തന്റെ മതവിശ്വാസത്തെ അനുവദിക്കാതെയിരുന്നതിലാണ് അദ്ദേഹത്തിന്റെ വിജയത്തിന്റെ രഹസ്യം സ്ഥിതിചെയ്യുന്നത്."[25]

കഥാനായകനായ സാധുകൊച്ചൂഞ്ഞിന്റെ സ്വദേശം, കുടുംബം, ജനനം, ബാല്യം, വിവിധശുശ്രൂഷകൾ എന്നിങ്ങനെ എല്ലാ വശങ്ങളെയും ഭംഗിയായി പരാമർശിച്ച് ആദ്യവസാനം ആസ്വാദ്യതരവും പ്രയോജനകരവുമാക്കിത്തീർത്തിരിക്കുന്നു. ഗ്രന്ഥകാരന്റെ ഭാഷാനൈപുണ്യം വർണ്ണനാചാതുര്യം ആശയസമ്പുഷ്ടി എന്നിവ ഈ കൃതിയിൽ തെളിഞ്ഞുകാണുന്നു. മനശ്ശാസ്ത്രപരമായ അപഗ്രഥനത്തിനു പ്രാധാന്യം കൊടുത്തിട്ടുള്ള ഒരു ജീവചരിത്രമായി ഗ്രന്ഥകാരൻ തന്നെ ഇതിനെ പരിഗണിക്കുന്നു.

ജീവചരിത്രമേഖലയിൽ സാധുകൊച്ചൂഞ്ഞ് എന്ന കൃതിക്കുപുറമേ 'സർദാർ പട്ടേൽ,' 'എഡ്വേർഡ് ജന്നർ,' 'ടാഗോർ,' 'തോറോ 'എന്നീ ജീവചരിത്രങ്ങൾ കൂടി അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയൊന്നും സ്വതന്ത്രകൃതികളല്ല. ഈ കൃതികളിൽ സർദാർ പട്ടേൽ ഒഴികെയുള്ള മൂന്നു കൃതികൾ വിവർത്തനങ്ങളാണ്.

## സർദാർ പട്ടേൽ

*ആയിരത്തിത്തൊള്ളായിരത്തിഅമ്പതിൽ രചിച്ച ഒരു ലഘുജീവചരിത്ര*മാണ് സർദാർ പട്ടേൽ. മൗലികപഠനങ്ങൾ നടത്താതെ പലർ എഴുതിയിട്ടുള്ള ചരിത്രകൃതികളും പല ലേഖനങ്ങളും ആധാരമാക്കിക്കൊണ്ട് എഴുതിയ കൃതിയിൽ പട്ടേലിന്റെ നിയമ പഠനം, പൊതുജനസേവനം, കറാച്ചി കോൺഗ്രസ്സ്, ബർദോളിൻ സത്യാഗ്രഹം

ജയിൽ ജീവിതം തുടങ്ങിയവ വിവരിക്കുന്നു.

## എഡ്വേർഡ് ജന്നർ

ബോസ്വെൽ ടെയ്‌ലർ എഴുതിയ എഡ്വേർഡ് ജന്നർ എന്ന ജീവചരിത്ര കൃതിയെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട ഒരു ലഘു ജീവചരിത്രമാണിത്. വിദ്യാർത്ഥികൾക്കായി രചിച്ച ഈ കൃതിയിൽ ആറദ്ധ്യായങ്ങളിലായി ജന്നറുടെ ജീവിത കഥയും പ്രവർത്തന രീതിയും പരീക്ഷണനിരീക്ഷണങ്ങളും സഹിക്കേണ്ടി വന്ന ദുരിതങ്ങളും വസൂരിയെ പരാജയപ്പെടുത്തിയ വസ്തുതയും മറ്റും വിവരിക്കുന്നു.

## തോറോ

വില്യം കോൺട്രിയുടെ വാൾഡൺ എന്ന കൃതിയുടെ വിവർത്തനമാണ് തോറോ. അസാധാരണ ചിന്തകനായ ഡേവിഡ് ഹെന്റി തോറോയുടെ ജീവിത കഥയാണ്. പ്രകൃതിയോടു ചേർന്നു ജീവിക്കുവാൻ ആഹ്വാനം ചെയ്ത ഒരാൾ എന്ന നിലയ്ക്ക് പലരും തോറോവിനെ സ്മരിക്കുന്നുണ്ട്. വാൾഡൻ എന്ന പേരുള്ള തടാകത്തിൽ ഒരു കാബിനിൽ രണ്ടിലേറെ വർഷം പ്രകൃതിയുമായി ലയിച്ചു കഴിഞ്ഞു കൂടി. ആ കൃതിയിലൂടെയാണ് തോറോ തന്റെ സാമൂഹിക തത്ത്വചിന്തയും മറ്റും ലോകത്തിനു സമ്മാനിച്ചത്.

## ടാഗൂർ

കൃഷ്ണകൃപലാനി ഇംഗ്ലീഷിൽ എഴുതിയ ടാഗോറിന്റെ ജീവചരിത്ര സംക്ഷേപത്തിന്റെ പരിഭാഷയാണ് ടാഗൂർ. ഈ നാലു കൃതികളും മൗലിക കൃതികളല്ല എന്നു ഗ്രന്ഥകാരൻ തന്നെ വ്യക്തമാക്കുന്നുണ്ട്.

## എന്നെ ആകർഷിച്ച പ്രതിഭാശാലികൾ

ഡോ. കെ. എം. ജോർജ്ജിനെ നേരിട്ടു സമ്പർക്കം പുലർത്താനിടവന്നിട്ടുള്ള പന്ത്രണ്ടു പ്രതിഭകളെക്കുറിച്ചുള്ള അനുസ്മരണമാണ് എന്നെ ആകർഷിച്ച പ്രതിഭാശാലികൾ എന്ന കൃതി. തന്റെ ജീവിതത്തെ സ്പർശിച്ച, ആ മഹാപ്രതിഭകളെക്കുറിച്ചുള്ള ഈ കൃതി ലഘു ജീവചരിത്രമോ, തൂലികാ ചിത്രമോ അല്ല എങ്കിലും ഇവയുടെയെല്ലാം സ്പർശം ആ കൃതി ഉൾക്കൊള്ളുന്നുണ്ട്. അതിനാൽ ജീവചരിത്ര ശാഖയിൽ

ഈ കൃതിയെയും പഠന വിധേയമാക്കുന്നു.

ആയിരത്തിതൊള്ളായിരത്തിയെൺപത്തിയഞ്ചിൽ ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ച 'എന്നെ ആകർഷിച്ച പ്രതിഭാശാലികൾ'[26] എന്ന കൃതിയിൽ തനിക്ക് നേരിട്ട് സമ്പർക്കം പുലർത്താൻ കഴിഞ്ഞിട്ടുള്ളവരിൽ, തന്നെ ഏറെ സ്വാധീനിച്ച പ്രമുഖരായ പന്ത്രണ്ട് വ്യക്തികളെ തിരഞ്ഞെടുത്ത് തന്റെ കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുവാനുള്ള ഒരുദ്യമമാണ് ഡോ. ജോർജ്ജ് നടത്തിയിട്ടുള്ളത്. ഉപകർത്താക്കളായ ജവഹർലാൽ നെഹ്റു, സർവേപ്പള്ളി രാധാകൃഷ്ണൻ എന്നിവരും ഗുരുനാഥന്മാരായ മഹാകവി കെ. വി. സൈമൺ, കുറ്റിപ്പുഴ കൃഷ്ണപിള്ള ഗുരുസ്ഥാനീയരായിട്ടുള്ള സി. രാജഗോപാലാചാരി, സർദാർ കെ. എം. പണിക്കർ തുടങ്ങിയ വ്യക്തികളും ഈ പന്ത്രണ്ട് പേരിൽ ഉൾപ്പെടുന്നു. വ്യവച്ഛേദിച്ചു വിലയിരുത്തുവാൻ നിവൃത്തിയില്ലാത്തവിധം അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ പ്രചോദിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്തവരാണ് ഈ പന്ത്രണ്ട് പേർ.

ഈ കൃതിയിലെ ലേഖനങ്ങൾ വ്യക്തി ജീവിതത്തിലെ പല അംശങ്ങളും കലർന്ന ഒരാഖ്യാനമായിട്ടാണ് എഴുതിയിട്ടുള്ളത്. ഈ പ്രതിഭാശാലികളുമായി അടുത്തിടപെടാൻ സാധിച്ചത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരസുലഭ അവസരമായിട്ടാണ് കരുതുന്നത്. ഈ കൃതിയിൽ പ്രതിപാദിച്ചിട്ടുള്ള ആദ്യത്തെ പ്രതിഭാശാലി ജവഹർലാൽ നെഹ്റുവാണ്. അദ്ദേഹം തന്റെ വ്യക്തി ജീവിതത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകളും വിവരിക്കുന്നതിനോടൊപ്പം അദ്ദേഹവുമായുള്ള കൂടികാഴ്ചയെകുറിച്ചുള്ള സാമാന്യം വിശദമായ വിവരണവും നൽകുന്നുണ്ട്. മറ്റു പ്രതിഭകളുടെ ദൃഷ്ടിയിൽ നെഹ്റു എങ്ങനെ വിലയിരുത്തപ്പെടുന്നുവെന്ന് അനുവാചകരെ മനസിലാക്കിപ്പിക്കുന്നതിനായി ശ്രീരാജഗോപാലാചാരിയുടെയും , ഡോ. എസ്. രാധാകൃഷ്ണന്റെയും വാക്കുകളെ ഉദ്ധരിച്ചു കൊണ്ട് സമർത്ഥിക്കുവാനും ഡോ. കെ. എം. ജോർജ് ശ്രമിച്ചിട്ടുണ്ട്. സാഹിത്യ അക്കാദമിയിലേക്കുള്ള തന്റെ പ്രവേശനത്തിനു വഴിതെളിച്ച നെഹ്റു ഒരു സങ്കീർണ പ്രതിഭയായിരുന്നുയെന്ന് ഒരു ശാസ്ത്രകാരന്റെ അച്ചടക്കവും കലാകാരന്റെ ഉച്ഛൃംഖലത്വവും അദ്ദേഹത്തിൽ ദർശിക്കുവാൻ

കഴിഞ്ഞിട്ടുണ്ടെന്നും ജോർജ് പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ളൊരു വ്യക്തിത്വത്തെ നിരവധി തവണ അടുത്ത് നിരീക്ഷിക്കുവാനും അനേകം കാര്യങ്ങൾ അദ്ദേഹത്തിൽ നിന്ന് സ്വായത്തമാക്കുവാനുള്ള അമൂല്യാവസരം ലഭിച്ചത് തന്റെ ജീവിതത്തിലെ വിലമതിക്കാനാവാത്ത നേട്ടമായി ഡോ. കെ. എം. ജോർജ് കരുതുന്നു.

പന്ത്രണ്ട് പ്രതിഭകളിൽ ഡോ. എസ്. രാധാകൃഷ്ണനെ കുറിച്ചാണ് അദ്ദേഹം അടുത്തതായി വിവരിക്കുന്നത്. ഡോ. എസ്. രാധാകൃഷ്ണനെകുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ വാത്സല്യമസൃണമായ പെരുമാറ്റവും കരുണാകടക്ഷവുമാണ് തന്റെ മനസിലേക്ക് ആദ്യം ഓടിയെത്തുന്നതെന്ന് ഗ്രന്ഥകാരൻ പറയുന്നുണ്ട്. ഭാരതീയ തത്വവിജ്ഞാനിയത്തിന്റെ വിവിധ മേഖലകളെ കുറിച്ച് ലളിതസുന്ദരമായ വ്യാഖ്യാനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ നടത്തുവാനുള്ള അദ്ദേഹത്തിന്റെ അസാമാന്യപാടവവും തുലനാത്മക അപഗ്രഥനങ്ങളിൽ അദ്ദേഹം നടത്തിയിട്ടുള്ള സംഭാവനകളെക്കുറിച്ചും ഇവിടെ പ്രതിപാദിക്കുന്നുണ്ട്. തന്റെ വ്യക്തി പ്രഭാവത്താലും പ്രതിഭമുറ്റി നിൽക്കുന്ന പ്രഭാഷണങ്ങളിലൂടെയും രചനകളിലൂടെയും സർവ്വ,സമുദായമൈത്രിയുടെയും അദ്ധ്യാത്മിക ചൈതന്യത്തിന്റെയും തരംഗങ്ങൾ ഭാരതമാകെ പ്രസരിപ്പിച്ചുകൊണ്ടിരുന്ന വ്യക്തിയാണ് ജോർജിന്റെ അഭിപ്രായത്തിൽ ഡോ. എസ്. രാധാകൃഷ്ണൻ രാഷ്ട്രപിതാവായ മഹാത്മഗാന്ധിയുടെ 'മന:സാക്ഷി സൂക്ഷിപ്പുകാരൻ' എന്ന നിലയിൽ അംഗീകാരം നേടിയ ചക്രവർത്തി രാജഗോപാലാചാരിയെകുറിച്ചാണ് അടുത്തതായി ജോർജ് വിശദീകരിക്കുന്നത്. ഇദ്ദേഹത്തെകുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ പ്രഭാഷണ ചാതുര്യത്തെകുറിച്ച് ലേഖകൻ വാചാലനാകുന്നു. വാചാലതയോ കൃതിമ ആഡംബരമോ ഇല്ലാതെ വേണ്ട പദങ്ങൾ ഉചിതമായി പ്രയോഗിക്കുവാനുള്ള രാജാജിയുടെ കഴിവിനെ ഡോ. ജോർജ്ജ് പ്രശംസിക്കുന്നുണ്ട്. തുടർന്ന്, അദ്ദേഹത്തിന്റെ വ്യക്തി ജീവിതത്തെ സ്വാധീനിക്കുകയും ആകർഷിക്കുകയും ചെയ്ത ചില വ്യക്തികളെ കുറിച്ചും ഇവിടെ വിവരിക്കുന്നുണ്ട്.

രാജാജിയുടെ അർപ്പണമനോഭാവത്തെകുറിച്ചും ദീർഘവീക്ഷണത്തെകുറിച്ചും വിവരിക്കുന്നതിനു പുറമെ അദ്ദേഹം അലങ്കരിച്ചിട്ടുള്ള വിവിധ പദവികളെ

കുറിച്ചും ജോർജ്ജ് പറയുന്നുണ്ട്. മാതൃസാഹോദര്യമാണ് അദ്ദേഹത്തിന്റെ ജീവിത നിഷ്ഠ അദ്ദേഹത്തിന്റെ അനിതര സാധാരണമായ നർമ്മബോധത്തെയും സങ്കീർണ മായ വ്യക്തിപ്രഭാവത്തെയും കുറിച്ച് വിവരിക്കുവാൻ ഗ്രന്ഥകാരൻ മറന്നിട്ടില്ല.

ബഹുഭാഷാപണ്ഡിതനും വിജ്ഞാനവല്ലഭനുമായ സുനീതികുമാർ ചാറ്റർജി എന്ന ബംഗാളി എഴുത്തുകാരനെപ്പറ്റിയാണ് അടുത്തതായി ഡോ. ജോർജ്ജ് വിവരിക്കുന്നത്. അദ്ദേഹത്തെ ഗുരുനാഥനായിട്ടാണ് ജോർജ്ജ് കരുതുന്നത്. പ്രൊഫ സർ. ചാറ്റർജിയുടെ സവിശേഷവ്യക്തിത്വവും, വിജ്ഞാനകൗതുകവും അഗാധ പാണ്ഡി ത്യവും നേരിട്ടറിയുവാൻ കഴിഞ്ഞ ഭാഗ്യവാന്മാരിൽ ഒരാളാണ് ജോർജ്. ചാറ്റർജിയെ കുറിച്ചുള്ള ഈ ലേഖനത്തിൽ അദ്ദേഹത്തിന്റെ ജനനം വിദ്യാഭ്യാസം ഔദ്യോഗിക ജീവിതം എന്നിവയും ബഹുഭാഷാപണ്ഡിതൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ വൈദഗ്ധ്യവുംകേന്ദ്രസാഹിത്യ അക്കാദമിയിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളും ഇന്ത്യൻ സാഹിത്യത്തിന് അദ്ദേഹം നൽകിയ സംഭാവനകളും, സിംലയിൽ നടത്തിയ പ്രസംഗമെല്ലാം സുവ്യക്തമായി വിവരിക്കുന്നുണ്ട്. ചാറ്റർജിയുടെ നിര്യാണംമൂലം നമ്മുടെ സാംസ്കാരികരംഗത്തുണ്ടായിട്ടുള്ള വിടവിന്റെ തീവ്രതയെപ്പറ്റി പറഞ്ഞുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുന്നു.

മഹാകവി വള്ളത്തോളിനെകുറിച്ച് ഉള്ളതാണ് അഞ്ചാമത്തെ ലേഖനം. വള്ളത്തോൾ കൃതികൾ തന്നിൽ ചെലുത്തിയ സ്വാധീനത്തെകുറിച്ചാണ് ഇതിൽ അദ്ദേഹം പ്രധാനമായും വിവരിക്കുന്നത്. ഈ സ്വാധീനം ലേഖകനെ പ്രസ്തുത വ്യക്തി യെകുറിച്ച് നിരവധി ലേഖനങ്ങൾ എഴുതുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്. വള്ളത്തോളിന്റെ തള രാത്ത മനോവീര്യത്തെകുറിച്ചും അദ്ദേഹത്തിന്റെ വളർച്ചയുടെ വിവിധഘട്ടങ്ങളെപ്പറ്റി യുള്ള ബൃഹത്തായ ഒരവലോകനം തന്നെ ഈ ലേഖനത്തിൽ ഉണ്ട്. അദ്ദേഹത്തിന്റെ കഠിനാധ്വാനത്തെകുറിച്ച് പ്രകീർത്തിക്കാനും ജോർജ്ജ് മറക്കുന്നില്ല. അദ്ദേഹവുമായിട്ട് അടുത്തിടപെടാനുള്ള അവസരത്തെപ്പറ്റി വളരെ തന്മയത്വത്തോടുകൂടിയും അത്യുത്സാ ഹത്തോടുകൂടിയും ഇവിടെ വിവരിക്കുന്നുണ്ട്.

മഹാകവി കെ. വി. സൈമൺ ആണ് ഈ പുസ്തകത്തിൽ ഇടം നേടിയ

മറ്റൊരു പ്രതിഭ. ലേഖകന്റെ ഗുരുകുടിയായ ഈ വ്യക്തിയുടെ 'വേദവിഹാരം' എന്ന മഹാകാവ്യത്തിന്റെ സൃഷ്ടിയെപ്പറ്റിയും അതിന്റെ പ്രതിപാദ്യത്തെപ്പറ്റിയും ഈ ലേഖനത്തിൽ വിവരിക്കുന്നുണ്ട്. ഭക്തി ഗാനങ്ങൾ രചിക്കുന്നതിലുള്ള സൈമണിന്റെ കഴിവും അദ്ദേഹത്തിന്റെ പ്രഭാഷണ മികവ് എടുത്തുപറയുന്നതിനോടൊപ്പം തന്നെ അദ്ദേഹത്തിന് ഒരു സാഹിത്യകാരൻ എന്ന നിലയിൽ വേണ്ടത്ര ശ്രദ്ധ കിട്ടിയിട്ടില്ലായെന്നുള്ള ദു:ഖകരമായ വസ്തുതയും ജോർജ് മറച്ചു വയ്ക്കുന്നില്ല.

മദ്രാസ് ക്രിസ്ത്യൻ കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്ന പ്രൊഫ. എ. ജെ. ബോയിഡ് ആണ് ഡോ. ജോർജിനെ വളരെയധികം സ്വാധീനിച്ച പന്ത്രണ്ട് വ്യക്തികളിൽ ഒരാൾ. പ്രൊഫ. ബോയ്ഡിനെപ്പറ്റി വിവരിക്കുന്നതിനോടൊപ്പം തന്നെ മദ്രാസ് ക്രിസ്ത്യൻ കോളേജിനെപ്പറ്റി വിവരണാത്മകമായിട്ടുള്ള ഒരു ചിത്രീകരണവും ഡോ. ജോർജ് നൽകുന്നുണ്ട്. ഒരു ഭരണകർത്താവ് എന്ന നിലയിലുള്ള ബോയിഡിന്റെ നേതൃത്വപാടവത്തിനെക്കുറിച്ചും അദ്ദേഹത്തിന്റെ ഭരണകാലത്തിൽ ക്രിസ്ത്യൻ കോളേജിനുണ്ടായ മാറ്റങ്ങളും ഈ ലേഖനത്തിൽ ഗഹനമായി പ്രതിപാദിക്കുന്നുണ്ട്.

മലയാളത്തിലെ ബഹുമുഖപ്രതിഭയായ സർദാർ കെ. എം. പണിക്കരെപ്പറ്റിയാണ് ഈ പുസ്തകത്തിലെ അടുത്ത ലേഖനം. ജോർജും സർദാർ പണിക്കരും തമ്മിൽ പരിചയത്തിലാകാനുണ്ടായ നാടകീയമായ സംഭവത്തെപ്പറ്റി ഇതിൽ അദ്ദേഹം വിവരിക്കുന്നുണ്ട്. തനിക്ക് അപ്രാപ്യനാണ് എന്നു കരുതിയ ഒരു വ്യക്തിയെ തന്റെ ഏറ്റവും അടുത്ത ഒരു സുഹൃത്തായി ലഭിച്ചതിനെപറ്റി ഗ്രന്ഥകാരൻ വളരെ ആവേശത്തോടുകൂടി വിവരിക്കുന്നുണ്ട്. തന്റെ ഗവേഷണ പ്രബന്ധമാണ് സർദാർ കെ. എം. പണിക്കരുമായുള്ള ബന്ധത്തിന് വഴി തെളിച്ചതെന്ന് ജോർജ്ജ് അഭിമാനത്തോടുകൂടി പറയുന്നുണ്ട്. സർദാർ കെ. എം. പണിക്കരുടെ സാഹിത്യസംഭാവനകളെയും അദ്ദേഹത്തിന്റെ ബഹുമുഖ വ്യക്തിത്വത്തെയും ഈ ഹ്രസ്വലേഖനത്തിൽ ഉൾകൊള്ളിക്കാൻ ലേഖകൻ ശ്രമിച്ചിട്ടുണ്ട്. അദ്ദേഹവുമായുള്ള സൗഹൃദത്തിന്റെ തെളിവു വെളിവാക്കുന്നതിനായി കെ. എം. പണിക്കർ തനിക്ക് എഴുതിയ ഒരു കത്ത് പ്രകാശിപ്പിച്ചുകൊണ്ടാണ് ഈ ലേഖനം

പര്യവസാനിപ്പിച്ചിരിക്കുന്നത്. യാത്രാവിവരണങ്ങളിലൂടെ പ്രശസ്തനാകുകയും ഇന്ത്യയിലെ ഐ. സി. എസ് ഉദ്യോഗസ്ഥന്മാരിൽ അഗ്രഗണ്യനുമായ കെ. പി. എസ് മേനോനാണ് അടുത്ത പ്രതിഭാശാലി. മറ്റുള്ള ലേഖനങ്ങളിലെന്ന പോലെ ലേഖനത്തിലും താൻ വിവരിക്കുന്ന വ്യക്തിയെ കണ്ടുമുട്ടുവാനിടയായ സാഹചര്യത്തെപ്പറ്റി വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വിദ്യാർത്ഥി ജീവിതത്തെപ്പറ്റിയും ഔദ്യോഗിക ജീവിതത്തെപ്പറ്റിയുമുള്ള വെവ്വേറെ വിവരണങ്ങൾ ഈ ലേഖനത്തിൽ ഉണ്ട്. ഒരു ഗ്രന്ഥകാരൻ എന്ന നിലയിൽ ഇന്ത്യൻ സാഹിത്യലോകത്തിന് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ ഓരോന്നും ഇതിൽ വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സവിശേഷ വ്യക്തിത്വവും അദ്ദേഹത്തിന് ലഭിച്ചിട്ടുള്ള വിവിധ ബഹുമതികളും അംഗീകാരങ്ങളുമെല്ലാം ഇതിലെ പ്രതിപാദ്യമാണ്

സാഹിത്യകാരനും, ചിന്തകനും, പത്രപ്രവർത്തകനും സർവ്വോപരി സ്വാതന്ത്ര്യസമരസേനാനിയുമായ കെ. പി. കേശവമേനോനുവേണ്ടി സമർപ്പിച്ചിരിക്കുന്നതാണ് അടുത്ത ലേഖനം. അദ്ദേഹത്തിന്റെ ജനനം മുതൽ ജീവിതത്തിലെ ശ്രദ്ധേയമായ ഓരോ സന്ദർഭത്തെയും കോർത്തിണക്കികൊണ്ടുള്ള ഒരു ജീവിതചരിത്രസംഗ്രഹം തന്നെ ഇതിൽ നൽകിയിട്ടുണ്ട്. സാഹിത്യരചനകളെപ്പറ്റി അധികം ചെറുതല്ലാത്തതായ ഒരു വിവരണവും നൽകുന്നതിൽ ലേഖകൻ വിജയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ 'യേശുദേവൻ' എന്ന കൃതി ലേഖകന്റെ പ്രത്യേക പരാമർശങ്ങൾക്ക് വിധേയമായിട്ടുണ്ട്.

തന്റെ ഗുരുനാഥനും സാഹിത്യപ്രതിഭയും പണ്ഡിതനുമായ കുറ്റിപ്പുഴ കൃഷ്ണപിള്ള ആണ് ഈ പുസ്തകത്തിനിടം നേടിയ അടുത്ത പ്രതിഭാശാലി. അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തെ കുറിച്ചുള്ള ചില കാര്യങ്ങൾ സ്മരിക്കുന്നതിനോടൊപ്പം അദ്ദേഹത്തിന്റെ വ്യക്തിവികാസ രഹസ്യത്തെപറ്റിയുള്ള ഒരു നിരീക്ഷണവും ഈ ലേഖനത്തിലൂടെ ജോർജ് നടത്തുന്നുണ്ട്.

'എന്നെ ആകർഷിച്ച പ്രതിഭാശാലികൾ' എന്ന കെ.എം. ജോർജ്ജിന്റെ കൃതിയിലിടം നേടിയ പന്ത്രണ്ട് തിരഞ്ഞെടുക്കപ്പെട്ട പ്രതിഭാശാലികളിൽ അവസാനത്തെ വ്യക്തി, സാഹിത്യം, രാഷ്ട്രീയം, അധ്യാപനം, പത്രപ്രവർത്തനം മുതലായ മേഖലകളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച, ജോസഫ് മുണ്ടശ്ശേരിയാണ്. അദ്ദേഹത്തിന്റെ ജീവിത

പശ്ചാത്തലവും കാഴ്ചപ്പാടുകളും വ്യക്തി രാഷ്ട്രീയ ജീവിതവുമെല്ലാം ഈ ലേഖനത്തിൽ വിവരണ വിധേയമാക്കിയിട്ടുണ്ട്. നോവലിസ്റ്റ്, ചെറുകഥാകാരൻ, നിരൂപകൻ എന്നീ നിലകളിൽ അദ്ദേഹം മലയാള സാഹിത്യത്തിനു നൽകിയിട്ടുള്ള സംഭാവനകളും 'കൊഴിഞ്ഞ ഇലകൾ' എന്ന അദ്ദേഹത്തിന്റെ ആത്മകഥയെപ്പറ്റിയുള്ള അവലോകനവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുണ്ടശ്ശേരി ശൈലിയുടെ സവിശേഷതകളെപ്പറ്റിയും ലേഖകൻ ഈ ലേഖനത്തിലൂടെ വിവരിക്കുന്നുണ്ട്.

# കുറിപ്പുകൾ

1. സുകുമാർ അഴീക്കോട്, *ഖണ്ഡനവും മണ്ഡനവും*, ഡി. സി. ബുക്സ്, കോട്ടയം 1986 - പുറം. 294.
2. ജോർജ്ജ്, ഡോ. കെ. എം, *സോവിയറ്റ് നാട്ടിൽ മൂന്നാഴ്ച*, എൻ. ബി. എസ്സ്, കോട്ടയം, 1964 - പുറം 29
3. അതേ പുസ്തകം - പുറം. 58
4. അതേ പുസ്തകം - പുറം. 74
5. ജോർജ്ജ്, ഡോ. കെ. എം, ***അമേരിക്കയിൽ പോയ കഥ***, എൻ. ബി. എസ്, ൦൦ കോട്ടയം 1967 പുറം -35
6. ആനന്ദക്കുട്ടൻ, 'ഇതാ ഒരു ലോക സഞ്ചാരി', *സാഹിത്യ സമന്വയം* (സപ്തതി സ്മരണിക), എൻ. ബി. എസ്സ്, കോട്ടയം, 1984, പുറം. 67
7. ജോർജ്ജ്, ഡോ. കെ. എം, *ജീവചരിത്രസാഹിത്യം*, എൻ. ബി. എസ്സ്, കോട്ടയം, 1964 പുറം - 8
8. അതേ പുസ്തകം - പുറം. 10
9. അതേ പുസ്തകം - പുറം. 11
10. അതേ പുസ്തകം - പുറം. 38
11. അതേ പുസ്തകം - പുറം. 45
12. അതേ പുസ്തകം - പുറം. 54
13. നമ്പൂതിരി, എ. പി. പി, 'ജീവചരിത്രസാഹിത്യപഠനം' *ഗ്രന്ഥാലോകം*, 1965, മേയ് പുറം. 45
14. ജോർജ്ജ്, ഡോ. കെ. എം., *ജീവചരിത്രസാഹിത്യം* - പുറം. 65

15. അതേ പുസ്തകം - പുറം. 268

16. അതേ പുസ്തകം - പുറം. 272

17. അതേ പുസ്തകം - പുറം. 271

18. അതേ പുസ്തം - പുറം. 274

19. അതേ പുസ്തം - പുറം. 275

20. അശോകൻ, കെ, 'ജീവചരിത്രസാഹിത്യപഠനം', *സാഹിത്യ സമന്വയം,* എൻ. ബി. എസ്, കോട്ടയം, 1984, പുറം. 123

21 പുരുഷോത്തമൻ, ഇ. കെ, *'ജീവചരിത്രസാഹിത്യ രംഗത്ത് ഡോ. ജോർജ്ജിന്റെ സംഭാവന', ഗവേഷണ പ്രതിഭ*, ഡി. സി. ബുക്സ്, കോട്ടയ,ം 1994, പുറം. 65

22. അതേ പുസ്തകം - പുറം. 66

23. ജോർജ്ജ്, ഡോ. കെ. എം, *സാധു കൊച്ചൂഞ്ഞ്*, 1947

24. അതേ പുസ്തകം - പുറം. 181

25. ജോർജ്ജ്, ഡോ. കെ. എം, *ജീവചരിത്രസാഹിത്യം*, പുറം. 327

26. ജോർജ്ജ്, ഡോ. കെ. എം, *എന്നെ ആകർഷിച്ച പ്രതിഭാശാലികൾ,* ഡി. സി. ബുക്സ്, കോട്ടയം, 1985, പുറം. 6

അദ്ധ്യായം ആറ്

# സർഗ്ഗാത്മക സാഹിത്യകാരൻ വിവർത്തകൻ

## അദ്ധ്യായം ആറ്

# സർഗാത്മക സാഹിത്യകാരൻ വിവർത്തകൻ

ഗവേഷണം, താരതമ്യസാഹിത്യം, നിരൂപണം, ഉപന്യാസം എന്നീ വിഭിന്ന ശാഖകളെ സമ്പുഷ്ടമാക്കിയ ഡോ. കെ. എം. ജോർജ്ജ് ഗ്രന്ഥസംവിധാനത്തിലും തന്റെ കഴിവ് പ്രകടമാക്കിയിട്ടുണ്ട്. സഞ്ചാരസാഹിത്യകാരൻ, ജീവചരിത്രകാരൻ, എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ സംഭാവനകളെ കഴിഞ്ഞ അദ്ധ്യായത്തിൽ വിലയിരുത്തിക്കഴിഞ്ഞു. എണ്ണത്തിൽ വിപുലമല്ലെങ്കിലും ഏകാങ്ക നാടകരചനയിലും റേഡിയോ നാടകരചനയിലും അദ്ദേഹം തന്റെ കഴിവ് പ്രകടമാക്കിയിട്ടുണ്ടെന്ന വസ്തുത അധികം പേർക്കുമറിയില്ല. ഒരു നല്ല വിവർത്തകൻ കൂടിയായ ജോർജ്ജ് ഔദ്യോഗിക ലക്ഷ്യം മുൻനിർത്തിയും അല്ലാതെയും ഒട്ടേറെ ഇംഗ്ലീഷ് കൃതികളും രചിച്ചിട്ടുണ്ട്. ഡോ. കെ. എം. ജോർജ്ജിന്റെ സർഗ്ഗാത്മകമേഖലയിലെ സംഭാവനകളും ഇംഗ്ലീഷ് കൃതികളും വിവർത്തനങ്ങളും ഈ അദ്ധ്യായത്തിൽ വിലയിരുത്തുന്നു.

ബഹുമണ്ഡലവർത്തിയായ ഡോ. കെ. എം. ജോർജ്ജ് നാടക സാഹിത്യത്തിൽ അധികമാരും കടന്നു ചെന്നിട്ടില്ലാത്ത ഏകാങ്കനാടകരംഗത്തും റേഡിയോ നാടകരംഗത്തുമാണ് സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചത് ഡോ. കെ. എം. ജോർജ്ജിന്റെ 'ഏകാങ്ക മണ്ഡലം' എന്ന സമാഹാരം ആയിരത്തിത്തൊള്ളായിരത്തി നാല്പത്തി ഏഴിൽ ആണ് പ്രസിദ്ധീകരിക്കുന്നത്. ഉപന്യാസ സമാഹാരങ്ങളിൽ നിരീക്ഷണനിലയത്തിലെ രണ്ടുപന്യാസങ്ങൾ ഈ മേഖലയിൽ അദ്ദേഹത്തിന്റെ വീക്ഷണങ്ങൾക്കു നിദർശനമാണ്. ഏകാങ്ക നാടകത്തെക്കുറിച്ചും മലയാള നാടകവേദിയെക്കുറിച്ചും ജോർജ്ജിനുള്ള കാഴ്ചപ്പാട് അതിൽ സ്പഷ്ടമാക്കുന്നു. ഏകാങ്കമണ്ഡലത്തിൽ ചേർത്തിരിക്കുന്ന ലഘു പ്രഹസനങ്ങളിൽ പലതും മംഗളോദയം, മാതൃഭൂമി മുതലായ മാസികകളിലും വാരികകളിലുമായി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

നാടകരചനയിലേക്ക് തന്റെ ശ്രദ്ധ കടന്നു വന്നതിനു കാരണങ്ങൾ ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. " താംബരം ക്രിസ്ത്യൻ കോളേജിലെ അദ്ധ്യാപക

ജീവിതത്തിനിടയിൽ പലപ്പോഴും മദ്രാസ് റേഡിയോ നിലയവുമായി ബന്ധപ്പെടേണ്ട അവസരങ്ങൾ ഉണ്ടായി. നഗരത്തിലെ കോളേജുകളിലെ മലയാളം പ്രൊഫസർമാർക്കു മലയാളഭാഷയിൽ പ്രഭാഷണങ്ങളും നാടകങ്ങളും പ്രക്ഷേപണം ചെയ്യുന്നതിനു സൗകര്യം ലഭിച്ചിരുന്നു. നാടകങ്ങൾ രചിക്കാൻ താല്പര്യമുള്ള അദ്ധ്യാപകർ കുറവായതിനാൽ എനിക്കു ധാരാളം സന്ദർഭങ്ങൾ ലഭിച്ചു വന്നു"[1].

ഫലിത സമ്പൂർണ്ണങ്ങളായ സംഭാഷണങ്ങളും ഊർജ്ജസ്വലമായ കഥാപാത്രങ്ങളും നിറഞ്ഞ സി.വി. പ്രഹസനങ്ങളും മറ്റു സുഘടിതനാടകങ്ങളും നിറഞ്ഞ അന്തരീക്ഷത്തിലാണ് ഏകാങ്ക നാടകങ്ങളുടെ വരവ്. ഏകാങ്ക നാടകസങ്കല്പത്തെപ്പറ്റി തികഞ്ഞ അവബോധം ഉണ്ടായിരുന്ന ഡോ.ജോർജ്ജിന്റെ ഏകാങ്കനാടകങ്ങൾ പ്രഹസനരീതിയിലും ഗൗരവപ്രധാനമായ സങ്കേതത്തിലും ഉൾപ്പെടുന്നുവെന്ന് വയലാ വാസുദേവൻപിള്ള അഭിപ്രായപ്പെടുന്നു.

"സമ്പൂർണ്ണ സുഘടിത നാടകങ്ങളുടെ ഘടനയിൽ നിന്നും വ്യത്യസ്തമായ ഘടനയിൽ രൂപം പൂണ്ടവയാണ് ഏകാങ്ക നാടകങ്ങൾ. ഒന്നിലധികം ഭാവപൂർണ്ണമായ നാടകീയമുഹൂർത്തങ്ങളുടെ വികാസം പൊതുവേ ഏകാങ്കനാടകത്തിൽ സാധിക്കാറില്ല. തിരഞ്ഞെടുത്ത പ്രമേയത്തിന്റെ നാനാവശങ്ങളിലേയ്ക്കും വെളിച്ചം വീശി, വസ്തുതയുടെ ആന്തരിക യാഥാർത്ഥ്യം വെളിപ്പെടുത്തുകയാണ് നാടകകൃത്തിന്റെ ധർമ്മം. ഏറ്റവും ശക്തമായ ഒരു ജീവിത നിമിഷത്തെ ആധാരമാക്കി കഥാപാത്രങ്ങളുടെ സമ്പൂർണ്ണ സത്ത പ്രകടിപ്പിക്കുകയാണ് വേണ്ടത്"[2]. മറ്റു നാടകങ്ങളെപ്പോലെ ഒട്ടനവധി കഥാപാത്രങ്ങളോ ഉപകഥകളോ വിശദീകരണങ്ങളോ സാധ്യമല്ലാത്ത നാടകഘടനയാണ് ഏകാങ്കനാടകത്തിന്റേത്.

'ഏകാങ്ക മണ്ഡലം 'എന്ന സമാഹാരത്തിലെ നാടകങ്ങൾ കലാസൗന്ദര്യത്തെക്കാളധികം അഭിനയ സൗകുമാര്യത്തെ ലക്ഷ്യമാക്കി രചിച്ചിട്ടുള്ളതാണ്. ഇതിലെ നാടകങ്ങളിലേറിയ പങ്കും നർമ്മരസപ്രധാനങ്ങളാണ്. ' ചൂഷണസാഹിത്യം' എന്ന നാടകം മാത്രം പ്രത്യേക വീക്ഷണത്തോടുകൂടി എഴുതിയതാണെന്നു മനസ്സിലാക്കാം.

' പത്നീസമാജം പണിമുടക്ക് ' ആണ് ഏറ്റവും നർമ്മരസം ഉൾക്കൊ

ള്ളുന്നത്. ഇ.വി.കൃഷ്ണപിള്ളയുടെ മരണത്തിനുശേഷം അദ്ദേഹത്തെപ്പറ്റി സ്മരണകളെഴുതിയ ചില സാഹിത്യകാരന്മാർക്കു നേരെ തൊടുത്തിയ ശരമാണ് ' ചൂഷണസാഹിത്യം' .അത്യുക്തികളും അതിശയോക്തികളും കലർന്ന പ്രശംസാവചനങ്ങളിലെ ആത്മാർത്ഥതയില്ലായ്മയാണ് നാടകകൃത്തു പരിഹസിക്കുന്നത്. ഇ.വി.യും ഓമല്ലൂർ കാളച്ചന്തയും, ഇ.വി.യും എടത്വാവെടിക്കെട്ടും, ഇ.വി.യും മത്തങ്ങാക്കറിയും തുടങ്ങിയ തലക്കെട്ടുകൾ തന്നെ കുറിക്കു കൊള്ളുന്ന പരിഹാസങ്ങളാണ്. ഈ ചൂഷണസാഹിത്യക്കാരെ പരലോകത്തു ഹാജരാകാത്തവണ്ണം ഇവർ സഞ്ചരിക്കുന്ന ബോട്ടുമുങ്ങി ഇവരെല്ലാം ചാകുന്നതായി ചിത്രീകരിക്കുന്നുണ്ട്. ഇ.വിയുടെ എതിർകക്ഷിക്കാർക്കുവേണ്ടി കേസ് വാദിക്കാൻ കവിതക്കേസിലെ കാണകണ്ടരായരെത്തന്നെ കൊണ്ടുവന്നത് വിനോദസന്ദർഭം സൃഷ്ടിക്കാൻ തന്നെയാണ്. സാഹിത്യലോകത്തു ദൃശ്യമായ എല്ലാ കുറവുകളും വിശദമാക്കാൻ ഒന്നാംരംഗം ഉപയോഗിച്ചിരിക്കുന്നത് ഈ നാടകത്തിലെ ഒരു ന്യൂനതയായി കണക്കാക്കാം. പത്നീസമാജം പണിമുടക്ക് എന്ന നാടകം നർമ്മരസം തുളുമ്പുന്നതാണ്. ഒരു പ്രദേശത്തെ മുഴുവൻ ഭാര്യമാരും പങ്കെടുക്കുന്ന ഒരു പണിമുടക്കാണ് സംഘടിപ്പിച്ചിരിക്കുന്നത്. പൊതുസദസ്സുകളിൽ പണിമുടക്കിനെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്ന ലേഡി നേതാക്കന്മാർ സ്വകാര്യ ജീവിതത്തിൽ ഭർത്താക്കന്മാർക്കുവേണ്ടി കിണഞ്ഞു ജോലി ചെയ്യുന്നു. അങ്ങനെ പണിമുടക്കു പരാജയപ്പെടുന്നു. ഇതിലെ കഥയുടെ ചുരുക്കം ഇതാണ്. ഭർത്താക്കന്മാരുടെ പിശുക്കും മേല്ക്കോയ്മയും ഇല്ലാതാക്കാനാണ് സമരത്തിനൊരുങ്ങിയതെങ്കിലും ഭർത്താക്കന്മാരുടെ ആഭരണപ്രലോഭനങ്ങളിൽ അവർ വീഴുകയും പണിമുടക്കു പൊളിയുകയും ചെയ്യുന്നു. ആഭരണങ്ങളും അനുനയ വാഗ്ദാനങ്ങളും ഏതു സ്ത്രീയെയും വശീകരിക്കാൻ സഹായിക്കും എന്നത് ഇവിടെ ബോധ്യപ്പെടുന്നു.

റേഡിയോനാടകങ്ങൾ എന്ന പുസ്തകത്തിൽ ചേർത്തിട്ടുള്ള അഞ്ചുനാടകങ്ങളും അഖിലേന്ത്യാ റേഡിയോയുടെ മദിരാശി കേന്ദ്രത്തിൽ നിന്നും പലപ്പോഴായി പ്രക്ഷേപണം ചെയ്തിട്ടുള്ളതാണ്. കവിയുടെ കാമുകി, മാത്തുവിന്റെ മാറ്റം, സംഗീതരാഗം, മരുമകൾ, ശ്രീമതി ഇത്തിക്കണ്ണി എന്നീ അഞ്ചുനാടകങ്ങളാണ് ഈ സമാഹാര

ത്തിലുള്ളത്. ഇംഗ്ലീഷുകാരന്റെ വേഷഭൂഷാദികളോടും അവരുടെ സംസ്കാരത്തോടു മുള്ള അമിതമായഭ്രമത്തെ കളിയാക്കുന്നതാണ് 'മാത്തുക്കുട്ടിയുടെ മാറ്റം' എന്ന നാടകം. സ്വന്തം നാടുവിട്ട്, സ്വല്പം ഇംഗ്ലീഷുമൊക്കെ പഠിച്ചാൽ ധ്വരയായി ത്തീരുന്ന മലയാളിയുടെ പൊങ്ങച്ച സംസ്കാരത്തെയാണ് ഇവിടെ കളിയാക്കുന്നത്. നാട്ടിലെ കടം വീടാൻ നാടുവിടുന്ന മാത്തു, പാചകപ്പണി ചെയ്തു തളർന്ന് വിശപ്പ് സഹിക്കാൻ കഴിയാതെ ഒരു വട മോഷ്ടിച്ചു തിന്നുന്നതും ജോലി നഷ്ടപ്പെടുന്നതും ഒരു മലയാളിയുടെ സഹായത്താൽ മാനേജരുടെ ശിക്ഷയിൽ നിന്നും മോചിതനാകുന്നതും ഒക്കെ കഴിഞ്ഞ് നാടൻ ധ്വരയായി ഫുൾ സ്യൂട്ടിൽ വീട്ടിലേക്കു വരുന്നതും വളരെ നർമ്മ മധുരമായിട്ടാണ് അവതരിപ്പിക്കുന്നത്. സംഗീതരാഗം എന്ന നാടകം, ജീവിതം മുഴുവൻ കളിപ്പിക്കലാണെന്ന് ബോധ്യപ്പെടുത്തുന്നു. യഥാർത്ഥ സത്യവാദികൾക്ക് ഇവിടെ സ്ഥാനമില്ല എന്ന ഭാഗവതരുടെ വാക്കുകൾ ശ്രദ്ധേയമാണ്. സരോജം അമ്മയെ കളിപ്പിക്കുന്നു, അമ്മ അച്ഛനെ കളിപ്പിക്കുന്നു അച്ഛൻ മറ്റു വക്കീലന്മാരെയും പ്രതികളെയും ജഡ്ജിമാരെയും കളിപ്പിക്കുന്നു. 'കവിയുടെ കാമുകി'യിലെ കവി, പുഷ്പത്തെക്കണ്ട് ഭ്രമിച്ച് ഫലത്തെ പുച്ഛിച്ചു തള്ളിയവനാണ്. അനന്തമായ സൗന്ദര്യപ്രകർഷം അതിദൂരമായി അവ്യക്തമായി നിൽക്കുന്നതിനേക്കാൾ അതിന്റെ നേരിയ കിരണമെങ്കിലും സ്വന്തമാക്കാൻ കഴിയുക-ആ ബോധം ഉദിച്ച നിമിഷമാണ് കവിയുടെ ഭാഷ സുരേന്ദ്രനു മനസ്സിലായത്. സങ്കല്പലോകത്തിലെ തേനിനെക്കാൾ യഥാർത്ഥ ലോകത്തിലെ പച്ചവെള്ളമാണ് നല്ലതെന്ന് ആ യുവകവി തിരിച്ചറിയുന്നതാണ് ആ പ്രഹസനത്തിന്റെ പൊരുൾ.

'ഒൻപതു റേഡിയോ നാടകങ്ങൾ ' എന്ന സമാഹാരത്തിലെ മിക്ക നാടകങ്ങളും ഹാസ്യാത്മകമാണ്. 'വാർഷികയോഗം ' എന്ന നാടകം വളരെ ശ്രദ്ധേയമാണ്. തന്റെ വിജ്ഞാനം വിളമ്പാൻ പൊതുവേദി ലാക്കാക്കുന്ന പൊങ്ങച്ചക്കാരായ നാട്ടുപ്രമാണിമാരുടെ അനൗചിത്യത്തിനു നേർക്കുള്ള പരിഹാസമാണ് ഈ നാടകം. വാർഷികയോഗത്തിലെ ഉപക്രമപ്രസംഗം അധ്യക്ഷനായ ശങ്കുണ്ണിപ്പിള്ള സാഹിത്യപ്രസംഗമാക്കി മാറ്റുന്നു. ഈ അനൗചിത്യമാണ് ഇവിടെ പരിഹാസവിധേയമാകുന്നത്. റേഡിയോ നാടകപ്രസ്ഥാനം എന്ന ആമുഖപ്രബന്ധം റേഡിയോ നാടകങ്ങളുടെ പ്രസക്തിയും

ശക്തിയും ഗ്രഹിക്കാൻ പര്യാപ്തമാണ്. ലോലങ്ങളും അതിസൂക്ഷ്മങ്ങളുമായ ഹൃദയ മർമ്മങ്ങളെ ആവിഷ്ക്കരിക്കുന്നതിനുള്ള ശക്തിയുള്ള ഒരു കലാവിഭാഗമാണ് നാടക മെന്ന ഉറച്ചബോധം ഇദ്ദേഹത്തിനുണ്ട്. സങ്കീർണമായ ജീവിതത്തിന്റെ വിവിധവശങ്ങളെ പ്രതിഫലിപ്പിക്കുന്ന നാടകത്തിൽ അത് സാധിക്കുന്നത് പല അങ്കങ്ങളും രംഗങ്ങളുമായി കഥയെ വിഭജിക്കുന്നതുമൂലമാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

ദൃശ്യനാടകവും റേഡിയോനാടകവും വ്യത്യസ്തങ്ങളായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് വിജയിപ്പിക്കേണ്ടതാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നുണ്ട്. സാധാരണ നാടകത്തോടു താരതമ്യം ചെയ്യുമ്പോൾ റേഡിയോ നാടകപ്രസ്ഥാനത്തിന് സ്വതസിദ്ധ മായ ചില പ്രത്യേകതകൾ ഉണ്ടെന്നും പ്രകടനവിഷയത്തിലും ചില സ്വാതന്ത്ര്യങ്ങളും സൗകര്യങ്ങളും ഉണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. നടീനടന്മാരുടെ സ്വരൂപം, വേഷം ഇങ്ങനെയുള്ള കാര്യങ്ങളിൽ റേഡിയോ നാടകം ശ്രദ്ധിക്കേണ്ടതില്ല. രാത്രി സമയത്ത് നടക്കുന്ന സംഭവങ്ങളെ പ്രകടിപ്പിക്കുന്നതിന് റേഡിയോ നാടകം മറ്റു നാട കവിഭാഗങ്ങളെ അപേക്ഷിച്ച് ഏറ്റവും യോജിച്ചതാണ്. റേഡിയോ നാടകത്തിൽ സ്വതേ തന്നെ നടന്മാർ അദൃശ്യരാകയാൽ സംഭാഷണം കൃത്രിമമാകേണ്ടിവരുമെന്നത് റേഡിയോ നാടകങ്ങളുടെ മാത്രം പ്രത്യേകതയാണ്. മറ്റൊരു പ്രത്യേകത ആത്മഗതഭാഷണത്തെ ക്കുറിച്ചാണ്. റേഡിയോ നാടകങ്ങൾ പ്രക്ഷേപണം ചെയ്യുമ്പോൾ ഒരാളുടെ മനസിലെ വിചാരം ഉച്ചത്തിൽ ആവിഷ്കരിക്കാൻ സാധ്യത വിരളമാണ്. റേഡിയോ നാടകങ്ങൾ പ്രക്ഷേപണം ചെയ്യുമ്പോൾ അടച്ചശബ്ദത്തിൽ മൈക്രോഫോണിനോട് ചേർന്നുനിന്ന് വായിക്കുന്നപക്ഷം ശ്രോതാക്കളെ പ്രത്യേകം രഹസ്യത്തിൽ അറിയുന്നതാണെന്ന തോന്നൽ ഉണ്ടാകും. റേഡിയോ നാടകം അഭിനയിച്ചുകൊണ്ടിരിക്കുന്ന നിമിഷ ത്തിൽതന്നെ എവിടെയും കേൾക്കാവുന്നതാണ്. എത്രദൂരത്ത് നിന്ന് പ്രക്ഷേപണം ചെയ്യു ന്നുവോ അത്രയും അതിന്റെ അഭിനവത്വം വർദ്ധിച്ചിരിക്കുന്നതായി തോന്നുമെന്നും റേഡിയോ നാടകപ്രസ്ഥാനം എന്ന ഭാഗത്ത് അദ്ദേഹം വിവരിക്കുന്നു

റേഡിയോ നാടകരചനയെക്കുറിച്ചും അദ്ദേഹത്തിന് ചില വീക്ഷണങ്ങൾ ഉണ്ട്. സ്റ്റേജ് നാടകങ്ങൾ നാടകകൃത്ത്, നടീനടന്മാർ, പ്രേക്ഷകർ ഈ മൂന്നു ഘടകങ്ങ

ളുടെ കൂട്ടുപ്രവർത്തനം കൊണ്ട് വിജയം നേടുന്ന കലാശില്പമാണെന്നും റേഡിയോ നാടകത്തിൽ നാടകത്തിന് നടീനടന്മാരുടെയും പ്രേക്ഷകരുടെയും സഹകരണം പൂർണ്ണ അളവിൽ കിട്ടുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു. നിറപ്പകിട്ടുള്ള രംഗസംവിധാനം കൊണ്ട് നാടകത്തിന്റെ അന്തരീക്ഷം പ്രേക്ഷകർക്ക് കാട്ടികൊടുക്കുന്ന രംഗശില്പിയുടെ ആവശ്യം റേഡിയോ നാടകത്തിനില്ല. അങ്ങനെ വേഷമണിയലുകൊണ്ട് പകരാൻ കഴിയുന്ന ചിത്രത്തിനും റേഡിയോയിൽ പ്രാധാന്യമില്ല. റേഡിയോനാടക നടീനടന്മാർക്ക് സംഭാഷണം ഒന്നു കൊണ്ടുമാത്രം മറ്റുകഥാപാത്രങ്ങളിൽ വരുത്തുന്ന ഭാവവ്യത്യാസം പ്രകടമാക്കേണ്ടതുണ്ട്. നടീനടന്മാരുടെ അഭിനയസാമർത്ഥ്യത്തിന് റേഡിയോ നാടകങ്ങളിൽ പ്രസക്തിയില്ല. ഇങ്ങനെ ഒട്ടനവധി പരിമിതികൾ റേഡിയോ നാടകകൃത്തിനുണ്ട്. വാക്കുകൾ മാത്രമാണ് അയാൾക്ക് പെരുമാറാൻ കിട്ടുന്നതെന്നും കഥാപാത്രങ്ങളുടെ പ്രത്യേകതകൾ പോലും വാക്കുകൾകൊണ്ട് വരച്ചുകാണിക്കേണ്ട ഉത്തരവാദിത്വം റേഡിയോ നാടകത്തിനുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ചുരുക്കി പറഞ്ഞാൽ റേഡിയോ നാടകകൃത്ത് ഒരു ശ്രോതാവിന്റെ വീക്ഷണഗതിയിൽ കൂടിവേണം ഓരോ ചുവടും മുന്നോട്ട് വയ്ക്കേണ്ടതെന്ന് സാരം.

ഒരു സ്റ്റേജിലും ഫലിപ്പിക്കാൻ സാധ്യമല്ലാത്ത പലതും റേഡിയോ വഴി നിഷ്പ്രയാസം സംഭാവന ചെയ്യാൻ സാധിക്കുമെന്നത് റേഡിയോ നാടകത്തിന്റെ മാത്രം പ്രത്യേകതയാണ്. വർണശബളമായ വേഷവിധാനവും രംഗസജ്ജീകരണങ്ങളും റേഡിയോ നാടകങ്ങൾക്ക് അന്യമാണെങ്കിൽ ശബ്ദങ്ങളുടെ വിപുലമായ ഭണ്ഡാരം അവയ്ക്ക് കൈമുതലായുണ്ട്.

അന്തരീക്ഷം ചമയ്ക്കാൻ വർണങ്ങൾക്കെന്നപോലെ ശബ്ദങ്ങൾക്കും കഴിവുണ്ട്. സുശിക്ഷിതമായ ശബ്ദവ്യത്യാസം കൊണ്ട് വളരെ മസൃണമായ വികാരങ്ങൾ വ്യഞ്ജിപ്പിക്കാൻ കഴിയുമെന്നതും റേഡിയോ നാടകങ്ങളുടെ മുഖ്യസവിശേഷതയാണെന്ന് അദ്ദേഹം ഉറപ്പിച്ചുപറയുന്നു. റേഡിയോനാടകങ്ങൾക്കുവേണ്ട ദൈർഘ്യത്തെക്കുറിച്ചും അദ്ദേഹം ഓർമ്മിപ്പിക്കുന്നുണ്ട്. ദൈർഘ്യം അമിതമായാൽ ശ്രോതാവിന്റെ ശ്രദ്ധ പതറുമെന്നുള്ളതുകൊണ്ട് അരമണിക്കൂർ ദൈർഘ്യമാണ് അദ്ദേഹം നിർദ്ദേ

ശിക്കുന്നത്. അതുപോലെ കഥാപാത്രങ്ങളുടെ എണ്ണവും പരിമിതമായിരിക്കണം. കെട്ടു പിണയാത്ത കഥ ശ്രോതാവിന്റെ മനസിൽ ചിത്രങ്ങൾ പകരുന്ന സംഭാഷണരീതി ഇവയെല്ലാം ഒരു റേഡിയോ നാടകകൃത്ത് ശ്രദ്ധിക്കേണ്ട ഘടകമാണ്. ചുരുക്കിപറഞ്ഞാൽ സങ്കല്പശക്തിയില്ലാത്ത ശ്രോതാക്കൾക്ക് റേഡിയോ നാടകം രസിക്കാൻ സാധിക്കുകയില്ല.

രംഗപ്രയോഗ യോഗ്യങ്ങളായ ഒന്നാന്തരം നാടകങ്ങൾ രചിക്കുന്ന ആളുകൾ റേഡിയോ നാടകരംഗത്ത് പരാജയമടയുന്നതിന്റെ കാരണവും ഡോ.ജോർജ്ജ് വിശദമാക്കുന്നുണ്ട്. "സംഭവപ്രധാനമായിട്ടുള്ള നാടകം പ്രക്ഷേപണം ചെയ്യുന്നതിന് യോജിച്ചതല്ല. സകലരൂപങ്ങളും സർവ്വവിധവികാരങ്ങളും ശബ്ദം കൊണ്ടുമാത്രമാണ് ശ്രോതാവിന് അനുഭവപ്പെടേണ്ടത്. തന്മൂലം സംഭാഷണസ്പഷ്ടവും ഉജ്ജ്വലവും നമ്മുടെ ഗഹനശക്തിക്കും ആസ്വാദനവൈഭവത്തിനും അനുയുക്തവുമായിരിക്കേണ്ടതാണ്."[3] നിശിതവും ശക്തിമത്തും അനന്തരകാര്യങ്ങൾ കേൾക്കാനുള്ള തീവ്രകൗതുകം ജനിപ്പിക്കുന്ന സംഭാഷണം പാത്രസംവിധാനം ഹ്രസ്വത മുതലായ കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നപക്ഷം രസപ്രധാനങ്ങളായ റേഡിയോ നാടകങ്ങൾ ഏതൊരു കലാരസികനും രസിക്കുവാൻ സാധിക്കുന്നതാണെന്ന് അദ്ദേഹം കരുതുന്നു.

റേഡിയോ നാടക പ്രകടനത്തെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഈ ലേഖനത്തിന്റെ അവസാനഭാഗം. നടന്മാരും അവരുടെ നേതാവായ പ്രകടനകർത്താവും (Producer) വഹിക്കേണ്ട ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള വിവരണമാണ് തുടർന്ന് നൽകുന്നത്. പ്രകടനവിഷയമായുള്ള സാങ്കേതിക കൃതികളെക്കുറിച്ചും സ്റ്റുഡിയോയിലുള്ള സജ്ജീകരണങ്ങളെ കുറിച്ചും പ്രകടനകർത്താവ് നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതാണ്. ശബ്ദപ്രധാനമായ ഒരു പ്രകടനമായതുകൊണ്ട് നടന്മാർ നടക്കുമ്പോൾ പോലും അനാവശ്യമായ ഒരു ശബ്ദവും ഉണ്ടാകാതിരിക്കത്തക്കവണ്ണം തറ സജ്ജീകരിക്കേണ്ട ചുമതലയും മറ്റും പ്രകടനകർത്താവിൽ നിക്ഷിപ്തമാണ്.

രംഗസഹജമായ ചില ബലഹീനതകളെ പുതിയ സാങ്കേതികമാർഗ്ഗത്തിന്റെ വൈശിഷ്ട്യംകൊണ്ട് പരിഹരിക്കാവുന്നതാണെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. അതിനിണങ്ങിയ സാങ്കേതികവിദ്യകളെ സൂക്ഷ്മമായി വിവരിക്കുന്നുണ്ട്.

നടീനടന്മാരെ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ പ്രകടനകർത്താവിന്റെ ശുഷ്കാന്തി ആവശ്യമാണെന്ന് ഓർമ്മിപ്പിക്കുന്നു. ഓരോ സ്വഭാവത്തിന് യോജിച്ച ശബ്ദമുള്ള ആളുകളെ മനസ്സിലാക്കണം. റേഡിയോ നാടകത്തിൽ സ്ത്രീകളുടെ ഭാഗം ശബ്ദത്തിൽ നല്ല സ്ത്രീത്വം ഉള്ളവർ ചെയ്യേണ്ടതാണ്. നാടകത്തിലെ സംഭാഷണങ്ങൾ സ്വാഭാവികമായിരിക്കണമെന്ന് സൂചിപ്പിക്കുന്നു. തികഞ്ഞവാസനയില്ലാത്തയാളുകളെ നടന്മാരാക്കുന്നപക്ഷം ഒരു പുസ്തകം വായിക്കുന്നതുപോലെ അനാടകീയമായി തോന്നും. അത് റേഡിയോ നാടകത്തിന്റെ ഗളച്ഛേദമായിട്ടാണ് ഡോ.ജോർജ്ജ് ചിത്രീകരിക്കുന്നത്. ഒരു രംഗം കഴിഞ്ഞ് മറ്റൊരു രംഗം തുടങ്ങുമ്പോൾ പ്രകടനകർത്താവ് സ്ഥലകാലങ്ങളെക്കുറിച്ച് നിർദ്ദേശിക്കുന്നതിൽ തെറ്റില്ലെന്നും പറയുന്നുണ്ട്.

ജോർജ്ജിന്റെ ഏകാങ്കനാടകങ്ങൾ ശില്പരചനാവൈഭവം കൊണ്ടും, പ്രമേയ സവിശേഷതകൊണ്ടും, ഹാസ്യോക്തികൊണ്ടും ആസ്വാദ്യജനകമാണ്. അദ്ദേഹത്തിന്റെ റേഡിയോ നാടകങ്ങളിൽ ഏറിയപങ്കും സമകാലിക പ്രസക്തിയുള്ള വസ്തുതകളെ കൈകാര്യം ചെയ്യുന്നവയാണ്. നമ്മുടെ സമൂഹത്തിൽ കാണുന്ന ചില വൈകല്യങ്ങളെ സരസമായി ആവിഷ്ക്കരിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. റേഡിയോ നാടകങ്ങളും സംഘടിതമായ സ്റ്റേജ് നാടകങ്ങളും തമ്മിലുള്ള സാമ്യവ്യത്യാസങ്ങളെ ഒരു താരതമ്യനിരീക്ഷകന്റെ യുക്തിയോടെ ലേഖനത്തിൽ ജോർജ്ജ് വിലയിരുത്തുന്നു. പറയത്തക്ക സാഹിത്യ പാരമ്പര്യമൊന്നും അവകാശപ്പെടാനില്ലാത്തവയാണ് റേഡിയോ നാടകങ്ങൾ. നാടകസാഹിത്യചരിത്രത്തിൽ ഇന്നും സ്റ്റേജ് നാടകങ്ങൾക്കൊപ്പം ഒരു സാഹിത്യത്തിലും റേഡിയോ നാടകം എത്തിയിട്ടില്ല. അതിനുള്ള പ്രധാന കാരണങ്ങൾ പാശ്ചാത്യസാഹിത്യനിരൂപകന്മാരും പ്രക്ഷേപണനാടകങ്ങളുടെ സംവിധായകരും ഒപ്പം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തലയെടുപ്പുള്ള നാടകമെഴുത്തുകാർ റേഡിയോയ്ക്കുവേണ്ടി പ്രത്യേകം നാടകമെഴുതുന്നില്ല. എഴുതുന്നെങ്കിൽ തന്നെ അവരെഴുതുന്ന നാടകങ്ങൾ റേഡിയോയ്ക്കുവേണ്ടി പരുവപ്പെടുത്തുകയാണ് മിക്കവാറും പതിവ്. റേഡിയോയുടെ നാടകചരിത്രം തുടങ്ങിയതേ അങ്ങനെയാണ്.

കണ്ണും കാതുമുപയോഗിച്ച് രസിപ്പിക്കേണ്ട മുഴുവൻ ഭാവങ്ങളും ശബ്ദത്തിലൂടെ ഒഴുകിവീഴണം. ദൃശ്യവും കഥാപോഷകവുമായ സകലസന്ദർഭങ്ങളും ശബ്ദത്തിലൂടെ അവതരിപ്പിക്കണം. എല്ലാ ഭാവങ്ങളും വികാരങ്ങളും നിയന്ത്രിതമായ ശബ്ദവൈചിത്ര്യങ്ങളിലൂടെ - വെറും സംഭാഷണങ്ങളിലൂടെ - മാത്രം അവതരിപ്പിച്ച് സമ്പൂർണ്ണമായ രസാസ്വാദനം ശ്രോതാവിലുണ്ടാക്കേണ്ട ഈ നാടകം പ്രത്യേകം ശ്രദ്ധയോടെ അവതരിപ്പിക്കേണ്ടതുണ്ട്.

ഡോ.കെ.എം.ജോർജ്ജിന്റെ ഇംഗ്ലീഷ് രചനകളെയാണ് ഇനി അപഗ്രഥിക്കുന്നത്. അദ്ദേഹത്തിന്റെ ഇംഗ്ലീഷ് കൃതികൾ പലതും രൂപം പ്രാപിച്ചത് ഔദ്യോഗിക സന്ദർശനങ്ങൾക്കിടയിലാണ്. പലകൃതികളും ഒദ്യോഗിക പ്രഭാഷണങ്ങളുടെ പുസ്തകരൂപം ആണ്. രാമചരിതവും പ്രാചീനമലയാളവും (Ramacharitam and the Early study of Malayalam) എന്ന കൃതി പി.എച്ച്.ഡി തീസിസിന്റെ പുസ്തകരൂപമാണ്. " ഗവേഷണ സംഭാവനകൾക്കിടയിൽ പരാമർശിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തക്കുന്നില്ല.

എ സർവ്വേ ഓഫ് മലയാളം ലിറ്ററേച്ചർ; ഏഷ്യ പബ്ലിഷിംഗ് കമ്പനി ആയിരത്തിത്തൊള്ളായിരത്തി അറുപത്തിയെട്ടിൽ പ്രസിദ്ധപ്പെടുത്തിയ ഈ കൃതി ഒരു സാഹിത്യചരിത്രം തന്നെയാണ്. ആയിരത്തിത്തൊള്ളായിരത്തി അറുപത്തിനാലിൽ ഷിക്കാഗോ സർവ്വകലാശാലയിൽ ഡോ.ജോർജ്ജ് നടത്തിയ പ്രഭാഷണപരമ്പരയുടെ പുസ്തകരൂപമാണീകൃതി. മലയാളികളല്ലാത്തവരെ ഉദ്ദേശിച്ചുള്ളതാകയാൽ സംക്ഷേപണസ്വഭാവം ഏറിയിരിക്കുന്നു എന്ന് ഗ്രന്ഥകാരൻ തന്നെ ആമുഖത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ മലയാളസാഹിത്യത്തിന് ഒരു ഉപോദ്ഘാതം എന്നല്ലാതെ മറ്റൊരുവിധത്തിലും തന്റെ ഗ്രന്ഥത്തെ കരുതരുതെന്നും അദ്ദേഹം പറയുന്നുണ്ട്. ഇംഗ്ലീഷ് പരിഭാഷയുടെ അപര്യാപ്തതയും ശ്രദ്ധിക്കപ്പെടുന്നതാണ്, കാലഗണനയനുസരിച്ച് ഓരോ ഘട്ടത്തെ വിവരിക്കുന്നു. പാട്ട്, ഗാഥ, കിളിപ്പാട്ട്, ചമ്പു, ആട്ടക്കഥ, തുള്ളൽ, പ്രാചീനഗദ്യം, ആധുനിക കവിത, നോവൽ, ചെറുകഥ ഇവ.യെക്കുറിച്ചെല്ലാം ഉപന്യസിക്കുന്നു. ഗ്രന്ഥാവസാനം പ്രധാനപ്പെട്ട ചില കവിതകളും ചെറുകഥകളും വിവർത്തനം ചെയ്തു ചേർത്തി

രിക്കുന്നു. പ്രസ്ഥാനങ്ങളുടെ വിവരണത്തിനുശേഷം ചേർത്തിരിക്കുന്ന മാതൃകകൾ മലയാളികളല്ലാത്ത വായനക്കാർക്ക് പ്രയോജനം ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. വൈപുല്യമാർന്ന വിഷയത്തെ ഒരു ചെറിയ ഗ്രന്ഥത്തിനുള്ളിൽ ആക്കുമ്പോൾ ഗ്രന്ഥകാരന് ഉണ്ടാകുന്ന ക്ലേശങ്ങൾ സമ്മതിക്കാമെങ്കിലും ക്ലേശബോധത്താലുണ്ടാകുന്ന കാരുണ്യം അനുവാചകന്റെ സത്യദർശനത്തിനുവേണ്ടിയുള്ള ലോചനത്തെ മൂടിക്കെട്ടിക്കളയരുതെന്ന് "[4]ഈ കൃതിയുടെ കുറവിനെ എം.കൃഷ്ണൻനായർ ചൂണ്ടിക്കാട്ടുന്നുണ്ട്. കാലാനുക്രമത്തിലൊരു സാഹിത്യചരിത്രമല്ല ജോർജ്ജ് എഴുതിയിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. കലാസൃഷ്ടിയുടെ സത്യത്തെ മാത്രമേ ഇത് വ്യക്തമാക്കുന്നുള്ളൂവെന്നും സൗന്ദര്യത്തെ വ്യക്തമാക്കുന്നേയില്ലെന്നും തുറന്നു പറയുന്നുണ്ട്.

വിദേശികൾക്ക് ഇംഗ്ലീഷിലൂടെ "മലയാളം ശാസ്ത്രീയമായി പഠിക്കാൻ ഉതകുന്ന ഒരു പ്രസിദ്ധ കൃതിയാണ് "മലയാളം ഗ്രാമർ ആന്റ് റീഡർ."[5] വാക്യങ്ങളെ സംഭാഷണരൂപത്തിൽ നിബന്ധിച്ച് ആശയബോധം ഉണ്ടാക്കുന്ന ഇരുപത്തി അഞ്ചു പാഠങ്ങൾ ആണ് ഈ പുസ്തകത്തിലുള്ളത്. വ്യാകരണത്തിന്റെ അടിസ്ഥാനപാഠങ്ങൾ കേവലമായ ഉദാഹരണങ്ങളിലൂടെയാണ് ഡോ.ജോർജ്ജ് അവതരിപ്പിക്കുന്നത്. മലയാളവ്യാകരണത്തെ സംബന്ധിച്ച പ്രാഥമികപാഠമാണ് ഈ കൃതിയിലുള്ളത്. മലയാളഭാഷാനഭിജ്ഞർക്ക് മലയാളത്തെക്കുറിച്ച് വ്യക്തമായ അവബോധം സൃഷ്ടിക്കാൻ ഈ കൃതിക്കു കഴിഞ്ഞിട്ടുണ്ട്. അന്യഭാഷക്കാർക്ക് അവശ്യം ഉപയോഗിക്കാൻ വേണ്ട പദവിവരപ്പട്ടികയും അദ്ദേഹം ഈ കൃതിയിൽ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ സംഭാഷണശൈലികളെ സാധാരണീകരിച്ച് പ്രയോഗിച്ചിരിക്കുന്നുവെന്നതാണ് ഈ കൃതിയുടെ ഒരു പ്രത്യേകത.

## ഭാരതീയഭാഷാസാഹിത്യത്തിലെ നവോത്ഥാനവും ഇതിലെ സാമൂഹിക ഇടപെടലുകളും

ഡോ.കെ.എം.ജോർജ്ജിന്റെ "ഭാരതീയ ഭാഷാസാഹിത്യത്തിലെ

നവോത്ഥാനവും ഇതിലെ സാമൂഹിക ഇടപെടലുകളും(Renaissance in Indian Literature and its social implications) " എന്ന ഇംഗ്ലീഷ് കൃതി നവോത്ഥാനത്തെപ്പറ്റിയുള്ള ഒരു പ്രാഥമികനിരീക്ഷണത്തോടുകൂടിയാണ് ആരംഭിക്കുന്നത്. പ്രമുഖ നിഘണ്ടുക്കളിൽ നൽകിയിരിക്കുന്ന നവോത്ഥാനം എന്ന വാക്കിന്റെ വ്യത്യസ്തങ്ങളായിട്ടുള്ള അർത്ഥങ്ങളെ അദ്ദേഹം താരതമ്യം ചെയ്യുന്നു. ഈ താരതമ്യപഠനങ്ങളുടെ അടിസ്ഥാനത്തിൽ നിഘണ്ടുക്കളിൽ നവോത്ഥാനത്തിനു നൽകിയിരിക്കുന്ന അർത്ഥങ്ങളും നിർവചനങ്ങളും രണ്ട് ഇനത്തിൽപ്പെട്ടവയാണെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു.

1. എല്ലായിടത്തും എക്കാലവും ബാധകമായത്.

2. യൂറോപ്പിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തെ പ്രതിപാദിക്കുന്നത്.

ഇവയാണ് രണ്ട് ഇനത്തിൽപ്പെട്ട നവോത്ഥാന നിർവചനങ്ങൾ.

നവോത്ഥാനം എന്ന വാക്കിന്റെ നിർവചനം വിൽഡുറാന്റ് എന്ന വ്യക്തിയുടെ വാക്കുകളെ ഉദ്ധരിച്ചിരിക്കുന്നു. നവോത്ഥാനത്തിന്റെ ആവിർഭാവത്തിന്റെ ഒരു അവലോകനമാണ് ഗ്രന്ഥകാരൻ പിന്നീട് നടത്തിയിരിക്കുന്നത്. ഇത് ആവിർഭവിക്കാനുണ്ടായ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ സാഹചര്യങ്ങളെപ്പറ്റിയും ഇവിടെ വിശദീകരിക്കുന്നു. ഇറ്റലിയിൽ തുടങ്ങി യൂറോപ്പിൽ ആകെ പടർന്ന ഒരു മാനുഷികചലനമാണ് ഇതെന്നുള്ള കാര്യം ലേഖകൻ ഇവിടെ വ്യക്തമാക്കുന്നുണ്ട്. നവോത്ഥാന കാലഘട്ടത്തിലെ ഇന്ത്യൻ അവസ്ഥയെക്കുറിച്ചുള്ള വിശദീകരണമാണ് ഈ ലേഖനത്തിൽ തുടർന്ന് കാണാൻ കഴിയുന്നത്. ഇന്ത്യയുടെ വിദേശബന്ധങ്ങൾ വളരാൻ തുടങ്ങിയതോടുകൂടി പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതിയോടെ ഒരു ഉയിർത്തെഴുന്നേൽപ് ഇവിടെ ഉണ്ടാകുകയും അത് വളർന്ന് വളരെ വലുതായ ഒരു ജീവിത നവീകരണം ആവുകയും ചെയ്തു. ഇതിനെയാണ് പൊതുവേ ഇന്ത്യൻ നവോത്ഥാനം എന്നറിയപ്പെടുന്നത്. പക്ഷേ പല ചിന്തകന്മാരും ഈ പദത്തിന്റെ ഇന്ത്യൻ സന്ദർഭങ്ങളിലെ ഉപയോഗത്തെ ചോദ്യം ചെയ്തിട്ടുണ്ട്. ആ പണ്ഡിതന്മാരുടെ വാക്കുകളേയും ഡോ.ജോർജ്ജ് ഇവിടെ ഉദ്ധരിച്ചിട്ടുണ്ട്. ഡോ.ജയിംസ്, എച്ച്.കസിൻസ്, ശ്രീ. അരബിന്ദോ, ഡോ.സി.ആർ.റെഡ്ഡി, കെ.ആർ.ശ്രീനിവാസഅയ്യങ്കാർ മുതലായവരാണ്

നവോത്ഥാനം എന്ന പദത്തിന്റെ ഇന്ത്യൻ അവസ്ഥയിലെ ഉപയോഗത്തെ ചോദ്യംചെയ്ത പണ്ഡിതപ്രമുഖർ.

ഡോ ജോർജ്ജിന്റെ അഭിപ്രായത്തിൽ ഇരുപതാംനൂറ്റാണ്ടിൽ, സ്വാതന്ത്ര്യാനന്തരമാണ് ഇന്ത്യൻ നവോത്ഥാനം കാര്യമായി പഠനവിധേയമാകുന്നത്. ഇതിനെക്കുറിച്ച് ഇന്ത്യൻ പണ്ഡിതന്മാർക്കും, പാശ്ചാത്യർക്കും ഇടയിൽ ഉണ്ടായിട്ടുള്ള വ്യത്യസ്താഭിപ്രായങ്ങളെയും ജോർജ്ജ് ഇവിടെ എടുത്തുപറഞ്ഞിട്ടുണ്ട്.

നവോത്ഥാനകാലഘട്ടത്തിലെ ഇന്ത്യൻ പശ്ചാത്തലത്തെപ്പറ്റിയാണ് അടുത്തതായി ഈ ലേഖനത്തിൽ വിവരിക്കുന്നത്. എ.എൽ.ബാഷ മുതലായ ഇന്ത്യൻ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും അന്വേഷണ കുതുകികളായ വ്യക്തികളുടെ അഭിപ്രായത്തിൽ യൂറോപ്പിന്റെ സ്വാധീനത്തിലൂടെയാണ് പുനരുദ്ധാരണം വന്നത് എന്ന് മനസിലാക്കാം. അതിന്റെ പിന്നിലുള്ള ചില ഘടകങ്ങളും അദ്ദേഹം വിശദീകരിക്കുന്നുണ്ട്.

ഇന്ത്യൻ നവോത്ഥാനത്തിന്റെ ചരിത്ര പ്രാധാന്യത്തെപ്പറ്റി ഇന്ത്യൻ പണ്ഡിതന്മാർക്കുള്ള അഭിപ്രായങ്ങളും ഈ കൃതിയിൽ വിശദീകരിച്ചിട്ടുണ്ട്. ലോകത്തിലാദ്യമായി നവോത്ഥാനത്തിന് നാന്ദികുറിച്ചത് ഗൗതമബുദ്ധൻ ആണെന്ന് അക്കൂട്ടർ സമർത്ഥിക്കുന്നതായി ജോർജ്ജ് ഇവിടെ പറയുന്നുണ്ട്. അതിനാൽതന്നെ പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിലുണ്ടായിട്ടുള്ള നവോത്ഥാനം യൂറോപ്പിൽ നിന്ന് കടംകൊണ്ടതല്ലെന്നും, യൂറോപ്യൻ നവോത്ഥാനവുമായിട്ട് അതിന് യാതൊരു ബന്ധവുമില്ലായെന്നും ഗ്രന്ഥകർത്താവ് സമർത്ഥിക്കുന്നു.

യൂറോപ്പിലുണ്ടായ മനുഷ്യവർഗ്ഗസംസ്കാരചരിത്രത്തിലെ ഒരു പ്രധാനപ്പെട്ട കാലഘട്ടമാണ് നവോത്ഥാനമെന്നുള്ള പാശ്ചാത്യപണ്ഡിതന്മാരുടെ വിയോജിപ്പുകളും വിമർശനങ്ങളും ഇവിടെ ജോർജ്ജ് ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇന്ത്യയിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ചവർ ഒട്ടനവധി പേർ ഉണ്ട്. ഗൗതമബുദ്ധൻ, ശങ്കരാചാര്യർ, മഹാവീരൻ മുതലായവരുടെയൊക്കെ പ്രവർത്തനങ്ങളും ചിന്തകളും നവോത്ഥാനമൂല്യം ഉൾക്കൊള്ളുന്നതാണെങ്കിലും ജീവിതത്തിന്റെ എല്ലാമേഖലകളിലും പരിവർത്തനമുണ്ടാക്കുവാൻ ഈ പുരാതന നവോത്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

നവോത്ഥാനം എന്ന പദത്തെകുറിച്ചുള്ള പാശ്ചാത്യപണ്ഡിതന്മാരുടെ പുനർചിന്തനത്തിലേക്കാണ് അടുത്തതായി ഗ്രന്ഥകാരൻ കടക്കുന്നത്. പതിനാലാം നൂറ്റാണ്ടിലെ ഇറ്റാലിയൻ നവോത്ഥാനത്തിന്റെ തുടർച്ചയാണ് പാശ്ചാത്യനവോത്ഥനമെങ്കിലും ഇതിനുമുമ്പ് വ്യക്തമായി തിരിച്ചറിയാൻ കഴിയുന്ന ഏഴ് നവോത്ഥാനങ്ങൾ ഉണ്ടായിരുന്നുവെന്ന് "നവോത്ഥാനത്തിന് മുൻപുള്ള നവോത്ഥാനങ്ങൾ" എന്ന പുസ്തകത്തിലെ ഏഴ് ലേഖനങ്ങളെ അടിസ്ഥാനമാക്കി ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ഈ ഏഴ് നവോത്ഥാനങ്ങൾ ഏതൊക്കെയാണ് എന്നും അദ്ദേഹം ഈ ലേഖനത്തിൽ നൽകിയിട്ടുണ്ട്.

നവോത്ഥാനത്തിന്റെ ഇന്ത്യൻ സമാനപദങ്ങൾ ഏതൊക്കെയാണെന്നുള്ള അന്വേഷണമാണ് തുടർന്ന് ഗ്രന്ഥകാരൻ നടത്തിയിരിക്കുന്നത്. ഈ അന്വേഷണത്തിന്റെ ഫലമായിട്ട് പതിനഞ്ച് ഇന്ത്യൻ ഭാഷകളിലെ നവോത്ഥാന സമാനപദങ്ങൾ ലേഖകൻ നൽകിയിട്ടുണ്ട്. വിവിധ ഭാഷകളിലെ നവോത്ഥാന സമാനപദങ്ങളിൽ നിന്നും ഓരോ ഭാഷയും നവോത്ഥാനത്തിനെ എങ്ങനെ ആ ഭാഷയിലേക്ക് സ്വീകരിച്ചിരിക്കുന്നുവെന്ന് ജോർജ്ജ് വിശദീകരിക്കുന്നുണ്ട്.

പുനർജനനം എന്ന പദം നവോത്ഥാനത്തിന് പകരമായി ഉപയോഗിക്കാവുന്നതാണോയെന്നുള്ള സംശയം ലേഖകൻ ഇവിടെ ഉന്നയിക്കുന്നുണ്ട്. ഈ വാക്കുകൾ തമ്മിൽ ചില ബന്ധങ്ങൾ ഉണ്ടെങ്കിലും ഇവ തത്തുല്യപദങ്ങൾ അല്ലായെന്ന് ഇവയുടെ അർത്ഥവ്യത്യാസങ്ങൾ വ്യക്തമാക്കികൊണ്ട് ഗ്രന്ഥകാരൻ തന്നെ തന്റെ ചോദ്യത്തിന് ഉത്തരവും കണ്ടെത്തി. ചുരുക്കിപറഞ്ഞാൽ നവോത്ഥാനതത്തുല്യപദങ്ങളൊന്നും തന്നെ ഇല്ലായെന്ന നിഗമനത്തിൽ ലേഖകൻ എത്തിച്ചേർന്നിരിക്കുന്നു.

ഒന്നാമത്തെ അദ്ധ്യായത്തിന്റെ അവസാനത്തിൽ നവോത്ഥാനം പൂർണമായും യൂറോപ്പിൽ ഉരുത്തിരഞ്ഞതല്ലായെന്ന നിഗമനത്തിൽ ഗ്രന്ഥകാരൻ എത്തിച്ചേരുന്നു. മാത്രമല്ല ഇത് നവീന കാലഘട്ടത്തിൽ ആരംഭിച്ചതല്ലായെന്നും സാംസ്കാരികലോകത്തിൽ പലയിടങ്ങളിലും മദ്ധ്യകാലഘട്ടത്തിന് മുൻപേതന്നെ കണ്ടുതുടങ്ങിയതാണ് എന്നും തന്റെ പഠനങ്ങളെ അടിസ്ഥാനമാക്കി ജോർജ്ജ് സമർത്ഥിക്കുന്നു. അതോ

ടൊപ്പം തന്നെ എല്ലാ മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ബൃഹത്തായ ഉണർവ് കഴിഞ്ഞ ഇരുന്നൂറ്റൻപത് വർഷങ്ങൾക്കുള്ളിലാണ് ഉണ്ടായതെന്നുള്ള വസ്തുതയും അദ്ദേഹം അംഗീകരിക്കുന്നുണ്ട്.

ഇന്ത്യൻ നവോത്ഥാനത്തെപ്പറ്റിയുള്ള വളരെ വിശദമായ ഒരു വിവരണമാണ് ഈ പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ ഡോ.കെ.എം.ജോർജ്ജ് നൽകിയിരിക്കുന്നത്. ഇന്ത്യൻ നവോത്ഥാനകാലഘട്ടത്തിൽ സാഹിത്യത്തിനും കലയ്ക്കു മുണ്ടായ വികാസത്തെപ്പറ്റി ഈ ഭാഗത്തിൽ വിവരിക്കുന്നുണ്ട്. ഇന്ത്യൻ ഭാഷകളിൽ കവിത, നാടകം, ഗദ്യരചന എന്നിവയിൽ ധാരാളം നവീകരണങ്ങളും പരീക്ഷണങ്ങളും ഇന്ത്യൻ നവോത്ഥാനകാലഘട്ടത്തിൽ ഉണ്ടായി. ഇത്തരത്തിലുള്ള മാറ്റങ്ങൾ കലാരംഗ ങ്ങളിലും പ്രതിഫലിച്ചു. കലാസാഹിത്യരംഗത്തുണ്ടായ മാറ്റങ്ങൾ എല്ലാംതന്നെ പ്രത്യേകം വിശദീകരിക്കുവാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ നവോത്ഥാനത്തിനെ ത്വരിതപ്പെടുത്തിയ ഘടകങ്ങളെകുറിച്ചുള്ള ഒരു ലഘുവിവരണവും ഇതിൽ അദ്ദേഹം നൽകുന്നുണ്ട്. പാശ്ചാത്യസ്വാധീനത്താൽ വിദ്യഭ്യാസരംഗത്തുണ്ടായ പുരോഗതി ശ്രദ്ധേയമാണെന്ന് ലേഖകൻ അടിവരയിട്ട് ഉറപ്പിക്കുന്നു.

പാശ്ചാത്യ - പൗരസ്ത്യദേശങ്ങൾ തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുവാൻ ജോർജ്ജ് ശ്രമിച്ചിട്ടുണ്ട്. ഇന്ത്യയും യൂറോപ്പുമായുള്ള ബന്ധത്തെക്കുറിച്ച് പറയുവാൻ നെഹ്റുവിന്റെ നിരവധി വാക്കുകളെ അദ്ദേഹം ഉദ്ധരിച്ചിട്ടുണ്ട്. ഇന്ത്യൻ സാഹിത്യത്തെയും, സംസ്കാരത്തെയും, കലകളെയും യൂറോപ്യൻ സംസ്കാരവും, സാഹിത്യവും, കലയും ഏതെല്ലാം തരത്തിൽ സ്വാധീനിച്ചിട്ടുണ്ട് എന്ന് വിവരിക്കുന്നതിനായി ജോർജ്ജ് വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ബ്രിട്ടീഷുകാരുടെ ആഗമനം ഇന്ത്യയുടെ സാധാരണവികസനങ്ങൾ തടസ്സപ്പെടുത്തിയിട്ടുണ്ടെങ്കിലും സാഹിത്യത്തിന്റെ വളർച്ചയ്ക്ക് അവരുടെ പങ്ക് വളരെ വലുതാണ് എന്ന നിഗമനത്തിൽ എത്തിച്ചേരുവാൻ ലേഖകന് കഴിഞ്ഞു.

തുടർന്ന് ഇന്ത്യൻ നവോത്ഥാനത്തിന്റെ മൂന്നുഘട്ടങ്ങളെപ്പറ്റിയുള്ള വിശദീകരണമാണ് കാണുന്നത്. ആരംഭം മുതൽ ആയിരത്തിതൊള്ളായിരം വരെയുള്ള ആദ്യ

ഘട്ടവും ആയിരത്തിതൊള്ളായിരം മുതൽ ആയിരത്തിതൊള്ളായിരത്തി നാൽപ്പത്തി യേഴു വരെയുള്ള രണ്ടാംഘട്ടവും ആയിരത്തിതൊള്ളായിരത്തി നാൽപ്പത്തിയേഴു മുതലുള്ള മൂന്നാം ഘട്ടവും ചേർന്നതാണ് ഇന്ത്യൻ നവോത്ഥാനത്തിന്റെ മൂന്നു ഘട്ടങ്ങൾ. പുതിയ സാഹിത്യരൂപങ്ങളായ നോവൽ, ചെറുകഥ, ഉപന്യാസം എന്നിവയെ എല്ലാം അനുകരിക്കുകയാണ് ആദ്യഘട്ടത്തിൽ നടന്നത്. ദേശസ്നേഹത്തിന്റെ വേലിയേറ്റം ശക്തമായ രണ്ടാം ഘട്ടത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു. ആയിരത്തിത്തൊള്ളായിരം മുതൽ ആയിരത്തിതൊള്ളായിരത്തിയിരുപത് വരെയുള്ള, കാൽപ്പനികസാഹിത്യത്തിന് മുൻതൂക്കം നൽകിയിട്ടുള്ള ആദ്യഘട്ടവും, മാർക്സിയൻ തത്ത്വചിന്തയാൽ പ്രചോദിപ്പിക്കപ്പെട്ട ആയിരത്തിതൊള്ളായിരത്തിയിരുപത് മുതൽ ആയിരത്തിതൊള്ളായിരത്തി നാൽപ്പത്തിയേഴ് വരെയുള്ള രണ്ടാം ഘട്ടവും ചേർന്നതാണ് ഇന്ത്യൻ നവോത്ഥാനത്തിന്റെ രണ്ടാം ഘട്ടം. ആയിരത്തിതൊള്ളായിരത്തി നാൽപത്തിയേഴ് മുതൽ തുടർന്നുള്ള സ്വാതന്ത്ര്യാനന്തര കാലഘട്ടത്തെയാണ് മൂന്നാം ഘട്ടമായി കണക്കാക്കിയിരിക്കുന്നത്. ഈ കാലഘട്ടം ഇന്ത്യൻ സാഹിത്യത്തിന്റെ പുനർ കണ്ടുപിടുത്തങ്ങളുടെയും, പരീക്ഷണങ്ങളുടെയും കാലഘട്ടമായിട്ടാണ് ജോർജ്ജ് കരുതുന്നത്. പ്രാദേശികവും ദേശീയവുമായ നിരവധി സാഹിത്യ അക്കാദമികളുടെ ആവിർഭാവമാണ് ജോർജിനെ ഇങ്ങനെ ചിന്തിക്കുവാൻ പ്രേരിപ്പിച്ചത്. ഈ പറഞ്ഞിരിക്കുന്ന വിഭജനം സാഹിത്യമേഖലയെ കുറിച്ചാണ് ഏങ്കിലും സാഹിത്യവും ജീവിതവും തമ്മിൽ അഭേദ്യമായ ബന്ധം പുലർത്തുന്നതിനാൽ ഈ വിഭജനം സാഹിത്യത്തിന് മാത്രമായിട്ടുള്ളതല്ലായെന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

ഈ കൃതിയുടെ രണ്ടാം ഭാഗത്തിൽ നവോത്ഥാനത്തിന്റെ സ്വാധീനം ഇന്ത്യൻ സാഹിത്യങ്ങളിൽ എങ്ങനെയാണ് അനുഭവപ്പെട്ടിരിക്കുന്നതെന്ന് വിശദീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ മൂന്നാം ഭാഗത്തിലാണ് ഗ്രന്ഥകാരൻ നവോത്ഥാനം ലോകസാഹിത്യത്തിലും, ഇന്ത്യൻ സാഹിത്യത്തിലും ചെലുത്തിയ സ്വാധീനം വളരെ വിവരണാത്മകമായി നൽകിയിരിക്കുന്നത്. സാഹിത്യം നവോത്ഥാനത്തിന്റെ വളരെ വേഗത്തിലുള്ള വ്യാപനത്തിന് സഹായിച്ചിട്ടുണ്ട്. ഇന്ത്യൻ നവോത്ഥാനത്തിന്റെ ഉറവിടവും

കടന്നു വന്ന വഴിയും ഇവിടെ അദ്ദേഹം വിശദീകരിക്കുന്നുണ്ട്.

പത്തൊൻപതാം നൂറ്റാണ്ടിന് മുൻപ് ഉണ്ടായിട്ടുള്ള ഇന്ത്യൻ നവോത്ഥാനത്തെകുറിച്ച് ജോർജ് വിവരിക്കുന്നുണ്ട്. മധ്യമകാലഘട്ടത്തിലെ ഇന്ത്യൻ സാഹിത്യകൃതികളെ ഉദാഹരിച്ചു കൊണ്ടാണ് അദ്ദേഹം ഈ ഒരാശയത്തെ പിൻതാങ്ങുന്നത്. സാഹിത്യസൃഷ്ടിയിൽ ഭാഷകൾ, പറ്റിയ മാധ്യമങ്ങളായി വികസിക്കാൻ ഇടയായ സാഹചര്യം അദ്ദേഹം അവലോകനം ചെയ്യുകയും അതിലൂടെ ഭാഷകൾ എല്ലാ മേഖലകളിലും ഭാഗമായത് നവോത്ഥാനത്തിന്റെ പരിണതഫലമായാണ് എന്ന നിരീക്ഷണത്തിൽ എത്തിച്ചേരുകയും ചെയ്തു.

ദൈവങ്ങളോടുള്ള പരമമായ ഭക്തിയാണ് നവോത്ഥാനത്തിന്റെ ഒരു കാഴ്ചപ്പാട്. ഈ കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി തങ്ങളുടെ സാഹിത്യസൃഷ്ടികളിൽ ഭക്തിമാർഗ്ഗം സ്വീകരിച്ച ഒരു കൂട്ടം ഭാരതീയരായ എഴുത്തുകാരെപ്പറ്റി ഇവിടെ അദ്ദേഹം വിവരിക്കുന്നുണ്ട്. ആദ്യം പറഞ്ഞ കാഴ്ചപ്പാടിൽ നിന്നും തികച്ചും വ്യത്യസ്തമായ മറ്റൊരു നവോത്ഥാന കാഴ്ചപ്പാടാണ് ജാതി നിഷേധം. ഈ ഒരു കാഴ്ചപ്പാടിന്റെ പ്രചോദനത്താൽ സാഹിത്യസൃഷ്ടികൾ നടത്തിയ നിരവധി എഴുത്തുകാരെക്കുറിച്ചും ഇവിടെ അദ്ദേഹം പരാമർശിക്കുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന് മുൻപും ശേഷവും ഉണ്ടായ നവോത്ഥാനങ്ങളെ തമ്മിൽ താരതമ്യം ചെയ്ത് പത്തൊൻപതാം നൂറ്റാണ്ടിന് ശേഷമുണ്ടായ നവോത്ഥാനമാണ് കൂടുതൽ ശക്തമെന്നുള്ള നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു.

നവോത്ഥാനത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ ഇന്ത്യൻ സാഹിത്യശാഖകൾ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ചിട്ടുണ്ട്. ആ പ്രശ്നങ്ങളെപ്പറ്റി വളരെ ലഘുവായി ഈ ഭാഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പക്ഷേ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി ആ അവസ്ഥയ്ക്ക് ഒരു മാറ്റമുണ്ടാവുകയും പാശ്ചാത്യസ്വാധീനത്താൽ വിവിധ സാഹിത്യശാഖകൾ നമ്മുടെ രാജ്യത്ത് തഴച്ചുവളരുകയും ചെയ്തു. ഇത്തരത്തിൽ നവോത്ഥാനത്തിന്റെ ഫലമായിട്ട് പരിപോഷിക്കപ്പെട്ട ചില സാഹിത്യശാഖകളെക്കുറിച്ചുള്ള വിവരവും അദ്ദേഹം നൽകുന്നുണ്ട്. അവ കവിത, നാടകം, ഗദ്യം എന്നിവയാണ്.

ഇന്ത്യൻ സാഹിത്യകൃതികളിലെ പ്രതിപാദ്യങ്ങളെയും ആശയങ്ങളെയും കുറിച്ച് ബൃഹത്തായ ഒരു വിവരണം നൽകുവാനും ഈ അവസരം അദ്ദേഹം വിനിയോഗിച്ചിട്ടുണ്ട്. സാഹിത്യനവോത്ഥാനത്തിൽ സാഹിത്യഅക്കാദമി അംഗീകരിച്ച ഇരുപത്തിരണ്ട് ഭാഷകൾക്കുള്ള ഉത്കൃഷ്ടമായ പങ്കിനെപ്പറ്റിയാണ് അടുത്തതായി അദ്ദേഹം വിവരിക്കുന്നത്. ഭാഷയുടെ പങ്കിനെപ്പറ്റിയുള്ള ഈ വിവരണം ബംഗാളി ഭാഷയിൽ നിന്നുമാരംഭിച്ച് മറ്റു ഭാഷകളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ബംഗാളി സാഹിത്യത്തിലെ അത്യുജ്ജ്വല കൃതികളെപ്പറ്റിയും മുൻനിര സാഹിത്യകാരന്മാരെപ്പറ്റിയുമുള്ള വിവരണത്തിനും ഇവിടെ ഇടം കണ്ടെത്തിയിട്ടുണ്ട്.

മറാത്തി സാഹിത്യത്തിൽ നവോത്ഥാനത്തിന്റെ സ്വാധീനത്തെകുറിച്ചുള്ള വിവരണങ്ങൾ നൽകികൊണ്ടാണ് ഈ പുസ്തകത്തിന്റെ നാലാംഭാഗം ആരംഭിക്കുന്നത്. മറാത്തിയിലുള്ള നിരവധി കൃതികളെയും അതിലെ പ്രതിപാദ്യങ്ങളെയും വളരെ തന്മയത്വത്തോടുകൂടി വിവരിക്കുന്നതിനോടൊപ്പം ആ ഭാഷയിലെ പ്രമുഖ എഴുത്തുകാരെപ്പറ്റിയും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. മറാത്തി സാഹിത്യത്തിന്റെ വിവരണത്തിനെ തുടർന്ന് തമിഴ് സാഹിത്യ വിവരണമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. തമിഴ് സാഹിത്യത്തിനെ പരിപോഷിപ്പിച്ച പ്രമുഖ വ്യക്തികളെയും അവരുടെ പ്രശസ്തകൃതികളെയും ഇവിടെ പരാമർശിച്ചിട്ടുണ്ട്. ഹിന്ദി, കാശ്മീരി, മലയാളം എന്നീ ഭാഷകളിലെ മികച്ച സാഹിത്യ സൃഷ്ടികളെപ്പറ്റിയുള്ള ഒരു ഓട്ടപ്രദക്ഷിണവും ഈ നാലാം ഭാഗത്തിൽ അദ്ദേഹം നടത്തിയിട്ടുണ്ട്. ഈ മൂന്നു ഭാഷകളിൽ തന്റെ മാതൃഭാഷയായ മലയാളത്തിന് കുറച്ചുകൂടി പ്രാധാന്യം ലേഖകൻ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ എ. ആർ. രാജരാജവർമ്മ, കേരളവർമ്മ വലിയകോയി തമ്പുരാൻ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ. എസ്. പരമേശ്വരയ്യർ തുടങ്ങിയ പ്രമുഖരായ മലയാള എഴുത്തുകാരെയും അവരുടെ പ്രശസ്ത കൃതികളെയും പരാമർശിക്കുന്നതിൽ അദ്ദേഹം വളരെയധികം താൽപര്യം കാട്ടിയിട്ടുണ്ട്. ഇതുകൂടാതെ മലയാളത്തിലെ ഗദ്യ പദ്യ നോവൽ ശാഖകളുടെ വളർച്ചയെപ്പറ്റിയുള്ള വിവരണങ്ങൾ ഈ ഭാഗത്തിൽ കാണാം.

അവശേഷിക്കുന്ന ഭാഷകളിലെ പ്രമുഖരായ എഴുത്തുകാരെയും അവരുടെ മികച്ച കൃതികളെയും കുറിച്ച് ഒരു ഹ്രസ്വവീക്ഷണം നടത്തുവാൻ മാത്രമേ ലേഖകന് കഴിഞ്ഞിട്ടുള്ളു. ആസാമീസ്, ഗുജറാത്തി, കന്നട, ഒറിയ, പഞ്ചാബി, തെലുങ്ക്, ഉറുദു എന്നീ ഭാഷകളാണ് അദ്ദേഹത്തിന്റെ ഹ്രസ്വവീക്ഷണത്തിൽ ഉൾപ്പെട്ടവ.

സാഹിത്യരംഗത്തുള്ള സാമൂഹിക ഇടപെടലുകളെക്കുറിച്ച് പരാമർശിച്ചുകൊണ്ടാണ് ഈ കൃതി അദ്ദേഹം ഉപസംഹരിക്കുന്നത്. പാശ്ചാത്യ ബന്ധങ്ങൾ കൊണ്ട് വിലമതിക്കുന്നതും, നീണ്ടുനിൽക്കുന്നതുമായ ഫലങ്ങൾ ഇന്ത്യൻ സാഹിത്യ മണ്ഡലത്തിന് ഉണ്ടാക്കാൻ കഴിഞ്ഞു എന്ന് സമർത്ഥിക്കുന്നതിനോടൊപ്പം അതിന് തെളിവായി കവിതാശാഖയിൽ പുതുതായി ആവിർഭവിച്ച വിലാപകാവ്യം, ഗീതകങ്ങൾ, നാടകീയ സ്വഗതങ്ങൾ, ലഘുകാവ്യങ്ങൾ എന്നിവയെ അദ്ദേഹം നിരത്തുന്നുണ്ട്. സമൂഹത്തെ ഉദ്ധരിക്കുന്നതിൽ സാഹിത്യത്തിനുള്ള കാഴ്ചപ്പാടിൽ മനുഷ്യന്റെ സാമൂഹിക ഉയർച്ചയാണ് സാഹിത്യലക്ഷ്യം. സാഹിത്യത്തിന് സമൂഹത്തിലുള്ള സ്ഥാനം വ്യക്തമാക്കുന്നതിനായി അനേകം പ്രമുഖ വ്യക്തികളുടെ വാക്കുകളെ ഉദാഹരിക്കുവാനും അതിലൂടെ തന്റെ കാഴ്ചപ്പാടുകളെ ന്യായീകരിക്കുവാനും ലേഖകൻ അതീവ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ ഇന്ത്യൻ സാമൂഹിക രീതികൾ നമ്മുടെ സാഹിത്യകൃതികളെ ശക്തിപ്പെടുത്തുന്നതിൽ വളരെ വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്ന് ലേഖകൻ വിലയിരുത്തുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന ധാരാളം അന്ധവിശ്വാസങ്ങളും അതിമാനുഷികത്വങ്ങളും, സാമൂഹിക അനീതികളും അക്കാലത്തെ സാഹിത്യസൃഷ്ടികളുടെ പ്രതിപാദ്യ വിഷയങ്ങളായി മാറി. മികച്ച സാഹിത്യസൃഷ്ടികളുടെ പ്രതിപാദ്യ വിഷയമായി മാറിയിട്ടുള്ള സാമൂഹിക അനീതികളെ ഇവിടെ ലേഖകൻ രണ്ടായി തരംതിരിച്ചിട്ടുണ്ട്. അവ ജാതി വ്യവസ്ഥയും സ്ത്രീകളുടെ പദവി തരംതാഴ്ത്തലുമാണ്. ജാതിവ്യവസ്ഥ എല്ലാക്കാലത്തും മികച്ച സാഹിത്യകൃതികളെ സൃഷ്ടിക്കുന്നതിനുള്ള ഒരു വിഷയമാണ്. ജാതിവ്യവസ്ഥയെപ്പോലെതന്നെ സ്ത്രീകളുടെ പദവി തരം താഴ്ത്തലും മിക്കമികച്ച കൃതികളുടെയും പ്രതിപാദ്യ വിഷയമായി മാറിയിട്ടുണ്ടെന്നതാണ് ലേഖകവീക്ഷണം.

ഭാരതത്തിലെ പ്രത്യേക സാമൂഹിക സാഹചര്യങ്ങളെയും അത് സാഹിത്യത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനത്തെയും കുറിച്ച് വിവരിച്ചതിനുശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസം നവോത്ഥാന കാലഘട്ടത്തിൽ ഏതെല്ലാം തരത്തിലുള്ള സാമൂഹിക മാറ്റങ്ങൾ ഉണ്ടാക്കി എന്ന വിവരണമാണ് ലേഖകൻ നൽകുന്നത്. നവോത്ഥാനം പലമേഖലകളിലും എത്തിക്കുവാൻ ഇംഗ്ലീഷ് വിദ്യാഭ്യാസം സഹായിച്ചു. പുതിയ രാഷ്ട്രീയ ചിന്തകളുടെ വളർച്ചയും ജനാധിപത്യത്തെകുറിച്ചുള്ള അടിസ്ഥാന ആശയങ്ങളും ഉണ്ടായത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഫലമായാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയിൽ സാർവ്വത്രികമാക്കുന്നതിനുവേണ്ടി പ്രയത്നിക്കുകയും പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്ത വ്യക്തികളെയും സംഘടനകളെയും അവയുടെ പ്രവർത്തനങ്ങളെയും ഗ്രന്ഥകാരൻ ഇവിടെ പരാമർശിക്കുന്നുണ്ട്.

ഇത്തരത്തിൽ നവോത്ഥാനം ഇന്ത്യയുടെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, കലാസാഹിത്യമേഖലകളെ ഏതെല്ലാം തരത്തിൽ സ്വാധീനിച്ചുവെന്നും അത് ഈ മേഖലകളുടെ എല്ലാം പുരോഗതിയെ എത്രത്തോളം ത്വരിതപ്പെടുത്തി എന്ന ബോധം അനുവാചകഹൃദയത്തിൽ ഉളവാക്കുന്നതിനുമായി രചിച്ച ഒരു മികച്ച കൃതിയാണ് ജോർജ്ജിന്റെ "ഭാരതീയ ഭാഷാസാഹിത്യത്തിലെ നവോത്ഥാനവും ഇതിലെ സാമൂഹിക ഇടപെടലുകളും."

## എന്നെ ഞാൻ കാണുമ്പോൾ

സ്വന്തം കഥയാണെങ്കിലും എഴുതാൻ പ്രയാസമുള്ളതാണ് ആത്മകഥ. ഒരു ജീവിത പ്രതികരണമെന്നനിലയ്ക്ക് ആത്മകഥയും ഒരു സർഗ്ഗാത്മക സാഹിത്യരൂപം തന്നെയാണ്. എന്നാൽ ആത്മപ്രകാശനമായി മാറുന്ന ആത്മകഥകൾ വളരെ വിരളമായേ കാണാറുള്ളു. അറിഞ്ഞോ അറിയാതെയോ പല ആത്മകഥകളും ആത്മപ്രശംസയിലേക്ക് നീങ്ങുക എന്നത് സ്വാഭാവികമാണ്. ജീവിത സായാഹ്നത്തിലെത്തുമ്പോൾ പല വിശിഷ്ട വ്യക്തികളും തങ്ങളുടെ നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് ഒരു ആത്മപരിശോധന നടത്താറുണ്ട്. അത്തരത്തിൽ ഡോ. ജോർജ്ജിന്റെ കഴിഞ്ഞകാല

ജീവിതത്തിലേക്കുള്ള ഒരു തിരിഞ്ഞു നോട്ടമാണ് 'എന്നെ ഞാൻ കാണുമ്പോൾ' എന്ന ആത്മകഥ.

ഒരാൾ എഴുതുന്നത് മറ്റു മനസ്സുകളിൽ ഔത്സുക്യവും, ചിന്താപരവും വൈകാരികവുമായ ചലനങ്ങളും ഉണ്ടാക്കുമെങ്കിൽ അയാൾ തികഞ്ഞ സാഹിത്യാഭി രുചിയുള്ള എഴുത്തുകാരനാണ്. അത്തരം ചലനങ്ങൾ വായനക്കാരുടെ മനസ്സിൽ സൃഷ്ടിക്കാൻ പര്യാപ്തമായ വിഭവങ്ങളാണ് പതിനാലധ്യായങ്ങളിലായി ഡോ. ജോർജ്ജ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

അദ്ധ്യായ വിഭജനത്തിലെ അടുക്കും ചിട്ടയിൽ ജീവിതത്തിലെ അടുക്കും ചിട്ടയും പ്രതിഫലിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തന മേഖലകളെ വിലയിരുത്താൻ അധ്യായത്തിന്റെ ശീർഷകങ്ങൾ മാത്രം മതി. അധ്യായ വിഭജന രീതിയിലെ അദ്ദേഹ ത്തിന്റെ മികവ് പ്രൊ. പത്മന രാമചന്ദ്രൻ നായർ സൂചിപ്പിക്കുന്നുണ്ട്. "പതിനാലധ്യാ യവും മുന്നൂറിലേറെപ്പുറവും ഉള്ള ഈ ഗ്രന്ഥം കാലക്രമത്തിലുള്ള ഒരാത്മകഥാവിവര ണമല്ല, അല്പം ചില ആവർത്തനങ്ങളുണ്ടെങ്കിൽക്കൂടി ഗ്രന്ഥം ഒരാവൃത്തി വായിച്ചു കഴിയുമ്പോൾ ആർക്കും വിഷയ വിഭജനരീതിയോടും സംവിധാന രീതിയോടും യോജി ക്കാനേ തോന്നൂ. തികഞ്ഞ ശ്രദ്ധയോടെ നൽകിയിരിക്കുന്ന ഉപശീർഷകങ്ങൾ ഗ്രന്ഥ സംവിധാനത്തിന്റെ മികവ് സ്പഷ്ടമാക്കുന്നു"[7].

സാഹിത്യരംഗത്തും സാംസ്കാരികരംഗത്തും ഗ്രന്ഥസംവിധാനരം ഗത്തും അദ്ദേഹം നേടിയിട്ടുള്ള ഔന്നത്യങ്ങളെ സംബന്ധിച്ച കാര്യമാത്രപ്രസക്തവും ആത്മാർത്ഥവുമായ വിവരണം ഈ ആത്മകഥയുടെ സവിശേഷതയാണ്. സമയബന്ധി തമായി കാര്യങ്ങൾ ചെയ്തു തീർക്കുന്നതിൽ അത്യന്തം നിഷ്ഠ പാലിച്ച വ്യക്തിയായി രുന്നു ഡോ. ജോർജ്ജ് എന്ന് ഇതിലെ പല വിവരണങ്ങളും തെളിയിക്കുന്നുണ്ട്. ജീവിത *വിജയം നേടുന്നതിന് കഴിവും സന്ദർഭവും മാത്രം പോരാ പ്രയത്നം കൂടി ആവശ്യമാ* ണെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന വ്യക്തിയായിരുന്നു ഡോ. കെ. എം. ജോർജ്ജ്. അയത്ന ലളിതവും ഋജുവും ആയ പ്രതിപാദന രീതിയാണ് ഈ ആത്മകഥയുടെ മുഖമുദ്ര. ദൈവം സമ്പത്തും സമൃദ്ധിയും അവ ആസ്വദിക്കാനുള്ള കഴിവും നൽകിയിരിക്കുന്ന

ഓരോ മനുഷ്യനും തന്റെ ഭാഗധേയം അംഗീകരിച്ച് തന്റെ പ്രയത്നത്തിൽ ആനന്ദിക്കുക. ഇതാണ് ദൈവത്തിന്റെ ദാനം"[8]. ഈ വാക്കുകളാണ് ഡോ. ജോർജ്ജിന്റെ ഓരോ പ്രവർത്തനത്തിലും അദ്ദേഹത്തെ മുന്നോട്ടു നയിച്ചിരുന്നത്. തന്റെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിന് കാരണക്കാരായവരെക്കുറിച്ച് വളരെ സത്യസന്ധമായി അദ്ദേഹം വിവരിക്കുന്നുണ്ട്. ഉന്നതസ്ഥാനങ്ങളിൽ എത്തിക്കഴിയുമ്പോൾ പലരും ഓർമ്മിക്കാൻ കൂട്ടാക്കാത്ത കാര്യങ്ങളാണവ. ഗ്രന്ഥകാരന്റെ അസാമാന്യമായ ആത്മാർത്ഥത ഈ കൃതിയുടെ വിശിഷ്ട ഗുണമാണ്.

## വിവർത്തനം

സാംസ്കാരിക വിനിമയപ്രക്രിയയിൽ പുരാതനകാലം മുതൽക്കുതന്നെ വിവർത്തനത്തിന് അതിപ്രധാനമായ പങ്കുണ്ടായിരുന്നു. ഭാഷയെയും സംസ്കാരത്തെയും നിരന്തരം പോഷിപ്പിക്കാൻ വിവർത്തനങ്ങൾക്കു കഴിയുന്നതുകൊണ്ട് അവയുടെ പ്രവാഹം ഒരിക്കലും നിലയ്ക്കുകയില്ല. "ഒരു ഭാഷയിൽ വിരചിതങ്ങളായ കൃതികളെ മറ്റൊരു ഭാഷയിലേക്ക് സംക്രമിപ്പിക്കുകയാണല്ലോ വിവർത്തനം. തർജമ, ഭാഷാന്തരീകരണം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്ന പ്രസ്തുതവിദ്യ സാഹിത്യാഭിവൃദ്ധിക്കു വളരെയേറെ ഉതകുന്ന ഏർപ്പാടാണെന്ന് ലോകം മുഴുവൻ സമ്മതിച്ച വാസ്തവങ്ങളിൽ ഒന്നാണ്" സുകുമാർ അഴീക്കോടിന്റെ ഈ അഭിപ്രായം വിവർത്തനലക്ഷ്യത്തെ മുൻനിർത്തിയുള്ളതാണ്. വിവർത്തനം ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയെ സഹായിക്കുക മാത്രമല്ല, സംസ്കാരത്തിന്റെയും ശാസ്ത്രത്തിന്റെയും വികാസത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. സാഹിത്യവിവർത്തനം സാംസ്കാരികമായ ദൗത്യം കൂടിയാണ്. സമൂഹത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും വികാസത്തിനും വിവർത്തനപ്രക്രിയ അനുപേക്ഷണിയമാണെന്നു ചിന്തിച്ച് അതിനനുസരണമായ പ്രവർത്തനങ്ങളിൽ നിരന്തരം വ്യാപൃതനായ വ്യക്തിയാണ് ഡോ.കെ.എം.ജോർജ്ജ്. മറ്റു വൈജ്ഞാനിക മേഖലകളിലെ പ്രവർത്തനങ്ങളെപ്പോലെ തന്നെ വിവർത്തനരംഗത്തും കാര്യമായ സംഭാവനകൾ അദ്ദേഹത്തിൽ നിന്നു ലഭിച്ചിട്ടുണ്ട്. ഈ അദ്ധ്യായത്തിന്റെ അവസാനഭാഗം വിവർത്തനമേഖലയിലെ ജോർജ്ജിന്റെ സംഭാവനകളുടെ അവലോകനമാണ്.

ഇംഗ്ലീഷിൽ വളരെയധികം പ്രാവീണ്യം ഇല്ലാത്ത സാഹിത്യകുതുകിക ളായ വ്യക്തികൾക്കുവേണ്ടി അദ്ദേഹം നിരവധി കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. വായനക്കാർക്ക് പ്രചോദനം ഉണ്ടാകത്തക്ക രീതിയിൽ മൂല കൃതിയുടെ തനിമ നഷ്ടപ്പെടാതെ വിവർത്തനം ചെയ്യുവാൻ അദ്ദേഹം വളരെയധികം ശ്രമിച്ചിട്ടുണ്ട്. ടാഗോറിന്റെ പ്രസിദ്ധനോവലായ നൗകാഡുബി(The wreck), 'സ്നേഹ ത്തിന്റെ ശിക്ഷ ' എന്ന പേരിലാണ് അദ്ദേഹം വിവർത്തനം ചെയ്തിരിക്കുന്നത്. കൃഷ്ണ കൃപലാനി ഇംഗ്ലീഷിൽ എഴുതിയ ടാഗോറിന്റെ ജീവചരിത്രത്തിന്റെ സംക്ഷിപ്തരൂപം ഡോ.ജോർജ്ജ് 'ടാഗോർ ' എന്ന പേരിൽ വിവർത്തനം ചെയ്തിട്ടുണ്ട്. മാക്സിംഗോർക്കി യുടെ നോവലിന്റെ വിവർത്തനമാണ് 'അർത്തമാനവ് തലമുറകളിലൂടെ'. ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരനായ അസിം കരിംഭായിയുടെ 'ദ ഡംബ് ഡാൻസർ', എന്ന നാടകം 'മൂക നർത്തകൻ' എന്ന പേരിൽ അദ്ദേഹം വിവർത്തനം ചെയ്തു. 'തത്ത്വവിജ്ഞാനത്തിൽ പുനർനിർമ്മാണം', ഇന്ത്യാചരിത്രത്തിലെ ഭൂമി ശാസ്ത്രഘടകങ്ങൾ തുടങ്ങിയവ അദ്ദേ ഹത്തിന്റെ മറ്റുചില വിവർത്തനങ്ങളാണ്. കൂടാതെ 'മേക്കേഴ്സ് ഓഫ് ഇന്ത്യൻ ലിറ്ററേച്ച റി'നുവേണ്ടി ഡോ.ജോർജ്ജ് ഇംഗ്ലീഷിൽ എഴുതിയ കൃതിയാണ് 'കുമാരനാശാൻ '. ആ കൃതിയുടെ മലയാളവിവർത്തനവും അദ്ദേഹം ചെയ്തിട്ടുണ്ട്.

തന്റെ മലയാളവിവർത്തനങ്ങൾ വളരെയധികം ഉദാത്തമല്ലെങ്കിലും കുറ്റ മറ്റവയാണെന്ന സംതൃപ്തി അദ്ദേഹത്തിനുണ്ട്. പ്രത്യേകിച്ചും ടാഗോറിന്റെ 'സ്നേഹ ത്തിന്റെ ശിക്ഷ ' എന്ന കൃതിയും, കൃപലാനിയുടെ ടാഗോറും വിവർത്തനം ചെയ്ത പ്പോൾ അദ്ദേഹത്തിനുണ്ടായ സംതൃപ്തി അദ്ദേഹത്തിന്റെ തന്നെ വാക്കുകളിലൂടെ പ്രക ടമാണ്."[8]

മുകളിൽ പറഞ്ഞിരിക്കുന്ന വിവർത്തനകൃതികളുടെ അവലോകനത്തി ലൂടെ മനസ്സിലാക്കാൻ കഴിയുന്നത്, ഡോ. ജോർജ്ജ് ഒരു പ്രത്യേക സാഹിത്യശാഖയെ അല്ല തന്റെ വിവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തിരിക്കുന്നു എന്നതാണ് മാത്രമല്ല ഒരു കൃതിയെ വിവർത്തനം ചെയ്യുമ്പോൾ അതിന്റെ ലാളിത്യവും, മനോഹാരിതയും

മൗലികതയും നഷ്ടപ്പെടാതെ വായനക്കാരിലേക്ക് എത്തിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധചെലുത്തിയിട്ടുണ്ടെന്ന വസ്തുതയും ഇവിടെ ബോധ്യപ്പെടുന്നുണ്ട്.

പലകൃതികളും മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിന് പുറമെ നിരവധി മലയാളം കൃതികളെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് അവയ്ക്ക് ഒരു ആഗോളപ്രശസ്തിയും, അംഗീകാരവും നേടിക്കൊടുക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം എഡിറ്റ് ചെയ്ത 'എ സർവേ ഓഫ് മലയാളം ലിറ്ററേച്ചർ 'എന്ന പുസ്തകത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഒൻപത് ചെറുകഥകളുടെയും, ഇരുപത്തിരണ്ട് ചെറുകവിതകളുടെയും ആംഗലവിവർത്തനം നടത്തിയത് ജോർജ്ജ് തന്നെയാണ്. ഇതിനുപുറമെ തന്റെ ' അമേരിക്കയിൽ പോയ കഥ ' എന്ന സഞ്ചാരസാഹിത്യ കൃതിയുടെ ആംഗലവിവർത്തനമായ അമേരിക്കൻ ലൈഫ് ത്രൂ ഇന്ത്യൻ ഐസ് (American Life through Indian eyes) തർജ്ജമ ചെയ്തതും ജോർജ്ജ് തന്നെയാണ്. മേൽപറഞ്ഞ പുസ്തകത്തെക്കുറിച്ച് റൈംസ് ലിറ്റററി സപ്ലിമെന്റ് (Times Literary suppliment) -ൽ വന്ന ഒരു നിരൂപണം"[9] ഇംഗ്ലീഷ് ഭാഷയിൽ അദ്ദേഹത്തിന്റെ രചനകൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു. സാഹിത്യത്തിന്റെ പല ശാഖകളെയും തന്റെ തൂലികയുടെ തലോടലിന് വിധേയമാക്കിയ ഡോ.കെ.എം.ജോർജ്ജ് വിവർത്തന മേഖലയ്ക്ക് നൽകിയ സംഭാവനകൾ ശ്രദ്ധേയമാണെന്നത് അദ്ദേഹത്തിന്റെ വിവർത്തനകൃതികളുടെ അവലോകനത്തിൽ നിന്നും സ്പഷ്ടമാണ്.

# കുറിപ്പുകൾ


1. ജോർജ്ജ്, ഡോ. കെ. എം, ***എന്നെ ഞാൻ കാണുമ്പോൾ***, നാഷണൽ എഡ്യൂക്കേഷൻ റിസർച്ച് സെന്റർ, തിരുവനന്തപുരം, പുറം. 40
2. വാസുദേവൻ പിള്ള, വയലാ, മനുഷ്യഹൃദയ വേദിയായ നാടകകൃത്ത്, ***സാഹിത്യസമന്വയം***, പുറം. 62
3. ജോർജ്ജ്, ഡോ. കെ. എം, ***റേഡിയോ നാടകങ്ങൾ***, 1947, പുറം. 42
4. കൃഷ്ണൻനായർ, എം, ഇംഗ്ലീഷിൽ ഒരു സാഹിത്യചരിത്രം, ***മാതൃഭൂമി***, 1989, മേയ്, പുറം. 52
5. ജോർജ്ജ്. ഡോ. കെ. എം, ***മലയാളം ഗ്രാമർ ആന്റ് റീഡർ***, എൻ. ബി. എസ്, കോട്ടയം, 1971, പുറം. 41
6. സുകുമാർ അഴീക്കോട്, ***മലയാള സാഹിത്യ വിമർശനം***, ഡി. സി. ബുക്സ്, കോട്ടയം, 1998, പുറം. 37
7. രാമചന്ദ്രൻ നായർ, പൻമന, 'ഒരു മഹാ പുരുഷന്റെ തിരിഞ്ഞു നോട്ടം', ***ഗ്രന്ഥാലോകം***, ജൂൺ 2000
8. ആർസു, ഡോ. ***വിവർത്തനവിചിന്തനം***, എൻ. ബി. എസ്സ്, കോട്ടയം, 1990, പുറം. 27.
9. George, Dr, K. M, ***Renaissance in Indian Literature and its Social implications***, University of Kerala, 1991.
10. ജോർജ്ജ്. ഡോ. കെ. എം, ***എന്നെ ഞാൻ കാണുമ്പോൾ***, പുറം. 181
11. അതേ പുസ്തകം - പുറം. 181

അദ്ധ്യായം ഏഴ്

# ഉപസംഹാരം

# അദ്ധ്യായം ഏഴ്

# ഉപസംഹാരം

ഡോ. കെ. എം. ജോർജ്ജ് മലയാള ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകളെക്കുറിച്ചുള്ള ഈ പ്രബന്ധം ഉപസംഹരിച്ചു കൊണ്ട് മുഖ്യമായ നിഗമനങ്ങൾ ഇവിടെ സമാഹരിക്കാം.

ഡോ. കെ. എം. ജോർജ്ജിന്റെ കൃതികളിൽ പ്രതിഫലിക്കുന്ന സവിശേഷവ്യക്തിത്വം രൂപപ്പെട്ടതെങ്ങനെയെന്ന് അദ്ദേഹത്തിന്റെ ജീവചരിത്ര വസ്തുതകൾ വ്യക്തമാക്കുന്നുണ്ട്. എൺപത്തിഎട്ടു വർഷത്തെ ആ ജീവിതം അവിശ്രമമായ പരിശ്രമത്തിന്റെയും വിഭിന്ന മാർഗ്ഗങ്ങളിൽ പ്രസരിച്ച ഭാഷാ-സാഹിത്യ-സാംസ്കാരിക സപര്യയുടെയും ധന്യമായ ഒരു ചിത്രം അനാവരണം ചെയ്യുന്നു. ഭാഷാശാസ്ത്ര പണ്ഡിതൻ, സാഹിത്യ ചരിത്രകാരൻ, ഉപന്യാസകാരൻ, ഭാഷാ ഗവേഷകൻ, നാടകകൃത്ത്, സഞ്ചാര സാഹിത്യകാരൻ, വിവർത്തകൻ, താരതമ്യ സാഹിത്യകാരൻ, സർവവിജ്ഞാനകോശ സംവിധായകൻ, കേന്ദ്ര സാഹിത്യ അക്കാദമി അസിസ്റ്റന്റ് സെക്രട്ടറി, അധ്യാപകൻ, സർവ്വകലാശാല ഗവേഷണ മാർഗ്ഗദർശി, ജീവചരിത്രകാരൻ എന്നിങ്ങനെ ബഹുമുഖമായ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. പത്മശ്രീയും പത്മഭൂഷണും കൂടാതെ സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, കേരള സാഹിത്യ അക്കാദമിയുടെ ഫെല്ലോഷിപ്പ്, കേന്ദ്ര സർക്കാരിന്റെ എമിററ്റസ് ഫെല്ലോഷിപ്പ് എന്നിവ അദ്ദേഹത്തിനു ലഭിച്ച അംഗീകാരങ്ങളാണ്.

ഭാരതീയ ഭാഷകളിലെ പ്രമുഖ സാഹിത്യകാരന്മാരുമായി സുദീർഘകാലം അടുത്തു പരിചയപ്പെടുവാനും ഭാരതീയ ഭാഷകളെ പുതിയൊരു വെളിച്ചത്തിൽ കാണാനും അദ്ദേഹത്തിനു കഴിഞ്ഞു.

ഒരു ഭാഷാ ഗവേഷകൻ, സ്ഥലനാമഗവേഷകൻ എന്നീ നിലകളിൽ ഡോ. കെ. എം. ജോർജ്ജ് നൽകിയ സംഭാവന വിലപ്പെട്ടതാണ്. 'രാമചരിതവും മലയാള പഠനവും' (Ramacaritam and the study of Early Malayalam) എന്ന അദ്ദേഹത്തിന്റെ

ഗവേഷണ പ്രബന്ധം, സങ്കേതബദ്ധമായ ഗവേഷണ പ്രക്രിയയുടെ ആദ്യകാല മാതൃകകളിലൊന്നെന്ന നിലയിൽ പല പ്രയോഗരീതികളും അവതരിപ്പിക്കുന്നതാണ്. അത്യന്തം ശാസ്ത്രീയമായ ഉപദർശനം ഈ പ്രബന്ധത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു. ഗവേഷണമെന്നാൽ പ്രാചീനകൃതികളുടെ കർത്താവിനെ കുറിച്ചുള്ള അന്വേഷണമല്ല, ഭാഷയും ഗവേഷണവിഷയമാകാമെന്ന് പൂർവമാതൃകകൾ അധികമൊന്നുമില്ലാതിരുന്ന കാലത്തും തെളിയിച്ചു. രാമചരിതഭാഷ കൃത്രിമത്വത്തിന്റെ തെളിഞ്ഞ മുദ്രകൾ ഉള്ള മിശ്രഭാഷയെന്ന നിഗമനത്തിലെത്തുകയും അത് മലയാള ഭാഷയുടെ ആദ്യഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നുമില്ലെന്നും സ്ഥാപിച്ചു. വസ്തുതകൾ ശേഖരിക്കുകയും അവയെ വസ്തുനിഷ്ഠമായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഗവേഷകധർമ്മം ആണ് പുരുഷഭേദ നിരാസത്തെ അഭാവമായി സ്ഥാപിക്കുമ്പോൾ ജോർജ്ജിനെ നയിച്ചത്. പൂർവ മതങ്ങളെ കണ്ണുമടച്ച് അംഗീകരിക്കാതെ, യുക്ത്യനുസരണം ഉടച്ച് വാർത്ത് സ്വമതം അദ്ദേഹം സ്ഥാപിക്കുന്നു. 'മിശ്രഭാഷ'കളെ സംബന്ധിച്ച് അഭിപ്രായം സ്ഥാപിക്കാൻ ഭാഷാശാസ്ത്ര തത്ത്വങ്ങളെയാണ് അദ്ദേഹം എടുത്തുകാട്ടുന്നത്. മലയാളത്തിലെ പാശ്ചാത്യസ്വാധീനത്തെ കഴിയുന്നത്ര വസ്തുനിഷ്ഠമായി നാലു ഘട്ടങ്ങളെ അടിസ്ഥാനമാക്കി വിവരിക്കുന്നു.

ഭാഷാസ്വാധീനത്തെയും സാഹിത്യത്തിലുള്ള സ്വാധീനത്തെയും സാഹിത്യ രൂപങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്വാധീനത്തെയും സാംസ്കാരിക സ്വാധീനത്തെയും ഘട്ടംഘട്ടമായി വിഭജിച്ചു സ്ഥാപിക്കുന്നു. ദക്ഷിണ ദ്രാവിഡ ഭാഷകളിലെ സംസ്കൃത സ്വാധീനം തെലുങ്കിൽ കൂടുതലും തമിഴിൽ കുറവുമാണെന്നു സ്ഥാപിക്കുന്നു. സ്ഥലനാമഗവേഷണത്തിൽ വസ്തുതകളിൽ നിന്ന് യുക്തമായ നിഗമനങ്ങളിലെത്തിച്ചേരുന്ന രീതിയാണു കാണുന്നത്. നാടിന്റെ ഭൂമി ശാസ്ത്രസ്ഥിതിയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും പ്രത്യക്ഷ സാന്നിധ്യമുള്ളവയാണ് സ്ഥലനാമങ്ങളെന്നു സ്ഥാപിക്കുന്നു. ഭാഷാ ഗവേഷണത്തിലും സാഹിത്യഗവേഷണത്തിലും സ്ഥലനാമഗവേഷണത്തിലും താരതമ്യ നിരീക്ഷണത്തിനുള്ള സാധ്യതയാണ് അദ്ദേഹം ആരായുന്നത്.

ഭാരതീയ ഭാഷകളിലെ സാഹിത്യപ്രവർത്തനങ്ങളെ സമന്വയിപ്പിക്കുകയും സാംസ്കാരിക ഐക്യം ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക എന്ന സാഹിത്യ അക്കാദമിയുടെ സന്ദേശം ആപ്തവാക്യമായി കരുതി പ്രവർത്തിച്ച വ്യക്തി ഡോ. കെ. എം. ജോർജ്ജ് തന്നെയാണ്. സാംസ്കാരിക ഐക്യം ഊട്ടി ഉറപ്പിക്കുന്നതിന് ആദാനപ്രദാനങ്ങൾ ഉണ്ടായേ മതിയാവൂ എന്നും അതിന് വിവർത്തകരെ പരിശീലിപ്പിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. താരതമ്യ സാധ്യതക്കു പറ്റിയ കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചർ പോലെയുള്ള കൃതികളുടെ സംവിധാനത്തിലും അതിന്റെ പൂരകഗ്രന്ഥങ്ങളെന്നു പറയാവുന്ന ആന്തോളജികളുടെ പ്രസിദ്ധീകരണത്തിലുമെല്ലാം ഒരു താരതമ്യ നിരീക്ഷണത്തിന്റെ ചായ്‌വ് കാണാം. താരതമ്യ പഠന മേഖലയിൽ അതിന് സാധ്യത ഒരുക്കുന്ന കൃതികളുടെ സംവിധാനം തന്നെയാണ് ആ മേഖലയിൽ ഡോ. ജോർജ്ജിന്റെ പ്രശസ്തിക്കു കാരണം. പല ഭാഷകളിൽ എഴുതപ്പെടുന്നുവെങ്കിലും ഭാരതീയ സാഹിത്യം ഒന്നേയുള്ളൂ എന്ന സന്ദേശം പ്രാവർത്തികമാക്കിയ വ്യക്തിയാണ് ഡോ. കെ. എം. ജോർജ്ജ്. കംപാരിറ്റീവ് ഇന്ത്യൻ ലിറ്ററേച്ചർ (ഭാരതീയ സാഹിത്യ ചരിത്രം), സർവവിജ്ഞാനകോശം, മോഡേൺ ഇന്ത്യൻ ലിറ്ററേച്ചർ ആൻ ആന്തോളജി, മാസ്റ്റർ പീസസ് ഓഫ് ഇന്ത്യൻ ലിറ്ററേച്ചർ, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ തുടങ്ങിയ കൃതികളുടെ സംവിധായകൻ എന്ന നിലയിൽ ചിരസ്മരണീയമായ ഭാഷാസേവനമാണ് ഡോ. ജോർജ്ജ് നിർവഹിച്ചത്. വിവിധ ഭാഷകളിലും വിവിധ വിഷയങ്ങളിലുമുള്ള അവഗാഹവും അവധാനതയും അശ്രാന്തമായ പരിശ്രമവും അതിലുപരി ആസൂത്രണ വൈഭവവും ഈ കൃതികളുടെ നിർമ്മാണത്തിന് അടിസ്ഥാനമാകുന്നു.

ഭാഷ, സാഹിത്യം, വൈജ്ഞാനിക സാഹിത്യം, സ്ഥലനാമപഠനം, പ്രക്ഷേപണം, റേഡിയോ നാടകങ്ങൾ, ഭാരതീയ സാഹിത്യം, നിഘണ്ടു വിജ്ഞാനം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങൾ സംബന്ധിച്ചു ഡോ. ജോർജ്ജ് രചിച്ചിട്ടുള്ള നിരവധി പ്രബന്ധങ്ങൾ അദ്ദേഹത്തിന്റെ പരന്നവിജ്ഞാനവും മൗലികമായ ചിന്താധാരകളും കൊണ്ടു ശ്രദ്ധേയമാകുന്നു. വിധികർത്താവിന്റെ നീതിബോധവും മൂല്യനിർണ്ണയ

പാടവവും വൈദ്യന്റെ അനുഭാവവും അപഗ്രഥനവൈഭവവും പ്രവാചകന്റെ വ്യാഖ്യാന ചാതുരിയും ഒരു നിരൂപകനുണ്ടായിരിക്കണമെന്നാണ് ജോർജ്ജിന്റെ വീക്ഷണം.

സഞ്ചാരസാഹിത്യമേഖലയിലും ജീവചരിത്രമേഖലയിലും അദ്ദേഹം വ്യാപരിച്ചിട്ടുണ്ട്. ഔദ്യോഗിക സന്ദർശനാർത്ഥം എഴുതിയ കൃതികളാണ് സഞ്ചാരസാഹിത്യകൃതികൾ എങ്കിലും സാമൂഹ്യചുറ്റുപാടുകൾ, ആചാരക്രമങ്ങൾ എന്നിവയെക്കുറിച്ച് സൂക്ഷ്മനിരീക്ഷണം നടത്തി സ്വദേശവുമായുള്ള താരതമ്യപഠനം, സഞ്ചാരസാഹിത്യ കൃതികളുടെ സവിശേഷതയാണ്. ജീവചരിത്രശാഖ ഏറെ പുഷ്ടിപ്പെട്ടിട്ടില്ലാത്ത കാലത്ത് ആ സാഹിത്യശാഖയുടെ കാലാനുക്രമ ചരിത്രം രചിക്കുക എന്ന ഉദ്യമമാണ് 'ജീവചരിത്രസാഹിത്യ' രചന വഴി സാധിച്ചത്.

റേഡിയോ നാടക പ്രസ്ഥാനം, ഇന്നു വളരെ പ്രസക്തമായ വിഷയമല്ലെങ്കിലും റേഡിയോ നാടകരംഗത്തു പ്രവർത്തിക്കുന്നവർക്കു വളരെ പ്രയോജനപ്രദമായ നിർദ്ദേശങ്ങളടങ്ങുന്ന രചനയാണ്. നാടക സംവിധായകർക്കും റേഡിയോ നാടക രചയിതാക്കൾക്കും അഭിനേതാക്കൾക്കുമെല്ലാം അവരുടെ ഉത്തരവാദിത്വങ്ങളുടെ ഗൗരവത്തെ ഈ കൃതി അറിയിക്കുന്നു.

മലയാളം പഠിക്കാനാഗ്രഹിക്കുന്ന വിദേശികൾക്ക് വേണ്ടി രചിച്ച ഉപയോഗപ്രദമായ രചനകൾ, അദ്ദേഹത്തെ അന്തർദേശീയ തലത്തിൽ പ്രശസ്തനാക്കി. 'എന്നെ ഞാൻ കാണുമ്പോൾ' എന്ന ആത്മകഥ ജോർജ്ജിനു സ്വന്തം ജീവിതത്തിലേക്കൊരു തിരിഞ്ഞുനോട്ടമാണ്.

അചഞ്ചലമായ ആത്മവിശ്വാസത്തിന്റെയും നിരന്തരമായ കഠിനാധ്വാനത്തിന്റെയും സ്തുത്യർഹങ്ങളായ നിരവധി നേട്ടങ്ങളുടെയും ഒരു പരമ്പരയാണ് അദ്ദേഹത്തിന്റെ ജീവിതം. ഏതു കാര്യത്തിലും തികഞ്ഞ ലക്ഷ്യബോധവും ഉൾക്കാഴ്ചയും വിദൂര വീക്ഷണവും അദ്ദേഹത്തിന്റെ സഹജസ്വഭാവമായിരുന്നു. ഭാഷയുടെയും സാഹിത്യത്തിന്റെയും നാനാമുഖമായ പുരോഗതിക്ക് ഡോ. കെ. എം. ജോർജ്ജ് അനുഷ്ഠിച്ച സ്വതന്ത്രവും ധീരവുമായ കർമ്മങ്ങൾ സർവവിദിതമാണ്.

# ഗ്രന്ഥസൂചിക

# ഗ്രന്ഥസൂചി

അച്യുതനുണ്ണി, ചാത്തനാത്ത് (എഡി:), *താരതമ്യസാഹിത്യ പരിചയം*, കറന്റ് ബുക്സ്, തൃശൂർ, 2000

അപ്പൻ, കെ. പി, *കലഹവും വിശ്വാസവും*, ഡി. സി. ബുക്സ്, കോട്ടയം, 1976.

ജയചന്ദ്രൻ, ടി. എൻ, *കൈരളീസന്നിധി*, ഡി. സി. ബുക്സ്, കോട്ടയം, 1992.

ജോർജ്ജ്, ഡോ, കെ. എം, *അന്വേഷണങ്ങൾ പഠനങ്ങൾ*, ഡി. സി. ബുക്സ്, കോട്ടയം, 1991.

------------------------ *അമേരിക്കയിൽ പോയ കഥ*, എൻ. ബി. എസ് കോട്ടയം, 1967.

------------------------ *അവലോകനങ്ങൾ*, സാഹിത്യഭൂഷണം പ്രസ്സ് ആന്റ് ബുക്കു ഡിപ്പോ, തിരുവനന്തപുരം, 1976

------------------------ *അറിവുകൾ അവലോകനങ്ങൾ*, വിദ്യാധിരാജ വിദ്യാർത്ഥി മിത്രം, കോട്ടയം, 1991.

------------------------ *അർത്ഥമാനവ് തലമുറകളിലൂടെ* (വിവർത്തനം), പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 1985.

------------------------ (ജന: എഡിറ്റർ), *ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, ഡി. സി. ബുക്സ്, കോട്ടയം, 1998.

------------------------ *എന്നെ ആകർഷിച്ച പ്രതിഭാശാലികൾ*, ഡി. സി. ബുക്സ്, കോട്ടയം, 1985.

--------------------- *എന്നെ ഞാൻ കാണുമ്പോൾ*, നാഷണൽ എഡ്യൂക്കേഷൻ റിസർച്ച് സെന്റർ, തിരുവനന്തപുരം, 1999.

--------------------- *കവികൾ നിരൂപണരംഗത്ത്*, മലയാള വിഭാഗം, കേരള സർവകലാശാല, തിരുവനന്തപുരം, 1984.

--------------------- *കെ. എം. ജോർജ്ജിന്റെ പ്രബന്ധങ്ങൾ*, ഡി. സി. ബുക്സ്, കോട്ടയം, 1989.

--------------------- *ജീവചരിത്ര സാഹിത്യം*, എൻ. ബി. എസ്, കോട്ടയം, 1964.

--------------------- *നിരീക്ഷണനിലയം*, എൻ. ബി. എസ്, കോട്ടയം, 1955.

--------------------- *പ്രബന്ധചന്ദ്രിക*, എസ്. ആർ. പ്രസ്സ്, തിരുവനന്തപുരം, 1948.

--------------------- *ഭാരതത്തിലെ ഭാഷകൾ*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1979.

--------------------- (എഡി:), *ഭാരതീയ സാഹിത്യചരിത്രം - രണ്ടു ഭാഗങ്ങൾ*, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1982.

--------------------- *ഭാരതീയ സാഹിത്യ പഠനം*, പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം, 1985.

--------------------- *ഭാരതീയ സാഹിത്യ സമീക്ഷ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994.

——————————— *മുന്തിരിച്ചാറ്*, എൻ. ബി. എസ്. കോട്ടയം, 1950.

——————————— *മൂകനർത്തകൻ* (വിവർത്തനം) ഓറിയന്റ് ലോംഗ് മാൻ, മദിരാശി, 1962.

——————————— *വിചാരകൗതുകം*, എൻ. ബി. എസ്സ്, കോട്ടയം, 1952.

——————————— *വീക്ഷണങ്ങൾ വിചിന്തനങ്ങൾ*, കറന്റ് ബുക്സ്, കോട്ടയം, 1991.

——————————— *സംസ്കാര സരണി*, എൻ. ബി. എസ്. കോട്ടയം, 1970.

——————————— (ചീഫ് എഡിറ്റർ), *സർവവിജ്ഞാനകോശം*, രണ്ടു ഭാഗങ്ങൾ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1972.

——————————— (ജന: എഡിറ്റർ), *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ* സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1958.

——————————— *സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും*, എൻ. ബി. എസ്, കോട്ടയം, 1983.

——————————— *സ്നേഹത്തിന്റെ ശിക്ഷ*, (വിവർത്തനം), മാക്മില്ലൻ, മദ്രാസ്, 1955.

നമ്പൂതിരി, എ. പി. പി, *എ. പി. പി. നമ്പൂതിരിയുടെ പ്രബന്ധങ്ങൾ*, എൻ. ബി. എസ്, കോട്ടയം, 1987.

പുരുഷോത്തമൻ, പി. ഒ, *താരതമ്യസാഹിത്യം തത്ത്വവും പ്രസക്തിയും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1988.

മേനോൻ, പി. എ, *പ്രേംജി മുതൽ എം ടി. വരെ*, എൻ. ബി. എസ്. കോട്ടയം, 1993.

രാജൻ വർഗ്ഗീസ്, ഡോ, (ജന: എഡിറ്റർ), *താരതമ്യസാഹിത്യം പുതിയ കാഴ്ചപ്പാടുകൾ*, ഡോ. കെ. എം. ജോർജ്ജ് സ്മാരക പഠന ഗവേഷണ കേന്ദ്രം, (സമ്പാ:), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005.

രാമചന്ദ്രൻ നായർ, പന്മന (എഡിറ്റർ), *മലയാള സാഹിത്യ നിരൂപണം*, കറന്റ് ബുക്സ്, കോട്ടയം, 2008.

വിഷ്ണു നമ്പൂതിരി, എം. വി, *ഉപന്യാസ സാഹിത്യം*. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1979.

വേലായുധൻ പിള്ള, പി. വി. (കൺവീനർ) *ഗവേഷണ പ്രതിഭ* (ഡോ. കെ. എം. ജോർജ്ജ് അശീതി സ്മരണിക) ഡി. സി ബുക്സ്, കോട്ടയം, 1994.

സാം, ഡോ, എൻ, (സമ്പാ:) *ചരിത്രം തുടിക്കുന്ന താളുകൾ*, ഡോ. കെ. എം. ജോർജ്ജു സ്മാരക പഠന ഗവേഷണം കേന്ദ്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005.

*സാഹിത്യ സമന്വയം*, ഡോ. കെ. എം. ജോർജ്ജ്, സപ്തതി സ്മരണിക, എൻ. ബി. എസ്. കോട്ടയം, 1984.

സുകുമാർ അഴീക്കോട്, ഖണ്ഡനവും മണ്ഡനവും, ഡി. സി. ബുക്സ്,

കോട്ടയം, 1986.

---------------------- *മലയാള സാഹിത്യ വിമർശനം*, ഡി. സി. ബുക്സ്,

കോട്ടയം, 1998.

---------------------- *വിശ്വസാഹിത്യപഠനങ്ങൾ*, ഡി. സി. ബുക്സ്,

കോട്ടയം, 1986.

# ENGLISH BOOKS

George, Dr, K.M, *'A Centenary Volume of Mahakavi Ulloor,'* Mahakavi Ulloor Memorial Library and Research Institute, Thiruvananthapuram, June 1977

*A Many Branched Tree*, Ajanta publications, New Delhi, 1991.

*'A Survey of Malayalam Literature,'* Asia Publication House, Bombay, Culcutta, New Delhi, 1968

*'Facets of Indian Literature,'* Karimpumannil Publishers, Thiruvananthapuram, 1971 March

*'Malayalam Grammar and Reader,'* N.B.S, Kottayam, 1971

*Master pieces of Indian Literature*, 3 volumes N. B. T India, New Delhi, 1997.

*Modern Indian Literature an Anthology Sahithya Academy*, New Delhi, 1993.

*'Place Names of Southern India,'* Dravidian Linguistics Association, Thiruvananthapuram, 1986

*Ramacaritham and the study of early malayalam*, Ph. D, Thesis, University of Madras, 1956

*'Renaissance in Indian Literature and Its Social Implications,'*
Kerala University Press, Thiruvananthapuram, 1991

*'Western Influence on Malayalam Language and Literature,'*
Sahitya Acadami, New Delhi, 1972

## ആനുകാലികങ്ങൾ


അനിൽ വള്ളത്തോൾ, 'പ്രതിഭാസമ്പന്നനായ പണ്ഡിത വിമർശകൻ',

***വിജ്ഞാനകൈരളി***, വാല്യം 25, ലക്കം - 4, 1994 ഏപ്രിൽ

ആനന്ദക്കുട്ടൻ, പ്രൊഫ, 'ഭാരതീയ സാഹിത്യ ചരിത്രം', ***സാഹിത്യ ലോകം***,

ലക്കം - 2, 1984, ഏപ്രിൽ.

ആന്റണി, പ്രൊഫ, സി. എൽ, 'മലയാളം ഗ്രാമർ ആന്റ് റീഡർ',

***സാഹിത്യലോകം***, 1984 ഏപ്രിൽ

ഉദയഭാനു, എ. പി, 'സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും',

(വളരുന്ന സാഹിത്യം), ***മാതൃഭൂമി ആഴ്ചപ്പതിപ്പ്***, 1984 ആഗസ്റ്റ് 25.

ഗുപ്തൻ നായർ. എസ്, 'മലയാള സാഹിത്യചരിത്രം ഇംഗ്ലീഷിൽ

***ഗ്രന്ഥാലോകം***, 1970, ഫെബ്രുവരി.

ഗോവിന്ദപ്പിള്ള  പി, 'ആദ്യന്തം രസനിഷ്യന്ദിയും മൂല്യനിർഭരവുമായ ഒരു ഗ്രന്ഥം',

***വിജ്ഞാനകൈരളി***, ലക്കം, 2, 1995, ആഗസ്റ്റ്.

ഡാനിയൽ, ഡോ. കെ. എം, 'വിജ്ഞാനധാര', ***ഗ്രന്ഥാലോകം***, 1984, ഏപ്രിൽ.

നമ്പൂതിരി, എ. പി. പി, 'ജീവചരിത്രസാഹിത്യം', ***ഗ്രന്ഥാലോകം***, 1965, മേയ്.

പ്രബോധചന്ദ്രൻ, ഡോ. വി. ആർ, 'ഭാരതീയ സാഹിത്യ സമീക്ഷ'

***വിജ്ഞാനകൈരളി***, വാല്യം. 26, 1995 ആഗസ്റ്റ്.

ബഞ്ചമിൻ, ഡി, 'അമേരിക്കൻ ജീവിതാനുഭവങ്ങൾ', ***ഗ്രന്ഥാലോകം***,

1981 ജനുവരി.

-------------- 'കർമ്മനിരതമായ ജീവിതം, ഫലപ്രദമായ പ്രവർത്തനം',

***വിജ്ഞാനകൈരളി***, ലക്കം. 5, 1999 ഫെബ്രുവരി.

G38118



KERALA UNIVERSITY LIBRARY THIRUVANANTHAPURAM

ബാലകൃഷ്ണൻ, പി. കെ, 'ഭാരതീയ സാഹിത്യ ചരിത്രം', വാല്യം - *സാഹിത്യലോകം*, ലക്കം - 1, 1984, മാർച്ച്.

ബാലൻ, പുനലൂർ, 'അടച്ചിട്ട ജന്നലുകളും കതകുകളും' *ഗ്രന്ഥാലോകം*, 1971, ഡിസംബർ

ബാലമോഹൻ തമ്പി, ഡോ. ജി, വിവർത്തനവും സംസ്കാരവിനിമയവും, *വിജ്ഞാനകൈരളി*, ലക്കം - 6, 2003, നവംബർ.

രാമചന്ദ്രൻ, കരുവന്നൂർ, 'വൈജ്ഞാനിക രംഗത്തെ താപസൻ', *ഗ്രന്ഥാലോകം*, 2002,ഡിസംബർ.

രാമചന്ദ്രൻ നായർ, പന്മന, 'ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ' *ഗ്രന്ഥാലോകം*, 1998 ജൂൺ.

ലീലാമണി, ഡോ, ആർ, 'ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ' *വിജ്ഞാനകൈരളി*, 1998 ജൂൺ.

വിവേകാനന്ദൻ, ജി, 'റേഡിയോ നാടകങ്ങൾ', *ഗ്രന്ഥാലോകം*, 1967, ജൂലായ

വിശ്വനാഥൻ നായർ, ആർ, 'അവലോകനവും നിരീക്ഷണവും' *ഗ്രന്ഥാലോകം*, 1974, ജൂലായ്.

ശ്രീധരൻ, സി. പി, 'ഭാരതീയസാഹിത്യം പ്രശ്നങ്ങളും സമീപനങ്ങളും', *സാഹിത്യലോകം*, ലക്കം, 4, 1979, ജനുവരി - മാർച്ച്

സുകുമാർ അഴീക്കോട്, 'ഭാരതീയ സാഹിത്യത്തിലെ പരസ്പര വിനിമായം', *സാഹിത്യലോകം*, ലക്കം. 6, 1979, ജനുവരി - മാർച്ച്.

റാഫി, പോഞ്ഞിക്കര, 'ഭാരതത്തിന്റെ ആത്മാവിലേക്ക് കേരളത്തിൽ നിന്നൊരു പാലം', *സാഹിത്യലോകം*, ലക്കം - 3, 1983 - ഏപ്രിൽ - ജൂൺ.